

# ശയ്യാതലസഞ്ചാരിനി

അനൂപ് പരമേശ്വരൻ

# ശയ്യാതലസഞ്ചാരിനി

അനൂപ് പരമേശ്വരൻ

**Śayyātala sañcāri nī** (ശയ്യാതല സഞ്ചാരി നീ)
(Malayalam: Novel)
Anoop Parameswaran

Sayahna digital edition published in 2024.

Copyright © 2024, Anoop Parameswaran

These electronic versions are released under the provisions of Creative Commons Attribution By Non-Commercial Share Alike license for free download and usage.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2023. The XML version was generated by LuaTeX from the same LaTeX sources. The HTML version has been generated from XML sources with XSLT using Saxon Home Edition in combination with a specially written XSLT stylesheet.

The base font used was traditional script of RIT Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

Cover: *Cocotte on the street* (1915), a painting by Ernst Ludwig Kirchner (1880–1938). The image has been taken from Wikimedia Foundation and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

## പീഡയുടെ പദ്ധതിയാണീ പുസ്തകം

നിങ്ങളീ നോവലിനെ സമീപിക്കുമ്പോ ശ്രദ്ധിക്കേണ്ടതുണ്ട്. ഓടി വന്ന് അതിനെ കെട്ടിപ്പിടിക്കുക വയ്യ. പീഡയുടെ പദ്ധതിയാണീ പുസ്തകം. വേദനയുടെ മുള്ളുകൾ നിലവിളിച്ചു കൊണ്ട് എമ്പാടും എഴുന്നു നിൽപ്പുണ്ട്. പക്ഷേ, ആ മുള്ളുകൾ ഒരു ആശ്ലേഷം കൊതിക്കുന്നു; ഒരു സാന്ത്വനവും. അത്ര കണ്ട് ഹൃദായാലുവാണെങ്കിൽ നിങ്ങൾക്കതിനെ പുണരാതെ വയ്യ എന്ന് തോന്നുന്നിടത്താണ് ഈ നോവലിന്റെ ആസ്വാദനം ആരംഭിക്കുന്നത്. ആ മുറിവുകളിന്മേൽ നിങ്ങൾ നീറുന്നിടത്താണ് ഈ നോവലിന്റെ ആത്മാവിന്റെ വ്യാപ്തി വ്യക്തമാകുന്നത്.

ഭൂമി ക്രൂരതകളിൽ നിറഞ്ഞിരിക്കുന്നു. ആക്രമണങ്ങളും കൊലയും, ജീവനോടെ ഇരയെ ആഹാരമാക്കുന്നതുമൊക്കെ അതിന്റെ ക്രൂരമായ ക്രിയാത്മകതകളിൽ പെടുന്നു. എങ്കിൽ കൂട്ടബലാൽസംഗങ്ങളോ ബാലപീഡകളോ പുരുഷമനുഷ്യന്റെ മാത്രം അന്യായമാണ്. അവന് ലഭിച്ച സവിശേഷമായ ഉൾബോധത്തെ വളച്ചൊടിച്ച് ക്രൂരപദ്ധതികളുണ്ടാക്കുക എന്നതിൽ പ്രകൃതിവിരുദ്ധതയുണ്ട്. നോവലെഴുത്തും ഒരു നിഗൂഢപദ്ധതിയാണ്; പ്രകൃതിപരമല്ല താനും. പക്ഷേ, ക്രൂരമല്ല. ക്രൂരതയെയും അവസ്ഥകളെയും വ്യാഖ്യാനിക്കുന്നതുമാണ്. മേൽപ്പറഞ്ഞ വിഷയത്തെ വച്ച് അതിനാൽ ഒരു നോവലെഴുതുമ്പോൾ അത് കളകളമൊഴുകുമൊരു അരുവിയും ഒരു സാന്ത്വനചികിൽസയും മനോരമണീയമായ അനുഭവവുമാകാൻ പറ്റില്ല. ഇരയിലെ ആഘാതങ്ങൾ ലാവയുടെ മേലെ ചൂടുള്ളതാണ്. അത് അതേ ജന്മത്ത് തണുക്കുമെന്ന് കരുതരുത്. അതിനാൽ തന്നെ നായികയ്ക്ക് പേരിടുന്നതിൽ മുതൽ, സ്ഥലനാമങ്ങളുടെ സാധാരണത്വം റദ്ദാക്കി, ഇതിൽ മനുഷ്യാവസ്ഥയെ ഏറ്റവും അസംസ്കൃതമായി നിറയ്ക്കുക എന്ന വ്യക്തമായ ധാരണയിന്മേലാണ് എഴുത്തുകാരൻ ഈ നോവലിന് ഇറങ്ങിപ്പുറപ്പെട്ടിരിക്കുന്നത്.

അപമാനിക്കപ്പെട്ട ഒരു ആറു വയസ്സുകാരിയിൽ തുടങ്ങി പാമരം പൊട്ടിവീണ

നട്ടെല്ലിന്റെ കഴുത്തിലെ കശേരു തകർന്ന നിലയിൽ ഒരു ദശകമായി കിടക്കുന്ന ഒരു പെൺകുട്ടിയുടെ കഥയാണിത്. സുഗമസഞ്ചാരത്തിന്റെ ഒരു കഥയല്ല ഇവിടെ തിരഞ്ഞെടുത്തിരിക്കുന്നത്. പെൺകുട്ടിക്ക് ബോധമുണ്ടെന്നതാണ് ഏറ്റവും വേദനാജനകം. അവളോട്ട് പറഞ്ഞു കൊണ്ടേയിരിക്കണം. അവൾ കേൾക്കുന്നുണ്ട്. അധികം സംസാരിക്കാത്ത, അനുഭവിക്കാൻ മാത്രം പഠിച്ച അമ്മ, സംസാരിച്ചു തുടങ്ങുകയാണ്.

വായനാസുഖത്തെ പ്രതി ഇതിനെ സമീപിക്കരുത്. ഇവിടെ, സുഖത്തിൽ നിന്നുണ്ടാകുന്ന അസുഖങ്ങൾ അതിന്റെ ഭീകരതയിൽ ചിത്രീകരിക്കപ്പെടുന്നവയാണ്. അതാണ് ഇതിനെ വേറിട്ടുനിർത്തുന്നത്. ബോധമുള്ള ഒരു 'ശവശരീരമായി കിടക്കുന്ന ഋദ്ധി' എന്ന നായികയുടെ ബോധധാരാപ്രവാഹം അതിന്റെ ഏറ്റവും ഉന്നതമായ അവസ്ഥയിലാണ്. അവളുടെ ഭൗതികവും മാനസികവുമായ അവസ്ഥയ്ക്ക് മേലേക്കൂടി അത് പ്രവഹിച്ചു കൊണ്ടിരിക്കുന്നു. ആ അർഥത്തിൽ ആ ഒഴുക്കിനെ നോവലിൽ കാണണം.

വലിയ മട്ടിൽ ഋദ്ധി, തന്റെ ആറാം വയസ്സിലെ ക്രൂരതയെ അതിജീവിക്കുന്നുണ്ട്. അവൾ ഭയന്നിരിക്കുന്നില്ല. സിസ്റ്റർ സന്ധ്യയുടെ സഹായമുണ്ട്. അവർ തോൽക്കാത്ത സ്ത്രീയുടെ പ്രതീകമാണ്. സ്ത്രീത്വത്തെ സംരക്ഷിക്കുന്നു. കരഞ്ഞിരിക്കാനല്ല. ഇച്ഛയ്ക്കും സ്വാതന്ത്ര്യത്തിനനുസരിച്ച് ജീവിക്കാനാണ് ആഹ്വാനം. അങ്ങനെ തന്നെയാണ് ഋദ്ധിയും കൂട്ടുകാരികളും ജീവിക്കുന്നത്. എന്നാൽ ഭൂമി പഴയ നിലയിൽ തന്നെ കറങ്ങിക്കറങ്ങി പഴയിടത്തേയ്ക്ക് വരുന്നു. വിധിവശാൽ ഋദ്ധിക്ക് ഒരു അപകടം പറ്റി എന്ന നിലയിൽ ഈ നോവലിനെ ലളിതവൽക്കരിക്കരുത്. എങ്കിൽ നോവലിസ്റ്റിന് ഇങ്ങനെ എഴുതേണ്ടി വരില്ലായിരുന്നു. യഥാതഥമായി യാഥാസ്ഥിതികമായി ഇതിന്റെ മനോചിത്രീകരണം നിർവഹിക്കാമായിരുന്നു. നിശ്ചലമായി കിടക്കുന്നതാര്? അത് ഋദ്ധിയാണോ? അല്ല. പുരുഷന്റെ മനോനിലയാണ്, അവനിലെ പ്രാകൃതാവസ്ഥയാണ്. ഉന്നതനിലയിൽ ഒഴുകിക്കൊണ്ടിരിക്കുന്ന സ്ത്രീയുടെ മനോവ്യാപാരങ്ങളെ അതിന് തൊടാനാകുന്നില്ല.

ഈ നോവൽ ഉന്നതമായി, സൂക്ഷ്മമായി മാത്രം വായിച്ചെടുക്കക്കാവുന്ന ഒന്നാണെന്ന് ഞാൻ കരുതുന്നു. അതിന്റെ അടരുകളെ മനസ്സിലാക്കാൻ തക്കവിധം പ്രാപ്തിയുള്ള വായനക്കാരെയാണ് ഈ പുസ്തകം അന്വേഷിക്കുന്നത്. അങ്ങനെയുള്ളവർക്ക് ഇത് വലിയ പുസ്തകമാണ്. ഋദ്ധിയുടെ മേൽക്കാഴ്ചകളിൽ ഉത്തരത്തിലെ ആൺപ്പല്ലികളും കീഴ്ക്കാഴ്ചകളിൽ ആശുപത്രിയിലെ 'ശവഭോഗി'കളും ഉണ്ടായി വരുന്നതു പോലെ സങ്കീർണത ഇതിലുണ്ട്. പക്ഷേ, അത്തരം സങ്കീർണതകളാണ് ഫിക്ഷൻ എന്ന അവസ്ഥയെ വലുതാക്കുന്നത്. ഋദ്ധി നല്ല ലെഗ്സ്പിന്നറാണ്. കലയിലെ ഭംഗിയും അതാണ്. ലെഗ്സ്പിന്നർ പന്തു തിരിക്കാൻ ശ്രമിക്കുന്നു. പക്ഷേ, പന്താണ് തീരുമാനിക്കുന്നത്, എറിയുന്നവരെയും അദ്ഭുതപ്പെടുത്തി, അതിൽ കല വിരി

യിച്ച് കുത്തിത്തിരിയുന്നത് എങ്ങനെയെന്ന്. നല്ല വായനക്കാരനെ നല്ല പുസ്തകം കുത്തിത്തിരിക്കുന്നതും അങ്ങനെയാണ്. അപ്രതീക്ഷിതമായി. ഈ പുസ്തകം വായിക്കാനായതിൽ സന്തോഷം. ആശംസകളും.

ജി ആർ ഇന്ദുഗോപൻ

തിരുവനന്തപുരം, 30-01-2024

# പുസ്തകത്തെക്കുറിച്ച്

ഋദ്ധി എന്ന അത്ര പ്രചാരമില്ലാത്ത ഒരു പേര് തെരഞ്ഞെടുത്തതു തന്നെ ഉൽപ്രേക്ഷാരോപണങ്ങൾ ഒഴിവാക്കാനാണ്. സ്ഥലനാമങ്ങളിൽ ഇരയെ കുടുക്കാതിരിക്കുക എന്ന ലക്ഷ്യത്താൽ ഇവിടെ പീഡനം നടക്കുന്ന നാടിന് പേരുമില്ല. അതുകൊണ്ട് ഇത് തനതു ഭാഷ ഇല്ലാത്ത ഭൂമികയാണ്. കഥാവിവരണവും കഥപറച്ചിലുകാരനും അടിയ്ക്കടി മാറുന്നതും ഭാഷ അതിനനുസരിച്ച് മാറുന്നതും വേരുകളില്ലാത്തവരുടെ പ്രദേശമായതിനാലാണ്.

ഋദ്ധിയും അമ്മയും ഇരുവരുടേയും സുഹൃത്തുക്കളുമെല്ലാം സ്വന്തം കഥ പറയുന്നുണ്ട്. ഋദ്ധി സ്വയം ഭാവപ്പകർച്ചയാൽ സൃഷ്ടിക്കുന്ന പല ഋദ്ധിമാരും കഥ പറഞ്ഞു പോകുന്നു. ആഖ്യാതാവ് നേരിട്ടും പറയുന്നുണ്ട്. അതത് കഥാപാത്രങ്ങളോട് നീതിപുലർത്താനാണ് ഈ രീതി തെരഞ്ഞെടുത്തത്.

ആഖ്യാനമാറ്റത്തെ തിരിച്ചിരിക്കുന്നത് അക്കങ്ങളോ അധ്യായങ്ങളോ കൊണ്ടല്ല; കഥയുടെ തന്നെ ഭാഗമായി പ്രത്യേകം തെറിച്ചുനിൽക്കുന്ന ഒന്നോ രണ്ടോ വരികൾ കൊണ്ടാണ്. അങ്ങനെയുള്ള ഓരോ വരിയും കഴിയുമ്പോഴും ആഖ്യാനവും ജീവിതസന്ദർഭവും മാറുകയാണ്.

ഇതിൽ പൂർണമായും ഭാവനാലോകത്ത് ജന്മംകൊണ്ടവർ മാത്രമാണ്. ആദ്യ നോവൽ ഫൈവ് മില്യൺ എപിക്സ് എഴുതുമ്പോൾ കേരളം കടന്നുപോയ കലാപങ്ങൾ തന്നെയായിരുന്നു വിഷയം. അതിൽ കഥാപാത്രങ്ങളുടെ പേരുകൾ മാത്രമായിരുന്നു ഭാവനയിൽ നിന്നു വന്നത്. ഇതിൽ തൊണ്ണൂറ്റി ഒൻപതുശതമാനവും ഭാവനയാണ്. ഒരു ശതമാനമോ മറ്റോ ജീവിതാനുഭവങ്ങൾ ഒന്നോ രണ്ടോ വരിയിൽ പറഞ്ഞുപോയിട്ടുണ്ടാകാം.

വർഗീയത എന്നതുപോലെ ലൈംഗിക കുറ്റങ്ങളും എല്ലാ സാമൂഹിക, ജാതി, മത വിഭാഗങ്ങൾക്കിടയിലും വേരുപിടിച്ചു പോയ ഒന്നാണ്. രണ്ടും തമ്മിൽ കാ

തലായ വ്യത്യാസം എന്തെന്നാൽ വർഗീയത അപരമതത്തിനും അപരജാതിക്കും അപരവംശത്തിനുമെതിരേയാകുമ്പോൾ ലൈംഗിക പീഡകർ ഇത്തരം ജാതിമത വംശ വേർതിരിവില്ലാതെ ആർക്കെതിരേയും അനുഷ്ഠിക്കും. അവിടെയും കൂടുതൽ ഇരകളും ജാതിയുടെ പേരിൽ മാറ്റിനിർത്തപ്പെട്ടവരും സാമ്പത്തികമായി മേൽഗതിയില്ലാത്തവരുമാണ്. മലയാളത്തിലെ ആദ്യ ചമ്പുവായ ഉണ്ണിയച്ചീചരിതം തന്നെ ഇരയുടെ ജീവിതചിത്രമാണ്. ഇരകളെമ്പാടും നിറഞ്ഞു നിൽക്കുന്ന പത്തു നൂറ്റാണ്ടിന്റെ രേഖപ്പെടുത്തിയ ചരിത്രം തന്നെ നമുക്കുണ്ട്. ഇര എന്നത് മായാത്ത മഷികൊണ്ടു മാംസത്തിൽ കുത്തിയ പച്ചയാണ്.

കഥാപാത്രങ്ങൾ ബഹളം വയ്ക്കുകയും വീരസ്യം പറയുകയും ചെയ്യുന്നവരാണെങ്കിൽ വടിയെടുത്ത് പേടിപ്പിച്ചു നിർത്താമായിരുന്നു. ഇവരെല്ലാം അനുഭവങ്ങളോടു പോരടിക്കാതെ എല്ലാം ഏറ്റുവാങ്ങുന്നവരാണ്. രക്ഷാപ്രവർത്തനമെല്ലാം വിഫലമായി ആഴത്തിലാഴത്തിലേക്ക് മുങ്ങിപ്പോകുന്നവരെ കണ്ടു നിൽക്കുന്നതിലും വലിയ മനോപീഡ വേറെയുണ്ടാകില്ല.

അനൂപ് പരമേശ്വരൻ

എതിർനിന്നതാമെന്തും
തകർത്തും നശിപ്പിച്ചും,
കൊതി തോന്നിയതെന്തും
കൊള്ളയിട്ടാനന്ദിച്ചും
ഹിംസയ്ക്കും ഭോഗങ്ങൾക്കും
തടവില്ലാത്താ യോധ-
വംശത്തിൻ ദൗർബല്യ
മെന്നമ്മയ്ക്കു കൊലവാളായ്
മന്ത്രിച്ചു മമാത്മാവിൽ,
മാതൃഹന്താവിൻ മഴ
പൊന്താത്തതെന്തീസ്സഖോ
ന്മത്തർതൻ നേർക്കെന്നാരോ!

— ബാലാമണിയമ്മ (മഴുവിന്റെ കഥ)

# ഉള്ളടക്കം


| | | |
|---|---|---|
| പീഡയുടെ പദ്ധതിയാണീ പുസ്തകം | | iv |
| പുസ്തകത്തെക്കുറിച്ച് | | vii |
| 1 | ചേറുമീൻ | 1 |
| 2 | ശംഖുവരയൻ | 8 |
| 3 | വെള്ളത്തിലാശാൻ | 17 |
| 4 | ആറ്റുപരൽ | 25 |
| 5 | വിത്തുകാള | 35 |
| 6 | ചുറ്റികത്തലയൻ | 42 |
| 7 | ഓലപ്പൂടവൻ | 51 |
| 8 | വള്ളിപ്പൂമീൻ | 65 |
| 9 | ആരകൻ | 75 |
| 10 | നിലംതല്ലി | 82 |
| 11 | പൂന്താരകൻ | 91 |
| 12 | വരാഹം | 96 |
| 13 | കുഴിമണ്ഡലി | 102 |
| 14 | വളവളപ്പൻ | 109 |
| 15 | കാക്കത്തിരണ്ടി | 115 |
| 16 | ആരോൻ | 120 |
| 17 | മനഞ്ഞിൽ | 125 |
| 18 | മണ്ണിര | 131 |
| 19 | ശ്വാപദം | 136 |
| 20 | കാളാഞ്ചി | 140 |
| 21 | സ്രാവ് | 148 |

22 പള്ളത്തി . . . . . . . . . . 160
അനൂപ് പരമേശ്വരൻ . . . . . . . . . . 164

1

# ചേറുമീൻ

ഈ കഥപറഞ്ഞു തുടങ്ങുമ്പോൾ എനിക്കു മുപ്പതു വയസ്സാണ്. പെണ്ണ് എന്നാണ് പത്താംക്ലാസ് പത്രികയുടെ ഒന്നാംപുറത്ത് എഴുതിയിരിക്കുന്നത്. ബിരുദത്തിനു പഠിക്കുന്ന കാലത്ത്, പത്തുവർഷം മുൻപ്, കിടപ്പിലായതാണ്. കയ്യും കാലും അനങ്ങില്ല. കഴുത്തും തനിയെ തിരിക്കാൻ കഴിയില്ല. എനിക്ക് ഓർമകളും ചിന്തകളുമുണ്ട്. കണ്ണ് ചലിപ്പിക്കാൻ സാധിക്കും. ആറാം വയസ്സിൽ അച്ഛൻ ബലാൽസംഗം ചെയ്തു. അതിനു കേസും കൂട്ടവുമൊന്നുമുണ്ടായില്ല. എന്നെ പീഡിപ്പിച്ച ദിവസത്തിനു ശേഷം ഞാനും അമ്മയും അയാളെ കണ്ടിട്ടില്ല.

പല്ലിയെ കഴിച്ച ദിവസമാണ്. ഇങ്ങനെയുള്ള നാഴികസൂചികകളിലൂടെയാണ് ഞാൻ ഓർമകളുടെ ഓരോ അധ്യായവും അടുക്കിവച്ചിരിക്കുന്നത്.

ചാണകം മെഴുകിയ അടുക്കളയിലാണ് ഞാൻ നിൽക്കുന്നത്. അവിടെ കയർത്തിരികയിൽ വച്ച മൺകുടമുണ്ട്. പിഞ്ചിക്കീറിയുപേക്ഷിച്ച ഒറ്റമുണ്ടിന്റെ നീലനിറമുള്ള മുഷിഞ്ഞകര പിരിച്ചുണ്ടാക്കിയ രണ്ടു വള്ളികളിൽ ഊഞ്ഞാലുപോലെ തൂക്കിയിട്ട എന്റെ കൈപ്പടയുടെ മാത്രം വീതിയുള്ള പ്ലാംപലകയിൽ എട്ടോ പത്തോ തുളകളുണ്ട്. ആ തുളകളിലൂടെ മൂന്നു കുഴിത്തവി, ഒരു ഇരുമ്പുചട്ടുകം, ഒരു ഉപ്പുകോരി, ഒരു തേയിലത്തുണി എന്നിവ താഴേക്കു കിടന്നു. കുത്തിവച്ച നിലയിൽ നിന്ന്, ഉള്ളിയും പപ്പടവും മീനും ചുട്ടെടുക്കുന്ന, കമ്പിയുടെ അറ്റത്ത് ഒരു മീൻതല കണ്ണുമുതൽ മുകളിലേക്കു പൊള്ളിക്കരിഞ്ഞും താഴേക്കു മുള്ളുകൾ മാത്രമായും നിന്നു. അടുത്ത മീനിനെ ചുടാൻ എടുക്കുമ്പോഴായിരിക്കും അമ്മ ഈ അസ്ഥികൂടം കളയുക. അത്രയ്ക്കേ ഇവിടെ അടുക്കളയിലും പുറംതിണ്ണയിലും നോട്ടമുള്ളൂ. ഈ മീനിനെപ്പോലെ എന്നെയും അസ്ഥികൂടമെന്ന് വിളിക്കാറുണ്ട് അമ്മിണിച്ചേച്ചി. മൂടിമാറ്റി കോപ്പയിൽ കയ്യിടുമ്പോൾ എത്താത്ത ഉയരത്തിലിരിക്കുന്ന ആ മീൻതലയിൽ ബാക്കിയുണ്ടാകാൻ ഇടയുള്ള പൊടിപ്പീരയിലായിരുന്നു കണ്ണ്. വറ്റ് വെള്ളത്തോടെ കോരി വായിലെത്തിച്ചു. സ്വപ്നത്തിലെന്നതുപോലെ വായിലും ഒരു പരൽമീൻ. കടിച്ചു ചവച്ചു. മീൻതല മുറിഞ്ഞു തിരികെ

കോപ്പയിലേക്കും ഉടൽ മുള്ളോടെ ഉള്ളിലേക്കും പോയി. കണ്ണ് മീൻതല തറച്ച കമ്പിയിൽ തന്നെ. അമ്മ അലറുകയാണ്; രണ്ടു ചെവിയിലും കൈവച്ച്; കണ്ണുമിഴിച്ച്. അമ്മയിതിപ്പോൾ എവിടെ നിന്നു വന്നു? ഇന്നെഴുന്നേറ്റപ്പോൾ മുതൽ അമ്മ എങ്ങും ഉണ്ടായിരുന്നില്ലല്ലോ. അമ്മ വീട്ടിലുണ്ടെങ്കിലും അറിയാറില്ല എന്നതു വേറേ കാര്യം. അമ്മയുടെ നോട്ടം കോപ്പയിലേക്കാണ്. ഞാനും കണ്ണ് താഴ്ത്തി. കഞ്ഞിവെള്ളത്തിനു മുകളിൽ ഒരു പല്ലിയുടെ തല. 'തുപ്പിക്കളയ്...' എന്ന് അമ്മ അലറി. ഞാൻ വായതുറന്നു. മീനില്ല, പല്ലിയില്ല, പലലോകങ്ങളില്ല. ശൂന്യത അമ്മ കണ്ടുകാണും.

കഞ്ഞി കളയാനായി അമ്മ കോപ്പ കയ്യിലെടുത്തു. കമഴ്ത്തിവച്ച കലത്തിലേക്ക് എന്റെ കണ്ണുപോയി. അമ്മ കോപ്പ താഴെ വച്ചു. ഞാൻ പല്ലിത്തലയെടുത്ത് അടുപ്പിലെ ചാരത്തിലിട്ടു. അമ്മ മുറ്റത്തിറങ്ങി. ജാനുവിന്റെ കോഴി ഒരു ചാണകപ്പുഴുവിനെ കൊത്തിക്കലുക്കിയും കൊക്കിയും കടന്നുപോയി. കഞ്ഞിയിലെ അവസാനവറ്റും ഞരടിയെടുത്തു വായിലിട്ടു മുറ്റത്തിറങ്ങി തൊടിയിലെ ചീനിയിൽ ചുവന്ന പെരുന്നാൾവിളക്കു പോലൊരു കാന്താരി നിന്നത് കടിച്ചുചവച്ചിറക്കി.

സുശീല ആ ആറുവയസ്സുകാരിയെ അറപ്പോടെ നോക്കി.

അവളിന്ന് ആ പുകയിലക്കറവീണ തോർത്ത് ഉടുത്തിരിക്കുന്നു. ഉരിയാതിരിക്കാൻ ചുറ്റുമൊരു ചാക്കുനൂലും കെട്ടിയിട്ടുണ്ട്. അവൾക്കിങ്ങനെ കെട്ടാൻ കഴിയുമോ? ഒന്നു കൂടി നോക്കി.

തോർത്തിലാകെ, 'ശ്രീലങ്ക വന്നല്ലോ' എന്ന് അമ്മിണി കളിയാക്കാറുള്ള, ആ കോൺവെട്ടിയ ചുവപ്പൻ വട്ടങ്ങൾ. ഓരോ ഇരുപത്തിയെട്ടാം നാളിലും പെണ്ണിനെ അറിയിക്കുന്ന ചുവപ്പ്. ഏറെ മുൻപല്ലെന്നു തോന്നുമാറ് ചുവന്ന്, നനഞ്ഞ്.

സുശീല ഒന്നു വിറങ്ങലിച്ചു. പിന്നെ ഓടി ഋദ്ധിയെ വാരിയെടുത്തു.

പതിവില്ലാത്ത ആശ്ലേഷണത്തിൽ അവൾക്കൊന്നും തോന്നിയില്ല. സുശീല ആവർത്തിച്ചു. 'ആരാണ്, ആരാണ്...' ഋദ്ധി തുറിച്ചുനോക്കിയിരുന്നു. കരഞ്ഞു യാചിച്ചു. 'പറയെന്റെ കണ്ണാ...' കണ്ണനെന്നൊക്കെ കുഞ്ഞിനെക്കുറിച്ച് ഇതിനു മുൻപ് ഉള്ളിൽ തോന്നിയിട്ടുണ്ടോ? എന്തോ, ഇപ്പോഴിങ്ങനെയാണ് വായിൽവന്നത്. സുശീല ശരിക്കും അമ്മയായ നിമിഷം ഇതാകും. കുഞ്ഞ് മടിയിൽ നിന്ന് പിടിവിട്ടുവിച്ച് ഊർന്നിറങ്ങി.

അവൾ ഒരു കല്ലെടുത്തു. മുന്നിറയത്തെ ഭിത്തിയായി നിന്ന വീഞ്ഞപ്പലകയിൽ പ്ലാസ്റ്റിക്കിൽ പൊതിഞ്ഞു നാലുവശത്തും മുള്ളാണി അടിച്ചുറപ്പിച്ചുവച്ച ചിത്രത്തിൽ ആ കല്ല് പതിച്ചു; പൊട്ടുതൊട്ടതുപോലെ കൃത്യം നെറ്റിയിൽ.

സുശീല നിർത്താതെ വാവിട്ടു. ഋദ്ധി തോർത്തു വലിച്ചൂരി അമ്മയുടെ മടിയിലിട്ടു. ചോരയൊഴുകി ചാലായ കാലുകളിലേക്ക് ഒരേയൊരു വട്ടം സുശീല നോക്കി. പിന്നെ, കണ്ണുപൊത്തി. പത്തോ പതിനഞ്ചോ മിനിറ്റ് ഏങ്ങലടിയിൽ കഴിഞ്ഞുപോയി.

സുശീല എഴുന്നേറ്റ് കഴുക്കോലിൽ നിന്ന് അരിവാൾ എടുത്തു. ഇറയത്തെ ഒറ്റയാൾകട്ടിലിൽ കിടക്കുന്നുണ്ടായിരുന്ന ചുമർചിത്രത്തിലെ അതേ ഭാവത്തിൽ ഭാർഗ

വൻ. കട്ടിലിനു ചുറ്റും രണ്ടുവട്ടം ചവിട്ടിത്തുള്ളി നടന്ന സുശീല കുഞ്ഞിന്റെ അടുത്തെത്തി. ഋദ്ധിയെ എളിയിലെടുത്തു. പുല്ലിനുപോകുമ്പോൾ പതിവില്ലാത്തതാണ്.

കണ്ടത്തിൻകരേലെ പള്ള രണ്ടുകൈ വെട്ടിക്കഴിഞ്ഞതേയുള്ളു. അരിവാൾ മൂന്നാംകൈക്കു നീട്ടുമ്പോൾ മുന്നിൽ പത്തിവിരിച്ചൊരു മൂർഖൻ. കൊത്തുന്നതു കാത്ത് സുശീല ഇരുന്നു. പിന്നിൽ മരക്കുറ്റിയിൽ ഇരുന്ന ഋദ്ധി പരന്നു വാളുപോലായ കല്ലെടുത്ത് തെറ്റിച്ചു. അവിടെ പാമ്പ് ഉണ്ടെന്നറിഞ്ഞാണോ ആവോ? പാമ്പ് മറ്റെന്തിനോ തലതാഴ്ത്തി. കല്ല് പുല്ലിനിടയിലേക്കു വീണു. പാമ്പ് എന്തോ മറന്നതുപോലെ കുറ്റിക്കാട്ടിലേക്ക് ഇഴഞ്ഞുപോയി. ഇങ്ങനെ എത്ര മരണങ്ങളാണ് ഓരോ ദിവസവും കൊത്താതെ വിടുന്നത്. സുശീല ഋദ്ധിയെ എടുത്ത് നെറുകയിൽ ചുണ്ടുചേർത്തു നടക്കാൻ തുടങ്ങി.

ഓരോ ചുവടിലും ഒരോ ഏങ്ങൽ ആവർത്തിക്കുന്നതു ഋദ്ധി വിരൽകുടിച്ചറിഞ്ഞു.

പാടത്തെ മൂന്നു വെളിരുകൾ അമ്മയെ തലചെരിച്ചു നോക്കി പറന്നുയർന്നു. കതിരുവെട്ടാൻ വന്ന നാലു പനംതത്തകളെ മറച്ചു മൈനകളുടെ വലിയൊരു മേഘം ചിറകടിച്ചുപൊങ്ങി. പാടത്തു നിഴൽവീണു.

വരമ്പിൽ നിന്നിറങ്ങി പുഴയിൽ ചെന്നുചേരുന്ന കയ്യാണിത്തോട്ടിലൂടെയായി നടപ്പ്. കുളിക്കാൻ പോകുമ്പോൾ അങ്ങനെയാണ്. ഞാൻ വെള്ളത്തിലേക്കു നോക്കി. അമ്മയുടെ ഒട്ടും തിടുക്കപ്പെടാത്ത കാലുകൾക്കടുത്തുകൂടി ഒരു നീർക്കോലി പോകുന്നു. മുഷി പൊത്തിൽ നിന്നു തലയിട്ടു. ഇരുകാലുകളിലേയും തള്ളവിരലുകൾക്കിടയിലൂടെ രണ്ടു പരലുകൾ ഒന്നിനു പിന്നാലെ ഒന്നായി തെന്നിപ്പോയി. കുഞ്ഞിനെ വായിലിട്ട് ഒരു ചേറുമീൻ പായലുകൾക്കിടയിൽ നിന്ന് തലപൊക്കിനോക്കി, അതുപോലെ താഴ്ന്നു. കുഞ്ഞിനെ വായിലിട്ടു നടക്കുന്ന അമ്മച്ചേറുമീനെ ആദ്യമായി കാണുകയാണ്. ഊത്തപിടിക്കാൻ ഉടുമുണ്ടിന്റെ ഒരറ്റം കഴുത്തിൽക്കെട്ടി മറ്റേയറ്റം ഇരുകൈകളിലും വിടർത്തിപ്പിടിച്ചു ഭാർഗവൻ ഇറങ്ങേണ്ട സമയാണ്. അമ്മ വേഗം കൂട്ടി.

പുഴയെത്തി. ആറ്റെറമ്പിലൂടെ സുശീല താഴേക്ക് ഊർന്നിറങ്ങി.

അരിവാൾ എളിയിൽ തിരുകി. ഋദ്ധിയെ എളിയിൽ നിന്നെടുത്ത് തോളിലേറ്റി. കഴുത്തോളമേ ഉണ്ടായിരുന്നുള്ളൂ കയത്തിലും ആഴം. മറുകരയേറി തലയിൽ കെട്ടിയിരുന്ന തോർത്ത് കക്ഷത്തിനിടയിലൂടെ ഉടുത്ത് ഉടുമുണ്ടും മേലുടുപ്പും അഴിച്ചുപിഴിഞ്ഞ് മണൽപ്പരപ്പിൽ വിരിച്ചു. അമ്മ വെള്ളത്തിലിറങ്ങിക്കിടക്കുമ്പോൾ ഋദ്ധി ഒരു ചകിരിച്ചോറെടുത്ത് പാറയിലാരോ പറ്റിച്ചുവച്ച അലക്കുസോപ്പിൽ ഉരച്ചു കാലുകളിൽ തേച്ചു. മുഴുവനായി അലിയാത്ത തവിട്ടുവരകളെ കാലിൽ തുടരാൻ വിട്ട് വെള്ളത്തിലിറങ്ങി. ആദ്യം പെരുവിരൽ, പിന്നെ ഉപ്പൂറ്റി. മുട്ടും കഴിഞ്ഞ് മെല്ലെമെല്ലെ അരയോളം മുങ്ങി. പെട്ടെന്നൊരു നീർന്നായയെ കണ്ടതുപോലെ 'ആ...' എന്ന് അലറി ഒറ്റച്ചാട്ടത്തിനു കരയിൽ കയറി. വെള്ളംതൊട്ടപ്പോൾ ചോരപ്പാടുകളുടെ ഉറവിടം നീറി. ഇതു കണ്ടുകിടന്ന സുശീലയ്ക്കു തികട്ടിവന്നു. പുഴയിൽ ആറോഏഴോ വറ്റും, ഒരു തേങ്ങാക്കൊത്തും, ചുട്ടവറ്റൽമുളകിന്റെ രണ്ടു പുറംതൊണ്ടും വീണു.

ഇനി വെള്ളത്തിലിറങ്ങുകയേയില്ലെന്ന തീർപ്പാക്കിയതുപോലെ ഋദ്ധി അല ക്കുകല്ലിൽ കുത്തിയിരുന്നു. ചേർത്തുപിടിച്ച രണ്ടുകൈകൾക്കുള്ളിൽ ചകിരിത്തുണ്ട്. രണ്ടു കാലുകളും വിറകൊള്ളുകയും തണുത്തകാറ്റിലെന്നതുപോലെ ചുണ്ടു കോടുക യും ചെയ്തു. ഒരു യാത്രയേക്കുറിച്ചും അതുവരെ ആലോചിച്ചില്ലെങ്കിലും വണ്ടിപോയാ ലോ എന്നൊരു ആന്തലായി സുശീലയ്ക്ക്. ചാടിക്കയറി ഈറൻമുണ്ടും ഉടുപ്പുമിട്ട് നന തോർത്ത് മേൽമുണ്ടാക്കി ഋദ്ധിയുടെ വിരൽപിടിച്ചു. മാറ്റത്തുണിയില്ലാത്തവരെ ഇട്ടു ണക്കിക്കൊടുക്കുന്ന വെയിലു കാളി. പുഴയും പാടവും പുൽക്കാടും ഭാർഗവനും എന്നെ ങ്കിലും പെറുമെന്ന കരുതി വളർത്തിയ പശുക്കുട്ടിയും പിന്നിലായി.

പായ്‌വഞ്ചിയിൽ മലർന്നു കിടന്ന് ഋദ്ധി ത്രയയോട്: “തിമിംഗലങ്ങൾ പായ്മര ങ്ങൾ ഇറുത്തെടുത്ത് പല്ലിനിടകുത്തി അസ്ഥികൂടങ്ങൾ പുറത്തിടും.”

എട്ടാംദിനം സന്ധ്യ. ഋദ്ധിയും നൗകയും വീടണഞ്ഞതുപോലെ ശാന്തരായി. ഏതാണ്ട് പത്ത് കപ്പൽപ്പാട് അകലെ കിടന്ന യാനത്തിന്റെ മേൽത്തട്ടിൽ നിന്ന് കപ്പിത്താൻ സമുദ്ര ഋദ്ധിയുടെ നൗകയെ ഒരു ചോണോനുറുമ്പായി കണ്ടു. തീരത്തോ ട്ട് അടുക്കുന്ന തിര ആർത്തിയോടെ പൊയ്ക്കൊണ്ടിരിക്കുന്നു. സമുദ്ര ഒരു കുപ്പിയിൽ നിന്ന് ദ്രാവകം മോന്തി കടലിലേക്കു ധാരപോലെ ചീറ്റി. പാനീയത്തുള്ളി കുടിച്ച് മദി ക്കാൻ പോകുന്ന കൊടിവാലൻതിരണ്ടിയെ കപ്പലിൽ ഉണ്ടായിരുന്ന അവർ എഴുപ ത്തിയെട്ടു പേർ ഉള്ളാലെ കണ്ടു.

ഋദ്ധിയുടെ നൗകയായിരുന്നു അവരുടെ ദിശ. തടങ്കൽച്ചുമര് തോട്ടുവച്ചു തകർ ത്ത് ആഞ്ചലോ കോട്ടയിൽ നിന്ന് ഇറങ്ങുമ്പോൾ ദൂരെക്കാണാമായിരുന്നു കരിങ്കൊ ടി പാറുന്ന യാനം. കടൽനീന്തി ബോട്ടിൽ, പിന്നെ ബോട്ടിൽ നിന്ന് കയറേണിവ ഴി മുകളിൽ. എല്ലാവരും കയറിയതേ കപ്പിത്താൻ സമുദ്ര മേലോട്ട് നിറയൊഴിച്ചു. നാൽപ്പതുതിര തീരംവരെ അതു നിന്നു പൊട്ടി. രക്ഷ ഭീരുവിനെപ്പോലെ പാടില്ലെ ന്ന് ഓർമിപ്പിക്കുകയായിരുന്നു സമുദ്ര.

കടൽപ്പാതയിൽ നാഴിക മുപ്പതു കടന്ന നിമിഷം, പറഞ്ഞതുപോലെ ഋദ്ധി വഴി കാട്ടി മുന്നിലേത്തി. കൊലയും ബലാൽസംഗവും മോഷണവും. ഭൂമിതട്ടിപ്പും വെ ട്ടിപ്പും. ഇതൊക്കെ നടത്തിയവർക്കൊപ്പം നാലഞ്ചു രാജ്യദ്രോഹക്കുറ്റവാളികളും. രണ്ടു മുതൽ എഴുപതു വർഷം വരെ ശിക്ഷയേറ്റുവാങ്ങുന്നവരും വർഷങ്ങളായി വിചാ രണയെന്ന പേരിൽ തുടരുന്നവരുമുണ്ട്. ജയിലിലായിരുന്നവരുടെ നടുവിലേക്ക് ചെ ല്ലുമ്പോൾ ഋദ്ധി സ്കൂൾ കഴിഞ്ഞു കോളജിൽ ചേർന്നതുപോലെ ഉൽസാഹത്തിലാ യിരുന്നു. തടവിലുള്ളവരെ ജീവിതച്ചട്ടം പഠിപ്പിക്കാൻ സോഷ്യൽ വർക്കിലെ ബിരു ദത്തിന്റെ ബലത്തിൽകിട്ടിയ കരാർ നിയമനം. അന്നവർക്കു കൊടുത്ത വാക്കാണ് നിയമങ്ങളില്ലാത്ത രാജ്യത്തെ പൗരത്വം.

സമുദ്ര കുലുക്കുഴിഞ്ഞ ലഹരിപോലെ ഒരു മഴ ചാറിപ്പോയി.

അമാവാസിയിലും ആകാശവും ആഴിയും വേർപിരിഞ്ഞു ചക്രവാളം ഒരു വെള്ളി വരയായി. ഉഷ്ണരാശിയിലും ഒരു തണുത്തകാറ്റ് പടിഞ്ഞാറു നിന്ന് വീശി. ഋദ്ധി ഒറ്റ യ്ക്കു നൗകയിലെ അഴിച്ചിട്ട പായയിൽ കിടന്നു. ചെറിയ അരിപ്പല്ലുകൾ കാട്ടിച്ചിരിച്ച്

ഒരു കടൽപ്പന്നി[1] കുതിച്ചുയർന്നു തിരികെ വെള്ളംതൊടുമ്പോൾ നീണ്ട ചുണ്ടുയർത്തി കാത്തുനിൽപ്പുണ്ടൊരാൾ. ചുണ്ടുകൾ ഉരുമ്മി, ചിറകുകൊണ്ടു കെട്ടിപ്പുണർന്ന് പോകുന്നവയിൽ ആണേത്, പെണ്ണേത്? ബുദ്ധി പകലെല്ലാ ചോദ്യമുന തറച്ച് കപ്പലിൽ അവരുറക്കമില്ലാതെ കിടന്നു.

രാവിൻ നിഴലിലവർ കണ്ടു, പായ്മരമേലെ ഏറിയും ഇറങ്ങിയും ബുദ്ധി. തീരാത്ത ഉന്മാദച്ചിരിയുമായി വിടർത്തിയിട്ട പായയിൽ അനന്തരം കിതച്ചു കിടക്കുന്നു. അടുത്ത കേറ്റത്തിന്റെ ആക്കം തുളുമ്പുന്ന പെരുവിരൽ തുമ്പത്ത് തിരയേറിവന്ന ചെറുവരയൻ[2] മുട്ടിയുരുമ്മിപ്പോയി. ആണാകിലും പെണ്ണാകിലും ആ മീൻ പൂവായ് വിടർന്നു. ബുദ്ധി വീണ്ടും പായ്മരത്തിലേക്ക് ആകാശമായി ഇറങ്ങി വിറകൊണ്ടു.

സുശീല കഴുത്തോളം കായലിൽ കിടന്നു.

തലയിൽവച്ച വല്ലത്തിലേക്ക് കക്കകൾ പെറുക്കിയിട്ടു. ആ കാലുകൾക്കിടയിലൂടെ ചിറ്റുളിപ്പാമ്പുകൾ ഇഴഞ്ഞുപോയി. വരാലുകൾ പുളച്ചു. സുശീല കക്കമാത്രം പെറുക്കി. ബുദ്ധി കരയിൽ കെട്ടിയിട്ട മൊയ്തീന്റെ ചെറുവള്ളത്തിലിരുന്നാടി കായൽപ്പരപ്പിലേക്ക് വീതിക്കല്ലുകൾ തെറ്റിച്ചു.

തിരയെടുത്ത് പതിനെട്ട് അടി ഉയർത്തിയ നൗകയുടെ പായ്മരത്തിലേക്ക് ആദ്യം ഓടിക്കയറുമ്പോൾ ബുദ്ധിക്കു വയസ്സും പതിനെട്ട്.

ഇന്നേപ്പോലെ അന്നും പായ് നിമിഷാർദ്ധേ അഴിഞ്ഞു നിലംതൊട്ടു. ഓസ്ട്രേലിയക്കാരൻ വിൽഫ്രഡ് ഗോൺസാഗ അടുപ്പിച്ച നൗകയിലേക്ക് ചാടിക്കയറുമ്പോൾ മൊയ്തീന്റെ വള്ളം തുഴഞ്ഞ കരുത്തായിരുന്നു കൈമുതൽ. ബുദ്ധി എത്തിച്ച കൊഞ്ചും കഞ്ഞിയും കുടിച്ച് കയ്യിൽ ഡോളറില്ലാത്ത വിൽഫ്രഡ് ആറുമാസം ആ തുറമുഖത്തു കിടന്നു. കായലിലൂടെ തുഴഞ്ഞും പായ്കെട്ടിയും ബുദ്ധി കപ്പലോട്ടം പഠിച്ചു. പെർമിറ്റ് കിട്ടാതെ വിൽഫ്രഡ് കരയിലൂടെ നടന്ന ഒരു ദിവസം പൊലീസ് പിടിച്ചുകൊണ്ടുപോയി. ചാരനെന്ന വിസ പതിപ്പിച്ച് വിൽഫ്രഡിനെ പ്രവേശിപ്പിച്ച തടവറ തുറന്ന് പിന്നൊരിക്കലും അയാൾ നൗക തേടി വന്നില്ല.

കസ്റ്റംസ് കെട്ടിയിട്ട നൗക അഴിച്ചെടുത്ത് ബുദ്ധി പതിവുപോലെ കടലിലേക്ക് പൊയുംവന്നുമിരുന്നു. അത് ബുദ്ധിയുടെ അവകാശമാണെന്ന് കടപ്പുറം കരുതി. കാറ്റടിക്കുമ്പോൾ മരത്തിൽ ഞാന്നുകിടന്ന വടത്തിൽ പമ്പരംപോലെ സ്വയം തിരിഞ്ഞ്, സൂര്യനെച്ചുറ്റുന്ന പൃഥ്വിയായി പായ്മരത്തെ പ്രദക്ഷിണം ചെയ്തു. അമരം അപ്പോഴൊക്കെ വട്ടംതിരിഞ്ഞു തെക്കുനിന്നു വടക്കോട്ടായി. ഓരോ തവണയും ഇരമ്പൽ നിർത്തി കടൽ നിവർന്നു കിടന്നു.

കണ്ണുതുറക്കുമ്പോൾ സമുദ്രയ്ക്ക് തലയിലൊരു കടലിരമ്പി.

എഴുപത്തിയെട്ടു കള്ളരും തട്ടിൽ അടുക്കിയിട്ട ചാളപോലെ പുലരിവെയിലേറ്റു കിടന്നു. ദൂരെ പായ്‌വഞ്ചിത്തുഞ്ചത്ത് ബുദ്ധി കുത്തിയിരിക്കാൻ തുടങ്ങിയിരുന്നു. കപ്പ

1 ഡോൾഫിൻ.

2 അയക്കൂറ എന്നും അറിയപ്പെടുന്ന സീർ ഫിഷ്.

ലോട്ടത്തിന്റെ പ്രഭാത പ്രകൃതി നിയമം പാലിച്ച് ആദ്യം മുന്നോട്ട തിരിഞ്ഞു, പിന്നെ പിന്നോട്ടും. തിര പാപനാശിനിയായി നൗകത്തുഞ്ചത്ത് കഴുകിത്തുടച്ചു. ഒന്നാമതും രണ്ടാമതും ഋദ്ധി വെളിയിൽ കളഞ്ഞത് വീണിടത്ത് പിന്നെയും തളിച്ച ശുദ്ധമാക്കി കൊണ്ടേ ഇരുന്നു തിര.

സമുദ്ര ഒരു വൈകാരിക വിക്ഷോഭത്തിൽ സമ്മതിച്ചതാണ് ആ യാത്ര. അടുക്കാൻ അനുമതിയില്ലാത്ത തീരത്തു നിന്ന് അരിയും ഗോതമ്പും മൂന്നുവട്ടമായി പുറങ്കടലിലെത്തിച്ച ഋദ്ധി ചോദിച്ചത് ഒരേയൊരു പ്രതിഫലമായിരുന്നു. പറയുന്നത്ര ആളുകളെ ദൂരെയൊരു തീരത്ത് എത്തിക്കണം. ജയിൽ ചാടിച്ച കൊണ്ടുവരുന്നവരാണ്. അതും ബോംബ് പൊട്ടിച്ച തകർത്ത്. ഋദ്ധി പറഞ്ഞതിലെ സത്യസന്ധതയിൽ സമ്മതിച്ചു. അല്ലെങ്കിലും പുറങ്കടലുകളിലൂടെ മാത്രമോടുന്ന ഈ കപ്പൽ കൊണ്ട് നല്ല തൊന്നുമല്ലല്ലോ ഇതുവരെ ചെയ്തത്.

പാവഞ്ചിത്തുഞ്ചത്ത് ഇരിക്കുന്ന ഋദ്ധിക്കും പായ്മരത്തിനും ഇടയിലൂടെ ആ തിരകളെ ഒരു ചതുരക്കൂട്ടിലാക്കി സമുദ്ര. ചലച്ചിത്രം പോലെ നടുവിൽ തിരയിളക്കം. ആ സങ്കൽപ ചത്വരത്തിന്റെ മേലറ്റത്തു വന്നിടിച്ച് മടങ്ങിവരികയാണ് തിര. കരിഞ്ചുവപ്പാർന്ന ഒരു പൊട്ടാണ് തീരം. അല്ല, ആ ചുവപ്പിലേക്ക് പച്ചപ്പ് വന്നുചേരുന്നുണ്ടെന്ന് ഏകൻ ഉറപ്പിച്ചു. അവിടെ വെയിൽ ചിന്നി നിന്നു.

"പോകാം." കയറിൽ തൂങ്ങി മുകളിലെത്തിയ ഋദ്ധിയുടെ ഒറ്റവാക്കിൽ എല്ലാവരും കൊടുങ്കാറ്റിനു മുൻപെന്നതുപോലെ പരക്കംപായാൻ തുടങ്ങി. നിയമങ്ങളില്ലാത്ത രാജ്യം തേടി പുറപ്പെട്ടവരുടെ സംഭ്രമം ഇമയാടാതെ കണ്ടുനിൽക്കുകയായിരുന്നു ഋദ്ധി. സമുദ്രയുടെ കപ്പലിലെ യാത്ര അവസാനിക്കുകയാണ്. ഋദ്ധി അടുത്ത കര കണ്ടെത്തിക്കഴിഞ്ഞു.

സമുദ്ര അടുത്തെത്തി: "ഇവരെ ചാവേറുകൾ ആക്കാനോ, അതോ ബലിചെയ്ത ചോര കുടിക്കാനോ?"

ഋദ്ധി കടലിലേക്കു ചൂണ്ടി: "തിരകളെ തോൽപ്പിച്ച വരാൻ കപ്പൽ വേണ്ട, ഒരു കട്ടമരം മതി എന്നു തോന്നുന്ന നിമിഷം നിങ്ങൾക്കും വരാം."

'എത്രപേർക്ക് ഒരുസമയം കയറാം' എന്ന വാഗ്വാദം നടക്കുകയാണ്.

"വാശിയും ആവേശവും ശമിച്ചവർ പിന്നോട്ട പിന്നോട്ട്..." എന്ന ഋദ്ധിയുടെ തീർപ്പിനൊടുവിൽ അവർ ആറു സംഘങ്ങളായി. മുന്നിൽ ശേഷിച്ച പതിനെട്ടു പേരുമായി നൗക നീങ്ങി. ശേഷിച്ച അഞ്ചു സംഘങ്ങൾ ഇനി ഋദ്ധി കബളിപ്പിക്കുമോ എന്ന് തിരതല്ലി നിന്നു.

ആറാം സംഘത്തിലെ അവസാന യാത്രക്കാരൻ യാനത്തിൽ നിന്നു നൗകയിലേക്ക് ഇറങ്ങുമ്പോൾ സമുദ്ര കൈകൊടുത്തു. തിരിഞ്ഞുനോക്കാതെ ഋദ്ധി നൗക തിരിച്ചു.

എത്രസമയമെടുക്കുമെന്ന് ഏകൻ. ഇനിമുതൽ സമയമില്ലെന്ന് ഋദ്ധി.

രാവും പകലുമോ എന്ന് ദ്വിജൻ. ഇരുട്ടും വെളിച്ചവുമേ ഉള്ളൂ എന്ന് ഋദ്ധി.

ദിവസവും ആഴ്ചയുമോയെന്ന് ത്രയ. ഇന്നലെ ഇന്നാകുന്നതുകൊണ്ട് പണമിട പാട്ടുകാരന് പലിശ കിട്ടുന്നതു മാത്രമാണ് നേട്ടമെന്ന് ഋദ്ധി.

വയസ്സാകുന്നത് എങ്ങനെയെന്ന് ചതുര.

ജനനം മുതൽ മരണംവരെ ഒരേവയസ്സെന്ന് ഋദ്ധി.

എങ്കിൽ മരണമെപ്പോഴെന്ന് ദശ. മരണം ഒരു നുണയാണെന്നു ഋദ്ധി.

മരിച്ചുകിടക്കുന്നവരെ കണ്ടിട്ടുണ്ടല്ലോ എന്ന് ദ്വാദശി.

നമ്മൾ തിമിംഗല ഉദരങ്ങളിൽ ജീവിച്ചുകൊണ്ടേ ഇരിക്കുമെന്ന് ഋദ്ധി.

പെട്ടെന്നു നൗക ഉലഞ്ഞു. അടിയിലൂടെ തിമിംഗലം പാഞ്ഞുപോകുന്നെന്ന് അവർ അലറി.

കരയായതിന്റെ അടയാളമെന്ന് ഋദ്ധി ചിരിച്ചു.

അതു നുണച്ചി ഋദ്ധിയുടെ മറ്റൊരു കള്ളമാണെന്ന് അവരുറപ്പിച്ചു.

— 2 —

# ശംഖുവരയൻ

സിസ്റ്റർ സന്ധ്യയുടെ മുഖത്ത് അമ്പരപ്പോ ക്രോധമോ ഉണ്ടായില്ല.

ഒരു രോഗിയെ ഡോക്ടർ നോക്കുന്നതുപോലെ ഉദ്ധിയെ സിസ്റ്റർ മുന്നിലേക്കു പിടിച്ച് നിർത്തി. കാലുകളിലെ കരിഞ്ചുവപ്പ് പാടുകൾ മങ്ങിയതല്ലാതെ അപ്പോഴും മാഞ്ഞിരുന്നില്ല. കണ്ണട മൂക്കിലേക്ക് ഇറക്കി കൃഷ്ണമണികൾ മേലോട്ടാക്കി, മുറ്റത്തു മാറി ഗേറ്റിൽ ചാരി കുത്തിയിരിക്കുന്ന സുശീലയെ നോക്കി.

വഴിയിൽ തലകറങ്ങിവീണ അമ്മയേയും അടുത്തിരുന്ന കരഞ്ഞ കുഞ്ഞിനേയും നാട്ടുകാരാണ് തൊട്ടടുത്ത മഠത്തിലെത്തിച്ചത്. അപ്പോൾ രാത്രി ഒൻപതരയായി. രാവിലെ ഒൻപതിനോ പത്തിനോ തുടങ്ങിയ നടപ്പാണ്.

മുപ്പതുകിലോമീറ്റർ നടക്കാൻ നീയെന്നാ ഗാന്ധിയാ എന്നായിരുന്നു സിസ്റ്ററുടെ ആദ്യ ചോദ്യം. ഉദ്ധി ഉടുത്തിരുന്ന തോർത്ത് കയ്യിൽപിടിച്ച് സുശീല ഇരുന്നു. കുഞ്ഞിനെ ഇങ്ങനെ പിറന്നപടി നിർത്തുന്നതിൽ വല്ലായ്ക തോന്നാതിരുന്നില്ല. നനവു മാറും മുൻപ് സുശീല ഇട്ട മേല്മുടുപ്പ് കക്ഷമൊഴികെ ഉണങ്ങിയിരുന്നു. എളിയിൽ കുത്തിയ മുണ്ടിൻതുമ്പിൽ നിന്നുള്ള നനവ് അപ്പോഴും അരയ്ക്കുചുറ്റും അറിയുന്നതുപോലെ തോന്നി.

“ഇന്ന് മൂത്രമൊഴിച്ചില്ലേടീ പെണ്ണേ...” സിസ്റ്റർ സന്ധ്യ ശബ്ദമുയർത്തി. ഉദ്ധി ചലനങ്ങളില്ലാതെ നിൽക്കുകയാണ്.

ഇരിക്കാൻ സിസ്റ്റർ കണിശമായി ആഗ്യം കാണിച്ചു. ഉദ്ധി ഇറങ്ങി അവസാന പടിയിൽ മുറ്റത്തേക്ക് മൂത്രം വീഴാൻ പാകത്തിന് ഇരുന്നു. ഒരു തുള്ളി, ഒരേയൊരു തുള്ളി വന്നപ്പോഴേക്കും അലറി. ചാടി എഴുന്നേറ്റു. വാവിട്ട് ഏങ്ങലടിച്ചു കരയുകയാണ് ഉദ്ധി. തോർത്തു ചുരുട്ടിപ്പിടിച്ച് അതിലേറെ ഉച്ചത്തിൽ സുശീല.

പെട്ടെന്നാണ് സിസ്റ്റർ പൊട്ടിത്തെറിച്ചത്. “എന്തിനാടീ നിനിക്കിങ്ങനെയൊരു അരിവാൾ...”

വായിൽ വന്നതു സിസ്റ്റർ തിരുവസ്ത്രമോർത്തു വിഴുങ്ങി. “ചെത്തി കളഞ്ഞിട്ടു വേണ്ടേടീ ഇറങ്ങിപ്പോരാൻ...”

ശബ്ദം കേട്ടു പല വാതിലുകൾ തുറക്കുകയും ചിലർ ഇറങ്ങിവരികയും ചെയ്തു.

“ഒടുക്കത്തെയൊരു സമാധാനക്കാരി...” സിസ്റ്റർക്ക് അരിശം തീർന്നില്ല. ജനാലയ്ക്കപ്പുറത്തു നിന്ന് യുദ്ധം നടക്കുന്ന തെരുവിലേക്കെന്നതുപോലെ ഭയവിഹ്വലമായ കണ്ണുകൾ പാളി നോക്കി.

ലൂദ്ധിയെ എടുത്ത് സിസ്റ്റർ കൈയെത്തുവോളം ഉയർത്തി. തൂങ്ങി നിന്ന രണ്ടുകാലുകളിലും മാറിമാറി ഉമ്മകൊടുത്തു. കണ്ണുകൾ നിറഞ്ഞൊഴുകി.

വലിയ തീൻമേശയിൽ ഇരുന്ന് ലൂദ്ധി അന്ന് ജീവിതത്തിലെ ആദ്യ പാലപ്പം കഴിച്ചു. തേങ്ങാപ്പാൽ പിഴിഞ്ഞൊഴിച്ച കിഴങ്ങുകൂട്ടാൻ രുചിച്ചു. അതിന്റെ പേര് ഇഷ്ടു എന്നാണെന്ന് പിന്നെയും എത്രയോ കഴിഞ്ഞാണ് പറയാറായത്.

നൂലപ്പം എന്നൊരു പലഹാരമുണ്ടെന്ന്, ചേനയും കാച്ചിലും കപ്പയും മാത്രമല്ല, ക്യാരറ്റ് എന്നുമൊരു കിഴങ്ങുണ്ടെന്ന്, ബിറ്റ്റൂട്ട് എന്ന വേറൊന്നുണ്ടെന്ന്...

അന്നമ്മ കാബേജ് അരിയുന്നതിന്റെ കണിശത കണ്ടുനിൽക്കുന്നതു തന്നെ രസമാണ്. നെടുകെ കൊത്തി കുറുകെ മുറിച്ച് കുനുകുനെ അരിഞ്ഞുവീഴ്ത്തിയ പുളിയില ക്കനത്തിലുള്ള എല്ലാ മുറികൾക്കും ഒരേ വലിപ്പം. കപ്പയും ചേനയും കാച്ചിലും കൊത്തിയരിയുന്നതുമാത്രം കണ്ടിട്ടുള്ള ലൂദ്ധി കറിക്കരിയലും ഒരു നൃത്തമാണെന്നറിഞ്ഞു. കോപ്പയിലുള്ളതു കഴിഞ്ഞപ്പോൾ ഇനിയും കിട്ടിയാൽ കൊള്ളാമെന്നു തോന്നിയത് കോളിഫ്ളവർ ആണ്.

അങ്ങനെയിരിക്കെ രുചിയാകെ മാറ്റി ആദ്യത്തെ പൊറോട്ടയെത്തി. മത്തായിയുടെ കടയിൽ നിന്ന് സിസ്റ്റർ സന്ധ്യ വരുത്തിച്ചതാണ്. ഓരോ പാളിയായി വിടർത്തി നാലുപോലെ വായിലേക്കു വലിച്ചെടുത്ത് ചവച്ചും അലിയിച്ചും എത്ര നേരവും ഇരിക്കാമെന്നായി. ചാളയും അയലയും, അയക്കൂറയും നെയ്മീനും, ഇടയ്ക്കൊരു ദിവസം കരിമീനും. കുരുമുളകിട്ട് ഉണക്കിവച്ച മാട്ടിറച്ചി, ഉലർത്തിയ കോഴി, ആദ്യത്തെ ഓംലറ്റ്. വിശപ്പുശമനമല്ല ഭക്ഷണജന്മോദ്ദേശ്യമെന്ന് ലൂദ്ധി ഉള്ളാലെ പ്രഖ്യാപിച്ചു. കിട്ടിയതിൽ പങ്ക് എത്താൻ വൈകുന്നേരമാവുന്ന സുശീലയ്ക്കായി മാറ്റിവച്ചു. ഓരോ പലഹാരവും സുശീലയുടെ കുറ്റബോധം കൂട്ടി.

അവിൽ നനച്ചതും അവലോസു പൊടിയും പഴംപുഴുങ്ങിയതും കൊഴിക്കട്ടയുമൊക്കെ സ്കൂൾ വിട്ടുവരുന്ന നേരത്ത് ചിലപ്പോഴെങ്കിലും സുശീലയുടെ അമ്മ മുട്ട വിറ്റും ആട്ടിൻപാൽ വിറ്റും ഉണ്ടാക്കിവച്ചിരുന്നു. വേനൽക്കാലത്ത് ഓലമെടഞ്ഞു വിറ്റാൽ കീറിന്[1] അൻപതുപൈസ കിട്ടുമായിരുന്നു. ദിവസം നൂറ് കീറുവരെ മെടഞ്ഞു. മഴവരും മുൻപ് മേയാനുള്ളവർ ഭവാനിയുടെ ഓലതേടി വന്നു. ആ പണമെല്ലാം പലഹാരമായി. അങ്ങനെയൊന്നും ഇക്കാലത്തിനിടെ ലൂദ്ധിക്ക് കൊടുത്തിട്ടില്ല. മൂന്നു

---

1 നെടുകെ കീറിയ തെങ്ങോലയിൽ നിന്ന് മെടഞ്ഞെടുത്ത പകുതിഓല.

നേരവും കഞ്ഞി. കടവിൽ നിന്ന് മീൻകിട്ടിയാൽ വല്ലപ്പോഴും പൊരിച്ചോ കറിയായോ അത്. ഭാർഗവൻ പിടിച്ച പരലും മുഷിയും ഷാപ്പിലെ പറ്റിൽ വരവായി.

ആദ്യദിനം മുതൽ ഋദ്ധി കിടന്നത് സിസ്റ്റർ സന്ധ്യയുടെ മുറിയിലാണ്. പണി പുറത്തു കണ്ടെത്തണം എന്ന വ്യവസ്ഥയിൽ സുശീലയ്ക്കു കിടക്കാൻ ചായിപ്പിലും ഇടം കിട്ടി. ആദ്യദിവസം രാത്രി മുഴുവൻ കണ്ണുമിഴിച്ചു കിടന്ന സുശീലയോട് കക്കവാരാൻ പോകാമെന്ന് പറഞ്ഞത് അന്നമ്മയാണ്. നഴ്സിങ് പഠിക്കുന്ന മോൾക്ക് കാശുണ്ടാക്കാൻ മഠത്തിലെ കറിക്കരിഞ്ഞും പാത്രം കഴുകിയും കക്ക പെറുക്കിയും പെടാപ്പാട് പെടുകയാണ് അന്നമ്മ. കടംമേടിച്ച് പാട്ടക്കൃഷി നടത്തി മുടിഞ്ഞ് ഒറ്റക്കുപ്പി ഫ്യൂരിഡാനിൽ തൊമ്മൻ എളുപ്പവഴി കണ്ടതോടെ കഷ്ടപ്പാട് മുഴുവൻ അന്നമ്മയ്ക്കായി. കടംകൊടുത്തവർ വീടു വിൽപ്പിച്ചു കാശ് വീതിച്ചെടുത്തതോടെ അന്നമ്മയ്ക്കും മഠമായി വീട്.

ആദ്യമൊക്കെ ഋദ്ധിയും സുശീലയ്ക്കൊപ്പം കക്കപെറുക്കാൻ പോകുമായിരുന്നു. മൊയ്തീന്റെ വള്ളത്തിൽ ഋദ്ധിയെ ഇരുത്തി സുശീല വെള്ളത്തിലിറങ്ങും. സ്കൂളിൽ പോക്കു തുടങ്ങിയതോടെ അവധിദിവസം മാത്രമായി ഋദ്ധിയുടെ പോക്ക്. സുശീല ഞായറാഴ്ചയും പണിക്കിറങ്ങും. ആറുദിവസം പണിത് ഏഴാം ദിവസം സാബത്ത് അതിനൊക്കെ പറ്റുന്നോർക്കല്ലേ എന്നു പറഞ്ഞു സിസ്റ്റർ പിന്തുണയ്ക്കുകയും ചെയ്തു.

മഴ ചാറിപ്പണിത തരിമൺകൂനയിൽ നിന്ന് ഇറങ്ങിവന്ന പഴുതാര നീലാകാശം കണ്ടു.

പഴുതാരയെ കുളമ്പടിച്ചരച്ചെന്നു തോന്നുമാറ് ഒരു പുള്ളിമാൻ പാഞ്ഞു. പൊന്തയിൽ നിന്നിറങ്ങിവന്ന മുയൽ പിൻകാലുകളിൽ നിന്നു കൈകൾ കൂട്ടിത്തിരുമ്മിയുഴിഞ്ഞ് മണ്ണ് ഉതിർത്തു കളയാൻ തുടങ്ങുമ്പോൾ പെട്ടെന്നൊരു പ്രാപ്പിടിയൻ താഴ്ന്നു പറന്നു. പൊന്തയിൽ നിന്നു പിന്നാലെ ഇറങ്ങിവന്ന ഇണമുയൽ നോക്കിനിൽക്കെ മണ്ണുതിർക്കുന്ന മുയലുമായി പറന്നുയർന്നു. മുയൽക്കയ്യിൽ നിന്നു വീണ മൺതരിയിലേക്കു പഴുതാര മുഖംതാഴ്ത്തി. പുള്ളിമാൻ ഇരട്ടിവേഗത്തിൽ മടങ്ങിവരവേ പഴുതാര പശപോലെ കുളമ്പിൽ ഒട്ടി. അടുത്ത ചുവടിൽ ഒരുമൺകട്ടയിൽ ആ പശ പറ്റിനിന്നു. ആകാശത്തുയർന്ന മുയലിൽ നിന്ന് തുള്ളിച്ചോര ആ പശിമയിലേക്ക് ഇറ്റി. ഋദ്ധിയുടെ യാനം അവസാന സംഘവുമായി കര[2] തൊട്ടു.

കപ്പലിൽ നിന്നിറങ്ങാനെന്നതുപോലെ നൗകയിൽ നിന്നു കയറാനും ഓരോരുത്തരിലും ആന്തലിന്റെ ഓരോ തിര ഋദ്ധി കണ്ടു. ഇനി കയറിച്ചെല്ലാൻ ഇടയില്ലാത്ത വണ്ണം തുരുത്തിൻതുഞ്ചത്ത് ആദ്യമെത്തിയ അഞ്ചുകൂട്ടങ്ങൾ ആകാംക്ഷകൊണ്ടു നിറഞ്ഞുനിൽക്കുന്നു. കരയിൽ ഉത്കണ്ഠയില്ലെങ്കിൽ കടൽവഞ്ചി മുങ്ങുമെന്ന് ആരുടെയെങ്കിലും വചനം ഉണ്ടാകാമെന്ന് ഋദ്ധി ചിരികൊണ്ടു. ആന്തലും ആകാംക്ഷയുമില്ലാത്ത ലോകമറിയാൻ പുറപ്പെട്ടവരുടെ ഹൃദയമിടിപ്പിന്, പിന്നിൽ ഉപേക്ഷിച്ചുപോന്ന

---

2 റോസ് ദ്വീപ്, ആൻഡമാൻ നിക്കോബാർ.

ലോകത്തെ, തീവണ്ടി ചക്രങ്ങളേക്കാൾ വേഗം. ഏതു നിമിഷവും പാളം തെറ്റാമെന്നോർമിപ്പിച്ച് അതു കുതിച്ചു.

തിരികെപ്പാഞ്ഞ പുള്ളിമാൻ പിടഞ്ഞുപിടഞ്ഞുവീണു. കരതൊട്ട ദ്വിജൻ എയ്ത കരിങ്കല്ല് തറച്ച പുള്ളിമാന്റെ കഴുത്തിൽ നിന്നു തെറിച്ച ചോരയിൽ, നേരത്തെ പശയായി മാറിയ പഴുതാരയും ആകാശത്തുനിന്നിറ്റിയ മുയൽച്ചോരത്തുള്ളിയും വേർതിരിച്ചറിയാനാകാതെ ലയിച്ചു. മൂന്നു കല്ലും നാലു ചുള്ളിയുമായി അടുപ്പുകൂട്ടിനിന്നവർ തീ ചോദിച്ചു. നൗകയിൽത്തന്നെ നിന്ന ഋദ്ധിയിലേക്ക് മൊഴിമാറിച്ചെവിമാറി അതെത്തി. 'കൊള്ളിയുരച്ചു തീയുണ്ടാക്കുന്ന ലോകം മുന്നിലുപേക്ഷിച്ചു പിന്നോട്ടു പിന്നോട്ടു വന്ന നാം ശിലായുഗത്തിനും ഇപ്പുറത്താണ്.'

**ദ്വിജൻ:** 'മനുഷ്യനൊരു തുടർച്ചയാണെന്നുള്ള വകതിരിവു വല്ലപ്പോഴും നല്ലതാണ്.'

ഋദ്ധി കയറി വന്നു. പിടച്ചുകിടന്ന മാനിന്റെ കഴുത്തിൽ കൈ അമർത്തി. മുറിവിലൂടെ ചീറ്റിത്തെറിച്ച ചോര മൊത്തിക്കുടിച്ചു. കഴുത്തിലെ മുറിവിനുചുറ്റുമുള്ള തുകൽ തെറ്റിച്ചു. നിമിഷനേരം മുൻപുമാത്രം ചലനമറ്റ ആ മാംസം കല്ലുകൊണ്ട് ഇടിച്ചു വിട്ടുവിച്ചെടുത്തു ചവച്ചുതിന്നാൻ തുടങ്ങി. ഇണമുയലിനെ ചെവിയിൽ തൂക്കിയെടുത്ത് പൊന്തക്കാട്ടിൽ നിന്ന് ത്രയ വന്നു. പിടയ്ക്കുന്ന മുയലിന്റെ കഴുത്തിൽ പല്ലമർത്തി ചോര കുടിച്ചു ചിറി തുടച്ചു. ഋദ്ധി ഉപേക്ഷിച്ച മാനിന്റെ തുകൽമേലറ്റം ദ്വിജൻ കല്ലുകൊണ്ടു വേർപ്പെടുത്തി. പിന്നെ നവമിക്കൊപ്പം തിരകളിലേക്ക് എടുത്തു പിടിച്ചു. തുകൽ വിട്ടു മാറാൻ ആറു തിരയടിക്കുകയേ വേണ്ടിവന്നുള്ളൂ. കടലുപ്പു രുചിക്കുന്ന പച്ചമാംസം അവർ കുത്തിയിരുന്നു കഴിച്ചു.

കല്ലുകൊണ്ടു മറ്റൊരു മാൻ ഞരങ്ങി വീണിടത്തേക്ക്, എറിഞ്ഞത് ആരെന്നുപോലും നോക്കാതെ, സപ്തയും ചതുരയും ഓടി. മാനിനെ മരക്കൊമ്പിൽ കെട്ടിത്തൂക്കി തുകലൂരി. ആറേഴുപേർ ചുറ്റും നിന്നു കടിച്ചെടുക്കുമ്പോൾ ഹരം കയറിയ ദ്വിജൻ വിരണ്ടു നിന്ന ഒരുമുയലിനെ കണ്ണിൽനോക്കി വിറപ്പിച്ച് തലയ്ക്കൊരു കിഴുക്കുകൊടുത്ത് കടിച്ചുതൂക്കിയെടുത്തു.

ഋദ്ധി കൊട്ടാരവാതിൽ കടന്നു. മഴ ഇരച്ചു. ഒരു കരിനാഗം ഫണം വിടർത്തി, പിന്നെ താഴ്ത്തി, ഇഴഞ്ഞുപോയി. അപരാഹ്നപ്പെയ്ത്തിൽ മിന്നൽ ആവർത്തിച്ചുകൊണ്ടിരുന്നു. മാൻചോരകുടിച്ച സഹസ്രാബ്ദത്തിൽ നിന്ന് പീരങ്കിപ്പടയുടെ നൂറ്റാണ്ടിലേക്ക് എടുത്തെറിയപ്പെട്ടതുപോലെ ഋദ്ധി ഒന്നു കിതച്ചു. കൊടുംചുഴലി വീശിയ പതിറ്റാണ്ടിനെ അറിയിച്ച് മേലാപ്പുപറന്നുപോയ ഭിത്തിക്കൂടം നിന്നു. അവിടവിടെ പല പതിറ്റാണ്ടുകളിൽ ചാരിവച്ച മരയേണികൾ. ലോകം ഭരിക്കാൻ വന്നവർ ഇട്ടെറിഞ്ഞുപോയ വഴിയിൽ ആൾപ്പൊക്കം കിളിർത്ത പുല്ലിൻതലപ്പിലൊന്നിറുത്ത് ഋദ്ധി ചവച്ചു. പന്തലിച്ചും പട്ടുപോയും തളിർത്തും തളർന്നും വളഞ്ഞും കിടക്കുന്ന മുളങ്കാടുകൾ മരയേണിയുടെ തുഞ്ചത്തുനിന്നു ഋദ്ധി കണ്ടു.

മറ്റെങ്ങോ ഉള്ള പെയ്ത്തിന്റെ തണുപ്പുംപേറി കാറ്റുവന്നു. ഏകൻ നടന്ന് മുളയേണിക്കു താഴെയെത്തി.

ഏണിയിൽ നിൽക്കുന്ന ഋദ്ധിയുടെ മൂക്കിൻതുമ്പിൽ വീണ ഒരു മഴത്തുള്ളി തെറിച്ച് ഏകന്റെ ചുണ്ടുകളിലേക്ക് ഇറ്റു. ഏകൻ പായ് വഞ്ചിയായി താഴെ ഇളകി. ഋദ്ധി ആകാശമായി ഇറങ്ങിവന്നു. നൗക ഇടംവലം ഉലഞ്ഞു. ആൾപ്പൊക്കത്തിരയിൽ ഉയർന്നു, താഴ്ന്നു. ഋദ്ധി പായ്മരമേറി കയറിൽ തൂങ്ങി നൗക വട്ടംതിരിക്കുകയാണ്. ഏകന് ശാന്തസമുദ്രം തോന്നി. ഓരോ തിരയടിക്കുമ്പോഴും ഉന്മാദത്തിന്റെ പലരസാലിംഗനങ്ങൾ.

ഋദ്ധി മെല്ലെ എഴുന്നേറ്റു. ഏകന് എഴുന്നേൽക്കാൻ തോന്നാത്ത സുഷുപ്തി. ഋദ്ധി ഒറ്റയ്ക്കു നിലവറയിലേക്കുള്ള വഴിത്താര തെളിക്കാൻ തുടങ്ങി.

തെളിഞ്ഞ പാതയിലൂടെ ത്രയ പിൻതുടർന്നെത്തി ചെവികടിക്കും പോലെ ചോദിച്ചു: ‘നമുക്ക് ഒന്നിച്ചുപോകാൻ പറ്റിയ നൂറ്റാണ്ട് എവിടെയാണ്?’

**ഋദ്ധി:** “കഴിഞ്ഞ സഹസ്രാബ്ദങ്ങളിലൊക്കെ നമ്മളെ കല്ലെറിഞ്ഞ് ഓടിച്ചതല്ലേ?”

ത്രയ ഒരു പീരങ്കിത്തലപ്പിലേക്കു കൈ എത്തിച്ചു. “യുദ്ധം ചെയ്യാൻ വന്നവരുടെ ഈ ദ്വീപിൽ അവരിൽ ചിലർ ഇങ്ങനെ ചേർന്നു നിന്നിട്ടുണ്ടാവില്ലേ?”

**ഋദ്ധി:** “ഓരോ യുദ്ധവീരനും നൂറു ബലയാരതികളാടിയിട്ടുണ്ടാകും; പീരങ്കിയിൽ നിന്ന് നിറയൊഴിക്കും പോലെ.”

ലോകം ജയിക്കാനുള്ള അവസാന യുദ്ധത്തിനായി ജപ്പാൻ ചക്രവർത്തി കണ്ടെത്തിയ ഈ ഇടത്താവളത്തിൽ സ്ഫോടനാത്മകമായ കയറ്റിറക്കങ്ങളല്ലാതെ എന്തുനടക്കാൻ? കോട്ടകൾ, വഴിത്താരകൾ, നിലവറകൾ, പിന്നെ മണിയറകളും. ഇതു പണിതുകൂട്ടിയ ബ്രിട്ടീഷുകാർ വന്നതും വികാരശമനത്തിനല്ല, ക്ഷോഭസംയോഗങ്ങൾക്കാണെന്ന് ഋദ്ധി ആദ്യവരവിൽ തന്നെ തീർപ്പാക്കിയിരുന്നു. വൻകരയിലെ കുറ്റവാളികളെ അടുത്തടുത്ത ദ്വീപുകളിലെ തടവറകളിൽപ്പൂട്ടി ചാവാൻ വിട്ട് അവരിവിടെ വന്ന് അടച്ചുപൂട്ടിയ മണിയറകളിൽ കയറി ആനന്ദസമുദ്രമാണെന്നു കരുതി തുഴഞ്ഞു. അവർ വളർത്താൻ കൊണ്ടുവന്ന പുള്ളിമാനുകൾ കടൽ കണ്ടും മഴനനഞ്ഞും സംഭോഗിച്ച് പെറ്റ് കടൽപോക്കർക്ക് വേണ്ട ഇരകളായി. കൊടുങ്കാറ്റു വന്നപ്പോൾ, എല്ലാം ഇട്ടെറിഞ്ഞുപോയ ബ്രിട്ടീഷുകാരുടെ അടുക്കളയിൽ നിന്ന് ഇറങ്ങിയോടി കാറ്റുകണ്ടും മഴനനഞ്ഞും പെരുകിയ ഇണമുയലുകൾ പ്രാപ്പിടിയന്മാരുടെ വംശത്തെ കാത്തു.

**ഋദ്ധി:** “പലസഹസ്രം ആണ്ടുകൾ പഴകിയ മനുഷ്യകഥയോർക്കാതെ ഒരു പതിറ്റാണ്ടിന്റെ മദ്ധ്യേ വന്നു ലോകം വെന്നുവെന്നു ധരിച്ചവരെ പുഴുവരിച്ചു. പുഴുക്കളെ കോഴികൾ കൊത്തി. കോഴികളെ മനുഷ്യരും.”

വിൽഫ്രഡിന്റെ നൗകയുമായി ഇന്ത്യയുടെ മുനമ്പ് ചുറ്റി ആദ്യയാത്രയിൽ തന്നെ ഋദ്ധി വന്നടുത്തത് ഈ ദ്വീപിലായിരുന്നു. മനുഷ്യരില്ലാതെ മാനുകളും മുയലുകളും ഉരഗങ്ങളും വാഴുന്ന തുരുത്ത്. ബ്രിട്ടീഷുകാർ റോസ് ദ്വീപെന്നു വിളിച്ച മുറിത്തുരുത്തിന് ഋദ്ധി വേറൊരു പേരിട്ടു—ശംഖുവരയൻ.

ത്രയ: “പേരുമാറ്റിയാൽ ദ്വീപ് മാറുമോ?”

ഋദ്ധി: “കമ്പിയും തപാലുമില്ലാത്ത ദ്വീപിനെ എന്തുപേരു വിളിച്ചാലെന്ത്?”

ത്രയ: “ഇതു ചരിത്രം കണ്ടറിയാനുള്ള വിനോദയാത്രയായിരുന്നോ?”

ഋദ്ധി: “ഇതിലെന്തിത്ര കാണാൻ? നമുക്കു വേണ്ടതു് തച്ചന്മാർ തായ്മരങ്ങൾ കടഞ്ഞു് പണിക്കുറ്റം തീർത്ത നൗകകൾ, പങ്കായങ്ങൾ, പിന്നെയീ കടലും.”

ത്രയ: “നീ കൂടെയുള്ളപ്പോൾ ഞാൻ ആകാശമാകും.”

ഋദ്ധി: “എന്റെ ആകാശത്തിലേക്ക് നീ ശീതക്കാറ്റ് അയയ്ക്കുന്നു.”

ത്രയ: “എന്റെ ആകാശത്തിൽ ഒരു സൂര്യൻ.”

ഋദ്ധി: “എന്റെ ആകാശം നിറയെ പൂത്തമന്ദാരങ്ങൾ.”

ത്രയ: “എന്റെ ആകാശം നിറയെ കനകാംബരം.”

ഋദ്ധി: “നമ്മുടെ പ്രപഞ്ചങ്ങൾ ഇതാ ക്ഷീരപഥങ്ങൾ തെറ്റിയെത്തുന്നു.”

ത്രയ: “പ്രപഞ്ചപ്പിറവിയുടെ ഉഗ്രവിസ്ഫോടനം.”

സുശീല കയറിവന്നു കട്ടിലിനു താഴെ ഋദ്ധിയോടു ചേർന്നു കൊരണ്ടിപ്പലകയിൽ കുത്തിയിരുന്നു.

വല്ലം താഴെ വച്ച്, മുറുക്കാൻ പൊതി വിടർത്തി. പേനാക്കത്തിയിൽ ചുണ്ണാമ്പ് കോരി വെറ്റയിൽ തേച്ചു. വടക്കൻപുകയിലയുടെ രണ്ടു തരി കയ്യിൽത്തടഞ്ഞു. പാക്ക് കൊത്തിവിടർത്തി, ചുരണ്ടി, തരിയായരിഞ്ഞു വായിലിട്ടു. ഋദ്ധി കിടപ്പായപ്പോഴാണ് ചെറുപുഷ്പം ഇടവക സംരക്ഷണ സമിതി ഒന്നര സെന്റിൽ ഈ വീട് പണിതു കൊടുത്തത്.

ഇന്ന് ചന്തമുതൽ ചാളക്കാരികോളനി വരെയെത്താൻ മണിക്കൂർ രണ്ടെടുത്തു. ആറാകുമ്പോൾ ബാക്കിയുള്ളതു പിടിയാവിലയ്ക്കു വിറ്റു കാലിൽ യന്ത്രംപിടിപ്പിച്ചപോലെ വീട്ടിലേക്ക് എത്താറുള്ളതാണ്. ആറു പത്തിന്റെ ‘ദൈവസഹായം’ ബസ് ചന്ത വിട്ട് മൂന്നു കവലയിലെ വിളിച്ചുകയറ്റലും കഴിഞ്ഞു കോളനിപ്പടിയെത്തുന്നത് ആറ് ഇരുപത്തിയഞ്ചിനാണ്. അപ്പോഴേക്കും സുശീല വീട്ടിലെത്തി കതകടച്ചിട്ടുണ്ടാകും. ഇന്നു വഴിയിലൂടെ ഒരു പട്ടാളക്കൂട്ടം ആകാശത്തേക്കു വെടിവച്ചു കടന്നുപോയി. വഴിയുടത്ര വീതിയുള്ള ടാങ്കുകളാണ്. മിനിയാന്നു മിസൈൽ വീണു നിലംപറ്റിയ, സൗമിനിവിലാസം ആശുപത്രിയുടെ, പത്തുനില കെട്ടിടത്തിനു ചുറ്റും ബറ്റാലിയൻ വട്ടംവച്ച് പോകുന്നതുവരെ പൊലീസുകാര് കാൽനടക്കാരേയും വണ്ടികളേയും തടഞ്ഞു നിർത്തി.

ചവച്ചു ജനാല വഴി തുപ്പിയപ്പോൾ ക്രാസിയിൽ രക്തച്ചുവപ്പ്. എന്നുമോർക്കും ഒരു കോളാമ്പി വാങ്ങാമെന്ന്. മേൽത്തോർത്തുകൊണ്ട് ജനലഴി തുടച്ച്, പരുക്കനിട്ട നിലത്തുവീണ രണ്ടു തുള്ളി കാലിന്റെ പെരുവിരൽകൊണ്ട് തേച്ചുപരത്തി അതിന്റെ കടുംചുവപ്പ് മയപ്പെടുത്തി. മെല്ലേ കട്ടിലിനിടുത്തേക്കു ചെന്നു.

സുശീലയ്ക്ക് മുറുക്ക് ഉണ്ടായിരുന്നില്ല. ഋദ്ധി ആശുപത്രിയിലായ രാത്രികളിൽ ഉറക്കം വരാതിരിക്കാൻ അന്നമ്മ പഠിപ്പിച്ച സൂത്രമാണ്. അതു പത്തുവർഷമായി ശീല

മായി. നീയിനി സുശീലയല്ല നൂറ്റൊന്നാമത്തെ കൗരവത്തി ദുശ്ശീലയാണെന്ന് അമ്മ അറിഞ്ഞിരുന്നെങ്കിൽ പറഞ്ഞേനെ.

"ഇന്നമ്മേട പിള്ളയാകെ ഒഴിച്ചനിറച്ചല്ലോ..." ലൂഡി നിർനിമേഷം കിടന്നു. സുശീല താഴ്ന്ന കിടന്ന ട്യൂബ് വിടുവിച്ച് മൂത്രസഞ്ചിയെടുത്ത് പടിയിറങ്ങി മുന്നിലെ ഓടയിലേക്ക ചെരിച്ചു.

"ആ കൊച്ച് കെടന്ന മുള്ളി നിറയ്ക്കണ കൊണ്ട് കാനയിലെ കൂത്താടി തീരും, കോപ്പറേഷനും ലാഭം." കാർത്ത്യായനി വേലിയിൽ പിടിച്ച നിന്ന് ചിരിച്ചു.

കാണുന്നവർക്ക ചീത്തവിളിയാണെന്ന തോന്നുമാറ് സുശീല ശബ്ദം പുറത്തുവരാതെ ചുണ്ട പലവട്ടം അനക്കി അകത്തുകയറി.

"ന്റെ പൊന്നെന്തൊക്കെ കണ്ടോ ഇന്ന്... എവിടൊക്കെ പോയ്യോ ആവോ..."

സുശീല ലൂഡിയെ പിടിച്ചയർത്തി. "മാള് കപ്പല് കണ്ടാ..."

ഒരു വിറകുകൊള്ളിപോലെ ലൂഡി പൊങ്ങിവന്നു. കിടക്കയിൽ അരയ്ക്ക താഴെ വച്ച പാൻ സുശീല എടുത്തു.

"ഇന്നേ... പുതിയ പാവഞ്ചിയൊണ്ട് തേക്കേത്തുരുത്തില്... കടൽക്കൊള്ളക്കാരുടെ ബാക്കിയാ... ആസ്ട്രേലിയേന്നേ..."

നനച്ച തോർത്തുകൊണ്ട് ലൂഡിയുടെ കാൽവെള്ളയും കൈപ്പത്തിയും സുശീല തുടച്ചു.

"ഞാനൊന്ന ചിരിച്ചു... ഞാമ്പറഞ്ഞാ അവർക്കുണ്ടോ തിരിയാൻ... നമ്മുടെ പാവഞ്ചി കാണിച്ചിട്ട് വില്ല്ഫ്രഡ്, വില്ല്ഫ്രഡ് എന്ന് ഞാമ്പറഞ്ഞു... അയ്യാള ചിരിക്കണു..."

അടുക്കളയിലേക്ക പോകുമ്പോൾ പലപ്പോഴും പറയാറുള്ളത് സുശീല ആവർത്തിച്ചു.

"ഞാനീ പറേണ കഥയൊക്കെ കേക്കണൊന്നെങ്കിലും നമ്മളൊരാള് തീരും മുൻപേ പറയണേ നീയ്..."

കൊതുമ്പ് അടുപ്പിൽവച്ച് സുശീല തീപ്പെട്ടിയുരച്ചു. ഇടംകയ്യിൽ കൊള്ളി കത്തി നിൽക്കുമ്പോൾ മണ്ണെണ്ണവിളക്ക ചെരിച്ച് അടുപ്പിലേക്കൊന്ന കാണിച്ചു. നാലഞ്ചു തുള്ളി മണ്ണെണ്ണ വിറകിലേക്ക് ഇറ്റി. കത്തിയ കൊള്ളിയിട്ടതേ കൊതുമ്പ് ആളി. മേലേ രണ്ട് കുമ്പമാവിൻ ചുള്ളി വച്ച്, കലത്തിലരിയെടുത്ത് കഴുകാൻ പോയി.

മിണ്ടാട്ടം മുട്ടിയ പെണ്ണെന്നായിരുന്ന സുശീലയ്ക്കുള്ള പേര്. എല്ലാം ഒരു മൂളലിൽ നിർത്തുന്ന ശീലം തെറ്റിയത് ലൂഡി കിടപ്പായപ്പോൾ മുതലാണ്. അപകടം വരുമ്പോൾ പറയാനുള്ള വാക്കൊക്കെ തന്നെ വരുമെന്ന് സുശീല സ്വയമറിഞ്ഞു. എന്നിട്ടും ലൂഡിയുടെ അപകടാവസ്ഥയ്ക്ക് ഡോക്ടർ പറഞ്ഞ ക്വാഡ്രിപ്ലീജിയ എന്ന പേരുമാത്രം ഇതുവരെ പറയാൻ കിട്ടിയിട്ടില്ല. 'നാലു കാലും ചത്തു' എന്നാണ് ക്വാഡ്രിപ്ലീജിയയുടെ മലയാളമെന്ന് ചന്തേല് വച്ച് മസ്ക്കറ്റ് കൃഷ്ണനാണ് പറഞ്ഞുകൊടുത്തത്. പാമരം പൊട്ടിവീണ നട്ടെല്ലിന്റെ കഴുത്തിലെ കശേരു തകർന്ന അന്നുമുതൽ

ഋദ്ധിയുടെ കൈകാലുകൾ അനങ്ങിയിട്ടില്ല. നാവു ചലിച്ചിട്ടില്ല. 'ഋദ്ധി എല്ലാം കേൾക്കുന്നുണ്ട്, പറഞ്ഞുകൊണ്ടേ ഇരിക്കണം' എന്ന് ഉപദേശിച്ച് ഡോക്ടർ വീട്ടിലേക്കു വിട്ടയന്നാണ് സുശീല മിണ്ടാട്ടക്കാരിയായത്.

ഋദ്ധി അതേ കിടപ്പാണ്. സുശീല പൊടിയരി ചിരട്ടത്തവികൊണ്ടു കുത്തിയിടിച്ച് ചമ്മന്തി പോലെയാക്കി. ഒരുപപ്പടം കനലിൽ കാണിച്ചു പൊടിച്ചു വിതറി. കമ്പിയിൽ കോർത്തുചുട്ട നാലുള്ളി ചതച്ചുചേർത്തു. കുളിക്കാൻ പോയപ്പോൾ കടവിന്നു കിട്ടിയ കൂരിയെ അപ്പോഴേക്കും പൊള്ളിവന്ന ദോശക്കല്ലേൽ മറിച്ചിട്ടു. വെന്തുവരുന്നതിനിടെ കാന്താരി കുത്തിച്ചതച്ചതും ഉപ്പും തേച്ചുപിടിപ്പിച്ചു.

ഋദ്ധിയുടെ മിഴിഞ്ഞ കണ്ണിനു മുന്നിലേക്ക് സുശീല പൊള്ളിച്ച കൂരി പിടിച്ചു. കീഴ്ത്താടി മെല്ലേ വലിച്ചുതാഴ്ത്തി വായിലേക്ക് ഒരു സ്പൂൺ ചരിച്ചു തിരുകി. തവിയിൽ കഞ്ഞി കോരി ആ വിടവിലൂടെ പകർന്നു. പൊള്ളിയ കൂരിയുടെ നടുമുറി നാലാക്കി പിളർത്തിയത് വിരലിൽ ഞരടി ചമ്മന്തിയാക്കി നാവിൽ തേച്ചുകൊടുത്തു. അടുത്ത കഞ്ഞിക്കൊപ്പം അത് ഇറങ്ങിപ്പോയി. ഋദ്ധി കണ്ണു തുറന്നു കിടന്നു.

സുശീല ചുണ്ടു ചെവിയോടു ചേർത്തു. "കണ്ണു കണ്ടാലറിയാം ഇന്ന് എന്തൊരു പോക്കാരുന്നെന്ന്. രാത്രീലും തൊറന്നു കെടക്കല്ലേ പെണ്ണേ..."

സുശീല അരിക്കലം ചാരം തേച്ച് മിനുക്കി കമഴ്ത്തി. കുഴിത്തവി പിരികയറിന്റെ ഇടയിൽ തൂക്കി. തിരിയുമ്പോഴുണ്ട് ഋദ്ധി കണ്ണടച്ചിരിക്കുന്നു.

ഒരു കല്ലെടുത്തു താഴെയിട്ടതാണ് ദ്വിജൻ. കാലുകൾ രണ്ടും വലംകയ്യും അറ്റുകിടന്നു പിടയ്ക്കുന്നു.

ജപ്പാൻ[3] ചക്രവർത്തി പാകിയിട്ട കുഴിബോംബുകളിൽ ഒന്ന് പതിറ്റാണ്ടുകൾക്കിപ്പുറവും വീര്യം തെളിയിച്ച് പൊട്ടിച്ചിതറി.

ഋദ്ധി അടുത്തു ചെന്നു. ദ്വിജൻ മരണം യാചിച്ചു. ഋദ്ധി മാനിന്റെ കഴുത്തിലെന്നതുപോലെ അമർത്തുമെന്ന് ത്രയ ഭയന്നു. ഋദ്ധി ദ്വിജന്റെ നെറുകയിൽ തൊട്ടു. തല മടിയിലേക്കു വച്ചു. പാളമാറാപ്പിൽ നിന്ന് വെള്ളം ഇറ്റിച്ചു. ദ്വിജന്റെ വായിൽ നിന്ന് ആ വെള്ളം നുരയായി പുറത്തുവന്നു. ചുണ്ടിൻകോണിലൂടെ അതൊഴുകി. ഋദ്ധി ആ കണ്ണ് അടയ്ക്കാനാഞ്ഞു് കൈ പിൻവലിച്ചു. ഈ യാത്രയിലും കാണട്ടെ കാഴ്ചകൾ.

ത്രയ പിന്നിൽ ഋദ്ധിയോടു ചേർന്നു. ഋദ്ധി ഒരു കല്ല് വലംകൈകൊണ്ടെടുത്തു നൊടിയിടയിൽ പിന്നിലേക്കു തെറ്റിച്ചു. പിന്നിലെ മരക്കൊമ്പിൽ നിന്ന് ഏകന്റെ കഴുത്തോളം ഞാന്ന കരിനാഗത്തിന്റെ പത്തിവീണു. ചോരയും പിടയ്ക്കുന്ന ഉരഗവും നിലംപതിച്ചു.

ഏകൻ ഒരു അറവുമാലിന്യം എടുക്കുന്ന നിർവികാരതയോടെ മൃതദ്വിജനെ തോളിലേറ്റി. തുരുത്തിൻ തുഞ്ചത്തെത്തി അനായാസം വീശിയെറിഞ്ഞു. തള്ളി നിൽക്കുന്ന ശിലാമുനമ്പുകളിൽ തട്ടാതെ വെള്ളത്തിലേക്കു പതിച്ച ദ്വിജശരീരം ഒന്നു പിടച്ചതായി അവർക്കു തോന്നി. അതു സ്വീകരിക്കാൻ എത്തുന്ന തിമിംഗലങ്ങൾക്കായി

---

3 രണ്ടാം ലോക മഹായുദ്ധകാലത്ത് ബ്രിട്ടൻ കൈവിട്ട ദ്വീപ് ജപ്പാൻ സ്വന്തമാക്കി.

ത്രയ കാത്തുനിന്നു. ചെറുമീനുകൾ വളയുന്നതും ദ്വിജദേഹം കുമിളകളുയർത്തി താഴുന്നതും അവർ കണ്ടു.

ത്രയ: "മരിച്ചാൽ തിമിംഗല ഉദരത്തിൽ നമ്മൾ കാഴ്ചകൾ കണ്ടു മോക്ഷം തേടും എന്നതു നിന്റെ നുണ. ചെറുമീനുകൾ കൊത്തിത്തിന്നും നമ്മളെ."

ഋദ്ധി കടലിലേക്കു തന്നെ കണ്ണയച്ചു നിന്നു.

— 3 —

# വെള്ളത്തിലാശാൻ

സുശീല ഞെട്ടി എഴുന്നേറ്റു.

പുലർച്ചെ രണ്ടോ മൂന്നോ മണി ആയിട്ടുണ്ടാകും. നിർത്താതെ അപകട സൈറൻ മുഴങ്ങുകയാണ്. ബുദ്ധിയെ നോക്കി. കണ്ണ് അടഞ്ഞുതന്നെ. അവൾ കേൾക്കുന്നു എന്നു ഡോക്ടർ പറഞ്ഞത് നേരാകില്ലെന്നു മുൻപും സുശീലയ്ക്കു തോന്നിയിരുന്നു. ഇത്ര വലിയ സൈറൻ മുഴങ്ങുമ്പോൾ ചെവി കേൾക്കുന്ന ഒരാൾക്ക് ഉറങ്ങാൻ കഴിയുമോ? ഓർത്തു കിടക്കുമ്പോൾ പുരയ്ക്കു മുകളിൽ നിന്നെന്നതുപോലെയായി സൈറൻ. ചന്തയിൽ വച്ച് കല്യാണി പറഞ്ഞിരുന്നു, ഇനിയുള്ള ദിവസങ്ങളിൽ ബോംബിടാൻ വിമാനങ്ങൾ വരുമെന്ന്. വലിയ വീട്ടുകാരൊക്കെ ഒളിക്കാൻ നിലവറകൾ പണിതു കഴിഞ്ഞു.

സുശീല ബുദ്ധിയെ നോക്കി. ഈ മുക്കാൽമൃതദേഹവുമായി പോകാൻ ഒരു കല്ലറ പോലും കിട്ടില്ല. ഒളിക്കാൻ സെപ്റ്റിക് ടാങ്കുപോലുമില്ലാത്തവർ എന്ന് കല്യാണി പറഞ്ഞപ്പോൾ ചന്തയിലെല്ലാവരും ചിരിച്ചു.

ആരു് ആർക്കെതിരെയാണ് യുദ്ധമെന്ന് ചന്തയിലാർക്കും അറിയില്ല. ശത്രു വരുമെന്ന് മൈക്കിലൂടെ പറഞ്ഞു പട്ടാളം വന്നു നിലയുറപ്പിച്ചത് ആഴ്ച രണ്ടു മുൻപാണ്. എല്ലാവർക്കും ഫോണുണ്ട്. പക്ഷേ, അതിലൊന്നും വരുന്നില്ല. ഇന്റർനെറ്റ് സർക്കാർ മുറിച്ചതിനാൽ വൈദ്യുതിവില അടയ്ക്കേണ്ടെന്നു മകൻ പറഞ്ഞതു വിശ്വസിച്ചിരുന്ന കല്യാണിയുടെ വീട്ടിലെത്തി ഉദ്യോഗസ്ഥർ കാശു പിരിച്ചു. ഇങ്ങോട്ടേ ഒന്നും ഇല്ലാത്തതുള്ളൂവെന്ന് കല്യാണി. 'അങ്ങോട്ട് എല്ലാം വേണം.'

അതിനിടെയാണ് മിസൈൽ വീണു സൗമിനി വിലാസം ആശുപത്രി തകർന്നത്. അതാരു് അയച്ചതാണെന്ന് ഒരു പത്രത്തിലും വാർത്ത വന്നില്ല. ടെലിവിഷൻ ചാനലുകളിലൊക്കെ മതപ്രഭാഷണവും പ്രാർത്ഥനയുമാണ് മുഴുവൻ സമയവുമെന്ന്

പറഞ്ഞുകേട്ടു. സുശീലയ്ക്ക് ടി. വി.-യില്ല. ഇനി ഉണ്ടെങ്കിലും കാണാനൊട്ടു നേരവു മില്ല. ചരക്കിറക്കുന്നതിനിടെ മസ്റ്റർ കൃഷ്ണൻ പറയുന്നതു കേട്ടു: "മുതുമുത്തുക്കാർന്നോന്മാരു് മുതല് യുദ്ധം കാണാത്ത നാടാണിതെന്നാരുന്നല്ലോ പേരു്. ദാ വന്നു നിക്കണ്. എല്ലാരും കണ്ട് കൊണ്ടാടിക്കോളിൻ..."

സുശീലയ്ക്ക് അന്നത്തേക്ക് ഉറക്കം പോയി.

അച്ഛൻ ആനക്കാരനായിരുന്നു എന്ന് അമ്മ പറഞ്ഞതല്ലാതെ ആനപ്പുറത്തു പോകുന്ന അച്ഛനെ ഞാൻ കണ്ടിട്ടില്ല. തോട്ടിയും വടിയും ഓർമയിലുണ്ട്. വലിയ ആനകളുടെ ഒക്കെ പേരു് അച്ഛനെ ചേർത്ത് അടുത്തവീട്ടുകാരൊക്കെ പറയും. ഭവാനിക്കുള്ളതു് ആനപ്പാപ്പനല്ലേന്നു പറഞ്ഞ് കുളിക്കടവിൽ വല്യമ്മമാർ ചിരിക്കും. ഒന്നു ചിരിച്ചതായി ഭാവിക്കുന്നതല്ലാതെ അമ്മ ഒന്നും പറഞ്ഞു കേട്ടിട്ടില്ല.

കർക്കടകത്തിലാണ് അച്ഛന്റെ വലിയ വരവ്. സുഖചികിൽസയ്ക്ക് ആനയെ വൈദ്യരുടെ പറമ്പിൽ കുച്ചചങ്ങലയിൽകെട്ടി രണ്ടാം പാപ്പാനെ കൂട്ടുനിർത്തിയുള്ള വരവാണ്. പിന്നെ, ചിങ്ങം പിറക്കുന്നവരെ മിക്കദിവസവും രാത്രി വരും. മീശ കഠാരികൊണ്ട് മോളിലേക്കു കോതി, നാലു കുപ്പിയെങ്കിലും മോന്തിയുള്ള വരവാണ്.

അത്താഴം വിളമ്പുന്നതുവരെ അരഭിത്തിയിൽ ചാരി ഇരിക്കും. ആദ്യ കോരി വായിൽ വച്ചാൽ ബഹളം തുടങ്ങുകയായി. ഒരു ദിവസം മെഴുക്കുപുരട്ടിക്ക് ഉപ്പ് ഇല്ലെന്നാകിൽ പിറ്റേന്ന് പപ്പടം ചുട്ടപ്പോൾ കരിഞ്ഞതിനാകും. അതിനു പിറ്റേന്ന് ഉള്ളി ചുട്ടതിൽ ചേർത്ത പുളി തികയാത്തതിന്. എല്ലാദിവസവും കുറച്ചുകഞ്ഞി കോപ്പയോടെ എടുത്തെറിഞ്ഞാണ് എഴുന്നേൽക്കുക. അമ്മ അപ്പോഴൊക്കെ മുറ്റത്തുപോയി കോപ്പ എടുത്തുകൊണ്ടുവന്ന് പടിയിൽ കുത്തിയിരിക്കും. മുഖം പുകയടിച്ചതുപോലെ കരുവാളിച്ചിരിക്കും.

"ഇനി ഞാൻ പോയി മംഗലപ്പുഴ കല്യാണിയെ മംഗലം കഴിക്കാടീ ശവമേ..." എന്ന് അച്ഛൻ പറയുമ്പോഴാണ് അമ്മ എന്നും വിളക്കൂതുന്നത്. മംഗലപ്പുഴ കല്യാണി അന്ന് അറിയപ്പെടുന്ന പിടിയാനയാണ്. അമ്മ വിളക്കൂതി വരുമ്പോൾ അച്ഛൻ ചുണ്ടിൽ കത്തുന്ന ബീഡിയുമായി മുറിയുടെ കിഴക്കേ മൂലയിൽ കിടക്കുന്നുണ്ടാകും. അംബിച്ചേച്ചിയെ കെട്ടിപ്പിടിച്ച് ഞാൻ മുറിയുടെ പടിഞ്ഞാറാണ് കിടക്കാറ്. അമ്മ വന്ന് അടുത്തുകിടക്കും.

മിന്നാമിനുങ്ങുപോലെ അച്ഛന്റെ ചുണ്ടിലെ ബീഡി മുകളിലേക്കും താഴേക്കും പോകുന്നതു് ഒരിക്കൽ കണ്ടു. തപ്പി നോക്കുമ്പോൾ അമ്മ അടുത്തില്ല. അംബിച്ചേച്ചി പെട്ടെന്ന് എന്റെ തല പിടിച്ചുതിരിച്ച് ഭിത്തിയുടെ നേരേയാക്കി. നാമം ജപിക്കുന്നതുപോലെ അച്ഛൻ ഒരുപാടു ചീത്തവാക്കുകൾ പറയുന്നതു കേട്ടു. കുറെ കഴിഞ്ഞ് അമ്മ അടുത്തുവന്നു കിടന്നിട്ടും എനിക്ക് ഉറങ്ങാൻ കഴിഞ്ഞില്ല. അച്ഛനുള്ള പലദിവസങ്ങളിലും പിന്നെ ഈ ആചാരം കണ്ടു.

അങ്ങനെ അച്ഛൻ വന്ന ഒരു കർക്കടകത്തിലാണ് ചേച്ചിയെ കാണാതായതു്. അമ്മ കരഞ്ഞു നാടാകെ നടന്നു. അന്വേഷിക്കാൻ വന്ന അയൽക്കാർ അച്ഛൻ പറഞ്ഞതുകേട്ട് മൂക്കത്തുവിരൽവച്ചു പിരിഞ്ഞുപോയി.

“എല്ലാം തെകഞ്ഞ പെണ്ണല്ലേ, കിട്ടിയവന് നഷ്ടം വരത്തില്ല…”

അമ്മ മുറുക്കാൻ ചെല്ലമെടുത്ത് ഒറ്റയേറായിരുന്നു. അച്ഛന്റെ മുഖത്തു തന്നെ കൊണ്ടു. അച്ഛൻ നൂറുതവണ കഞ്ഞിക്കോപ്പ എറിഞ്ഞിട്ടുണ്ടെങ്കിലും അമ്മയുടെ ആദ്യത്തെ ഏറ്. അച്ഛൻ അമ്മയെ തല്ലിക്കൊല്ലുമെന്നു പേടിച്ച് ഞാൻ ഭിത്തിമറ വിലേക്കു മാറി. എന്നാൽ ഒരിക്കലും പതിവില്ലാത്ത വഷളൻ ചിരി ചിരിച്ച് അമ്മയെ കൂടുതൽ ശുണ്ഠി പിടിപ്പിക്കുകയായിരുന്നു അച്ഛൻ.

രാത്രി മുഴുവൻ അമ്മ കരഞ്ഞു. രാവിലെ അച്ഛൻ തോട്ടിയും വടിയും കഴുക്കോലി നിടയിൽ നിന്നെടുത്തു.

“ഇനി നോക്കണ്ട, അവളെ പറ്റിയേടത്ത് തന്നെയാ ഞാൻ എത്തിച്ചേ…” എന്നു പറഞ്ഞ് ഒറ്റപ്പോക്കായിരുന്നു. പോകും നേരം അരഭിത്തിയിൽ വച്ച നാണയത്തുട്ടു കൾ അമ്മ എടുത്തൊരേറു കൊടുത്തു.

രണ്ടു ദിവസം കൂടി അമ്മ കരഞ്ഞു, ഒരാഴ്ച കൂടി മുഖംകോട്ടിയിരുന്നു. പിന്നെ പതി വുപോലെ വർത്തമാനം പറയാൻ തുടങ്ങി. എന്നാലും എപ്പോഴും പെയ്യാവുന്ന ഒരു മേഘം ആ മുഖത്തിനു ചുറ്റുമുണ്ടായിരുന്നു.

മുൻപു താഴെയിട്ട മുളവടിയുമായി ഋദ്ധി വീണ്ടും വഴിതെളിക്കാൻ തുടങ്ങി. ഒരു ചെറുശംഖുവരയൻ ഇഴഞ്ഞിറങ്ങിപ്പോയി.

**ത്രയ:** “കൊട്ടുംകുറ്റവാളികൾക്കൊപ്പം കപ്പലിറങ്ങിവന്നതാകും വിഷജന്തുക്കളുടെ പ്രപിതാക്കൾ.”

**ഋദ്ധി:** “ഇവിടെ ഉരുവമെടുത്തവർ മടക്കക്കപ്പലിൽ അവിടെ എത്തിയതുമാകും.”

**ത്രയ:** “എന്തിനാണിങ്ങനെ അകാലമൃത്യുവരുത്തുന്ന സാഹസങ്ങൾ?”

**ഋദ്ധി:** “ഈ നിമിഷം നമുക്ക് നൗകകൾ കണ്ടെത്താനാണെന്റെ കലാപം.”

**ത്രയ:** “അടുത്ത നിമിഷമോ?”

**ഋദ്ധി:** “നീയോ ഞാനോ ദ്വിജനെപ്പോലെ പൂവാലൻപരലുകൾക്ക് അത്താഴമാകാം.”

**ത്രയ:** “സമുദ്ര തിരിച്ചുവരുമോ കട്ടമരത്തിൽ?”

**ഋദ്ധി:** “നിന്നെ ഇപ്പോഴും സമുദ്രയുടെ ഫെനി മണക്കുന്നു.”

**ത്രയ:** “നിന്റെ മുടിച്ചുരുളുകളിൽ വരെയുണ്ട് ഏകന്റെ കരിമ്പുക.”

ഞണ്ടിന്റെ കാലുകൾ കൂട്ടിപ്പിടിച്ച് പുറംചട്ടയിൽ കല്ലിടിച്ച് അടിവയറ്റിൽ നിന്ന് ഉതിർത്തെടുത്ത മാംസം ത്രയ കടിച്ചുമുറിച്ചു.

**ഋദ്ധി:** “ദ്വിജമൃതാംഗത്തിന്[1] ഉപചാരം ചൊല്ലാതെ നാം അതിവേഗം മൃത്യുസ്മൃതികളെ[2] ഭക്ഷിക്കാൻ തുടങ്ങിയിരിക്കുന്നു.”

---

1 ദ്വിജന്റെ മൃതദേഹം.

2 മൃത്യുസ്മൃതി എന്നാൽ ഞണ്ട്.

ആ വാക്കുകളിലേക്കു ത്രയ ചൂഴ്ന്നു നോക്കി. മനുഷ്യനു മനസ്സിലാകാത്ത ഭാഷയാണ് ഭരിക്കുന്നവരും നയിക്കുന്നവരും ഉപയോഗിക്കുക. ആ ഭാഷയിൽ അഗ്രഗണ്യയായിക്കഴിഞ്ഞു ഋദ്ധി.

ഉറങ്ങാതെ കിടന്ന സുശീല ശരിക്കും നടുങ്ങിപ്പോയി.

കിടന്നേടത്തു നിന്ന് മേൽക്കൂരയിൽ പോയി ഇടിച്ചതുപോലൊരു വിറയൽ. വീടിന് തൊട്ടടുത്തെവിടെയോ പൂരത്തിനുള്ള കുഴിക്കതന പൊട്ടിയതുപോലെ. അടുത്തടുത്ത വീടുകളിൽ നിന്ന് നിലവിളി ഉയർന്നു. സുശീലയ്ക്ക് കരയാൻ തോന്നിയില്ല. ഋദ്ധി കണ്ണു തുറന്നതുമില്ല.

വേനലവധിക്ക് രാവിലത്തെ ഭക്ഷണം കഴിഞ്ഞാൽ അപ്പോൾ തന്നെ ഋദ്ധി മഠത്തിൽ നിന്നു സൈക്കിളുമായി ഇറങ്ങും.

ഒറ്റത്തെങ്ങേൽ പാപ്പച്ചൻ കുടുംബത്തോടെ കുവൈത്തിലോട്ട് പോയപ്പോൾ സിസ്റ്റർ സന്ധ്യ ചോദിച്ചു വാങ്ങിച്ചതാണ് ആ സൈക്കിൾ. രണ്ടു നൂറു രൂപ ചുരുട്ടിപ്പിടിച്ചാണ് സിസ്റ്റർ ചെന്നതെങ്കിലും അതു കൊടുക്കണമെന്നൊന്നും കരുതിയില്ല. പാപ്പച്ചനൊട്ട് കാശു ചോദിച്ചതുമില്ല. ആ ചുവന്ന നിറമുള്ള ബിഎസ്എ എസ്എൽആർ സൈക്കിൾ ഉരുട്ടി മഠത്തിലെത്തിച്ചത് കപ്യാര് ബിനോയിയാണ്. അപ്പൻ വർഗീസിന് മേലാണ്ടായേപ്പിന്നെ കപ്യാരുപണീം ഇടവകക്കാരെ ഭരിക്കലും സഹായിക്കലുമെല്ലാം ബിനോയി തന്നെയാണ്. അതിനൊന്നും ആർക്കുമൊട്ട് എതിർപ്പുമില്ല.

ബിനോയ് സൈക്കിൾ അരഭിത്തിയിൽ ചാരിവച്ചിട്ട് ഒറ്റച്ചോദ്യമാരുന്നു:

"എന്നാടീ കൊച്ചേ നിന്റെ പേര്..."

"ഋദ്ധി"

എല്ലാവരും ചോദിക്കുന്ന ആ ചോദ്യം ബിനോയിയും ആവർത്തിച്ചു.

"എറുദ്ധിയോ... എന്നതാടി ഇതിന്റെ ഗുലുമാല്."

ഋദ്ധി സൈക്കിളിന്റെ പെഡൽ കറക്കി നിർവികാരം നിന്നു.

"ഇതിന്റെ തന്തേം, തള്ളേം എവിടാ സിസ്റ്ററേ... ഈ പേരെവിടുന്നു വന്നതാന്നൊന്നറിയണമല്ലോ..."

സുശീല അന്നത്തെ കച്ചവടം കഴിഞ്ഞ് വരികയായിരുന്നു. സിസ്റ്റർ 'ദാ... ചോദിച്ചോ' എന്ന ഭാവത്തിൽ കൈചൂണ്ടി.

"എന്റെ പൊന്നിൻകുരിശു മുത്തപ്പാ... ഈ ഇരുപതു തികയാത്ത പെങ്കൊച്ചാണോ രണ്ടാംക്ളാസി പഠിക്കണ കൊച്ചിന്റെ അമ്മ..."

"അല്ലെടീവ്വേ... നിനക്കെന്നാ ഒണ്ട് ഇപ്പോ പ്രായം..."

സുശീല ഒന്നു മടിച്ചു.

'കപ്യാര് പെണ്ണുങ്ങടെ പ്രായം തിരക്കാതെ പോയേ' യെന്നു സിസ്റ്റർ.

"അല്ല ഇവരേതു വയസ്സിലാ പെറ്റേന്നെങ്കിലും അറിയണ്ടേ. സത്യത്തിൽ എന്നാ ഒണ്ട് നിനക്ക്..."

**സുശീല:** "ഇരുപത്തിനാല്..."

രണ്ടു വയസ്സു കുട്ടിയാണ് സുശീല പറഞ്ഞത്. ഋദ്ധിക്ക് എട്ടും സുശീലയ്ക്ക് ഇരുപത്തിരണ്ടും ആയിരുന്നു അപ്പോൾ. മഠത്തിൽ താമസമാക്കിയിട്ട് വർഷം രണ്ടായി.

**ബിനോയി:** "എന്റമ്മോ ഇന്നത്തെക്കാലത്തും പതിനാറു തെകയും മുൻപേ പെറ്റവരോ?"

സുശീല ബിനോയിയുടെ മുഖത്തു തന്നെ നോക്കി നിന്നു. കണ്ണിൽ നോക്കുന്നവർക്ക് കള്ളത്തരമില്ലെന്നാണ് കണ്ടത്തിൻകരേലച്ചൻ കപ്യാരാകാൻ ചെന്നപ്പോൾ ബിനോയിയെ ആദ്യം പഠിപ്പിച്ചത്.

**ബിനോയി:** "പ്രത്ഥ്വീന്നും കേട്ടിട്ടൊണ്ട്, ഋഷീന്നും കേട്ടിട്ടൊണ്ട്. ഇത് എന്നതാ... ഈ ഋദ്ധി..."

**സുശീല:** "കുബേരന്റെ ഭാര്യ. എന്റെ അമ്മ ഇട്ടതാണ്."

**ബിനോയി:** "ആ ബെസ്റ്റ്... എന്നിട്ടു വേണം കുബേരന്റെ ചവിട്ടും തൊഴിം കൊണ്ട്, അങ്ങേരുടെ പിള്ളേരേം പെറ്റ്, അവരുടെ വായിലിരിക്കുന്ന തരവഴിത്തരോം കേട്ട് ചത്തു കെട്ടു പോകാൻ."

അമ്മയല്ലാതെ ഒരാൾ ഒപ്പം നിന്നു പറയുന്നത് ആദ്യമാണ്. ഒന്നുകിൽ അടിമ, അല്ലെങ്കിൽ അടിയാളത്തി. ആനപ്പാപ്പാനായ അച്ഛൻ മുതൽ കൂലിത്തല്ലുകാരനായ കെട്ടിയവൻ ഭാർഗവൻ വരെ അങ്ങനെയായിരുന്നു കണ്ടത്. ചെന്നുകണ്ടവരും വഴിക്കു കണ്ടവരുമെല്ലാം അങ്ങനെയാണ് പെരുമാറിയത്. ഫ... പട്ടി എന്ന ഭാവമായിരുന്നു ഇതുവരെ കണ്ട ആണുങ്ങൾക്കെല്ലാം.

സുശീലയുടെ അമ്മ പഴയ നിലത്തെഴുത്താശാന്റെ മകളായിരുന്നു.

അക്ഷരം അമ്പത്തിയാറും സങ്കലനവും ഗുണനവും കഴിഞ്ഞതാണ് ഭവാനി. വ്യാകരണം സന്ധിയും സമാസവും വരെ പഠിച്ചതുമാണ്. ആനപ്പാപ്പാൻ ഒരബദ്ധമായിരുന്നെന്ന് ഭവാനി എപ്പോഴും പറയും.

പെങ്ങളുടെ മകനെ നിലത്തെഴുത്തു കളരിയിലാക്കാൻ വന്നതാണ് അയാൾ. അയാളെന്നേ ഭവാനി പറഞ്ഞിട്ടുള്ളൂ. ബാക്കിയുള്ള പെമ്പ്രന്നോത്തിമാർ പറയുന്നതു പോലെ പിള്ളേരുടയച്ചൻ എന്നു പറയാറില്ല. അയാൾ കളരിയിലിരുന്ന് ആനക്കഥകൾ പറയും. ആനയെ നോക്കി കിട്ടിയ കാശുകൊണ്ട് പെങ്ങൾക്കു വീടുവച്ചുകൊടുത്തെന്നും അമ്മയ്ക്ക് എട്ടേകാൽ പവന്റെ പൊന്നുരുക്കി മാലയാക്കിയെന്നും അച്ഛന് കുത്തിനടക്കുന്ന വടിയിൽ സ്വർണംകെട്ടിയ പിടിയിട്ടുകൊടുത്തെന്നും മാത്രമല്ല പറഞ്ഞത്. കെട്ട്യോൻ ചത്ത ദാക്ഷായണിയുടെ മകളുടെ കല്യാണം നടത്തിക്കൊടുത്തത്, ആരുമില്ലാത്ത ദേവകിക്ക് പുരമേഞ്ഞു കൊടുത്തത്, പൂതക്കാവിലേക്ക് ആൾപ്പൊക്കമുള്ള ഓട്ടുമണി കൊടുത്തത്...

അങ്ങനെ ഓരോ ദിവസവും ഓരോ കഥ കേട്ട് ഭവാനിക്ക് പ്രേമിക്കയല്ലാതെ വഴിയില്ലെന്നായി. അന്നു മീശ പിരിഞ്ഞുവരുന്നേയുണ്ടായിരുന്നുള്ളൂ. അതിൽപിടിച്ചു

തുങ്ങിക്കിടന്ന് ഊഞ്ഞാലാടുന്നത് ഭവാനി സ്വപ്നം കണ്ടു. ഒരിറ്റ് കള്ള് കുടിക്കുന്നതു കണ്ടിട്ടില്ല. മറ്റാരോടും ദേഷ്യപ്പെടുന്നതും പതിവില്ല. ആനയെപ്പോലും തല്ലാത്തവൻ എന്നാണ് പറഞ്ഞിരുന്നത്. അതെല്ലാം അവിശ്വസിക്കേണ്ട കാര്യം ഭവാനിക്കില്ലായിരുന്നു.

കളരീലാശാൻ വല്യമടിയൊന്നും പറയാതെ താലിയെടുത്തു കൊടുത്തു. രണ്ടു തുളസിമാല കീഴ്ക്കാവിനു മുന്നിൽപ്പോയി ഇട്ടു. ചെക്കൻവീട്ടുപോലും ആരും പോയി കാണാതെ ആ കല്യാണം നടന്നു. കെട്ടുകഴിഞ്ഞാൽ ചെക്കന്റെ വീട്ടിലാണ് ചെന്നു കയറേണ്ടത് എന്നതുകൊണ്ട് ഭവാനിക്ക് ആ നിമിഷം അതുവരെ ഉണ്ടായിരുന്ന വീട് ഇല്ലാതായി. ഒന്നു മൂത്രമൊഴിക്കാൻ മുട്ടിയിട്ടും സ്വന്തം വീട്ടിൽ കേറാൻ ചട്ടം സമ്മതിക്കാത്തതുകൊണ്ടു കടിച്ചുപിടിച്ചു നിന്നു. രാവിലെ കുഴിക്കുമേലേയിട്ട തെങ്ങിൻ തടിയിൽ കാൽ മണിക്കൂർ കുത്തിയിരുന്നിട്ടും വയറ്റീന്ന് വായു പോലും പോയില്ല. എവിടെങ്കിലും പോയിട്ട് എന്തെങ്കിലും ആവശ്യമുള്ള ദിവസമൊക്കെ ഭവാനിക്കു പണ്ടും അങ്ങനെയായിരുന്നു. ആ ഓലവാതിൽ ചാരി ഇറങ്ങുമ്പോൾ തന്നെ തോന്നിയിരുന്നു കെട്ടാൻ നിൽക്കുമ്പോൾ വയറ് ചതിക്കുമെന്ന്. ഇപ്പോഴാണെങ്കിൽ കെട്ടുകഴിഞ്ഞപ്പോൾ തൊട്ട് വയറ്റീന്ന് ഉരുണ്ട് കേറി വരുന്നുണ്ട്. ഇടത്തെ എളിക്കാണെങ്കിൽ കുത്തിക്കുത്തിയുള്ള നോവും. അടിയിൽ താറുടുത്തിട്ടുണ്ട് എന്ന ധൈര്യത്തിൽ കെട്ടുകഴിഞ്ഞു ഉണ്ണാനായി കൈകഴുകാൻ പോയപ്പോൾ ഭവാനി ഒരു കീഴ്ശ്വാസം വിട്ടു. വാഴപ്പിണ്ടിയിൽ കൊളുത്തിവച്ച ചന്ദനത്തിരിയുടെ വാസന പറന്നു നിന്നതുകൊണ്ട് ആരുമൊന്നും അറിഞ്ഞില്ല. എന്തായാലും ആ വായു പോയതോടെ മൂത്രം മുട്ടലും വെളിക്കിരിക്കാൻ തോന്നലും ഒന്നിച്ചു പോയി. അതു ഭാഗ്യമായി.

അമ്പലത്തിലെ പടച്ചോറിൽ മോരൊഴിച്ച് കഴിച്ചതായിരുന്നു കല്യാണ സദ്യ. ഇല കളഞ്ഞു കൈകഴുകി വന്നപ്പോൾ കാവിലെ കൂട്ടുപായസം ഒരു ചിരട്ടപ്പൂളിൽകോരി മാരാര് ഉള്ളം കയ്യിലിട്ടു. അതോടെ ആ നാട്ടിലെ സർവ്വ ഇടപാടും കഴിഞ്ഞു. നടന്നാണ് രണ്ടുപേരും പോന്നത്. കൂടെയാരും വന്നതുമില്ല. മാലയഴിച്ച് ഭവാനി കയ്യിൽ തൂക്കിയിട്ടു. കുട്ടിയാന വേണമെങ്കിൽ പിന്നാലെ വരട്ടെ എന്ന ഗൗരവത്തിൽ ആനക്കാരൻ ഒരു പോക്കാണ്. ആ നടപ്പിൽ ഹരംകയറി ചോദിക്കാൻ തോന്നിയതൊക്കെ വിഴുങ്ങേണ്ടി വന്നു ഭവാനിക്ക്. ഇടയ്ക്കിടയ്ക്ക് ചുണ്ടിലൊരു ചിരി വരികയും അത് ആരെങ്കിലും കണ്ടാലോ എന്നു കരുതി കടിച്ചിറക്കുകയും ചെയ്തു.

ഒരു മണിക്കൂറിന്റെ നടപ്പുണ്ടായിരുന്നു. ചെന്നു കയറിയ അന്നു രാത്രി തന്നെ അയാള് മുണ്ടഴിച്ച് കിടത്തി. മണ്ണെണ്ണ വിളക്കുയർത്തി കഴുത്തു മുതൽ താഴേക്കു കാണാൻ തുടങ്ങി. എന്നിട്ടൊരു ചിരിയാരുന്നു. പിന്നെ ആ വിളക്കിൽ നിന്നൊരു ബീഡി കത്തിച്ചു. അയാൾ ബീഡിവലിക്കുമോ എന്ന് സംശയിക്കാൻ ഇടകിട്ടാതെ ലയിച്ചു കിടക്കുകയായിരുന്നു ഭവാനി. അയാൾ ആ ബീഡി ഭവാനിയുടെ ഉള്ളംകാലിൽ കുത്തി. ഭവാനി അയ്യോ... എന്ന് അലറി. ആ വീട്ടിൽ വേറാരും ഉണ്ടായിരുന്നില്ല. സ്വർണമാലയിട്ട അമ്മയും സ്വർണപ്പിടിയുള്ള വടികുത്തി നടക്കുന്ന അച്ഛനും

പുതിയ വീടുവച്ച പെങ്ങളുമൊന്നും ഒരിക്കലും ഭവാനിയുടെ മുന്നിൽ വന്നില്ല. ചെന്നുക യറിയപ്പോൾ മുതൽ മൂത്രമൊഴിക്കാൻ മുട്ടിയെങ്കിലും മറപ്പുര കാണാത്തതുകൊണ്ട് കടിച്ചു പിടിക്കുകയായിരുന്നു. അയാൾ ചോദിക്കാനുള്ള ഇടതരാതെ എന്തൊക്കെ യോ അടുക്കലും പെറുക്കലും.

ബീഡി കുത്തിയപ്പോഴുള്ള ഭവാനിയുടെ അലർച്ചകേട്ട് ആനക്കാരൻ ചിരിയോടു ചിരി. 'ആനേടെ നഖത്തിനു താഴെ തോട്ടിയിട്ടു കുത്തുമ്പോ അതും ഇങ്ങനാടീ പൊ ന്നേ...' എന്നു പറഞ്ഞതും മേലോട്ടൊരു വീഴ്ചയായിരുന്നു. ഭവാനിക്ക് ഒരു കൊന്ന ത്തെങ്ങു മേത്തു വീണതുപോലെയാണ് തോന്നിയത്. അതിനിടയിലെപ്പോഴോ മൂ ത്രം പോയി. അതു മനസ്സിലാക്കാനുള്ള ബോധം അയാൾക്കൊട്ട് ഉണ്ടായിരുന്നു മില്ല. അന്നാണു കെട്ടിയയാളും പ്രേമിച്ചയാളും രണ്ടായിരുന്നെന്ന് ഭവാനിക്കു മന സിലായത്.

ഭവാനി അമ്പിളിയോടും സുശീലയോടും പറയുമായിരുന്നു. ലോകത്ത് വിധി എന്നൊരു സാധനമില്ല. ചതിയേ ഉള്ളൂവെന്ന്. കാണുമ്പം നോക്കിച്ചിരിക്കുന്ന മുഖമ ല്ല, മനുഷേന്മാര്. ഓരോ ആളും രണ്ടോ നാലോ ആണെന്ന്.

ചെന്നു കേറിയ കാലത്ത് അയൽവക്കത്തെ അമ്മിണി സുശീലയോടു പറഞ്ഞ തും അക്കഥ തന്നെ.

ഭാർഗവന്റെ വലംകൈ വിക്രമന്റെ ഭാര്യയാണ് അമ്മിണി. എല്ലാ കേസിലും രണ്ടുപേരും ഒന്നിച്ചാണ് പ്രതിയാവുക.

"നമ്മടെ മേത്ത് കേറി കിടക്കുമെന്നേയുള്ളൂ, ഇവന്മാരുടെ മനസ്സിലൊക്കെ വി ചാരം തരാതരം മാറും. ചിലപ്പോ അവരു കരുതും അടീക്കെടക്കണത് കിട്ടാതെ പോയ പഴയ കാമുകിയാണെന്ന്. അല്ലെങ്കി സിനിമേലെ നായികയാണെന്നാവും. അതുമല്ലെങ്കിൽ നാട്ടിലെ ഏതെങ്കിലും വലിയ വീട്ടിലെ അണിഞ്ഞു നടക്കണ പെണ്ണു ങ്ങളാണെന്നു കരുതും. അതൊന്നുമല്ല നമ്മളാണെന്ന് അറിയുമ്പോഴാണ് അവരു് കുത്തിച്ചിവിളി തുടങ്ങുന്നത്. നാറികൾ..." അമ്മിണി കാർക്കിച്ചു തുപ്പി.

"ഞാനൊരിക്കൽ മമ്മൂട്ടിയാണെന്നു വിചാരിച്ച് ഒന്നു കെട്ടിപ്പിടിച്ച് ഉമ്മവയ്ക്കാൻ നോക്കിയതാ. നായേ... വെളുത്തുള്ളി നാറുന്ന വാ കൊണ്ടാണോടി ചുണ്ടേൽ മുട്ടിക്കു ന്നതെന്നൊരു ചോദ്യമാരുന്നു. പറയുന്ന ആളുടെ ചുണ്ടുമുഴുവൻ ബീഡിക്കരിയാണ്. വായ്ക്കകം പുകയടുപ്പു പോലേം. പോരാത്തേന് പുളിച്ച കള്ളിന്റെ വാട വായിക്കോ ടെ വന്നതിനൊപ്പം ആളൊരു കീഴ്ശ്വാസവും വിട്ടു. ഞാൻ വെറുത്തു കണ്ണടച്ചു പോ യി. പിന്നെ ഞാൻ ഉമ്മവയ്ക്കാൻ പോയിട്ടില്ല. അടുപ്പിലെ ചാരമാരെങ്കിലും നക്കിത്തു ടയ്ക്കുമോ?"

ഭാർഗവന് പിന്നെന്തായീന്ന് സുശീല ഇക്കാലമെങ്ങും ആരോടും തിരക്കി യിട്ടില്ല.

പിന്നൊരിക്കൽ കഥ പറയുന്നകൂടെ അന്നമ്മയും ബിനോയിയും പറഞ്ഞിരുന്നു, ഭാർഗവനേയും വിക്രമനേയും തല്ലിക്കൊന്ന് അമ്മിണി ഏതെങ്കിലും ജയിലിൽ പോ യിട്ടുണ്ടാവുമെന്ന്. ആറാം വയസ്സിൽ അനുഭവിച്ച ഋദ്ധിയുടെ കഥയുടെ തീവ്രതയിൽ

പതിനാലാം വയസ്സിൽ ഞാനും പതിനഞ്ചാം വയസ്സിൽ അമ്പിളിയും അനുഭവിച്ച തൊന്നും ഒരാളും ഒരു സംഭവമായിപ്പോലും കരുതുന്നില്ല. ആ അനുഭവത്തീന്ന് എനിക്ക് ഒരു കാര്യം ഉറപ്പായിരുന്നു എനിക്കോ അമ്പിളിക്കോ ഒരാളേം കൊല്ലൻ പറ്റുകേല. ഇതുവരെ അറിഞ്ഞതുവെച്ച് അമ്മിണിയേയും അതിനു കൊള്ളുകേല. കാലന്മാരുടെ അടിയിൽ കിടക്കുമ്പോഴും ഞങ്ങൾക്കൊക്കെ ഒരു വെളിവുണ്ടായിരുന്നു. ഭാർഗവനെക്കൊന്നാൽ വിക്രമനോ വിക്രമനെ കൊന്നാൽ ഭാർഗവനോ രണ്ടുപേരേയും കൊന്നാൽ മറ്റൊരു തങ്കപ്പനോ ഞങ്ങളുടെ മേൽ കേറി നിരങ്ങാൻ തുടങ്ങുമെന്ന്. അല്ലെങ്കിലും കപ്യാരു് ഇതു പറയും വരെ കൊല്ലൽ എന്നൊരു സാധ്യതയുണ്ടെന്നു പോലും ഞാനൊട്ട് ഓർത്തില്ല. കൊല്ലാനാരുന്നേൽ കുടിച്ചു വെളിവില്ലാതെ വരുന്ന ഏതു ദിവസവും കഴുത്തിൽ തോർത്തു മുറുക്കാമായിരുന്നു. കോടാലിയെടുത്ത് തല പിളർക്കാമായിരുന്നു. രാവിലെ എഴുനേറ്റുവരുമ്പോഴേ മോന്തുന്ന കഞ്ഞിയിൽ വിഷമൊഴിക്കാമായിരുന്നു. അല്ലെങ്കിൽ, കൂടെച്ചെല്ലാമെന്നു പറഞ്ഞാൽ തങ്കപ്പനോ തങ്കരാജനോ രണ്ടുപേരേയും തട്ടി ഞങ്ങളെ ഏറ്റെടുത്തേനെ. കൊല്ലലൊക്കെ കഥയെഴുത്തുകാർക്കു പറഞ്ഞിട്ടുള്ള പണിയാണ്. നമുക്കൊന്നും കിടക്കുന്ന അഴുക്കീന്ന് തലപൊക്കാനുള്ള ഊരില്ല. കിടന്നതു് അഴുക്കാണെന്ന് അറിയുന്നതു തന്നെ നീർച്ചോല വേറെ കാണുന്ന ഇക്കാലത്താണ്.

— 4 —

# ആറ്റപരൽ

സുശീല ഒൻപതാം ക്ലാസ്സിലായിരുന്നു.

ചേച്ചി പോയിട്ട് രണ്ടു മൂന്നു കൊല്ലമായി. അച്ഛൻ ഇടയ്ക്കൊക്കെ വരും. അമ്മ ഒട്ടും വില വയ്ക്കാതായതോടെ വരവിന്റെ ഇടവേള കൂടി. അന്ന് അമ്മ കുളിക്കാൻ പോയപ്പോഴായിരുന്നു അച്ഛന്റെ വരവ്. ചിങ്ങമാണ്. ഏത്തക്കുലയൊരെണ്ണം തോളിൽ നിന്ന് ഇറക്കി ഇറയത്തു വച്ചു. അമ്പിളീടെയാണ്... എന്നു പറഞ്ഞു ചുറ്റും നോക്കി.

അമ്മ ഇല്ലേടി എന്നൊരു ചോദ്യം.

മറുപടി പറയും മുൻപ് ഉത്തരവെത്തി. ഓട്ടോയില് അമ്പിളീടെ ആളുണ്ട്. നീ ചെന്നാൽ അവളുടെ കൊച്ചിനെ കാണാം.

മടിച്ചു നിന്നു. ചെല്ലടി നിനക്കു വാവേ കാണണ്ടേ എന്നായി. പിന്നെ നിന്നാൽ തല്ലാണ്. സുശീല ഓട്ടോയിലേക്കു നടന്നു.

അതിൽ മീശ പിരിച്ച് ഒരാൾ ഇരിക്കുന്നു. കേറെടീ എന്നു പറഞ്ഞു കയ്യിൽ പിടിച്ചു വലിച്ച് ഓട്ടോയിലിട്ടു. കുഞ്ഞ് ഓട്ടോയിലുണ്ടെന്നു കരുതിപ്പോയ സുശീലയ്ക്കു മിണ്ടാൻ പോലും ഇട കിട്ടിയില്ല. ചേച്ചിക്ക് ഇത്ര പ്രായമുള്ള ഭർത്താവോ എന്നോർത്ത് സുശീല ഓട്ടോയിൽ ഇരുന്നു. ഓട്ടോ ഒന്നര മണിക്കൂർ ഓടി. അപ്പോഴേക്കും സുശീലയ്ക്ക് ആന്തൽ കൂടി വന്നു. കണ്ണുകൾ നിറഞ്ഞൊഴുകി. നിർത്തുമ്പോൾ ഓട്ടോക്കാരന് അയാൾ എണ്ണിക്കൊടുത്തത് ആയിരത്തിനാന്നൂറു രൂപയാണ്.

അമ്പിളിച്ചേച്ചിയെ കാണാൻ വീട്ടിലേക്കു നോക്കി. ചുമരിൽ അമ്പിളിച്ചേച്ചിയും മീശക്കാരനും ഉള്ള പടം. തൊട്ടിലിൽ രണ്ടോ മൂന്നോ മാസമായ ഒരു കുഞ്ഞ്. അടുത്ത് ഒരു സ്ത്രീ നിൽക്കുന്നു.

ഭാർഗവൻ പറഞ്ഞു: "ഇതിനെ പെറ്റിട്ട് അവള് പോയി... ഇനി നീ വേണം നോക്കാൻ..."

ആ സ്ത്രീ പാൽക്കുപ്പി സുശീലയ്ക്കു കൊടുത്ത് ഇറങ്ങിപ്പോയി.

സുശീല സ്കൂൾ ഓർത്തു. ഓണപ്പരീക്ഷേടെ മാർക്ക് കിട്ടാനുണ്ട്. നാലാം ക്ളാസു മുതൽ, കാണാത്തദിവസം ആധി തോന്നുന്ന, ഉണ്ണിയെ ഓർത്തു. ഒന്നു കണ്ടാൽ മതി രണ്ടാൾക്കും. കണ്ണു കൂട്ടിമുട്ടി കഴിയുമ്പോൾ പിന്നെ പേടിച്ച നോട്ടം മാറ്റും. എന്നാലും കാണാതിരിക്കാൻ വയ്യ.

കുഞ്ഞു കരഞ്ഞു. ആദ്യമായി സുശില ആ കുഞ്ഞിനെ തൊട്ടു. എടുത്തു മടിയിൽ വച്ചു. പാലു കൊടുത്തു. അതിന്റെ കൈകൾ സുശീലയുടെ മേലുടുപ്പിന്റെ കൊളുത്തു കൾക്കിടയിൽ തെരഞ്ഞു.

പുറത്തുപോയ ഭാർഗവൻ വരാൻ സന്ധ്യ കഴിഞ്ഞു. എനിക്ക് അമ്മേ കാണ മെന്ന് സുശീല ചിണുങ്ങി, മൂക്കുപിഴിഞ്ഞു. ഉറക്കെ കരഞ്ഞു. ആ കുഞ്ഞും കരയാൻ തുടങ്ങി. സുശീല കരച്ചിൽ നിർത്തി കുഞ്ഞിനെ എടുത്തു. അതു കയ്യിലിരുന്ന് ഉറങ്ങി. കുഞ്ഞിനെ തൊട്ടിലിൽ കിടത്തി തിരിഞ്ഞതെയുള്ളു. ഭാർഗവൻ വട്ടംപിടിച്ച് കട്ടിലി ലേക്ക് എടുത്തിട്ടു.

നിന്റച്ഛൻ നിന്നെ എനിക്കു തന്നതാ. ആയിരം രൂപയ്ക്കും ഒരു വാഴക്കുലയ്ക്കും. നി ന്റെ ചേച്ചിക്ക് അയാൾ പതിനായിരമാ വിഴുങ്ങിയത്. നിനക്ക് ഓട്ടോക്കാരന് കൊ ടുത്തത്ര പോലും വേണ്ടി വന്നില്ല. ഇത്ര വലിയ തമാശ പറഞ്ഞിട്ടും അയാൾ ചിരിച്ചില്ല.

പാവാടയും ഉടുപ്പും വലിച്ചഴിച്ചു. പിന്നെ പുന്നാരിക്കാൻ തുടങ്ങി. സുശീല ഏങ്ങ ലടിച്ചു കരഞ്ഞു. അയാൾ ഒരു കാളവണ്ടിയോട്ടക്കാരനായി. രാവിലെ എഴുന്നേൽക്കു മ്പോൾ മേലാകെ കലപ്പകൊണ്ടുഴുത പാടുകൾ. അയാൾ എന്തൊക്കെ ചെയ്തെന്ന് ഓർത്തുനോക്കാൻ പോലും സുശീലയ്ക്കു തോന്നിയില്ല.

പുറത്തുവരുമ്പോൾ എടുത്തുടുത്തത് അമ്പിളിയുടെ മുണ്ടും മേലുടുപ്പുമാണ്. പാ വാടയും ബ്ലൗസും ഭാർഗവന്റെ വലിയിൽ കൊളുത്തുപൊട്ടി കീറിയിരുന്നു. ഇന്നലെ കണ്ട സ്ത്രീ, അമ്മിണി, ഇറയത്തു കുഞ്ഞിനെ എടുത്തിരിക്കുന്നു. ഇതിനിടെ അവർ എങ്ങനെ ഭാർഗവൻ വിളയാടുന്ന തൊട്ടിലും കട്ടിലും ഒന്നിച്ചിട്ട ഒറ്റമുറിയിൽ നിന്ന് ആ കുഞ്ഞിനെ എടുത്തു? ഭാർഗവനെ നോക്കി. അയാൾ അപ്പോഴും പിറന്നപടി കട്ടി ലിലുണ്ട്.

സുശീല ചെല്ലുമ്പോൾ അമ്മിണിയുടെ കണ്ണു നിറഞ്ഞൊഴുകുന്നു. അമ്മിണി അവ ളുടെ തലയിൽ കൈവച്ചു. സുശീല അമ്മയായി കണ്ടു നെഞ്ചിൽ വീണു. കുറച്ചുകഴി ഞ്ഞപ്പോഴേക്കും ഭാർഗവൻ ഉണരുകയും ഉടുമുണ്ട് വാരിയുടുത്ത് ഒരു പുകയിലക്കറ വീണ തോർത്ത് തോളത്തിട്ട് പല്ലുതേക്കുകയോ മുഖം കഴുകുകയോ ചെയ്യാതെ പുറ ത്തുപോവുകയും ചെയ്തു.

അമ്മിണി ആദ്യം വാ തുറന്നതു തന്നെ ആ വർത്തമാനത്തിനാണ്: “അമ്പിളി യെ അയാള് ഒറ്റച്ചവിട്ടിന് കൊന്നതാണെന്നു നാട്ടുകാര് പറയുന്നുണ്ട്”.

സുശീലയ്ക്ക് അമ്മയെ ഓർമ്മ വന്നു. വീട്ടിലേക്കു പോകാൻ തോന്നി. മുറ്റത്തിറ ങ്ങി ഇടവഴിയിലേക്കു കാൽവച്ചതേയുള്ളു. എടി പട്ടീ… എന്നൊരു വിളിയായിരുന്നു. ഭാർഗവൻ കുത്തുകല്ലേൽ മൂന്നാലു പേരൊടൊപ്പം ഇരിക്കുന്നു.

സുശീലയ്ക്ക് പിന്നൊരിക്കലും പോകാൻ തോന്നിയില്ല. ഭാർഗവൻ എന്നും രാത്രി വരും. തിരണ്ടിരിക്കുന്ന സമയത്തും വിളിച്ച് കിടത്തും. ചോരയെത്ര കണ്ടതാടീ ഭാർഗവൻ എന്ന് വഷളൻ ചിരിയോടെ പറയും. ഒരു കാലം കഴിഞ്ഞപ്പോൾ സുശീലയ്ക്ക് തോന്നി താൻ പെറാത്ത പെണ്ണായിരിക്കുമെന്ന്. അയാൾ ദിവസവും തോന്നിയതൊക്കെ ചെയ്തിട്ടും സുശീലയ്ക്ക് ഋതു തെറ്റിയില്ല. അമ്മയൊരിക്കൽ അറിഞ്ഞുവന്നു കണ്ടപ്പോഴിട്ട ഋദ്ധിയെന്ന പേരുള്ള കുട്ടിയും ഋതുക്കളും സുശീലയോടൊപ്പം മാറാതെ നിന്നു.

പതിറ്റാണ്ടേഴായി തടവിൽ കിടന്ന ഇരുട്ട് ഋദ്ധിയുടെ ഒറ്റ വലിയിൽ തുറന്ന ജാലകത്തിലൂടെ പുറംകാഴ്ച കണ്ടു.

പുതുതലമുറ[1] വെളിച്ചം പ്രവൃദ്ധ ഇരുട്ടിനു മുൻപിൽ പതറിയതുപോലെ ഒന്ന് മടിച്ചു; പിന്നെ, ആർക്കും തടയാനാകാത്ത തമോപ്രകാശ ലയനം. പ്രചണ്ഡ താണ്ഡവമെന്ന് ത്രയ. നുണപ്രചാരണ ഭാഷാപ്രാവിണ്യത്തിൽ ഋദ്ധിക്കൊപ്പമെത്തുകയാണ് ത്രയയെന്ന് പിന്നാലെയെത്തിയ ഏകൻ.

"ലോകംകണ്ട പെരുംനുണയേത്?"

ചോദ്യം ഒരു അപ്പൂപ്പൻതാടി പോലെ ആകാശത്തേക്കവിട്ട് ഋദ്ധി ആ വലിയ കരിങ്കൽക്കെട്ടിന്റെ വാതിൽ തേടി നടന്നു. വള്ളിപ്പടർപ്പുകൾക്കപ്പുറം വാതിലെന്നു തോന്നുന്ന പടുകൂറ്റൻ നിർമിതി. ഉരുളൻ തടികളിലൂർന്നു നൗകകൾ കടലിലേക്കു ചാഞ്ഞിറങ്ങുന്ന പാത. പത്തു കപ്പൽപ്പാടെങ്കിലും ദൂരത്തിലുള്ള കാടുണ്ട് തെളിക്കാൻ. ഏകന്റെ നീട്ടിയുള്ള കൂവലിൽ എഴുപത്തിയെട്ടിൽ എഴുപത്തിയാറും അവിടെത്തി. ദ്വിജൻ പോയ കടൽ നിശ്ചലം കിടന്നു. ദ്വാദശി നിന്ന കര ഇളകിയാടി.

ഋദ്ധി കണ്ണുതുറന്നു കിടക്കുകയായിരുന്നു.

സുശീല കഞ്ഞിയെടുത്ത് വേഗമെത്തി. രാവിലെ ഓറഞ്ച്നീരും ആപ്പിൾ നീരുമൊക്കെയായിരുന്നു ആദ്യത്തെ കുറച്ചുകാലം. അന്നമ്മ പറഞ്ഞിട്ട് പിന്നെ കുമ്പളങ്ങ കുത്തിയുടച്ചു കൊടുത്തു. ഇടയ്ക്ക് പാവയ്ക്കാ നീരുമാക്കി. പിന്നെയതു പേരയ്ക്കയായി. ഒടുവിലൊടുവിൽ ചാമ്പക്കയും കശുമാമ്പഴവും. കക്കവാരി വരുമ്പോൾ വഴിക്കരികീന്നു കിട്ടാൻ അതിലും എളുപ്പം വേറൊന്നില്ല. പിന്നെ വൈകിട്ടത്തെ പോലെ രാവിലെയും കഞ്ഞിയായി. എന്തുകൊടുത്താലും ആ തൊണ്ടവഴി ഇറങ്ങിപ്പോകും. കണ്ണുകൊണ്ടുപോലും ഇതുവരെ വേണ്ടാ എന്നു പറഞ്ഞിട്ടില്ല.

ഋദ്ധി സൈക്കിളെടുത്ത് പാടത്തു ചെല്ലുമ്പോൾ സുരേഷ്, മനു, ബിജേഷ്, കുമാർ, സിദ്ദിഖ്, സാദിഖ് എന്നിങ്ങനെ എല്ലാവരുമുണ്ട്.

എന്നെ അവരാരും പെണ്ണായി കണ്ടില്ല. മഠത്തിലെ വായനശാലയിലെ ടിവിയിൽ എല്ലാ ഏകദിനവും ടെസ്റ്റും ഞാൻ മുടങ്ങാതെ കണ്ടു. സാധാരണ മഠങ്ങളിൽ പതിവുള്ളതല്ല ടിവിയും വായനശാലയും. ചെറുപ്പക്കാരെ നന്നാക്കാൻ കരക്കാര്

---

[1] ജപ്പാൻ പോയ ശേഷം ആദ്യമായി ബംഗ്ലാവിന്റെ വാതിലുകൾ തുറക്കുന്നു.

ചേർന്ന പിരിവെടുത്തു മഠത്തിന്റെ പറമ്പിൽ പണിതുകൊടുത്തതാണ്. ഇരുനൂറ് പുസ്തകമൊക്കെയേ കഷ്ടിച്ചുള്ളൂ. പിന്നെ പലരെഴുതിയ പുതിയ നിയമങ്ങൾ, ഇംഗ്ലീഷിലും മലയാളത്തിലും. അവിടെയുള്ള പുസ്തകങ്ങളിലൊന്നും എന്തെങ്കിലും ഉള്ളതായി എനിക്കു തോന്നിയില്ല. അവിടെ ചെന്ന് ക്രിക്കറ്റ് കണ്ടു. അത്രതന്നെ.

നാലടി ചുവടുവച്ച് വലംകയ്യിൽ നിന്ന് ഇടംകൈകൊണ്ട് പന്തു തുക്കിയെടുത്ത് ഞാൻ ലെഗ്സ്പിന്നുകൾ എറിഞ്ഞു. വലംകൈകൊണ്ട് ബാറ്റ് പിടിച്ച് കവർഷോട്ടുകൾ പായിച്ചു. ഇടത്തെറിഞ്ഞു വലത്തടിക്കാൻ നീയാരാ ശാസ്ത്രിയാണോ എന്ന് സുരേഷിന്റെ അച്ഛൻ ഒരിക്കൽ ചോദിച്ചത് വിട്ടുപോകാത്ത പേരായി. കണ്ടത്തിൽ ചെല്ലുമ്പോഴെല്ലാം ഞാൻ ശാസ്ത്രിയായി അഭിനയിക്കാൻ തുടങ്ങി. ആൺകളികളിൽ നിറയാൻ മോഹിച്ച പെണ്ണായിരുന്നെന്ന് എത്രയോ കഴിഞ്ഞാണ് തിരിച്ചറിഞ്ഞത്. വളപ്പൊട്ടും കക്കയും മാത്രം കളിച്ച് ഊരു വയ്യാത്ത ചെറുപ്പവുമായി എത്ര കോടി പെണ്ണുങ്ങളാണ് വിറകു കൊള്ളി പോലെ ഉണങ്ങി എരിഞ്ഞു തീർന്നത്. സുശീലയെപ്പോലെ.

കളികഴിഞ്ഞാൽ എന്നും ആൺകുട്ടികൾക്കൊപ്പം ഞാൻ പുഴയിൽ കുളിക്കാൻ പോയി. അമ്മയ്ക്ക് അതിൽ പേടിയുണ്ടായിരുന്നു. എന്നാൽ സിസ്റ്റർ പറഞ്ഞു, അവളിനിയെങ്കിലും ആണുങ്ങളെ പേടിക്കാതെ വളരട്ടെ എന്ന്. അവരാരും എന്നെ വേറെ വർഗമായി കണ്ടില്ലെന്നതിൽ എനിക്ക് അത്ഭുതമൊന്നും തോന്നിയില്ല. അവർ എന്നെ ആക്രമിക്കാൻ നിൽക്കുന്നവരാണെന്ന് തോന്നി ഞാൻ അകലമിട്ടില്ല. മാസമുറ വരുമ്പോൾ പോലും എനിക്ക് പെണ്ണായി തോന്നിയില്ല. ഇട്ടു പോകുന്ന ടീഷർട്ടും ഷോർട്ട്സുമായി ആറ്റെറമ്പിലെ ചാഞ്ഞ ചേരു മരത്തിൽ നിന്ന് ഞാൻ പുഴയിലേക്ക് തലകീഴായി കൂപ്പുകുത്തി. ചേരു തൊട്ടാൽ ചൊറിയുന്ന സുരേഷും മനുവും കടവിൽ നിന്ന് മുങ്ങാങ്കുഴി ഇട്ട് താഴെ വന്നു. ചേര് ചൊറിയാത്ത ഞാനും സിദ്ദിഖും ബിജേഷും തടിയിൽ വട്ടം പിടിച്ചു കിടന്ന് അവരെ വെല്ലുവിളിച്ചു. കുളക്കോഴികൾക്കൊപ്പം കൈതയുടെ ഇടയിലൂടെ ചാടി. ഒരേ വെള്ളത്തിൽ ഒരേ ആഴത്തിൽ അവർക്കൊപ്പം പോയി ഞാൻ പൊങ്ങി വന്നു.

സൈക്കിളിന്റെ കാരിയറിൽ വച്ചുകൊണ്ടുപോകുന്ന മഞ്ഞ സോപ്പുപെട്ടി മൂടാനുള്ള പ്ലാസ്റ്റിക് കവറിൽ എല്ലാത്തവണയും ഞാൻ ആറ്റുപരലുകളെ പിടിച്ചിട്ടു. തോർത്തു കഴുത്തിൽക്കെട്ടി മറ്റേയറ്റം വിടർത്തിയാണ് പിടിത്തം. എല്ലാദിവസവും പിടിച്ചാലും അത്ര തന്നെ പരലുകൾ പിന്നെയും അവിടെയുണ്ടാകും. ഇന്നലെ പിടിക്കപ്പെട്ടവർ അതു ലോകാവസാനമാണെന്നു കരുതിയിട്ടുണ്ടാകും. പിന്നെയും വേട്ടക്കാർക്കു പിടിക്കാൻ അത്രതന്നെ പരലുകൾ അതേ സ്ഥാനത്തു നീന്തിത്തുടിക്കും.

സുശീല കായലരികത്തുകൂടി കക്കയ്ക്കു പോകുമ്പോഴൊക്കെ ദൂരെയുള്ള ചെറുവള്ളത്തിലേക്കു നോക്കി അതിൽ ഉണ്ണിയാണെന്നു വിചാരിക്കും.

യുവാവോ മധ്യവയസ്കനോ ആയ ഉണ്ണിയുടെ രൂപമൊന്നും മനസ്സിൽ വരില്ല. മീശ മുളയ്ക്കാത്ത കറിയ പതിനാലുകാരനെയാണു കാണുക. ആ വള്ളം അടുത്തുവരുന്നതുവരെ അതിൽ ഒരു വശത്ത് ഉണ്ണിയും മറുവശത്ത് അച്ഛൻ ദിവാകരനുമാണെന്നു

വിചാരിക്കുന്നതാണ് സുശീലയുടെ ഇപ്പോഴുള്ള ഏക വിനോദം. വള്ളം അടുത്തുവരികയും അതിൽ താമരപ്പൂവിനും ആമ്പൽപ്പൂവിനും പകരം മീനാണെന്നു കണ്ണ് തലച്ചോറിലേക്കു സന്ദേശം നൽകുകയും ചെയ്യുന്ന നിമിഷം വരെ സുശീലയ്ക്ക് വള്ളത്തിലുള്ളത് ഉണ്ണിയും ദിവാകരനുമാണ്.

ദിവാകരൻ പലപണിക്കാരനാണ്. ഒരുദിവസം മേസ്തിരിയുടെ കൂടെ പരുക്കൻ കുട്ടാൻ പോയാൽ പിറ്റേന്ന് കയ്യാലപ്പാപ്പവിന്റെ കൂടെ ഉരുളൻകല്ലുകൾ കൊട്ടയിൽ ചുമന്നു കൊടുക്കുന്നതു കാണാം. മറ്റൊരു ദിവസം വീടുമേയാൻ ഏതെങ്കിലും ശീലാന്തിയിൽ ഇരിക്കുന്നുണ്ടാകും. ചിലപ്പോൾ തെങ്ങിന്റെ ചുവടുകിളച്ചു നിൽക്കുന്നതും വാഴയ്ക്കു കുഴിവെട്ടുന്നതും കാണാം. ഇതൊക്കെയുണ്ടെങ്കിലും എല്ലാദിവസവും വൈകിട്ടു സ്ഥിരം പണിയുണ്ട്. താമരമൊട്ടും ആമ്പൽമൊട്ടും പറിച്ചു വിൽക്കലാണത്. പിറ്റേന്നു വിടരാവുന്ന മൊട്ടുകൾ മാത്രം എന്നും പറിച്ചെടുത്തു പൂക്കടകളിൽ എത്തിക്കും. അങ്ങനെ നാട്ടിലെ എല്ലാ ആരാധനകളിലും പാർട്ടി സമ്മേളനങ്ങളിലും ഉദ്ഘാടനങ്ങളിലും ഉണ്ണിയും ദിവാകരനും പങ്കാളികളായി.

കുളിക്കാൻ പോയിരുന്ന കുളത്തിനപ്പുറമാണ് ആമ്പലും താമരയും നിൽക്കുന്ന ചതുപ്പ്. ചേച്ചി അമ്പിളിയാണ് പറഞ്ഞത് പണ്ടു മലപൊട്ടി മുങ്ങിപ്പോയ തമ്പ്രാക്കളുടെ ആത്മാക്കളാണ് താമരയും ആമ്പലുമായി വിരിയുന്നതെന്ന്. അതു കണ്ടു പെണ്ണുങ്ങൾ മോഹിക്കരുതെന്നു കുന്നത്തമ്മ പറഞ്ഞതു ചേച്ചി എപ്പോഴും ഓർമിപ്പിക്കും.

കുന്നത്തമ്മ താമസിക്കുന്നത് കുന്നിൻ മുകളിലല്ല. കണ്ടത്തിന്റെ നടുക്കാണ്. അതും കുറേക്കാലം മുൻപു കണ്ടം തന്നെയായിരുന്നു. മലവെള്ളം വരുമ്പോൾ എല്ലാവരും കോരിയിട്ട ചെളിയടിഞ്ഞു് കുന്നായതാണ്. അതിനു മുകളിൽ ആറു മരുതു മുറിച്ചുനാട്ടി തെങ്ങൊരെണ്ണം പിളർന്ന് മൂന്ന് ഉത്തരവും വച്ച്, കമുകിന്റെ അലകുകൊണ്ടു കഴുക്കോലും വച്ച്, കീറ്റോല മേഞ്ഞുകൊടുത്തത് അയ്യപ്പനാണ്. വാരിമുനകൂർപ്പിച്ച് ഓലയ്ക്കിടയിലൂടെ ഇറക്കി ചെറുകയർ കൊണ്ട് കെട്ടി ഒറ്റദിവസം കൊണ്ടാണ് അയ്യപ്പൻ മേച്ചിലു തീർത്തത്.

തെങ്ങുകൊണ്ടുള്ള നിലംതല്ലി[2] സുശീലയെക്കൊണ്ട് വീട്ടിൽ നിന്ന് എടുപ്പിച്ചാണ് ദിവാകരൻ തല്ലിയുറപ്പിച്ചു കൊടുത്തത്. ദിവാകരന്റെ തൊഴുത്തിൽ വിരിച്ചു കഴിഞ്ഞു ബാക്കിയുണ്ടായിരുന്ന മുതുക്കൻപന കീറിയതു കൊണ്ടാണ് തറയൊരുക്കിയത്. കള്ളു വറ്റിയപ്പോൾ ചെത്തുകത്തിക്കു പകരം കോടാലിയെടുത്ത് അയ്യപ്പൻ തന്നെയാണ് പടിഞ്ഞാറേക്കാരുടെ പനവീഴിച്ചത്. നാണപ്പൻമുതലാളീടെ ഈർച്ചമില്ലിൽ പോയി പ്ലാവിന്റേയും ആഞ്ഞിലിയുടേയും കാതൽ എടുത്ത ശേഷം തള്ളുന്ന പുറകോട്ടുപലക കുന്നത്തമ്മ കൊണ്ടുവന്നതു തന്നെ ഒരരങ്ങിനുള്ള നാടകമായിരുന്നു.

പലക എത്രവേണമെങ്കിലുമെടുത്തു വേഗം പൊയ്ക്കോ എന്നു നാണപ്പൻ മുതലാളി. ഇഴപാകാൻ പട്ടിക കൂടി വേണമെന്ന് കുന്നത്തമ്മ. നൂറടി പട്ടിക തരാമെന്ന്

---

2 നിലം ഉറപ്പിക്കാനുള്ള മരം കൊണ്ടുള്ള ഉപകരണം. ഇതേപേരിൽ ഒരു മീനും.

നാണപ്പൻ മുതലാളി. പട്ടികയടിക്കാൻ വീക്കനാണീം പുറകോട്ടുപലക അടിക്കാൻ മുള്ളാണീം വേണമെന്നു കുന്നത്തമ്മ. അപ്പോൾ തന്നെ ഈർച്ചവാളേൽ എണ്ണയിട്ടോണ്ടിരുന്ന മുരുകനെ സൈക്കിളും അൻപതു രൂപയും കൊടുത്തുവിട്ട് പാലയ്ക്കാ മുക്കന്റെ ഇരുമ്പുകടേന്ന് ആണി വാങ്ങിച്ച് കയ്യിൽ കൊടുത്തിട്ട് നാണപ്പൻ മുതലാളി തൊഴുതു.

ദിവാകരന് അഞ്ചു ദിവസത്തെ കൂലി കൊടുക്കാനുണ്ടെന്നു കുന്നത്തമ്മ പറഞ്ഞു തീരും മുമ്പ് നൂറിന്റെ അഞ്ചു നോട്ടു കൊടുത്തു മുതലാളി. കുന്നത്തമ്മ തൃപ്തിയാകാതെ നോക്കിയപ്പോൾ ആറാമത് ഒരു നോട്ടും കൂടി കൊടുത്തു മുതലാളി ജീപ്പ് എടുത്ത് ഒറ്റപ്പോക്കായിരുന്നു, മഹാറാണി ബാറിലേക്ക്. എല്ലായിടത്തും പണിയുമ്പോൾ ദിവാകരന് നൂറു രൂപയാണ് തച്ച്. കുന്നത്തമ്മ നൂറ്റിയിരുപതു വെച്ച അറുന്നൂറ് തികച്ചു കൊടുത്തു. ആ പഞ്ചായത്തിൽ കുന്നത്തമ്മേടെ വീട്ടിൽ പണിയാൻ പോകാനുള്ള ധൈര്യം ദിവാകരനും അയ്യപ്പനും മാത്രമേ ഉണ്ടായിരുന്നുള്ളു. നാട്ടിലെ പിള്ളേരൊക്കെ കുന്നത്തള്ള എന്നു വിളിച്ചപ്പോൾ ദിവാകരൻ ഉണ്ണിയെക്കൊണ്ട് കുന്നത്തമ്മൂമ്മ എന്നു വിളിപ്പിച്ചു. ഉണ്ണിയുടെ അമ്മ നളിനിയാണ് തൊണ്ടിൽക്കൂടി പോകുമ്പോഴൊക്കെ വിളിച്ചുകേറ്റി കട്ടൻചായയും ചുട്ടപപ്പടവും കുന്നത്തമ്മയ്ക്കു കൊടുക്കുന്നത്. ആ നാട്ടിൽ വേറൊരു വീട്ടുകാരത്തീം അങ്ങനെ ചെയ്തിട്ടില്ല.

പിന്നെ എല്ലാ ആണ്ടിലും കുന്നത്തമ്മ ഏതെങ്കിലും പറമ്പിൽ നിന്ന് അയ്യപ്പനെക്കൊണ്ടു മരുതും വെട്ടിക്കും. മണ്ടപോയ കമുക വീഴിച്ച് വാരിയുമുണ്ടാക്കും. കുന്നത്തമ്മേടെ ഭാഗ്യത്തിന് എവിടെങ്കിലും കൊന്നത്തെങ്ങു പുരേലേക്കു ചാഞ്ഞു നിൽക്കുന്നുണ്ടാകും. ഇനി ചാഞ്ഞിട്ടില്ലെങ്കിലും വീട്ടുകാരെ പറഞ്ഞുപേടിപ്പിച്ച് അതു കുന്നത്തമ്മ കുഴപ്പമുള്ളതാക്കും. അയ്യപ്പനെക്കൊണ്ടു വെട്ടിക്കാനുള്ള കൂലികൂടി വീട്ടുകാരുടെ കയ്യീന്നു വാങ്ങിച്ച് തെങ്ങും കൊണ്ടു പോരികയാണ് പതിവ്.

കുന്നത്തമ്മ നിറയെ ചിരിച്ചാണ് കാശു ചോദിക്കുക. അതു കാണുമ്പോൾ തന്നെ നാട്ടിലെ ആണുങ്ങൾക്കൊക്കെ പേടിയാണ്. നിവൃത്തിയുണ്ടെങ്കിൽ കാശ് അടുത്ത കയ്യാലയിലോ മതിലിലോ വച്ച് അവർ സ്ഥലം കാലിയാക്കും. കുന്നത്തമ്മയുടെ അടുത്ത് രാത്രിയിൽ പോയിരുന്നവരും പോകാത്തവരും പകൽ അവരെ പേടിച്ചു.

ആ വീട്ടിൽ കുടിയിരുന്ന ശേഷമാണ് രാത്രിയിൽ ആത്മാക്കൾ ഇറങ്ങി വരുന്നത് കാണാറുണ്ടെന്ന് നാട്ടുകാരോടെല്ലാരോടും കുന്നത്തമ്മ പറയാൻ തുടങ്ങിയത്. ആരുമില്ലാത്ത പാടത്ത് അവർ വന്നിറങ്ങി വിരിയും. നൂറാണ്ടു മുൻപൊരു ഉരുൾപൊട്ടലുണ്ടായി. എൺപതു കഴിഞ്ഞ കുന്നത്തമ്മേടെ അമ്മയുടെ ചെറുപ്പത്തിലെ സംഭവമാണ്.

മണിയാറൻ മലയായിരുന്നു പാടത്തിന്റെ പടിഞ്ഞാറ്റം മുതൽ മേലോട്ട്. ഇപ്പോ അവിടെ നടുക്കൊരു വെള്ളപ്പാത്തീം അപ്പുറമിപ്പുറം മണവാളൻ മണവാട്ടി പാറകളുമാണ്. തലയുയർത്തി മണവാളനും മാലയ്ക്കായി തലതാഴ്ത്തി മണവാട്ടിയും.

കരിങ്കാളിയുടെ മകൾ മധുരയും മന്ദാരത്തിന്റെ മകൻ സന്ദനവുമാണ് കൊച്ചുനാളു മുതൽ ഇഷ്ടമായി മംഗലം കഴിക്കാൻ നിന്നത്. മാലയെടുക്കാൻ സന്ദനം കുനിഞ്ഞ സമയത്താണ് മധുരയെ ഒറ്റക്കയ്യിൽ പൊക്കിയെടുത്ത് ചന്ദ്രപ്പൻ കൊണ്ടുപോയത്.

കൊയ്ത്തുപുരേലേക്ക് ചന്ദ്രപ്പൻ മധുരയെ ഇട്ടുകൊടുത്തതേ ഓരോരുത്തരായി വന്നു. രണ്ടര ദിവസം നൂറ്റിയെട്ടു തമ്പ്രാപ്പിള്ളേര് കഷ്ടപ്പെടുത്തീട്ടും മധുര ചത്തില്ല. ഓരോരുത്തരും ഊഴംകഴിഞ്ഞ് വിയർപ്പുതുടച്ച് ഇളിച്ച ചിരിയുമായി വരാന്തയിൽ ഇരിക്കും. അപ്പോൾ അടുത്തയാൾ കയറും. എല്ലാവരും കഴിഞ്ഞപ്പോൾ മധുര എഴു നേറ്റു നെറുകംതലേന്ന് ഒരു മുടിപിഴുത് മണിയാറൻമല നോക്കിയെറിഞ്ഞു. മലപി ളർന്നു. വെള്ളമൊഴുകി കൊയ്ത്തുപുരേം നൂറ്റിയെട്ടു തമ്പ്രാപ്പിള്ളേരും അവരുടെ കുടുംബ ക്കാരും താഴ്ന്നടിഞ്ഞു. മധുരയേയും രക്ഷിക്കാൻ പരക്കം പാഞ്ഞു നടന്ന സന്ദനത്തേ യും പിന്നെ ആരും കണ്ടില്ല.

അപ്പുറത്തെ മല സന്ദനം മണവാളൻപാറയായി. ഇപ്പുറത്തെ മല മധുരമണ വാട്ടിപ്പാറയും. ചത്തു ചെളിയിലൊടുങ്ങിയവർ വിത്തുപൊട്ടി താമരയും ആമ്പലുമാ യി വന്നു നിൽക്കും. അതു സൂത്രപ്പണിയാണ്. ഇറുക്കാൻ ചെല്ലുന്ന പെണ്ണുങ്ങളുടെ കാലുകൾ ചെളിമൂടി നിൽക്കണ താമരവേരുകളിൽ കുടുങ്ങും. അവരെ ചന്ദ്രപ്പന്റെ ആത്മാവു കൊണ്ടുപോയി കൊയ്ത്തുപുരേലെറിയും. നൂറ്റിയെട്ടു തമ്പ്രാൻമക്കള് മാറിമാ റി വന്ന് കഷ്ടപ്പെടുത്തും.

കുന്നത്തമ്മ എന്താ ഒറ്റയ്ക്ക് താമസിക്കുന്നത് എന്നു ചോദിച്ചപ്പോൾ അമ്മ ഭവാ നി നിർത്താതെ ചിരിച്ചു. അമ്മ അങ്ങനെ ചിരിച്ചു കണ്ടിട്ടില്ല. പിറ്റേന്നു സ്കൂളിൽ പോ യപ്പോഴാണ് അംബിളിച്ചേച്ചി പറഞ്ഞുതന്നത് കുന്നത്തമ്മ പണ്ട് ഒരുപാട് ആൾ ക്കാരുടെ ഭാര്യയായിരുന്നെന്ന്. ഒരോ രാത്രിയും ഓരോരുത്തരുടെ ഭാര്യയാകും. ചി ലപ്പോൾ പകലും ആരുടെയെങ്കിലും ഭാര്യയാകും. അങ്ങനെ ഒരുപാടു മംഗലം കഴിച്ച കുന്നത്തമ്മയുടെ ഒപ്പം ഒരു ഭർത്താവും നിന്നില്ല.

കണ്ടത്തിന്റെ നടുക്കു വീടുകെട്ടുന്നതുവരെ കുന്നത്തമ്മയ്ക്ക് ഇരിക്കാനും കിടക്കാ നും നേരമില്ലായിരുന്നു. വീടായതോടെ കർക്കടകത്തിൽ ഒരാളെക്കൂടി അവിടെ കാ ണാൻ തുടങ്ങി. പുലിത്തൊമ്മൻ. ബെന്തിങ്ങ വിൽക്കുന്നതാണ് പണി. മലയാറ്റൂരു മുതൽ വല്ലാർപാടം വരെയും ആർത്തുങ്കൽ മുതൽ വിഴിഞ്ഞം വരെയും സർവ നേർ ച്ചയ്ക്കും കറുത്ത ചരടിൽ ബെന്തിങ്ങ കോർത്തു തൊമ്മനെത്തും. തലയിലൊരു തകര പ്പെട്ടിയും ഉണ്ടാകും. ആ പെട്ടിയാണ് ആസ്തി. അതിലുള്ളതാണ് നീക്കിയിരിപ്പ്.

കച്ചവടം കഴിഞ്ഞു തിരിച്ചുവന്നാൽ കുന്നത്തമ്മേടെ വീട്ടിലാണ്. അതുവരെ കാ വിലെ പടച്ചോറിൽ മോരോഴിച്ചു കാന്താരി കടിച്ചു പപ്പടം ചുട്ടതും പൊട്ടിച്ചു കഴിക്കുന്ന കുന്നത്തമ്മ അന്നുമുതൽ ഇറച്ചി ഉലർത്താൻ തുടങ്ങും. വെട്ടുകാരൻ പാപ്പി പോത്തി ന്റെ വലത്തെ പിൻകാലിലെ തുടയിൽ നിന്നുള്ള ഇറച്ചി തൊമ്മന് കൊത്തിയരിഞ്ഞു കൊടുക്കും. അത് കുനുകുനെയാക്കി കുന്നത്തമ്മ ഉപ്പും കുരുമുളകും ചേർത്ത് മൊരി ക്കും. രാത്രി വൈകിയാലും തൊമ്മന്റെ അട്ടഹാസച്ചിരി കേൾക്കാം.

സുശീല നാലിലോ അഞ്ചിലോ പഠിക്കുമ്പോഴാണ്. ചിങ്ങത്തില് വല്ലാർപാടത്തു പോവുകയാണെന്നു പറഞ്ഞ് ഇറങ്ങിപ്പോയ തൊമ്മൻ പിന്നെ വന്നില്ല. അന്നു വൈകിട്ടാണ് കുന്നത്തമ്മയെ കാണാനില്ലെന്ന് നാട്ടുകാർ അറിഞ്ഞത്. രണ്ടു മൂന്നു ദിവസം എല്ലാവരും പറ്റുന്നേടത്തൊക്കെ നോക്കി. പിന്നെ അവരവരുടെ പണിക്കുപോയി.

രണ്ടാഴ്ചകഴിഞ്ഞ് ഉണ്ണിയും ദിവാകരനും കൂടി താമര പറിക്കുമ്പോഴാണ് മീൻ കൊത്തി ബാക്കിവച്ച കുറച്ച് ഇറച്ചിയും എല്ലുകളും ആ കറുത്ത മുണ്ടുമായി കുന്നത്തമ്മയെ കിട്ടിയത്. ദിവാകരൻ പറഞ്ഞത് കാല് താമരവേരിൽ കുടുങ്ങിക്കിടക്കുകയായിരുന്നെന്നാണ്. എൺപതാം വയസ്സിൽ ആ തള്ള ആരെ പാട്ടിലാക്കാനാണോ ആമ്പലൊണ്ടാക്കാൻ പോയേന്ന് പാറുക്കുട്ടി കടവിൽ വച്ച് ചോദിച്ചത് അന്നു വൈകിട്ട് സുശീല കേട്ടിരുന്നു.

രാത്രി മുഴുവൻ മഴയായിരുന്നു. ഇടിയും വെട്ടുന്നുണ്ടായിരുന്നു. ഭൂമികുലുക്കം പോലൊരു ശബ്ദം കേട്ടോന്ന് അമ്മ ചോദിച്ചു. മൂന്നുപേരും കെട്ടിപ്പിടിച്ചു കിടന്നു. രാവിലെ എഴുനേറ്റപ്പോഴാണ് കണ്ടത്. കുന്നത്തമ്മയെ കുഴിച്ചിട്ട കണ്ടം മലവെള്ളത്തിൽ പോയിരിക്കുന്നു. മണവാട്ടിപ്പാറയുടെ കുനിഞ്ഞു നിന്ന തല നെറ്റിമുതൽ കഴുത്തുവരെ ചെത്തിയെടുത്തതുപോലെ പൊട്ടിവീണു.

അനങ്ങാനും മിണ്ടാനും പറ്റാതെ കിടക്കുന്ന എന്നോടാണല്ലോ ഇക്കഥ അമ്മ പലവട്ടം പറഞ്ഞത്.

എന്നെ മിണ്ടിക്കാനായി പറഞ്ഞു പറഞ്ഞു കഥകൾ തീർന്നപ്പോൾ അമ്പലത്തിൽ പാട്ടു വയ്ക്കുന്നതുപോലെയായി. ആഴ്ചയിൽ നാലു ദിവസമെങ്കിലും 'തേടിവരും കണ്ണുകളിൽ ഓടിയെത്തും...'[3] എന്ന സ്ഥിതി. ഇക്കഥ ആദ്യം കേട്ടപ്പോൾ മുതൽ എനിക്കു സുശീലാമ്മയോട് ഒന്നു ചോദിക്കാനുണ്ടായിരുന്നു. കുന്നത്തമ്മയെ കൊന്ന് കായലിൽ താഴ്ത്തി പുലിത്തൊമ്മൻ പോയതല്ലേന്ന്.

കുന്നത്തമ്മ രാത്രിയിൽ കണ്ട ആത്മാക്കളെ തന്നെയാണ് ബുദ്ധിയെന്ന ഞാൻ പകലെന്നോ രാത്രിയെന്നോ ഭേദമില്ലാതെ ഉണർന്നിരിക്കുമ്പോഴൊക്കെ കാണുന്നത്. എനിക്ക് എപ്പോഴും ഓർമയുണ്ടാകുമെന്നൊന്നും കരുതരുത്. ഉറങ്ങുമ്പോൾ ഒന്നും നമ്മുടെ നിയന്ത്രണത്തിലല്ലോ. അതുപോലെയാണ് എന്റെ മയക്കവും. പക്ഷേ, മയക്കത്തിലേക്കു പോകുമ്പോൾ എനിക്കറിയാം എന്റെ വിചാരങ്ങളുടെ വെടിനിർത്തലാണ് അതെന്ന്. സിനിമാകൊട്ടകയിൽ എന്നതുപോലെ എന്റെ തലച്ചോറിൽ ഇടവേള എന്ന് എഴുതിക്കാണിക്കും. മനസ്സുമാത്രം പ്രവർത്തിക്കുന്നവർക്ക് ഇതുപോലെ ഒരുപാട് സിദ്ധികളും കിട്ടും.

സുശീല എന്റെ പിറവിക്കു കാരണമല്ലെന്നു കേട്ട നിമിഷമാണ് എന്റെ ശയ്യാതല സഞ്ചാരങ്ങൾക്കു വേഗം നഷ്ടമായത്. അതു പ്ലാപ്പിള്ളി പൂരത്തിന് കുഴിക്കതന

3 സ്വാമി അയ്യപ്പൻ സിനിമയ്ക്കായി വയലാർ രാമവർമ്മ എഴുതി ജി. ദേവരാജൻ ഈണമിട്ട് അമ്പിളി പാടിയ ഗാനം.

പൊട്ടിച്ചതുപോലൊരു നടുക്കമായിരുന്നു. സുശീല അബദ്ധത്തിൽ പറഞ്ഞുപോയതാണ് ആ ഓട്ടോറിക്ഷയിൽ വന്ന കഥ. പിന്നെ എന്റെ യാത്രകളുടെ നീളം കുറഞ്ഞു. ചിന്തകൾ ഉറച്ചു നിൽക്കില്ല. മനസ്സ് എവിടെപ്പോയാലും അവിടെ ചെല്ലുംമുൻപു തിരിച്ച് ചാളക്കാരി കോളനിയിൽ എത്തും. പെറ്റതള്ളയല്ലെങ്കിൽ എന്നെ ചുമക്കാൻ അവർക്കെന്തിന്റെ കേടായിരുന്നു എന്ന് എനിക്കെത്ര ആലോചിച്ചിട്ടും പിടികിട്ടിയില്ല. പെറ്റതള്ള ആണെങ്കിൽ തന്നെ പേട്ടടയ്ക്ക ആരെങ്കിലും മടിയിൽ വച്ചു നടക്കുമോ?

'സുശീല എന്തു കിട്ടുമെന്നു കരുതിയാണു നിന്നെ ചുമന്നത്?' അവിടെയിട്ടിട്ടു പോരാമായിരുന്നല്ലോ എന്ന് ശയ്യാവലംബിയായ സിസ്റ്റർ സന്ധ്യ അവശതയുടെ അങ്ങേയറ്റത്തും ചിരി വരുത്തി പണ്ടു പറഞ്ഞതാണ്. അന്നു സിസ്റ്റർ പോലും അറിഞ്ഞില്ല സുശീല എന്റെ അമ്മ അല്ലെന്ന്. സുശീല ആരോടും പറഞ്ഞില്ല. അർദ്ധപ്രജ്ഞയിൽ കിടക്കുന്ന ഞാനല്ലാതെ മറ്റാർക്കും ഇന്നാട്ടിൽ അത് അറിയുകയുമില്ല.

ഞാനന്ന് കോളജിൽ ഡിഗ്രി ഒന്നാം വർഷമാണ്. സിസ്റ്റർ സന്ധ്യക്ക് സ്തനാർബുദം ആണെന്ന് അറിഞ്ഞത് ശ്വാസകോശം വരെ കാർന്നുതിന്ന ശേഷമാണ്. പ്രായമായ കന്യാസ്ത്രീയുടെ ശ്വാസഗതി മാറുന്നതും ചിരിമായുന്നതും കാണാൻ ആരാ ഉള്ളത് എന്ന് അന്നമ്മച്ചേടത്തി പറയുകയും ചെയ്തു.

ആദ്യമായി കണ്ട ആ രാത്രി ഞങ്ങൾക്കു വെള്ളമോ ഭക്ഷണമോ തന്ന് സിസ്റ്റർക്കു പറഞ്ഞുവിടാമായിരുന്നു. അങ്ങേയറ്റം വണ്ടിക്കൂലി കൂടി തന്ന് സൂക്ഷിച്ചു പോണേ എന്നു കയ്യൊഴിയാമായിരുന്നു. അല്ലെങ്കിൽ മഠത്തിലെ ജീപ്പിൽ സർക്കാർ ആശുപത്രിയിലെത്തിക്കാം. അതുമല്ലെങ്കിൽ പിതാവ് ബലാത്സംഗം ചെയ്ത കുട്ടിയാണെന്നു പൊലീസിനെ വിളിച്ചുവരുത്താം. അതോടെ തീരുമായിരുന്നു ബാധ്യതയും കടമയും. ഇതൊന്നും സംഭവിച്ചില്ല. സിസ്റ്റർ സന്ധ്യ ഋദ്ധി എന്ന എന്നെ സ്വന്തം ജീവിതത്തിലേക്കു ഭാഗംവെച്ചെടുത്തു. പിൻതുടർച്ചാവകാശത്തിനു വേണ്ടി കലഹിക്കുന്നതുപോലെ തന്നെ ഒരു അമ്പരപ്പല്ലേ, ഒന്നും കിട്ടാനില്ലാതെ അവകാശിയാക്കുന്നതും?

തൊട്ടിലിൽ കിടന്ന എന്നെയും ഭാർഗവൻ എന്ന എന്റെ പിതാവിനേയും കയ്യൊഴിഞ്ഞു് സുശീലയ്ക്ക് ഏതെങ്കിലുമൊരു ദിവസം ഓടിപ്പൊയ്ക്കൂടായിരുന്നോ? ആറാം വയസ്സിൽ എന്നിലയാൾ തുളഞ്ഞു കയറുന്നതിനു മുമ്പോ ശേഷമോ അങ്ങനെ ചെയ്യാമായിരുന്നു. എന്തിനാണ് സുശീല ദയാലുവാകുന്നത്.

"അതില്ലേലെങ്ങനാട്വാവ്വേ കുടുംബം നിക്കണത്, മതം നിക്കണത്, രാജ്യം നിക്കണത്. ഒന്നും കിട്ടാനില്ലാത്തോണ്ടല്ല, പലതും കിട്ടണകൊണ്ടാണ ദയയൊക്കെയുണ്ടാകുന്നത്": ബിനോയി.

ഉള്ളലിവുള്ള ബിനോയിയെപ്പോലൊരാളെ സുശീലയ്ക്ക കിട്ടാതെ പോയതെന്തുകൊണ്ടാകും? വിക്രമനേയും അയാളുടെ ചട്ടമ്പിത്തലവൻ ഭാർഗവനേയും പിന്നെ അവർ ചൂണ്ടിക്കാണിക്കുന്നവരേയും അനുസരിക്കുന്ന അമ്മിണിയായി ഒരാൾക്ക് മാറേണ്ടി വരുന്നത് എന്തുകൊണ്ടാണ്? ജീവിതം മുഴവൻ ഋദ്ധിയെന്ന പെണ്ണിനെ നോ

ക്കേണ്ടത് എന്റെ കടമയാണെന്നു സുശീലയ്ക്കു തോന്നുകയാണ്. അതെന്തൊരു യുക്തിയില്ലാത്ത തോന്നലായിപ്പോയെന്റെ മാതാവേ...

കേസു കൊടുത്ത് ഭാർഗനെ അകത്തിടാൻ നോക്കാത്തതു കൊടിയ തെറ്റായിപ്പോയില്ലേ എന്ന് സിസ്റ്ററോട് ബിനോയി ചോദിച്ചതാണ്. എനിക്കു നിന്റെ രാജ്യത്തെ നിയമം നോക്കാനാണെങ്കിൽ ദൈവവിളി കിട്ടിയ രാത്രീല് തന്നെ ഞാൻ കേസു കൊടുക്കണമായിരുന്നു എന്നാണ് സിസ്റ്റർ അതിനു മറുപടി പറഞ്ഞത്.

ലോഹയിട്ടോരും കാഷായമുടുത്തോരുമൊക്കെ കഥപറയാനിറങ്ങിയാൽ നല്ല കച്ചോടം നടക്കുമെന്ന് മീൻചെകിള ചുരണ്ടുകയായിരുന്ന അന്നമ്മ പതുക്കെ പറഞ്ഞു. ചാടിത്തുള്ളിപോയ സിസ്റ്റർ വാതിൽപ്പടിയിൽ തിരിഞ്ഞു നിന്ന് ഒരു വാചകം കൂടി ചേർത്തു: 'എന്റേത് ദൈവരാജ്യ നിയമമാണെന്ന് ഞാനങ്ങ് സമാധാനിച്ചോളാം.'

## 5

# വിത്തുകാള

ഡോക്ടർ ബിജേഷ് മോഹൻ അന്ന വിളിച്ചിരുത്തി പറഞ്ഞത് പലതും അമ്മയ്ക്ക മനസ്സിലായില്ലെങ്കിലും എല്ലാം ഞാൻ കേട്ടിരുന്നു.

കാലുംകയ്യും അനങ്ങില്ലെങ്കിലും എനിക്ക് ഓർമകളുണ്ട് എന്നാണ് ഡോക്ടർ വീട്ടിലേക്ക വിടുംമുമ്പ പറഞ്ഞത്. എട്ട മാസത്തോളം ഞാൻ കരുതിയത് മരിച്ച് വേറേതോ ജന്മത്തിലാണെന്നാണ്. എനിക്കെല്ലാം അറിയാമെന്നും ഒന്നും ചെയ്യാൻ പറ്റുന്നില്ല എന്നും അറിഞ്ഞതേയില്ല. ഞാൻ കണ്ണുതുറക്കുമ്പോഴൊക്കെ വലിയ സന്തോഷമായിരുന്നു അമ്മയ്ക്ക്. അപ്പോഴൊക്കെ കരുതിയത് മൂപ്പത്തീം മരിച്ച് എന്റെ കൂടെ പോന്നു എന്നാണ്. ആ നിമിഷം പെട്ടെന്നു കഴിഞ്ഞു് ഞാൻ പിന്നെയും മരിച്ചുപോകും. ജനിച്ചുവരും.

അങ്ങനെ കണ്ണുതുറന്നു കിടന്ന ഒരു ദിവസമാണ് അറ്റൻഡർ മോഹനൻ വരുന്നത്. അയാളെന്താണ് ഇങ്ങനെ പരതി നോക്കുന്നത് എന്നെനിക്കു പിടികിട്ടിയില്ല. കട്ടിലിനടിയിൽ വച്ചിരുന്ന ഓക്സിജൻ സിലിണ്ടർ മാറ്റാൻ വന്നതാണെന്നാണ് കരുതിയത്. അയാൾ അവിടെ വട്ടംചുറ്റിയും പാളിനോക്കിയും നിൽക്കുമ്പോൾ തന്നെയാണ് പോസ്റ്റ്മോർട്ടം സഹായി കുഞ്ഞുമോനും വരുന്നത്. അവര് പറയുന്നത് എനിക്കു നന്നായി കേൾക്കാമായിരുന്നു. പാമരത്തിൽ പണിയുണ്ടാക്കാൻ പോയ പെണ്ണാ എന്നു പറഞ്ഞു് മോഹനൻ എന്റെ മേലുള്ള നീലത്തുണി മാറ്റി. അവരുടെ കൈ ഓടുന്നതു കണ്ടപ്പോൾ എനിക്ക് ഊഹിക്കാൻ കഴിഞ്ഞു അവർ ചെയ്യുന്നത് എന്താണെന്ന്. അച്ഛൻ ഭാർഗവൻ ഇനി വന്ന് എന്തുചെയ്താലും ഞാനൊന്നും അറിയില്ലെന്നും ഉറപ്പായി.

ശവമായി മുന്നിൽകിട്ടിയാലും നീ ഇതു തന്നെ ചെയ്യില്ലേടാ എന്ന് വഷളൻ ചിരിയോടെ കുഞ്ഞുമോനോട്ട് മോഹനൻ ചോദിച്ചപ്പോഴാണ് ശവവും ഞാനും

തമ്മിൽ നേരിയ അകലം ബാക്കിയുണ്ടെന്നു തിരിച്ചറിഞ്ഞത്. അതൊരു വല്ലാത്ത വെളിപാടായിരുന്നു.

അന്നു ഞാനൊരു ബുദ്ധനായി. ആ കിടപ്പിൽ എനിക്കു രാവും പകലും പോലെ ഉറക്കവും ഉണർവ്വും വേർതിരിച്ചു കിട്ടി. എനിക്കായിട്ട് ആഗ്രഹം ഒന്നേ ഉണ്ടായിരുന്നുള്ളൂ. എല്ലാം കാണാൻ പറ്റണം. കണ്ണടച്ചാൽ വിചാരിക്കുന്നേടത്തൊക്കെ പോകണം. അമ്മ എന്നും ജോലിക്കു പോയിക്കഴിഞ്ഞാൽ ഞാൻ യാത്ര തുടങ്ങുകയായി.

**കാടുവെട്ടിക്കയറുന്നതിനിടെ നവമി:** "ഈ നിലവറയ്ക്കപ്പുറം മറ്റൊരു പെരുംനുണ വേറെന്തുണ്ട്?"

**ഏകാദശി:** "ഉള്ളിൽ യാനമുണ്ടാകാം എന്ന തോന്നൽ മതി നമുക്കു കാടു തെളിക്കാൻ."

**ഏകൻ:** "ഇനി കണ്ടെത്തുന്നതു ശൂന്യതയാണെങ്കിൽ പഴയ പതിറ്റാണ്ടുകളിലൊന്നിൽ നൗക കൊണ്ടുപോയവരുടെ പേരു നാം കണ്ടെത്തും."

**ഏകാദശി:** "പിന്നെ, അവരുടെ പിന്മുറക്കാർ നമ്മുടെ ശത്രുക്കളാകും."

ത്രയ മാത്രം ഉറക്കെച്ചിരിച്ചു.

ഏകാദശി തമാശ പറയാറില്ലെന്ന് ഏകൻ. ത്രയ അപ്പോഴും ചിരിച്ചു.

എഴുപത്തിയാറുപേർ നിരന്നുനിന്നു വെട്ടിയിട്ടും വാതിലോളം തെളിഞ്ഞില്ല; രാവു വീണു. ഋദ്ധി പായ്‌വഞ്ചിയിലേക്കു നടന്നു. അവിടെ കരയിൽ ദ്വാദശി കരിയില കൂട്ടി തീ കായുന്നു. ഋദ്ധിയുടെ ഉരകല്ലും ഗന്ധകവും അടുത്തു കിടന്നു. നൗകയിൽ നിന്ന് ആദ്യം ഒരു കുട്ടകം. പിന്നാലെ ചണച്ചാക്കു നിറയെ അരി. രാവിലെ കൂട്ടിയ മൂന്നു കല്ലിനുള്ളിലെ ചുള്ളികളിലേക്ക് ഏകൻ തീപകർന്നു.

**ത്രയ:** "തീയില്ല എന്ന ഋദ്ധിയുടെ ഒരു നുണകൂടി എരിഞ്ഞുതീരുന്നു."

**നവമി:** "നമ്മളെ കരുതിയുള്ള നുണ."

ത്രയ ഋദ്ധിയുടെ പുറംകഴുത്തിലേക്കു ചുണ്ടുമുട്ടിച്ചു. ഏകൻ ഒരു വലിയ ഉരുളൻ കല്ലെടുത്ത് ഉയർത്തിയിട്ടു. ത്രയ ഞെട്ടി പിന്മാറി. പഞ്ചമി 'ദ്വിജൻ' എന്നു മാത്രം പറഞ്ഞതോടെ സ്ഫോടനാത്മകമായ ഒരു പകൽ കഴിഞ്ഞുപോയെന്ന് അവർ പൊടുന്നനെയോർത്തു. ഏകൻ കല്ല് തിരികെ ഉരുട്ടിക്കയറ്റാനാഞ്ഞു, പിന്മാറി, ചവിട്ടിക്കുതിച്ചുപോയി.

കുട്ടകത്തിലെ വേവു നോക്കി ഋദ്ധി: "നമ്മുടെ അവസാന അരിയാഹാരം; സമുദ്ര തന്നുപോയതാണ്.

ഇനി നമുക്ക് യാനങ്ങൾ കണ്ടെത്തണം. അല്ലെങ്കിൽ കട്ടമരങ്ങൾ. മാനുകളെ നാളെത്തന്നെ വെയിലത്ത് ഉണക്കാൻ തുടങ്ങണം, പിന്നെ വാരിക്കമ്പുകളിൽ കോർത്തെടുക്കണം. മുയലുകളെ നമ്മൾ ഉണക്കിയെടുക്കും. കപ്പൽച്ചാൽ നീളെ തിരണ്ടികൾ ഉരുവിലേക്കു വഴിതെറ്റിവരും."

ഉയർത്തിപ്പിടിച്ച ഋദ്ധിയുടെ ഇടംകയ്യിൽ ചുട്ടുവച്ചിരുന്ന കരിച്ചാളയിലൊന്നു ണ്ടായിരുന്നു. കണ്ണ് അവിടെത്തന്നെ ഉറപ്പിച്ചു നിർത്തി മറ്റ് എഴുപത്തിയേഴ് കൈ കൾക്കൊപ്പം മാറിമാറി വലംകൈ കുട്ടകത്തിലേക്ക്. ഓരോ തവണ വറ്റു തേടി കൈ താഴ്ത്തുമ്പോഴും ഒരു മൃദുവായ ചുറ്റിപ്പിടിത്തം ഋദ്ധി അറിഞ്ഞു. ത്രയയല്ല. ത്രയ ഏകനൊപ്പം മറുവശത്തെ പാതിയിരുട്ടിലുണ്ട്. ഇത്തവണ ആ കൈക്കുടി ചേർത്ത് ഋദ്ധി ഉയർത്തി. ദ്വാദശി നെഞ്ചിലേക്കു വീണു വിതുമ്പി.

ദ്വാദശിയുടെ മുടിയിഴകൾ അഴിച്ചെടുക്കാനാകാതെ ഋദ്ധിയുടെ വിരലുകൾ തപ്പി ത്തടഞ്ഞു. തടവറക്കിടപ്പിൽ ജട കെട്ടിയ വലതുവശം പലകപോലെ കനംവച്ചിരു ന്നു. വലംതലയിൽ കിടന്നു ശീലിച്ച ദ്വാദശിയുടെ ഇടംതല മടിയിലേക്കു ചേർത്തു. ഋദ്ധിയുടെ പൊക്കിൾച്ചുഴിയിലേക്ക് ദ്വാദശി മുഖംപൂഴ്ത്തി. ഉപ്പുനീരുനിറഞ്ഞ തടാകമു ണ്ടായി. ദ്വാദശി മുങ്ങിനിവർന്നു.

എഴുന്നേൽക്കുമ്പോൾ ഋദ്ധി പായ്ക്കപ്പൽ തുഞ്ചത്തിരുന്ന് പുലർകാല പ്രകൃതിവി ളി അനുസരിക്കുന്നു. കടലിനേക്കാൾ വലിയ ഫ്ലഷ് വേറെ എവിടെ കിട്ടാൻ. ദ്വാദശി കടലിലേക്കിറങ്ങി. മുടിയിഴകൾ വിടർത്തി. മുങ്ങിനിവരുമ്പോൾ ഏകൻ തിരകളിൽ നിന്ന് ത്രയയെ കൈകളിലേന്തി വരുന്നു. ത്രയ ആർത്താർത്ത് ഏകന്റെ കഴുത്തിൽ വട്ടംകിടന്നു. നടപ്പിൽ ത്രയയുടെ പൊക്കിളിന്റെ ആഴം ഏകൻ നാവുകൊണ്ട് അള ന്നു. ദ്വാദശി കൈകളിൽ ഒരു ചുംബനം പതിപ്പിച്ച് ഊതിയയച്ചു. ത്രയ അതേറ്റുവാ ങ്ങി ഏകനിലേക്കു തിരയായി.

ദ്വാദശി മുടിയിഴകളിൽ നിന്ന് പഞ്ചാരമണൽത്തരികൾ പാറ്റിയെടുത്തു.

ഒരു മുറം മുന്നിൽ വച്ച് അമ്മ. പുഴുക്കുത്തുവീണ റേഷൻ പച്ചരി ജടകെട്ടിയ മുടി പോലെ നിരനിരെക്കിടന്നു. ഓരോ ജടയും വിരൽകൊണ്ട് ഞരടിവിടർത്തി, ഉതിർ ത്തി പാറ്റി. ഓരോ തവണ മുറം ഉയർന്നു താഴ്ന്നു വരുമ്പോഴും അമ്മയുടെ കൈവിരലു കൾ താളമായി. തക്കിടതാ… തധീംകിടതാ… ദ്വാദശി എന്ന ഒൻപതുകാരി കമഴ്ത്തിവ ച്ച കുടത്തിലിരുന്ന് താളമിട്ടു.

അമ്മ വേഗം കൂട്ടി; ദ്വാദശിയും. അമ്മ നിർത്തി മുറമൂലയ്ക്കു കൂടിയ കല്ലും പുഴുക്കുടും പെറുക്കി. ദ്വാദശി ഒറ്റവിരൽകൊണ്ട് ആ ചെറുകല്ലുകൾ കൂട്ടിമുട്ടുന്ന നേർത്ത ഝിലം ഝിലം ശബ്ദമുണ്ടാക്കി. അമ്മ വേഗം കൂട്ടി. ദ്വാദശി ഓട്ടവീണ ഓലമേൽക്കൂരയിലേ ക്കു തലയുയർത്തി. കുടത്തിലെ താളവേഗം കൂടി. അമ്മ മുറം താഴെ വച്ചു. ദ്വാദശി കൊട്ടു നിർത്തി അടുപ്പിലേക്കു നോക്കി.

**അമ്മ:** “മേളം നിന്റെ വിശപ്പുമാറ്റും.”

**കേളൻ കയറിവന്നു:** “പറയച്ചെണ്ടയിൽ കോലു വീഴുന്നത് ചത്ത കാലിയുടെ ശവ മെടുക്കാനാണ്; വിശപ്പും കെടും.”

ശവവും വിശപ്പും ദ്വാദശിയിൽ തികട്ടിവന്നു.

ഇന്നലെ ദ്വിജദേഹം കണ്ടതുമുതൽ തോന്നിയ താളം വെള്ളത്തിൽ അടിച്ചു പെ രുക്കി. മൃഗത്തോൽ പോലെ തിര ഓരോരോ പാളിയായി അടികൊള്ളാൻ പാക

ത്തിൽ മുന്നിലുയർന്നു വന്നു. ദ്വാദശി പാതിപ്പെരുക്കത്തിൽ താളം നിർത്തി തിരകളി ലേക്കു മുഖംപൂഴ്ത്തി. കണ്ണീരും കടലും കുറുക്കിയെടുത്ത് ഒരുപ്പുകൊറ്റൻ ത്രയോദശിയി ലേക്കു കയറിവന്നു.

ബിനോയിക്ക് പല രാത്രികളിലും അകത്തു സുശീല മാത്രമായിരുന്നു.

പതിനാലാം വയസ്സുമുതൽ ചേച്ചിയുടെ ഭർത്താവു വച്ചുകൊണ്ടിരുന്ന പെണ്ണാ ണ്. അയാളുടെ കൂട്ടാളികളും പൊതുമുതൽ പോലെ കണ്ട ശരീരമാണ്. തൂക്കി നോ ക്കിയാൽ കിലോ മുപ്പതു തികയില്ല. അത്രയ്ക്കും അശുവാണ്. എന്നിട്ടും രാത്രി കിടക്കു മ്പോഴൊക്കെ അവൾ അകം കേറിവന്നു. അതെന്തുകൊണ്ടാണെന്ന് ബിനോയിക്ക് ഒരെത്തും പിടിയും കിട്ടിയില്ല.

ഒരു രാത്രി ബിനോയിക്ക് ബോധോദയം ഉണ്ടായി. ഒന്നു ഞൊടിച്ചാൽ പോ രാൻ മാത്രം ദുർബലയാണ്. മേല്കീഴ് നോക്കാൻ ഇനി ഒന്നും ഇല്ലാത്തോളാണ്. അവളുടെ നിസ്സഹായത ഞാനും മുതലെടുക്കുകയാണ്. അവളെ ഉള്ളിലിട്ടു വ്യഭിച രിച്ചതിന്റെ പാപംതീരാൻ അടുത്ത ദുഃഖവെള്ളിക്ക് ഇരുപതടി മരക്കുരിശുമായി മല യാറ്റൂരു കേറാമെന്ന് ബിനോയി നേർന്നു.

കക്കവാരാൻ കഴുത്തോളം വെള്ളത്തിൽ നിൽക്കുമ്പോഴാണ് അത്തരക്കാരെ പെറുക്കികൾ എന്ന് അന്നമ്മ തീർത്ത് ഇല്ലാതാക്കി കളഞ്ഞത്.

“കെട്ട്യോൻ ചത്തോരും കെട്ട്യോനിട്ടിട്ടു പോയോരും ഒരുങ്ങി കിടക്കുവാന്നാ ണ് അവന്റെയൊക്കെ വിചാരം. രാത്രി നീ അടുക്കള വാതില് തുറന്നിട്ട് തുണിയൊ ക്കെ മാറ്റിയിരുന്നാൽ ഞാനിത്തിരി സുഖം തന്നിട്ടു പൊക്കോളാം എന്നാണ് അവ നെപ്പോലുള്ളവരുടെ മനോനില.”

ബിനോയി അങ്ങനത്തെയാളല്ല എന്നു പറഞ്ഞാൽ അന്നമ്മ തട്ടിക്കേറുമെന്നു പേടിച്ച് സുശീല അടുത്ത കക്കതേടി കൈ താഴ്ത്തി. ഒരു മടഞ്ഞില് വളവളാന്നു പോകു ന്നു. നടുക്കു തന്നെ പിടിത്തം കിട്ടി. വഴുതിപ്പോകുംമുമ്പു ബക്കറ്റിലേക്കു തട്ടി. പെട്ടാൽ പിന്നെ കരയ്ക്കു കേറാനുള്ള നട്ടെല്ലുറപ്പില്ലാത്തവരാണ് ആണുങ്ങളെപ്പോലെ മടഞ്ഞി ലും. കിടന്നു പുളയ്ക്കുമെന്നേയുള്ളൂ.

“അങ്ങേര് ഫ്യൂരിഡാൻ വലിച്ചുകേറ്റിപ്പോയി നാൽപ്പത്തൊന്നു തികയും മുൻപാ ണ്. കാശുകൊടുത്തേലൊരുത്തൻ, ആ ബ്ലേഡ് മത്തായിയില്ലേ, അയാളു രാത്രി വീട്ടില് വന്നു. ഞാനങ്ങു സമ്മതിച്ചു. പത്തുമിനിറ്റുകൊണ്ട് അയാളുടെ വായു പോ യി. അപ്പോൾ മുതല് അങ്ങേര് ഒരേ നിലവിളി. നീ എന്നെ ചതിക്കുമോ അന്നമ്മേ ന്നു ചോദിച്ച്. കണ്ണു രണ്ടും നിറഞ്ഞൊഴുകുകയാണ്. പെട്ടുന്നു കണ്ടാൽ ആണുങ്ങള് മഹാകഷ്ടമാണ്. നെഞ്ചത്തടിച്ചായിരിക്കും കാറുന്നത്.”

“നിങ്ങളെയൊന്നും ചതിക്കാൻ എന്നേക്കൊണ്ടു കൊള്ളുവേല ചേട്ടാ... എന്ന എന്റെ ഒറ്റവാക്ക് കേട്ടതോടെ അങ്ങേരു സ്വിച്ച് അമർത്തിയതുപോലെ കരച്ചിൽ അവസാനിപ്പിച്ചു. ഇപ്പം ഞാൻ വിളിച്ചാൽ ചോദിക്കുന്ന കാശുവച്ചിട്ടു പോകും. അതു

ചെയ്യിച്ചാൽ പിന്നെ ഈ അന്നമ്മയ്ക്ക് ഉറക്കം വരത്തില്ല. അവൻ മരിക്കുന്നതുവരെ എന്നെ പേടിച്ച് നടക്കണം. ഞാൻ മടഞ്ഞില്ല വിൽക്കാൻ കെട്ട്യോളുടെ മുന്നിൽ കൊട്ടയിറക്കി വയ്ക്കുമ്പോഴൊക്കെ അവൻ വെപ്രാളപ്പെട്ട് പരക്കം പായണം. നാറികൾ."

സുശീല വേറൊന്നാണ് ആലോചിച്ചത്. കക്കയിറച്ചിക്കൊന്നും പഴയ മേഗതിയില്ല. മീൻപിടിച്ചാലോ എന്നു തോന്നാൻ തുടങ്ങീട്ട് കുറച്ചായി. മൊയ്തീനാണെങ്കിൽ വള്ളം വിൽക്കാനിട്ടിരിക്കുകയാണ്. അതിനൊള്ള കാശും വീശുവല വാങ്ങാനുള്ളതും ഇടവകക്കാര്യ സഹകരണ സംഘത്തീന്ന് വായ്പയെടുപ്പിച്ച് താമെന്ന് ബിനോയി പറയുകേം ചെയ്തു. കായലിങ്ങനെ മീനുമായി കെടക്കയല്ലേ മലയത്തീന്നാരുന്നു ആ പ്രലോഭനം.

"സഹായിക്കാൻ വരുന്നോനൊക്കെ ശരീരം കണ്ടിട്ട് തന്നെയാണ്. ബാക്കി കരുണയൊക്കെ മേനിപറച്ചിലാണ്." അന്നമ്മയ്ക്ക് ഒരു സംശയവും ഉണ്ടായില്ല.

സുശീല ഉണർന്നെഴുന്നേറ്റപ്പോൾ ചുറ്റും പുകയായിരുന്നു.

കാർത്ത്യായനിയുടെ വീട് നിൽക്കുന്നിടത്ത് ആളനക്കത്തിന്റെ ലക്ഷണങ്ങളില്ല. ചാളക്കാരി കോളനിയിൽ നിന്ന് പലരും രാത്രി തന്നെ പോയിരിക്കുന്നു. യുദ്ധം മുക്കുകയാണ്. ഋദ്ധിയെ കൊണ്ടുപോകാൻ പഞ്ചായത്ത് ഓഫീസിൽ നിന്നു രാവിലെ ആംബുലൻസ് അയയ്ക്കുമെന്ന് എവിടെ നിന്നോ പാഞ്ഞുവന്നു പറഞ്ഞിട്ട് മെംബർ പൈലി അതേ വേഗത്തിൽ സ്കൂട്ടർ ഓടിച്ചു പോയി. എല്ലാവരും ഒന്നിച്ച് ജീസസ് മേരി സ്കൂളിലെ വയ്പുപുരേലാണ് കിടക്കാൻ പോകുന്നത്. അത് മണ്ണിനു താഴെ കുഴിച്ചുണ്ടാക്കിയ നിലയാണ്. സ്കൂള് പണിത മാനേജ്മെന്റ് കഞ്ഞിപ്പുര കുഴിച്ചുവച്ചതു കാര്യായി എന്നു കൂടി പറഞ്ഞിട്ടാണ് പൈലി മെംബർ പോയത്.

ആരോടാണു യുദ്ധമെന്ന് അമ്മ മെംബറോട് ചോദിച്ചില്ലല്ലോ എന്ന് ഋദ്ധിക്കു നീരസം തോന്നി. തുറന്ന കണ്ണ് പെട്ടെന്ന് അടഞ്ഞു. ഇപ്പോഴൊക്കെ പത്തു നിമിഷമൊക്കെയാണ് ലോകം കാണാൻ പറ്റുന്നത്. ബാക്കിയുള്ള നേരത്തൊക്കെ മരിച്ചതുപോലെയാണ്.

ഋദ്ധിയുടെ മേൽക്കാഴ്ച പെട്ടെന്നു മാറി.

ഇതുവരെ ഉണ്ടായിരുന്ന അടിവശം തേയ്ക്കാത്ത വാർക്ക മേൽക്കൂരയിൽ കുറെക്കാലമായി ഒരു ആൺപല്ലി വരുമായിരുന്നു. തലയ്ക്കു മുകളിൽ വന്ന് എപ്പോഴും വട്ടം തിരിഞ്ഞ് ചില്... ചില്... ചിലയ്ക്കുന്നവൻ. അമ്മ രാവിലെ ഇറങ്ങിയാൽ ഞാൻ കാണുന്ന ജീവനുള്ളവയിൽ അപൂർവം ഒരാൾ. പിന്നെയുള്ളത് അവനു വേണ്ടിയെന്നതുപോലെ പെറ്റുപെരുകുന്ന പ്രാണികളും ഈയലുകളുമാണ്. ഇടയ്ക്കു മാത്രം അവൻ കൂട്ടുകാരിയുമായി വരും. അവൾ ബാക്കി സമയത്ത് എവിടെയാണാ ആവോ? ചിലപ്പോൾ ആ മുറിയുടെ തന്നെ മറ്റൊരു ദേശത്തു കാണും. എന്റെ കണ്ണുചെല്ലുന്ന നാലഞ്ചടി പ്രദേശത്തല്ലാതെ രാജവെമ്പാലകൾ താമസിച്ചാലും ഞാനറിയണമെന്നില്ല.

പെൺപല്ലി കാഴ്ചയിൽ വളരെ ദുർബലയാണ്. കൂട്ടുകാരി വന്നാൽ പിന്നെ അതുവരെയുള്ള അവനല്ല. സ്വയം ദിനോസറിനെപ്പോലെ വലിയവനാണെന്ന മട്ടിലുള്ള നിൽപൊക്കെ നിർത്തും. കൊമ്പനും പിടിയും സിംഹവും സിംഹിണിയും ഒക്കെപ്പോലെ ദൂരക്കാഴ്ചയിൽ തന്നെ ആൺപെൺ വേറിട്ടു നിൽക്കുന്നവരാണ്. അവൻ പല്ലിപ്പെണ്ണിന്റെ അടുത്തു പോകുന്നതു തന്നെ ഒട്ടും തിടുക്കപ്പെടാതെ സൗമ്യപാദപദനങ്ങളുമായാണ്. പെൺപല്ലിയാണെങ്കിൽ ഭീമാകാരനായ ആണൊരുത്തൻ വരുന്നു എന്ന പേടിയൊന്നും ഇല്ലാതെ നിൽക്കും. പിന്നെ അവർ എന്റെ തലയ്ക്കു മുകളിൽ വച്ചു തന്നെ ചുണ്ടുരുമ്മും. നാവുകൾ മുട്ടിക്കും. വാലുകൾ കൂട്ടിപ്പിണച്ചു നൃത്തം ചെയ്യും. അധികാരി ഭാവം ആൺപല്ലിക്കോ അടിമഭാവം പെൺപല്ലിക്കോ കണ്ടിട്ടില്ല. സിംഹിണിക്കു മേൽ സിംഹത്തിനും പിടിയാനയ്ക്കു മേൽ കൊമ്പനും അങ്ങനെ ഒരു അവകാശമില്ലല്ലോ. തിന്നാനുള്ള ഇരയുടെ മേൽ അല്ലാതെ അവരൊന്നും അവകാശം കാണിക്കാറുമില്ല.

വഴിയേ പോകുന്നവരെ ഒക്കെ കുത്തുന്ന ഒരു കാളയുണ്ടായിരുന്നു പാപ്പുവിന്. അമ്മ മൂന്നോ നാലോ തവണ പറഞ്ഞിട്ടുള്ള കഥയാണ്. ഞാനും അമ്മയും തമ്മിൽ പതിനാലു വയസ്സിന്റെ വ്യത്യാസമേയുള്ളൂ. പത്തൊൻപതാം വയസ്സിൽ ഞാൻ അപകടത്തിൽപ്പെടുമ്പോൾ അമ്മയ്ക്കു മുപ്പത്തിമൂന്നു വയസ്സ്. ശരിക്കും ഞങ്ങൾ രണ്ടുപേരും അന്നു ചെറുപ്പക്കാരാണ്. ഇന്ന് എനിക്ക് മുപ്പതാകുന്നു. അമ്മ നാൽപ്പത്തിനാലിലേക്കും. ഇപ്പോഴും രണ്ടാളും ചെറുപ്പം തന്നെ. എങ്കിലും അമ്മയുടെ ലോകവും എന്റെ ലോകവും തമ്മിൽ വലിയ അന്തരമുണ്ട്. അമ്മയുടെ ഓർമ്മയിലൊക്കെ പുരാതനമായ ഒരു ലോകമാണ്. പറയുന്നതൊക്കെ അമ്മൂമ്മയുടെ കാലത്തെ കഥകളാണ് എന്നു തോന്നിയിട്ടുണ്ട്. അമ്മയുടെ പതിനാലു വയസ്സിനിടെ അമ്മൂമ്മ മഹാഭാരതത്തിലുള്ളതിലധികം കഥകൾ അമ്മയ്ക്കു പറഞ്ഞുകൊടുത്തിട്ടുണ്ട്. നിലത്തെഴുത്താശാന്റെ മകളായ അമ്മൂമ്മയ്ക്ക് അച്ഛൻ കുട്ടികളോട് പറയുന്നതുകേട്ടു കിട്ടിയ കഥകളാണെല്ലാം.

നിലത്തു വിരിച്ചിട്ട മണലിനു മുന്നിൽ പത്തുമുപ്പതു കുട്ടികളെ എഴുതാൻ വിട്ട് അച്ഛനിരുന്ന് കഥ പറയും.

കുട്ടികൾക്ക് ഒരാഴ്ചയൊക്കെ ഒരക്ഷരം തന്നെ മണലിൽ എഴുതിയും മായ്ച്ചും ഇരിക്കാം. വർഷത്തിൽ അൻപത്തിമൂന്ന് ആഴ്ചയുണ്ട്. അക്കാലംകൊണ്ട് അൻപത്തിയാറക്ഷരം പഠിച്ചാൽ മതിയെന്നാണ് കളരിക്കണക്ക്. അക്ഷരം പൂർത്തിയായിട്ടേ അക്കത്തിലേക്കു കയറൂ. അതും ഒരു വർഷം കൊണ്ട് നൂറുവരെ പഠിപ്പിക്കും. രാവിലെ എട്ടു മുതൽ ഉച്ചവരെ കഥകേൾക്കുക, അക്ഷരം എഴുതിയും മായ്ച്ചും ഇരിക്കുക. അതായിരുന്നു പാഠ്യപദ്ധതി. ഉച്ചയ്ക്ക് ഊണു കഴിഞ്ഞാൽ എല്ലാവർക്കും തറയിൽ നിരന്നു കിടക്കാം. അച്ഛൻ പാട്ടുകൾ പാടും. കൃഷ്ണഗാഥയും പൂതപ്പാട്ടും കുചേലവൃത്തവുമൊക്കെയാണ് ചാരുകസേരയിൽ കിടന്ന് പാടുക. അതു കേട്ട് കുട്ടികൾ ഉറങ്ങും.

ഒരു ദിവസം മൂന്നോ നാലോ കഥകൾ അച്ഛൻ പറയും. മഹാഭാരത കഥയാണ് കൂടുതൽ. പക്ഷേ, അതു പറയുന്നതിനൊപ്പം നാട്ടിലെ ആളുകളും കയറിവരും.

കർണന്റെ കഥ പറഞ്ഞാൽ ഒപ്പം പറയുക പണ്ടു സ്കൂളിൽ കയറ്റാത്തതിനാൽ അരഭിത്തിക്കു വെളിയിലിരുന്നു കേട്ടു പഠിച്ചു നാടുവിട്ടു മദിരാശിക്കു പോയി അവിടെ ഇംഗ്ലീഷ് പത്രത്തിൽ ജോലി ചെയ്ത പി. കെ. കറുപ്പരയന്റെ കഥയായിരിക്കും. കറുപ്പരയൻ ഇംഗ്ലീഷ് പത്രത്തിലൊന്നുമല്ല മദിരാശിയിലെ സിനിമാ കൊട്ടകയിൽ ടിക്കറ്റ് കൊടുപ്പുകാരനാണെന്ന് വാര്യരും മാരാരും ശംഘും ചെണ്ടയുമായി പറയെടുപ്പിനു പോകുന്നിടത്തെല്ലാം ദക്ഷിണ വാങ്ങി ഇഡ്ഡലിയും ചമ്മന്തിയും കഴിക്കുമ്പോൾ പറഞ്ഞു തിരുത്തി നടക്കുന്നത് ആശാൻ മാത്രം സമ്മതിച്ചില്ല. സത്യം തെളിയിക്കാനായി കറുപ്പരയനൊട്ടു നാട്ടിലേക്കു വന്നതുമില്ല. അങ്ങനെ കേട്ട കഥകൾ മുഴുവൻ ഭവാനി അമ്പിളിക്കും സുശീലയ്ക്കും പറഞ്ഞുകൊടുത്തു. മറ്റുലോകമൊന്നും സ്വന്തമായി ഇല്ലാത്ത അമ്മ ആ കഥയിലാണ് ഉഴുഞ്ഞുനടക്കുന്നത്.

പാപ്പുവിന്റെ പറമ്പിൽ കയറിയാൽ ആരായാലും വേണ്ടില്ല കാള ഓടിച്ചിട്ടു കുത്തും.

നാട്ടിലെ താരപദവിയുള്ള വിത്തുകാളയാണ്. പെരിയപാപ്പ എന്നാണ് കുട്ടികൾ ഇട്ടിരുന്ന പേര്. പക്ഷേ, ഒരു പശുവിനേയും അവൻ കുത്തിയിട്ടില്ല. പുളപ്പുള്ള പശുക്കളുമായി നാട്ടിലെ ആണുങ്ങൾ വരും. കാള പശുവിനോട്ട് ചെയ്യുന്നത് പെണ്ണുങ്ങൾക്കു കാണാൻ കൊള്ളുന്നതല്ല എന്ന തോന്നലൊക്കെ അവിടെയുമുണ്ടായിരുന്നു. പശുക്കളുമായി നടകയറി ചെല്ലുമ്പോഴേ പെരിയപാപ്പ തല മുകളിലേക്കും താഴേയ്ക്കുമാട്ടി മാടി വിളിക്കും. അല്ലെങ്കിൽ കൊമ്പുകുലുക്കി കുത്താൻ വരുന്നവനാണ് അങ്ങനെ നല്ല ആതിഥേയനാകുന്നത്. അമ്മയുടെ ആ കഥമാത്രം എന്നും ഇവിടെ വന്ന് അവസാനിച്ചു. ഇതിങ്ങനെ അവർത്തിച്ചു പറയാൻ മാത്രം എന്താണെന്ന് ആലോചിച്ചു ഞാൻ കുറെ സമയം കളഞ്ഞുമിച്ചും.

— 6 —

# ചുറ്റികത്തലയൻ

ഇപ്പോൾ എന്റെ മുകളിൽ തട്ടുതേച്ച മേൽക്കൂരയാണ്.

ഒരു ചിലന്തിവല പോലും കാണാനില്ല. സ്കൂളിലെ വയ്ക്കോൽ പുരയാണെങ്കിലും എന്തു മിനുസമാണ് മേൽക്കൂരയ്ക്ക്. താഴെ തറ അതിലും തിളങ്ങുന്നുണ്ടാകണം. മഠത്തിലെ നിലമൊക്കെ മൊസൈക്കായിരുന്നു. അതിലെ കല്ലുകൾ പൊങ്ങി നിന്നു. മിനുസമുള്ള ടൈൽസ് ഇടാൻ പലവട്ടം സൂപ്പിരിയർ ജനറലിന് എഴുതിയിട്ടും രൂപതയിൽ നിന്ന് അനുവാദം കിട്ടിയില്ലെന്ന് സിസ്റ്റർ ഫിലോമിന പറയുമായിരുന്നു. ഫിലോമിന സിസ്റ്റർ എപ്പോഴും കണക്കു ബുക്കുകൾക്കു മുന്നിലായിരുന്നു. മത്തായിയുടെ കടയിൽ നിന്ന് പൊറോട്ട വാങ്ങിയതിന്റെ കണക്കിൽ ബാക്കി കിട്ടാനുള്ള രണ്ടു രൂപ വരെ ആ പേരേടിൽ ഉണ്ടാകും. അടുത്ത തവണ ആ രണ്ടു രൂപ കുറച്ചുള്ള പണം കൊടുത്തില്ലെങ്കിൽ അന്നമ്മയെ വീണ്ടും പറഞ്ഞുവിടും. സിസ്റ്റർ സന്ധ്യ അതെല്ലാം ചെറു ചിരിയോടെ കണ്ടു നിന്നു.

എന്റെ കട്ടിലിനു താഴെ കുട്ടികളുടെ ബഹളം കേൾക്കുന്നുണ്ട്. ഒരു കുട്ടി നില വിളിക്കുകയാണ്. അതിന് എഴുന്നേറ്റ് ഇത്തിരി പാൽ കൊടുക്കണം. പാവം കുട്ടി. എനിക്ക് ഒരിക്കലും കുട്ടികളെ പ്രസവിക്കണം എന്നു തോന്നിയിട്ടില്ല. അവരെ വളർത്തുന്നതും ഞാൻ സ്വപ്നം കണ്ടിട്ടില്ല. പക്ഷേ, ഒരു കുട്ടി എനിക്കു വേണ്ടി കയ്യടിക്കുന്നത്, ഞാൻ പായ് നൗകയിൽ ലോകം ചുറ്റിവരുമ്പോൾ അവൾ തുള്ളിച്ചാടുന്നത്, ഓടിവരുന്നത്, എന്റെ തോളത്തിരിക്കുന്നത് ഒക്കെ ഞാൻ കാണാറുണ്ട്. അത് ഒരു പെൺകുട്ടിയാണ്. അവളുടെ അമ്മ ഞാനല്ല. അപ്പോൾ ഞാൻ സുശീലയാണോ. സുശീലയാണോ പായ്ക്കപ്പലിൽ പോകുന്നത്. ഋദ്ധിയാണോ ഓടിവരുന്നത്. കുഞ്ഞിന്റ ശബ്ദം ഇപ്പോൾ കേൾക്കുന്നില്ല. അതു കരച്ചിൽ നിർത്തിയെന്നു തോന്നുന്നു. ഋദ്ധി മിണ്ടാതായല്ലോ... ഋദ്ധിക്കുട്ടി മിണ്ടുന്നില്ലേ... ആർക്കും ഒച്ചയില്ല... വെളിച്ചമില്ല... കുരിരുട്ടാണ്...

സുശീലയുടെ അടുത്തേക്ക് അന്നമ്മ നടന്നുവന്നു.

"പിള്ള ഇപ്പം എത്രവർഷമായീടീവ്വേ ഇങ്ങനെ." സുശീല അഞ്ചു വിരലുകൾ രണ്ടുതവണ മടക്കി കാണിച്ച്, കൊണ്ടുവന്ന സാധനങ്ങൾ അടുക്കിവയ്ക്കാൻ തുടങ്ങി. അന്നമ്മ അറിയാത്തതു കൊണ്ട് ചോദിക്കുന്നതല്ല എന്ന് സുശീലയ്ക്ക് അറിയാം.

"എന്റെ മീനുവിന്റെ ഒത്തുകല്യാണത്തിനു മുന്നാണ്. പത്തല്ല പതിനൊന്നാകാറായിക്കാണും."

സുശീല ചെയ്യുന്ന ജോലി തുടർന്നു.

"അത് എപ്പോഴും ഉറക്കമാണോ?"

**സുശീല:** "ആദ്യത്തെപ്പോലെ തെളിച്ചമില്ല. ഇപ്പോ രണ്ടോ മൂന്നോ മിനിറ്റൊക്കെയാണ് തുറന്നു കിടക്കുന്നത്."

**അന്നമ്മ:** "നമ്മളല്ലാതെ വേറാരും ഇതിനെ മനുഷ്യക്കുഞ്ഞായിപ്പോലും കാണുന്നില്ലാന്നു തോന്നുന്നല്ലോ പൊന്നു മാതാവേ..."

ഇങ്ങനെ പറയുന്നതിനൊന്നും സുശീല മറുപടി പറയാറില്ല.

**അന്നമ്മ:** "നമ്മളീ പറയണതൊക്കെ കുഞ്ഞു കേൾക്കണുണ്ടാവ്വോ..."

**സുശീല:** "വീടിനു മുകളിലൂടെ വിമാനം പോയിട്ടുകൂടി കണ്ണു തുറന്നില്ല."

**അന്നമ്മ:** "എന്തെല്ലാം എന്തോരം അറിഞ്ഞിരുന്ന പൊന്നാ..."

കഴുത്തിനു താഴേക്കു നിർജീവമായി കിടക്കുന്നയാളെ പൊന്നേ എന്നു വിളിക്കാൻ അങ്ങനെ എല്ലാവർക്കും കഴിയില്ലെന്ന് സുശീല ഓർത്തു. സിസ്റ്റർ സന്ധ്യയേക്കാൾ വലിയ കരുണയാണ് ഒരു കാര്യവുമില്ലാതെ അന്നമ്മ കാണിക്കുന്നത്. എത്ര രാത്രികളിലാണ് അന്നൊക്കെ ആശുപത്രിയിൽ കൂട്ടിരുന്നത്. ഞങ്ങൾക്കുകൂടി വേണ്ടിയാണ് അന്നമ്മ പകൽ പണിക്കു പോയത്. അഗതിയായി രാത്രിയിൽ മഠത്തിൽച്ചെന്ന് ആകെയുള്ള പനമ്പിന്റെയറ്റം കയ്യേറിയ ആൾക്കു ലോകത്താരു നൽകും ഇതുപോലെ കരുണ.

ആരും തെരഞ്ഞുവരാതിരുന്ന ആഴ്ചകൾക്കൊടുവിൽ സ്വന്തം അമ്മയെ അന്വേഷിച്ചു പോകാൻ പറഞ്ഞ് സിസ്റ്റർ നിർബന്ധിച്ചു വിട്ടതായിരുന്നു.

അമ്മ ഏറ്റെടുക്കും എന്ന് ഉറപ്പായിരുന്നു. പക്ഷേ, ഭാർഗവൻ തെരഞ്ഞുവരുമെന്ന പേടിയിലാണ് അങ്ങോട്ടു പോകാതിരുന്നത്. സിസ്റ്ററുടെ നിർബന്ധം കൂടിയപ്പോഴാണ് പുറപ്പെടാൻ തീരുമാനിച്ചത്. ചെന്നപ്പോൾ അവിടെ മറ്റൊരു കുടുംബം താമസിക്കുന്നു. വീടു വാങ്ങിയവർക്കും അയൽക്കാർക്കും അറിയില്ല വിറ്റവർ എവിടെ പോയെന്ന്. സ്ഥലം കണ്ടു, പിറ്റേന്ന് ആധാരം എഴുതി, അന്നു തന്നെ താക്കോൽ തന്നു. ഇതാണ് വീട്ടുകാർ പറഞ്ഞ കച്ചവടക്കഥ. രാത്രിയ്ക്കുരാമാനം കച്ചവടം നടത്തി ആനക്കാരനും ഭാര്യയും നാടുവിട്ടെന്നൊരു പറച്ചിൽ മാത്രമായി ബാക്കിയുള്ള തായ് വഴി.

സ്ഥലം വിറ്റ് കാശു വാങ്ങി ഭാർഗവൻ രണ്ടുപേരേയും തീർത്തു കാണില്ലേ എന്ന ബിനോയിയുടെ ചോദ്യം ഉള്ളിൽ ഒരു ഇളക്കവും ഉണ്ടാക്കിയില്ല. ആ ചോദ്യമുണ്ടാക്കാൻ പൊലീസിൽ ചേരേണ്ട കാര്യമൊന്നുമില്ലല്ലോ. സ്വന്തം മകളെ അങ്ങനെ ചെയ്യൊരാൾ ലോകത്ത് വേറെന്തൊക്കെ ചെയ്തുകൂടാ.

ഭാർഗവന് ജീവിതത്തിൽ ആദ്യമായി മകൾക്കൊപ്പം കിട്ടിയ ദിവസമായിരുന്നു അത്.

പശുക്കുട്ടി അമറാനും നിലത്തു ചവിട്ടാനും തുടങ്ങിയിട്ട് രണ്ടു ദിവസമായിരുന്നു. കഴുത്ത് വലിച്ച് മേലോട്ടുള്ള നിൽപ്പും പിൻഭാഗത്തുനിന്നുള്ള നീരുപോക്കും കണ്ട് അമ്മിണിയാണ് പാപ്പുവിന്റെ കാളയുടെ അടുത്തു പോകാം എന്നു പറയുന്നത്. എല്ലാവരും കുത്തിവയ്പ്പിലേക്കു മാറിത്തുടങ്ങിയിരുന്നു. മൃഗാശുപത്രിയിൽ നിന്ന് ഡോക്ടർ അല്ലെങ്കിൽ കമ്പൗണ്ടർ വരും. കുത്തിവച്ചു പോകും. ഒരു പശുക്കുട്ടിയെ ആറ്റുനോറ്റു കിട്ടിയതാണ്. ഭാർഗവൻ എവിടെ നിന്നോ മോഷ്ടിച്ചതാണോന്നും സംശയമുണ്ട്. ഡോക്ടറെ വിളിച്ച് അതിനെ കാണിക്കാതിരിക്കുകയാണ് നല്ലത് എന്ന് സുശീലയ്ക്കു തോന്നി. മൃഗഡോക്ടർമാർക്ക് നാട്ടിലെ ഏതു പശുവിനെയും കണ്ടാൽ തിരിച്ചറിയാം.

സാധാരണ പെണ്ണുങ്ങൾ ഇക്കാര്യത്തിനു പോകാറുള്ളതല്ല. ഭാർഗവൻ ഏതായാലും പശുക്കുട്ടിയെ കൊണ്ടുപോകില്ല. അന്നാട്ടിലെ വലിയ തറവാട്ടുകാരനാണ്. പശുവിനെ തടുപ്പിക്കാൻ പാപ്പുവിന്റെ പറമ്പിൽക്കയറുന്നത് കുറച്ചിലാണ്. അടിപിടിക്കേസിൽ എത്ര ജയലിൽ കിടന്നിരിക്കുന്നു. അതിലും താഴെയുള്ള സ്ഥാനമാണ് ഭാർഗവൻ പാപ്പുവിന്റെ പുഴയെറുമ്പിനും വിത്തുകാളയ്ക്കും കൊടുത്തിരിക്കുന്നത്.

ഭാഗം വച്ചപ്പോൾ കിട്ടിയ സ്ഥലമെല്ലാം മുറിച്ചു വിറ്റു. അപ്പുറവും ഇപ്പുറവും കോളനി പോലായി. ചിലത് കടം കൊടുത്തവർ എഴുതി വാങ്ങിയതാണെങ്കിൽ മറ്റു ചിലത് ജാമ്യത്തിലിറക്കാൻ വക്കീലന്മാർ നേടിയെടുത്തതാണ്. വീതം കിട്ടിയ ചാവടി വീണുപോയപ്പോൾ പലകയടിച്ചു പണിതെടുത്ത ചായ്പ്പുരയിരിക്കുന്ന ഏഴു സെന്റ് മാത്രമാണ് പതിനൊന്ന് ഏക്കറുകാരന്റെ നീക്കിബാക്കി. സർവ തരവഴിത്തരവും കാണിക്കുമെങ്കിലും ജാതി വിട്ടൊരു കളി ഭാർഗവനില്ല.

അമ്മിണി ഒരിക്കൽ പറയുകയും ചെയ്തു: "പത്മൻനായരുടെ മോൻ തന്നെ ഇങ്ങനായതു നന്നായി. അതുകൊണ്ടു തല്ലുകേസ് പാർട്ടികളൊക്കെ മറ്റവന്മാരാണ് എന്നു പറഞ്ഞിരുന്ന കരയോഗക്കാര് വാ തുറക്കാൻ പാടുപെടുന്നു."

അന്നു രാവിലെയും തീരുമാനം അമ്മിണിയുടേതായിരുന്നു. ആണുങ്ങളെ നോക്കണ്ട, പശുക്കുട്ടിയെ നമുക്കു കൊണ്ടുപോകാമെന്നു പറഞ്ഞ് ഇട്ടിരുന്ന നീളൻ ഉടുപ്പിനു മേൽ ഒരു തോർത്തുമിട്ടു വന്നു. അമ്മിണിക്ക് ഏത് ആണിടത്തിലും കയറാനൊരു ധൈര്യമുണ്ട്. വെയിൽ മൂക്കും മുമ്പാണെങ്കിൽ തടുപ്പിക്കാൻ പറ്റിയ സമയവുമാണ്. പോരുമ്പോൾ കൂടി നോക്കിയതാണ്. ഭാർഗവനും മോളും നല്ല ഉറക്കം.

ചെന്നുകയറുമ്പോൾ പശുവിനെ കണ്ടു കാള മുരളാൻ തുടങ്ങി. ആ മുരൾച്ച കേട്ടു പാപ്പ വന്നു. ഞങ്ങളെ കണ്ടതോടെ വലിയ ഉത്സാഹമായതുപോലെ തോന്നി. പശുക്കുട്ടിയെ പാപ്പ ചൂണ്ടിക്കാണിച്ച തെങ്ങിൽക്കെട്ടി. പാപ്പ ഒറ്റയ്ക്കാണു താമസം. കാളയെ പെരിയപാപ്പ എന്നു വിളിക്കുന്ന കുട്ടികൾ പാപ്പവിനെ കാളപ്പാപ്പ എന്നാണ് വിളിക്കുക.

കൊണ്ടുപോയ കന്നിനേക്കാൾ മൂന്നിരട്ടി വലിപ്പമുള്ള പടുക്കുറ്റനാണ് പെരിയപാപ്പ എന്ന് അഴിച്ചുവിട്ടപ്പോഴാണ് സുശീലയ്ക്കു മനസ്സിലായത്. പെരിയപാപ്പ നേരേ തെങ്ങിനു താഴേയ്ക്ക് നടന്നു പശുക്കുട്ടിക്കു ചുറ്റും മണപ്പിച്ചു നടക്കാൻ തുടങ്ങി. ജുഢിയുടെ മണിക്കുട്ടി നാവുകൊണ്ട് തലയിൽ നക്കി കൊടുക്കുന്നു. തലയിൽ നിന്ന് ഓരോ പേനിനെയും അമ്പിളി വാരിക്കോലിൽ വലിച്ചെടുത്ത് ഇടതു തള്ളവിരലിന്റെ നഖത്തിൽ വച്ച് വലതു തള്ളവിരൽകൊണ്ട് ഞെക്കിപ്പൊട്ടിക്കുമ്പോൾ ഓരോ കുളിരു കേറി വരുമായിരുന്നു സുശീലയ്ക്ക്. പശുക്കുട്ടി ഓരോ ചെള്ളിനേയും നക്കിയെടുക്കുമ്പോൾ കാളയ്ക്കും ഉണ്ടാകണം ചെറു മൂർച്ഛകൾ. അത് നാവുകൊണ്ട് ഒന്നുഴിഞ്ഞ സ്ഥലം തന്നെ വീണ്ടും താഴ്ത്തി കാണിച്ചുകൊടുക്കുകയാണ്. യുഗങ്ങളായി അറിയുന്നവരെപ്പോലെയാണവർ. ചേർന്നു നിൽക്കുകയും പരസ്പരം ഉരുമ്മുകയും ചെയ്യുന്നു. തിരിഞ്ഞു നോക്കുമ്പോൾ അമ്മിണിയെ കാണാനില്ല. പെട്ടെന്ന് പാപ്പവിന്റെ വാതിൽ അടയുന്ന ശബ്ദം. ഞെട്ടി നോക്കുമ്പോൾ അമ്മിണി വാതിൽ തുറന്ന് തല മാത്രം പുറത്തിട്ട് കണ്ണുകൊണ്ട് ഇപ്പോൾ വരാമെന്നോ മറ്റോപോലെ തോന്നിയ ആംഗ്യം കാണിച്ചു. വാതിൽ അടഞ്ഞു.

പശുക്കുട്ടി പെരിയപാപ്പവിനെ താങ്ങുമോ എന്നായിരുന്നു പേടി. അത്ഭുതം തോന്നി. അവിടെ നിന്ന് വലിയ സീൽക്കാരങ്ങളൊന്നും ഉയർന്നില്ല. അപ്പുറത്ത് പാടമാണ്. അവിടെ വെട്ടിയ വരമ്പിലൂടെ കൈത്തോട്ട് പാടത്തേക്കു സ്വച്ഛന്ദം പ്രവേശിക്കുന്നു. പെട്ടെന്നാണ് വീട്ടിനുള്ളിൽ നിന്നു പാപ്പവിന്റെ ശബ്ദം ഉയർന്നത്. പെരിയപാപ്പവിന്റെ ചെറിയ മുരൾച്ചകളേക്കാൾ അത് പൊങ്ങി. അതു കാളയെ പൂട്ടുന്ന കലപ്പക്കാരന്റെ ശബ്ദമായി തോന്നി സുശീലയ്ക്ക്. പാപ്പവിന്റെ ഓരോ അലർച്ചയ്ക്കും പിന്നാലെ അമ്മിണി വേദനകൊള്ളുംപോലെ ഒരു ഒച്ചയുണ്ടാക്കുന്നതായും തോന്നി. സുശീലയ്ക്കു മൃദുവികാരങ്ങളൊന്നും ഉണർന്നില്ല. അറപ്പും പേടിയുമാണ് തോന്നിയത്.

കുറച്ചുനേരം ആ പറമ്പിലെ കുറ്റൻ ആഞ്ഞിലിയുടെ തലപ്പത്തു നോക്കിയിരുന്നു. അഞ്ഞിലിക്കാവിള പഴുത്തു തുങ്ങി നിൽക്കുന്നു. പത്താൾ പൊക്കത്തിലെങ്കിലും ശിഖരങ്ങളില്ലാത്ത തായ്ത്തടിയിലൂടെ കയറിയാലെ പറിച്ചെടുക്കാൻ കഴിയൂ. മുകളിൽ കുടചൂടിയതുപോലെ ഇലകളും വിളകളും. ഉണ്ണി സ്കൂളിലെ ആഞ്ഞിലിയിൽ ഓടിക്കയറി പറിക്കുന്ന വിള പല കൈമറിഞ്ഞ് എനിക്കെത്തിക്കാൻ എത്ര പാടുപെട്ടിരിക്കുന്നു. എന്നിട്ടും ഒരിക്കൽ പോലും നേരിട്ടു വന്ന് തന്നിട്ടില്ല. ഒന്നും പറഞ്ഞിട്ടുമില്ല. ഉണ്ണി എത്തിക്കുന്നത് ഇടതുകയ്യിൽ ഉയർത്തിപ്പിടിച്ച് തൊണ്ടു പൊളിച്ച് മഞ്ഞനിറമായ വിള വലതുകൈകൊണ്ട് അടർത്തിയെടുത്തു വായിലിട്ടു നുണഞ്ഞു പാളിനോക്കും. ഉണ്ണി അപ്പോഴും ഇടങ്കണ്ണിട്ടു നോക്കി നിൽക്കുന്നുണ്ടാകും. ഉണ്ണിക്കെന്താ എന്നോട്

മിണ്ടിയാല് എന്ന് ഒറ്റയ്ക്കു കിട്ടിയാൽ ചോദിക്കണമെന്നു വിചാരിച്ചിരുന്നു. ഉണ്ണിയെ ഒരിക്കലും ഒറ്റയ്ക്കു കിട്ടിയില്ല. എനിക്കുറപ്പായിരുന്നു, ഉണ്ണി എന്നെ ഒറ്റയ്ക്കു കിട്ടിയാലും അതുതന്നെ ചോദിക്കുമെന്ന്. നിനക്കെന്താണു ഷീലേ എന്നോടൊന്നു മിണ്ടിയാലെന്ന്. ഷീല എന്റെ ഇരട്ടപ്പേരായിരുന്നു. സുശീലയെ ഷീലയാക്കിയതല്ല. എനിക്കുനടി ഷീലയെപ്പോലെ വലിയ കണ്ണുകൾ ഉണ്ടെന്നു പറഞ്ഞു വിളിച്ചു തുടങ്ങിയതാണ്. കണ്ണുകൾ മാത്രമല്ല കയ്യക്ഷരവും പ്രശസ്തമായിരുന്നു. ആ കയ്യക്ഷരത്തിൽ ഉണ്ണിക്ക് കുറെ കത്തുകൾ എഴുതണമെന്ന് ഓർത്തിട്ടുണ്ട്. കത്തുകൾ എല്ലാം തുടങ്ങിയത് മാസ്റ്റർ കുഞ്ഞുണ്ണി എന്നായിരുന്നു. ഉണ്ണിയെ കുന്നത്തമ്മ ഉറക്കെയും ഞാൻ കൽപ്പനാകത്തുകളിലും വിളിച്ചിരുന്ന പേരാണ് കുഞ്ഞുണ്ണി. കത്തുകളെല്ലാം ഞാൻ ബേബി സുശീല, ഒപ്പ് എന്നെഴുതി അവസാനിപ്പിച്ചു. എന്റെ ബേബി സുശീലയ്ക്ക് എന്നെഴുതി ഉണ്ണി അയയ്ക്കാനിടയുള്ള കത്തുകൾ ഓരോ ദിവസവും സ്വപ്നത്തപാലിൽ വന്നു കൊണ്ടിരുന്നു. അതിപ്പോഴും വരാറുണ്ട്. ഭാർഗവന്റെ കയറ്റിറക്കം കഴിഞ്ഞ് ഉറക്കം വരാനായി കിടക്കുമ്പോൾ കത്തുകൾ വന്നുകൊണ്ടേയിരിക്കും.

ആഞ്ഞിലിയിൽ നിന്ന് ചിന്തയിറങ്ങി വന്നു മുന്നിലേക്കു നോക്കി. അവിടെ പശുക്കുട്ടി കിടക്കുന്നു. അതിനെ നക്കിയുഴിഞ്ഞ് പെരിയപാപ്പ അടുത്തു നിൽക്കുന്നു. എല്ലാം കഴിഞ്ഞു കിട്ടുന്ന ഈ തലോടലാണ് ലോകത്ത് ഏറ്റവും വലുതെന്ന് അപ്പോൾ സുശീലയ്ക്കു തോന്നി. ആദ്യത്തെ അറപ്പൊന്നും ഒരിക്കലും മാറിയില്ലെങ്കിലും എല്ലാം കഴിയുമ്പോഴെങ്കിലും അയാൾ ഒന്ന് കരുണയോടെ നോക്കിയിരുന്നെങ്കിൽ എന്ന് അടുത്തകാലത്തൊക്കെ തോന്നാതിരുന്നില്ല. അയാൾക്ക് അതിനൊന്നും ആവതില്ലായിരുന്നു. കള്ളും വാറ്റും മാറിമാറിക്കുടിച്ച് പാതി ബോധത്തിൽ വരുന്നയാൾ മുഴുവൻ ബോധവും കളയാനുള്ള അനുഷ്ഠാനമായിരുന്നു എന്നും കട്ടിലിൽ നടത്തിയിരുന്നത്.

നിൽക്കുകയായിരുന്ന കാളയും പതുക്കെ കാലുകൾ മടക്കി അടുത്തു കിടന്നു. രണ്ടുപേരും തെങ്ങിൻചുവട്ടിൽ കിടന്ന വയ്ക്കോൽ ഓരോ കടിയെടുത്ത് വിഴുങ്ങി. പിന്നെ സുഖം അയവെട്ടി. അപ്പോഴും അകത്തുനിന്നുള്ള ശബ്ദങ്ങൾ തീർന്നില്ല. അൽപസമയം കഴിഞ്ഞതോടെ ചില കാക്കകളുടെ കരച്ചിലും ഒരു മരംകൊത്തി ആഞ്ഞിലിയിൽ കൊത്തുന്ന താളവും മാത്രമായി. അവർ ഉടൻ വരുമായിരിക്കുമെന്ന് സുശീലയ്ക്കു തോന്നി. പൊടുന്നനെ വാതിൽ തുറന്ന് ഇറങ്ങിവന്ന അമ്മിണി ഒന്നും പറയാതെ മുൻപേ നടന്നു. സുശീല അന്തിച്ചു നിന്നു. പോയ അമ്മിണി വട്ടംതിരിഞ്ഞ് അതിലേറെ വേഗം തിരികെ വന്നു. സുശീലയെ എന്തിൽ നിന്നോ രക്ഷിക്കുന്നതുപോലെ വട്ടംപിടിച്ചു ചേർന്നു നിന്നു. പാപ്പ ഇരുമ്പൻ പുളിയിട്ടു വേവിച്ച ചിരിയുമായി കാളയെ തൊഴുത്തിലേക്കു കൊണ്ടുപോയി.

സുശീല പശുക്കുട്ടിയുമായി നടന്നു. അമ്മിണിയുടെ കൺകോണിലെ രണ്ടു തുള്ളി സുശീല കണ്ടിരുന്നു. നടക്കുന്നതിനിടെ അമ്മിണി ചുരുട്ടിപ്പിടിച്ച കൈ വിടർത്തി. അതിൽ അൻപതു രൂപ.

“ഇതു തരാൻ അയാൾ കാളയായി, ഞാൻ പശുവും.” അമ്മിണിയുടെ നീളനുടുപ്പിന്റെ പിന്നിൽ പറ്റിയിരിക്കുന്നതു ചോര മാത്രമല്ലെന്ന് സുശീല കണ്ടു.

അമ്മിണി പിറുപിറുത്തു: “കാള പോലും അതിനു പറഞ്ഞിട്ടുള്ള സ്ഥലത്തുകൂടിയേ കയറൂ.”

അന്ന് പശുക്കുട്ടിയെ തൂണിൽ കെട്ടി അടുക്കളയിൽ എത്തുമ്പോഴാണ് ഋദ്ധി കഞ്ഞികുടിക്കാൻ പതിവിലുമേറെ വൈകി വന്നത്. പുല്ലുവെട്ടാൻ പോകുമ്പോഴൊക്കെ അമ്മിണിയുടെ അടുത്തു നിർത്തിപ്പോവുകയാണ് പതിവ്. ഒരിക്കലും ഭാർഗവന്റെ അടുത്ത് അവൾ തനിച്ചു കിടന്നിട്ടില്ല. ഇനി കിടന്നാൽ കുഴപ്പമാകുമെന്നു തോന്നിയിട്ടുമില്ല. പക്ഷേ, അന്ന് അതു സംഭവിച്ചു.

ഋദ്ധി കൺതുറന്നു.

പുതിയ മേൽക്കൂര. ആദ്യം കാണുന്നതുപോലെ ഒരു നിമിഷം തോന്നി. പെട്ടെന്ന് ഓർമ്മ വന്നു. ഇത് എത്രയോ കണ്ടിരിക്കുന്നു എന്ന്.

പത്തുവർഷത്തിനിടെ ഓർമയിൽ വരാത്തതൊക്കെ ഋദ്ധി അതോടെ കാണാൻ തുടങ്ങി. ജീസസ് മേരി എന്ന ഇതേ സ്കൂളിൽ ഒന്നു മുതൽ പന്ത്രണ്ടു വരെ പഠിച്ചത്. പതിനാലു വർഷം തണലായ മഠത്തേക്കാൾ, സ്വന്തം ചോരയായി ഏറ്റെടുത്ത സിസ്റ്റർ സന്ധ്യയേക്കാൾ, ഇനി എനിക്കുമേൽ അയാൾ കയറാതിരിക്കാൻ വേണ്ടി മാത്രം ഇറങ്ങിയോടിപ്പോന്ന സുശീലയേക്കാൾ ആഴത്തിൽ തൊടുന്ന പലതുമുണ്ട് ഇവിടെ എന്നു തോന്നിത്തുടങ്ങി.

മുടികൾ കൊഴിഞ്ഞില്ലാതായ തലയിൽ ശ്മശ്രുക്കൾ കിളിർത്തുവരുന്നതായി ഋദ്ധിക്കു തോന്നി. അവ ഇപ്പോൾ എഴുന്നു നിൽക്കുന്നുണ്ടാകും. കഴുത്തിനു താഴെ ഒന്നും അറിയാൻ ശേഷിയില്ലാത്തവരുടെ ഇന്ദ്രിയങ്ങളെല്ലാം തലച്ചോറിൽ പ്രവർത്തിക്കുന്നുണ്ട്. തൊടാതെ തന്നെ തൊടുകയും കേൾക്കാതെ തന്നെ കേൾക്കുകയും പാടാതെ തന്നെ പാടുകയും ചെയ്യുന്നുണ്ട്. അതൊരു മഹാസിദ്ധിയാണ്. തലച്ചോറുകൊണ്ടു മാത്രം രുചി, നിറം, താളം, ശ്രുതി, സ്പർശം, പിന്നെ രതിയും അറിയുന്ന മാന്ത്രികത. അല്ലെങ്കിലും ഋതു മാറുന്നത് തലച്ചോറിലാണല്ലോ?

അഷ്ടമൻ പാടി:

> “ഋതുമൃജുമൃദു സ്ഫുടവർണ്ണ വാക്യം തെളി-
> ഞ്ഞിങ്ങനെ ചൊല്ലുന്നവർ കുറയും തുലോം.”[1]

ഋതുക്കളിലെ വസന്തം കടൽ ഒളിപ്പിച്ചുവയ്ക്കും. പൂവിടുന്നത് മൂന്നും നാലും കിലോമീറ്ററുകൾ താഴെ കുറ്റാക്കൂരിരുട്ടിലാകും.”

ഋദ്ധി ‘ഹോയ്... ഹോയ്’ എന്ന് അലറി. കാറ്റുപിടിച്ച് തിരകൾ കടന്നു കുതിക്കുകയാണു പായ് വഞ്ചി.

---

1 സുന്ദരകാണ്ഡം, കിളിപ്പാട്ട് രാമായണം, എഴുത്തച്ഛൻ.

ആ പാടിയത് അഷ്ടമനോ? അതോ സുശീലയുടെ മുത്തച്ഛനോ? സുന്ദരകാണ്ഡം ആശാൻകളരിയിൽ നിന്നോ? അതോ നടുക്കടലിൽ നിന്നോ? അതു കേട്ടതു സുശീലയോ, ഋദ്ധിയോ?

അതു ത്രയയല്ല.

ഇതുവരെ ത്രയയെന്നു വിളിച്ചതെല്ലാം നന്ദിനിയെയാണ്. അതു നന്ദിനിയാണ്. മുഖം നന്ദിനിയുടേതു തന്നെയാണ്. അവളെങ്ങനെയാണ് ത്രയയായത്? നന്ദിനി എട്ടാം ക്ലാസ്സിലാണ് ജീസസ് മേരിയിലേക്കു വന്നത്. അതുവരെ കുട്ടനാട്ടിലായിരുന്നു. അവിടെ തന്നെ ആറു സ്കൂൾ കഴിഞ്ഞാണ് ജീസസ് മേരിയിലേക്കു വരുന്നത്. ഞങ്ങൾക്കാർക്കും ഇല്ലാത്ത ഒന്ന് നന്ദിനിക്കുണ്ടായിരുന്നു. നിറം. ചന്ദനം തൊട്ടാൽ തിരിച്ചറിയാത്തത്ര വെണ്മ. ആദ്യ ദിവസമൊക്കെ മദാമ്മക്കുട്ടി എന്നാണ് ഞങ്ങൾ പരസ്പരം പറഞ്ഞത്. നന്ദിനി ഒട്ടും അടുക്കുന്ന പ്രകൃതമായിരുന്നില്ല. ആദ്യ ബെൽ അടിക്കുമ്പോൾ കയറിവരും. ഒരു മണിക്ക് ഇറങ്ങിപ്പോകും. രണ്ടുമണിക്ക് പിന്നെയും വരും. നാലുമണിക്ക് സ്കൂൾ വിട്ടുപോകുന്നവരുടെ ജാഥയിൽ ഏറ്റവും മുന്നിൽ അവളായിരിക്കും. രാവിലെ എട്ടരയ്ക്കു തന്നെ സ്കൂളിൽ വന്ന് ഉച്ചയ്ക്ക് പരസ്പരം കയ്യിട്ടുവാരി കഴിച്ച് നടന്ന ഞങ്ങൾക്കൊക്കെ പരസ്പരം എല്ലാം അറിയാമായിരുന്നു. ആദ്യ ഋതു വന്നതുപോലുള്ള എല്ലാം.

നന്ദിനി പഠിത്തത്തിലും അത്ര മുന്നിലായിരുന്നില്ല. എഴുന്നേൽപ്പിച്ചു നിർത്തി വഴക്കു കേൾക്കാൻ മാത്രം മോശവുമല്ലായിരുന്നു. അതുകൊണ്ടു മികവിന്റെ പേരിലോ പിഴവിന്റെ പേരിലോ ഒരിക്കൽ പോലും എഴുന്നേറ്റു നിന്നില്ല. നന്ദിനിക്ക് ശബ്ദമുണ്ടോ എന്നുപോലും ഞങ്ങൾക്കു രണ്ടു മൂന്നാഴ്ചയായപ്പോൾ സംശയമായി.

അമ്മയെ കായലിൽ നിന്നു ഞണ്ടിറുക്കിയ ദിവസമാണ്.

ആശുപത്രിയിൽ പോയി മരുന്നൊക്കെ വച്ച് മഠത്തിലെത്തിച്ചു. അപ്പോഴാണ് സിസ്റ്റർ പറഞ്ഞത് പത്താകുന്നല്ലേയുള്ളൂ, സ്കൂളിൽ പൊയ്ക്കൂടേ എന്ന്. അമ്മയും അതു തന്നെ പറഞ്ഞു. അതോടെ സൈക്കിൾ എടുത്ത് മഠത്തിൽ നിന്ന് നല്ല വേഗത്തിൽ ഇറങ്ങുമ്പോൾ മുന്നിലൂടെ നന്ദിനി. അടുത്തു ചെന്ന് ബ്രേക്ക് പിടിച്ചു.

"കേറടീ..." എന്നു പറഞ്ഞതേയുള്ളൂ: ഒരു മടിയുമില്ലാതെ അവൾ കാരിയറിലേക്ക് ഒറ്റക്കയറ്റം. അപ്രതീക്ഷിത കയറ്റത്തിൽ സൈക്കിൾ ഒന്നു പാളിയെങ്കിലും എനിക്കു ചിരിയടക്കാൻ കഴിഞ്ഞില്ല. അപ്പോഴുണ്ട് അതിലും ഉറക്കെ പിന്നിലിരുന്ന് അവളും ചിരിക്കുന്നു.

എന്തൊരു ജാടയായിരുന്നടീ ഇതിവരെ എന്നു ഞാൻ.

എല്ലാരേയും ഒന്നു പരീക്ഷിച്ചതല്ലേയെന്ന് അവൾ.

നിനക്കെന്താടീ നേരത്തേ സ്കൂളിൽ വന്നാലെന്ന് ഞാൻ.

കുഞ്ഞിനെ കുളിപ്പിച്ച് കൺമഷി എഴുതിക്കണമെന്ന് അവൾ.

നീയെന്താടി ഇതിനിടെ പേറും കഴിഞ്ഞോ എന്നു ഞാൻ.

അമ്മ പെറ്റു കയ്യിൽ തന്നതാടീ എന്ന് അവൾ.

അമ്മ പെറ്റതിനു നീയെന്തിനാടീ കുഞ്ഞിനെ കുളിപ്പിക്കുന്നതെന്ന് ഞാൻ.

ഇരുപത്തിയെട്ട് ആകുന്നേയുള്ളു എന്ന് അവൾ.

കുളിപ്പിക്കാൻ ആളെക്കിട്ടില്ലേയെന്ന് ഞാൻ.

ഞാനുള്ളപ്പോൾ വയറ്റാട്ടി വേറെ എന്തിനെന്ന് അവൾ.

അപ്പം നമ്മൾ സെറ്റായല്ലോടീ എന്നു ഞാൻ.

എന്നാൽ അങ്ങനെതന്നെ എന്ന് അവൾ.

സൈക്കിളിൽ നിന്നിറങ്ങി കൈകൾ കൂട്ടിയടിച്ച് ഞങ്ങൾ ക്ളാസ്സിലേക്കു കയറി. ആദ്യ ബെല്ലിന് രണ്ടോ മൂന്നോ മിനിറ്റു കൂടിയുണ്ട്. ഞങ്ങൾ ചിരപരിചിതരെപ്പോലെ തോളിടിച്ചു വരുന്നതുകണ്ട് ക്ളാസ് നിശബ്ദമായി. എന്നെ പിന്നെയും ഞെട്ടിച്ചു നന്ദിനി മുരടനക്കി.

"എന്തോന്നെടേ ശ്മശാന മൂകത... പാടടേ എല്ലാരും..."

ഞാൻ പാടിക്കൊടുത്തു.

"ഡ്യൂരോബോം ജോഗി ഓംനേവ്യു ഗോദ്യാഗാ ഉനേൻ സോരി..."[2]

ആ ദക്ഷിണകൊറിയൻ താരാട്ടിലേക്ക് ഓമനത്തിങ്കൾ കിടാവോ...[3] ഈണവുമായി ക്ളാസ് മുഴുവൻ എഴുന്നേറ്റു. നന്ദിനി നിർത്താതെ ചിരി തുടങ്ങി. ചിരിപൊട്ടിയ എനിക്കും ബാക്കി പാടാൻ വയ്യ. ആൺപെൺ പടയോട് ഞാനാ രഹസ്യം വെളിപ്പെടുത്തി.

"നന്ദിനിയെ ആരും ശല്യം ചെയ്യരുത്. അവൾക്ക് പന്ത്രണ്ടു വയസ്സായപ്പോൾ അവളുടെ അച്ഛനും അമ്മയും ഒന്നു സ്നേഹിച്ചു. അവൾക്കു പതിമൂന്നു വയസ്സായപ്പോൾ ഒരു കൊച്ചിനെ പ്രസവിച്ച് അമ്മ കയ്യിൽ വച്ചുകൊടുത്തു. അവൾ അതിനെ കുളിപ്പിച്ച്, കൺമഷീം എഴുതിച്ച്, പൊട്ടും തൊടീച്ചേ ക്ളാസിൽ വരൂ. പിന്നെ അമ്മയ്ക്കു പാണലിട്ടു തിളപ്പിച്ച വെള്ളമുണ്ടാക്കി മേത്തൊഴിച്ചു കൊടുക്കണം. പൊന്നുമോൾക്ക് ഒത്തിരി പണിയുള്ളതാണ്. അതുകൊണ്ട്..."

എല്ലാവരും ഒന്നിച്ചു ചോദിച്ചു: "അതുകൊണ്ട്?"

"അതുകൊണ്ട്... നാളെ മുതൽ നമ്മൾ ഓരോരുത്തർ ഊഴമിട്ട് അവളുടെ വീട്ടിൽ പോകുന്നു, കൊച്ചിനെ കുളിപ്പിക്കുന്നു, അവൾ ദോശ ചുടുന്നു, നമ്മൾ കഴിക്കുന്നു."

"സെറ്റോട് സെറ്റ്..." എല്ലാവരും ഒന്നിച്ച് ഓരിയിട്ടു.

ആദ്യം ജുവൽ എഴുന്നേറ്റു. ബാഗുകൾ രണ്ടു കയ്യിലാക്കി കുഞ്ഞിനെപ്പോലെ എടുത്ത് താരാട്ടാൻ തുടങ്ങി. എല്ലാവരും അതുപോലെ ബാഗുകളെ ആട്ടിയുറക്കി. ക്ളാസ് ഒരു കളിത്തൊട്ടിലായി.

"ഓംനേവ്യു ഗോദ്യാഗാ ഉനേൻ സോരി..." ഞാൻ ഓമനത്തിങ്കൾക്കിടാവോ ഈണത്തിൽ തന്നെ മൂളി.

---

2 കൊറിയൻ ഭാഷയിലെ പരമ്പരാഗത താരാട്ട്.

3 ഇരയിമ്മൻ തമ്പി എഴുതിയ താരാട്ട്.

മാഗിടീച്ചർ കയറി വന്നു. കാര്യമറിഞ്ഞില്ലെങ്കിലും പുസ്തകത്തിനു മുകളിൽ ഡെസ്റ്റർ വച്ച് ടീച്ചറും താരാട്ടു തുടങ്ങി.

“അൽമ്യോൻസോദോ മോരേഗ്വോ...” എന്ന് അടുത്തവരി ജ്ജവൽ ആണ് മൂളിയത്. ലയിച്ചു വന്നപ്പോഴേക്കും മൈക്കിലൂടെ പ്രാർത്ഥന തുടങ്ങി.

“ലീഡ് കൈൻഡ്‌ലി ലൈറ്റ്
എമിഡ്സ്റ്റ് ദ എൻസർക്ലിങ് ഗ്ലൂം”

ഉദ്ധി എഴുനേൽക്കുന്നതിനു മുമ്പ് കായലിലേക്കു പോകുന്ന സുശീലയും അമ്മിണിയും പതിനൊന്നുമണിയായാൽ കരകയറും.

മൂന്നുമണിക്കാണ് ചന്തയിലേക്കു പോവുക. കായലിൽ നിന്നു കയറിയാൽ ‘ഞാൻ വരാടീ...’ എന്ന ഒറ്റ വാചകം ആവർത്തിച്ച് അന്നമ്മ ഒരുപ്പോക്കാണ്. ഇത്രകാലമായിട്ടും അത് എങ്ങോട്ടാണ് എന്നു മാത്രം സുശീല ചോദിച്ചില്ല. ഇങ്ങോട്ട് പറയുന്നതു കേൾക്കുകയല്ലാതെ ഇതുവരെ ചോദ്യം ചോദിച്ച് ഒരുത്തരവും സുശീല മേടിച്ചിട്ടില്ല.

അമ്മിണി പോയിക്കഴിഞ്ഞാൽ ഓലമടൽ നിരത്തിയിട്ട് സുശീല കായലരികത്തു തന്നെ കിടക്കും. ചിലപ്പോൾ ഗാഢമായി ഉറങ്ങിപ്പോകും. ആ കിടപ്പാണ് എന്നും കപ്യാരു ബിനോയി സൈക്കിളിൽ വന്ന് ഉണർത്തുന്ന ശീലമായി മാറിയത്. ആദ്യത്തെ ദിവസം രണ്ടു ബെല്ല് കേട്ട് ഞെട്ടിയാണ് സുശീല ഉണർന്നത്.

ആരെങ്കിലും കൂടെ വന്നു കിടന്നാലും അറിയത്തില്ലല്ലോ എന്നു ബിനോയി. സുശീലയ്ക്കു ചിരി വന്നില്ല. പരിഭ്രമിച്ച് എഴുനേറ്റു. ബിനോയി ഒന്നു വെളുക്കെ ചിരിച്ച് പോവുകയും ചെയ്തു. ഇത് എല്ലാ ദിവസവും ആവർത്തിച്ചതോടെ സുശീല പിന്നെ കാത്തുകിടക്കാൻ തുടങ്ങി. ആ പകലുറക്കം തന്നെ ഇല്ലാതായി. ബിനോയി വെറും കയ്യോടെ വരില്ല. ഒരു ദിവസം ഉഴുന്നുവട. മറ്റൊരു ദിവസം ബൺ. ചിലപ്പോൾ നാലു പാളി ബ്രഡ്. അല്ലെങ്കിൽ രണ്ടു കപ്പ പുഴുങ്ങിയത്. നീട്ടി പതിവു പറച്ചിലുണ്ട്: രാവിലെ കഴിച്ചു ബാക്കി വന്നതാണ്. സുശീലയ്ക്കു ഉറപ്പായിരുന്നു ഇത് തനിക്കു വേണ്ടി വാങ്ങിക്കുന്നതോ ഉണ്ടാക്കുന്നതോ ആണെന്ന്.

അങ്ങനെയാണ് സുശീല പതിനാലു വയസ്സിനു ശേഷം ആദ്യമായി കണ്ണാടി നോക്കാൻ തുടങ്ങിയത്. രാവിലെ തേച്ചുകഴിഞ്ഞ പല്ലുകൾ വെളുത്തോ എന്ന് നോക്കും, പാറിക്കിടന്ന മുടി രണ്ടായി മെടഞ്ഞ് റിബൺ കെട്ടും. കായലിൽ നിന്നു കയറിയാൽ ആ ഷർട്ടും ലുങ്കിയും ഉടുത്തു കിടക്കുന്നതായിരുന്നു രീതി. പതുക്കെ വേറെ കുപ്പായം കൊണ്ടുവന്ന് വള്ളപ്പുരയോടു ചേർന്ന കുളിമുറിയിൽപ്പോയി മാറിയുടുത്തു തുടങ്ങി. വേഷം മാറിയ ആദ്യ ദിവസം തന്നെ അന്നമ്മ ഒറ്റ വരിയിൽ ആ കഥ ചുരുക്കി: “കപ്യാര് എന്നും ഇതിലേ പോകുന്നുണ്ടല്ലേ...”

— 7 —

# ഓലപ്പടവൻ

മുന്നിലെ സൈക്കിളിൽ നന്ദിനിയായിരുന്നു. പിന്നിലെ സൈക്കിളിൽ ഞാനും.

ഒരു സൈക്കിൾ വാടകയ്ക്ക് കിട്ടുമോ എന്ന അവളുടെ ചോദ്യത്തിനു പിന്നാലെ ജുവലിനെ വിളിച്ചതാണ്. വലിയ പറച്ചിലൊന്നുമില്ലാതെ സൈക്കിൾ തന്നിട്ടു പോയി. അവനങ്ങനെയാണ്. മൃദുവർത്തമാനങ്ങളുമായി അടുത്തു വരില്ലെങ്കിലും ഒരാവശ്യമുണ്ടെന്നു കണ്ടാൽ പരിഹാരമുണ്ടാക്കും.

കനാൽ ബണ്ടിലൂടെയുള്ള വഴി ഒരിടത്തും അവസാനിക്കില്ലെന്നു തോന്നി. സൈക്കിളിൽ എത്രപോയാലും ഒരിക്കലും ക്ഷീണം തോന്നുന്നതല്ല. പക്ഷേ, ഇന്ന് അങ്ങനെയല്ല. നന്ദിനിയുടെ വേഗത്തിനൊപ്പം എത്താൻ കഴിയുന്നില്ല. അവൾ സ്കൂളിൽ വന്ന ഭാവവും രീതിയും കണ്ടിട്ട് സൈക്കിളൊക്കെ ഇത്ര ഭംഗിയായി ചവിട്ടുമെന്നു തോന്നിയിരുന്നില്ല.

ഇതുവരെയുള്ള അനുഭവങ്ങളിൽ നിന്നുണ്ടായ ഒരു ധൈര്യമുണ്ട്. മുന്നിൽ കാലൻ വന്നു നിന്നാലും 'എന്തുണ്ടിഷ്ടാ വിശേഷം' എന്നു ചോദിക്കും. പക്ഷേ, നന്ദിനിക്കൊപ്പം പുറപ്പെട്ട ഈ ദൗത്യം നിഷ്ഫലമാകാതെ തരമില്ല എന്ന മുൻവിധി എന്റെ ധൈര്യം ചോർത്തി. അതിന്റെ നിരാശ പിന്നോട്ടുവലിച്ചു. നാലുവർഷം മുമ്പ് ബാങ്ക് ജപ്തി ചെയ്ത വീട്ടിൽ അവൾ ഇരുന്നു കളിച്ച ചെറിയ ചാരുകസേര ഉണ്ടോ എന്ന് നോക്കണം. അത് കുഞ്ഞനിയനു കൊടുക്കണം. അതിനാണ് ഇരുപതു കിലോമീറ്റർ അകലേക്കുള്ള ഭ്രാന്തൻ യാത്ര.

എന്റെ നിരുൽസാഹമൊന്നും നന്ദിനിക്കില്ല. നൂറു മീറ്റർ ഓട്ടക്കാരി തൊണ്ണൂറു മീറ്റർ പിന്നിട്ടാലെന്നതുപോലെ ഒരോ നിമിഷവും വേഗം കൂട്ടുകയാണ്. ഇടയ്ക്കു ഞാൻ ബെൽ അടിക്കുമ്പോൾ തിരിഞ്ഞു നോക്കും. പിന്നെയും അവൾ എഴുന്നേറ്റു നിന്നു ചവിട്ടുകയാണ്.

എല്ലാ നിഷ്ഫലതകൾക്കുമപ്പുറം ഇത്തരം ദൗത്യങ്ങൾ മാത്രമേ അഭിമാനത്തോടെ ഓർക്കാനുള്ളു. എത്ര നിസ്സാരമായ ആവശ്യത്തിനു വേണ്ടിയാണ് രണ്ട് എട്ടാം ക്ലാസുകാരികൾ ഒരു ഓണം അവധിക്ക് ഇരുവശത്തേക്കുമായി നാൽപതു കിലോമീറ്റർ സൈക്കിൾ ചവിട്ടിയത്. അതും ദുരൂഹതകളുടെ കനാൽ ബണ്ടിലൂടെ.

കനാലുകൾക്കൊപ്പം പണിയുന്ന റോഡുകളിലൂടെയാണ് കൊന്നവരുടെ ശവങ്ങളുമായി ജീപ്പുകൾ പോകുന്നതെന്ന് അന്നമ്മച്ചേടത്തി പറയാറുണ്ട്. അൻപതിലേറെ കിലോമീറ്റർ നീളത്തിലാണ് കനാൽ. അത്രതന്നെ നീളത്തിൽ മുണ്ടുവിരിച്ച വീതിമാത്രമുള്ള റോഡും. ബണ്ടിൽ നിന്ന് കനാലിന്റെ അത്ര തന്നെ താഴ്ചയുള്ള ചതുപ്പുകളാണ് മറുവശത്ത്. കൊണ്ടിടുന്ന ശവങ്ങൾ അവിടെക്കിടന്ന് അഴുകിയാൽ ആരും അറിയണമെന്നില്ല. വിതയ്ക്കാൻ പോയാലല്ലേ അസ്ഥി കാണത്തൊള്ളൂ എന്ന് അന്നമ്മച്ചേടത്തി.

പെൺകുട്ടികളെ പകൽപോലും ഒറ്റയ്ക്ക് കനാൽ ബണ്ടുവഴി വീട്ടുകാർ വിടാറില്ല. ആ വഴിക്കാണ് നന്ദിനി കൂട്ടിക്കൊണ്ടുപോകുന്നത്. പോയേടത്തു നിന്നൊക്കെ തിരിച്ചു വരുമെന്ന് അറിയാവുന്ന അമ്മയും സിസ്റ്ററും ഒരു മുഷിച്ചിലും കാണിച്ചില്ല. എനിക്കെന്തോ സവിശേഷ സിദ്ധിയും ധൈര്യവും ഉണ്ടെന്ന് അവർ കരുതിയിരുന്നതുപോലെ തോന്നി.

നന്ദിനി ഇടയ്ക്കൊന്നു നിർത്തി വെള്ളം കുടിച്ചു.

അവൾക്ക് ആദ്യത്തെ ചിരി ഇപ്പോൾ തീരെയില്ല. ഉത്കണ്ഠ നിറഞ്ഞ എന്റെ അതേഭാവം. ഒരേ വെയിലിൽ ഒരേ നിഴലായിരിക്കുമല്ലോ. സൈക്കിൾ ചവിട്ടിക്കൊണ്ടിരിക്കുമ്പോൾ ഒരു മണം വരുന്നുണ്ട്. ആ ഗന്ധം എനിക്കറിയാം. എന്നാൽ അത് ഞാനനുഭവിച്ച മണമല്ല. അമ്മ അറിഞ്ഞ മണമാണ്. കനാലിനപ്പുറത്തെ ചതുപ്പിൽ താമര വിരിഞ്ഞു നിൽക്കുകയാണ്. ഇടയ്ക്ക് ആമ്പലും. കാണാൻ ഭംഗിയുള്ള പൂക്കളാണെങ്കിലും ചേറ് മണമാണ് അവിടെല്ലാം എന്ന് അമ്മ എത്രവട്ടം പറഞ്ഞിരിക്കുന്നു. അമ്മ കൊണ്ട ആ മണം ഞാൻ തിരിച്ചറിയുകയാണ്. ആരാണ് പറഞ്ഞത് മണം റെക്കോഡ് ചെയ്യാൻ കഴിയില്ലെന്ന്. അമ്മ ഓർമയിൽ റെക്കോഡ് ചെയ്ത ആ മണമാണ് ഞാനിപ്പോൾ അറിയുന്നത്. ഒരിക്കൽപോലും കാണാത്ത ആ നാടിന്റെ മണം ദൂരെയെവിടെയോയെത്തി ഞാനറിയുകയാണ്.

മുമ്പ് ഇതുപോലെ അമ്മയുടെ തലയിൽ അമ്മൂമ്മ തേച്ചിരുന്ന വെന്തവെളിച്ചെണ്ണയുടെ മണം ഞാൻ അറിഞ്ഞിരുന്നു. നന്ദിനിയുടെ അനിയന്റെ മുടിയിഴകളിൽ നിന്ന്. ശബ്ദവും വെളിച്ചവും ദൃശ്യവും പോലെ റെക്കോഡ് ചെയ്ത് ഗന്ധത്തെ പിന്നെ ഉപയോഗിക്കാൻ കഴിഞ്ഞെങ്കിൽ. അങ്ങനെ സാധിച്ചാൽ ഒരു നാടകത്തിൽ എന്തൊക്കെ ചെയ്യണം എന്ന് എനിക്ക് ഊഹമുണ്ടായിരുന്നു. കീഴ്ശ്വാസത്തിന്റേയും പുളിച്ച കള്ളിന്റേയും ബീഡിയുടേയും കഞ്ചാവിന്റേയും മണം ആവർത്തിച്ച് പ്രക്ഷേപണം ചെയ്യണം. അതു സഹിക്കാനാകാതെ കാണികൾ ഛർദ്ദിക്കണം. മന്ത്രിമാരുള്ള അരങ്ങുകളിൽ ചാളക്കാരി കോളനിയിലെ മണം പകർത്തി എത്തിക്കണം. ഓരോ പുരുഷനും ആഗ്രഹിക്കുന്ന സ്ത്രീയുടെ ഗന്ധം; ഓരോ സ്ത്രീയും ആഗ്രഹിക്കുന്ന പുരുഷന്റെ

ഗന്ധം; ഇതു രണ്ടും തുറന്നുവിട്ട് ലോകത്തെ മുഴുവൻ ജീവികളേയും ഉന്മത്തരാക്കണം. ആരുമിനി നഷ്ടഗന്ധങ്ങളിൽ ഉരുകരുത്. എനിക്ക് പദ്ധതികൾ അനേകമുണ്ടായിരുന്നു.

സൈക്കിൾ തെങ്ങിന്റെ ചുവട്ടിലെത്തി. നന്ദിനി ഇറങ്ങി. ഞാനും. ആളൊഴിഞ്ഞ വീട്. നോക്കെത്താ ദൂരത്തൊന്നും വേറാരുമില്ല. തെങ്ങിൻതോപ്പ് കാടുകയറിക്കിടക്കുകയാണ്. ആളനക്കം കുറച്ചുകാലമായി ഇല്ല എന്ന് അറിയിക്കുന്ന പന്തലിച്ച പടർപ്പുകൾക്കിടയിലൂടെ നന്ദിനി നടന്നു.

ഒരു പന്നിയെലി മുന്നിലൂടെ പാഞ്ഞുപോയി. പിന്നാലെ പാമ്പുവരുമെന്ന് അവൾ അലറി. ഒറ്റച്ചാട്ടത്തിന് എന്റെ എളിയിൽ. നീർക്കോലി മുതൽ ശംഖുവരയനും അണലിയും വരെയുള്ള ആറ്റെറുമ്പുകൾ. തൊട്ടാൽ മരിച്ചുവീഴുന്ന വിഷപ്പാമ്പുകൾ പുളയ്ക്കുന്ന കായൽ. ഇതെല്ലാം കടന്നുവന്ന ഞാൻ ചിരിച്ചു. അതോടെ ദൗത്യനായകത്വം നന്ദിനിയിൽ നിന്ന് എന്നിലെത്തി.

അന്നാണ് എനിക്കൊരു കാര്യം മനസ്സിലായത്; നയിക്കാനല്ലാതെ നയിക്കപ്പെടേണ്ടി വന്നാൽ ഞാൻ തളർന്നുപോകുമെന്ന്. വലിയൊരു കമ്പെടുത്തു. പള്ളയുടെ തലപ്പുകൾ വെട്ടി ഞാൻ മുമ്പേ നടന്നു. അതുവരെയുള്ള എല്ലാ ധൈര്യവും ചോർന്ന് നന്ദിനി പിന്നാലെ. എന്റെ മനസ്സും കീഴ്മേൽ മറിഞ്ഞു. ഞാൻ തീർച്ചയാക്കി. ഇതു പരാജയപ്പെടാനുള്ള യാത്രയല്ല. നന്ദിനിയുടെ കുടുംബത്തെ ഇറക്കിവിട്ടശേഷം ബാങ്കിന് ഇതു വിൽക്കാൻ സാധിച്ചിട്ടില്ല. അതുകൊണ്ട് ആരും വന്നിട്ടില്ല. ബാങ്ക് ജപ്തി ചെയ്ത വീട്ടിൽ കയറാൻ മാത്രം മണ്ടന്മാരല്ല നാട്ടിലെ കള്ളന്മാർ. ജപ്തിയാണ് ലോകത്തെ ഏറ്റവും വലിയ കൊള്ള. അതുകഴിഞ്ഞാൽ പിന്നെ ഒന്നും ബാക്കിയുണ്ടാകില്ല. അതുകൊണ്ടു തന്നെ നന്ദിനിയുടെ അച്ഛൻ എന്തൊക്കെ ഉപേക്ഷിച്ചിട്ടുണ്ടോ അതൊക്കെ അവിടെ ഉണ്ടാകണം.

ഞങ്ങൾ പൊട്ടിപ്പൊളിഞ്ഞ ചെറിയഇറയത്ത് എത്തി. നന്ദിനി പറഞ്ഞ ദിശയിൽ പിന്നിലെ വിറകുപുരയിലേക്കു നീങ്ങി. അവിടെ ഒരു ചാക്കിൽ കെട്ടിയിട്ടിരിക്കുന്ന മരാമത്ത് സാധനങ്ങൾക്കൊപ്പം മടക്കിയ ചാരുകസേരയും ഉണ്ടെന്നാണ് നന്ദിനിയുടെ ഉറപ്പ്. അതിന്റെ ഒരുകൈപ്പടിയിൽ കുഴിയുണ്ട്; അതു പാൽക്കുപ്പി വയ്ക്കാനാണ്. രണ്ടാമത്തെ പടിയിൽ കളിപ്പാട്ടങ്ങൾ തൂക്കിയിടാവുന്ന ക്രാസി. ഇതാണ് അടയാളം. ഞാൻ ചാക്കിന്റെ കെട്ടഴിക്കുമ്പോൾ നന്ദിനി ഏറെ മാറി പേടിയോടെ നിന്നു.

അതൊരു വിജയിച്ച ദൗത്യമായിരുന്നു. സ്കൂളിലേക്കുള്ള ചോറുപാത്രത്തിൽ സിസ്റ്റർ സന്ധ്യ രണ്ടുപേർക്കും വേണ്ടത്ര നൂഡിൽസ് തന്നുവിട്ടിരുന്നു. നന്ദിനി അതു കഴിച്ചുകൊണ്ടു പറഞ്ഞു: എന്റെ വീട്ടിൽ നൂഡിൽസൊന്നും ഉണ്ടാക്കിയിട്ടേയില്ല. ഇഡ്ഡലി, ദോശ, ഉപ്പുമാവ്. മൂന്നുമല്ലെങ്കിൽ ഗോതമ്പുകഞ്ഞി. പുട്ട് ഞങ്ങൾ ഉണ്ടാക്കാറേ ഇല്ല, അപ്പവും ഇടിയപ്പവും തീരെ ഇല്ല. പൊറോട്ട കേട്ടിട്ടു മാത്രമേയുള്ളൂ.

കടംകയറി വസ്തുവെല്ലാം പോയാലും മേൽജാതിക്കാരുടെ വാടകവീടുകളിൽ നിന്നു ഭക്ഷണത്തിലേയും ഭാഷയിലേയും മിഥ്യാഭിമാനം പോകില്ല എന്ന് സാമൂഹിക

പാഠം ക്ലാസിൽ ജോൺ മാത്യു സർ പറഞ്ഞത് ഓർക്കാനുള്ള നിമിഷമായിരുന്നു അതെനിക്ക്.

ആ മടക്കത്തിൽ അവളുടെ മുഖം വിടർന്ന താമരപോലെ നിറംപരത്തി. സ്വന്തം വീടുപോയ ഒരാൾ ചിരിക്കുകയാണ്. സ്വന്തം വസ്തുവാണ്. കവർന്നാണ് അതെടുക്കുന്നത്. സ്വന്തം ജീവിതം മോഷ്ടിച്ചെടുത്ത നന്ദിനിയുടെ കൂട്ടുപ്രതിയായതിൽ ഞാനും ഉന്മാദം കൊണ്ടു. എന്റെ സൈക്കിളായിരുന്നു വണ്ടിപ്പാട്ടുകൾക്കു മുന്നിൽ. നന്ദിനി അലസം പിന്നിൽ വന്നു. അവളുടെ സൈക്കിൾ ചുമടുതാങ്ങിയിൽ ആ ചാരുകസേരയുണ്ട്. അതിൽ മഞ്ഞയും പച്ചയും വരകളുള്ള തുണികൊണ്ട് ഇരിപ്പുസഞ്ചി തുന്നാനുള്ള ഹരമാണ് ആ മുഖത്ത്.

ഋദ്ധി ഞെട്ടിയുണർന്നു.

ബഹളമാണ്. സുശീല മാത്രം അതിൽചേരാതെ ഋദ്ധിയുടെ കട്ടിലിൽ ചുരുണ്ടു കിടന്നു. ആ ക്യാംപിൽ ഉള്ള ഒരേയൊരു കട്ടിലാണ് ഋദ്ധിയുടേത്. അതുകൊണ്ട് ഇപ്പോൾ സുഖമായ കിടപ്പ് ഈ അമ്മയ്ക്കും മകൾക്കും മാത്രമാണ്. വീട്ടിൽ നിന്നു പോരുമ്പോൾ ഋദ്ധി കിടന്നിരുന്ന കട്ടിലും ആംബുലൻസിൽ കൊണ്ടുവന്നതാണ്. ബാക്കിയുള്ളവരെല്ലാം നിരത്തിയിട്ട ബെഞ്ചുകളിലും ഡെസ്കുകളിലുമാണ് ഇന്നലെ മുതൽ കിടക്കുന്നത്. ചാളക്കാരി കോളനിയിലെ പലർക്കും അതുപോലും ആഡംബരമാണ്. ചാണകം മെഴുകിയ തറയിലെ കൈതപ്പായയിൽ കിടന്നവർക്ക് ഇതിലപ്പുറമെന്ത്.

സുശീല ചെവിയോർത്തു. ബഹളം ഭക്ഷണത്തെച്ചൊല്ലിയാണ്. രാവിലെ സൂചിഗോതമ്പുകൊണ്ട് ഉപ്പുമാവാണ്. ക്യാംപിലുള്ളത് നൂറ്റിമുപ്പത്തിയഞ്ചു പേർ. നാൽപതുപേർ കഴിച്ചപ്പോഴേ ഉപ്പുമാവു കഴിഞ്ഞു. ദേഹണ്ഡക്കാരൊന്നുമില്ല. ക്യാംപിലുള്ളവർ തന്നെ സ്കൂളിലെ കഞ്ഞിപ്പാത്രത്തിൽ വഴറ്റിയതാണ്.

വലിയ പ്രശ്നമൊന്നുമില്ല. സൂചി ഗോതമ്പുണ്ട്. വീണ്ടും ഉണ്ടാക്കണം. രണ്ടാമത് ഉണ്ടാക്കേണ്ടി വന്നതിനുള്ള പരസ്പരം കുറ്റപ്പെടുത്തലുകളാണ്. വീണ്ടും മുളകരിഞ്ഞ്, ഉള്ളിതൊലിച്ച്, ഇഞ്ചി ചുരണ്ടി, കടുക് വെളിച്ചെണ്ണയിൽ മൂപ്പിച്ച്, കറിവേപ്പിലയിട്ട്, ഉള്ളിയും മുളകും ഇഞ്ചിയും വഴറ്റി, സൂചി ഗോതമ്പ് പിന്നാലെയിട്ട്, അടുത്ത അടുപ്പിൽ നിന്നു തിളച്ച വെള്ളം ഗോതമ്പിന്റെ മൂന്നിരട്ടി കോരിയൊഴിച്ച്, രണ്ടു കൈ നിറയെ ഉപ്പുമിട്ട് പരന്ന അലുമിനിയം പ്ലേറ്റു കൊണ്ട് അവർ അടച്ചുവച്ചു.

ഇതിനി എത്രപേർക്കൊണ്ടടാവ്വേ എന്ന് അന്നമ്മ.

കിട്ടാത്ത തൊണ്ണൂറു പേരുടെയും പ്ലേറ്റുകളിലേക്കു തുല്യമായി ഇടുമെന്ന് ഗോപാലച്ചേട്ടൻ.

ഒരു തരി അങ്ങോട്ടും ഇങ്ങോട്ടും ഇല്ലെന്ന് മെംബർ പൈലി.

രണ്ടാമത് വയ്ക്കേണ്ടി വന്നില്ലാരുന്നേൽ മുഷിഞ്ഞ് മരിച്ചേനേ എന്ന് സേവ്യർ.

കാലിലാരോ അടിച്ചു. സുശീല ഞെട്ടി കണ്ണുതുറന്നു.

ബിനോയി കയ്യിലൊരു വീശുപാള പിടിച്ച നിന്നു ചിരിക്കുന്നു. ഒരു കൊതുകിനെ കൊന്നതാണെന്ന് പറഞ്ഞ് പാളയിൽ ചോരപറ്റിയത് കാണിച്ചു. സുശീല മുണ്ട് ഒന്നുകൂടി വലിച്ച് കാൽവണ്ണവരെ മൂടി. പരിഭ്രമം മാറാതെ എഴുന്നേറ്റിരുന്നു. തല കറങ്ങുന്നുണ്ട്. എന്താണു കാരണം എന്നു മനസ്സിലാകുന്നില്ല. അങ്ങനെ ഇക്കാലത്തിനിടയ്ക്കു പതിവില്ല.

ബിനോയി ദൂരേയ്ക്കു ചൂണ്ടി. ആൻസി എന്നാണ് ഭാര്യയുടെ പേര് എന്നു പറഞ്ഞിട്ടുണ്ട്. അവരുടെ കല്യാണം ഋദ്ധി കിടപ്പിലാവുന്നതിന് ആറേഴ് മാസം മുൻപായിരുന്നു. ഈ നാട്ടിൽ പത്തുവർഷമായിട്ടും ഒരിക്കൽ പോലും കണ്ടിട്ടില്ല. സുശീല നോക്കി. തല കൂടുതൽ ചുറ്റുന്നുണ്ട്. സുശീലയ്ക്കു കിടക്കാൻ തോന്നി. ബിനോയിക്ക് ഏതാണ്ട് മനസ്സിലായി. ഞാനിവിടെ തന്നെയുണ്ട് എന്നു പറഞ്ഞ് നടന്നുപോയി. സുശീല വീണ്ടും കിടന്നു. പെട്ടെന്ന് മേൽക്കൂര മുഴുവൻ കറങ്ങുന്നു. കട്ടിലിന്റെ രണ്ടറ്റത്തും കൈപിടിച്ചു. കറക്കത്തിന്റെ വേഗം കൂടുകയാണ്.

സുശീല സ്കൂൾ കാലം കഴിഞ്ഞ് ആദ്യമായി ദൈവത്തെ വിളിച്ചു: "എന്റെ ഈശ്വരന്മാരേ, എനിക്കു മുൻപ് എന്റെ കൊച്ചിനെ വിളിച്ചോണേ..."

കണ്ണടച്ച് ഒരു മിനിറ്റു കഴിഞ്ഞപ്പോൾ ലോകം സാധാരണ നിലയിലായി. വീണ്ടും തുറക്കാൻ പേടിയായി. തുറക്കാതെ വയ്യല്ലോ. തുറന്നു. ലോകം അതിവേഗം കറങ്ങുക തന്നെയാണ്. സുശീലയ്ക്കു കണ്ടതു മതിയായി. ഇങ്ങനെയൊന്ന് ആദ്യമാണ്. പതിനാലു വയസ്സുമുതൽ നാൽപ്പത്തിനാലു വരെ ഒരിടത്തും ഇരുന്നിട്ടില്ല, പിന്നല്ലേ കിടക്കുന്നത്. പനിയും ജലദോഷവും വന്നപ്പോഴൊന്നും കായലീപ്പോക്ക് മുടക്കിയിട്ടുമില്ല. ഇന്ന് ഈ നിമിഷമാണ് ഭയമറിയുന്നത്. ഞാൻ പോയാൽ എന്റെ മോൾ?

എന്റെ ദൈവമേ, എന്റെ ദൈവമേ... എന്ന് തല കറങ്ങുമ്പോൾ സുശീല ആർത്തു.

ആറാന കുടയും ആലവട്ടവുമേറ്റി നിരന്നു നിന്നു കയറ്റം.

വഴിതെളിച്ചുവന്നപ്പോൾ തെളിഞ്ഞത് പട്ടുകുറ്റൻ കവാടം. വാതിലിന്റെ പലകയുടെ കനം തന്നെ പന്ത്രണ്ട് ഇഞ്ചാണ്. അടിയിലെ നേർത്ത വിടവിലൂടെ ഓലകടത്തിവിട്ട് ചതുര അളവെടുത്തു. ഒരടി കനമുള്ള പലകകൾ പതിനെട്ട് ഇഞ്ച് കനമുള്ള ചതുരക്കള്ളികളിൽ തല്ലിക്കൂട്ടി പണിത വാതിൽ. ഈ കോട്ടയ്ക്കായി പണിതതാകണമെന്നില്ല; വൻകരയിലെ ഏതെങ്കിലും കൊട്ടാരവാതിൽ പൊളിച്ചു കൊണ്ടുവന്നതാകാമെന്ന് രണ്ടുവട്ടം തെക്കുവടക്കു നടന്നു ചതുര തീർപ്പാക്കി. അന്നു പണിയാൻ നാൽപ്പതു തേക്കെങ്കിലും തീർത്തുകാണും.

**ത്രയ:** "ഓ വാതിലൊക്കെ ആരെങ്കിലും എടുത്തുകൊണ്ടുവരുമോ?".

**ചതുര:** "ചെങ്കോട്ടയുടെ വെള്ളി മേലാപ്പ് അഴിച്ചുവിറ്റ് പാനിപ്പറ്റ് യുദ്ധം നടത്തിയ രാജാക്കന്മാരുണ്ട്."

**ഏകൻ:** "ചെങ്കോട്ടയിൽ നിന്നു കാണാതായ മയൂര സിംഹാസനം ഇനി ഇതിനുള്ളിലെങ്ങാനും?"

**ദശ:** “പട്ടമഹിഷിയുടെ മൂക്കത്തിയിലെ അരയ്ക്കാൽ പണമിട പൊന്നുരുക്കി ചൂതുകളിച്ച തമ്പുരാക്കന്മാരുള്ളപ്പോഴാണ് മയൂര സിംഹാസനം ചില്ലിട്ടുവയ്ക്കുന്നത്.”

**ത്രയ:** “അതേതു തമ്പുരാൻ?”

**ദശ:** “ഉറപ്പായും കാണും, ചുമ്മാ ചരിത്രമൊക്കെയൊന്നു മറിച്ച് നോക്ക്...”

ത്രയ നിർത്താതെ ചിരിച്ചു. ഋദ്ധിയിൽ പതിവില്ലാത്ത മന്ദഹാസം വിടർന്നു.

തെളിഞ്ഞ ചാഞ്ഞ പാതയിൽ പകുതിപ്പേരും ഒത്തുപിടിച്ച് വലിയൊരു ഉരുളൻ തടി ഉരുട്ടിയെത്തിച്ചു. തേച്ചുമിനുക്കി എണ്ണയിട്ടു വച്ചിരുന്ന ഉരുപ്പടിയാണ്. പലകയാക്കാൻ കൊണ്ടുവന്നു ബാക്കിവച്ചതാകും എന്നാണ് ചതുര കണ്ടെത്തിയത്. ഇവിടെവിടെങ്കിലും പഴയ അറക്കവാളും കാണണമെന്നും ചതുര ഉറപ്പിച്ചു. ഋദ്ധിയാണ് മറ്റൊരു സംശയം പറഞ്ഞത്. പത്തുപന്ത്രണ്ടുപേർ കവച്ചുകിടന്ന് കപ്പലിൽ നിന്നു കരയിലേക്കും തിരിച്ചും പോയ കട്ടമരവുമാകാം എന്ന്. തടിയുടെ ഇരുവശത്തുമായി ഏകനെ പിൻതുടർന്ന് എഴുപത്തിയാറുപേരും ഋദ്ധിയും നിന്നു.

**ഋദ്ധി:** “ലോകംകണ്ട ഏറ്റവും വലിയ, വലിയ വലിയ, പെരുംനുണ പിൻതുടർച്ചയാണ്.”

**ഏകൻ:** “അധരോർജ്ജമാണല്ലോ എല്ലാ അടിമകളുടേയും അടിയാധാരം; ചുമ്മാ തർക്കിക്കുക തന്നെ.”

**ത്രയ:** “പണിയെടുപ്പിക്കാനുള്ള മൂത്തമുതലാളിത്ത തന്ത്രം.”

വാതിൽ ഇടിച്ചു തുറക്കാനുള്ള താളത്തിനായി ‘ഐലസാ...’ വിളി ദ്വാദശിയിൽ നിന്നുയർന്നു. സപ്തമ ‘ഏലേലയ്യ...’ എന്ന് ഏറ്റുപിടിച്ചു. ഐലസാ... ഏലേലയ്യ... വിളികൾ ആവർത്തിച്ച് ആ തടികൊണ്ട് അവർ വഞ്ചിപ്പുരകോട്ടവാതിലിൽ ഇടിച്ചു. ആദ്യ മൂന്ന് ഇടികളിലും മരം ഒരു ചലനവും ഉണ്ടാക്കാതെ ഇടിച്ചു നിന്നു. നാലാം ശ്രമത്തിൽ ഇടത്തെ വാതിൽപ്പാളി അടർന്നു വീണു. ആഘാതം ഏൽക്കാത്തതുപോലെ അനക്കമില്ലാതെ നിന്ന രണ്ടാം പാളി ഒരു നിമിഷത്തിനു ശേഷം മരംവീഴും പോലെ കരഞ്ഞു മലക്കെത്തുറന്നു. വഞ്ചിക്കോട്ടവാതിൽ കടന്ന് പലദശാബ്ദങ്ങൾ ഒന്നിച്ചു പ്രവേശിച്ചു.

പത്തിലേറെ വഞ്ചികൾ നിരന്നു കിടക്കുകയാണ്. ചില പായ്മരങ്ങൾ പതിറ്റാണ്ടുകളെ വെന്നു നെടുനീളത്തിൽ, ചിലത് നൊത്ത് ഒടിഞ്ഞുതൂങ്ങി. മടക്കിവച്ചിരുന്ന പായകൾ ദ്രവിച്ചു പൊടിയായി പാറിക്കിടന്നു.

**ത്രയോദിശി:** “പിൻതുടർച്ച ഒരു നുണയല്ല, കരുതലാണ്”

ഋദ്ധി ഒന്നിൽ കൈവച്ചു. മരം തുളഞ്ഞ് കൈ ഉള്ളിലേക്കു പോയി. പഴയ ഏതോ പതിറ്റാണ്ടിൽ പൊഴിച്ചിട്ടുപോയ എട്ടടി നാഗപടം കടൽകൊണ്ടുവന്ന കാറ്റിൽ പതാകപോലെ പാറി.

നവമിക്കു ശ്വാസംമുട്ടി.

മാറാപ്പിൽ നിന്ന് ചതുര വീതുളി എടുത്തു. തടവറ മതിൽ തകർത്തിറങ്ങുമ്പോൾ കോണോടുകോൺ മടക്കിയ കോറത്തുണിയിലെടുത്തത് നാലു വീതുളി, ഒരു കൊത്തുളി, ചിന്തേര്, കൈവാൾ, കൊട്ടുടി, പിന്നെ മുഴക്കോലും. ഇടംചെവിയിലെ പെൻസിൽ മാറ്റി ചതുര ബീഡി തിരുകിയത് സമുദ്രയുടെ കപ്പലിൽ കയറിയതിനു പിന്നാലെയാണ്. കൊട്ടോടി കൊണ്ടു തട്ടി ഉരുവിനു ചുറ്റും ചതുര നടന്നു. ഓരോ ചുവടിലും അറക്കപ്പുരയിൽ നിന്നെന്നതുപോലെ പൊടിയുയർന്നു.

**ഏകൻ:** "കാറ്റും വെട്ടവുമടിക്കാത്ത തനിതേക്കിൻകാതലും കുത്തനെടുക്കും."
**ദ്വാദശി:** "കാറ്റടിക്കാത്ത മനുഷ്യരേയും."

തെളിച്ചെടുത്ത പാതയിലൂടെ ഋദ്ധി കടലോളം നടന്നു. വീട്ടുകാരനെ കണ്ട നായക്കുട്ടിയെപ്പോലെ തിരവന്ന് കാലിൽ തൊട്ടുരുമ്മിത്തുള്ളി മടങ്ങി, ഓട്ടം മുഴുമിക്കും മുൻപു തിരികെവന്ന് വട്ടംചുറ്റി. പിന്നെയും അത് ഓടിപ്പോയി, വന്നു.

സുശീല ഋദ്ധിയുടെ ട്യൂബ് വിടുവിച്ച് മൂത്രബാഗുമായി പുറത്തേക്കു നടന്നു.

വേണ്ടിവന്നാൽ താങ്ങാൻ ഭിത്തിയോട് ചേർന്നാണ് നടന്നത്. ഇപ്പോൾ തല കറങ്ങുന്നില്ലെങ്കിലും ആകെ മന്ദതയാണ്. സ്കൂളിലെ കുട്ടികളുടെ മൂത്രപ്പുര ക്ലോസെറ്റുകളും വെള്ളക്കുഴലുകളും തൊട്ടിയും ഇല്ലാത്തവയാണ്. എന്നിട്ടും അത് കോളനിയിലെ പല വീടുകളിലുമുള്ള സൗകര്യങ്ങളേക്കാൾ മികച്ചു നിന്നു. ഋദ്ധിയുടെ പിൻതലമുറ ഇരുന്നു മൂത്രമൊഴിക്കുന്ന പാത്തിയിലേക്ക് ആ ബാഗ് സുശീല മറിച്ചു. ഒപ്പം സ്വയം മൂത്രമൊഴിച്ചു. തിരികെ എഴുന്നേറ്റു നടക്കുമ്പോൾ സുശീല മനസ്സിനെ പറഞ്ഞുറപ്പിച്ചു: തലകറങ്ങി എന്നു വെറുതെ തോന്നിയതാണ്. എനിക്കൊരു കുഴപ്പവുമില്ല.

ആ നടപ്പിൽ ആൻസി അടുത്തുവന്നു.

സുശീല അറിയുമോ?

**സുശീല:** ആൻസി...
**ആൻസി:** നമ്മൾ കണ്ടിട്ടേയില്ലല്ലോ?
**സുശീല:** എനിക്കറിയാം.

ആൻസി സുശീലയുടെ തോളിൽ പിടിച്ചു. സുശീലയ്ക്കു ബിനോയി ആദ്യമായി തൊടുന്നതുപോലെ തോന്നി. കണങ്കാലിൽ രോമങ്ങൾ എഴുന്നതായി അറിഞ്ഞു. സുശീലയ്ക്ക് ചുണ്ടുകൾ വിറച്ചു. ആൻസി പതുക്കെ കട്ടിലിലേക്കു പിടിച്ചു കിടത്തി. ഋദ്ധിയുടെ കാൽച്ചുവട്ടിൽ സുശീല ചുരുണ്ടു കിടന്നു. ആൻസി സുശീലയുടെ കൺപോള വിടർത്തി നോക്കി. നല്ല മഞ്ഞ നിറം. രണ്ടുരപതിറ്റാണ്ടായി കായലിൽ കിടന്നു ദ്രവിച്ച നഖങ്ങളിൽ പിടിച്ചു. അതു തൊട്ടാൽ അടരുമെന്ന മട്ടിൽ നിൽക്കുന്നു. ആൻസി നടുവു നിവർത്തിയപ്പോഴേക്കും ബിനോയി പിന്നിലെത്തി.

ഡോക്ടറെ വിളിക്കണം.

സുശീല ഋദ്ധിയുടെ കട്ടിലിനു താഴെ വിറച്ചു കിടക്കുന്നതുകണ്ട് ഒന്നു നോക്കണമെന്ന് ബിനോയി ആൻസിയോട് പറഞ്ഞിരുന്നു. പത്തു വർഷമായി നഴ്സാണ് ആൻസി. സുശീലയുടെ ആ വേച്ചുള്ള പോക്കു കണ്ടപ്പോഴേ താളപ്പിഴ തിരിച്ചറിഞ്ഞിരുന്നു.

ദ്വാദശി ഋദ്ധിയുടെ പൊക്കിളിനു മുകളിൽ വലതുകയ്യിലെ അഞ്ചു വിരലുകളും വിടർത്തി വച്ചു.

ആ വിരലുകൾക്കു മുകളിൽ ഋദ്ധിയുടെ വലതുകൈ. പിന്നെ ദ്വാദശിയുടെ ഇടതുകൈ. അതിനു മുകളിൽ ഋദ്ധിയുടെ ഇടതുകൈ.

> "അക്കുത്തിക്കുത്താനവരമ്പത്ത്
> കല്ലേക്കുത്ത് കടുംകുത്ത്..."

അക്കുത്തിക്കുത്താനവരമ്പത്ത്... നന്ദിനി കുഞ്ഞുണ്ണിയുടെ ചുരുട്ടിപ്പിടിച്ച കൈകളിലെ വിരലുകൾ ഓരോന്നായി വിടർത്തി. മുകളിൽ നന്ദിനിയുടെ കൈ. അതിനു മുകളിൽ ഞാൻ. അതിനു മുകളിൽ ജുവൽ. പിന്നെ ആനി. സുലൈഖ, അഫ്സൽ... അക്കിത്തിക്കുത്ത് ആവേശത്തോടെ പറയുകയാണ്. അട്ടഹാസങ്ങളും ആ വീട്ടിൽ നിറയുകയാണ്. ഞങ്ങളുടെ ഓരോ അലർച്ചയ്ക്കുമൊപ്പം കുഞ്ഞുണ്ണി കാലുകളും കൈകളും അന്തരീക്ഷത്തിൽ ചിവിട്ടി കുതിക്കുകയാണ്.

പെട്ടെന്ന് നന്ദിനി കൈ പിൻവലിച്ച് എഴുന്നേറ്റു മാറി നിന്നു. വഴിയിൽനിന്ന് അച്ഛന്റെ സ്കൂട്ടർ കയറി വന്നു. നന്ദിനി എല്ലാവരോടും കൈകാണിച്ചു. പോകാനാണ് ആ ആഗ്യം. അമ്മ പെട്ടെന്നു വന്ന് കുഞ്ഞുണ്ണിയെ തോളിലിട്ട് അകത്തേക്കു പോയി. ഞങ്ങൾ ഓരോരുത്തരായി പുറത്തിറങ്ങി. അച്ഛൻ ആരേയും നോക്കുക പോലും ചെയ്യാതെ മുറിയിലേക്കും. പിന്നിൽ വാതിൽ അടഞ്ഞു. സൈക്കിൾ എടുത്ത് മിണ്ടാതെ റോഡിലെത്തിയപ്പോൾ ജുവൽ: "അച്ഛൻ വന്നത് കാര്യമായി, എനിക്ക് മുള്ളാൻ മുട്ടി നിൽക്കുകയായിരുന്നു."

ജുവൽ നിന്നുകൊണ്ട് സിബ് താഴ്ത്തി. എന്നാൽ പിന്നെ ഞാനും മുള്ളാമെന്ന് ജീൻസ് വലിച്ച് താഴ്ത്തി അവിടെ ഇരുന്നു. നന്ദിനിയുടെ വാടകവീടിന്റെ മതിലിനു താഴെയുള്ള ഓടയിലേക്കാണ് ഞങ്ങൾ മത്സരിച്ചു മൂത്രമൊഴിച്ചത്. ഞങ്ങൾ രണ്ടാളും മൂത്രമൊഴിച്ചു തുടങ്ങിയതേ ആനിയും സുലൈഖയും അഫ്സലും വന്ന് ഒപ്പം കൂടി. സ്വർഗം കിട്ടിയ സന്തോഷമായിരുന്നു. തലപൊക്കി നോക്കുമ്പോഴുണ്ട് നന്ദിനി ജനലിന്റെ അഴികൾക്കിടയിലൂടെ രണ്ടു വിരലുകൾ ഉയർത്തി വിക്ടറി കാണിക്കുന്നു. അഫ്സലിന് ചിരി പൊട്ടി നിൽക്കാൻ വയ്യ.

"എന്തെടാ" എന്നു ജുവൽ.

"അവളുടെ അച്ഛനിതെല്ലാം അപ്പുറത്തെ ജനൽ വഴി കാണുന്നുണ്ടെടാ..." എന്ന് പറഞ്ഞ് അവൻ സിബ് അടച്ചു.

പുറത്തേക്കുള്ള വഴികൾ എല്ലാം അടച്ചിരിക്കുകയാണെന്ന് ഡോ. സന്തോഷ് കുമാർ പറഞ്ഞു.

പട്ടാളവണ്ടിയിലാണ് ഡോക്ടറെ ക്യാംപിലെത്തിച്ചത്. ഇനി ഒരറിയിപ്പ് ഉണ്ടാകുന്നതുവരെ ഡോ. സന്തോഷ് കുമാർ ക്യാംപിലുണ്ടാകണം എന്ന നിർദേശം കൈമാറി പട്ടാളം പോയി. ഡോക്ടർ വന്നതോടെ തിക്കുംതിരക്കുമായി. ചിലർക്ക് ക്യാംപിലെത്തിയിട്ടു വയറ്റിൽ നിന്നു പോകുന്നില്ല. മറ്റു ചിലർക്ക് വയറിളക്കമാണ്. ചിലർക്കു പനിക്കുന്നു. വേറെ ചിലർക്ക് ശരീരത്തിൽ ചൊറിഞ്ഞു തടിക്കുന്നു. കുമിളകൾ പൊട്ടുന്നു. സുശീലയ്ക്ക് എഴുനേൽക്കുന്നതിലും നല്ലത് അങ്ങനെ കിടക്കുകയാണെന്നു തോന്നി. മയക്കം വരുന്നുണ്ട്.

ഡോക്ടറുടെ കസേരയ്ക്കു മുന്നിൽ വരി നിന്നവരെ മറികടന്ന് അന്നമ്മ ചെന്നു. “നിൽക്കണ കണ്ടാലറിയാം ഇവരാരും ചാവാൻ പോകുവല്ലാന്ന്. പെണ്ണൊരുത്തി അവിടെ തലപൊങ്ങാതെ കിടക്കുമ്പഴാ.”

ഡോക്ടറുടെ കയ്യിൽ പിടിച്ച് അന്നമ്മ സുശീലയുടെ അടുത്തേക്കു നടന്നു.

നാടിമിടിപ്പിന് വേഗം പോരാ. കൺപോളകൾ ഡോക്ടർ വിടർത്തിയിട്ടും സുശീല ഉണർന്നതായി തോന്നിയില്ല. ഓരോ ശ്വാസത്തിനൊപ്പവും മൂളൽ കേൾക്കാം. നേരത്തെ ഉണ്ടായിട്ടുണ്ടോ എന്ന് സ്റ്റെതസ്കോപ്പ് ചെവിയിൽ തിരികി ഡോക്ടർ. ആൻസി അന്നമ്മയെ നോക്കി. അന്നമ്മ രണ്ടു തോളുകൾ മുകളിലേക്കാക്കി ഇല്ല എന്നു കാണിച്ചു. ഇതുവരെ ഒരു പനി ഗുളിക പോലും കഴിച്ചതായി അറിയില്ലെന്ന് പറയണമെന്നുണ്ടായിരുന്നു. അന്നമ്മയ്ക്ക് പേടി തട്ടി ഒച്ചപൊങ്ങിയില്ല. കണ്ണു നിറഞ്ഞു. അങ്ങനെ ഉത്തരം മുട്ടുന്ന അനുഭവം അന്നമ്മയ്ക്ക് ഇക്കാലത്തിനിടെ ഉണ്ടായിട്ടില്ല. സ്വന്തം ചങ്ക് പറിയുന്നതുപോലൊരു പെടപ്പാണിപ്പോൾ.

പെട്ടെന്ന് അന്നമ്മ ഋദ്ധിയെ നോക്കി. അന്നമ്മയ്ക്ക് വെപ്രാളമായി. ഡോക്ടർ അവിടെ നിൽക്കുമ്പോൾ തന്നെ അടുപ്പുകൾ കൂട്ടിയിരിക്കുന്ന മൂലയിലേക്കോടി. പാത്രത്തിൽ ബാക്കിയുള്ള ഉപ്പുമാവ് ഒരു തവി എടുത്തു. തിളച്ചുവരുന്ന അരിയുടെ വെള്ളം അതിലേക്കു മുക്കിയൊഴിച്ചു. തവികൊണ്ട് അത് ഉടച്ചു. അരിഞ്ഞുവച്ചിരുന്നത് സവാളയാണ്. അത് കൈകൊണ്ട് ഉപ്പുചേർത്തു ഞരടി മുകളിൽ വിതറി. ഒരു സ്പൂണുമായി ഓടിവന്നു. ഋദ്ധിയുടെ വായിൽ അതു ചെരിച്ചു തിരുകി. ഋദ്ധി കൺതുറന്നു.

അന്നമ്മച്ചെടത്തിയെ ഇങ്ങനെ കാണുന്നത് ആദ്യമാണ്. അമ്മയല്ലാതെ ഒരാൾ എനിക്കു കഞ്ഞി തന്നിട്ടേയില്ല. അന്നമ്മ ചേടത്തി ശബ്ദം താഴ്ത്തി എന്നതുപോലെ ചോദിച്ചു. വെപ്രാളത്തിൽ ഒച്ച ഉയരുകയാണ് ചെയ്തത്.

“ചുട്ട മീൻവേണോ പിള്ളേ...”

ആ ചുണ്ട് അനങ്ങിയത് അങ്ങനെയാണ്. ചിരിക്കേണ്ടതാണ്. ഞാൻ ചിരിക്കുന്നുണ്ട്. അത് അന്നമ്മച്ചേടത്തി അറിഞ്ഞിരുന്നെങ്കിൽ. സ്കൂളിൽ നിന്നിറങ്ങി ഇതുവരെ ആ മഞ്ഞനിറമുള്ള ഉപ്പുമാവ് കഴിച്ചിട്ടില്ല. അമ്മ എന്നുമിപ്പോൾ കഞ്ഞിയാണ് തരാറ്. പലഹാരങ്ങളുടെ രുചി അറിഞ്ഞിട്ട് എത്ര കാലമായി. ഈ ചരിച്ചുവച്ച സ്പൂണിന് അപ്പുറത്തു കൂടി ഒഴുകിവരുന്നത് കഞ്ഞിയല്ല എന്ന് അറിയാം. അത് ഉപ്പുമാവാണ്. പക്ഷേ, എനിക്ക് അതു വേറിട്ടു തോന്നുന്നില്ല. ഇറങ്ങിപ്പോവുകയാണ്, ഇന്നലെ വരെ കഞ്ഞി ഇറങ്ങിപ്പോയതുപോലെ. നാവു തൊടാതെ കഴിച്ചാൽ ലോകത്ത്

എല്ലാ ഭക്ഷണവും ഒന്നുതന്നെയാണ്. വേവിച്ചെടുത്ത കിഴങ്ങും പുഴുങ്ങിയെടുത്ത മാട്ടിറച്ചിയും തൊണ്ടവഴിയിറങ്ങി കുടലിലെത്തി ഒരേജോലി ചെയ്യും. അതിൽ കുറച്ചുമാത്രം ഞരമ്പുകൾ വലിച്ചെടുക്കും. ബാക്കിയെല്ലാം ഒരേ വഴിയിലൂടെ പുറത്തുപോകും.

ഡോക്ടർ എന്റെ കണ്ണുകൾക്കു മുകളിലൂടെ കൈപ്പത്തി ഇരുവശത്തേക്കും ചലിപ്പിക്കുന്നുണ്ട്. ഞാൻ കണ്ണുമാറ്റില്ല എന്ന വാശിയിലായിരുന്നു. മുകളിൽ ഒരു എട്ടുകാലി വയറ്റിൽ മുട്ടകളുമായി ഉണ്ട്. അതുവലയിൽ തൂങ്ങിയാടുകയാണ്. എന്റെ കണ്ണിനും ആ എട്ടുകാലിക്കും ഇടയിലൂടെ എന്തു തടസ്സം വന്നാലും ഞാൻ നോട്ടം പിൻവലിക്കില്ല.

ഡോക്ടർ അന്നമ്മയോടു പറയുകയാണ്. ഇപ്പോൾ ഓർമകളും ഉണ്ടാകാനിടയില്ലെന്ന്. കണ്ണുകൾ പോലും അനക്കുന്നില്ലല്ലോ എന്നാണ് ഡോക്ടർ പറഞ്ഞത്. ഞാൻ കണ്ണ് ചലിപ്പിക്കുകയാണ് വേണ്ടിയിരുന്നത് എന്ന് അപ്പോഴാണു തോന്നിയത്. ഡോക്ടർ ചൂണ്ടുവിരൽ മുകളിൽ നിന്ന് താഴേക്കു കൊണ്ടുവരികയാണ്. ആ വിരലിന്റെ വലതുവശത്തും ഇടതുവശത്തും രണ്ടു നിറമാണെന്ന് ഞാനറിഞ്ഞു. ആ വിരൽ മൂക്കിന്റെ തുമ്പു വരെ ഡോക്ടർ എത്തിച്ചു.

അന്നമ്മയോട്ട് ഡോക്ടർ പറഞ്ഞു. നമ്മൾ പറയുന്നതു ചുണ്ടനങ്ങുന്നതു കണ്ട് മനസ്സിലാക്കുന്നുണ്ടാകും. ഒന്നും ഓർമയിൽ ഉണ്ടാകില്ല. അപ്പപ്പോൾ കണ്ടും കേട്ടും തീരുകയാണ്. എനിക്കിപ്പോഴാണ് മനസ്സിലായത് ഞാനൊരു തൽസമയ വാർത്താ ചാനലാണെന്ന്. അപ്പോൾ കാണുന്നതു മാത്രം അറിയിക്കുന്ന ഒരാൾ. പഴയതൊന്നും ഓർമിപ്പിക്കാത്ത വരാനുള്ളതിനെക്കുറിച്ചൊന്നും ആശങ്കയില്ലാത്ത പലശതം ടെലിവിഷൻ ചാനൽപോലെ ഞാനും.

കൊച്ചുകുഞ്ഞുങ്ങളെപ്പോലെയാണ്. എല്ലാം കാണുകളും കേൾക്കുകയും ചെയ്യും. ആറേഴ് വയസ്സുവരെ എന്തു നടന്നുവെന്ന് പിന്നെയോർത്താൽ കിട്ടുമോ? ചിരിക്കുകയും കരയുകയും ചെയ്യും. പക്ഷേ, അതൊന്നും ഓർത്തുവയ്ക്കില്ല.

അല്ല. എനിക്ക് നല്ല ഓർമയുണ്ട്. നന്ദിനി വെള്ള മന്മലുമുണ്ട് ഉടുത്തിരിക്കുകയാണ്. കറയോ പാടോ ഒന്നുമില്ലാത്ത തൂവെണ്മയിലാണ്. മുഖത്തേക്ക് എന്തൊരു പ്രകാശമാണ് വന്നുവീഴുന്നത്. കാണുന്നവരുടെ കണ്ണുകളെല്ലാം സൂര്യനായി അവളുടെ മുഖത്തു പ്രതിഫലിക്കുകയാണ്.

മത്തായിക്കു ദേഷ്യം വന്ന് ഇരുപ്പുറയ്ക്കുന്നില്ല.

കടയിങ്ങനെ അടച്ചിട്ട് എത്രനാളാണെന്നു വച്ചാണ്. തുറന്നു വരുമ്പോ ഗഡുമുടക്കീന്നു പറഞ്ഞു സ്റ്റേറ്റ് ബാങ്ക് താഴില് മെഴുകുരുക്കി ഒഴിക്കും. പെങ്കൊച്ചിനെ നഴ്സിങ്ങും പഠിപ്പിച്ച് ലണ്ടനിൽ വിട്ടതിന്റെ ഭാരം എത്രകാലമാണെന്നു വച്ചാണ് ചുമക്കുന്നത്. അതവിടെ ചെന്നുമടയ്ക്കാതിരുന്നിട്ടൊന്നുമല്ല. യുദ്ധം ഇവിടെ മാത്രമല്ലല്ലോ. അവടേം ഇതിന്റെ പത്തിരട്ടിയില്ലേ. സർക്കാരു് കാശുമുഴുവൻ ഏറുവാണം മേടിക്കാൻ ഉണ്ടാക്കുന്നതിനിടയ്ക്ക് എവിടുന്നു ശമ്പളം കൊടുക്കാൻ.

ബിനോയിക്കു കിഴക്കൻ മലേല് രണ്ടരയേക്കർ റബറുണ്ടായിരുന്നു. പത്തുവർഷം മുന്നേ അതു മറിച്ച് കന്നാര നട്ടതാണ്. രണ്ടുകൊല്ലം മൂന്നു ലക്ഷം വച്ചിങ്ങു പോന്നു. ആ കാശുകൂടി പിന്നത്തെ രണ്ടു കൊല്ലം പോയി. ഇപ്പോ പണ്ടത്തെ കുരു വീണു പൊട്ടിയ മൂന്നോ നാലോ റബറ് മാത്രമേയുള്ളൂ. പിന്നെ കുറച്ചു ചപ്പും. അപ്പന്റെ കാലത്താണ് ഉണ്ടായിരുന്ന തെങ്ങുകൂടി മറിച്ച് റബറ് നട്ടത്. കെട്ടിയത് സർക്കാരുപണിയുള്ള നഴ്സിനെ ആയതുകൊണ്ട് ഇതുവരെ പട്ടിണിയറിയാതങ്ങു പോയി. ഇനിയിപ്പം ശമ്പളം കിട്ടുന്നതൊക്കെ കണക്കാണെന്ന് അവള് പറയുന്നുണ്ടായിരുന്നു. എംഎൽഎ മോനിച്ചൻ ആൻസീടെ എളേപ്പനായതുകൊണ്ട് താമസിക്കണ ക്യാംപിലെ നഴ്സാക്കി ഉത്തരവിടീച്ചു. അതു മാത്രമാണ് ആശ്വസിക്കാൻ. വൈകി കെട്ടിയതുകൊണ്ട് അവൾക്കു വയറ്റിലുണ്ടാകാത്തതു കാര്യമായി. ഇല്ലെങ്കിൽ അവരെയോർത്ത് നരകിച്ചേനേ.

സ്റ്റീഫൻ പ്ലംബറാണ്. യുദ്ധം കഴിഞ്ഞാ പണിയോടു പണിയായിരിക്കുമെന്നു സുഹൈൽ. പട്ടാളം പോയവഴിക്കൊക്കെ കുഴിയെടുത്തു സർവ പൈപ്പും പൊട്ടിച്ചിട്ടുണ്ട്. ഇനി എല്ലാം കൂട്ടിയിണക്കാനുള്ള പണി പഞ്ചായത്തിൽ നിന്ന് സ്റ്റീഫൻ മേടിച്ചെടുക്കും എന്ന വിശ്വാസത്തിലാണ് സുഹൈൽ വിടാതെ ഒപ്പം കൂടിയിരിക്കുന്നത്. കുഴിയെടുത്തു കൊടുക്കാൻ നിന്നാൽ ദിവസം ആയിരത്തിയൊരുനൂറ് ആയിരുന്നു സ്റ്റീഫൻ വാങ്ങിച്ചുകൊടുത്തിരുന്ന തച്ച്. മാസത്തിൽ പതിനഞ്ചു ദിവസം പണിഞ്ഞാൽ പോരേ...: സുഹൈൽ.

കട്ടിലിന്റെ കാലിനോട്ട് ചേർന്ന് ഒരു പട്ടിക കെട്ടി അന്നമ്മയാണ് സ്റ്റാൻഡ് ആക്കി കൊടുത്തത്. ഒന്നും കഴിക്കാതെ കിടക്കുന്ന സുശീലയുടെ കൈകളിൽ ആൻസി സൂചികുത്തി, തുള്ളി തുള്ളിയായി ബോട്ടിലിൽ നിന്ന് ദ്രാവകം ഇറ്റി. സുശീലയുടെ ആ ഉറക്കത്തിനിടെ ഋദ്ധി നാലുവട്ടം ഉണരുകയും ഓരോ തവണയും അന്നമ്മയെ കാണുകയും ചെയ്തു. അമ്മ എവിടെ എന്ന ചോദ്യമാകണം ആ തൊണ്ടയിൽ കുരുങ്ങി നിന്നത്.

സുശീല ഋദ്ധിയുടെ കാൽക്കൽ തന്നെ ചുരുണ്ടു കിടക്കുന്നുണ്ടായിരുന്നു, ജീവിതത്തിലെ ആദ്യ ഐവി ട്രീറ്റ്മെന്റ് ഏറ്റുവാങ്ങി. അന്നമ്മ കുപ്പിയിൽ പിടിച്ച് ഇളക്കി നോക്കി. ആൻസി പറഞ്ഞു: അത് അനക്കരുത്, രക്തം തിരികെ കയറും. ഇതിനെവിടെ ചോരയിരുന്നിട്ടാ എന്റെ കൊച്ചേ എന്ന് അന്നമ്മ.

ഋദ്ധിയും ഇക്കാലം മുഴുവൻ ഇങ്ങനെ ആയിരുന്നിരിക്കും എന്നു സുശീലയ്ക്കു തോന്നി. ചുറ്റുമുള്ളതൊന്നുമറിയാത്ത ഉറക്കം. എത്രനേരം കിടന്നു എന്നുപോലും മനസ്സിലാകുന്നില്ല. അന്നമ്മയാണ് പറഞ്ഞത്: "രാവിലെ ഒൻപതിന് ഡോക്ടർ വന്നപ്പോൾ ഉറങ്ങുകയായിരുന്നു. ഇപ്പോ രാത്രി എട്ടരയായെടീ കൊച്ചേന്ന്. ബോധം പോയി കിടക്കുന്നോർക്ക് ഓർമയില്ലാന്നു പറയുന്നതാകും ശരി. ആ കൊച്ചും ഒന്നും അറിയുന്നുണ്ടാകില്ല."

സുശീലയ്ക്കു പെട്ടെന്നു മിണ്ടാൻ തോന്നി. അന്നമ്മയെ കൈകാണിച്ചു വിളിച്ചു. "ഡോക്ടർക്ക് പൈസ കൊടുത്തോ?"

സുശീലയുടെ അപ്പോഴത്തെ ആധി അതോർത്തായിരുന്നു.

അന്നമ്മ ചിരിച്ചു: "ഇല്ല, പെണ്ണ് നാളെപ്പോയി കായലിലിറങ്ങി കക്ക വാരി വിറ്റ് കൊടുത്താമതി. അതുവരെ സമയമുണ്ട്."

സുശീല മുണ്ടിന്റെ കോന്താല എളിയിൽ നിന്ന് അഴിച്ചു. അതിൽ പ്ലാസ്റ്റിക്കിൽ പൊതിഞ്ഞ് അഞ്ഞൂറ് രൂപയുടെ നാലു നോട്ടുകൾ. കായലിൽ പോകാൻ തുടങ്ങിയപ്പോൾ ആദ്യം അങ്ങനെ സൂക്ഷിച്ചത് അൻപതു രൂപയുടെ രണ്ടു നോട്ട് ആയിരുന്നു. പിന്നെ നൂറായി. ഇപ്പോൾ അഞ്ഞൂറിന്റെ നാലെണ്ണം. ഇത്രകാലം പണിയെടുത്തിട്ട് ഇതേ ഉള്ളോടീ നിനക്കെന്ന് അന്നമ്മ. സുശീല അന്നമ്മയെ അടുത്തുവിളിച്ചു. കട്ടിലിനു താഴെ വച്ച പെട്ടി തുറക്കാൻ പറഞ്ഞു. അന്നമ്മ: നീയൊന്നു പോടീ പെണ്ണേ. ഡോക്ടർക്ക് നിന്റെ കാശൊന്നും വേണ്ട. അവരൊക്കെ യുദ്ധം കഴിയുമ്പോ ജീവനുണ്ടാകുമോന്നു പേടിച്ചിരിക്കയാണ്.

സുശീല പിന്നെയും നിർബന്ധിച്ചു. അന്നമ്മ ഇരുമ്പു പെട്ടി തുറന്നു. അതിനടിയിൽ മൂന്നു പ്ലാസ്റ്റിക് കടലാസുകളിൽ മടക്കി ഒരു ബാങ്ക് പാസ് ബുക്ക്. സ്റ്റേറ്റ് ബാങ്കിന്റേതാണ്. അന്നമ്മ അതു തുറന്നു. വെളിച്ചത്തിലേക്കു പിടിച്ച് പാസ് ബുക്ക് കണ്ണുകളിലേക്ക് അടുപ്പിച്ചു. ഇതിലെത്ര പൂജ്യാടീവ്വേ. സുശീല പറഞ്ഞു: അത് അവൾക്കുള്ളതാണ്.

നീയിപ്പം ചാവുന്നു വിചാരിച്ചിട്ടാണോ എന്ന് അന്നമ്മ ചിരിച്ചു.

ഒരു ലക്ഷത്തി പതിമൂവായിരത്തി പന്ത്രണ്ട് രൂപ ഇരുപത്തിയൊന്നു പൈസ. സുശീലയ്ക്ക് കണക്ക് കാണാപാഠമാണ്. തൊണ്ണൂറായിരം അക്കൗണ്ടിൽ ഉണ്ടെന്ന് കുറച്ചുമാസം മുൻപ് ബിനോയിയോട് പറഞ്ഞിരുന്നു. അന്ന് ബിനോയി ഇന്ന് അന്നമ്മ ചിരിച്ചപോലെ ചിരിച്ചു. നിങ്ങൾ രണ്ടിലൊരാളേ വെന്റിലേറ്ററിൽ കേറ്റിയാൽ ഒരു ദിവസത്തേക്കുള്ള കാശേയുള്ളൂ അതെന്നായിരുന്നു ബിനോയിയുടെ കണ്ടുപിടിത്തം. സുശീലയ്ക്കൊരു നെഞ്ചുവീക്കം വന്നാൽ ഹൃദയത്തില് ഒരു കുഴലിടാൻ അവരു വാങ്ങിക്കും തൊണ്ണൂറായിരം എന്നു കൂടി കൂട്ടിച്ചേർത്തു.

ആയുസ്സുമുഴുവനുണ്ടാക്കിയത് ഒരു ദിവസത്തെ ആശുപത്രിക്കു പോലും തികയില്ലെന്നോർത്തുള്ള വിമ്മിഷ്ടമായി പിന്നെ. അങ്ങനെയാണ് ആറുമാസം കൊണ്ട് ഇരുപതിനായിരം കൂട്ടിവച്ച് ബാങ്കിൽ ഇത്രയും ആക്കിയത്.

ആശുപത്രിയിൽ കൊടുത്തുതീർക്കാനാണോ പെണ്ണേ നിയിക്കാലമൊക്കെ പണിതത്?

അന്നമ്മ പറയുന്നതു കേട്ടാണ് ആൻസിയും ബിനോയിയും വന്നത്.

"പാങ്ങില്ലാത്തോന് വിങ്ങലുവന്നാൽ മുറിവിൽ പുഴവരിക്കത്തേയുള്ളൂ": ബിനോയി.

സുശീലയുടെ നാഡി പിടിക്കുമ്പോൾ ആൻസിയുടെ കണ്ണിൽ ബിനോയി ഒരാന്തൽ കണ്ടു.

ദ്വീപിൽ പത്തോ പതിനൊന്നോ തവണ സൂര്യൻ വന്നുപോയിക്കാണും.

ഘടികാരങ്ങളും ദിനസൂചികകളും ഇല്ലാതായതോടെ കഴിഞ്ഞുപോയ പകലിന്റെയും രാത്രിയുടേയും എണ്ണം എത്ര ശ്രമിച്ചിട്ടും നവമിക്ക തൃപ്തിയാകുംവിധം കിട്ടിയില്ല. ഇപ്പോൾ വഞ്ചിക്കോട്ടയ്ക്കുള്ളിൽ ആറു നൗകകൾ മാത്രമാണ് ശേഷിക്കുന്നത്. കുറെ മരപ്പാളികൾ ചുറ്റും ചിതറിക്കിടക്കുന്നു. കൂട്ടത്തിലെ മോശം വഞ്ചികൾ പൊളിച്ചെടുത്ത് ചതുര ഉരുപ്പടികളാക്കി കേടുകുറഞ്ഞവയുടെ ഓട്ടകൾ അടച്ചു. ചില പടികൾ അപ്പാടെ മാറ്റേണ്ടി വന്നു. ആറുപായ്മരങ്ങൾ ഏച്ചുകെട്ടി എടുക്കുകയായിരുന്നു. ഋദ്ധി നൗകയിൽ കൊണ്ടുവന്ന പായകൾ അപ്പോഴേക്കും ദ്വാദശിയും കൂട്ടരും കോട്ടയിലെത്തിച്ചിരുന്നു. ചാഞ്ഞ പാത നീളെ ഉരുളൻ തടികൾ പാകി അവർ അടുത്ത പുലരിക്കായി കാത്തു.

**ഏകൻ ശബ്ദമുയർത്തി:** "ഏതു നരകത്തിലേക്കാണെങ്കിലും ഇപ്പോ അറിഞ്ഞേ പറ്റൂ."

**ത്രയ:** "അറക്കാൻ കൊണ്ടുപോകുന്ന ഉരുവിന്റെ പോലും കണ്ണുകെട്ടാറില്ല."

**പഞ്ചമ:** "രാജാവു മാത്രമറിഞ്ഞു നടത്തുന്ന യുദ്ധമൊക്കെ പണ്ട്."

**ദശ:** "ഇത് ഒറ്റയ്ക്കൊറ്റയ്ക്കൊരു രാജ്യമായ മനുഷേന്മാരുടെ കാലമാണ്."

**അഷ്ടമി:** "നുണകൊണ്ട് നാടു ഭരിച്ചോന്മാരൊക്കെ തീർന്നപ്പോൾ പെരുംനുണ കൊണ്ടൊരാൾ കപ്പലിറക്കാൻ പോണു."

**ഋദ്ധി:** "ഇനി ഓലപ്പടവന്മാരുടെ സമയമാണ്. കണ്ണടച്ചു തുറക്കുമ്പോഴേക്കു നാലു കപ്പൽപ്പാട് കടക്കുന്നവരുടെ കാലം. അതാണ് സെയിൽഫിഷ് അൾടാ മോഡേണിസം. താന്തോന്നിത്തരത്തിന്റെ വസന്തം. ഓരോ ഓലപ്പടവനും ഒറ്റയ്ക്കാണ്. അങ്ങനെ തോന്നും. പക്ഷേയത്, ഒറ്റകളുടെ കൂട്ടമായിരിക്കും. എഴുപത്, എൺപതു ഓലപ്പടവന്മാരുടെ കൂട്ടം. ആരും നേതാവല്ല, അല്ലെങ്കിൽ എല്ലാവരും ഊരുമൂപ്പരാണ്. ഇരപിടിയന്മാർ വരും. അപ്പോൾ ഓലപ്പടവന്മാർ കൂട്ടമായി മുനകൂർപ്പിച്ചെത്തും. ആക്രമണമല്ലേ, ചിലപ്പോൾ ഇങ്ങോട്ടും മുറിവേൽക്കുമായിരിക്കും. ചോരയൊലിക്കുന്നവർ കൂട്ടത്തിൽ പിന്നിലാകും. അവരെ സ്രാവുകൾ കൊണ്ടുപോകും. ബാക്കിയുള്ളവർ പിന്നെയും കുതിക്കും. ചിലർ കൂട്ടം മാറും. മറ്റു ചിലർ വന്നുചേരും. അതൊക്കെ അവരവരുടെ ഇഷ്ടം. ആരു വന്നാലും പോയാലും നിൽക്കുന്ന കൂട്ടത്തിൽ നമ്മൾ സ്വന്തം ലോകങ്ങളുണ്ടാക്കും."

ഋദ്ധി സ്വരം കനപ്പിച്ചു: "മഹാസാഗരത്തിലെ ഏറ്റവും വേഗമുള്ള ഓലപ്പടവന്മാരാണ് ഇനി നാം. അഴിച്ചുവിടുകയാണ് നമ്മളെ. ഇനി വലക്കാർക്കായി പെറ്റുപെരുകുന്ന ചാകരകളില്ല, ആർക്കും പിടികൊടുക്കാത്ത ജീവിതമഹാചാരുതയാണ്. ഓ... എന്തൊരു പോക്കായിരിക്കും. മനസ്സു പോകുന്നിടത്തെല്ലാം നമ്മുടെ ശരീരവും പറന്നെത്തും. മുന്നിൽ മഹാ വിസ്മയങ്ങളുടെ പെരുംപാരാവാരമാണ്. നമ്മളിനി വേട്ടക്കാരല്ല, ഇരകളല്ല; വേഗത്തിന്റെ വിരുന്നുകാരാണ്. അവനവൻ തുരുത്തുകളിൽ നാളെ കാറ്റുപിടിക്കും. നമ്മുടെ ലോകം കീഴ്മേൽ മറിയുകയാണ്. ഉണർന്നെഴുന്നേൽക്കയല്ലോ നാം, നീലപ്പായകൾ വിരിച്ച്."

ആരും ഒന്നും മിണ്ടിയില്ല.

**ഏകൻ ത്രയയുടെ ചെവിയിൽ:** “നുണയർ ഭാഷമാറ്റി നമ്മളെ വേഷംകെട്ടിക്കുന്നത് ഇങ്ങനെയാണ്.”

**ത്രയ:** “എന്നാലും നമുക്കൊരു ത്വരയുണ്ടാകുന്നുണ്ട്.”

**ഏകൻ:** “ആഗ്രഹിക്കാനൊന്നുമില്ലാത്തവരെ വാക്ചതുരന്മാർക്ക് എവിടെയും കൊണ്ടുപോകാം.”

**ത്രയ:** “പക്ഷേ, ഈ കരയിൽ നമ്മളെ മോഹിപ്പിക്കാൻ ഇനി ഒന്നും ബാക്കിയില്ല.”

**ഏകൻ:** “പോയൊടുങ്ങുക തന്നെ.”

**ത്രയ:** “നിന്നാലും ഒടുങ്ങും.”

പെരുമഴ. ശംഖുവരയൻ തുരുത്തിലേക്കു കിഴക്കൻ കാറ്റ് കുത്തിയടിച്ചു കയറി. വേരുകൊണ്ടു നാലു ചുമരുകൾ മൂടിനിന്ന പേരാൽ വട്ടം മറിഞ്ഞു. നൂറ്റാണ്ടിന്റെ വംശവൃക്ഷം വീണുകിടക്കുമ്പോൾ വഞ്ചിക്കോട്ടയിൽ ദ്വാദശി ഋദ്ധിയോട് ഒന്നുകൂടി പറ്റിച്ചേർന്നു. നാലുകാലുകൾ പേരാലിന്റെ വേരുകൾ പോലെ പിണഞ്ഞുചുറ്റി. കൈകൾ പത്തിവിരിച്ചാടി. രസനകൾ അർമാദിച്ചു തുഴഞ്ഞു. കടന്നുപോകാൻ ഇടിയിലൊരു വിടവുകിട്ടാതെ വഴിതെറ്റിവന്ന കാറ്റിൻചീളൊന്ന് പിണങ്ങിമാറിപ്പോയി. വന്ന ഒരു മിന്നൽ മഹാഊർജപ്രവാഹത്തിൽ നിഷ്പ്രഭമായി നിന്നു. അതിനെ ഇരുട്ടു വിഴുങ്ങി. പതിറ്റാണ്ടുകളായി നീരണിയാത്ത നൗക ഇളകിയാടി.

**ദ്വാദശി:** “എന്തിനാണ് ഋദ്ധി നമ്മൾ ഓലപ്പടവന്മാരാകുന്നത്.”

**ഋദ്ധി:** “ഭൂമിയിൽ നട്ടെല്ലുമായി പിറന്ന ആദ്യജീവി മീനാണ്.”

**ദ്വാദശി:** “നട്ടെല്ലില്ലാത്ത കടൽപാമ്പുകൾ വന്ന് ഓലപ്പടവനേയും വിഴുങ്ങാറുണ്ട്.”

**ഋദ്ധി:** “നട്ടെല്ല് ഇല്ലായിരുന്നെങ്കിൽ വെണ്ണയിൽ തേനെന്നപോൽ നിന്നിൽ ഞാൻ...”

— 8 —

# വള്ളിപ്പൂമീൻ

കണ്ണുതുറക്കുമ്പോൾ സുശീല കാണുന്നതു മേൽക്കൂരയാണ്. അത് ഓടുകയാണ്. ചലിക്കുന്ന മേൽക്കൂര ഇതിനു മുമ്പ് ദുഃസ്വപ്നത്തിൽ പോലും വന്നിട്ടില്ല. എന്തൊരു പോക്കാണിത്. പതിയെ ചില ശബ്ദങ്ങൾ കേട്ടു തുടങ്ങി.

**ആരോ പറയുന്നുണ്ട്:** "കണ്ട കായലിലൊക്കെ കിടന്ന് എലിപ്പനി പിടിപ്പിച്ചു വന്നിരിക്കുകയാണ്."

**മറ്റൊരാൾ:** "യുദ്ധം പോരാത്തതിനാണ് എലിമടയിൽ കേറി പനിയും മേടിച്ചു വരുന്നത്."

**ആദ്യത്തെ ശബ്ദമാണെന്നു തോന്നുന്നു:** "ആ ചാളക്കാരി കോളനീലെയാണ്."

**രണ്ടാമത്തെ ശബ്ദം:** "പട്ടാളത്തിനു പൗരസ്നേഹമുള്ളതുകൊണ്ട് ഇവിടെയെത്തി."

സുശീലയ്ക്കു മനസ്സിലായി ഇതൊരു സഞ്ചരിക്കുന്ന കട്ടിലാണെന്ന്. ചക്രക്കട്ടിലിലെ ആദ്യ കിടപ്പാണ്. ഋദ്ധിയുടെ കട്ടിലിൽ നിന്ന് ഏതോ ആശുപത്രിയിൽ എത്തിച്ചിരിക്കുകയാണ്.

ഇതുവരെ കാണാത്ത മേൽക്കൂരയാണ്. അറിയാത്ത ആളുകളാണ്. ഞാൻ ഇപ്പോൾ ഋദ്ധിയെപ്പോലെയാണ്. അതെ ഇതു ഋദ്ധിയാണ്. അപ്പോൾ സുശീല എവിടെയാണ്?

**ഒരു സ്ത്രീ ശബ്ദം:** "സുശീല, നാൽപ്പത്തിനാല്". സുശീല സ്വന്തംപേര് ഉറപ്പിച്ചു. മയങ്ങി.

അന്നമ്മ അന്ന് ഋദ്ധിക്കായി മറ്റൊന്നാണ് ഉണ്ടാക്കിയത്.

ക്യാംപിൽ ഇഡ്ഢലി വല്ലം നിറച്ചിട്ടിട്ടുണ്ട്. ഒരേസമയം അറുപതെണ്ണം ഉണ്ടാക്കാവുന്ന തട്ടിൽ പത്തുവട്ടം കൊണ്ട് അറുനൂറെണ്ണം. ഇന്നൊറ്റയാളും പരാതി പറയരുതെന്നുള്ള മത്തായീടെ വിളംബരവും ഉണ്ടായി.

അന്നമ്മ ചെല്ലുമ്പോൾ മത്തായി വല്യവായിലുള്ള പറച്ചിലൊക്കെ നിർത്തും. പതുക്കെ പറയും: ഗ്ലുക്കപാത്രം കൊണ്ടുവന്നാൽ പാൽ തരാം. ചോറുപാത്രം തന്നാൽ മീൻകറി തരാം. അന്നമ്മ ഗ്ലുക്കപാത്രം കൊടുത്തു. തിളച്ച പാൽ തന്നെ മത്തായി ഒഴിച്ചു. ഇന്നലെ ബിനോയി കൊണ്ടുവച്ച ബൺ ഉണ്ടായിരുന്നു. സുശീലയ്ക്കു വേണ്ടി കൊണ്ടുവന്നതാണ്. അത് ഒരു കഷണം പോലും തൊട്ടില്ല. ബണ്ണ് പൊട്ടിച്ചിട്ടതിലേക്കു ചൂടുപാലൊഴിച്ച് ഏലയ്ക്കയും പഞ്ചസാരയും ഇട്ടിളക്കി അന്നമ്മ ഋദ്ധിക്കു പകർന്നു. തന്റെ കുടൽമാലകൾ പുതിയൊരു അതിഥിയെ ഏറ്റുവാങ്ങുകയാണെന്ന് ഋദ്ധിക്കറിയാം. ഏലയ്ക്ക ഇട്ട പാലാണ് എന്ന് അന്നമ്മ പറയുന്നുണ്ടെന്നു തോന്നുന്നു. ആ ചുണ്ടുകൾ അങ്ങനെയാണ് അനങ്ങുന്നത്.

കാഞ്ഞിരക്കുരു ചാലിച്ചാലും എന്റെ തൊണ്ടവഴി പോകുമെന്റെ ചേട്ടത്തീ എന്ന് എങ്ങനെയാണ് അറിയിക്കുക. അതുകേട്ടാൽ അമ്മയാണെങ്കിൽ പതുക്കെ മുഖത്തൊരു മ്ലാനത പരക്കും. അന്നമ്മച്ചേടത്തി ചാടിത്തുള്ളും: കൊച്ചിന് ഒതളങ്ങ തരാനാണെങ്കി എന്നേ നിന്നെ സെമിത്തേരീലെത്തിച്ചേനേ എന്നായിരിക്കും അത്.

ഈ ജീവിതം നിലനിർത്തിയിട്ട് ഇവർക്കെന്തുകിട്ടാനാണ് എന്ന് എനിക്ക് ഇപ്പോൾ തോന്നാറില്ല. ഞാനില്ലെങ്കിൽ അമ്മ പണ്ടേ ഒന്നും ചെയ്യാനില്ലാതെ മണ്ണടിഞ്ഞേനെ. വേറാരാണ് ഇങ്ങനെ ലോകം കാണാനുള്ളത്. എനിക്കു മാത്രമേ അതിനു സമയമുള്ളൂ. ഞാനിപ്പറയുന്നതിന്റെ അർത്ഥം മനസിലാക്കാൻ പോലും നേരമില്ലാത്തവരാണ് ബാക്കി.

അതുകൊണ്ട് ഈ ലോകത്ത് ഞാനുണ്ടായേ പറ്റൂ. കണ്ണടയ്ക്കാൻ തുടങ്ങുകയായിരുന്നു. അപ്പോഴാണ് ആൻസിയുടെ മുഖവട്ടം മുകളിൽ വന്നത്.

ആൻസി ഒന്നുകൂടി കുനിഞ്ഞു. വിറകുകൊള്ളി പോലായ എന്റെ കൈ പിടിച്ചുയർത്തുകയാണ്. അസ്ഥികൂടത്തെ ആരെങ്കിലും ഉമ്മ വയ്ക്കുമോ? എന്റെ തലമുറയാണ്. ഏറിയാൽ എട്ടോ ഒൻപതോ വയസ്സു കൂടുതൽ കാണുമായിരിക്കും. അവർ ഒരു കുഞ്ഞിനെ എന്നതുപോലെ എന്റെ വിരലുകളിൽ ഉമ്മ വയ്ക്കുന്നു.

ഒരുപാടു കാലമായി ഞാനെന്റെ ജീവൻപോയ കൈ കണ്ടിട്ട്. അതിൽ ഞാൻ പച്ചകുത്തിയിരുന്നു. ഡിഗ്രിക്കു ചേർന്ന സമയത്ത്. 'സാഗര സഞ്ചാരി നീ' എന്നു മലയാളത്തിൽ. അസമിൽ നിന്നുള്ള പച്ചകുത്തുകാരൻ കുറെ കഷ്ടപ്പെട്ടാണ് ആ മലയാളം വാക്കുകൾ പറഞ്ഞത്. അയാൾ 'ഞ്ച' യിൽ വഴിതെറ്റിപ്പോകുമോ എന്ന പേടി ഉണ്ടായിരുന്നു.

ഇപ്പോൾ ആ പച്ച മഷി എങ്ങനെയായിട്ടുണ്ടാകും. തൊലി ചുളുങ്ങി, ഞരമ്പുകൾ ഇല്ലാതായി, അസ്ഥികൾ ദ്രവിച്ച കയ്യിൽ അതു ഭാഷമാറി കിടക്കുന്നുണ്ടാകും.

'ശയ്യാതല സഞ്ചാരി നീ' എന്ന് ഇന്നാണെങ്കിൽ എഴുതിവയ്ക്കാമായിരുന്നു. എനിക്കിപ്പോൾ ഒരു പാടു കവിത തോന്നാറുണ്ട്.

ആ മഷിയെഴുത്ത് അവിടെ ഉണ്ടോ എന്ന് ഒന്നു നോക്കു എന്ന് ആൻസിയോട് പറയണമെന്നുണ്ട്. ആൻസി കുനിഞ്ഞ് എന്റെ നെറുകയിൽ ചുണ്ടുകൾ മുട്ടിച്ചു.

കപ്യാരുചേട്ടന്റെ കൺകോണിൽ ഒരുതുള്ളി ഉരുണ്ടുകൂടിയിട്ടുണ്ട്. കപ്യാർക്കു വിഷമം വരണമെങ്കിൽ ഇതു സുശീല ആകില്ലേ? അപ്പോൾ ഋദ്ധിയെവിടെ.

ഋദ്ധീ എന്ന് ഞാൻ അലറി വിളിക്കുന്നത് നിങ്ങൾ കേൾക്കുന്നുണ്ടോ?

"ഋദ്ധി, ഋദ്ധീ" എന്നാണ് ഞാൻ വിളിക്കുന്നത്...

സുശീല വിളിക്കുന്നത് ആരും അറിയുന്നില്ലേ...

ആൻസിയും ബിനോയിയും അന്നമ്മയും പെട്ടെന്നു വിളക്ക് അണച്ച എന്നു തോന്നുന്നു. ഇരുട്ടായി.

"മനുഷ്യര് ഒരു വീടുകെട്ടാനല്ലേ ആയുസ്സു പകുതിയും കളയുന്നത്": ദ്വാദശി.

"അപ്പന്റെ ആ വീടു കിട്ടാനായി തമ്മിൽ തല്ലി മക്കളും അവരുടെ ആയുസ്സു കളയും": ത്രയ.

**ഋദ്ധി:** "അപ്പനുണ്ടാക്കുന്ന വീട് മക്കൾക്ക് എന്നതാണു നീതിയെങ്കിൽ അപ്പനുള്ള വൈഭവമൊക്കെ മക്കൾക്കും ഉണ്ടാകണം."

ആദ്യത്തെ നൗക തള്ളി ഇറക്കാൻ പാകത്തിന് അവർ കോട്ടവാതിലോളം എത്തിച്ചു. വൈകും വരെ കാക്കാമെന്നു തീരത്തു പോയി വന്ന ഏകനാണു പറഞ്ഞത്. കടലിറങ്ങിക്കിടക്കുകയാണ്. ഇപ്പോൾ ഉരുട്ടിയാൽ തീരമണലിൽ ഉറച്ചുപോകും. കടൽ കയറി വരുന്ന വാവ് അടുത്തുവെന്ന് ചതുരയാണ് ഗണിച്ചു പറഞ്ഞത്. കടലിൽ വച്ചറിഞ്ഞ അമാവാസിയിൽ നിന്ന് ദിവസങ്ങളെണ്ണിയാണ് ചതുര ആ കണക്കിലെത്തിയത്. ചതുര അന്നു മുഴുവൻ കൊട്ടുവടികൊണ്ട് അടിച്ചും ഉളിപ്പിടി കൊണ്ടു മുട്ടിയും നൗകകളുടെ ബലം അളന്നുകൊണ്ടേ ഇരുന്നു.

**ദ്വാദശി:** "ചതുരയുടെ അച്ഛൻ ആശാരിയാരുന്നോ?"

**ഋദ്ധി:** "ആശാരിക്കു പിന്തുടർന്നു കിട്ടുന്നത് മുഴക്കോലും ഉളിയും കൊട്ടുവടിയുമാണ്. അല്ലാതെ പണിവഴക്കമല്ല. അതു പണിഞ്ഞു പഠിക്കുന്ന ആർക്കും കിട്ടും. കൽപ്പണിക്കാരനു കിട്ടുന്നതു കൂടവും തൂക്കുകട്ടയും കൊലശേഖരും. അമ്പട്ടന് ചീർപ്പും കത്രികയും. കൊല്ലന് ആലയും കരിയും. മൂശാരിക്ക് അച്ച്. തട്ടാന് തുലാസ്."

**ത്രയ:** "ചിലർക്ക് പൂണൂലും കിണ്ടിയും."

**ഏകൻ:** "പണിസാധനത്തെക്കുറിച്ച് ഉണ്ടാക്കുന്നേനിടയ്ക്കാണോ കിണ്ടിവാലു കൊണ്ടോന്നു കുത്തിക്കേറ്റുന്നത്."

**ദ്വാദശി:** "പണി പഠിക്കണമെങ്കിൽ അപ്പന്റെ കൂടെയിരിക്കണം. അങ്ങനെയാണ് പിച്ചനടന്നു തുടങ്ങുമ്പോഴേക്കും ആശാരിക്ക് ചിന്തേര് വഴക്കം ഉണ്ടാകുന്നത്... "

**ഏകൻ:** "അപ്പനു തൂക്കുകട്ടയുണ്ടായിട്ടാണോ ബംഗാളീന്നും ആസാമിന്നും ബിഹാറീന്നും പിള്ളേര് വന്ന് നല്ല അസലു കെട്ടിടവും പാലവും കെട്ടീട്ടു പോയത്."

**ഋദ്ധി:** "പിൻതുടർച്ച സത്യമായിരുന്നെങ്കിൽ വിശ്വവിശ്രോത്തര മഹാകവി ഷേക്സ്പിയറുടെ മക്കൾ മൂന്നും മഹാ എഴുത്തുകാരാകണമായിരുന്നു."

**ദശ:** "മക്കളായിട്ടും കാര്യമില്ല. മൂത്തവനാകണം."

അഷ്ടമനൊരു പാട്ടുമൂളാനുള്ള മൂപ്പു കേറി.

"നുണയാണേ പെരും നുണയാണേ,
നരനെന്നാൽ പെരും നുണയാണേ.
നുണയാണേ പെരും നുണയാണെ,
കുടുംബം വല്യോരു വിലങ്ങാണേ,
നുണയാണേ പെരും നുണയാണേ,
സമുദായം സ്വന്തം ജയിലാണേ.
നുണയാണേ പെരും നുണയാണേ,
അതിരെല്ലാം പെരും നുണയാണേ."

**ത്രയ:** "ജയിലീന്നു കിട്ടിയ കഞ്ചാവ് ഇനീമൊണ്ട് അഷ്ടമന്റെ കയ്യില്."

**ഏകൻ:** "കഴുവേറീ... നിന്റെയീ പുതിയ സ്വർഗരാജ്യത്തിലുമൊണ്ടോടീ കഞ്ചാവിന്റെ കണക്കെടുപ്പുകാരു്."

പറഞ്ഞുകൊണ്ടിരിക്കുമ്പോൾ തന്നെ ഏകന്റെ വായിൽ നിന്നും മൂക്കിൽ നിന്നും പുകയുയർന്നു. ത്രയ ഏകന്റെ വിരലുകൾക്കിടയിൽ നിന്ന് ചുരുൾ ഊരിയെടുത്തു രണ്ടു മൂന്നു വട്ടം വലിച്ചു കേറ്റി പുറത്തേക്കൂതി. പിന്നെ കാറ്റുപിടിച്ചതു പോലെ പാറിപ്പാറി നടന്നു. കടലിലേക്കു നോക്കി മേലുടുപ്പായുണ്ടായിരുന്ന തടവറക്കുപ്പായം ഊരിയെറിഞ്ഞു. കാൽശരായി അഴിച്ചെടുത്ത് കാലിനിട തുടച്ച് മണലിലിട്ടു ചവിട്ടി.

**ത്രയ:** "നിയമങ്ങളില്ലാത്ത രാജ്യത്തെന്തിനാടാവ്വേ തുണി..."

അഷ്ടമൻ പാടി.

പെറാത്ത പെണ്ണിന്റെ മുല കണ്ടിട്ടുണ്ടോ,
ഓലപ്പടവന്റെ മൂക്കുപോലാന്നേ...
ഹൊയ്... പെറാത്ത പെണ്ണിന്റെ...
ആ...ആ... പെറാത്ത പെണ്ണിന്റെ...

ഏകൻ ഇട്ടിരുന്ന മുഷിഞ്ഞു നാശമായ കാലുടുപ്പ് ഊരിയെറിഞ്ഞു. മേൽക്കുപ്പായം പണ്ടേ കളഞ്ഞതായിരുന്നു. ഗുസ്തിക്കാരൻ പോകും പോലെ കൈകൾ രണ്ടും വിടർത്തി ഗോദയിലേക്കു നടന്നു. ത്രയയെ ഒറ്റക്കൈകൊണ്ടു തൂക്കിയെടുത്ത് കാലുകൾ മേലോട്ടാക്കി ഉത്തരിയംപോലെ തോളിലിട്ടു. ത്രയ നട്ടെല്ല് ഊരിക്കളഞ്ഞ് കടൽപ്പാമ്പായി ഇഴഞ്ഞു. തലയുയർത്തി പത്തിവിരിച്ച് ഇടയ്ക്കിടെ ആഞ്ഞുകൊത്തി. ഋദ്ധി നനവൂറുന്നത് അറിഞ്ഞു. ദ്വാദശി പടിയിൽ ഇരുന്നു കാലുകൾ ഇറുക്കിയാട്ടി.

അഷ്ടമൻ 'പെറാത്ത പെണ്ണിന്റെ...' എന്നാവർത്തിച്ചാവർത്തിച്ച് ഏകാദശിയുടെ മേലുടുപ്പിൽ കൈവച്ചു.

"ഫ... നായേ..." എന്നൊരാട്ടായിരുന്നു. അതു മറ്റാരും ഗൗനിച്ചില്ല.

ഏകാദശി ഒറ്റയ്ക്ക് കടലരികത്തേക്കു നടന്നു. അഷ്ടമൻ നിലതെറ്റി അവിടെത്തന്നെ കറങ്ങി വീണു.

ഋദ്ധി കണ്ണു തുറന്നു.

അതു നോക്കി നിന്നതുപോലെ അന്നമ്മ മുഖത്തിനു മുകളിലേക്കു വന്നു. ഞാനും കഥ പറയട്ടെ കൊച്ചേ. സുശീല പറേണപോലൊന്നും ആവത്തില്ല. എന്നാലും കൊച്ചിനു കേക്കണ്ടേ ഇന്നത്തെ ചേല്.

ഋദ്ധി പുതിയ കാഥികയെ കേൾക്കാനിരിക്കുന്ന ഉത്സവപ്പറമ്പിലെ കുട്ടിയായി.

കഥകളിയും കഴിഞ്ഞ് രാത്രി രണ്ടു മണിക്കു ചേർത്തല ബാലചന്ദ്രൻ മുരടനക്കി തുടങ്ങുകയാണ്. ഇരുപത് കിലോമീറ്റർ അകലെ മറ്റൊരു വേദിയിൽ എട്ടുമണിക്കു തുടങ്ങി പതിനൊന്നു മണിക്ക് അവസാനിപ്പിച്ച് ഓടിയെത്തിയതിന്റെ ക്ഷീണം ആ ശബ്ദത്തിലുണ്ട്. കഥ: 'ഇനി ഞാൻ ഉറങ്ങട്ടെ.'

സിംബൽ അടിച്ചു. കഥകളി കണ്ട് ഉൽസവപ്പറമ്പിൽ ഉറങ്ങിയിരുന്ന എല്ലാവരും ഉണർന്ന് കാഥികനെ നോക്കി.

യുദ്ധത്തിൽ ഏറ്റവും വലിയ ശത്രുവായ കർണൻ കൊല്ലപ്പെടുകയാണ്. അതു സ്വന്തം ജ്യേഷ്ഠനാണെന്നറിഞ്ഞ് ധർമ്മപുത്രർ തളർന്നുപോവുകയാണ്. യുദ്ധം തന്നെ വിഫലമായല്ലോ എന്നു കലി കൊള്ളുകയാണ് പാഞ്ചാലി.

അന്നമ്മച്ചേടത്തി പറഞ്ഞു തുടങ്ങി. നമ്മുടെ മേലോത്ര പാലമില്ലേ. കോളനീന്ന് മാർക്കറ്റിലോട്ടുള്ള വഴീലെ രണ്ടാമത്തേത്. അമ്മേം ഞാനും ചന്തകഴിഞ്ഞു വന്നിരുന്നു മുറുക്കി പൈസ പങ്കുവയ്ക്കണ പാലം. ആ പാലത്തില് മിസൈല് വീണൂന്ന്. മിസൈല് വരുമ്പോൾ ആശുപത്രീലോട്ടു കാർത്യായനിയുമായി പോയ സാലി മെംബറുടെ ഓട്ടോയും പാലത്തിൽ ഉണ്ടാരുന്നെന്നാ പറേണത്. അവിടൊരു പൊടിപോലുമില്ല ഇപ്പോ. സുശീലേം കൊണ്ട് പട്ടാളവണ്ടി പാലം കടന്ന പിന്നാലെയാണ്. സുശീല ആശുപത്രീലെത്തീന്ന് പട്ടാളം മെസേജ് വിട്ടെന്നാണ് കപ്യാരു പറയണെ.

ഒന്നൂടിയുണ്ടെന്ന് പറഞ്ഞ് അന്നമ്മച്ചേടത്തി തല താഴ്ത്തി: "അതിനിടെ മത്തായി പറയുന്നുണ്ടായിരുന്നു. ഈ മിസൈലൊക്കെ ഇടുന്നത് ഏതു പട്ടാളം ആണെന്ന് പൈലി മെംബറു സംശയം പറഞ്ഞെന്ന്. ശത്രുവൊണ്ടെങ്കിൽ അതു മുന്നിൽ വരത്തില്ലേന്നാണ് എല്ലാരും ചോദിക്കണതെന്ന്. ഓരോരോ കുത്തിത്തിരിപ്പുകൾ."

ഋദ്ധിക്ക് ആദ്യമായി അറിവില്ലായ്മ തോന്നി.

ഇതുവരെ ഈ ലോകം അറിയാം എന്ന ധാരണയായിരുന്നു. ശരീരത്തിന് എന്താണ് പറ്റിയതെന്ന് അറിഞ്ഞുള്ള കിടപ്പായിരുന്നു. സിദ്ധവൈദ്യവും ഒറ്റമൂലിയും സൂഫി വൈദ്യവുമൊക്കെ ഉപദേശിച്ച പലരും വന്നെങ്കിലും അമ്മ എന്തോ അതിനൊന്നും നിന്നില്ല.

അമ്മയ്ക്കു നല്ല തെളിച്ചമുണ്ടെന്ന് എനിക്കു തോന്നിയത് അങ്ങനെയാണ്. നിനക്ക് പഠിച്ച് ആരാകണം എന്ന് അമ്മ ഒരിക്കലും ചോദിച്ചിട്ടില്ല. എത്ര മാർക്കുണ്ട്

എന്നും ചോദിച്ചിട്ടില്ല. സിസ്റ്റർ ഒപ്പിട്ടുതരുന്ന പ്രോഗ്രസ് കാർഡ് ആയിരുന്നു ഞാൻ സ്കൂളിൽ കൊടുത്തിരുന്നത്.

നീയെന്താകാനാണ് പോകുന്നത് എന്ന് ചോദിക്കാതിരിക്കാനുള്ള വിവേകം അമ്മയ്ക്കും സിസ്റ്റർക്കും ഉണ്ട് എന്നതായിരുന്നു എന്റെ ഏറ്റവും വലിയ ശക്തി. സ്വന്തം ജീവിതത്തിന്റെ പോക്കു കണ്ട അവർക്ക് അങ്ങനെ ഒരിക്കലും ചോദിക്കാൻ ആവുമായിരുന്നില്ല.

ഒമ്പതാം ക്ലാസ്സുവരെ സ്കൂളിൽപോയിരുന്ന ഇളയ കുട്ടിയായിരുന്നവൾ ഒരു മണിക്കൂർകൊണ്ട് കുഞ്ഞിന്റെ അമ്മയാകുന്നു. അരമണിക്കൂറിനു ശേഷം ഭാര്യയാകുന്നു. ഇതാണ് രണ്ടുവരിയിൽ ഒതുക്കാവുന്ന സുശീലയുടെ ജീവിതം.

ആറുപെണ്ണുങ്ങളുള്ള വീട്ടിലെ മൂത്തവളെ മഠത്തിലോട്ട് വിട്ടോളാമെന്ന് അമ്മച്ചി നേർന്നപ്പോൾ ഏഴാമത് ആൺതരിയുണ്ടായ വീട്ടിൽ നിന്ന് ഇറങ്ങിയതാണ് സിസ്റ്റർ സന്ധ്യ ഫ്രാൻസിസ്. ആ വീട്ടിൽ പിന്നെയും രണ്ടാണുങ്ങളുണ്ടായപ്പോൾ പതിനൊന്നാമത്തേതും ആണാണെങ്കിൽ മൂത്ത ആൺതരിയെ സെമിനാരിക്കു വിടാമെന്നു നേർന്നതോടെ സിസ്റ്റർ സന്ധ്യയുടെ ജീവിതം കടംകൊണ്ടുണ്ടായ ആന്റോ, ഫാദർ പോൾ ഫ്രാൻസിസ് ആയി. അവരൊക്കെ എങ്ങനെയാണ് ചോദിക്കുക: നിനക്കു പഠിച്ച് ആരാണ് ആകേണ്ടതെന്ന്?

“കുറ്റിയറ്റുപോകാത്ത വംശം പരലുകളുടെതോ, വേട്ടക്കാരുടേതോ?” ആദ്യത്തെ നൗക തിരയിലേക്കു തള്ളിയിറക്കി ഋദ്ധി ചോദിച്ചു. പെട്ടെന്നു വന്ന തിരയിൽ നവമിയുടെ വായിലേക്കു വരെ ഉപ്പുവെള്ളം അടിച്ചു കയറി.

ത്രയ ശരിക്കും സംശയത്തിലായിരുന്നു. ഋദ്ധിയുടെ ഒപ്പം ചെറു നൗകയിൽ കയറണോ, ഏകനും മറ്റു പതിനാലു പേർക്കുമൊപ്പം ദ്വീപിൽ നിന്നു തട്ടിയെടുത്ത ഒന്നാമത്തെ നൗകയിൽ കയറണോ, അതോ മറ്റ് അഞ്ചിൽ ഏതെങ്കിലും ഒന്നിൽ മതിയോ എന്ന്. ഒട്ടും അടുപ്പമാകാത്ത, പേരുപോലും ശരിക്ക് അറിയാത്ത, പതിനൊന്നു പേർക്കൊപ്പം ത്രയ ചെന്നുകയറി. ദ്വാദശി ഋദ്ധിയുടെ പങ്കാളിയെപ്പോലെയായി മാറിക്കഴിഞ്ഞിരുന്നു. അവർ രണ്ടു പേരുടേതുമാണ് ചെറു പാവഞ്ചി എന്ന് ഓലപ്പടവൻ സാമ്രാജ്യം തീറെഴുതി കഴിഞ്ഞിരുന്നു.

ഏകനും കഞ്ചാവും ഒരേ മട്ടിൽ ആവർത്തിച്ച് ത്രയയ്ക്ക് സർവതും മടുത്തു തുടങ്ങിയിരുന്നു. ഈ നിർവികാരതയിൽ നടന്നാൽ ശത്രുവിന്റെ മുറിവേൽക്കുന്ന ആദ്യ ഓലപ്പടവൻ മറ്റാരുമാകില്ലെന്ന് ത്രയയ്ക്കു തോന്നി. മുറിവേറ്റാൽ നീലത്തിമിംഗലത്തിന്റെ വയറ്റിലേക്കു തന്നെ പോകാൻ ഏതു കാവിലാണ് നേർച്ചയിടുന്നത് എന്ന് അഷ്ടമൻ ചോദിക്കുകയും ചെയ്തു.

ദശ ആയിരുന്നു അവിടെ കപ്പിത്താനെപ്പോലെ തോന്നിച്ചത്. ത്രയ എത്തിയതോടെ അവർക്കു പെട്ടെന്ന് ആത്മവിശ്വാസം കൂടിയതുപോലെയായി. കയർ അഴിക്കാനും പായ വിടർത്താനും ഉണക്കിയ മാനിറച്ചി എടുക്കാനുമൊക്കെ അവർ ആദ്യമൊക്കെ അഭിപ്രായം ചോദിച്ചു വന്നു. പിന്നെ അനുവാദം ചോദിച്ചു കാത്തുനിന്നു. ത്രയ പറയാതെ ഒന്നും ചെയ്യില്ലെന്നായി.

പത്തു മുതൽ പതിനഞ്ചു പേർ വരെ കയറിയ ആറു നൗകകൾ. ദ്വാദശിയും ചതുരയുമായി ഋദ്ധിയുടെ നൗക. ബംഗാൾ ഉൾക്കടലിൽ നിന്ന് കാറ്റിലും കോളിലും അത് തെക്കൻ തീരത്തേക്കു തിരിഞ്ഞു.

**ഏകൻ:** "എല്ലാം തീരുമാനിച്ചുറപ്പിച്ചു കൊണ്ടുപോവുകയാണെന്ന് മൂപ്പത്തി അഭിനയിക്കുന്നതല്ലേ."

**ഏകാദശി:** "ഒരു ലക്ഷ്യവുമില്ലാത്തോരൊക്കെ കൃതഹസ്തരാണെന്നു കാണിക്കാൻ മുടിഞ്ഞ നടനമായിരിക്കും; നടികർ തിലകമായിരിക്കും."

**അഷ്ടമൻ:**

ഇത്തിര കടന്നുണ്ടോ പോകുന്നു മിഴികൾ,
ഇക്കടൽ കടക്കുമോ നിൻമോഹനൗക
ഉലയണം ചെരിയണം മറിയണം കുത്തനെ
തലകീഴ്വീഴുമ്പോൾ ചുംബിക്കണം നീ
ഉലയണം ചെരിയണം മറിയണം കുത്തനെ
തലകീഴ്വീഴുമ്പോൾ ചുംബിക്കണം നീ
തലകീഴ്വീഴുമ്പോൾ ചുംബിക്കണം നീ

അവരു സംശയിച്ചതുപോലെയാണ് കാര്യങ്ങൾ. അടുത്തനിമിഷം എന്തു സംഭവിക്കുമെന്ന് ആലോചിച്ചൊന്നുമല്ല ഞാൻ ഇറങ്ങിപ്പുറപ്പെട്ടത്. ചാർട്ടേഡ് യാത്രകൾ നടത്താനാണെങ്കിൽ ഏതെങ്കിലും ഏജൻസിക്കു കാശുകൊടുത്ത് കയ്യും കെട്ടി ഇരുന്നാൽ മതിയല്ലോ. ഇതു കാര്യകാരണങ്ങളില്ലാത്ത യാത്രയാണ്. മനോരാജ്യത്തിൽ അല്ലെങ്കിൽ തന്നെ എന്തിനാണ് യുക്തി?

നൗക എട്ടടിയെങ്കിലും തിരയിൽ ഉയർന്നുകാണും.

നെഞ്ചുംതല്ലി താഴേക്കു വരികയാണ്. ഇത്തരം വീഴ്ചകളിലാണ് നൗകകൾ നടുവൊടിഞ്ഞു രണ്ടു കഷണമാകുന്നത്. താഴെയെത്തി ഒരു നിമിഷത്തിന്റെ മാത്രം ഇടവേള. വീണ്ടും ഉയരുകയാണ്. ഇത്തവണ ആകാശത്തോളമെന്ന് ഋദ്ധിക്കു തോന്നി. പിന്നിലേക്കു നോക്കി. ദൂരേ ആറു നൗകകൾ കുഴഞ്ഞുംമറിഞ്ഞും. ഏറെ പിന്നിൽ ഒരു കപ്പൽ. ഇത്തവണ വീഴ്ച കനത്തതായിരുന്നു. ദ്വാദശി പായ്മരത്തിലിറുകിപ്പിടിച്ചു. ഋദ്ധി ഒരു തുമ്പിയുമ്മ പറത്തി. കടൽ കലങ്ങിയപ്പോൾ തന്നെ പായ അഴിച്ചിരുന്നു. ഇനി തിരയൊടുങ്ങും വരെ അതിന്റെ പാട്ടിനു വിടുക. മറ്റൊന്നും ചെയ്യാനില്ല.

ഋദ്ധി അമരത്തിൽ നിന്നു തെന്നി നിരങ്ങി ദ്വാദശിയുടെ കാൽക്കലെത്തി. ദ്വാദശി പായമരത്തിൽ വട്ടംപിടിച്ചിരുന്ന കയ്യഴച്ചു. ഋദ്ധി കൈകൾ വിടർത്തി കിടന്നു. ദ്വാദശി പറന്നിറങ്ങി.

ദ്വാദശി ചെവിയിൽ ചോദിച്ചു. നമുക്കിങ്ങനെ ഇറുക്കിയണച്ച് എത്രനേരം കിടക്കാം.

**ഋദ്ധി കിതച്ചു:** "മൂന്നു മിനിറ്റ്."

**ദ്വാദശി:** “അതു കഴിഞ്ഞോ?”

**ഋദ്ധി:** “നമ്മൾ രണ്ടാകം.”

**ദ്വാദശി:** “അതു കഴിഞ്ഞോ?”

**ഋദ്ധി:** “നമുക്കു തോന്നിയാൽ വീണ്ടും വരും.”

**ദ്വാദശി:** “ഈ കടലും തിരകളും ഉള്ളിടത്തോളം ഒന്നിക്കാം എന്നു നീ പറഞ്ഞില്ല.”

**ഋദ്ധി:** “നടക്കാത്തതു പറയുന്നതു നുണയെഴുത്തുകാരാണ്.”

ഋദ്ധി കൈകൾ വരിഞ്ഞുമുറുക്കി. ദ്വാദശി ഇറുകിച്ചേർന്നു. വീശുവലയിൽ കുടുങ്ങിയ ഇണസ്രാവുകളേപ്പോൽ അവർ തട്ടിലൂടെ ഉരുണ്ടു. തിരകളിൽ നൗക ഉയരുകയും താഴുകയും ചെയ്തു. കടൽ നൗകയിലേക്ക് മീനുകളെ കൊണ്ടുവന്നു. അടുത്ത തിരയിൽ തിരിച്ചെടുത്തു.

**ദ്വാദശി:** “നിന്നെ ഉപ്പുവെള്ളം രുചിക്കുന്നു.”

**ഋദ്ധി:** “അതു ഞാൻ മൂത്രമൊഴിച്ചതാണ്.”

**ദ്വാദശി:** “എനിക്കും മൂത്രമൊഴിക്കണം.”

**ഋദ്ധി:** “ഞാനും ഉപ്പുരുചിക്കാം.”

ഋദ്ധി ദ്വാദശിയുടെ കെട്ട് അയച്ചുകൊടുത്തു. അവൾ എഴുനേൽക്കും മുൻപു ചിണുങ്ങി ഇടത്തെ ചെവിയിൽ കടിച്ചുതൂങ്ങി. ഋദ്ധിക്കു പെരുവിരൽ തുമ്പുമുതൽ ഉന്മാദം വന്നു. ഒന്നുകൂടി വരിഞ്ഞുമുറുക്കി തൊട്ടിലിൽ എന്നതുപോലെ ദ്വാദശിയെ ആട്ടിയെഴുനേറ്റു. പോകണ്ടാ എന്ന മട്ടിൽ കാലിൽ പിടിച്ചുകിടന്ന ദ്വാദശിയെ വിടുവിച്ച് പിന്നിലേക്കു നോക്കി. ആറു നൗകകളും അടുത്തുവരുന്നുണ്ട്. അതിനപ്പുറം മുൻപു കണ്ട കപ്പൽ ഇതേ ദിശയിൽ തന്നെ വരികയാണ്. പകലാണ്. ബൈനോക്കുലർ ഇല്ലാതെ തന്നെ മുന്നിൽ പോകുന്ന വഞ്ചികൾ കാണാവുന്നതേയുള്ളൂ. എന്നിട്ടും ദിശ മാറാതെ വരുന്നെങ്കിൽ അതു ശത്രുവാകണം. അല്ലെങ്കിൽ... ഋദ്ധി ചിന്തമുഴമിക്കും മുൻപ് അതുകണ്ടു. കപ്പലിന്റെ മേൽത്തട്ടിൽ നിന്ന് വെള്ളപ്പതാക വീശുന്നു.

മിത്രമാണ് അവർ അടുത്തുവരികയാണ്. ഋദ്ധി ചെങ്കൊടി വീശി മറ്റു നൗകകൾക്ക് നിർത്താനുള്ള അടയാളം നൽകി. ഏകനും ത്രയയും അഷ്ടമനുമെല്ലാം അതതു നൗകകൾക്കു പായ താഴ്ത്താൻ കമാൻഡ് നൽകി. കപ്പൽ അടുത്തുവരാൻ ഇനിയും ഒരു മണിക്കൂർ എടുക്കുമെന്ന് ഋദ്ധി കണക്കാക്കി. നൗകയിൽ കയറിയപ്പോൾ ഊരിക്കളഞ്ഞ ജീൻസും ബനിയനും എടുത്തിട്ടു. ദ്വാദശി മനസ്സില്ലാ മനസ്സോടേ ഒരു ഷർട്ട് മാത്രം എടുത്തിട്ട് മതിവരാത്തവളുടെ ചിരിചിരിച്ചു. ഋദ്ധി അടുത്തുചെന്ന് ഗാഢം പുണർന്നു.

എനിക്കു കാക്കത്തിരണ്ടിയാകണമെന്ന് ദ്വാദശി.

ഒരുപാട്ട് ആൺതിരണ്ടികൾ വന്നു പോകുമെന്ന് ഋദ്ധി.

അവരെയെല്ലം ഉന്മാദത്തിലാക്കി എനിക്കു പെറ്റുപെരുകണമെന്ന് ദ്വാദശി.

നിയമങ്ങളില്ലാത്ത ഈ രാജ്യത്ത് നീ കാക്കത്തിരണ്ടിയെന്ന് ഋദ്ധി.

ദ്വാദശി കൈകൾ വിടർത്തി കമഴ്ന്ന കിടന്നു. ഇരുവശത്തുകൂടിയും ആൺതിരണ്ടികൾ വരുന്നത് ഉള്ളാലെ കണ്ടു.

എനിക്കൊരു നീണ്ട വാൽ തരൂ എന്ന് ദ്വാദശി.

ഋദ്ധി ഒന്നുകൂടി അവളെ മടിയിലേക്കു ചേർത്തു പിടിച്ചു.

ഒരു പെൺപുള്ളിക്കാക്കത്തിരണ്ടിക്കു വേണ്ടി അനേകം ആൺതിരണ്ടികൾ വരുന്ന ലോകം. ഓരോരുത്തരും മുപ്പതു നിമിഷം വാൽകൊരുത്തുകിടന്ന് പുണർന്നുള്ള മടക്കം. ദിവസവും ഇടുന്ന മുട്ടകൾ. അതു വിരിഞ്ഞ് അതേ രൂപവും ഭാവവുമുള്ള അനേകം തിരണ്ടികൾ. ഒരമ്മയ്ക്ക് എന്നും അതേ പുള്ളിയുള്ള മക്കളെ കിട്ടും. മുതുമുതുമുത്തശ്ശിയമ്മയ്ക്കു മുതൽ പുതുപുതുമോൾക്കുവരെ ഒരേ പുള്ളികൾ.

ആറാമത്തെ നൗകയിലായിരുന്നു ആഘോഷം. ത്രയ ഒറ്റക്കാലിൽ ജീൻസിടുകയും മറ്റേ കാലുകൊണ്ട് നൃത്തം ചെയ്യുകയുമാണ്. വലതുകയ്യിലെ ടീ ഷർട്ട് ആകാശത്തേക്കുയർത്തി അവൾ വെള്ളക്കൊടിയാക്കി. പിന്നെയതു തലയ്ക്കു മുകളിൽ വട്ടം കറക്കി കഴുത്തുവഴി ഉടുത്തു. ദ്വീപിൽ വച്ച് എല്ലാം ഊരിയെറിഞ്ഞ ശേഷം ആദ്യമായാണ് വസ്ത്രമിടുന്നത്. ഈ ജീൻസും ടീഷർട്ടും അന്നു കപ്പലിൽ നിന്നിറങ്ങുമ്പോൾ സമുദ്ര നീട്ടിയതാണ്. ത്രയ ഉള്ളംകയ്യിൽ ചുംബിച്ച് കപ്പലിലേക്ക് ഊതിവിട്ടുകൊണ്ടിരുന്നു.

ഏകന് എല്ലാവർക്കുമൊപ്പം നൗക നിർത്താൻ തോന്നിയില്ല. ഋദ്ധിയേയും കടന്ന് അപ്പുറത്തെത്തിയാണ് വേഗം കുറച്ചത്. നൗകകളിൽ നിന്ന് ആറേഴ് കപ്പൽപ്പാട് പിന്നിൽ സമുദ്രയുടെ കപ്പൽ നിന്നു. കപ്പലിന് അടുത്തുപോകാൻ ചെറുനൗകയേ പറ്റൂ. ഋദ്ധി പിന്നിലേക്കു പോകാനായി ദിശ തിരിച്ചു. മെല്ലെ നീങ്ങുമ്പോൾ ആറാം നൗകയിൽ നിന്ന് ത്രയ ഒരു കൊച്ചുകുട്ടിയെപ്പോലെ എടുത്തുചാടി. ത്രയയുടെ മനസ്സു പോലെ ആ ശരീരവും തുള്ളിത്തുളുമ്പുകയാണെന്ന് ദ്വാദശി കണ്ടു.

ദ്വാദശിയുടെ മനസ്സ് അഞ്ചാം കാലത്തിൽ കൊട്ടാൻ തുടങ്ങി. പിന്നെയാ താളം ഇരുകൈകൾകൊണ്ടും ഇരുന്ന വീപ്പയിലേക്ക് പകർന്നു. ത്രയ താളം ചവിട്ടി, ചെണ്ടയിലെന്നതുപോലെ കൈ വായുവിൽ അടിച്ച് വന്ന് ദ്വാദശിയുടെ കവിളിൽ ചുണ്ടു കൊണ്ടു തൊട്ടു. പിന്നെ നൗകയുടെ തുഞ്ചത്തേക്ക് ഓടി. സമുദ്ര കപ്പലിൽ നിന്നു കൈവീശുന്നത് ഋദ്ധികണ്ടു.

ആ കൈവീശിയത് ജൂവൽ ആണ്. താഴെ നൗകയിൽ തുള്ളിച്ചാടിയത് നന്ദിനിയും. ജൂവൽ കപ്പലിന്റെ ഇരുമ്പുവേലിയിൽ കൈകുത്തി നന്ദിനിയെ സാകൂതം നോക്കി.

ജൂവലിന് വിരലുകളിൽ മണ്ണ് പറ്റുന്നത് തീരെ ഇഷ്ടമായിരുന്നില്ല. അവൻ സൈക്കിൾ സീറ്റിൽ കൈകുത്തി കണ്ടു നിന്നു. കാക്കപ്പൂവ്, മഞ്ഞമന്താരം, കനകാംബരം, ചെങ്കൊങ്ങിണി, മത്തപ്പൂവ്, വീണ്ടപ്പൂവ് പിന്നെ തൊട്ടാവാടിയും. നന്ദിനി ഈ പട്ടികയിൽ വിട്ടുവീഴ്ചയ്ക്ക് ഒരുക്കമായിരുന്നില്ല. ഓണപ്പൂക്കള മത്സരത്തിന് ഒൻപതാം ക്ലാസുകാരുടെ കളം അവൾ ഏറ്റെടുത്തതാണ്.

ജൂവൽ പരമപരിഹാസത്തോടെ മാറി നിന്നു. ബന്തിയും ജമന്തിയും വാടാമല്ലി യും കൊണ്ട് കഥകളിത്തലതീർക്കുന്നവർക്കു മുന്നിൽ നന്ദിനിയുടെ പാരമ്പര്യവാദം അപഹാസ്യമാകുമെന്ന് അവന് ഉറപ്പായിരുന്നു.

എനിക്ക് ഒരുകാര്യം മനസ്സിലായി. അവർ എപ്പോഴും വഴക്കിന് ഒരു കാരണമു ണ്ടാക്കുകയാണ്. നന്ദിനിയോടുള്ള ജൂവലിന്റെ വഴക്കൊക്കെ ഒരു സന്ദേശമാണ്. അവർ ഒച്ചയുണ്ടാക്കി രഹസ്യമായതെന്തോ പറയുകയാണ്. ജൂവലിന്റെ കണ്ണുക ളിൽ അവൾ നിറഞ്ഞു നിൽപ്പുണ്ട്.

മുക്കുറ്റിപ്പൂ പറിക്കാൻ തുടങ്ങിയിട്ട് മണിക്കൂർ ഒന്നായി. വിരലമർന്നാൽ അരഞ്ഞു പോകുന്ന പൂവാണ്. അതു കുടഞ്ഞെടുക്കുന്നതുപോലെ കുമ്പൽ കൂട്ടിയ ചേമ്പിലയി ലേക്കു അടർത്തിയിടുകയാണ്.

എനിക്ക് മറ്റൊന്നു കൂടി മനസ്സിലായി. നന്ദിനിയുടെ മനസ്സ് ഇവിടെയെവിടെ യും അല്ല. അവൾ മറ്റെന്തിനോടോ കലഹിച്ചുകൊണ്ടേ ഇരിക്കുകയാണ്. അതു ജൂവ ലിനോടല്ല. ഇന്ന് അവൾ ജൂവലിന്റെ നേരേ നോക്കുന്നു പോലുമില്ല.

ഒരു എട്ടാം ക്ളാസുകാരിക്ക് ഉണ്ടാകേണ്ടതിലധികം ദേഷ്യവും പകപ്പും അവൾ ക്കു രണ്ടുമൂന്നു ദിവസങ്ങളായുണ്ട്. എന്താടീ... എന്ന് ഒന്നു രണ്ടുതവണ ചോദിച്ചു. ആ മുഖം കൂടുതൽ ചുവക്കുകയും പോടീ... എന്നു പറഞ്ഞു വിഷയം മാറ്റുകയും ചെയ്തു.

അവൾക്കു പരീക്ഷയെ വലിയ പേടിയുണ്ടായിരുന്നില്ല. മാർക്കു കുറഞ്ഞാൽ അമ്മയുടെ കണ്ണ് ചിലപ്പോൾ നിറയുമായിരിക്കും. കിടപ്പാടം പോയ കുടുംബത്തിന് മക്കളായിട്ടെങ്കിലും അതുണ്ടാക്കണം എന്നുണ്ട്. പക്ഷേ, ഇത് അതല്ല. മാർക്കിന്റെ സങ്കടമൊക്കെ അവൾക്ക് നിസ്സാര പ്രശ്നമാണ്. അവൾ തന്നെ പറയുന്നതുപോലെ 'എ സില്ലി നന്ദിനി തിങ്'. ഇത് മറ്റെന്തോ ആണ്.

നന്ദിനിയുടെ കയ്യിൽ നിന്ന് പെട്ടെന്ന് ആ ചേമ്പില താഴെ വീണു. അവളുടെ മുഖം ചുവന്നു തുടുത്തു. ഒരു മണിക്കൂർ കൊണ്ടു പറിച്ചെടുത്ത ആ പൂക്കൾ ഉപ്പൂറ്റികൊ ണ്ടു ചവിട്ടിയരച്ച് അവൾ പോയി. പോകുംവഴിക്ക് എന്റെ കയ്യിലിരുന്ന ഇലക്കുടി തട്ടിത്തെറിപ്പിച്ചു.

എന്തുവേണം എന്ന് അറിയാതെ ഞങ്ങൾ നിന്നു. അതു വീണതല്ല, കളഞ്ഞ താണെന്ന് ജോയൽ അടുത്തുവന്നു പറഞ്ഞു. ജോയൽ പറയുന്നതു ശരിയാകണം. അവളിൽ നിന്ന് കണ്ണെടുക്കാതെ നിൽക്കുകയായിരുന്നു അവൻ. പാടത്തെ കളി യിൽ ഔട്ടാകുമ്പോൾ ബാറ്റുകൊണ്ട് സ്റ്റംപ് അടിച്ചു തെറിപ്പിച്ച് ദേഷ്യം തീർക്കുന്ന ത് വീട്ടിൽ വഴക്കുണ്ടാക്കി വരുന്നവരാണെന്ന് സുരേഷിന്റെ അച്ഛൻ വരമ്പിൽ നിന്ന് കോച്ചിങ് നൽകുന്നതിനിടെ പറയാറുണ്ട്.

ഒൻപതാം ക്ളാസിന്റെ പൂക്കളമില്ലാതെ ഓണം അവധിക്കു മുൻപുള്ള അവസാ നദിനം കടന്നുപോയി. നന്ദിനി അന്നു സ്കൂളിൽ എത്തിയില്ല. മറ്റാർക്കും പൂക്കൾ വാ ങ്ങാനോ ഇടാനോ തോന്നിയതുമില്ല. കഴിഞ്ഞവർഷം പൂക്കളമിട്ടതിനു പിറ്റേന്നായി രുന്നു കുട്ടിക്കസേര തേടിയുള്ള സൈക്കിൾ യാത്ര. നാളെ രാവിലെ എന്തായാലും നന്ദിനിയുടെ വീട്ടിൽ പോകണം എന്നു വിചാരിച്ചാണ് ഉറങ്ങാൻ കിടന്നത്.

— 9 —

# ആരകൻ

അന്ന് ഉറക്കത്തിൽ തെരുവുനായയെപ്പോലെ വന്ന ഒരു ഭ്രാന്തൻ സ്വപ്നത്തിനു മുന്നിൽ ഞാൻ ഓടിക്കിതച്ചു.

അവളതു ചെയ്യില്ല, അവളതു ചെയ്യില്ല എന്നു ഞാൻ ആണയിട്ടു. ജ്വരൽ എന്നെ വട്ടം പിടിച്ചിട്ടുണ്ട്. അവൾ വെള്ളപുതച്ചു കിടക്കുന്നു. അവളെ കൊന്നതാണ് എന്ന് ഞാനലറി. പൊലീസുകാരും സിസ്റ്ററും അമ്മയും എന്നെ തന്നെ നോക്കി നിന്നു. അവളെ ആരു കൊന്നുവെന്ന് ആരോട് ചോദിക്കും. അമ്മ അടുത്തുകിടക്കുകയാണ്. കുഞ്ഞുണ്ണിയുടെ ഒന്നാം പിറന്നാൾ കഴിഞ്ഞിട്ട് നാലു മാസമേ ആയുള്ളൂ. അവനും ചിരിമാഞ്ഞ് അവിടെ കിടന്നു. അപ്പുറത്ത് അച്ഛനും.

ആർക്കും വേണ്ടി കാക്കാനില്ലാത്ത ജഡങ്ങളാണ്. നഗരസഭയുടെ ആംബുലൻസ് അവരെ ശ്മശാനത്തിലേക്കു കൊണ്ടുപോയി.

ഞാൻ ഞെട്ടി ഉണർന്നു.

നന്നായി കിതയ്ക്കുന്നുണ്ടായിരുന്നു. പുലർച്ചെ അഞ്ചുമണി ആകുന്നതേയുള്ളൂ. സിസ്റ്റർ ഉണർന്നു കിടക്കുകയാണെന്നു മനസ്സിലായി. ആ കട്ടിലിൽ ചെന്നു ചേർന്നു കിടന്നു. അപ്പോൾ പ്രസവിച്ച് ചാരെ കിടത്തിയെ കുട്ടിയെ എന്നതുപോലെ സിസ്റ്റർ മൃദുവായി കൈകൊണ്ട് ഒരു തടയണയുണ്ടാക്കി. കുഞ്ഞുങ്ങളെപ്പോലെ അഭിനയിച്ച് ഒന്ന് കാൽകുടഞ്ഞ് ഞാൻ ആ കൈകൾക്കടിയിലേക്കു മുഖം താഴ്ത്തി.

പതുക്കെ പറഞ്ഞു: എനിക്കിപ്പോൾ നന്ദിനിയുടെ വീട്ടിൽ പോകണം.

നീ പോ പെണ്ണേ, എന്നു സിസ്റ്റർ കൈകൾ മെല്ലേ എടുത്തുമാറ്റി. ഞാൻ ആ നെറ്റിയിൽ ഉമ്മ വച്ച് എഴുന്നേറ്റു. ഇട്ടുകിടന്ന മുറിക്കാലുറയും മേലുടുപ്പും മാറാൻ നിൽക്കാതെ പുറത്തിറങ്ങി കാവൽക്കാരൻ ജോൺ ചേട്ടന്റെ സൈക്കിൾ എടുത്തു. അതിലാണെങ്കിൽ നല്ല തെളിച്ചമുള്ള ഡൈനാമോയുണ്ട്.

നാലു മിനിറ്റേ എടുത്തിട്ടുണ്ടാകൂ. നന്ദിനിയുടെ അച്ഛൻ രാവിലെ അഞ്ചുമണിക്കു മുമ്പു പോകുന്നയാളാണ്. പക്ഷേ, വീട്ടിൽ വെളിച്ചമില്ല. അച്ഛൻ പോയപ്പോൾ കെടുത്തിയതായിരിക്കും. നോക്കുമ്പോൾ നന്ദിനിയുടെ മുറിയിൽ മൊബൈൽ ഫോണിന്റെ ചെറിയ വെട്ടം. ഫോൺ എടുക്കാത്തത് കഷ്ടമായി എന്ന് തോന്നി. അതിൽ വിളിക്കാമായിരുന്നു.

മണി അടിച്ച് അമ്മയേയും അനിയനേയും ഉണർത്തേണ്ട എന്നു കരുതി അവളുടെ ജനാലയിലേക്കു നടന്നു. ഇവളെന്താണ് ഫോൺ ഇത്ര ഉയരത്തിൽ പിടിക്കുന്നത് എന്നു സംശയിച്ച് ജനൽപാളിയിലൂടെ നോക്കി. കഴുക്കോലിൽ നിന്ന് ഒരു ഷാൾ തൂങ്ങിക്കിടക്കുന്നു. ഒന്നല്ല രണ്ടെണ്ണം ഇഴപിരിച്ചിട്ടുണ്ട്. അതിൽ ഒരു കുടുക്കുമുണ്ട്. അവൾ കെട്ടിന്റെ ബലം നോക്കുകയാണ്.

ഞാൻ നേരേ അടുക്കള വാതിലിൽ ചെന്നു. അച്ഛൻ പോകുമ്പോൾ അതു വഴിയാണ് പോകുന്നത്, അതുതുറന്നു കിടക്കുമെന്ന് അവൾ പറഞ്ഞ് അറിയാം. അച്ഛൻ പോയി പത്തോ പതിനഞ്ചോ മിനിറ്റ് കഴിയുമ്പോൾ അമ്മ അടുക്കളപ്പണി തുടങ്ങും. അതുകൊണ്ട് അടയ്ക്കേണ്ട കാര്യമില്ല. അച്ഛൻ വരുമ്പോഴേക്കു പണി കഴിഞ്ഞ് കുളിച്ച് കുറി ഇട്ടു നിന്നില്ലെങ്കിൽ അതിനു തുടങ്ങും കലി. അവളുടെ മുറിയുടെ മുന്നിലെത്തി ഞാൻ പതുക്കെ വിളിച്ചു. അനക്കമില്ല. കാത്തുനിൽക്കാൻ മനസ്സു വന്നില്ല. കുംഫു ക്ളാസിലെ ആ ധൈര്യത്തിൽ നാലടി പിന്നോട്ടു വച്ച് നല്ല ആയത്തിൽ ചെന്നിടിച്ചു. പഴയവീട്ടിലെ ആ വാതിൽ പടപട ശബ്ദത്തോടെ തുറന്നു. നന്ദിനി കസേരയിൽ നിൽക്കുന്നുണ്ടായിരുന്നു. അമ്മയും അനിയനും എഴുനേറ്റു. ഞാൻ വാതിൽ കുറ്റിയിട്ടു.

അവളുടെ ചെവിയിൽ പറഞ്ഞു: മൂത്രമൊഴിക്കാൻ തുറന്നതാണെന്നു പറയണം. അമ്മ വാതിലിൽ മുട്ടി. അവൾ വിറയ്ക്കുന്ന ശബ്ദത്തിൽ പറഞ്ഞു: അടച്ചപ്പോൾ തള്ളൽ കൂടിപ്പോയതാണ്. അമ്മ സംശയം തീരാതെ വീണ്ടും വാതിലിൽ മുട്ടി. ഞാൻ പെട്ടെന്ന് കസേരയിൽ കയറി ഷാൾ അഴിച്ച് താഴെയിട്ടു. ആ സമയം നന്ദിനി അമ്മയ്ക്കു മറുപടി പറയാതെ നിൽക്കുകയാണ്. നന്ദിനി വാതിൽ തുറക്കുമ്പോൾ ഞാൻ അലമാരയുടെ പിന്നിൽ നിന്നു.

കുഞ്ഞുണ്ണി പേടിച്ചതുപോലെ കരയുന്നുണ്ടായിരുന്നു. അമ്മ മുറിയിലേക്ക് സംശയിച്ചു നോക്കി. കുഞ്ഞുണ്ണിയുടെ കരച്ചിൽ ഉച്ചത്തിലായി. വയ്യെങ്കിൽ ഇപ്പോൾ എഴുനേൽക്കേണ്ട എന്നു പറഞ്ഞു കുഞ്ഞിനെ എടുക്കാൻ പോയി.

അവൾ വാതിലടച്ചുവന്ന് എന്നെ കെട്ടിപ്പിടിച്ചു. ഇപ്പോൾ എന്റെ കൂടെ വരണം എന്ന് ഞാൻ കട്ടായം പറഞ്ഞു. അമ്മ കുഞ്ഞുണ്ണിക്കു പാലു കൊടുത്ത് തിരിഞ്ഞിരിക്കുകയാണ്. അവൾ എന്റെ ഒപ്പം ഇറങ്ങി. മഠത്തിലെത്തുമ്പോൾ സിസ്റ്റർ കട്ടിലിൽ തന്നെ ഇരുന്നു കൊന്ത ജപിക്കുന്നുണ്ട്. ഞാൻ നന്ദിനിയെ അവിടെ ഇരുത്തി.

സിസ്റ്റർ മൂന്നു കട്ടൻകാപ്പി വാങ്ങി വന്നു. നന്ദിനി കരയാൻ തുടങ്ങി. അവൾ നിർത്തുന്നുണ്ടായിരുന്നില്ല.

ഞാൻ ഫോൺ എടുത്തു. നന്ദിനിയുടെ അമ്മയെ വിളിച്ചു: അവൾ ഇവിടെ മഠത്തിലുണ്ട്. ഞങ്ങൾ ഒന്നിച്ച് പഠിക്കുകയാണ്. ഇത്ര രാവിലെ അവളെങ്ങനെ പോയി എന്ന ചോദ്യമാണ് ഞാൻ പ്രതീക്ഷിച്ചത്. പക്ഷേ, അമ്മ ചോദിച്ചത് അവൾക്കു കുഴപ്പമൊന്നുമില്ലല്ലോയെന്നായിരുന്നു.

സിസ്റ്റർ പോയപ്പോൾ അവൾ എന്റെ മടിയിലേക്കു വീണു.

രണ്ടു പേരുകൾ പറഞ്ഞു. ഒന്നും എന്നെ ഞെട്ടിച്ചില്ല. ആദ്യം അമ്മാവൻ. അത് എട്ടുവയസ്സുള്ളപ്പോൾ. പിന്നെ ആസ്തിയില്ലാത്ത അച്ഛനു കടംകൊടുത്ത ബാങ്ക് മാനേജർ രവിചന്ദ്രൻ. അമ്മയുമായി കുഞ്ഞുണ്ണിയെ കുത്തിവയ്പ്പിക്കാൻ പോകുമ്പോൾ സുഹൃത്തിന്റെ വീടാണെന്നു പറഞ്ഞ് ഇരുത്തിയിട്ടു പോയതാണ് അച്ഛൻ. അത് അഞ്ചു ദിവസം മുൻപാണ്.

സിസ്റ്ററോട് നന്ദിനിയുടെ മുന്നിൽ വച്ച് തന്നെ ഞാൻ എല്ലാം പറഞ്ഞു. സിസ്റ്റർ ഒന്നും മിണ്ടിയില്ല. നന്ദിനിയെ നോക്കുക പോലും ചെയ്യാതെ മുറ്റത്തിറങ്ങി നടക്കാൻ തുടങ്ങി. രാവിലെ ആറരമുതൽ അരമണിക്കൂർ നടപ്പ് പതിവുള്ളതാണ്.

അന്ന് പത്തുമിനിറ്റുകൊണ്ട് സിസ്റ്റർ കയറി വന്നു. എന്റെ വസ്ത്രങ്ങളുടെ പെട്ടി തുറന്നു. അതിൽ നിന്ന് ഒരു മുറിജീൻസും ബനിയനും കൊടുത്തു. അവളുടെ നിലവിളിയുടെ ശബ്ദം കൂടി. മറ്റു കന്യാസ്ത്രീമാർ വന്നു നോക്കി പോയി.

നന്ദിനി ഏങ്ങലടിച്ചു തന്നെ വാതിൽ മറവിൽ നിന്നു വേഷം മാറി. സിസ്റ്റർ ഒരു കിണ്ണത്തിൽ ഉപ്പുമാവും പഴവും പപ്പടവും കൊണ്ടുവന്ന് അവളുടെ അടുത്ത് നിലത്തിരുന്നു. അവൾ കാലുകൾ നീട്ടി വച്ച് ഭിത്തിയിൽ ചാരിയിരുന്ന് ഏങ്ങലടിക്കുകയാണ്. സിസ്റ്റർ ഉപ്പുമാവ് പഴംചേർത്ത് ഉരുട്ടിയെടുത്ത് അവളുടെ ചുണ്ടോട് അടുപ്പിച്ചു. അവൾ തൊഴുതു. എനിക്കൊന്നും വേണ്ട എന്ന് കേണു.

സിസ്റ്റർ പറഞ്ഞു ഇപ്പോൾ പൊലീസ് വരും. അവർ നിന്നെ എങ്ങോട്ടും കൊണ്ടുപോകില്ല. ഇവിടെയിരുന്ന് ഉള്ളതുമുഴുവൻ പറയണം.

അവൾ നിലവിട്ടു കരഞ്ഞു. സിസ്റ്റർ അവളെ ചേർത്തു പിടിച്ചു.

പത്തുമിനിറ്റിനുള്ളിൽ പൊലീസ് വന്നു. അവർ നന്ദിനിയുമായി സിസ്റ്ററുടെ ഓഫിസ് മുറിയുടെ വാതിൽ അടച്ചു.

രണ്ടുമിനിറ്റിനുള്ളിൽ ആ സംഘത്തിലെ മൂന്നു പേർ വന്ന് എന്നെ ഞങ്ങൾ കിടക്കുന്ന മുറിയിലേക്കു കൊണ്ടുപോയി.

നന്ദിനി എന്നോടു പറഞ്ഞതു മുഴുവൻ അറിയണം എന്ന് അവർ. ഒരേസമയം റെക്കോഡ് ചെയ്യുകയും എഴുതിയെടുക്കുകയും ചെയ്യുന്നുണ്ടായിരുന്നു. ഒന്നരമണിക്കൂർ എടുത്തു ചോദ്യങ്ങൾ തീരാൻ. എന്നെക്കൊണ്ട് ഒപ്പിടീച്ച് എഴുന്നേറ്റ് അവർ സിസ്റ്റർ സന്ധ്യയെ ആ മുറിയിലേക്കു വിളിപ്പിച്ചു. അര മണിക്കൂർ സിസ്റ്റർ സന്ധ്യയോടും ചോദ്യങ്ങൾ. നന്ദിനിയുമായി മുറിയിൽ കയറിയവർ പുറത്തുവരാൻ പിന്നെയും അര മണിക്കൂർ കൂടി എടുത്തു.

വിളിപ്പിക്കില്ല, ആവശ്യമുണ്ടെങ്കിൽ ഇങ്ങോട്ടു വരാം എന്നു പറഞ്ഞു പൊലീസ് പോയി. അവിടെ ബാക്കിയുണ്ടായിരുന്ന ഉപ്പുമാവ് നന്ദിനി ആർത്തിയോടെ കഴിച്ചു. ഞാനും സിസ്റ്ററും അന്ന് ഒന്നും കഴിച്ചിട്ടുണ്ടായിരുന്നില്ല. അവൾ തീർക്കുന്നതുവരെ നോക്കിയിരുന്ന് സിസ്റ്റർ രണ്ടു പ്ളേറ്റ് എടുത്തു. ഞങ്ങൾ കഴിക്കുമ്പോൾ അവൾ വീണ്ടും എന്റെ മടിയിലേക്കു വീണു.

ഉച്ചയ്ക്കു മുൻപ് നന്ദിനിയുടെ അച്ഛൻ വന്നു. സാധാരണ ജോലി കഴിഞ്ഞു വരുന്ന സമയമാണ്. മകളെ കൂടെ വിടണം എന്ന് ശബ്ദമുയർത്തി. സാധ്യമല്ല, നന്ദിനി ഇനി ഇവിടുത്തെ അന്തേവാസിയാണ് എന്ന് സിസ്റ്റർ. അച്ഛൻ ശൗര്യം കാണിച്ചു തുള്ളിച്ചാടിപ്പോയി.

അച്ഛൻ എന്തെങ്കിലും കടുംകൈ ചെയ്യുമെന്ന് എനിക്കു പേടിയായി.

സിസ്റ്റർ പറഞ്ഞു: "അയാൾ ഒറ്റയ്ക്ക് ഒന്നും ചെയ്യില്ല. ഇനി ചെയ്താൽ തന്നെ ഇവളേയും അമ്മയേയും അനിയനേയും കൊന്നിട്ടായിരിക്കും. ഇരകളെ അവസാനിപ്പിക്കാതെ ഒരു കൊടുംകുറ്റവാളിയും സ്വന്തം ജീവനൊടുക്കില്ല."

ഒരു മണിക്കൂർ കഴിയും മുൻപേ കന്യാസ്ത്രീ മഠത്തിനു മുന്നിലേക്ക് ഒരു പ്രതിഷേധ മാർച്ച് വന്നു. ശാന്തിക്കാരന്റെ മകളെ മതംമാറ്റുന്നുവെന്ന് അവർ മുദ്രാവാക്യങ്ങൾ വിളിച്ചു. അവർ മഠം ആക്രമിക്കാൻ തയ്യാറെടുത്തു വന്നവരാണെന്ന് സിവിൽ പൊലീസ് ഓഫിസർ കരുണൻ വയർലെസ് സെറ്റിലൂടെ സന്ദേശം നൽകി. അവർ വടികളും കല്ലുകളും ഉയർത്തിപ്പിടിച്ചിട്ടുണ്ടെന്നും ഇരുനൂറുപേരു വരുമെന്നും സന്ദേശം തുടർന്നുകൊണ്ടേ ഇരുന്നു. ഉണ്ടായിരുന്ന ചെറിയ സംഘം പൊലീസ് കാഴ്ചക്കാരായി നിന്നു.

സിസ്റ്റർ വാതിൽ തുറന്നു. അവർ ആക്രമിക്കുമോ എന്ന് ഞങ്ങൾ ഭയന്നു. സിസ്റ്റർ അവർക്കു മുന്നിലെത്തി കൈകൂപ്പി. നിങ്ങളുടെ കുട്ടിയെ വിട്ടുതരാം എന്നാണ് പറഞ്ഞത്. അവർ വിശ്വാസമാകാത്തതുപോലെ വീണ്ടും ശബ്ദമുയർത്തി. സിസ്റ്റർ കൈകൂപ്പി നിന്നു. സമരം നയിച്ചു വന്ന ഗോവിന്ദൻ വക്കീൽ അടുത്തു വന്നു. കുട്ടിയെ എപ്പോൾ വിടും എന്നു ചോദ്യം. ഇപ്പോൾ തന്നെ കൊണ്ടുപോകാം എന്നു സിസ്റ്റർ. വക്കീലിനെ സിസ്റ്റർ അകത്തേക്കു ക്ഷണിച്ചു.

മുറിയിൽ കയറിയ സിസ്റ്റർ എന്നെയും ഫിലോമിന സിസ്റ്ററേയും ഒപ്പം വിളിച്ചു. അവിടെ ഞങ്ങൾ നാലു പേർ. സിസ്റ്റർ വാതിലടച്ചു.

മിസ്റ്റർ ഗോവിന്ദൻ എന്തിനാണ് ഇറങ്ങിപ്പുറപ്പെട്ടത്.

ആ ശബ്ദമാറ്റത്തിൽ അയാൾ കോപാകുലനായി.

അവിടിരിക്ക് മിസ്റ്റർ ഗോവിന്ദൻ. സിസ്റ്റർ ഒന്നു നിർത്തി.

ആ കുട്ടി എവിടേക്കും പോരുന്നില്ല. അവൾ ഇവിടെ താമസിക്കും. ഒൻപതു വർഷമായി മതം മാറാതെ എന്റെ ഒപ്പമുള്ള ഋദ്ധിയേയും സുശീലയേയും പോലെ ഇനി അവളും ഇവിടെയുണ്ടാകും.

ഗോവിന്ദൻ കസേര പിന്നിലേക്കു തട്ടിയെറിഞ്ഞ് വിറച്ചു നിന്നു. വൈദ്യുതാഘാതം ഏറ്റവനെപ്പോലെ വായിൽ നിന്നു വാക്കുകൾ വരാതെ വിക്കി.

സിസ്റ്റർ ശാന്ത ശബ്ദത്തിലായി: "ഇതിനു ജാതിയും മതവും ഒന്നുമില്ല മിസ്റ്റർ ഗോവിന്ദൻ. വികാരി പതിനാലുകാരിക്കു കുഞ്ഞിനെ കൊടുത്തത് ഇന്നാട്ടിൽ തന്നെയാണ്. കന്യാസ്ത്രീമാർ തിരുമേനിയുടെ അധികാരപ്രയോഗം തുറന്നുകാണിച്ചതും ഇവിടെയാണ്. എത്ര കുരുന്നുകളാണ് യൂറോപ്പിലെ അരമനകളോടു ചേർന്നുള്ള അനാഥാലയങ്ങളിൽ പീഡിപ്പിക്കപ്പെട്ടത്. അവരെയോർത്തു വിലപിക്കുന്ന മാർപ്പാപ്പയേയും കണ്ടു. പാതിരിമാരും മുല്ലമാരും മാത്രമല്ല പ്രതികളായത്. ശാന്തിക്കാരനും കുടുംബത്തോടെ മരിച്ചിട്ടുണ്ട് ഈ നാട്ടിൽ. മറ്റൊരു ശാന്തിക്കാരന്റെ മകൾ ഇവിടെ അവൾക്കു വേണ്ടത്ര കാലം കഴിയും. അതിന് ജില്ലാ മജിസ്ട്രേറ്റിന് ഞാൻ അപേക്ഷയും കൊടുത്തിട്ടുണ്ട്. നിങ്ങൾക്കു കഴിയുമെങ്കിൽ വാടകവീട്ടിൽ നിന്ന് ആ അമ്മയേയും ഇളയകുട്ടിയേയും ഇവിടെ എത്തിക്കുക. പറ്റുമോ?"

ഗോവിന്ദൻ ഒന്നും സംസാരിക്കാതെ പത്തു മിനിറ്റോളം അവിടെ ഇരുന്നു. പിന്നെ എഴുന്നേറ്റു മുറ്റത്തിറങ്ങി. അണികൾ മുദ്രാവാക്യങ്ങൾ കൂടുതൽ ഉച്ചത്തിലാക്കി. ഗോവിന്ദൻ അവരോടു പറഞ്ഞു: "മഠത്തീന്ന് കുഞ്ഞിനെ വേണ്ടിടത്ത് എത്തിക്കും. തൽക്കാലം നമ്മൾ പിരിയുന്നു."

നന്ദിനി ശബ്ദമില്ലാതെ നിലവിളിക്കുകയും ശ്വാസംമുട്ടിയതുപോലെ സിസ്റ്ററുടെ മടിയിലേക്കു വീഴുകയും ചെയ്തു.

അരമണിക്കൂറിനുള്ളിൽ ഒരു കാർ വന്നു. കുഞ്ഞുണ്ണി നന്ദിനിയെ കണ്ടതേ അമ്മയുടെ ഒക്കത്തു നിന്ന് ചാടാൻ ആഞ്ഞു. നന്ദിനി കണ്ണുകൾ തുടച്ച് അവനെ എടുത്തു.

സിസ്റ്റർ അമ്മയുമായി മുറിയിലേക്കു പോയി. അന്നു വൈകുവോളം സിസ്റ്ററും അമ്മയും പുറത്തിറങ്ങിയില്ല.

പിറ്റേന്ന് അതിരാവിലെ ഞാൻ ജുവലിനെ വിളിച്ചു. അവൻ സൈക്കിൾ എത്തിച്ചു. ഞാനും നന്ദിനിയും കടൽത്തീരത്ത് എത്തി. തിരകളിലേക്കിറങ്ങി. അവൾ കരഞ്ഞുതീരാൻ കാത്ത് ഞാൻ മണലിൽ മലർന്നു കിടന്നു. അവൾ കമിഴ്ന്നും. തിരകൾ വന്നും പോയുമിരുന്നു. വെയിൽമൂത്തുവന്നപ്പോൾ അവൾ എന്റെ കൈ പിടിച്ചു.

വഴിയിലാരും ഞങ്ങളെ അത്ഭുത ജീവികളെപ്പോലെ നോക്കിയില്ല. ആരും ചോദ്യങ്ങൾ ചോദിച്ചതുമില്ല.

മഠത്തിന്റെ മുന്നിൽ ജുവൽ ഉണ്ടായിരുന്നു.

നന്ദിനി: "എന്തെടാ ചെക്കാ..."

ജുവൽ കൈനീട്ടി. നന്ദിനിയും. കൈകൊടുക്കുമ്പോൾ അവന്റെ കണ്ണുകൾ നിറഞ്ഞിരുന്നു. നന്ദിനി നിറഞ്ഞു ചിരിച്ചു. ഞാനും. ഞങ്ങൾക്കു മാത്രമേ അപ്പോൾ ചിരിക്കാൻ കഴിയുമായിരുന്നുള്ളൂ.

കയറിച്ചെല്ലുമ്പോൾ സിസ്റ്ററുടെ മേശപ്പുറത്ത് അന്നത്തെ പത്രമുണ്ടായിരുന്നു.

വായ്പ അനുവദിക്കാൻ പതിനാലുകാരിയെ പീഡിപ്പിച്ച ബാങ്ക് മാനേജറും ഒത്താശ ചെയ്ത പിതാവും അറസ്റ്റിൽ.

നന്ദിനി കൂസലില്ലാതെ ആ വാർത്ത മുഴുവൻ വായിച്ചു. അവൾ ഇനി ജീവിക്കാൻ തുടങ്ങുമെന്ന് എനിക്കുറപ്പായി.

കണ്ണു തുറക്കുമ്പോൾ മുഖവട്ടം നന്ദിനിയുടേത്.

അന്നമ്മയുടെ ചുണ്ട് അനങ്ങുന്നുണ്ട്. "പിള്ളേ... ഇതാരാന്ന മനസ്സിലായോന്ന് നോക്ക്..." അന്നമ്മ എന്നോട്ട് ചോദിക്കുന്നത്, നന്ദിനിയെ അറിയുമോ എന്നാണ്. ചിരിക്കണോ?.

അവൾ വീണ്ടും കരയുകയാണെന്ന് എനിക്കു മനസ്സിലായി. എന്നെ കാണുമ്പോൾ മാത്രം കരയുന്നവളാണ് നന്ദിനി. മറ്റെല്ലായിടത്തും അവൾ ചിരിച്ചു നിൽക്കും, ജയിച്ചും.

സമുദ്രയ്ക്ക് പദ്ധതികൾ അനേകമുണ്ടായിരുന്നു.

ആറു വലിയ നൗകകളും ഋദ്ധയുടെ നൗകയും ചേർന്ന് അവർ തരുന്ന ചരക്ക് പറയുന്ന തീരത്ത് എത്തിക്കണം. ഓരോ നൗകയ്ക്കും ഓരോ യാത്രയ്ക്കും ഒരു കിലോ സ്വർണം പ്രതിഫലം. ഏകാദശി തുള്ളിച്ചാടി. ഏകൻ സമുദ്ര നൽകിയ ഷാംപെയിൻ പൊട്ടിച്ചു. അഷ്ടമൻ പഞ്ചമയെ കൂട്ടി കപ്പൽ മേലാപ്പിലേക്കു പോയി. ആറു നൗകകളും ഇനി സമുദ്ര പറയുന്ന വഴിയിൽ പോകും.

ഋദ്ധിക്ക് അത് ആലോചിക്കാൻ പോലും കഴിയുമായിരുന്നില്ല. ഇട്ടെറിഞ്ഞു പോന്ന പാഴ്മരത്തിൽ വീണ്ടും പൂപ്പലായി പടരാനില്ല. അതിരുകൾ കടന്നുപോയ മനസ്സിനൊപ്പമാണ് ദേഹവും പോകേണ്ടത്. സങ്കല്പങ്ങളെ പിടിച്ചുനിർത്തുന്ന ശരീരം മൃതമാകണം. ഋദ്ധി ഒരു മൃതദേഹമല്ല.

നിരാശ മറച്ചുവയ്ക്കാതെ കയറിൽ തൂങ്ങി ഋദ്ധി നൗകയിലെത്തി. ദ്വാദശി കാത്തുനിന്നിരുന്നു. ത്രയ നിസ്സഹായതയോടെ കപ്പലിന്റെ കമ്പിയഴികളിൽ പിടിച്ചു നിന്നു. അവളെ പിന്നിൽ വന്ന് സമുദ്ര ചേർത്തു പിടിച്ചു.

ഋദ്ധിയുടെ നൗക മാത്രം ചലിക്കാൻ തുടങ്ങി.

ത്രയ സമുദ്രയുടെ പിടി വിടുവിക്കുന്നതും കൈ വീശുന്നതും അകലുന്ന നൗകയിലിരുന്ന് ദ്വാദശി കണ്ടു. അവൾ രണ്ടുകയ്യും ഉയർത്തി വീശുകയാണ്.

ഋദ്ധി നൗകയുടെ വേഗം കുറച്ചു. മടങ്ങി വീണ്ടും കപ്പലിന് അടുത്ത് എത്തി. ത്രയ കയറിൽ ഊർന്നിറങ്ങി. ത്രയയുടെ വീഴ്ചയിൽ ഒന്നുലഞ്ഞ് നൗക പതിയെ നിലയുറച്ചു.

**തിരകളിലേക്കിറങ്ങുമ്പോൾ ദ്വാദശി:** "ഋദ്ധിയുടെ ഒരു നുണ കൂടി തകർന്നു. നമ്മൾ കൂട്ടമായി ഓലപ്പടവന്മാരേപ്പോലെ പോകുമെന്ന വാക്ക്."

**ഋദ്ധി:** "നമ്മളിനി ലേഡിഫിഷ്–വള്ളിപ്പൂമീൻ. മുട്ടയിട്ട് ആഴക്കടലിലേക്കു പോകുന്ന അമ്മയുടെ തണലില്ലാതെ വളരുന്ന പെൺകരുത്തർ

ത്രയയ്ക്ക് ശബ്ദം തീരെ ഉണ്ടായിരുന്നില്ല. 'എല്ലു കൂടുതലുള്ള പെൺമീനുകൾ' എന്നു പതുക്കെ പറഞ്ഞു.

ഇന്ത്യൻ മഹാസുദ്രത്തിൽ അതുവരെ യാത്ര പടിഞ്ഞാറു തേടിയായിരുന്നു. ബംഗാൾ ഉൾക്കടലിൽ നിന്നു സേതു കടന്ന് അറബിക്കടലിലേക്ക്. അതായിരുന്നു പദ്ധതി.

ഋദ്ധി പൊടുന്നനെ ദിശ കിഴക്കോട്ട് തിരിച്ചു. ബംഗാൾ ഉൾക്കടലിൽ നിന്ന് ഓസ്ട്രേലിയൻ തീരം കടന്നാൽ ഇന്ത്യൻ മഹാസമുദ്രം പസഫിക് ആകും. പസഫിക് കടന്നാൽ അറ്റ്ലാന്റിക്.

തിരകളിലേറി കരയിലേക്ക് തുള്ളിവരില്ല വള്ളിപ്പൂമീനുകൾ. അവ ആഴക്കാലിൽ യാത്രചെയ്തുകൊണ്ടേ ഇരിക്കും. കാറ്റു വരുന്നുണ്ടെന്നു ദ്വാദശി. അതിന്റെ ദിശയിൽ തന്നെ പോകാമെന്ന് ത്രയ തുള്ളിച്ചാടി.

**കടൽ ചോദിച്ചു:** "ഞാൻ അടിച്ചു കയറുന്നത് എന്തിനെന്ന് അറിയുമോ."

കാറ്റ് കണ്ണുമിഴിച്ചു.

**കടൽ ചിരിച്ചു:** "പർവത ഗിരികൾ കാട്ടി കരയെന്നെ പ്രലോഭിപ്പിക്കുന്നതുകൊണ്ട്."

**കാറ്റ് ചോദിച്ചു:** "നിനക്കൊരു ഇണ വേണ്ടേ?"

**കടൽ പരിഹസിച്ചു:** "എന്നടിയിലുണ്ട് കുറ്റാക്കൂരിരുട്ടിൽ സ്ഖലിച്ചു നിൽക്കുന്ന പടുകൂറ്റൻ ഗിരിശൃംഗങ്ങൾ."

ത്രയ പെട്ടെന്ന് അവരുടെ സംഭഷണത്തിലേക്ക് ഇടിച്ചു കയറി: ആകാശം പാരാവാരത്തിലേക്ക് ഇറങ്ങുന്നതുപോലെ.

ഋദ്ധിയും ദ്വാദശിയും ത്രയയുടെ ഇരുവശവുമെത്തി കവിളിൽ ഓരോ ചുംബനമേകി.

ഋദ്ധി കണ്ണു തുറന്നു.

നന്ദിനി അവിടെയില്ല. നന്ദിനി വന്നിരുന്നില്ലേ? നന്ദിനി വന്നാൽ അന്നമ്മച്ചേടത്തി പറയും. അപ്പോൾ വന്നിട്ടുണ്ടാകില്ല. മനസ്സൊരിടത്തും ഉറയ്ക്കുന്നില്ല. സ്വപ്നത്തിലും പുറത്തും കാണുന്നതെല്ലാം കൂടിക്കലരുകയാണ്. അൽഷിമേഴ്സ് വന്ന ഫിലോമിന സിസ്റ്ററും ഇങ്ങനെ ആയിരുന്നിരിക്കും. കണക്കുകളെല്ലാം മാറ്റിവച്ച് ഒരുപാടു കവിതകൾ കാണാൻ തുടങ്ങിയിട്ടുണ്ടാകും.

അവർക്ക് ഓർമകളില്ലെന്ന് ലോകമേ എങ്ങനെയാണു നീ പറയുന്നത്?

— 10 —

# നിലംതല്ലി

ഓണംകഴിഞ്ഞു സ്കൂൾ തുറന്ന ആദ്യദിനം. നന്ദിനിയും ഞാനും മാഗി ടീച്ചർ ഏർപ്പെടുത്തിയ കൗൺസിലിങ് കഴിഞ്ഞ് വരാന്തയിലൂടെ ക്ലാസ് മുറിയിലേക്കു നടന്നു. അനാവശ്യഭയം അനിവാര്യമായ ഏതോ ദുരന്തം കൊണ്ടുവരുമെന്ന തോന്നലാണ് ഉള്ളിൽ മുഴുവൻ.

നന്ദിനി നടക്കുമ്പോൾ ചോദിച്ചു: "നിനക്കൊന്നും പറ്റിയിട്ടില്ലെന്ന് ഒരാൾ ആശ്വസിപ്പിച്ചാൽ എന്താണ് അർത്ഥമെന്ന് അറിയുമോ?"

ഞാൻ അവളെ നോക്കി.

നന്ദിനി: "ആറ്റൻ പണി കിട്ടി എന്നു തന്നെ."

ഞാൻ അവളുടെ തോളിൽ കൈവച്ചു.

നന്ദിനി: "പിച്ചാത്തി കുത്തിയിറക്കിയിട്ട് തുന്നിക്കെട്ടിയാൽ മരിക്കും വരെയുണ്ടാകും മുറിപ്പാട്."

ക്ളാസ്സ് മുറിയിലേക്ക് ഞങ്ങൾ കയറി. ഒന്നു രണ്ടുപേർ എഴുന്നേറ്റു. ചിലർ ഭയം കലർന്ന കണ്ണുകളോടെ നോക്കി. മറ്റു ചിലർ ഞാനൊന്ന് ആശ്വസിപ്പിക്കട്ടെ എന്നു നോട്ടംകൊണ്ടു ചോദിച്ചു. ജനിച്ചാൽ മരണം എന്നതുപോലെ ഇങ്ങനെയൊരനുഭവവും എന്നെങ്കിലും ഏറ്റുവാങ്ങേണ്ടിവരും എന്ന് മറ്റു ചിലർ സ്വയം പറഞ്ഞു നിർവികാരരായിക്കാണും.

നന്ദിനി ബെഞ്ചിലേക്കു നടക്കുമ്പോൾ ജുവൽ അടുത്തെത്തി: "ഷാൽ ഐ ഹഗ് യു?"

നന്ദിനി രണ്ടുകൈകളും വിടർത്തി തല ചെരിച്ചു. അവൾ സാധാരണക്കാരിയായിരിക്കുന്നു.

ജുവൽ കെട്ടിപ്പിടിക്കുന്നതിനു പകരം അവളുടെ തലയിൽ വലതു ചെവിക്കു മുകളിൽ മുഷ്ടിചുരുട്ടി മെല്ലെ ഇടിച്ചു. അവൾ തിരിച്ച് അവന്റെ മൂക്കിൽ ചൂണ്ടുവിരൽ കൊണ്ടു തൊട്ടു. ഒറ്റപ്പെട്ട ഒരു കയ്യടിയുയർന്നു. മാഗി ടീച്ചർ വാതിൽ കടന്ന് കയ്യടിച്ചു വരികയാണ്.

ക്ളാസ് ഒന്നടങ്കം എഴുന്നേറ്റു. നന്ദിനിയും ഋദ്ധിയും ജുവലും സ്വന്തം ഇരിപ്പിടങ്ങളിലേക്കു നടന്നു.

ഉച്ചയ്ക്ക് ഒന്നിച്ചിരുന്നു ഭക്ഷണം കഴിക്കുമ്പോൾ നന്ദിനി എന്റെ പാത്രത്തിൽ നിന്ന് മുട്ടപൊരിച്ചത് മുറിച്ചെടുത്തു. അത് ഉരുളയ്ക്കുള്ളിലാക്കി ചോറിനൊപ്പം ചവച്ചു. രണ്ടാമത് ഒന്നു കൂടി എടുത്ത് ചോറിൽ പൊതിഞ്ഞു. അവൾ ജീവിതത്തിൽ ആദ്യത്തെ മുട്ട കഴിക്കുകയാണ്. കേക്കു പോലും മുട്ടചേർത്തത് എന്നു പറഞ്ഞ് ഒഴിവാക്കിയിരുന്നവളാണ്.

"ഇതുപോലെ ചോറിൽ പൊതിഞ്ഞ് ഞായറാഴ്ച ബീഫ് തരട്ടെ": ഞാൻ.

നന്ദിനി നോക്കുക മാത്രം ചെയ്തു.

"ആ രുചികളറിയാതെ നീ പോകുമായിരുന്നു": ഞാൻ

"കസേരയിൽ കയറുമ്പോൾ പോലും ആരെങ്കിലും വന്നിരുന്നെങ്കിലെന്ന് എനിക്കു തോന്നി": അവൾ.

"ഞാൻ വന്നില്ലെങ്കിലോ?"

"നീയാണ് വരാൻ പോകുന്നതെന്ന് എനിക്കു തോന്നിയില്ല": നന്ദിനി.

മൗനം.

"ഓർമകളിൽ നിങ്ങളാരും ഉണ്ടായിരുന്നില്ല": നന്ദിനി.

"അപ്പോൾ ആരു വരാനാണ് നീ കാത്തത്": ഞാൻ.

"എനിക്കാ മുഖങ്ങളൊന്നും പരിചയമില്ല": നന്ദിനി.

അവിടം മുതൽ നന്ദിനി മാത്രം സംസാരിക്കാൻ തുടങ്ങി. ഉരുളകൾ വായിൽ വച്ച് പതുക്കെ ചവച്ചിറക്കി നീണ്ട ഇടവേളകളിൽ ഓരോ വാചകങ്ങൾ വന്നു.

"ഞാൻ അവരെ മാത്രമേ ഓർത്തുള്ളൂ. ആ രണ്ടുപേരെ, പിന്നെ അവിടെയാക്കിയ പിതാവെന്നയാളെ": നന്ദിനി.

"അവർ എന്റെ മരണത്തിൽ ഉരുകുമെന്ന് അപ്പോൾ തോന്നി": നന്ദിനി.

"അവർ ആശ്വസിക്കുകയേയുള്ളുവെന്ന് ഇപ്പോഴെനിക്ക് അറിയാം": നന്ദിനി.

"ഞാനൊരു കത്തു പോലും എഴുതിയിരുന്നില്ല": നന്ദിനി.

ജുവൽ രണ്ടു ചോറുപാത്രങ്ങളിൽ വെള്ളവുമായി വന്നു. മറ്റാരിൽ നിന്നോ കടം കൊണ്ട പാത്രങ്ങളാണ്. അവൻ മൂന്നു വാചകങ്ങൾ നിർത്തി നിർത്തി പറഞ്ഞു:

"സ്കൂളിലെ പൈപ്പിൽ വെള്ളം തീർന്നു. പഞ്ചായത്തു കിണറ്റിൽ നിന്നു കോരിയെടുത്തതാണ്. കവലയിലൂടെ നീ നടന്നു പോകേണ്ട എന്നു കരുതി."

കഴുകാത്ത പാത്രവും കയ്യുമായി നന്ദിനി ഒറ്റപ്പോക്കായിരുന്നു. സ്കൂളിന്റെ പടികൾ ഇറങ്ങിയപ്പോഴേക്കും ഞാൻ പിന്നിൽ ഓടിയെത്തി. റോഡിലിറങ്ങി കവലയിലൂടെ തന്നെ മുന്നോട്ട്. ഞാൻ ഒപ്പമെത്താൻ പാടുപെട്ടു.

സ്കൂളിൽ നിന്നും കവലയിൽ നിന്നും വഴിയിൽ നിന്നുമെല്ലാം കാണാവുന്ന വിധം വളവിലാണ് കിണർ. അവൾ കയറും തൊട്ടിയും ഇടതുകൈകൊണ്ട് കിണറ്റിലിട്ടു. എല്ലാവരും എല്ലായിടത്തു നിന്നും നോക്കുന്നുണ്ട്. അവൾ ഒറ്റക്കൈ കൊണ്ട് ഒന്നു വലിച്ചു. എന്റെ ഇടംകൈകൊണ്ട് ഞാനും. ഞങ്ങളുടെ പല വലികളിലൂടെ വെള്ളം മുകളിലെത്തി. അവൾ ഒന്നും പറഞ്ഞില്ല. ഞാനും. കഴുകി ഇറങ്ങുമ്പോൾ നന്ദിനി സധൈര്യം നടക്കുന്നു. എനിക്കാണോ ഭയമെന്നു തോന്നാതിരുന്നില്ല. കയറ്റത്തിലെ കടയിൽ ബെന്നി രണ്ടു കൈകളിലും ഫോൺ പിടിച്ച് ഇരിക്കുന്നു. അവൾ നേരേ നടന്നു ചെന്നു.

“മുഴുവൻ കിട്ടിയോ ചേട്ടാ?”

ബെന്നി പരിഭ്രമിച്ചു.

ഞാൻ പിന്നിലൂടെ പെട്ടിക്കടയുടെ ഉള്ളിൽ കയറി. അയാൾ ഒട്ടും എതിർക്കാതെ ഫോൺ തന്നു. കവലയുടെ നടുക്ക് ഞാനതു വച്ചു. നന്ദിനി കയ്യാലയ്ക്കു മുകളിൽ വച്ചിരുന്ന വീതിക്കല്ലുകൊണ്ടുവന്ന് അതിനു മുകളിലിട്ടു. ഒറ്റയിടലിന് അതു തകർന്നില്ല. കഷണങ്ങളാകും വരെ പാമ്പിനെ ചതയ്ക്കുന്നതുപോലെ അവൾ അതിനു മുകളിലേക്ക് കല്ല് ഇട്ടുകൊണ്ടിരുന്നു. ഒരുവേള അതൊരു മൂർഖനാണെന്നു ഭയന്ന് ഞാൻ രണ്ടടി പിന്നോട്ടുവച്ചു. തകർന്ന കഷണങ്ങളിൽ നിന്ന് സിം അവളും മെമ്മറി കാർഡ് ഞാനും എടുത്ത് കടിച്ചുകൊണ്ട് നടന്നു.

“മൂർഖനേക്കാൾ വിഷമുണ്ട് ഫോണിന്”: ഞാൻ.

“പാമ്പ് ഒറ്റക്കൊത്തിന് ഒരാളിലേ വിഷമിറക്കൂ. ഇതു സഹസ്രജീവസംഹാരിണി”: നന്ദിനി.

ഞങ്ങൾ ചെല്ലുമ്പോൾ എന്തോ അബദ്ധം ചെയ്ത പരിഭ്രമത്തോടെ ജൂവൽ മുഖം തരാതെ ബെഞ്ചിൽ ഇരിപ്പുണ്ടായിരുന്നു.

ആശുപത്രിയിൽ നിന്ന് അത്ര നല്ല വിവരമല്ല.

എഴുപത്തിരണ്ടു മണിക്കൂർ കഴിയാതെ ഒന്നും പറയാനാകില്ലെന്നാണ് പട്ടാളം എത്തിച്ച സന്ദേശം. എലിപ്പനി സുശീലയെ ഗുരുതരമായി ബാധിച്ചിരിക്കുന്നു.

ആൻസിക്കു കണ്ണു നിറഞ്ഞു.

**ബിനോയി പറഞ്ഞു:** “നിന്നെ കണ്ണുനിറഞ്ഞു കണ്ടിട്ടില്ല.”

**ആൻസി:** “രാത്രികളിൽ ആ പേര് ഞാൻ നിങ്ങളുടെ ചുണ്ടിൽ വായിച്ചിരുന്നു.”

ബിനോയി ദൂരേക്കു നോക്കി.

അന്നമ്മ കുറച്ചകലെ നിസ്സഹായയായി ഇരിപ്പുണ്ട്...

**അന്നമ്മ എഴുന്നേറ്റു:** "നാട്ടിൽ നടക്കുന്നതെന്തും സുശീല കുഞ്ഞിനോടു പറയുന്നതാണ്."

ആൻസിയും ബിനോയിയും ഇരുന്നിടത്തു നിന്ന് എഴുന്നേറ്റില്ല. അന്നമ്മ പറയുന്നതു കേൾക്കാൻ കഴിയുന്നുണ്ടെങ്കിൽ ഋദ്ധി എങ്ങനെ താങ്ങും എന്നായിരുന്നു ആൻസിയുടെ ആധി. ബിനോയി പണ്ടേ തിരിച്ചറിഞ്ഞിരുന്നു, ഋദ്ധി കാണുന്നതിനും കേൾക്കുന്നതിനും അർത്ഥങ്ങൾ വേറേയാണെന്ന്.

ഞാൻ കണ്ണു തുറന്നു കിടക്കുമ്പോഴാണ് അന്നമ്മ വരുന്നത്.

പതിവുപോലെ മുഖത്തേക്കു കുനിഞ്ഞു. എനിക്ക് രുചി മാത്രമല്ല മണവും നഷ്ടമായിരിക്കുന്നു. ഇത്രകാലം അമ്മവരുമ്പോൾ ഞാൻ കല്പിച്ചു കൊടുത്ത മണമായിരുന്നു അത്. കായൽച്ചെളിയുടെ ആ മണം അന്നമ്മച്ചേടത്തിക്കും ചേരേണ്ടതാണ്. പക്ഷേ, എനിക്ക് ഇപ്പോൾ ഒന്നും തിരിച്ചറിയാൻ കഴിയുന്നില്ല. ചേടത്തിക്കായി ഞാൻ കാതോർത്തു.

"മോൾക്ക് ഞാൻ ഒരു കൂട്ടം തരുന്നുണ്ട്. പാലിൽ നല്ല നൂറുള്ള സിലോൺ കപ്പ പുഴുങ്ങി കുറുക്കും. അതിൽ രണ്ടു കാന്താരി ചതച്ചു ചേർത്ത് ഉള്ളി ചുട്ടരച്ചും ചേർക്കും." കപ്പ എനിക്ക് സിസ്റ്റർ ഫിലോമിന തന്ന രുചിയാണ്.

ഒൻപതാം ക്ലാസിലെ ക്രിസ്മസ്.

സിസ്റ്റർക്ക് സ്വന്തം വീട്ടിൽ പോകാൻ ഏഴു ദിവസത്തെ അനുമതി കിട്ടി. പരീക്ഷകഴിഞ്ഞ് ഞാനും നന്ദിനിയും ചെന്നു കയറുമ്പോൾ ഓട്ടോറിക്ഷ മുറ്റത്തുണ്ട്.

ഇവരും പോരട്ടെ എന്നു സിസ്റ്റർ ഫിലോമിന. ആ... എന്ന് സിസ്റ്റർ സന്ധ്യ. നന്ദിനിയുടെ അമ്മ തയ്യൽ മെഷീനു പിന്നിൽ ഇരുന്ന് തലയാട്ടി. അമ്മ തയ്യൽ തൊഴിലായി തെരഞ്ഞെടുത്ത ശേഷമുള്ള ഇരിപ്പാണ്. ആർക്കും തയ്ച്ചുകൊടുക്കാനായി പഠിച്ചതല്ല. സ്വന്തം ബ്ലൗസ് സ്വയം തുന്നുന്നത് അമ്മമ്മയുടെ ശീലമായിരുന്നു. അന്നു ബ്ലൗസ് അല്ല, കെട്ടുടുപ്പാണ്. കൈകൾ ഇട്ടാൽ കൊളുത്തുകൾക്കു പകരം കച്ചപോലെ രണ്ടറ്റവും വയർ തുടങ്ങുന്നിടത്തും കെട്ടും. റൗക്ക എന്ന് വേറെ ജാതിക്കാര് പറഞ്ഞാലും അമ്മമ്മ കെട്ടുടുപ്പ് എന്നേ പറയൂ. അമ്മമ്മ അതു മാത്രമാണ് തയ്ച്ചിരുന്നത്. കല്യാണം കഴിഞ്ഞപ്പോൾ തന്നെ മെഷീൻ അമ്മയ്ക്കു കൊടുത്തുവിട്ടിരുന്നു. അതു മഠത്തിലെ ജീപ്പിൽ വാടകവീട്ടിൽ നിന്നു സിസ്റ്റർ വരുത്തിച്ചു. അമ്മ ഇപ്പോൾ തുണി വാങ്ങി നൈറ്റി തയ്ക്കും. ഫിലോമിന സിസ്റ്റർ കടകളിൽ വിളിച്ച് നിർബന്ധിച്ച് ഏല്പിക്കും. വിറ്റുപോയാൽ മാത്രം കാശു മതി എന്നു സമ്മതിച്ചപ്പോഴാണ് പലരും ഏറ്റെടുത്തത്.

സുശീലയ്ക്കും അന്നമ്മയ്ക്കും ചീഞ്ഞകായൽ, ആത്തേമ്മാർക്ക് ആഞ്ഞുതയ്യലും എന്ന് അന്നമ്മ മെഷീൻ വന്ന അന്നു പറഞ്ഞത് ഞാൻ മാത്രമല്ല നന്ദിനിയും കേട്ടിരുന്നു.

അഞ്ചുമിനിറ്റാണ് ഞങ്ങൾക്ക് ഒരുങ്ങാൻ കിട്ടിയ സമയം. യൂണിഫോം മാറ്റിയുടുത്ത് കയ്യിൽ കിട്ടിയ ഉടുപ്പുകൾ വാരി ബാഗിലിട്ട് പുറപ്പെട്ടു.

ബസ് സ്റ്റാൻഡിലേക്കുള്ള യാത്രയിൽ ഓട്ടോറിക്ഷ ചന്തയിൽ നിർത്തി. അമ്മയുടെ അടുത്തേക്കു ചെന്ന് സിസ്റ്റർ കാര്യം പറഞ്ഞു. അമ്മ സിസ്റ്ററുടെ ഒപ്പം ഓട്ടോയിലേക്കു വന്നു.

"അവൾ ആദ്യമായിട്ടാണ് മറ്റെവിടെയെങ്കിലും..."

ഞാൻ ഭയന്നുപോയി. ഈ പതിനാലു വയസ്സിനിടെ ജനിച്ച വീട്ടിലും ഈ മഠത്തിലും അല്ലാതെ മറ്റൊരിടത്തും ഞാൻ ഉറങ്ങിയിട്ടില്ല എന്നാണ് ആ പറഞ്ഞതിന്റെ അർത്ഥം. ഞാൻ അതുവരെ കയറിയ മഞ്ഞുമലകളെല്ലാം ഉരുകി ഇല്ലാതായി. പോയ സമുദ്രങ്ങളെല്ലാം വറ്റിവരണ്ടു.

വണ്ടി നീങ്ങുമ്പോൾ അമ്മ ഒന്നുകൂടി പറഞ്ഞു.

"അവൾ ഞാനില്ലാതെ നിന്നിട്ടില്ല."

ഒന്നോ രണ്ടോ മാസം പ്രായമുള്ളപ്പോൾ തൊട്ടിലിൽ കിടന്നുറങ്ങിയിരുന്ന എന്റെ അടുത്തേക്കു വന്നയാൾ പിന്നെ എന്നെ പിരിഞ്ഞിട്ടേയില്ലെന്ന്. എനിക്കു പക്ഷേ, അമ്മ കൂടെയുണ്ടെന്നു തോന്നിയതേയില്ല. മഠത്തിന്റെ ചായ്പിൽ കിടന്ന സുശീലയെ അമ്മ എന്നു വിളിച്ചിരുന്നു. പക്ഷേ, എനിക്ക് അമ്മ സിസ്റ്റർ സന്ധ്യ ആയിരുന്നു. എന്റെ പ്രോഗ്രസ് കാർഡ് ഒപ്പിട്ടതു മാത്രമല്ല എനിക്ക് ചോറുരുട്ടിത്തന്നതും സൈക്കിൾ ചവിട്ടാൻ പഠിപ്പിച്ചതും ആദ്യത്തെ ഷൂസ് ഇടീച്ചതും ടൈ കെട്ടിത്തന്നതും മുടി പിന്നി തന്നതും പൊട്ടു വാങ്ങിത്തന്നതും സിസ്റ്ററാണ്.

ഏഴുകഴിഞ്ഞ് എട്ടിലേക്കുള്ള അവധിക്കാണ് എനിക്കായി ഒരു കെട്ടു നാപ്കിൻ നീല ബാസ്ക്കറ്റിൽ ഇട്ടുതന്നത്. ആദ്യദിവസം അതു വയ്ക്കാൻ പഠിപ്പിച്ചതും സിസ്റ്ററാണ്. ആ ബാസ്കറ്റ് ഞാൻ അമ്മയെ അഭിമാനത്തോടെ കാണിച്ചു. എന്റെയാണ് എന്ന ആ ഭാവം കണ്ട് അമ്മ ഊറിച്ചിരിച്ചു.

അമ്മയെന്നു വിളിച്ചിരുന്നെന്നേയുള്ളു. അമ്മയായിരുന്നില്ല. എപ്പോഴും ഒപ്പമുണ്ടായിരുന്നതു കൊണ്ടാകണം അമ്മയോട്ട് ഒപ്പം നിൽക്കുന്നതിനെക്കുറിച്ചോ മാറി നില്ക്കുന്നതിനെക്കുറിച്ചോ ഞാൻ ഇതുവരെ ഓർത്തിരുന്നില്ല. എനിക്ക് ഒന്നു മനസ്സിലായി. ഞാൻ അമ്മയെ അമ്മയായി കണ്ടില്ലെങ്കിലും അമ്മയ്ക്കു ഞാൻ മകളായിരുന്നെന്ന്. അവർ ഓരോ നിമിഷവും കരുതിയത് അവരാണ് എന്നെ വളർത്തുന്നതെന്നാണ്.

ഞാൻ തൊണ്ണൂറ്റിയൊൻപതാം കളത്തിൽ നിന്നു പാമ്പു വിഴുങ്ങി ഒന്നിലെത്തിച്ചതുപോലെ നിസ്സഹായതയുടെ നെല്ലിപ്പടി കണ്ടു. ഇനി കോണികളിൽ കയറാതെ ഓരോകളവും ചവിട്ടി കയറണം.

"പോകാൻ അമ്മവീടുകളില്ലാത്തവരെ കണ്ടിട്ടുണ്ടോ?"

എന്റെ ശബ്ദം താഴ്ന്നിയുള്ള ചോദ്യം കേട്ട് നന്ദിനി പിറുപിറുക്കുന്ന ശബ്ദത്തിൽ.

"ജപ്തിയായ വീട്ടിൽ നിന്നിറങ്ങിയവരെ കണ്ടിട്ടുണ്ടോ? അന്നദാനത്തിനു പോലും ആരും വിളിക്കില്ല."

പാമ്പും കോണിയും വിട്ട് ഞങ്ങൾ ചതുരംഗം കളിച്ച് ഒപ്പത്തിനൊപ്പം ചെക്കുവച്ചു.

സിസ്റ്റർ ഫിലോമിന ഞങ്ങളുടെ രണ്ടാളുടേയും ഇല്ലായ്മകളെ നിഷ്പ്രഭമാക്കികളഞ്ഞു.

"മുട്ട ഇട്ടു വിരിയിക്കാനാണ് കാക്ക കൂടുകെട്ടുന്നത്. ചാവും വരെ പാർക്കാനല്ല."

നൗകയിൽ കാറ്റുപിടിച്ചു.

ദ്വാദശി: "സദ്യകഴിഞ്ഞ വീട്ടിൽ ഒന്ന് ഉറങ്ങിയെഴുന്നേറ്റ സാമ്പാറും പച്ചടിയും പിറ്റേന്നു രാവിലെ തന്ന് കൊച്ചമ്മ പറയും. ഒന്നു ചൂടാക്കി കഴിച്ചോണേന്ന്. അതു കേൾക്കാൻ പറയവീട്ടിൽ പിറക്കണം എന്ന് അമ്മ പറയാറുണ്ട്."

നൗകയുടെ വേഗം കൂടുംതോറും പാറുന്ന മുടിയിഴകൾ ഒതുക്കി ഋദ്ധി കടൽകണ്ടു കണ്ണുനിറയ്ക്കും. അതാണു ശീലം.

ദ്വാദശി: "പശുവിനുള്ള വീതംപോലും സദ്യേടെ അന്നു വൈകിട്ട് കൊടുക്കും. പറയന് പിറ്റേന്നാണ്."

ത്രയ: "കാലം മാറിയില്ലേ, ഇതൊക്കെ ഇപ്പോഴുമുണ്ടോ എന്നു ചോദിക്കുന്നവരെ കേട്ടിട്ടില്ലേ?"

ഋദ്ധി: "ഒറ്റവഴിയേയുള്ളൂ. ലോകത്തെ മുഴുവൻ വീടുകളും ഇടിച്ചു നിരത്തണം. ഏറ്റവും കൂടുതൽ ഭൂഖണ്ഡങ്ങൾ താണ്ടിയ ജീവിവർഗമായ മനുഷ്യൻ അപ്പോൾ നടപ്പു തുടങ്ങും. എല്ലാവരും ഒരേ നിലയിൽ പാർക്കാൻ തുടങ്ങും, ഒരേ വേഗത്തിൽ നടക്കാൻ തുടങ്ങും, ഒരേ ആഹാരം കഴിക്കാൻ തുടങ്ങും."

മൂന്നു ചക്രമുള്ള സൈക്കിൾ ചവിട്ടണം എന്നു പന്ത്രണ്ടു പതിമൂന്നു വയസ്സുവരെ മോഹിച്ച ആ കുട്ടി ദ്വാദശിയിലേക്കു ചെണ്ടകൊട്ടിയെത്തി.

കൊയ്യുന്ന അമ്മയെ നോക്കി വരമ്പത്ത് തലയിൽ പാള കമഴ്ത്തിയിരിക്കുമ്പോൾ മൂന്നോ നാലോ വയസ്സു മുതൽ തോന്നിത്തുടങ്ങിയതാണ് മുച്ചക്ര സൈക്കിൾ ചവിട്ടി മുറ്റത്തു വന്നുനിൽക്കുന്നത്. കുന്നിൻമുകളിൽ നിന്നുള്ള ഇറക്കമിറങ്ങിവേണം നിരനിരയായി കെട്ടിയ പറയക്കുടിയിലെത്താൻ. കുടികൾ കഴിഞ്ഞാൽ വയലാണ്. വെട്ടുകല്ലു തെറ്റിയും തെറിച്ചും നിൽക്കുന്ന വഴിയാണ്. കാലവർഷം ഒഴുകി വെട്ടുകല്ലിന്റെ ഇടയിലെ ചെളിയൊക്കെ കൊണ്ടുപോയി കുഴിശിൽപങ്ങൾ പണിതെടുത്തിരിക്കുകയാണ്. ഓരോ കുഴിയും ഓരോ ശിൽപത്തിനുള്ള അച്ചുപോലെ രൂപഭംഗി തികഞ്ഞു നിന്നു. അവിടെ മഴ ഒരു പെരുംതച്ചനായി. അതുവഴി വെള്ളയ്ക്ക ഉരുട്ടുവിട്ടാൽ പാടത്തു ചെല്ലുമുമ്പ് പൊട്ടിപ്പൊളിഞ്ഞു തീർന്നിട്ടുണ്ടാകും. ആ വഴിയിലൂടെ മുച്ചക്ര സൈക്കിളിൽ തെന്നിത്തെറിച്ചു വന്ന് ഒൻപതാമത്തെ കുടിയുടെ മുന്നിലെത്തണം. ആ കുടിലിൻ മുന്നിൽ മാത്രം ഒരു ബിംബമുണ്ട്. ബുദ്ധന്റെയാണ്.

അച്ഛന്റെ ചേട്ടൻ ചെറുപ്പത്തിൽ നാടുവിട്ടു ബോംബെയ്ക്ക് എന്നു പറഞ്ഞു പോയതാണ്. പിന്നെ വന്നപ്പോഴാണ് അറിഞ്ഞത്. ബോംബെ ആയിരുന്നില്ല, അത്

അഹമ്മദാബാദ് ആയിരുന്നെന്ന്. അവിടെ ഹോട്ടലിൽ പണിയായിരുന്നു. മദിരാശിക്കാരനാണെന്നു പറഞ്ഞ് നെറ്റിയിൽ കുങ്കുമം ചാർത്തിച്ചെന്ന മണിയനെ അവർ അയ്യങ്കാർ മണിയൻ എന്നു വിളിച്ചു. പണികിട്ടാൻ ആ വിളി ഉപകാരപ്പെട്ടെങ്കിലും മൂന്നാംമാസം പിടി വീണു. ഉൾവിളി സഹിക്കാൻ വയ്യാതെ മാട്ടിറച്ചി കിട്ടുന്ന കട ഒന്നു രണ്ടുപേരോടു ചോദിച്ചതാണ്. ചോദ്യം ചെയ്യാൻ ചുറ്റും ആളുകൂടിയപ്പോൾ ഒരു കണക്കിനു രക്ഷപെട്ടു ചെന്നതു ബോധഗയയിലാണ്. അവിടെ ടയർ കടയിൽ പഞ്ചർ ഒട്ടിച്ചു നടക്കുന്നതിനിടയിലാണ് മാവോയാകാൻ ഉൾവിളി വന്നത്.

ഛത്തീസ്ഗഢിലെ കാടുകളിൽ നിന്ന് ഒളിച്ചും പാത്തും ഒരിക്കൽ വന്നപ്പോൾ നമുക്കു പറഞ്ഞിട്ടുള്ള ദൈവമാണെന്നു പറഞ്ഞ് ഓടിലുള്ള ബുദ്ധനെ വച്ചിട്ടു പോയതാണ്. വിളക്കു കത്തിച്ചും ചന്ദനത്തിരി പുകച്ചും മൂപ്പരെ ബുദ്ധിമുട്ടിക്കരുത് എന്നും പറഞ്ഞിരുന്നു. അച്ഛനേതായാലും അതവിടെ ഇരിക്കട്ടെ എന്നു പറഞ്ഞതോടെ ബുദ്ധൻ മുറ്റത്തൊരു തറകെട്ടി ഇരുപ്പുറപ്പിച്ചു.

ഞാൻ പാടവരമ്പത്തിരിക്കുമ്പോൾ മുച്ചക്രം ചവിട്ടിവന്ന എന്റെ പ്രായക്കാരി ശ്രേയയൊക്കെ രണ്ടാം ക്ലാസിൽ പഠിക്കുമ്പോൾ രണ്ടു ചക്രസൈക്കിളുമായി അതിലേ വന്നു. പക്ഷേ, കുത്തിറക്കം തെറിച്ചുവരാനും ബുദ്ധനെചുറ്റാനും മൂന്നുചക്രമായിരുന്നു മനസ്സിൽ. ഒൻപതാം ക്ളാസിലെ അവധിക്ക് ശ്രേയ വീട്ടുമുറ്റത്തുകൂടി ഹോണ്ട ആക്ടീവ ഓടിക്കുന്നതു കണ്ടയന്നാണ് മുച്ചക്ര സൈക്കിൾ മാറ്റി സുകുവിന്റെ ഓട്ടോറിക്ഷയിൽ ഓട്ടം വിളിച്ചു വീട്ടുമുറ്റത്തെത്തുന്നത് സ്വപ്നം കാണാൻ തുടങ്ങിയത്. മുച്ചക്ര സൈക്കിളിൽ ഒരിക്കലും കയറാനാകാതെ കഴിഞ്ഞു പോയ ബാല്യവും ഓട്ടോ വിളിക്കാൻ കാശു തികയാത്ത കൗമാരവും കടന്നുപോന്നവരോടു തന്നെ വേണം, കാലം മാറിയില്ലേ എന്നു ചോദിക്കാൻ.

പലരും ചോദിച്ചിട്ടുണ്ട് പറയത്തി എങ്ങിനെയാണ് ദ്വാദശി എന്ന പേരുപേറിയതെന്ന്. നിങ്ങൾ നോൽക്കുന്ന ഏകാദശിയും ദ്വാദശിയുമായി അതിനൊരു ബന്ധവുമില്ലെന്നു പറഞ്ഞു മണിയൻ വല്യച്ഛൻ ഇട്ട പേരാണ്. കൊച്ചുണ്ടായപ്പോൾ പേരിടണമെന്ന് അച്ഛൻ. പറയിപെറ്റ പന്തിരുകുലം എന്ന കഥയുംകൊണ്ടു നടക്കുന്നവരില്ലേ, ആ പന്ത്രണ്ടിനേയും പെറ്റ പറയിയാണിവൾ. ദ്വാദശി. ദ്വാദശി എന്നാൽ പന്ത്രണ്ട്. അമാവാസി കഴിഞ്ഞു ദിവസം പന്ത്രണ്ടു കഴിഞ്ഞാലും ഇവൾക്കു കറുപ്പു പോകുവേല. കേൾക്കുമ്പോൾ അവറ്റ് ഞെട്ടുന്നെങ്കി ഞെട്ടട്ടെ എന്നു പറഞ്ഞ് മൂപ്പരൊരു പോക്കായിരുന്നു. അങ്ങനെ അമര മുതൽ മൈന വരെ എന്തെങ്കിലും ആകേണ്ടിയിരുന്ന ഞാൻ ദ്വാദശിയായി.

വളർന്നുന്നു തോന്നിയപ്പോൾ പുഴേല് ഒറ്റയ്ക്കു കുളിക്കാൻ പോകും. കരിങ്കാല് പുഴവെള്ളത്തിൽ കുതിർത്ത് താളിക്കു ചമ്പരത്തി തേച്ചു വഴവഴപ്പായ പാറയിൽ ഉപ്പൂറ്റി ഉരയ്ക്കും. ചകിരികൊണ്ട് മേലാകെ തേയ്ക്കുമ്പോൾ ഞാൻ ഏതോ വിലപിടിച്ച കരിങ്കാളി മീനാണെന്നു സ്വയം കരുതും. താളി പൊതിഞ്ഞ മുടി നെറുകയിൽ കെട്ടി കഴുത്തോളം വെള്ളത്തിൽ കിടക്കുമ്പോൾ കല്ലേമുട്ടികൾ വരും. പുഴയിലെ അടിപ്പാറയിൽ മുട്ടി കാലിലും മുട്ടി നടക്കുമ്പോൾ ഞാൻ കുശലം പറയും. വെള്ളത്തിൽ ഞാൻ

കാത്തു നിൽക്കാറുള്ളതു കല്ലേമുട്ടികളേയല്ല. ആരകനെയാണ്. ആരാല് എന്നു പറഞ്ഞാൽ എനിക്കു മതിയാകില്ല. അവനെന്റെ ആണാണ്. അതുകൊണ്ട് ആരകൻ എന്നു തന്നെ വിളിക്കും. നീണ്ടു കൂർത്ത ചുണ്ടുമായി അവൻ വരും. വെള്ളത്തിനടിയിൽ സ്ഥാനം മാറി കിടക്കുന്ന തോർത്തിനിടയിലൂടെ എന്റെ പൊക്കിളിനു ചുറ്റും പതിനൊന്നു കുത്തിപ്പോകും. ഞാനപ്പോൾ അവനോട് പറയും. നീ എന്റെ പേയിറക്കാനുള്ള കുത്തു തന്നെന്ന്. ഞാൻ തല പിന്നോട്ടാക്കി മലർന്നു കിടക്കും. പിന്നെ മെല്ലെ കാലുകൾ ഉയർത്തും. ബാക്സ്ട്രോക് തന്നെ. ആ പിന്നോട്ടു നീന്തലിൽ എന്റെ ഈരിഴ തോർത്ത് സ്ഥാനം തെറ്റുന്നതോ ആരകൻ ഒപ്പം മുട്ടിയിരുമ്മിവരുന്നതോ മുകളിലൊരു പരുന്തുപറക്കുന്നതോ ഞാൻ കാണാറില്ല. രാവിലെ പോയാൽ നെറുകയിൽ വെയിലു കുത്തുന്ന ഉച്ചവരെ ആ പുഴയിൽ കിടന്നു കയറിച്ചെല്ലുമ്പോൾ അമ്മ പറയും:

"പറയത്തി വെള്ളത്തിൽ കിടന്നാൽ വെളുക്കത്തില്ല, ഓലമടല് പോലെ ചീയത്തേയുള്ളൂ."

ശരിക്കും വെളുക്കാനല്ല, കറുപ്പ് പോകാതിരിക്കാനായിരുന്നു എന്റെ പുഴയധിവാസങ്ങൾ. ഓരോ ആഴ്ചയിലും ആ കറുപ്പിനെ ഞാൻ എണ്ണയൊഴിച്ചു മിനുക്കി. എനിക്ക് എന്നോടു ഒടുക്കത്തെ പ്രേമമായിരുന്നു. സത്യമായിട്ടും ഞാൻ മറ്റാരേയും മനസ്സിൽ കണ്ടിട്ടേയില്ല.

വയസ്സറിയിച്ചു നാലഞ്ചു ദിവസം കഴിഞ്ഞപ്പോൾ ഓടമരം കൊണ്ട് അച്ഛനെനിക്ക് കട്ടിലുകെട്ടി തന്നു. നാല് ഓടക്കാലു തറയിൽ കുത്തിയിറക്കി, മുളകീറി ചട്ടം കെട്ടിയുറപ്പിച്ച്, ഞർള വള്ളി തോട്ടിൽ ചീയിച്ചെടുത്തു പാറയിലിട്ടുണക്കി നെടുകയും കുറുകയും കെട്ടിയപ്പോഴത് ആനചവിട്ടിയാലും പൊട്ടാത്ത കട്ടിലായി. ആ കട്ടിലിനു ചുറ്റും പ്ലൈവുഡ് കമ്പനി തള്ളിയ പോളകൾകൊണ്ട് മറയുണ്ടാക്കിയപ്പോൾ അതൊരു മുറിയായി. ഞാനവിടെ മലർന്നുകിടന്നു പുഴയിലെന്നതുപോലെ നീന്തിത്തുടിച്ചു. ഓലമറയിലെ ചെറു ജാലകം പോക്കി ഞാൻ പകല് മൈനകളെ വിളിച്ചുവരുത്തി. രാത്രിയിൽ പുള്ളുകൾ വന്നപ്പോൾ ഞാനതു താഴ്ത്തി.

ആരായിരുന്നു എന്റെ സ്വപ്നത്തിലെ ആരകൻ? മുഖമില്ലാത്ത ചാത്തനായിരുന്നിരിക്കും. അങ്ങനൊരു മുഖം എനിക്കു ചുറ്റും കണ്ടെത്താൻ കഴിഞ്ഞതേയില്ല. പക്ഷേ, എന്റെ മേലു മുഴുവൻ അവൻ നക്കിത്തുടച്ചെടുത്തു. എന്റെ ചെവികൾക്കും മുടിക്കും ഇടയിലുള്ള അരയിഞ്ചു സ്ഥലത്ത് ഇത്തിരി വെളുപ്പുണ്ടെന്നു കണ്ടു പിടിച്ചത് അവനാണ്. ഏത് ആണും കറുത്ത പെണ്ണിന്റെ മേൽ വെളുപ്പു നോക്കി നടപ്പാണല്ലോ? അവനെന്റെ ചെവിക്കു പിന്നിൽ നക്കി കൂടുതൽ വെളുപ്പിക്കാൻ നോക്കി. ഓരോ രസനാസ്പർശത്തിലും എന്റെ കറുത്തദേഹത്തിൽ പൂവിട്ടു. അതു വസൂരിമാലകൾ പോലെ പൊട്ടി. എന്റെ മുഖം നിറയെ കുരുക്കൾ വരികയും പൊട്ടിയൊഴുകിയുണങ്ങിവന്നപ്പോഴേക്കും അതെല്ലാം ഓരോ കുഴിയാവുകയും ചെയ്തു.

ഇരുപത്തിയഞ്ചാം വയസ്സിലും പെണ്ണിനെക്കൊണ്ടുപോകാൻ പറയച്ചെക്കന്മാരാരെങ്കിലും വരുന്നതു നോക്കി അച്ഛനും അമ്മയും ഇരുന്ന ദിവസങ്ങളിലൊ

ന്നിൽ ഞാൻ പറഞ്ഞു, പണ്ടു മുച്ചക്ര സൈക്കിൾ ഓടിക്കാനിരുന്ന വഴിപോലെയായി എന്റെ മുഖം. ഇനി അതുവഴി സുക വേണമെങ്കിൽ ഓട്ടോ ഓടിക്കട്ടെ.

ഒന്നു കെട്ടി രണ്ടു കുട്ടികളുമായ സുക ഭാര്യ പുഴയിൽ മുങ്ങിമരിച്ചേൽപിന്നെ ആർക്കുവേണ്ടിയാണ് ഞാനീ വണ്ടിയോടിക്കുന്നതെന്ന മട്ടിൽ പരിക്ഷീണനായി കള്ളുകുടിച്ചു വഴിയിൽ തന്നെ ഓട്ടോയിൽ കിടന്നുറങ്ങുന്ന കാലമായിരുന്നു.

ഓട്ടോ കരോട്ട് ഇട്ട് സുക കുത്തിറക്കം നടന്നാണു വന്നത്. ഞാൻ കാട്ടിപ്പറമ്പിൽ ടെക്സ്റ്റൈൽസ് എന്ന് എഴുതിയ കവറിൽ ആകെയുള്ള ഒരു സാരിയും മൂന്നു ബ്ലൗസും രണ്ടു ലുങ്കിയും നാലു പാവാടയും മൂന്നു ബ്രേസിയറും ഒരു ജെട്ടിയും എടുത്തിട്ടു. അടിവസ്ത്രങ്ങൾ ഇട്ടു കിടന്ന് ശീലിക്കാത്തതുകൊണ്ട് അതിൽ കൂടുതൽ ഒന്നും ശേഷിപ്പ് ഉണ്ടായിരുന്നില്ല. കോളജിൽ പോലും പിരിയഡു കാലത്ത് വച്ചുകെട്ടിപ്പോകുമ്പോഴാണ് മോളിലൊരു ജട്ടി ഇട്ടത്. കല്യാണം കഴിക്കുന്ന കാലത്തേക്ക് ഉള്ള ജെട്ടി മാറ്റിവച്ചാണ് ഡിഗ്രിക്കു പഠിക്കാൻ പോയത്. എടുത്ത ബാഗിൽ എല്ലാത്തിനും മുകളിൽ ഡിഗ്രി സർട്ടിഫിക്കറ്റും ചുരുട്ടി വച്ചു.

ചെന്നു കയറുമ്പോൾ മുതൽ സുക എന്നെ പൂജിക്കാൻ തുടങ്ങി. കൈരണ്ടും കൂപ്പി നിന്ന് നാമം ജപിക്കുകയാണ്. എന്റെ കുട്ടികളെ നീ നോക്കണം. എന്റെ കുട്ടികൾക്കൊരു കുറവും നീ ഉണ്ടാക്കരുത്. നീ അവരെ കരയിക്കില്ലെന്നു വാക്കുതരണം. ഞാൻ കുട്ടികളെ തേടി ചുറ്റും നോക്കി. അവർ ഇപ്പോൾ വരുമെന്ന് സുക. ഒരു മണിക്കൂറിനുള്ളിൽ വന്നത് സതീശൻ. സ്കൂളിൽ എന്നേക്കാൾ രണ്ടുവർഷം മുൻപു പഠിച്ചുപോയയാൾ. സതീശൻ ചേട്ടൻ എന്നാണു വിളിച്ചിരുന്നത്. രണ്ടാമത്തെയാൾ ആരാണെന്ന് വെള്ളിടിപോലെ ഞാനോർത്തു. എന്റെ ക്ളാസിൽ ഉണ്ടായിരുന്നു സതീശന്റെ അനിയൻ രാജീവൻ.

രണ്ടുപേരേയും മുന്നിൽ നിർത്തി സുക പറഞ്ഞു, നീ ഇവരുടെ പാകം നോക്കണമെന്ന്. സതീശൻ തള്ളവിരൽ കൊണ്ടു തറയിൽ ചിത്രം വരച്ചുകാണും. രാജീവൻ നോട്ടം കൊണ്ട് ആകാശത്തും. അവരുടെ ഭാവം എന്താണെന്ന് ഞാൻ നോക്കിയില്ല.

അന്നു രാത്രി സുക വാതിലടച്ചിട്ട് ചെവിയിൽ പറഞ്ഞു: നമ്മളായിട്ട് ഒന്നും ചെയ്യണ്ട. ശബ്ദം കേട്ടാൽ പിള്ളേർക്കു വെഷമമാകും.

രാവിലെ അഞ്ചുമണിക്ക് ആ തുണിക്കടസഞ്ചിയും എടുത്ത് ഒരുപ്പോക്കായിരുന്നു. അയാള് പിള്ളേരേ വിഷമിപ്പിക്കണ്ട എന്നു വച്ചതുകൊണ്ട് ഉടുത്ത തുണിയൊക്കെ അവിടെത്തന്നെ ഉണ്ടായിരുന്നു. ആ യാത്ര പലവഴി കറങ്ങി ചെന്നു നിന്നത് സെൻട്രൽ ജയിലിലാണ്. കാട്ടിൽക്കഴിയുന്ന മാവോയിസ്റ്റുകളെയൊക്കെ തോക്കിനു മുന്നിൽ ഉന്നത്തിനു കിട്ടിയില്ലെങ്കിൽ ഓടിച്ചു ജയിലിൽ കേറ്റുന്നതുകൊണ്ട് മൂന്നു നേരത്തെ തീറ്റയ്ക്ക് ഒരു മുടക്കവും ഉണ്ടായിട്ടില്ല. അന്നു കോടതീല് പ്രതിക്കൂട്ടിൽ നിർത്തി സർക്കാർ ഭാഗം വക്കീല് ഞാൻ വല്യച്ഛൻ മണിയനെ ആരാധിച്ചു മാവോവാദിയായതാണെന്നു പറഞ്ഞപ്പം തുടങ്ങിയ ചിരിയാണ്. പിന്നെ എനിക്കായിട്ട് ചിരിക്ക് ഒരു മുട്ടും മാവോ സഹായിച്ച് ആരും ഉണ്ടാക്കിയിട്ടില്ല.

— 11 —

# പൂന്താരകൻ

സുശീല കണ്ണുതുറന്നു.

മേലും മുഖവും തലയും വരെ മൂടിയ ഒരു സ്ത്രീശബ്ദം: “എല്ലാരേം കാണാൻ തോന്നണൊണ്ടോ?”

ആരെ കാണാനാണ് എന്ന് സുശീല ഓർത്തു.

‘യുദ്ധം കഴിയട്ടെട്ടോ, പട്ടാളം എല്ലാവരേയും കൊണ്ടുവന്നു കാണിക്കും.’

സുശീലയ്ക്ക് പതുക്കെ ഓർമകളും വന്നു. ബിനോയി നടന്നുപോകുമ്പോൾ കണ്ണുമറിഞ്ഞുമറിഞ്ഞു പോയതും ഋദ്ധിയുടെ കട്ടിലിൽ വീണതും. പിന്നെ ഓർമയിൽ ഈ നിമിഷമാണ്.

“രണ്ടു വൃക്കയ്ക്കും കുഴപ്പമുണ്ട്. എലിപ്പനി കേറി പിടിച്ചു. ഞങ്ങള് നോക്കണെണ്ടട്ടോ?”

സുശീല സ്വന്തം ശരീരത്തെക്കുറിച്ച് ആലോചിച്ചു.

വയറിലോ നെഞ്ചിലോ തലയിലോ വേദനയുണ്ടോ എന്ന് ഓർത്തു നോക്കി. ഇല്ല, ഒന്നും അറിയുന്നില്ല. മനസ്സിലേക്കു നോക്കി. അവിടെ നിറയെ അടുത്ത നിമിഷം അവസാനിക്കാൻ പോകുന്ന ജീവിതമാണ്.

കപ്പയും കഞ്ഞിയുമല്ലാതെ മറ്റൊന്നും വെച്ചുകഴിക്കാതെ, ലുങ്കിയും ബ്ലൗസുമല്ലാത്ത വസ്ത്രങ്ങൾ ഇടാതെ, കള്ളുകുടിച്ചു വന്നു മേലുവീഴുന്ന ഭാർഗവനെയല്ലാതെ മറ്റാരേയും അറിയാതെ, കഴിഞ്ഞ ഇരുപത്തിയഞ്ച് വർഷമായി ഒരു പുരുഷനൊപ്പം പോലും ശയിക്കാതെ, ഒരു ചുംബനം കിട്ടാതെ ഞാൻ തീരുകയാണ്. തണലു തന്ന മഠത്തിനും, കക്ക പെറുക്കാൻ കൂട്ടിയ അന്നമ്മയ്ക്കും, വീടുവച്ചു തന്ന ഇടവക സമിതിക്കും പറയാം: ഞങ്ങളാണ് ഒരു ജീവിതം കൊടുത്തതെന്ന്.

നിങ്ങളെക്കൊണ്ട് എനിക്കെന്താണുണ്ടായതെന്റെ ലോകമേ. ഇതാണോ ജീവിതം. ഇതെങ്കിൽ...

സിസ്റ്റർ ഫിലോമിനയുടെ വീട്.

ഓട്ടോയിൽ നിന്നു ബസിൽ കയറി രണ്ടര മണിക്കൂർ. പിന്നെ ഓട്ടോയിൽ പത്തു മിനിറ്റ്. ഒരു കുത്തുകയറ്റം. സിസ്റ്റർ രണ്ടടിവച്ചു കിതച്ചു കൊണ്ടു പറഞ്ഞു. ചട്ടത്തിൽ എനിക്കു വീട്ടിൽ കിടക്കാനാവില്ല. നമ്മൾ എന്നും വൈകിട്ട് അടുത്ത മഠത്തിലേക്കു പോകും. രാവിലെ വരും. അതേ പറ്റൂ. പകല് മുഴുവൻ നമ്മൾ ആ വീട്ടിൽ ഉണ്ടാകും.

**നന്ദിനിയോട്:** "ഇന്ന് ഈ നിമിഷം വരെ കാണുകയോ കേൾക്കുകയോ മിണ്ടുകയോ ചെയ്തിട്ടില്ലാത്തവരുടെ വീട്ടിലേക്കു നമ്മൾ പോവുകയാണ്."

ഇതുവരെ നടത്തിയ സാഹസികയാത്രകളേക്കാൾ ഹരം കയറി ശ്രദ്ധിക്ക്.

**ശ്രദ്ധിയോട്:** "നമുക്ക് ഏഴു ദിവസം കഴിഞ്ഞാൽ ഇറങ്ങിപ്പോരാം. ഇതുവരെ കാണുകയും കേൾക്കുകയും ചെയ്യാത്ത വീടുകളിലെത്തുന്ന പെണ്ണുങ്ങളാണ് അറുപതും എഴുപതും വർഷം മറ്റെങ്ങും പോകാതെ കുഴിമാടത്തിലേക്കു പോയി തീരുന്നത്."

നടപ്പുവഴിയിൽ നിന്ന് പറമ്പുവഴിയിലേക്കു സിസ്റ്റർ തിരിഞ്ഞു. അത് ഒരു വീടിന്റെ മുറ്റത്തേക്കു മാത്രമുള്ള വഴിയാണ്. വഴിക്കുമുകളിൽ കണ്ണെത്തും ദൂരം മുഴുവൻ കപ്പ നിൽക്കുന്ന കുന്ന്. പൂത്തു കായ തൂങ്ങി നിൽക്കുന്നു. അമ്മ പറഞ്ഞുകേട്ട പമ്പരം ഉണ്ടാക്കി നോക്കണം. വഴിയുടെ താഴെ നിന്ന് മുരളൽ കേട്ടു തുടങ്ങി. അടിവെയ്ക്കുന്തോറും മുരളൽ കൂടി വന്നു. മുരൾച്ചയോടൊപ്പം രൂക്ഷമായ മണവും. എനിക്കു മനസ്സിലായി അതു പന്നിക്കുഴിയാണെന്ന്.

കുഴിയിലിട്ടു വളർത്തുന്ന പന്നിയെ കയറെറിഞ്ഞു കുടുക്കി കപ്പിയിൽ വലിച്ചു കയറ്റും. നിലത്തിറക്കും മുൻപ് തൂങ്ങിനിൽക്കുന്ന കാലുകളും കൈകളും കൂട്ടിക്കെട്ടും. റാലി സൈക്കിളിന്റെ പിന്നിൽ പലകകൊണ്ടുണ്ടാക്കിയ തട്ടിയിൽ പിടിച്ചുകിടത്തി കയർ കൊണ്ടു വരിഞ്ഞുകെട്ടും. അറവുശാല വരെ അതു മുരളിക്കൊണ്ടിരിക്കുമെന്ന് സിസ്റ്റർ സന്ധ്യ പറഞ്ഞിട്ടുണ്ട്. പോർക്ക് രണ്ടു മൂന്നുവട്ടം കഴിച്ചിട്ടുണ്ട് മഠത്തിൽ നിന്ന്. ഇത്തവണ കാണുകയും കഴിക്കുകയും ചെയ്യണം.

ചെന്നുകയറുമ്പോൾ അതൊരു വലിയ വീടാണ്. ആവേശകരമായ ഒരു സ്വീകരണം ഉറപ്പാണ്. മണിയടിച്ചു സിസ്റ്റർ ഫിലോമിന കാത്തു നിന്നില്ല. ഇറയത്തേക്കു കയറി തടികൊണ്ടു പണിതിട്ട വലിയ ബെഞ്ചിൽ ബാഗു വെച്ചു. ഞങ്ങൾ അരമതിലിൽ ചാരി ഇരിക്കുകയോ നിൽക്കുകയോ അല്ലാത്ത രീതിയിൽ.

വാതിൽ തുറന്ന് സിസ്റ്ററുടെ അത്ര പ്രായമില്ലാത്ത ഒരു സ്ത്രീ വന്നു. ഒരു നുള്ളു ചിരി ആ മുഖത്ത് ഒരിടത്തും കണ്ടെടുക്കാനാകാത്തത്ര ഗൗരവം.

"അഞ്ചാണ്ടു കൂടി ആകെ കിട്ടിയ ഏഴു ദിവസമാണ്. ഉച്ചയ്ക്കുണ്ണാനുണ്ടാകുമെന്നു ഇവിടെ നിരീച്ചിരിക്കാനല്ലേ പറ്റത്തൊള്ളൂ."

അവർ രണ്ടാളും അകത്തേക്കു പോയി. ഞങ്ങൾ രണ്ടുപേരും വഴിതെറ്റിവന്നവരെപ്പോലെ നിന്നു. മുറ്റത്ത് ഒരു ജീപ്പു വന്നു നിൽക്കുകയും സ്വർണനിറമുള്ള ജൂബ്ബയിട്ടൊരാൾ സൂക്ഷിച്ചു നോക്കി അകത്തേക്കു പോവുകയും ചെയ്തു.

നന്ദിനി കിളിക്കൂട്ടിലെ തത്തയെ നോക്കി. അതിന് മിണ്ടാനോ ചിലയ്ക്കാനോ ആവതില്ലാത്തതുപോലെ തല വലയിലേക്കു ചെരിച്ചു പിടിച്ചു നിന്നു.

അകത്തു നിന്നു കുശുകുശുക്കുന്ന ശബ്ദം കേൾക്കാം. അതിന് പതിയെ ആക്കം കൂടി തുടങ്ങി.

"പെങ്ങള് എന്തു വിചാരിച്ചാലും വേണ്ടില്ല. ഇത്തരം കന്നംതിരിവ് ഇവിടെ പറ്റുകേല."

നമ്മളെക്കുറിച്ചാണെന്ന് നന്ദിനി പതുക്കെ പറഞ്ഞു.

"മഠത്തില് നിങ്ങക്കൊക്കെ എന്തുമാകാം. നാട്ടില് ഞങ്ങക്ക് കുരിശുവരച്ചു കിടക്കുമ്പം കുറ്റം ചെയ്തില്ലാന്നുള്ള തോന്നലു വേണം."

ഞാനും ഉറപ്പിച്ചു. ഇരകൾക്കു താവളംകൊടുത്ത് നാണം കെടാൻ അവരില്ല എന്നു തന്നെയാണ് പറയുന്നതെന്ന്.

ഞങ്ങൾക്കു വലിയ ആശങ്കയൊന്നും തോന്നിയില്ല. കൊണ്ടുവന്ന സിസ്റ്റർ തന്നെ കൊണ്ടുപോകേണ്ടിയും വരും.

പെട്ടെന്നു സിസ്റ്റർ ഇറങ്ങിവന്ന് ബാഗ് എടുത്ത് അകത്തേക്കു നടന്നു. എന്തു വേണം എന്നറിയാത്ത നില്പാണ് ഞങ്ങൾ. സ്വീകരണ മുറിയിലെത്തി സിസ്റ്റർ അകത്തേക്കു ചെല്ലാൻ തലകൊണ്ട് ആംഗ്യം കാണിച്ചു.

ഒരു മുറിയിലേക്ക്. പഴയതടികൊണ്ടു പണിത വാതിലുകളും മിനുസമുള്ള തറയും നിറയെ ജനലുകളും.

"നിങ്ങളെ എന്റെ കൂടെ മഠത്തിലേക്ക് അയക്കില്ലെന്ന് തോമാച്ചന് നിർബന്ധം."

സന്ധ്യാ പ്രാർത്ഥനയും കഴിഞ്ഞ് അത്താഴം കഴിക്കാനിരിക്കുമ്പോഴാണ് ആ വലിയ വീട്ടിൽ ഫിലോമിന സിസ്റ്ററുടെ അനിയൻ തോമാച്ചായനും ഭാര്യയും മാത്രമേ ഉള്ളൂ എന്നു ഞങ്ങൾക്ക് ഉറപ്പായത്. മക്കൾ നാലാണ് തോമാച്ചായന്. മൂത്തമകൾ ലണ്ടനിൽ നഴ്സ്, രണ്ടാമത്തെയാൾ കാനഡയിൽ ഫാർമസിസ്റ്റ്, മൂന്നാമത്തെയാൾ ഡൽഹി എയിംസിൽ, നാലാമത്തെയാൾ ബീൽസ്, എൻജിനിയറിങ് കഴിഞ്ഞ് ബെംഗളൂരുവിൽ.

ബെംഗലൂരുവിൽ നിന്നു പതിവു വിഡിയോ കോൾ തീൻമേശയിലേക്കു വന്നപ്പോൾ തോമാച്ചായൻ പരിചയപ്പെടുത്തി: അവൻ എൻജിനിയറിങ് കഴിഞ്ഞതാണ്. എടുത്തവായിൽ വന്ന തിരുത്തിൽ നന്ദിനിയും ഋദ്ധിയും 'ഇംപ്രസിദ്ധ' രായി. ഇംപ്രസ്ഡ് എന്നതിന് ജീസസ് മേരി സ്കൂളിലെ ഒൻപതാം ക്ലാസുകാരുണ്ടാക്കിയ പ്രയോഗമാണ്. അപ്പൻ കാശുകൊടുത്തു മേടിച്ച കംപ്യൂട്ടർ എൻജിനിയറാണ് എന്നായിരുന്നു ബീൽസിന്റെ തിരുത്ത്. അതിൽ തോമാച്ചായൻ ഒട്ടും അലോസരപ്പെടാതെ ചിരികൊള്ളുകയും ബീറ്റിൽസിന്റെ ചുരുക്കമാണ് ബീൽസ് എന്ന് മേശയിൽ താളമടിച്ച് ഓർമിപ്പിക്കുകയും ചെയ്തു. ബീറ്റിൽസ് ആരാധകന്റെ വീട്ടിൽ ഒരു ഡ്രമ്മോ

ഗിത്താറോ കീ ബോർഡോ കണ്ടില്ലല്ലോ എന്ന് നന്ദിനി. വണ്ടുകൾ മൂളുന്നുണ്ടല്ലോ എന്ന് ഞാൻ.

ആ രാത്രിയാണ് ഒരു വീട്ടിൽ ഉറങ്ങുകയാണെന്ന ഞങ്ങൾക്ക് ആദ്യമായി തോന്നിയത്. കടംകൊടുത്തവർ വന്നുകയറിയിരുന്ന അശാന്തമായ വീടുമാത്രമേ നന്ദിനിയുടെ ഓർമയിലുള്ളു. വാഹനങ്ങളുടെ ഇരമ്പൽ കേൾക്കുകയോ, കോളിങ് ബെൽ അടിക്കുകയോ ചെയ്യുമ്പോൾ അമ്മ അടുക്കള വാതിൽ അകത്തു നിന്നു കുറ്റിയിട്ട് സ്ലാബിനടിയിൽ കയറുന്ന കഥ നന്ദിനി പറഞ്ഞു. അച്ഛൻ ആ ദിവസങ്ങളിലൊന്നും വീട്ടിലേക്കു വന്നതേ ഇല്ല.

മദ്യപാനവും പുകവലിയും ഇല്ലാത്ത അച്ഛൻ എന്തിനാണ് ഈ കടം വാങ്ങിയതെന്ന് ആർക്കും പിടികിട്ടിയില്ല. വീട്ടിൽ ഒരു പുതിയ ഉടുപ്പോ മുണ്ടോ ചെരുപ്പോ പോലും കൂടുതലായി വന്നില്ല. നന്ദിനിക്കോ അമ്മയ്ക്കോ പുതുവസ്ത്രങ്ങൾ കിട്ടിയില്ല. തിരിച്ചടവു മുടങ്ങിയതോടെ വട്ടിപ്പലിശക്കാർ കൂട്ടമായി വീട്ടിൽ വന്നു പൊറുതി തുടങ്ങി. ഒടുവിലവർ എല്ലാവരും ചേർന്നു സ്ഥലം ബാങ്കിൽ ഈടുവച്ച് പണം വീതിച്ചെടുത്തു. മൂന്നാം മാസം മുതൽ ബാങ്കുകാരുടെ ഊഴം.

കേസും കൂട്ടവുമായി ഒരു വർഷം പിടിച്ചുനിന്നു. ഒടുവിൽ ആ വീട് ബാങ്കുകാർ എടുത്തതോടെ വന്നുതാമസിച്ച വാടക വീട്ടിൽ പുതിയ ഒരാൾ എത്തി. ഷീല. അതിനു മുൻപു കേൾക്കുക പോലും ചെയ്യാത്ത ആ സ്ത്രീ അധികാരി ഭാവത്തോടെ അച്ഛനോട് ആജ്ഞാപിച്ചുകൊണ്ടിരുന്നു. അച്ഛൻ ഒന്നും മിണ്ടാതെ പരുങ്ങി നിന്നു. അവർ നിരന്തരം അച്ഛന്റെ മുറിയിൽ കയറുകയും അച്ഛനോടു പണം ചോദിക്കുകയും ചെയ്തു. അവരെ മറച്ചുവയ്ക്കാൻ നടത്തിയ ഓപ്പറേഷനായിരുന്നു കടംകൊള്ളൽ എന്ന് അതോടെയാണ് മനസ്സിലായത്. അമ്മയിൽ തൃപ്തിപോരാത്തതുകൊണ്ട് അച്ഛൻ ചെന്നുകയറിയ പല ഇടങ്ങളിൽ ഒന്നായിരുന്നു അതെന്ന് ഷീല ഞങ്ങൾ കേൾക്കെ വിളിച്ചു പറഞ്ഞു.

അവർ ഓരോ മാസവും അച്ഛനിൽ നിന്ന് പണം വാങ്ങിയിരുന്നു. ആ കടം വീട്ടുലറിയാതിരിക്കാൻ പലരിൽ നിന്നു വാങ്ങി തിരികെ കൊടുത്തു. ഒരാളിൽ നിന്നു വാങ്ങിയത് വീട്ടാൻ അടുത്തയാളിൽ നിന്ന് വീണ്ടും. അതിന്റെ പലിശ കൊടുക്കാൻ മൂന്നാമതൊരാളിൽ നിന്ന്. വീട്ടിൽ വന്നു താമസമാക്കിയ ഷീലയ്ക്കു പന്ത്രണ്ടു ലക്ഷമേ കിട്ടിയുള്ളുവെങ്കിലും കടം നാൽപ്പത്തിയഞ്ചു ലക്ഷമായി. ഇതിനാണു സിസ്റ്ററെ സാമ്പത്തിക വളർച്ച എന്നു പറയുന്നതെന്ന് പറഞ്ഞു സർക്കിൾ ഇൻസ്പെക്ടർ മൻസൂർ കേസ് വിധിയായ ദിവസം ചിരിച്ച് എഴുന്നേറ്റുപോയിരുന്നു.

തറവാട്ടിലെ സംബന്ധങ്ങളുടെ തുടർച്ച അച്ഛന്റെ കാലത്ത് അസംബന്ധമായെത്തി എന്ന് നന്ദിനി കൂട്ടിച്ചേർത്തു. പ്രാസവും അലങ്കാരവും ഒപ്പിച്ചു ഭാഷ അമ്മാനമാടാൻ നന്ദിനിയെക്കഴിഞ്ഞേ ക്ലാസിൽ മറ്റാരും ഉണ്ടായിരുന്നുള്ളൂ.

രാവിലെ രണ്ടു സ്റ്റീൽ കപ്പു നിറയെ കട്ടൻകാപ്പിയുമായി വന്നു ത്രേസ്യാച്ചേടത്തി ഉണർത്തി. പല്ലു തേയ്ക്കും മുൻപ് കാപ്പിയൊന്നും കട്ടിലിലിരുന്നു കുടിച്ചിട്ടേയില്ല. ആറ

മണിയാകുന്നതേയുള്ളൂ. അവർ ഇന്നലെ ചിരിക്കാത്തതിന്റെ കടംവീട്ടാൻ വന്നതാണെന്നാണ കരുതിയത്. മുഖം കൂടുതൽ കരുവാളിച്ച് ഇരുന്നു: 'മക്കളു വന്നു വാഴാത്ത വീട്ടിൽ മുഴുവൻ കുട്ടിച്ചാത്തന്മാരു കേറി നെഗളിക്കും. ഇന്നലെ പറയാൻ മറന്നു. ഇനിയെങ്ങാനും വന്നാൽ ആ കുരിശൊന്ന് കാണിച്ചേര്...”

മന്ത്രവാദിനികളെപ്പോലെ നടന്നിരുന്നവരുടെ കൂടാരത്തിൽ നിന്ന് വീടുതേടി വന്ന ഞങ്ങൾ കുട്ടിച്ചാത്തന്മാർക്കു നടുവിൽ.

ഒരേ കാഴ്ചകളും ഒരേ മണവും ഒരേ ഭക്ഷണവും ഒരേ വാക്കുകളും ആവർത്തിച്ച് അനുഭവിച്ച മൂന്നാം ദിനംതന്നെ വിവശരായി മടങ്ങാൻ മുട്ടി. സിസ്റ്റർ ഫിലോമിനയെ ഓർത്തായിരുന്നു കൂടുതൽ സങ്കടം. അഞ്ചാണ്ടു കൂടി നാട്ടിൽ വന്നിട്ട് ഓരോ പകലും ഓരോ ബന്ധുക്കളെക്കുറിച്ചുള്ള കുശുമ്പും പരിഭവങ്ങളും കേട്ടിരിക്കും. രാത്രി പതിവു പോലെ മഠത്തിൽ ഉറക്കം.

നൗകയിൽ കാറ്റുപിടിക്കുകയാണ്. ഇത് കാറ്റിനെതിരേയുള്ള പോക്കാണ്.

കാറ്റിനൊപ്പം കുതിക്കുന്നതിനേക്കാൾ കാറ്റിനെതിരേയുള്ള പോക്കിലാണ് ഋദ്ധി എന്നും ഹരം കൊണ്ടത്. നാൽപ്പത്തിയഞ്ചു ഡിഗ്രി ചെരിച്ചു പിടിച്ച ദിശയിലൂടെ നൗക കാറ്റിനെ വഞ്ചിച്ചു മുന്നോട്ടുപോയി. കലിമൂത്ത് കാറ്റു വീണ്ടും ശക്തികൂട്ടി. അപ്പോഴൊക്കെ ചരിഞ്ഞു ചരിഞ്ഞു നൗകയും വേഗം കൂട്ടി.

ത്രയ: “അമ്മവീട്ടിൽ പോകുന്നതൊക്കെ നാലു മാമ്പഴം വീണു കിട്ടുന്നതുവരെയുള്ള സുഖമേയുള്ളൂ. അല്ലെങ്കിൽ കൊതി ഒരു കുമ്പിൾ ഇലഞ്ഞിപ്പൂ പെറുക്കി പനനാരിൽകോർത്ത് കയ്യിലിട്ടു മണിപ്പിച്ചു നടക്കുന്നതിൽ തീർത്തേക്കണം. നിർബന്ധമാണെങ്കിൽ കഞ്ഞിയും കറിയും വച്ചുകളിക്കാൻ ഒരു ദിവസം കൂടി നിൽക്കാം. ഇതുമൂന്നും കഴിഞ്ഞാൽ അപ്പോൾ സ്ഥലം വിട്ടോണം. ഇല്ലെങ്കിൽ നമ്മളു മുന്നിൽ നിൽക്കുന്നതുകൊണ്ട് അവരൊന്ന് വഴക്കുണ്ടാക്കാൻ പോലും കഴിയാതെ ശ്വാസം മുട്ടിപ്പോകും.”

ഋദ്ധി കണ്ണുതുറന്നു.

— 12 —

# വരാഹം

'അവന് എന്നെ താങ്ങാൻ ആവതില്ല.'

ഈ ഒറ്റ വാചകം പിറന്ന നിമിഷമാണ് ഞാൻ നന്ദിനിക്കു ഗുരുസ്ഥാനം നൽകിയത്. കുടുംബം കഴിയാനുള്ള ശമ്പളം കിട്ടാത്ത ചായക്കടപ്പണിക്കാരിയെപ്പോലെ തീർത്തും നിർവികാരമായി വെച്ചുതിന്നാൻ ഒരുക്കുന്ന ത്രേസ്യാച്ചേടത്തി. ചില്ലുകൂട്ടിൽ വെച്ചിരിക്കുന്നതൊക്കെ ഒരു താല്പര്യവും ഇല്ലാതെ ഉണ്ടാക്കിയതാണെന്ന് അറിയാവുന്ന ഹോട്ടൽ മുതലാളിയെപ്പോലെ ഇന്നത്തെ മീൻകറിയിലെ കുടംപുളിയുണ്ടല്ലോ, അതു മോളുടെ വീട്ടിൽപോയി ഞാൻ കൊണ്ടുവന്നതാ, കലക്കനല്ലേ... എന്നു ചോദിക്കുന്ന തോമാച്ചായൻ. സ്വന്തം വീട്ടിൽ വന്നിരുന്നു ധ്യാനത്തിനു പോയതുപോലെ പകൽമുഴുവൻ കൊന്ത ജപിച്ചു കഴിച്ച ഫിലോമിന സിസ്റ്ററും കൂടി ആയതോടെ സർവത്ര ശോകമായ ക്രിസ്മസ് കഴിഞ്ഞ് ആദ്യത്തെ ക്ളാസിനുള്ള പോക്കിലായിരുന്നു എന്റെ ചോദ്യം. ജുവലിനെ നിനക്ക് പ്രേമിച്ചു കൂടെ?

ഇരകളെ താങ്ങാൻ ജുവലിനെന്നല്ല ഭൂമിമലയാളത്തിലെ ഒരു കണക്കിന് ആൺപിള്ളേർക്കൊന്നും കെല്പില്ലെന്ന് അവൾ തീർത്തടിച്ചു. പിന്നെ വരുന്നത് ഒന്നുകിൽ കൊണ്ടുപോയി അടിമയാക്കി ചവിട്ടിത്തേക്കാം എന്നു കരുതുന്നവര്. അല്ലെങ്കിൽ ഇവൾക്കൊരു ജീവിതം കൊടുത്താൽ നാട്ടുകാരു കയ്യടിക്കുമെന്നു വൃഥാ കരുതുന്ന പൊങ്ങന്മാർ. കൊട്ടിഘോഷിച്ചു കെട്ടുകഴിഞ്ഞു പോകുമ്പോൾ വഴിയിലിരുന്നു ചിരിക്കുന്നവരൊക്കെ കളിയാക്കുകയാണെന്നു കരുതി ഇവറ്റകൾ ആത്മഹത്യ ചെയ്തുകളയും.

സദാചാരമൊന്നും പ്രശ്നമല്ലാത്ത ഏതെങ്കിലും സായിപ്പു വന്നാൽ കൂടെപ്പോകണമെന്ന് നന്ദിനി. അവനോ നമുക്കോ മതിയാകുമ്പോൾ 'അപ്പോ ശരി...' എന്ന ഒറ്റ വാക്കിൽ തീരണം കഥ. വേണമെന്നു വച്ചാൽ അടുത്തൊരാളെ കിട്ടാനും രണ്ടാഴ്ച തികച്ചു വേണ്ടിവരില്ല. അതുകൊണ്ട് ജുവലുമാര് ഏതെങ്കിലും പള്ളീല് പോയി

വിളിച്ചുചൊല്ലി കെട്ടുന്നതാ ഭേദം.

അവൾ പതുക്കെ ചോദിച്ചു: "പോർക്ക് കഴിച്ചേപ്പിന്നെ ഞാനിത്തിരി മാംസഭുക്ക് ആയി അല്ല്യോടി."

"പച്ചക്കറി തിന്നുന്ന നിന്റെ അച്ഛനേക്കാളും വലിയ മാംസഭുക്ക് വേറാര്": അവളുടെ പുനർജന്മാനന്തരം ഞാൻ ആദ്യമായി ഉപ്പേരിക്ക് കൊടുത്ത ഉരുളയാണ്.

കാണ്ടാമൃഗങ്ങളും സസ്യഭുക്കുകളാണെന്ന് ജോൺ സർ പറഞ്ഞിരുന്നു: അവൾ. ആൺകാണ്ടാമൃഗങ്ങൾക്കു പോലും ബലയാരതികളില്ല. പെണ്ണ് തയ്യാറാണെന്ന് ശരീരഗന്ധം അയയ്ക്കുമ്പോഴേ അവിടെ ആണൊരുത്തന് അടുത്തുപോകാൻ അവകാശമുള്ളു. അതും ഒരുത്തനു മാത്രം. ആരുവേണമെന്ന് കൊമ്പുകോർത്ത് അവർക്കു തീരുമാനിക്കാം: ഞാൻ.

ആദ്യ ക്ലാസ് സാമൂഹിക പാഠമാണ്. ജോൺ സർ സംഭവമായിരുന്നു. പാഠപുസ്തകം തുറക്കുക പോലും ചെയ്യാതെ കഥ പറയും. അവസാന അഞ്ചു മിനിറ്റ് മാത്രം എല്ലാ ദിവസവും ഒരു പോലെ അവസാനിക്കും.

"നമ്മൾ അപ്പോൾ എവിടെ വരയാണ് ഇന്നലെ വായിച്ചത്?"

"പേജ് മുപ്പത്തിരണ്ടു വരെ സർ."

"അപ്പോൾ അടുത്ത ദിവസത്തേക്ക് മുപ്പത്തിയാറു വരെ."

വായിച്ചിട്ടു വരണം, ചോദ്യങ്ങൾ ചോദിക്കും എന്നാണ് വയ്പ്. ഇക്കാലത്തിനിടയ്ക്ക് അതുണ്ടായിട്ടുള്ളത് രണ്ടോ മൂന്നോ തവണയാണ്. ഉത്തരം പറയാത്തവരോട് പോയി പഠിച്ചിട്ടു വാ എന്നൊന്നും സാറ് പറയാറില്ല. എന്റെ ക്ളാസ് പോരാ അല്ലേ എന്നാണ് ചോദിക്കുക. വൈകാരിക പൂഴിക്കടകനാണെങ്കിലും ഒൻപതാം ക്ലാസിന്റെ തിരിച്ചറിവു മാത്രമുള്ള ഞങ്ങൾക്കതു രണ്ടു തല്ലിനേക്കാൾ വലിയ ശിക്ഷയായിരുന്നു.

രണ്ടാം ലോക മഹായുദ്ധമാണ് അന്നത്തെ പാഠം. ജപ്പാന്റെ ആറു വിമാന വാഹിനിക്കപ്പലുകൾ നിരന്നു നിൽക്കുന്ന കടൽ. അതിൽ നിന്ന് പറന്നുയർന്നത് മുന്നൂറ്റിയൻപത്തിമൂന്നു വിമാനങ്ങൾ. ഹവായിയിലെ പേൾ ഹാർബർ തകർത്തു തരിപ്പണമാക്കി മടങ്ങിയ ജപ്പാന് നാഗസാക്കിയിലും ഹവായിയിലും രണ്ട് അണുബോംബു കൊണ്ട് അമേരിക്ക മറുപടി നൽകി. അപ്പോഴെന്താണ് സംഭവിച്ചത്?

എന്താണ് ഉദ്ദേശിച്ചത് എന്ന് പിടിയില്ലാതെ എല്ലാവരും സൂക്ഷിച്ചു നോക്കും. പെട്ടെന്നു ഒരു ബന്ധവുമില്ലെന്ന് തോന്നുന്ന കഥയിലേക്ക് സർ എടുത്തു ചാടും.

രണ്ടായിരത്തിയൊന്ന്. വെറും മൂന്നു വിമാനങ്ങൾ. വേൾഡ് ട്രേഡ് സെന്ററിലേക്കു പറന്നു കയറി. അമേരിക്ക ലോകത്തിനു മുന്നിൽ വിവശരായി. ആരോടു പ്രതികാരം ചെയ്യും. മറുവശത്ത് രാഷ്ട്രങ്ങളില്ല, ചക്രവർത്തിമാരില്ല, വംശങ്ങളില്ല. ഉള്ളത് പേരും മുഖവും പോലും അറിയാത്ത രണ്ടുകൈ വിരലിലെണ്ണിയാൽ തീരുന്നത്ര ആളുകൾ. അവർക്കെതിരേ യുദ്ധം ചെയ്യാൻ അമേരിക്ക ഒറ്റയ്ക്കല്ല, യൂറോപ്പു മുഴുവൻ അഫ്ഗാനിസ്ഥാനിലേക്കു പറന്നു. ഒന്നും രണ്ടുമല്ല, ഇരുപതാണ്ട് അവിടെ യുദ്ധം.

ഒടുവിൽ ആർക്കെതിരേയാണോ യുദ്ധം ചെയ്തത് അവർക്ക് അധികാരം കൈമാറി മടക്കം.

സർ പെട്ടെന്ന വട്ടംതിരിയുകയും ബോർഡിൽ ചോക്കു കൊണ്ട് ഏതാനും വാക്കുകൾ മാത്രം നിരയും വരിയുമൊന്നുമില്ലാതെ എഴുതുകയും ചെയ്യും. അതാണു പതിവ്.

പേൾ ഹാർബർ, ഹവായ്, ജപ്പാൻ, അമേരിക്ക, 353, വിമാന വാഹിനി, നാഗസാക്കി, ഹിരോഷിമ, അച്ചുതണ്ട്, സഖ്യ കക്ഷികൾ, ജർമനി, ജപ്പാൻ, ഇറ്റലി, റോം, ബെർലിൻ, ടോക്യോ, റഷ്യ, ബ്രിട്ടൻ, ഫ്രാൻസ്, ഇറ്റലി, അമേരിക്ക.

ഇത് ചരിത്രത്തിലെ സംഭവങ്ങളുടെ നിരയിലേക്കെഴുതണം. ഇറ്റലി എന്ന പേര് രണ്ടുതവണ സർ എഴുതിയിട്ടുണ്ടെങ്കിൽ അതു തെറ്റാകില്ല. സർ അതിനും ഒരു കഥ കണ്ടിട്ടുണ്ടാകും. പലവക ബുക്കിലെ കടലാസിൽ ഞാൻ എഴുതാൻ തുടങ്ങി.

ജപ്പാൻ പേൾ ഹാർബർ ആക്രമിക്കുന്നിടത്താണ് പുസ്തകത്തിലെ യുദ്ധം ആരംഭിക്കുന്നത്. എങ്കിലും അതിനും മുമ്പ് അമേരിക്ക പസഫിക്കിൽ നിരത്തിയിട്ട കപ്പലുകൾ ജപ്പാനെ ആക്രമിക്കാനായിരുന്നു എന്ന തിരിച്ചറിവുണ്ടായപ്പോൾ അവർ കയറി അടിച്ചതാണ് പേൾ ഹാർബറിൽ കണ്ടത്. അതുകൊണ്ടു ജപ്പാന്റെ ഭാഷയിൽ പേൾ ഹാർബർ പ്രകോപനമല്ല, പ്രതിരോധമാണ്. അച്ചുതണ്ടിൽ നിന്നു സഖ്യത്തിലേക്ക് പാതിവഴിയിൽ എടുത്തു ചാടിയ റോമാ സാമ്രാജ്യമാണ് യുദ്ധം എന്തൊരു ബാലിശമാണെന്ന് ലോകത്തെ പഠിപ്പിച്ചത്. സ്റ്റാലിനും ജോർജ് നാലാമനും ഫ്രാങ്ക്‌ലിൻ റൂസ്‌വെൽറ്റും സഖ്യമാണെന്നു പറഞ്ഞതിലും വലിയ തമാശ എന്തുണ്ട്.

സ്റ്റാലിന്റെ പട്ടാളം ഹിറ്റ്ലറെ വധിക്കുന്നതു കാണാൻ കാത്തിരുന്നവർക്ക് വേണ്ടതിലധികം കിട്ടി. കമ്യൂണിസ്റ്റ് റഷ്യയുടെ പട്ടാളം ജർമനിയിലെ പെണ്ണുങ്ങളെ, നാലു വയസ്സു മുതൽ തൊണ്ണൂറു വയസ്സുള്ളവരെ, നിർത്തിയും കിടത്തിയും ബലാൽസംഗം ചെയ്തു. ചിലരെ ഒരേ കൂട്ടം തന്നെ പലവട്ടം. വിവസ്ത്രരാക്കി നിരത്തിക്കിടത്തിയ ജർമൻ പെണ്ണുങ്ങളിലേക്ക് സഹപ്രവർത്തകൻ പുരുഷായുധം ഇറക്കുമ്പോൾ മറ്റൊരുത്തൻ വന്ന് അവളുടെ വായിലേക്കു നിറയൊഴിച്ചു. ഒരു പതിനാലുകാരിയിൽ തോക്കിൻ കുഴൽ കൊണ്ട് പ്രവേശിച്ച് അവൾ അലറിക്കരഞ്ഞു വാ തുറക്കുമ്പോൾ ആ തോക്കിന്റെ കാഞ്ചിയിൽ വിരലമർത്തി. അടിവയറ്റിൽ നിന്ന് ഹൃദയഭിത്തിയിലേക്കു വന്നു തറച്ച ആ വെടിയുണ്ടയിൽ അവൾ ഒന്നു വിറയ്ക്കുകയും വാ തുറന്ന നിലയിൽ തന്നെ ചലനം നിർത്തുകയും ചെയ്തു.

ബർലിൻ മതിലിൽ കയർകെട്ടി നിർത്തിയ പെണ്ണിൽ പ്രവേശിക്കാൻ മുപ്പത്തിയൊന്നു പട്ടാളക്കാരാണ് വരി നിന്നത്. ആയിരത്തി തൊള്ളായിരത്തി നാൽപ്പതിനാല് ഒക്ടോബർ ഇരുപത്തിയൊന്ന് മുതൽ ഇരുപതു ലക്ഷം ജർമൻ സ്ത്രീകളെ ബലാൽസംഗം ചെയ്യുകയും അതിൽ രണ്ടേകാൽ ലക്ഷത്തെ ബലാൽസംഗത്തിനു ശേഷം കൊല്ലുകയും ചെയ്തതാണ് രണ്ടാം ലോക മഹായുദ്ധത്തിന്റെ ബാക്കി.

ഞാൻ എഴുതിവച്ചത് വശത്തു നിന്നു ജോൺ സർ വായിക്കുന്നുണ്ടായിരുന്നു. സർ എല്ലാവരുടേയും എഴുത്തു നടന്നു വായിക്കുകയും അതിനൊടുവിൽ ഒന്നോ

രണ്ടോ വരി കൂട്ടിച്ചേർക്കുകയും ചെയ്യും. ആർക്കും ശരിയോ തെറ്റോ മാർക്കോ സാർ നൽകിയിരുന്നില്ല.

പതിവുപോലെ ആ കടലാസ് സാറിന്റെ നേരേ തിരിക്കുകയും ചുവന്ന മഷി കൊണ്ട് താഴെ എഴുതുകയും ചെയ്തു. “എന്നിട്ടും നിങ്ങൾ സ്റ്റാലിനെ ആരാധിക്കുന്നുണ്ടെങ്കിൽ നിങ്ങൾക്കെന്തോ കുഴപ്പമുണ്ട്.” അതായിരുന്നു ആ വരി.

പെട്ടെന്ന് എന്റെ മുന്നിലേക്ക് ഒരു ചുരുണ്ട കടലാസ് വന്നു വീണു. ആരാണ് ഇട്ടത് എന്ന് നോക്കേണ്ടകാര്യം ഇല്ല. തുറന്നു. ‘എനിക്ക് നിന്നോട് സംസാരിക്കണം.’ ചിത്രം വരയ്ക്കുന്ന പോലുള്ള കയ്യക്ഷരമാണ് ജൂവലിന്. നിവൃത്തിയുണ്ടെങ്കിൽ ഞാൻ നോട്ടുബുക്കുപോലും ആരേയും കാണിക്കാറില്ല. കാക്ക ചികഞ്ഞിട്ട വറ്റൽ മുളകുപോലെയാണ് എന്റെ അക്ഷരങ്ങൾ. അവിടെയും ഇവിടെയും കൂട്ടിയിടിച്ചും ഒരിക്കലും നിരയൊക്കാതെയും നിൽക്കും.

ആ കുറിപ്പിൽ ഒരു അത്ഭുതവും തോന്നിയില്ല. ഏഴുദിവസം ഞങ്ങൾ എവിടെപ്പോയി എന്നുള്ള ആവിയിൽ അവൻ പുഴുക്കായിക്കാണുമെന്ന് ഇപ്പോൾ മാത്രമാണ് ഓർത്തത്. ഞങ്ങൾ രണ്ടാൾക്കും അവനെ ഓർക്കാൻ ഇന്നു ക്ളാസിലേക്കു വരുന്നതുവരെ ഒരു കാരണവും ഉണ്ടായിരുന്നുമില്ല.

സുശീല ഇടയ്ക്കിടെ ഇപ്പോൾ ബോധത്തിലേക്കു വരും.

താര എന്ന പരിചയപ്പെടുത്തിയ നഴ്സിന്റെ ശബ്ദം അപ്പോഴൊക്കെ കേൾക്കാം. വളരെ താഴ്ന്ന ശബ്ദത്തിലാണ് സംസാരം. ഇത്തവണ ഉണർന്നപ്പോൾ താര പറഞ്ഞു: “ഡോക്ടർ വന്നു പോയി കെട്ടോ. നമ്മള് മുക്കാലും ജയിച്ചു. അസുഖം ഈ നിലയിലെത്തിയിട്ടു മരുന്നൊക്കെ ഫലിക്കുന്നത് വേറെ ഒരുപാട് ഉണ്ടായിട്ടില്ലെന്നു ഡോക്ടർ പറയുന്നുണ്ടായിരുന്നു.”

താര: “വീട്ടിൽ ഇരിക്കുന്നവരുടെ പ്രാർത്ഥനയ്ക്കു ഫലമുണ്ടായീന്നു കൂട്ടിയാമതി.”

സുശീല ഓർത്തു. വിവരം അറിഞ്ഞിട്ടുണ്ടെങ്കിൽ തന്നെ ഋദ്ധി പ്രാർത്ഥിച്ചിട്ടുണ്ടാകുമോ. അവളല്ലാതെ ലോകത്ത് വേറെ ആരാണ് പ്രാർത്ഥിക്കാൻ. സ്വന്തം കാര്യത്തിനു പോലും ഒന്ന് കൈതൊഴുന്നതോ കുരിശുവരയ്ക്കുന്നതോ കണ്ടിട്ടില്ല. മഠത്തിലെ സന്ധ്യാപ്രാർത്ഥനയിൽ ആദ്യമൊക്കെ ഇരിക്കാറുണ്ടെങ്കിലും പത്തു പതിനൊന്നു തികഞ്ഞതിൽ പിന്നെ ആ വഴിക്കു പോയിട്ടില്ല. പെരുന്നാളിനല്ലാതെ പള്ളിയിൽ പോകാറില്ല. ഉത്സവപ്പറമ്പുകളിൽ പോയിരുന്നത് ബോട്ടു വാങ്ങാനാണ്. നാല്പതമ്പതു ബോട്ടുകൾ വലിയൊരു പെട്ടി നിറയെ ഉണ്ട്. ഇവളൊരു സ്രാങ്ക് ആകുമെന്ന് ബിനോയി പറഞ്ഞപ്പോൾ സിസ്റ്റർ സന്ധ്യ തിരുത്തിയിരുന്നു— കപ്പിത്താനി എന്ന്.

സുശീല സ്വന്തം ചെറുപ്പത്തിലെ പ്രാർത്ഥനകൾ ഓർത്തു. സ്കൂളിലേക്കുള്ള വഴിയിൽ മൂന്നാമത്തെ വളവു കഴിഞ്ഞാൽ അത്തിക്കാടാണ്. കട്ടിയുള്ള ഇലകളുമായി എല്ലാക്കാലത്തും തണൽവിരിച്ചു നിൽക്കുന്ന പെരിയമരം. അതിന്റെ ശിഖരങ്ങൾ മുകളിലേക്കു മാത്രമല്ല താഴേക്കും വളരും. ശിഖരങ്ങളും വേരുകളും തിരിച്ചറിയാതെ

ശാഖോപശാഖകൾ. പുതിയ ശിഖരങ്ങളിൽ നിറയെ അത്തിക്കായ. അതു തിന്നാൻ അണ്ണാനും കാക്കയും മൈനയും കാറ്റുകാനും കരിയിലപ്പടയും. മരംതുടങ്ങുന്ന വേരുകൾക്കു നടുവിൽ നാഗയക്ഷി. അവിടെ മുന്നിൽ നിന്ന് ചെരുപ്പൂരി, ബാഗ് താഴെ വച്ച് കൈകൂപ്പം. തിരക്കിട്ടു പോയ ദിവസം തൊഴീൽ ഒഴിവാക്കിയ അന്നാണ് കണക്കുസാർ ഗോപാലപിള്ള ചൂരൽകൊണ്ട് ഉള്ളം കയ്യിൽ രണ്ടു പെടച്ചത്. അതിൽ പിന്നെ കാവുതൊഴൽ മുടക്കിയിട്ടില്ല.

നാഗയക്ഷിയെ കണ്ടു പോകുമ്പോൾ മുതൽ 'അമ്മേ നാരായണാ...' എന്നു പറയുന്നതാണ് ഒരു രീതി. അടുത്തത് വനദുർഗയാണ്. മേൽക്കൂരയില്ലാത്ത അമ്പലത്തിൽ മഴയും വെയിലും കൊണ്ടിരിക്കും. ആകാശം മുഴുവൻ തുറന്നിട്ടിട്ട് തിരുമേനിയെന്തിനാണ് വാതില് മാത്രം പൂട്ടുന്നത് എന്ന് ഉണ്ണി ചോദിക്കുകയും എല്ലാവരും ചിരിക്കുകയും ചെയ്യുയന്നാണ് ആ സംഭവം. കുത്തിറക്കത്തിലൂടെ സോജന്റെ സൈക്കിൾ ബ്രേക്ക് പൊട്ടി വന്ന് ഉണ്ണിയെ ഇടിച്ചു തെറിപ്പിക്കുകയും ഇടതുകാലിൽ പ്ലാസ്റ്റർ ഇടേണ്ടി വരികയും ചെയ്തു. സോജൻ എന്തുചെയ്തിട്ടാണ് രണ്ടു കയ്യിലും പ്ലാസ്റ്റർ ഇട്ടതെന്ന് അറിയാമോ എന്ന് അമ്പിളിച്ചേച്ചി ചോദിച്ചു. സെന്റ് ജോർജ് പുണ്യാളന്റെ മുന്നില് പൗലോമാപ്പിള കൊളുത്തിയ മെഴുകുതിരി കാറ്റടിച്ചു കെട്ടപ്പോൾ അത് ഇളക്കിയെടുത്തു സ്വന്തം മെഴുകുതിരിയാണെന്നു വരുത്തി അവിടെ കൊളുത്തിയ ദിവസമാണ് സൈക്കിളിന്റെ ബ്രേക്ക് പൊട്ടിയത്. ഉണ്ണിക്കു കാലൊടിയാനും സോജനു രണ്ടു കൈ ഒടിയാനും ഗോപാലപിള്ള സാറിന് തല്ലാനുമുള്ള വഴി ഉണ്ടാക്കാതിരിക്കാൻ വേണ്ടി പിന്നെ പതിനാലു വയസ്സുവരെ സ്കൂളിൽ പോക്കിൽ സുശീല പ്രാർത്ഥന മുടക്കീട്ടില്ല.

വനദുർഗയുടെ മുന്നിൽ ഇരുപതു പൈസയുടെ നാണയം മേലോട്ടു പൊക്കി ഇടണം. അതു താഴ്ന്നുവരുമ്പോൾ എന്താണു വേണ്ടത് എന്ന് മനസ്സിൽ ഓർക്കണം. അശോകത്തല വന്നാൽ മനസ്സിലുള്ളത് നടക്കും. ഇരുപത് എന്ന അക്കമാണെങ്കിൽ നടക്കത്തില്ല. അമ്പിളിച്ചേച്ചി കൂടെയുള്ളപ്പോഴൊന്നും പറ്റാത്തതുകൊണ്ടു സുശീല ശനിയോ ഞായറോ ഒറ്റയ്ക്കൊരു പോക്കുണ്ട്. കുളത്തിലെ അലക്കും കുളിയും കഴിഞ്ഞ് ഈറൻമുടിയിൽ രണ്ടുവശത്തുനിന്നും എടുപത്ത് ഇഴമാത്രം എടുത്ത് പിന്നിൽ കെട്ടി അതിലൊരു തുളസിക്കതിരും ചൂടിയാണ് യാത്ര. ഇരുപതു പൈസ മുകളിലേക്കിടും. എനിക്ക് ഉണ്ണിയെ കിട്ടുമോ എന്നാണ് കൈതൊഴുതു ചോദിക്കുക. ഇനി കാശില്ലാത്ത ദിവസം തുളസിയില ഇട്ടാലും മതി. അകം വീണാൽ നടക്കും. പുറമാണെങ്കിൽ പൊളിഞ്ഞു.

ഇട്ട ദിവസങ്ങളിലൊക്കെ നാണയത്തിൽ അശോകത്തലയോ തുളസിയിലയിൽ അകം വീഴലോ നടന്നു. അങ്ങനെ ഉണ്ണിയെ നറുക്കിട്ട് ഉറപ്പാക്കിയ അവധി ദിവസങ്ങളുടെ പിറ്റേന്ന് കണ്ണു ശരിക്കെഴുതി, മുഖത്തു കുട്ടിക്കൂറ നന്നായി ഇട്ട്, ഈർക്കിൽ കൊണ്ട് നേർവരയായി ചന്ദനംതൊട്ട് താഴെ പുരികങ്ങൾക്കു നടുവിൽ ചുവന്ന ചാന്തുകൊണ്ട് ചെറിയൊരുവട്ടവും ചുറ്റും കുഞ്ഞുകുഞ്ഞു വട്ടങ്ങളും ഇട്ട് പോകും. അങ്ങനെ ചെല്ലുന്ന ദിവസം ഒന്നുകിൽ ഉണ്ണി സ്കൂളിൽ വന്നിട്ടുണ്ടാകില്ല, അല്ലെങ്കിൽ

ഒരുവട്ടം പോലും നോക്കുന്നുണ്ടാവില്ല. വൈകിട്ടു മടങ്ങുമ്പോൾ സ്കൂളിൽ നിന്നു സർപ്പക്കാവ് എത്തുന്നതുവരെ ഉള്ളിലൊരു ഭാരമുണ്ടാകും. അവിടെയെത്തി അത്തിയിൽ നിന്ന് കാക്കയും മൈനയും കൊണ്ടുപോകാതെ നിർത്തിയ ചുവന്ന പഴങ്ങൾ പറിച്ച് തിന്നു നടക്കുമ്പോൾ മനസ്സു പിന്നെയും പാറിപ്പറക്കാൻ തുടങ്ങും. അങ്ങനെ ക്ലാസില്ലാത്ത ഒരു ദിവസം സർപ്പക്കാവു വരെ പോയി അത്തിപറിച്ചു മടങ്ങുമ്പോൾ ഉണ്ണി സൈക്കളിൽ എതിരേ വരുന്നു. ഒറ്റയ്ക്കാണ്. കാലുകൾക്കു വേഗം കുറഞ്ഞു. വഴിയരികിലേക്കു ചേർന്നു മുഖം കൊടുക്കാതെ നടന്നു. ഉണ്ണി സൈക്കിൾ നിർത്തി. എന്തെങ്കിലും ചോദിച്ചാൽ എനിക്കു വിറയ്ക്കുമോ എന്ന പേടിയായി. ഉണ്ണി പറഞ്ഞു: "ഗോപാലപിള്ള സാർ പോയി. സ്കൂളിൽ പത്താംക്ലാസ് പരീക്ഷയ്ക്കുള്ള ചോദ്യക്കടലാസ് പൊട്ടിക്കുന്നതിനിടെ കുഴഞ്ഞുവീണതാണ്. ആശുപത്രിയിൽ ചെന്നപ്പോഴേക്കും എല്ലാം കഴിഞ്ഞെന്നു ഡോക്ടർ പറഞ്ഞു." ഉണ്ണി ആശുപത്രിയിൽ നിന്നുള്ള മടക്കമാണ്. എനിക്കു ചോദിക്കാനെന്താണ് ഉള്ളത് എന്നൊന്നും തോന്നിയില്ല. വായിൽ പെട്ടെന്നു വന്നത് അതുപോലെ പറയുകയും ചെയ്തു: "അപ്പോ സാറ് നാളെ വരില്ലേ ക്ലാസില്?"

ഉണ്ണി നോക്കി നിൽക്കുകയും ഒന്നും പറയാതെ എന്റെ കയ്യിൽ നിന്ന് ഒരു അത്തിപ്പഴം എടുത്തു പോവുകയും ചെയ്തു. കുന്നോളം ആഞ്ഞിലിവിളകൾക്കു പകരമായി ഒരു അത്തിപ്പഴം. ആ വഴിക്കു വരാൻ ഒരു കാരണവും ഇല്ലാത്ത ഉണ്ണി എന്നെ കാണാൻ മാത്രം വന്നതാകുമെന്ന് ഞാനുറപ്പിച്ചു. ഗോപാലപിള്ള സർ പോയി എന്ന സങ്കടം ഉണ്ണിയോടൊന്നു മിണ്ടിയ പെടപ്പിൽ ഞാൻ ഓർത്തതേയില്ല.

— 13 —

# കുഴിമണ്ഡലി

ഋദ്ധി കണ്ണുതുറക്കുകയാണെന്ന് അന്നമ്മ കണ്ടു.

"പിള്ളേടെ അമ്മയ്ക്കു സുഖമായീട്ടോ... നാലഞ്ചു ദിവസം കൊണ്ട് ഇങ്ങോട്ടു വരുമെന്നാ കപ്യാരു പറഞ്ഞത്."

"പിന്നെ ഒരു കൂട്ടം കൂടിയുണ്ട്..." അന്നമ്മ ശബ്ദം താഴ്ത്തി.

"യുദ്ധത്തില് ടൗണിലെ മൂന്നുപാലവും പോയീന്ന്."

പാലത്തെക്കുറിച്ചാണ് എന്ന് ചുണ്ടനക്കത്തിൽ മനസിലായി.

**അന്നമ്മ:** "ഇനി ബോട്ടിൽ വേണം അങ്ങോട്ടും ഇങ്ങോട്ടും പോകാൻ. കടലിൽ കൊണ്ടയിട്ട കപ്പലീന്ന് വിമാനം പറന്നുവന്നു ബോംബിട്ടു പോകുവാന്നാ എല്ലാരും പറേണത്. ആ കപ്പൽ ആരുടെയാണെന്ന് ചോദിച്ചിട്ട് ആർക്കുമൊരു പിടിയില്ല. ചാത്തനേറ് പോലെയാണ് ആരെന്നും എന്തെന്നും അറിയാതെ മിസൈല് വന്നു വീഴുന്നത്."

പണ്ട് പുരപ്പുറത്ത് ചറപറ കല്ലു വീഴുമ്പോൾ ഒഴിപ്പിക്കാൻ വിളിച്ചിരുന്നത് ചാത്തൻ സേവാമഠത്തിലെ കരുണാകര മൂപ്പരെയാണെന്ന് അമ്മ പറയുന്ന കഥയുണ്ട്. പനങ്കുല ഒരുക്കാൻ സന്ധ്യ കഴിഞ്ഞ് പനയിലിരുന്ന അയ്യപ്പനാണ് ശരിക്കുള്ള ചാത്തനെ ആദ്യമായി നേരിട്ടു കണ്ടത്. കരുണാകര മൂപ്പരുടെ മകൻ സുധാകരൻ കറുത്ത മുണ്ടു തലയിലിട്ട് ഏറോട് ഏറ്. പിറ്റേന്ന് അയ്യപ്പൻ ഒരു കുപ്പി കള്ളിൽ ചാരായം ചേർത്ത് സുധാകരന് വച്ച് നീട്ടി. കവലയിൽ നിന്ന് സുധാകരൻ കല്ലേറുകഥ വിളിച്ചു ചൊല്ലി പ്രായശ്ചിത്തം നടത്തി. അന്ന് മുതൽ കരുണാകര മൂപ്പരുടെ വീട്ടിലേക്ക് കരക്കാരു വളഞ്ഞു നിന്ന് ഏറു തുടങ്ങി. യുദ്ധമൊക്കെ അത്രയേ ഉള്ളുവെന്ന് ഋദ്ധി മനസിലോർത്തു.

ഋദ്ധി പായഴിച്ച മരത്തിൽ നിന്ന് ഊർന്നിറങ്ങി.

വീണ്ടും അവർ മൂന്നുപേരും ഉടുത്തത് ഉപേക്ഷിച്ചിരുന്നു. ആകെയുള്ളതു ചത്തുപൊങ്ങുമ്പോൾ തിമിംഗലം കൊണ്ടുപോയില്ലെങ്കിൽ മൂന്നാംപക്കം ഏതെങ്കിലും കരയ്ക്കടിഞ്ഞു് നാട്ടുകാരു കാണും എന്നൊരു പ്രശ്നമാണ്. കുമുകുമാ മണമടിക്കുന്ന ദേഹത്തിലെ ഉയർച്ച താഴ്ച്ചകൾ കണ്ട് ആരെങ്കിലും ഉന്മത്തരാകുന്നെങ്കിൽ അത്രയും ജയിച്ചു എന്നു ത്രയ.

ദ്വാദശി ചോദിച്ച ഒരു ചോദ്യത്തിനു മാത്രം ത്രയ ഇനിയും ഉത്തരം പറഞ്ഞിട്ടില്ല. “നീ ആരാണ്?”

ഋദ്ധി കണ്ണുതുറന്ന് സ്കൂൾ വയ്പുപുരയുടെ മേൽത്തട്ടു കണ്ടു.

അപ്പോഴത് നന്ദിനി അല്ല. ത്രയ മറ്റൊരാളാണ്. സമുദ്ര ജ്യൂവൽ അല്ല. ജ്യൂവൽ വേറെ എവിടെയോ ഉണ്ട്. അപ്പോൾ ത്രയ?

സെൻട്രൽ ജയിലിലേക്ക് പൊലീസുകാർ ആദ്യം തള്ളിവിടുമ്പോൾ ത്രയ നർഗീസിന് വയസ്സ് പത്തൊമ്പതിനും ഇരുപതിനും ഇടയിലാണ്. ക്യാമറക്കണ്ണുകൾ അടച്ചു തുറക്കുന്നതിന്റേയും ഫ്ളാഷ് ലൈറ്റുകളുടേയും മിന്നൽ ആ വാതിൽ അടഞ്ഞപ്പോൾ അവസാനിച്ചു. ആറാം വയസ്സിൽ ബാലനടിയായി തുടങ്ങിയശേഷം ആദ്യമായി പരിസര ചിന്തയില്ലാതെ ത്രയ നടന്നു. പെട്ടെന്ന് ഒരു മുറിയിൽ നിന്ന് മെറ്റൽ ഡിറ്റക്ടറുമായി ജയിൽ സൂപ്രണ്ട്. അപ്പുറവും ഇപ്പുറവും നിന്ന വനിത ജയിലർമാർ ചെറു ചിരിയോടെ രണ്ടടി പിന്നോട്ടു മാറി. ത്രയയുടെ തലയ്ക്കുമുകളിൽ അയാൾ അതു വട്ടം കറക്കി. നെറ്റിയിൽ അയാളുടെ ശ്വാസമടിച്ചപ്പോൾ ഒരടി പിന്നോട്ടുവയ്ക്കാൻ ത്രയ ആഞ്ഞു. വനിതാ ജയിലർമാർ ശക്തിയായി പിടിച്ചിരുന്നുവെന്ന് അപ്പോഴാണ് മനസ്സിലായത്. അയാൾ മെറ്റൽ ഡിറ്റക്ടർ കഴുത്തിനുപിന്നിൽ വട്ടംകറക്കുകയും കവിളിൽ മൂക്കു പലവട്ടം ഉരുമ്മുകയും ചെയ്തു. അയാൾ പിന്നെയും പിന്നിൽ ഡിറ്റക്റ്റർ പിടിച്ചു മുഖം താഴ്ത്തി. കഴുത്തിനു താഴെ അയാൾ ആഗ്രഹിച്ച ഇടത്തു ദീർഘനിശ്വാസങ്ങൾ മാത്രമല്ല അയാളുടെ മുഖവും അമർന്നു. വനിതാ ജയിലർമാർ ഇരുവശത്തേക്കും കണ്ണുകൾ മാറ്റി. അയാൾ ഇപ്പോൾ കാലുമടക്കി ഇരിക്കുകയാണ്. ത്രയയുടെ അരയുടെ ഉയരത്തിൽ ആ മുഖം. അയാൾ പിന്നിലെ മെറ്റൽ ഡിറ്റക്ടർ താഴെയിടുകയും കൈകൊണ്ട് പിന്നിൽ പിടിക്കുകയും ചെയ്തു. ത്രയ വലത്തെ കാൽ പിന്നോട്ട് ഒരടി ഉയർത്തി കോളജ് മൈതാനത്തു ഫ്രീകിക്ക് എടുത്ത ഓർമയിൽ കാൽ ചലിപ്പിച്ചു. അയാൾ കൈ കൊണ്ട് അടിവയറ്റിൽ പൊത്തി നിലത്തു കമഴ്ന്നു കിടന്നു. “എടീ... ” വനിതാ ജയിലർമാർ അലറി. ത്രയ ഒരിളക്കവും കൂടാതെ നിന്നു. പാപ്പരാസികൾ വിട്ട ഡ്രോണുകൾ എല്ലാം പകർത്തി ചാനലുകൾക്കെത്തിച്ചു. ജയിലിലായ ആദ്യ ദിവസം നടി ത്രയ നർഗീസ് ജയിൽ സൂപ്രണ്ടിന്റെ അടിവയറ്റിൽ തൊഴിക്കുകയും അയാൾ വേദനകൊണ്ടുവീഴുകയും ചെയ്യുന്ന ദൃശ്യങ്ങൾ. അതോടെ ത്രയാ നർഗീസിനെ സുരക്ഷയ്ക്കായി കോടതി രാജ്യത്തെ വടക്കേയറ്റത്തെ ജയിലിൽ നിന്ന് തെക്കേയറ്റത്തെ ജയിലിലേക്കു മാറ്റി.

ഒരായുസ്സുമുഴുവൻ അകത്തുകിടക്കാൻ മാത്രം കുറ്റങ്ങളുണ്ടായിരുന്നു ത്രയയ്ക്ക്. പിതാവ് ബദറുദ്ദീൻ ഖുറേഷിയുടെ വ്യവസായങ്ങൾ മറയാക്കി കള്ളപ്പണം വെളുപ്പിച്ചെ

ന്ന് സാമ്പത്തിക കുറ്റാന്വേഷണ വിഭാഗം കേസ് എടുത്തു. പത്തൊമ്പതു കമ്പനികൾ. ആ കമ്പനികളിലെല്ലാം ഡയറക്ടറാണ് ത്രയ നർഗീസ്. ഒപ്പം ആറാം വയസ്സു മുതൽ സിനിമയിലെ മിന്നുന്നതാരവും. രാജ്യത്തെ തന്നെ വലിയ വ്യവസായത്തേയും ജനപ്രിയ സിനിമയേയും ഒറ്റയടിക്ക് ജയിലിലാക്കിയതിന്റെ ആവേശമായിരുന്നു വാർത്തായിടങ്ങളിൽ. ബദറുദ്ദീൻ ഖുറേഷി നേരത്തെ തന്നെ പിടിയിലാവുകയും ജയിലിൽ വച്ച് കരൾ രോഗം കലശലായി നാല്പതാം ദിനം മരിക്കുകയും ചെയ്തതോടെ മുഴുവൻ കേസുകളിലും ഒറ്റപ്രതിയായി. ത്രയ നർഗീസ് സ്വന്തം വീടിനു മുകളിൽ നിന്നു ചാടി ആത്മഹത്യ ചെയ്യുമ്പോൾ ദൃശ്യം നഷ്ടമാകാതിരിക്കാൻ പാപ്പരാസികൾ ക്യാമറകൾ തുറന്ന് മതിലിനു മുകളിൽ തപസ്സുചെയ്തു. എന്തെങ്കിലും സംഭവിച്ച ഭാവമേ ഇല്ലാതെ ത്രയ ദിവസവും നൃത്തം ചെയ്യുകയും വീട്ടിലെ ജിമ്മിൽ പരിശീലിക്കുകയും ചെയ്തു. കർട്ടനുകൾ സ്ഥാനം തെറ്റിച്ച് ആ ചിത്രങ്ങൾ പുറത്തെത്താൻ വഴി തുറന്നുകൊടുത്ത ദിവസങ്ങളിലൊന്നിലാണ് ത്രയയെ പിടിച്ച് ജയിലിലേക്കു കൊണ്ടുപോയത്.

ത്രയ നൗകയുടെ ഡക്കിൽ കിടന്ന് ദ്വാദശിയുടെ കവിളിൽ പിടിച്ചു:

“നീ കണ്ട ലോകമല്ല എന്റേത്. ന്യൂയോർക്കിൽ നിന്ന് ലണ്ടനിലേക്ക്. അവിടെ നിന്ന് മെൽബണിലേക്ക്. എഴുപത്തിരണ്ടു മണിക്കൂറിനിടെ ഈ മൂന്നിടത്തും പറന്നു ചെന്നിട്ടുണ്ട്. ക്യൂൻ മേരി എന്ന ആഡംബരക്കപ്പലിൽ നാൽപതു ദിവസം ചെലവഴിക്കുമ്പോൾ എനിക്ക് പതിനേഴ് തികഞ്ഞിരുന്നില്ല. രണ്ടു സിനിമകളിലെ ഇടവേളയിൽ കൂട്ടുകാരൻ ആഷിഖിനെ കൂട്ടി പോയതാണ്. അവൻ ഒറ്റയ്ക്കായിരുന്നില്ല. രണ്ടുപേർ കൂടി ഉണ്ടായിരുന്നു. ആദ്യ ദിനം തന്നെ അവൻ രാസലഹരിയുടെ പരീക്ഷണം എന്നിൽ നടത്തി. അതിനു ശേഷം ഇപ്പോഴെന്നതുപോലെ ഞാൻ വസ്ത്രങ്ങൾ ഉടുത്തില്ല. അവർ മൂന്നുപേരും മാറി മാറി എനിക്കൊപ്പം. അത് ഒരു സ്വർഗമായിരുന്നിരിക്കണം. സമയാസമയങ്ങളിൽ ഭക്ഷണം വന്നു. ലഹരി താഴ്ന്ന് തുടങ്ങുമ്പോൾ ആഷിഖ് പിന്നെയും പെട്ടി തുറന്നു. നാല്പതു ദിവസവും അവർ പറയുന്നതും എനിക്കു തോന്നിയതുമെല്ലാം ചെയ്തു. അവർ മുഴുനീളെ വിഡിയോ ചിത്രീകരിച്ചു. അതു പന്ത്രണ്ടു മണിക്കൂർ ആക്കി എഡിറ്റ് ചെയ്തു. അതിന്നും ലോകം മുഴുവനുള്ള കാമക്കാഴ്ചക്കാർ കണ്ടുകൊണ്ടേ ഇരിക്കുന്നു.

ഞാനും കണ്ടു അത്. അപ്പോഴാണ് മനസ്സിലായത് അവന്മാർ വെറും അഭിനയമായിരുന്നെന്നും ലഹരി തൊട്ടിരുന്നില്ല എന്നും. അതു കണ്ടപ്പോൾ എനിക്കു മറ്റൊന്നു കൂടി തോന്നി. എന്റെ രാത്രികളിൽ ഞാൻ ചെയ്യാനാഗ്രഹിച്ചതെല്ലാം അവരിൽ ഞാൻ ചെയ്തിട്ടുണ്ട്. പക്ഷേ, ആ വിഡിയോ കാണുമ്പോൾ അറിയുന്നതല്ലാതെ അതൊന്നും അനുഭവമായി എന്നെ തൊട്ടില്ല. ഞാൻ അറിയാത്ത സുഖമായിരുന്നു അതെല്ലാം. അല്ലെങ്കിൽ അതൊന്നും ഓർമയിൽ നിൽക്കാനുള്ള ഒരു സുഖമേ ആയിരുന്നില്ല.

ത്രയ ഏകൻ കൊടുത്തതിൽ ബാക്കിയുണ്ടായിരുന്ന ചുരുട്ട് ആഞ്ഞു വലിച്ചു, നിർത്താതെ ചിരിച്ചു.

“കണ്ടുസുഖിച്ചവർക്കു നിർവാണമായെങ്കിലീജീവിതം ധന്യം...”

“വാടി പെണ്ണേ” എന്ന് ത്രയ കൊഞ്ചി. ദ്വാദശി ഡക്കിൽ ഉരുണ്ടു വന്ന് ആ കാലിലെ പെരുവിരലുകൾ കടിച്ചു. ത്രയ അടിച്ചുകയറിയ കടൽവെള്ളത്തിൽ ദ്വാദശിയുടെ ഉപ്പുറ്റി കഴുകി വെളുപ്പിക്കാൻ തുടങ്ങി.

ഊണുകഴിഞ്ഞ് ക്ലാസിലേക്കു നടക്കുമ്പോൾ ജുവൽ ആനപ്പുറത്ത് ഇരിക്കുന്നതുപോലെ സ്കൂൾ മതിലിൽ കാൽ രണ്ടുവശത്തേക്കും ഇട്ട് ഇരിക്കുന്നുണ്ട്.

നന്ദിനി ക്ളാസിൽ വായിച്ച് ഇരിക്കുകയാണ്. അന്നത്തെ സംഭവങ്ങൾക്കു ശേഷം പാഠപുസ്തകങ്ങൾ അവൾ ആവർത്തിച്ചാവർത്തിച്ചു വായിക്കും. മഠത്തിലെത്തിയാൽ 12 മണിവരെയൊക്കെ. ഇനി നേരത്തെ കിടന്നാൽ നാലരയ്ക്കുണർന്ന്. ഓരോ പുസ്തകത്തിലേയും ഓരോ വാക്കും അവൾ കരണ്ടു തിന്നുകയാണ്. ഞാൻ ജുവലിന്റെ നേരേ മുന്നിൽ അവന്റെ അതേ രീതിയിൽ ഇരുവശത്തേക്കും കാലിട്ട് ഇരുന്നു.

എന്റെ ഫ്രോക്ക് ഇരുവശത്തേക്കും വിശറിപോലെ വിടർന്നു. അവൻ പെട്ടെന്ന് അസ്വസ്ഥനായി കാൽ രണ്ടും ഒരുവശത്തേക്കാക്കി ബഞ്ചിലെന്നതുപോലെ ഇരുന്നു. ഞാൻ കവച്ചതു മാറ്റിയില്ല.

“പറയ്”: ഞാൻ.

“നിങ്ങളെവിടെയായിരുന്നു”: അവൻ.

“സിസ്റ്റർ ഫിലോമിനയുടെ വീട്ടിൽ”: ഞാൻ.

“എന്തിനു പോയി”: അവൻ

“ഞങ്ങൾക്കു പോകാൻ വേറെ വീടുകളില്ല”: ഞാൻ.

“അവിടെ ആരൊക്കെയുണ്ട്”: അവൻ

“സിസ്റ്ററുടെ അനിയൻ തോമാച്ചായനും ഭാര്യ ത്രേസ്യാച്ചേടത്തിയും”: ഞാൻ.

“അവളെ ശരിക്കും അവർ അങ്ങനെ ചെയ്തോ?”: അവൻ.

“ഇന്നു നിന്റെ സൈക്കിളിന്റെ കാരിയറിൽ ഇരുത്തി അവളെ മഠത്തിനു മുന്നിൽ നീ ഇറക്കുന്നു, ഇതേ ചോദ്യം ചോദിക്കുന്നു”: ഞാൻ.

ജുവൽ ക്ലാസിലേക്കു നടന്നു. നന്ദിനിയുടെ മുന്നിൽ ചെന്നു.

“ഇന്നു വൈകിട്ട് നീ എന്റെ സൈക്കിളിന്റെ പിന്നിലിരുന്ന് മഠത്തിലേക്കു പോകുന്നു.”

“അതിനിത്ര നാടകമെന്തിന്? നമുക്ക് പോകാം”: നന്ദിനി.

“നീ കയറുമോ?”: അവൻ

“കയറാതിരിക്കാൻ നീ എന്നെ കല്യാണം കഴിച്ചോട്ടെ എന്നല്ലല്ലോ ചോദിച്ചത്”: നന്ദിനി.

“കല്യാണം കഴിക്കാൻ വന്നാലോ?”: അവൻ.

“നിന്നെ പിടിച്ച പൊലീസ് അകത്തിടും, പ്രായപൂർത്തിയാകാത്ത പെൺകുട്ടിയാണ് ഞാൻ”: നന്ദിനി.

“പ്രായപൂർത്തിയായാലോ?”: അവൻ

“നിന്റെ ഈ അധികാരി ഭാവം മാറുന്നില്ലെങ്കിൽ ഒരു സാധ്യതയുമില്ല”: നന്ദിനി.

“ഇങ്ങനെയുള്ള എന്നെ നിനക്ക് അംഗീകരിക്കാൻ പറ്റുമോ എന്നു പറഞ്ഞാൽ മതി”: അവൻ.

“നിനക്ക് തിരിച്ചറിവ് ഉണ്ടായിരുന്നെങ്കിൽ ചോദിക്കാതെ തന്നെ അറിയുമായിരുന്നു”: നന്ദിനി.

ഞാൻ അവളുടെ അടുത്തേക്ക് ചെന്നു.

“നമുക്ക് ഇനി മൃദുല വികാരങ്ങൾക്കൊന്നും ഒരു സാധ്യതയുമില്ലെന്ന് നീ പ്രഖ്യാപിക്കുകയാണ്”: ഞാൻ.

“അങ്ങനെയൊരു അർത്ഥമില്ല, എനിക്കവനോട്ട് ചേരണം എന്നു തോന്നുന്നേയില്ല എന്നേയുള്ളൂ”: അവൾ.

“നമ്മൾ ഒമ്പതാം ക്ലാസിലെ കുട്ടികളാണ്, ആ നിലയിലേക്കു താഴണം”: ഞാൻ.

“നമുക്ക് ഇനി കഴിയില്ല ബുദ്ധി”: അവൾ ആ ഉച്ചയ്ക്ക് എഴുതിയ കടലാസ് തന്നു.

ഞാനോ അണയിൽ മുറിഞ്ഞുപോയ പുഴ.
ഇനി ഒരിക്കലും നിറഞ്ഞൊഴുകാതെ,
കൈത്തോടായി രൂപം മാറിയവൾ.
ചവിട്ടിത്തേച്ച കളഞ്ഞേക്കണം
അല്ലെങ്കിൽ അണപൊട്ടണം,
കുത്തിയൊഴുകി തകർക്കണം
എനിക്കു പുരുഷസഞ്ചയങ്ങളെ

ഞാൻ ചിരിച്ചു. ആ കടലാസു വാങ്ങി അവൾ കീറിപ്പറത്തി. വൈകിട്ടു നടക്കുമ്പോൾ അവൾ: “എന്നാലും അവൻ വന്നിരുന്നെങ്കിൽ ഞാൻ ആ കൈപിടിച്ച് കടൽത്തീരത്തുകൂടി നടക്കുമായിരുന്നു.”

സുശീലയിലേക്ക് അമ്പിളി ഇറങ്ങിവന്നു.

അന്നു വൈകിട്ട് കുളിച്ചു നേരത്തേ പോന്നതാണ് അമ്പിളി. പുഴുങ്ങിയ തുണികൾ കൂടുതൽ ഉണ്ടായിരുന്നതിനാൽ അമ്മ തല്ലിനനച്ചു കഴിഞ്ഞു കയറിയപ്പോഴേക്കും വൈകി. ഞാൻ കൂട്ടു നിന്നു. പത്താംക്ലാസിൽ നല്ല മാർക്കുള്ള അമ്പിളിയെ കോളജിൽ വിടാൻ അച്ഛൻ സമ്മതിച്ചിരുന്നു. അപേക്ഷ പൂരിപ്പിക്കാനുള്ള ആവേശം കൊണ്ടുകൂടിയാണ് നേരത്തെ പോയത്. പിന്നെ സംഭവിച്ചതൊക്കെ അമ്മിണിയോട്ട് ചേച്ചി പലപ്പോഴായി പറഞ്ഞ കഥയാണ്.

നഗരത്തിലെ കോളജിൽ പ്രവേശനം മേടിച്ചു തരുന്ന ആൾക്കാർ വന്നിട്ടുണ്ട്, പരിചയപ്പെട്ടു വരാനാണ് അച്ഛൻ പറഞ്ഞത്. മടിച്ചു കാറിന്റെ അടുത്ത് എത്തിയപ്പോഴേക്കും രണ്ടുപേർ പുറത്തിറങ്ങി പിടിച്ച് അകത്തിട്ടു. വണ്ടി ഓടിത്തുടങ്ങി. അമ്പിളി കരയും തോറും അവർ ചിരി കൂടുതൽ ഉച്ചത്തിലാക്കുകയും ഹോൺ നിർത്താതെ അടിക്കുകയും ചെയ്തു. പിന്നിലിരുന്നയാൾ ശരീരത്തിൽ അവിടവിടെ പിടിക്കുകയും പതിനായിരത്തിന്റെ മുതലാണെന്ന് അവർത്തിച്ചു പറഞ്ഞു ചിരിക്കുകയും ചെയ്തു. വണ്ടി കുറച്ച് ഓടിയതോടെ അയാൾ ഷർട്ടും മുണ്ടും അഴിച്ച് വഷളൻ ചിരി ചിരിച്ചു. മുന്നിലിരുന്നവർ കാഴ്ച കാണാൻ പാകത്തിനു കണ്ണാടി തിരിച്ചും ചരിച്ചും വച്ചു. ആ കാറിൽ ആവർ കാൺകെ ഭാർഗവൻ തുടങ്ങിയതാണ് പതിനായിരം രൂപ മുതലാക്കാനുള്ള യത്നം.

കാറിൽ നിന്ന് രാത്രി പത്തരയ്ക്ക് ഭാർഗവൻ രണ്ടു കൈകളിലും കോരി എടുത്തു വരുമ്പോൾ അമ്പിളിയുടെ മേൽ അഴിഞ്ഞ പാവാട ഇട്ടിരുന്നതല്ലാതെ മറ്റൊരു വേഷവുമില്ലെന്ന് അമ്മിണി ജനാലയിലൂടെ കണ്ടിരുന്നു. ഒപ്പം കാറിന്റെ മുന്നിൽ നിന്ന് സ്വന്തം ഭർത്താവ് ഇറങ്ങുന്നതും കണ്ടു. ആ വീട്ടിൽ നിന്ന് രാത്രി മുഴുവൻ ഏങ്ങലടി കേട്ടു. പിറ്റേന്ന് ഉറങ്ങിയെഴുന്നേറ്റ ഭാർഗവൻ വീണ്ടും കയറിപ്പിടിച്ചു എന്ന് അമ്മിണി ഉറപ്പിച്ചു. അപ്പോൾ മുതൽ അലറിക്കരഞ്ഞു. പിന്നെ പതുക്കെ അത് ഏങ്ങലടിയായി. ഇത് ഇടയ്ക്കൊക്കെ അവർത്തിച്ചു. അപ്പോഴൊക്കെ അയാളുടെ അട്ടഹാസം ഉയരുകയും തെറി വിളിക്കുന്നത് ഉച്ചത്തിലാവുകയും ചെയ്തു. മൂന്നോ നാലോ ദിവസം കഴിഞ്ഞാണ് ഭാർഗവൻ ഒന്നു പുറത്തിറങ്ങിയത്. ആ സമയത്ത് അവിടെ ചെന്നു മുട്ടി വിളിച്ചിട്ടും അമ്പിളി വാതിൽ തുറന്നില്ല. ഭയന്ന് വാതിൽ ചവിട്ടി തുറന്നു കയറുമ്പോൾ കട്ടിലിൽ അവളുണ്ട്. ഭക്ഷണം ശരിയായി കഴിക്കാതെയും ഉറങ്ങാതെയും തളർന്നു പോയ അവളെ അമ്മിണി സ്വന്തം വസ്ത്രങ്ങൾ കൊണ്ടുവന്ന് ഉടുപ്പിച്ചു. കഞ്ഞി കൊടുത്തു. അമ്പിളി ഭിത്തിയിൽ ചാരി കാൽ നീട്ടി ഇരിക്കുമ്പോൾ ഭാർഗവൻ നടക്കല്ല് കയറി വരുന്നു.

ചേച്ചി ഈ ഉടുപ്പു കൊണ്ടുപോയ്ക്കോളൂ. ഇല്ലെങ്കിൽ അയാൾ വലിച്ചുപൊട്ടിക്കും: അമ്പിളി.

അമ്മിണി ഇറങ്ങിപ്പോയി വീട്ടിലേക്കുള്ള പടി കയറുമ്പോൾ കേട്ടു നാലുദിവസമായി പരിചിതമായ നിലവിളി. പിന്നെ ഏങ്ങലടിയില്ല. ചിലപ്പോൾ അയാൾ അവളെ അടിച്ചു വീഴിച്ചിരിക്കും എന്ന് അമ്മിണി കരുതി. രണ്ടാഴ്ച കഴിഞ്ഞൊരു രാത്രി അവിടെ നിന്നു പല ശബ്ദങ്ങൾ ഉയർന്നു. പെണ്ണിനെ കൊണ്ടുവരുന്നതിനു മുൻപുള്ള മദ്യപാന സദസ്സ് വീണ്ടും തുടങ്ങി എന്നേ അമ്മിണി കരുതിയുള്ളൂ. ഇന്ന് സ്വന്തം ഭർത്താവ് പതിവുപോലെ ആ മുറ്റത്ത് കുടിച്ചുറങ്ങുന്നുണ്ടാവും എന്നുറപ്പിച്ച് അമ്മിണി നേരത്തെ കിടന്നു.

പിറ്റേന്നു രാവിലെ അമ്മിണി ചെന്നപ്പോൾ കേറിയിരിക്ക് ചേച്ചി എന്ന് അമ്പിളി ആതിഥേയയായി.

**അമ്പിളി:** “ആരുടേയും മുഖം കണ്ടില്ല. ഓരോരുത്തരായിട്ടാ വന്നേ. ഒരു കാലിനു വളവുള്ളതാണോ ചേച്ചിയുടെ ആള്?”

അമ്മിണി കുറെ വർഷം കൂടി പൊട്ടിക്കരഞ്ഞു. അമ്പിളി അമ്മിണിയെ വിളിച്ച് അകത്തിരുത്തി കഞ്ഞി കൊടുത്തു. ആദ്യ ദിവസം അമ്മിണി കൊടുത്ത കഞ്ഞിയുടെ കടം വീട്ടിയതുപോലെ അമ്പിളിയുടെ മുഖത്ത് ഒരു ശാന്തത.

‘ആരോൻ മീൻ പോലാ ചേച്ചീ. മോളീന്നു പിടിക്കാൻ ചെന്നാൻ മുള്ളുകൊണ്ടു കൈ മുറിയത്തേയുള്ളു. ആടീന്നൊരു പിടുത്തം കൊടുത്താൽ പുളയുമെന്നേയുള്ളു. നമ്മുടെ കയ്യിൽ നിൽക്കും എവന്മാര്.’

അമ്പിളി രണ്ടാഴ്ച തികയും മുൻപേ നേടിയ അറിവു കണ്ട് അമ്മിണി മേൽക്കൂര നോക്കി ഇരുന്നു.

സുശീലയ്ക്ക് ഇപ്പോൾ കാഴ്ചകളെല്ലാം തെളിഞ്ഞു കാണാം.

കട്ടിൽത്തലയ്ക്കലെ കമ്പിയിൽ ചാരിയിരുന്ന് ജനാലയിലൂടെ നോക്കി. ദൂരെയെല്ലാം കാർമേഘങ്ങൾ പോലെ പുക ഉയരുന്നുണ്ട്. ഇവിടെ നിന്നിറങ്ങിയാലും മുന്നിൽ യുദ്ധമാണ്.

— 14 —

# വളവളപ്പൻ

ജ്വാലമേലേ പരന്നപാനയിൽ കരിച്ചാള തിളച്ചു.

"അന്തമെഴാ സാഗരത്തിലെ അനന്തകോടി കരിച്ചാളകളിലൊന്ന് തിരയ്ക്കൊപ്പം തുള്ളി നൗകയിൽ വീഴാനും തെറിച്ചുപോകും മുമ്പ് പിടിച്ചെടുക്കാനും കഴിഞ്ഞത് കപ്പലോട്ടക്കാരന്റെ മികവോ, കരിച്ചാളയുടെ ചാട്ടപ്പിഴവോ, തിരതന്നെ നടത്തിയ തെരഞ്ഞെടുപ്പോ? അനേകം ഇരുകാലികളിൽ ഒന്ന് നീ ആയതുപോലെയോ മീനുകളിൽ ആ കരിച്ചാളയും?": ദ്വാദശി ത്രയയോട്.

ത്രയ: "അതിനെങ്ങനെയാണ് വേറൊരു വിധിയുണ്ടാവുക?"

ഋദ്ധി കണ്ണുതുറന്നു. സ്വയം മറ്റൊരു വിധി ഉണ്ടാകുമായിരുന്നോ എന്ന ആലോചന തുടങ്ങിയിട്ട് കുറേക്കാലമായി.

ആഞ്ഞിലിവിള കഴിച്ച ദിവസം. അച്ഛൻ കൂർക്കം വലിച്ച് ഉറങ്ങുകയാണ്. മീശ നാരുകൾ ഓരോ ശ്വാസത്തിനൊപ്പവും വിറയ്ക്കുകയും താഴുകയും ചെയ്തു. ഞാൻ ഒരു കത്രികയെടുത്തു. ആ മീശ നാരുകൾ വെട്ടണം. അച്ഛൻ കണ്ണു തുറക്കുന്നതേയില്ല. സാധാരണ അമ്മ വന്ന് എടുക്കേണ്ട സമയമായി. അമ്മയെ കാണാനില്ല. അച്ഛനെന്തിനാണ് ഇത്രയും കൊമ്പൻ മീശ. ഞാൻ കത്രിക രണ്ടുകൈകളിലും പിടിച്ച് അമ്മ എന്റെ മുടിയോടു ചെയ്യാറുള്ളത് ആവർത്തിച്ചു. റബർബാൻഡ് ഇട്ട് കെട്ടി നിർത്തിയാണ് അമ്മ എന്റെ മുടി വെട്ടാറുള്ളത്. കെട്ടിനു മുകളിൽ ഒരു വിരലിന്റെ വീതി ബാക്കിയിട്ട് മുറിച്ചു കളയും. കട്ടിലിനോട് ചേർത്തിട്ട മെഷീനിൽ ഇന്നലെ എനിക്കൊരു വള്ളി നിക്കർ തച്ച ശേഷം വച്ചിരുന്ന കത്രികയാണ്. വള്ളിനിക്കർ മുഴുവൻ അമ്മ തയ്ച്ചതല്ല. നീലനിക്കറിൽ അമ്മയുടെ കീറിയ നീല അടിപ്പാവാട വട്ടത്തിൽ മുറിച്ചു ചുരുട്ടിയെടുത്ത് മെഷീനിൽ തയ്ച്ചെടുക്കുകയായിരുന്നു. വള്ളിനിക്കറിട്ട് ഞാൻ നടക്കുന്നത് അമ്മ കുറെനേരം നോക്കിനിൽക്കുകയും അമ്മിണിയും ജാനുവും പോയപ്പോഴൊക്കെ പുതിയതെന്തോ കിട്ടിയതുപോലെ വിളിച്ചുകാണിക്കുകയും

ചെയ്തു. അമ്മ കട്ടിലിൽ ഇരുന്നാണ് തയ്ക്കുക. വീട്ടിലാരും കസേരയിൽ ഇരിക്കാറില്ല. ഇനി കസേര ഉണ്ടെങ്കിൽ തന്നെ അതിടാൻ എവിടെയാ സ്ഥലം എന്ന് അമ്മ ചോദിക്കാറുണ്ട്. വിരുന്നുകാർക്കല്ലേ കസേരവേണ്ടൂ. വീട്ടുകാർക്ക് കിടപ്പും നടപ്പുമല്ലേ പറഞ്ഞിട്ടുള്ളത് എന്ന് അച്ഛനും പൂരിപ്പിക്കും. ഞങ്ങളുടെ വീട്ടിലൊന്നും ആരും വിരുന്നവരാറില്ല. ഇനി എന്റെ കല്യാണത്തിനു ചെക്കൻ വരാറാകുമ്പോൾ നാലു കസേര മേടിക്കാം എന്നാണ് അമ്മയുടെ പറച്ചിൽ.

മീശയിലുള്ള രണ്ടു വെട്ട് പെട്ടെന്നു കഴിഞ്ഞു. അപ്പോഴേക്കും അച്ഛൻ കണ്ണു തുറക്കുകയും ഒന്നു ചിരിക്കുന്നതുപോലെ ചുണ്ട് അകത്തി വീണ്ടും മയങ്ങുകയും ചെയ്തു. ഞാൻ ചെയ്തത് അച്ഛൻ കണ്ടിട്ടില്ല. മീശ ഇപ്പോൾ വീട്ടിലേക്കുള്ള കുത്തുകല്ലുപോലെയായി. അതുവഴി ഒന്നു കയറണം. ഞാൻ കത്രിക താഴെ വച്ച് ചൂണ്ടുവിരലും പെരുവിരലും ഓരോ കാലായി സങ്കൽപിച്ച മീശക്കുത്തുകല്ല് കയറാൻ തുടങ്ങി. അച്ഛൻ കണ്ണു തുറന്നു.

ഞാൻ വിരൽകൊണ്ടു കുന്നുകയറുന്നതു കാണിച്ചു.

അച്ഛൻ ഒന്നും മനസ്സിലായില്ലെങ്കിലും കണ്ണുകൊണ്ട് മുകളിലേക്കും താഴേക്കും ഗോഷ്ടി കാണിച്ചു.

ഞാൻ ഒന്ന്, രണ്ട് എന്ന് മീശപ്പടിയിൽ വിരൽകൊണ്ടു ചവിട്ടി എണ്ണി.

അച്ഛൻ നാല്, അഞ്ച് എന്ന് കൂടെച്ചേർന്നു.

**ഞാൻ:** "ഒന്നാനാം കുന്നുമ്മേൽ ഓരടി മണ്ണിന്മേൽ"

**അച്ഛൻ:** "ഓരായിരം കിളി കൂടുവച്ചു"

**ഞാൻ:** "കുട്ടിനിളംകിളി"

അച്ഛൻ 'എന്റെ താമരപ്പൈങ്കിളി' എന്ന് വാരി എടുത്തു. ഞാൻ അപ്പോഴും മീശപ്പടികളിൽ വിരൽ ചവിട്ടുന്നുണ്ട്.

മുറ്റത്തു കയറിയ അമ്മയ്ക്കു ചിരികൊണ്ടു നിൽക്കാൻ വയ്യ. പശുക്കുട്ടിയുടെ കയർ താഴെയിട്ട് അമ്മ കൊച്ചിറയത്തു ചാരിയിരുന്നു ചിരിച്ചു. മറ്റൊരുത്തീടെ ഭർത്താവിനെ നോക്കി ചിരിക്കാമോ എന്നു സംശയിച്ചു നിന്ന അമ്മിണി അമ്മയുടെ തോളത്തെ തോർത്തെടുത്ത് മുഖം മറച്ചു.

തോർത്തുമറ കടന്നു കരിയിലപ്പെട പോലെ ഒരു ചിരി വന്നതിൽ അമ്മയും ഞാനും ഒപ്പം ചേർന്നു. അച്ഛൻ കണ്ണാടി നോക്കി.

കള്ളപ്പോക്കിരി, ഇവിടെ...

ഞാൻ കയ്യടിച്ച് ഓടി അമ്മയുടെ മടിയിൽ ഇരുന്നു.

ഭാർഗവൻ കത്രിക കയ്യിലെടുത്തു.

**അമ്മിണി നടന്നുപോകുമ്പോൾ ഋദ്ധിയോട്:** "ആ വിക്രമൻ ചേട്ടന്റെ മീശ കൂടി ഒന്നു വെട്ടിക്കൊടുക്കണേ കൊച്ചേ..."

**സുശീല ചെവിയിൽ:** "കാശു തന്നാൽ വെട്ടാം എന്നു പറയ്."

**ഭാർഗവൻ:** "നിനക്കു വെറും കാശല്ല, കാശു മാല തന്നെ ഞാൻ മേടിച്ചു തരും."

സുശീല പശുക്കുട്ടിയെ കുറ്റിയിൽ കെട്ടി. തടുപ്പിക്കാൻ ചെന്നപ്പോൾ പാപ്പ കൊച്ചിന് കൊടുക്കു് എന്നു നീട്ടിയ ആഞ്ഞിലിവിള അവളുടെ കയ്യിൽ കൊടുത്തു. അവളതു് പൊളിച്ചെടുക്കുമ്പോൾ ഭാർഗവൻ: "ഞാൻ എഴുനേറ്റിട്ടു കൊണ്ടുപോകില്ലേ തടുപ്പിക്കാനൊക്കെ."

**സുശീല:** "അമ്മിണിയാണ് പോകാം എന്ന് പറഞ്ഞത്."

മീശ നിരയൊപ്പിക്കാൻ തുടങ്ങിയപ്പോൾ ഭാർഗവന് ഒരു കാര്യം മനസ്സിലായി ഇനി അത് ഒരു നടയ്ക്കും ശരിയാകില്ല. ഉത്തരത്തിൽ വച്ചിരുന്ന റേസർ എടുത്ത് സ്വിഷ് ബ്ലേഡ് പിരിച്ചുകയറ്റി. മുഖത്ത് ലൈഫ്ബോയ് പതപ്പിച്ചു മൂന്നു മിനിറ്റുകൊണ്ട് വടിച്ചിറക്കി.

**സുശീല:** "ഇനി ആ മൂക്കിൽ തടസമില്ലാതെ വായു കയറും."

**ഭാർഗവൻ:** "തടിപ്പണിക്കാരന്റെ മുഖം പോറ്റീടെ പോലെയിരുന്നാൽ ലോഡ് കേറ്റാൻ ഒരാളും വിളിക്കത്തില്ല."

**സുശീല:** "ഈ ചേലിനു പോരുന്ന ലോഡ് മതി."

**ഭാർഗവൻ:** "മീശയുണ്ടായിട്ടും കാര്യമില്ല. ടേൺ കിട്ടിയിട്ട് ദിവസം നാലായി."

കഞ്ഞികുടിക്കുമ്പോൾ ഋദ്ധി ഭാർഗവന്റെ മടിയിലിരുന്നു മീൻവറുത്തത് മാത്രം പൊട്ടിച്ചു കഴിച്ചു.

"ഈ മീൻ ഭ്രാന്തി ഒരു തവി കഞ്ഞിപോലും കുടിക്കുന്നില്ലെന്ന് അച്ഛനോട് പറയട്ടെ ഞാൻ": സുശീല.

**ഋദ്ധി:** "പൊറോട്ട മതി."

**സുശീല:** "പൊറോട്ടയൊക്കെ നീ അച്ഛനെപ്പോലെ തടിച്ചുമക്കാൻ പോകുമ്പോ..."

ഋദ്ധി മീനിലേക്കു നോക്കിയിരിക്കുമ്പോൾ സുശീല ഭാർഗവന്റെ മീശയില്ലാ മുഖത്ത് പുറംവിരൽ ഓടിച്ചു. അപ്പോൾ ഭാർഗവൻ രുചി അറിഞ്ഞതേയില്ല. കുതികാൽവട്ടം മുതൽ നെറുകൻതല വരെയുള്ള രോമങ്ങൾ എഴുനേറ്റു നിന്നു. പല ഇന്ദ്രിയങ്ങൾ ഒരേസമയത്ത് പ്രവർത്തിക്കില്ല എന്നുണ്ടാകം. സുശില ഋദ്ധിയെ പാളി നോക്കി. അവൾ തിരിഞ്ഞു നോക്കുന്നില്ല, കണ്ണു മീനിൽ തന്നെയാണ്. സുശീല പതുക്കെ ഭാർഗവന്റെ വലതു ചെവിയിൽ കടിച്ചു. ഭാർഗവൻ ഇടതുകൈകൊണ്ട് ഋദ്ധിയെ ചുറ്റിപ്പിടിച്ച് വലതുകൈകൊണ്ടു സുശീലയുടെ ചന്തിയിൽ നുള്ളി. എനിക്കു വേദനയുണ്ടെന്ന് സുശീല ചെവിയിൽ. ഭാർഗവൻ സുശീലയുടെ എളിയിൽ തടവി: "വേദനിച്ചതുകൊണ്ടാകും നിന്റെ രോമങ്ങളിങ്ങനെ എഴുന്നു നിൽക്കുന്നത്?"

സുശീല ആ ചെവിയിൽ ഒന്നുകൂടി കടിച്ചു.

ഋദ്ധി മടിയിൽ നിന്ന് ഊർന്ന് ചാടിയോടി. അമ്മിണിയുടെ പൂച്ചയുടെ പിന്നാലെയാണ്. ആ തക്കത്തിനു സുശീല ഭാർഗവന്റെ ചുണ്ടുകളിൽ മെല്ലെ കടിച്ചു. ഭാർഗവൻ ഇടതുകൈകൊണ്ട് ആ തല അടുപ്പിച്ചപ്പോൾ സുശീല പെട്ടെന്നു ഒരടി പിന്നോട്ടുവച്ചു. വാതിൽ കടന്നു പൂച്ച. പിന്നാലെ ഋദ്ധിയും. ഭാർഗവന് എഴുന്നേൽക്കാൻ തോന്നിയില്ല. സുശീല പിന്നിൽ ചേർന്നു നിന്ന് തലയിലൂടെ വിരൽ ഓടിച്ചു. ഭാർഗവൻ ആ വയറിലേക്ക് തലയമർത്തി.

സുശീല ആശുപത്രിയിൽ എല്ലാവരോടും യാത്ര പറഞ്ഞു.

മിലിറ്ററി ആംബുലൻസിന് അടുത്തുവരെ താര ഒപ്പം വന്നു. ഇനി വരുമ്പോൾ മകളുമായി വരണമെന്ന് താര എല്ലാവരോടും പറയുന്നതുപോലെ പറഞ്ഞു. വെറും മര്യാദയ്ക്കു പറഞ്ഞതാണെന്നു സുശീലയ്ക്കും അർത്ഥമില്ലാത്ത പറച്ചിലായല്ലോയെന്നു താരയ്ക്കും തോന്നുകയും ചെയ്തു. ആംബുലൻസ് നീങ്ങി. തോക്കേന്തിയ ഒരാൾ മുൻസീറ്റിലുണ്ട്. മടക്കമായതു കൊണ്ട് കിടപ്പു വേണ്ട, സുശീലയ്ക്ക് ഇരുന്ന് എല്ലാം കാണാം. ക്രിസ്തുജ്യോതി ആശുപത്രിയിൽ നിന്ന് ചന്തക്കുന്നിലേക്കുള്ള പാലം ഇപ്പോഴില്ല. യുദ്ധം വന്ന് താമസം സ്കൂളിലേക്കു മാറുന്നതിനു തലേന്നു കൂടി അതുവഴി പോയതാണ്. ഇത് ഏതു നാട് എന്നു തോന്നുമാറ് വറ്റിയ പുഴയിൽ ചിതറിക്കിടക്കുന്ന കരിങ്കല്ലുകൾക്കു മേലേ ആംബുലൻസ് ഓളങ്ങളിലെ നൗകപോലെ ആടിയുലഞ്ഞു.

"പുഴവറ്റുമോ യുദ്ധത്തിൽ?" ഋദ്ധിയുടെ ചോദ്യം അയാനോട്.

**അയാൻ:** "വ്യക്തമായി ചോദിക്കൂ മിസ്. എന്തുത്തരമാണ് നിങ്ങൾ ആഗ്രഹിക്കുന്നത്."

**ഋദ്ധി:** "യുദ്ധത്തിനിടെ പാലം തകരും, റോഡ് തകരും, അണക്കെട്ടു തകരും. പക്ഷേ, പുഴ വറ്റുമോ?"

**അയാൻ:** "കിഴക്കെ കുന്നിൽ നിന്ന് പടിഞ്ഞാട്ടൊഴുകിത്തുടങ്ങുന്ന പുഴയുടെ ഉറവയിലേക്ക് ഒരു മിസൈൽ അയയ്ക്കുന്നു. ആ മിസൈൽ പടിഞ്ഞാട്ടുള്ളതിലും വലിയ ചരിവു കിഴക്കോട്ട് ഉണ്ടാക്കുന്നു. പടിഞ്ഞാട്ടൊഴുകിയിരുന്ന പുഴ അന്നു മുതൽ കിഴക്കോട്ട് വഴിമാറി ഒഴുകുന്നു."

**ഋദ്ധി:** "ചെന്നു ചേരുന്ന കൈത്തോടുകളും പോഷകപ്പുഴകളുമോ?"

**മിലൻ:** "ആയിരം മിസൈലുകൾ വീഴുന്ന മണ്ണിൽ പാലങ്ങളും റോഡുകളും കെട്ടിടങ്ങളും കുന്നുകളും വീണ് പുഴ നികക്കും. അവശിഷ്ടങ്ങൾക്കടിയിൽ പുഴനീർച്ചാലായി കിടക്കും. രണ്ടോ മൂന്നോ നൂറ്റാണ്ടു കഴിഞ്ഞ് കിണർകുത്തുന്നവർ കണ്ടെടുത്ത് പാളകളിൽ കോരിയെടുക്കും."

**അയാൻ:** "യുദ്ധാനന്തരം കോരിയെടുക്കാൻ മനുഷ്യരും കൂടി വേണം."

**മിലൻ:** "നമ്മൾ മരിക്കുമ്പോൾ ലോകാവസാനമാണെന്ന് ആരാണു പറഞ്ഞത്. ബാക്കിയുള്ളവരുടെ ലോകങ്ങൾ ഇവിടെ തുടരും."

**ടിയാന:** "ഏറ്റവും സമാധാനം എവിടെയാണ് മാം."

**ഋദ്ധി:** "ആർക്കും പറയാം."

**അയാൻ:** “മരണാനന്തരം.”

**ടിയാന:** “ഒന്നു പോയേടേ പാഴ്പുരുഷാ... ജീവിച്ചിരിക്കുമ്പോൾ സമാധാനം കണ്ടെത്താൻ പറ്റാത്തവൻ.”

**മിലൻ:** “ആപേക്ഷികമാണ്. എന്റെ സമാധാനം നിനക്ക് അസാമാധാനമാകും.”

**സനാര:** “ആൺ സിദ്ധാന്തങ്ങൾ ഇവിടെവരെയൊക്കെയേ എത്തൂ. ഉത്തരമറിയാത്ത ചോദ്യങ്ങളെ അപേക്ഷികം എന്നു കയ്യൊഴിയും.”

**റയോൺ:** “ഉറങ്ങുമ്പോൾ.”

**സനാര:** “അസാധ്യം. ഉറക്കത്തിൽ കാണുന്നതിൽ കൂടുതലും പേടി സ്വപ്നങ്ങളാണ്.”

**അനസ്:** “ഏറ്റവും സമാധാനക്കേട് പ്രണയിക്കുന്നവർക്കാണ്.”

**സനാര:** “എന്നാൽ പിന്നെ എന്തിനിത്ര കഷ്ടപ്പെട്ട് പ്രേമിക്കുന്നടേ.”

**റസീല:** “ഏറ്റവും സമാധാനം കവിത എഴുതിക്കഴിയുമ്പോഴാണ്.”

**ടിയാന:** “മണ്ടത്തരം. കവിതയെഴുത്തും ഇണചേരലും കഴിയുന്ന നിമിഷം മുതൽ നെഞ്ചു പടപടാ ഇടിക്കും; വായനക്കാരനും ഇണയ്ക്കും തൃപ്തിയായോ എന്ന തീർപ്പില്ലായ്മയിൽ.”

ഋദ്ധി ചെറുപുഞ്ചിരിയോടെ എല്ലാം കേട്ടു നിൽക്കുമ്പോൾ ക്ലാസ് വിടാനുള്ള മണിയടിച്ചു.

**അയാൻ:** “നമ്മൾ തുടരുവല്ലേ മാം.”

ഫിലോസഫി ക്ലാസുകൾ സമയത്തു നിർത്തിയാൽ ചാരുത പോകും എന്ന് ഋദ്ധി പറഞ്ഞപ്പോൾ ആദ്യമൊക്കെ പലരും മുഖം ചുളിച്ചിരുന്നു. പിന്നെപ്പിന്നെ നിർത്താതെ കൊണ്ടുപോയി രാത്രി എട്ടുമണിവരെയൊക്കെ അവർ സംസാരിച്ചിരിക്കും. തത്വശാസ്ത്രത്തിൽ എന്തു പഠിപ്പിക്കാൻ എന്നായിരുന്നു ഋദ്ധിയുടെ ചോദ്യം. സംസാരിച്ചു സംസാരിച്ചു തന്നെ പഠിക്കുകയല്ലാതെ വേറൊരു വഴിയുമില്ല. അത്തരം ദിവസങ്ങളിൽ സുവോളജി ക്ലാസിൽ നിന്ന് ത്രയയും ചരിത്ര ക്ലാസിൽ നിന്നു ദ്വാദശിയും വന്ന് പിന്നിലെ ബഞ്ചിലിരിക്കും.

ഋദ്ധി കണ്ണുതുറക്കുമ്പോൾ രണ്ട് അമ്മമുഖങ്ങൾ.

സുശീല അമ്മയാണ് എന്നു മറന്നു തുടങ്ങിയിരുന്നു. പറയാനും ഭാവം വരുത്താനും കഴിയാത്തതു നന്നായി. അല്ലെങ്കിൽ ഇതാരാണെന്ന് അന്നമ്മയോട് ചോദിക്കുകയും അമ്മയുടെ മുഖം മാറുകയും ചെയ്യുമായിരുന്നു. ഇത് ആശുപത്രി അറ്റൻഡർ സുശീല. പത്തുവർഷം നേരത്തെ പിരിഞ്ഞ് മകളുടെ അടുത്തേക്കു വരികയാണ്. ഇനി എന്നും മകളോടൊപ്പം ഉണ്ടാകും. വിരമിക്കാൻ ബാക്കിയുള്ള പത്ത് വർഷവും ശമ്പളം നൽകാൻ സർക്കാർ പ്രത്യേക ഉത്തരവിട്ടതാണ്. യുദ്ധനടുവിലൂടെ എന്നും ആശുപത്രിയിലേക്കും തിരിച്ചു വീട്ടിലേക്കുമുള്ള യാത്ര നടപ്പുള്ള കാര്യമല്ല. ഋദ്ധിയെ ആശുപത്രിയിലേക്കു മാറ്റുക എന്നായിരുന്നു ഉദ്യോഗസ്ഥർ എഴുതിക്കൊടുത്ത പോംവഴി.

സർക്കാരിന്റെ ദത്തുപുത്രിയെ പോറ്റാൻ അമ്മ യുദ്ധത്തിനിടയിലും അറ്റൻഡർപ്പണി ചെയ്യുന്നെന്ന് പത്രങ്ങളിൽ വാർത്ത വന്നതോടെ സർക്കാർ അഭിമാനിയായി.

ഭരണകൂടങ്ങൾക്ക് അഭിമാനമൊക്കെയുണ്ടാകുന്നതു നല്ലതാണെന്ന് കപ്യാര് ബിനോയി.

സ്കൂളിന്റെ മേൽക്കൂരയിലും ഒരു പല്ലി വന്നു തുടങ്ങിയിട്ടുണ്ട്. കണ്ടിട്ട് പെണ്ണാണ്. ആണ് അപ്പുറത്തെവിടെയെങ്കിലും ഉണ്ടാകും. ഞാൻ മുൻപൊക്കെ നെയ്യുന്ന ഭാവനയ്ക്കൊക്കെ ഒരു തുടർച്ചയുണ്ടായിരുന്നു. എവിടേയ്ക്കെങ്കിലും എന്നെയും ത്രയയേയും ദ്വാദശിയേയും ഇറക്കിവിട്ടാൽ അവർ തോന്നിയതൊക്കെ ചെയ്തു നടക്കും. ഇപ്പോൾ അവർക്ക് കഥ മുഴുമിപ്പിക്കാനുള്ള ക്ഷമയൊന്നുമില്ല. കോളജിൽ പഠിപ്പിക്കാനുള്ള മോഹംതോന്നിയത് പ്ലസ് ടു കാലത്താണ്. സോഷ്യൽ സയൻസ് ക്ലാസിൽ സാന്റ മരിയ ടീച്ചറാണ് ലോകം മാറ്റിമറിക്കുന്ന തത്വശാസ്ത്രങ്ങളെക്കുറിച്ചൊക്കെ പറഞ്ഞുകൊണ്ടിരുന്നത്. കോളജുകളിൽ പുസ്തകത്തിലില്ലാത്തത് എന്തും പഠിപ്പിക്കാം എന്നു കേട്ടപ്പോൾ തോന്നിയ മോഹമാണ്. അന്നുമുതൽ ഫിലോസഫിയിൽ എംഎ എടുക്കുന്നതും ഗവേഷണം നടത്തുന്നതും എന്റെ ക്ലാസുകേൾക്കാൻ പിള്ളേർ ആകാംക്ഷകൊണ്ടിരിക്കുന്നതുമൊക്കെ ഞാൻ സ്വപ്നം കാണാറുണ്ടായിരുന്നു. കപ്പൽ മോഹം അതുകഴിഞ്ഞാണ് തിരയടിച്ചത്. പത്താം ക്ളാസുവരെ ഒന്നിനോടും മോഹമില്ലാതിരുന്ന എനിക്ക് കോളജിൽ പഠിപ്പിക്കാൻ തോന്നിയത് ശമ്പളം മേടിക്കാനായിരുന്നില്ല. മാസാമാസം പൈസ കിട്ടിയിട്ട് എന്തെങ്കിലും ചെയ്യുന്നതിനെക്കുറിച്ചൊന്നും ഞാൻ ഓർത്തതേയില്ല. അപകടത്തിനു ശേഷവും എന്റെ വിവാഹ ജീവിതത്തെക്കുറിച്ചല്ല ഞാൻ സ്വപ്നം കണ്ടത്. അങ്ങനെയൊരു സ്വപ്നം എനിക്കു സംഭവിക്കുന്നതേ ഉണ്ടായിരുന്നില്ല. ഒരു പുരുഷനിലേക്കും ആകർഷിക്കപ്പെടാതെ മരവിച്ച ജന്മമായിരുന്നു എന്റേത്. സുശീല എന്ന അമ്മയുടെ പാഴായിപ്പോയ ജന്മമായിരുന്നു എന്റെ ചിന്തകളിൽ മുഴുവൻ. അമ്മയെ ഞാൻ പല സ്വപ്നങ്ങളിലും പ്രതിഷ്ഠിച്ചു.

## — 15 —

# കാക്കത്തിരണ്ടി

അമ്മ രാവിലെ നടക്കാൻ പോയതായിരുന്നു.

ഞാൻ നേരത്തെ എഴുന്നേറ്റു. കട്ടിലിൽ അമ്മയില്ല. നടന്ന് അച്ഛന്റെ മുറിയുടെ മുന്നിലെത്തി. താക്കോൽ പഴുതിലൂടെ നോക്കിയാൽ കട്ടിൽ കാണാം. അച്ഛൻ ഉറങ്ങുന്നുണ്ട്. രണ്ടു കൈകളും നെഞ്ചത്തു വച്ചിരിക്കുന്നു. ഒന്നര–രണ്ടു മാസമേ അയിട്ടുള്ളു അച്ഛനും അമ്മയും രണ്ടുമുറിയിൽ കിടക്കാൻ തുടങ്ങിയിട്ട്. അതിനു മുൻപു പല ദിവസങ്ങളിലും രാത്രി വഴക്കു കേൾക്കാറുണ്ട്. നീ ഞാൻ പറയുന്നതൊന്നു കേൾക്കു സുശീലാ... എന്ന് അച്ഛൻ പറയുന്നതു കേൾക്കാം. അമ്മ കരയുന്നതൊന്നും കണ്ടിട്ടില്ല. ശബ്ദം കൂട്ടുകയായിരുന്നു. ഒരു ദിവസം രാത്രി ഉറക്കത്തിനിടെയാണ് വലിയ ശബ്ദം കേട്ട് ഉണർന്നത്. അച്ഛൻ സിഗരറ്റ് വലിച്ച് ജനാലവഴി പുറത്തേക്കു പുകയൂതുന്നു. അമ്മ എന്നെ എടുത്തു നടന്നു. അമ്മമ്മ വന്നാൽ കിടക്കാറുള്ള മുറിയുടെ വാതിൽ വലിയ ശബ്ദത്തോടെ അടച്ചു. പിന്നൊരിക്കലും അച്ഛനേയും അമ്മയേയും ഒരു മുറിയിൽ കണ്ടിട്ടില്ല.

എന്നും രാത്രി എപ്പോഴെങ്കിലും അച്ഛൻ വരും. രാവിലെ ഇറങ്ങിപ്പോകുമ്പോൾ മിക്കദിവസവും അമ്മ പടിവാതിൽ വിലങ്ങി നിൽക്കുകയും എന്റെ കാര്യത്തിൽ ഇന്നു തീർപ്പുവേണമെന്നു പറയുകയും ചെയ്യും.

എന്റെ മുന്നിൽ പതിവു കളികളുമായി എത്തിയ ജംബോയെ ഞാൻ വിരൽ ഞൊടിച്ചു ചാടിക്കുകയാണ്. ജംബോ ലാബ്രഡോർ ഇനമാണ്. അച്ഛനോ അമ്മയോ ഞാനോ കാണാതെ ആരു ഗേറ്റ് കടന്നാലും അവൻ ശരിയാക്കും. അതുകൊണ്ട് പകൽ മുഴുവൻ കെട്ടിയിടും. രാത്രി പത്തുമണിക്കു തുറന്നുവിട്ടാൽ അവൻ എങ്ങും പോകില്ല. നേരേ വന്ന് പടിയിലൊന്നിൽ കിടക്കും. ഒൻപതു പടികയറിയാലേ വീട്ടിലേക്കുള്ള വാതിലാകൂ. അതിൽ ഏതിൽ കിടക്കണമെന്ന് തീരുമാനിക്കാൻ അവന്

ഒരു മണത്തുനടപ്പുണ്ട്. കിടന്നാൽ പിന്നെ രാവിലെ ഞാൻ എഴുനേൽക്കുമ്പോഴാണ് അകത്തേക്കുള്ള വരവ്.

ജംബോ ഞാനെറിഞ്ഞ പന്ത് കടിച്ചുകൊണ്ടുവരാൻ ഊണുമുറിയിലേക്ക് ഓടി. അച്ഛൻ പെട്ടെന്ന് വാതിൽ തുറന്നു വന്നു. അതിരാവിലെ പാന്റും ഷർട്ടുമിട്ടിരിക്കുന്നു. ഉറങ്ങുന്നതു കണ്ടു അച്ഛൻ പത്തുമിനിറ്റ് കൊണ്ട് ഒരുങ്ങിയെത്തി. പലപ്പോഴും അങ്ങനെയാണ് എന്നതുകൊണ്ട് തിരിഞ്ഞു നോക്കിയില്ല. യാത്രപോകുമ്പോൾ കൊണ്ടുപോകാറുള്ള വലിയ ചക്രപ്പെട്ടി ഉരുട്ടി എന്റെ മുന്നിലെത്തിച്ചു. അമ്മ മുറി മാറിയതോടെ എന്നോടും അങ്ങനെ മിണ്ടിയിരുന്നില്ല. പെട്ടെന്നു കുനിയുകയും എന്നേയും എടുക്കുകയും കാറിലേക്കു നടക്കുകയും ചെയ്തു. ഞാൻ ഉണർന്നിട്ട് മൂത്രമൊഴിച്ചിരുന്നില്ല. എനിക്കു മൂത്രമൊഴിക്കാൻ തോന്നി. അച്ഛൻ ഒന്നും ചോദിക്കുകയോ പറയുകയോ ചെയ്തില്ല.

വണ്ടി നിന്നത് വിമാനത്താവളത്തിലാണെന്നു മനസ്സിലായി. അച്ഛനും അമ്മയുമൊപ്പം ഡാർജിലിംഗ് കാണാൻ പോയത് ഇവിടെ നിന്നാണ്. വണ്ടി അവിടെ നിർത്തിയിട്ട് അച്ഛൻ വന്ന് എന്നെ എടുത്തു. എന്റെ ഉടുപ്പ് നനഞ്ഞു എന്ന് അച്ഛന് മനസ്സിലായി. ഞാൻ പിടിച്ചുവച്ചിട്ടും ഇരുന്നു മൂത്രമൊഴിച്ചിരുന്നു. ഒന്നാം ക്ലാസിൽ പോയി തുടങ്ങിയ ശേഷം അതു പതിവുള്ളതല്ല. ഇന്നെന്തോ അങ്ങനെ പറ്റിപ്പോയി. എനിക്ക് ടോയ്‌ലറ്റിൽ പോകാനും തോന്നുന്നുണ്ട്. അച്ഛൻ എന്നെ വിമാനത്താവളത്തിനകത്തുള്ള ശുചിമുറിയിലേക്കു കൊണ്ടുപോയി. അവിടെ ഷവറിൽ കുളിപ്പിച്ചു. ഞാൻ ടവൽകൊണ്ടു മേൽ തുടച്ചു നിൽക്കുമ്പോൾ പുത്തൻ ഉടുപ്പുമായി അച്ഛൻ. തൊട്ടടുത്ത ഡ്യൂട്ടിഫ്രീ ഷോപ്പിൽ നിന്നു വാങ്ങിയതാണ്. അതിന്റെ ബട്ടൻ മുഴുവൻ ഇടാനൊന്നും അച്ഛൻ സമ്മതിച്ചില്ല. വാരിയെടുത്തു തിടുക്കപ്പെട്ടു ബാഗും വലിച്ചു നടന്നു. എന്നിട്ടും കുറെ നേരെ അങ്ങോട്ടും ഇങ്ങോട്ടും വെറുതെ നടന്ന ശേഷമാണ് വിമാനത്തിലേക്കു കയറ്റി വിട്ടത്. കയറി ഇരിക്കുമ്പോൾ അച്ഛൻ എന്തോ ജയിച്ചതുപോലെ ചിരിച്ചു. എനിക്കു ചിരി വന്നില്ല. അടുത്തിരുന്ന ഒരു അപ്പൂപ്പൻ എനിക്ക് സല്യൂട്ട് തന്നു. ഞാൻ ഗൗനിച്ചില്ല. വിമാനത്തിൽ നിന്നു കിട്ടിയ ഒരു ഇഡലി, ഒരു വട, ഒരു ചെറിയ കുന പുലാവ്. ഒപ്പം പച്ചമുളക് അരച്ച വെളുത്ത തേങ്ങാച്ചമ്മന്തിയും കുഴികളുള്ള കട്ടിക്കടലാസ് പാത്രത്തിൽ തുറന്നിരുന്നു. ഞാൻ ചമ്മന്തി മാത്രം നുണഞ്ഞിരിക്കുമ്പോൾ അച്ഛൻ കഴിച്ചുകഴിഞ്ഞ് എന്നെ നോക്കി. എന്റെ വട പകുതി എടുത്തു കഴിച്ച് അച്ഛൻ ഇരുന്നു. പിന്നെ ഇഡലിയിൽ നിന്ന് ഒരു കഷണം എനിക്കു പൊട്ടിച്ചു വായിൽ തന്നു. എനിക്കത് ഇറക്കാൻ തോന്നിയില്ല. അതു വലത്തെ കവിളിൽ ഒരു നിക്ഷേപം പോലെ കുറെ നേരം കിടന്നു. പിന്നെ ഇറങ്ങിപ്പോയത് എപ്പോഴാണെന്ന് അറിഞ്ഞില്ല.

വിമാനത്താവളത്തിൽ നിന്നു പുറത്തിറങ്ങിയ ഉടനെ 'ഭാർഗവൻ, പെരിയാർ ടീ ഹിൽസ്' എന്നെഴുതിയ ബോർഡുമായി ഒരാൾ വന്നു. അച്ഛൻ മാനേജിങ് ഡയറക്ടറായ കമ്പനിയാണ്. അമ്മയാണ് ചെയർപഴ്സൺ. ഒരു ജീപ്പായിരുന്നു പുറത്ത്. മേൽക്കൂരയില്ലാത്ത, റേസിങ് മൽസരങ്ങൾക്കൊക്കെ കാണുന്ന പോലുള്ള, ജീപ്പ്.

അച്ഛൻ അയാൾക്ക് പഴ്സിൽ നിന്ന് ഒരു കുത്ത് പണം കൊടുക്കുന്നതും അയാൾ താക്കോൽ നീട്ടുന്നതും കണ്ടു.

ജീപ്പ് ഓടിത്തുടങ്ങി. എനിക്ക് ഉറക്കം വന്നു. ഇടയ്ക്ക് നാലഞ്ച് ഇടങ്ങളിൽ നിർത്തുകയും ഭക്ഷണം കഴിക്കുകയും ചെയ്തെങ്കിലും അച്ഛൻ എന്നോട് ഒന്നും പറഞ്ഞില്ല. ഞാനാണെങ്കിൽ ജംബോയോട് മിണ്ടിയതിനു ശേഷം ഭക്ഷണം കഴിക്കാനല്ലാതെ വാ തുറന്നിട്ടുമില്ല. രാത്രി എവിടെയോ നിർത്തി നൂഡിൽസ് വാങ്ങി. ഒപ്പം കിട്ടിയ കോലുകൊണ്ടു കുത്തിയെടുത്ത് രണ്ടുമൂന്നോ തവണ കഴിച്ച് സീറ്റിൽ കാൽ രണ്ടുവശത്തേക്കു കവച്ചു കടലാസുപാത്രം നടുക്കുവച്ചു. ഇപ്പോഴാണു മൂത്രമൊഴിക്കുന്നതെങ്കിൽ അതും നനയും. അച്ഛൻ എന്നെ ഒന്നു നോക്കി വണ്ടിയെടുത്തു. മയങ്ങിത്തുടങ്ങുന്നതിനിടെ ബാക്കിവന്ന നൂഡിൽസ് അച്ഛൻ ഒറ്റക്കൈകൊണ്ടു എറിയുന്നതുകണ്ടു. താമസിക്കാൻ ജംബോയെപ്പോലെ വീടില്ലാത്ത നായ്ക്കൾ അതു നാളെ രാവിലെ കാണുകയും തിന്നുകയും ചെയ്യുമായിരിക്കും. എനിക്കു ജംബോയെ ഓർക്കാൻ തോന്നി.

ജീപ്പ് ചെന്നു നിന്നത് വേറൊരു വിമാനത്താവളത്തിലാണ്. അതു കാട്മണ്ഡുവാണ് എന്ന് അച്ഛൻ പറഞ്ഞു. ആദ്യമായിട്ടാണ് ഒരു സ്ഥലപ്പേര് അച്ഛൻ പുറപ്പെട്ട ശേഷം പറയുന്നത്. ഇത്ര മണിക്കൂറുകൾ കഴിഞ്ഞു ആദ്യത്തെ സംസാരമാണ്. ജീപ്പ് അവിടെ നിർത്തി താക്കോൽ സീറ്റിനടിയിലിട്ട് അച്ഛൻ എന്നെയെടുത്തു ബാഗ് തള്ളി നടക്കാൻ തുടങ്ങി. അവിടെ ഒരു സെറ്റിയിൽ എന്നെയിരുത്തി അച്ഛൻ കടലാസുകളുമായി വരികയും പോവുകയും ചെയ്തുകൊണ്ടിരുന്നു. ഞാൻ ഉറങ്ങിയതേയില്ല. ജംബോ രാത്രിയിൽ നടയിൽ ഇരിക്കുന്നതുപോലെ പാതിമയക്കത്തിൽ എല്ലാം കണ്ട് അനങ്ങാതെ ഇരുന്നു. ആറോ ഏഴോ മണിക്കൂറിനു ശേഷം വീണ്ടും വിമാനത്തിലേക്ക്. ഉള്ളിൽ കയറിയപ്പോൾ അച്ഛൻ പറഞ്ഞു, നമ്മൾ ദമാമിലേക്കാണ്. അവിടെ നിന്ന് ലണ്ടനിലേക്ക്. ഇനി അവിടെയാണ് നമ്മൾ.

അപ്പോൾ അമ്മയോ എന്നു ഞാൻ ചോദിച്ചില്ല. അമ്മ അച്ഛന്റെ കൂടെ വരുമെന്ന് എനിക്കു തോന്നിയിരുന്നില്ല. അമ്മയെ അറിയിക്കാതെ അച്ഛൻ പോന്നതാണെന്ന് എനിക്കപ്പോഴൊന്നും മനസ്സിലായില്ല. ഞാനും അച്ഛനും ഒളിച്ചോടിയതാണെന്നു മനസ്സിലായത് പിന്നെയും എത്രയോ ദിവസം കഴിഞ്ഞാണ്. ഒളിച്ചുപോകുന്നവർക്കായി കൊൽക്കൊത്തയിൽ ജീപ്പ് കൊടുക്കുന്നവരുണ്ടെന്നും തിരിച്ച് ഇന്ത്യയിലേക്കു വരുന്നവർക്കായി വിമാനത്താവളത്തിൽ അതു കിടക്കുമെന്നും ഞാൻ ഒരുപാടു പിന്നെയാണ് അറിഞ്ഞത്.

ലണ്ടനിൽ ഞാൻ സ്കൂളിൽ പോവുകയോ എന്തെങ്കിലും പഠിക്കുകയോ ചെയ്തില്ല. എന്നും അച്ഛൻ എന്നെ അടുത്തൊരു ഡേ കെയറിലാക്കും. അവിടുള്ളവരെല്ലാം പൊടിക്കുഞ്ഞുങ്ങളായിരുന്നു. വൈകിട്ട് ഒറ്റമുറി മാത്രമുള്ള വീട്ടിലേക്കു മടക്കം. കട്ടിലും മേശയും അലമാരയും കഴിഞ്ഞു മറ്റൊരു മേശയിൽ സ്റ്റൗവും പാത്രങ്ങളും. വലിയ വീട്ടിൽ നിന്ന് ആ മുറിയിലെത്തിയിട്ട് എനിക്ക് പ്രത്യേകിച്ച് ഒന്നും തോന്നിയില്ല. രാവിലെയും ഉച്ചയ്ക്കും ഡേ കെയറിൽ നിന്നാണ് കഴിക്കുന്നത്. വൈകിട്ട് അച്ഛൻ മിക്കവാറും

നൂഡിൽസ് ഉണ്ടാക്കി. ഇടയ്ക്കൊരു ദിവസം കഞ്ഞിവച്ചു. ഇതിനിടെ ഞങ്ങളങ്ങനെ മിണ്ടിയതേയില്ല.

വന്ന് കുറേ ദിവസങ്ങളായി. ചില രാത്രികളിൽ അച്ഛൻ വരാതായി. അപ്പോൾ ഡേ കെയറിനോടു ചേർന്നുള്ള രാത്രി സത്രത്തിലാകും താമസം. അവിടെ രാത്രി കുട്ടികളെ നോക്കാൻ വേറെ ആയമാർ വരും. അവർ ബുക്ക് നോക്കി ഓരോരുത്തരുടേയും പേരിന് നേരെ എഴുതിയ ഭക്ഷണം തരും. എനിക്ക് എന്നും നൂഡിൽസാണ് കിട്ടിയത്. അച്ഛന് ഭക്ഷണത്തിൽ നൂഡിൽസിനപ്പുറം പോകുന്ന ഭാവനയൊന്നും ഇല്ലെന്നു തോന്നി. രാത്രി സത്രത്തിൽ കഴിയുന്ന ദിവസത്തിനു ശേഷം മുറിയിലെത്തുമ്പോൾ എനിക്കു പരിചയമില്ലാത്ത മണം തോന്നി. മറ്റാരുടേയോ മണമാണ്. മുറി അലങ്കോലമായും മറ്റാരൊക്കെയോ താമസിക്കാൻ എത്തിയതുപോലെയും തോന്നി. അച്ഛനെ നന്നായി മദ്യം മണക്കുകയും ചെയ്തിരുന്നു. പുകവലി വല്ലാതെ കൂടിയിരുന്നു. എപ്പോഴും കാണും വിരലുകൾക്കിടെയിലൊന്ന്.

ഡേ കെയറിൽ അന്നു ഞാൻ ചാരുകസേരയിൽ ഇരുന്ന് പാട്ടുപാടുകയായിരുന്നു. അപ്പോഴാണ് അമ്മ നടന്നുവരുന്നത്. ഞാൻ എഴുന്നേൽക്കുകയോ ഓടിച്ചെല്ലുകയോ ചെയ്തില്ല. അമ്മ കരയുകയോ തിടുക്കപ്പെടുകയോ ചെയ്തില്ല. മൂന്നു പൊലീസുകാരും ഒപ്പമുണ്ടായിരുന്നു. കെയർടേക്കർ പരിഭ്രമിക്കുന്നതും തെക്കുവടക്കു നടക്കുന്നതും കണ്ടു. പൊലീസുകാർ ശബ്ദമുയർത്തി അവരോട് എന്തോ പറയുകയും അവർ മനസ്സില്ലാ മനസ്സോടെ ഒരു കടലാസിൽ ഒപ്പിടുകയും ചെയ്തു. അച്ഛൻ നോക്കാൻ ഏൽപ്പിച്ച എന്നെ അമ്മയ്ക്കു കൊടുക്കാനുള്ള വിഷമമായിരുന്നിരിക്കണം അവർക്കെന്ന് ഇപ്പോഴെനിക്ക് അറിയാം. അവരെപ്പിരിയുമ്പോൾ ഒരു വികാരവും തോന്നിയില്ല. അവർ എന്നിലേക്ക് ഒട്ടും പ്രവേശിച്ചിരുന്നില്ല. കരയുകയോ ബഹളം വയ്ക്കുകയോ ചെയ്യാത്ത എന്നെ പരിഗണിക്കേണ്ട കാര്യം അവർക്കില്ലായിരുന്നു. സമയാസമയങ്ങളിൽ ഭക്ഷണം കഴിക്കുകയും ബാക്കി സമയം ഞാൻ ചാരുകസേരയിൽ ആടിയിരിക്കുകയും ചെയ്യും. അവർ വളരെ കഷ്ടപ്പെട്ട് ഒന്നോ രണ്ടോ തവണ 'ഇഥി' എന്ന് എന്നെ വിളിച്ചതല്ലാതെ മറ്റൊന്നും ഞങ്ങൾക്കിടയിൽ സംഭവിച്ചില്ല. അവർക്ക് ഋ വഴങ്ങിയില്ല.

ജീപ്പിൽ ഇരിക്കുമ്പോഴും അമ്മ ഒന്നും മിണ്ടിയില്ല. എന്റെ കൈ എടുത്തു മടിയിൽ വയ്ക്കുക മാത്രം ചെയ്തു. ഒരു കോടതി മുറിയിൽ എന്നെ നിർത്തി. നാട്ടിലെ കോടതിയിൽ നിന്ന് എന്റെ അവകാശി അമ്മയാണെന്ന ഉത്തരവിന് ലണ്ടനിലെ കോടതിയിൽ നിന്ന് അനുമതി വാങ്ങി മൂന്നാം ദിവസം ഞങ്ങൾ ഹോട്ടൽ മുറിയിൽ നിന്ന് പുറത്തിറങ്ങി. അപ്പോൾ അച്ഛൻ വരികയും എനിക്ക് ഒരു ചോക്ലേറ്റ് തരികയും ചെയ്തു. അമ്മയോട് 'അപ്പോൾ ശരി' എന്നു മാത്രം പറഞ്ഞു. അങ്ങനെ ഒരു ഒറ്റമുറി വീട്ടിലും ഡേ കെയറിലും പാർപ്പിക്കാൻ വേണ്ടി എന്തിനാണ് അച്ഛനെന്നെ കൊണ്ടുപോയത് എന്നുമാത്രം മനസ്സിലായില്ല. അമ്മയെ തോൽപിക്കാൻ മാത്രമാകണം.

മടങ്ങിവന്ന് ആ വലിയ വീട്ടിൽ ഞാനും അമ്മയും ജംബോയും മാത്രമായി. പിന്നെ കുറെ വർഷങ്ങൾ കഴിഞ്ഞ് അമ്മ അക്കഥ പറഞ്ഞു. ആദ്യമായി ഒറ്റയ്ക്കു വി

മാനം കയറിയത്, ലണ്ടനിലെത്തി എംബസിയുടെ സഹായം തേടിയത്, കോടതി ഉത്തരവ് വാങ്ങിയത്, മടക്കി കൊണ്ടുവന്നത് എല്ലാം. എന്തിനാണ് പിരിഞ്ഞത് എന്ന് ഞാൻ ചോദിച്ചില്ലെങ്കിലും എനിക്ക് ഒരു കാര്യം മനസ്സിലായി. അവർ യോജിക്കുകയേ ഇല്ലെന്ന്. അവിടെയും എനിക്കു സംശയം ഉണ്ടാകാതിരുന്നില്ല. അച്ഛൻ കൊണ്ടുപോയ എന്നെ തിരികെ എത്തിക്കാൻ ഇത്ര സാഹസം അമ്മ എന്തിനു ചെയ്തു? അച്ഛനെ തോൽപ്പിക്കുക എന്നല്ലാതെ മറ്റെന്തെങ്കിലും ഉള്ളതായി ഈ നിമിഷം വരെ എനിക്കു തോന്നിയിട്ടില്ല.

— 16 —

# ആരോൺ

സുശീലയ്ക്ക് ആശുപത്രിയിൽ നിന്നു വന്നിട്ടും തല നേരേ നിൽക്കുന്നുണ്ടായിരുന്നില്ല. ഋദ്ധിയുടെ കാൽക്കൽ അതേ കട്ടിലിൽ വളഞ്ഞു കിടപ്പാണ്. ശരണിപിടിച്ച രണ്ടു മാസം പ്രായമുള്ള കുട്ടിയാണെന്ന് സുശീലയ്ക്ക് സ്വയം തോന്നി. കൈകാൽ അലസം അനക്കി ഹൃദയം മാത്രം പ്രവർത്തിക്കുന്ന ജന്മകാലം. ഋദ്ധിയുണ്ടായ കാലത്തെ കഥകൾ അമ്മിണി പറഞ്ഞതാണ് അപ്പോഴൊക്കെ ഓർത്തത്.

ഋദ്ധിയുണ്ടായി ഇരുപത്തിയാറാം ദിവസമാണ്. ഭാർഗവൻ പതിവു സഞ്ചാരങ്ങൾ കഴിഞ്ഞു കടന്നു വന്നു. കുഞ്ഞിനെ ഇറയത്ത് തലയിണയിൽ കിടത്തി അമ്പിളി മുറ്റത്തുകൂടി നടക്കുകയാണ്. വയറുകീറിയില്ല എന്നേയുള്ളൂ. ഒട്ടും സുഖകരമായിരുന്നില്ല കുഞ്ഞിന്റെ പുറത്തേക്കുള്ള വരവ്. ദിവസവും പ്രസവിക്കാൻ നാൽപതു അൻപതു സ്ത്രീകൾ വരാന്തയിലെ സ്ട്രെച്ചറിൽ വരി കിടക്കുന്ന സർക്കാർ ആശുപത്രിയാണ്. രാവിലെ അഞ്ചരയ്ക്ക് ഒരു സ്ട്രെച്ചറിൽ കയറ്റി കിടത്തിയതാണ്. രണ്ടുദിവസമായിട്ട് വരാന്തയിൽ വിരിച്ച പായിലായിരുന്നു കിടപ്പ്. ഭാർഗവൻ അവിടേക്കൊന്നും വന്നതേയില്ല. അമ്മിണി കൂടെപ്പിറപ്പിന്റെ പേറെടുക്കാൻ എന്നതുപോലെ കാത്തുനിന്നു.

ഒൻപതുമണിയായതോടെ അമ്പിളിക്കു കിടക്കാൻ മേലെന്നായി. തള്ളവിരൽ മുതൽ സൂചികൊണ്ടു കുത്തുന്നതുപോലെ. പെട്ടെന്ന് ഇടനെഞ്ചിൽ നിന്ന് ആന്തൽ വന്നു എന്നാണ് അമ്പിളി പറഞ്ഞത്. പെറാത്ത സുശീലയ്ക്കും അമ്മിണിക്കും കൂടി അമ്പിളിക്കൊപ്പം കിട്ടിയ പേറ്റുനോവായിരുന്നു അത്. അമ്മിണി ഫ്ലാസ്കിൽ കട്ടൻ ചായ വാങ്ങാൻ പോയതായിരുന്നു. ചൂടുചായകൊണ്ട് ചുണ്ടെങ്കിലും നനയ്ക്ക പെണ്ണേ എന്നു പറഞ്ഞാണ് പോയത്. ആരും നോക്കുന്നില്ല. അമ്പിളി കൈവീശി.

അടുത്ത ചക്രക്കട്ടിലിൽ ഊഴം കാത്തു കിടന്ന സ്ത്രീയുടെ ഭർത്താവ് കണ്ടു. അയാൾ അടുത്തുവന്നു. അയാളുടെ മുഖം ഒരു പരിചയവുമില്ല. വേഗം വണ്ടിയുന്തുകയും നിരന്നു കിടന്ന ചക്രക്കട്ടിലുകളെ കടന്ന് പ്രസവമുറിയുടെ വാതിൽക്കൽ എത്തി

ക്കുകയും ചെയ്തു. വെപ്രാളത്തിൽ കാൽ രണ്ടുവശത്തേക്കും പോയതു് അയാൾ പിടിച്ച് നേരേയാക്കുകയും അലറിക്കരഞ്ഞപ്പോൾ നെറുകയിൽ തൊടുകയും ചെയ്തു. കണ്ടു വന്ന നഴ്സ് ‘ഇത്ര വേദന കൂടും വരെ വച്ചോണ്ടിരിക്കാൻ നിങ്ങൾക്കു തോന്നിയല്ലോ’ എന്നു് അയാളെ ചീത്തവിളിച്ച് വണ്ടി അകത്തേക്ക് കൊണ്ടുപോയി.

കാരുണ്യത്തോടെ സംസാരിക്കുന്നവരൊക്കെ കാഷ്വാലിറ്റികളിലാണ്. ഏറ്റവും പരുഷമായി പറയുന്നവരേയും എല്ലാ തെറികളും മുട്ടില്ലാതെ വായിൽ വരുന്നവരേയുമാണ് പ്രസവ വാർഡുകളിലേക്ക് നിയമിക്കുക എന്നു് അമ്പിളി വലിയ അറിവുപോലെ അമ്മിണിയോടു പറഞ്ഞിരുന്നു. അവർക്ക് ഇതൊരു തല്ലുകൊട്ടേഷൻ പോലെയാണ്.

കാല് അകത്തെടീ… എന്ന പ്രയോഗത്തിനൊപ്പം ഭാർഗവൻ രാത്രി പറയുന്ന വാക്കുകളിൽ ഒന്നു കൂടി വന്നു. അമ്മയ്ക്ക് പണി കൊടുക്കുന്ന പുത്രന്മാരല്ല സാമൂഹിക വിപത്ത്, പുത്രിയെ പ്രാപിക്കുന്ന പുരുഷന്മാരാണെന്നു് അറിഞ്ഞൊരു തെറി മലയാളത്തിൽ ഉണ്ടായിട്ടില്ലെന്നു് സുശീലയ്ക്ക് തോന്നിയിട്ടുണ്ട്. വെകളി പിടിച്ചവർക്കും പേറെടുക്കാൻ നിൽക്കുന്നവർക്കുമൊന്നും അതിനു മാത്രമുള്ള ഭാവന ഉണ്ടായിട്ടില്ല.

ശ്വാസം ആഞ്ഞുപിടിച്ച് തള്ളാൻ പറഞ്ഞിട്ടും എന്തോ വിലങ്ങിയതുപോലെ അമ്പിളിക്ക് അനങ്ങാൻ കഴിഞ്ഞില്ല. കുഞ്ഞ് ചവിട്ടിക്കുതിച്ച് പോരാൻ മാത്രം തല പുറത്തേക്കിട്ടല്ല കിടപ്പെന്നു് ഡോക്ടർക്ക് മനസ്സിലായി. പുറത്തേക്കുള്ള പാതി യാത്ര കഴിഞ്ഞ കുഞ്ഞുമായി ഇനി ശസ്ത്രക്രിയാ മുറിയിലേക്കു മാറ്റുന്നതും ഇടങ്ങേറാണ്. മോള് വിചാരിച്ചാലേ പറ്റൂ എന്നു് ഡോക്ടർ. അതൊരു പുരുഷ ഡോക്ടറാണ്. പ്രസവമെടുക്കുന്ന അപൂർവം പുരുഷ ഡോക്ടർമാരിൽ ഒരാൾ. ഡോക്ടർമാർക്കും നഴ്സുമാർക്കും സ്വാകാര്യ ഭാഗങ്ങൾ കണ്ടാൽ ഒന്നും തോന്നാൻ പാടുള്ളതല്ല. അവർ യന്ത്രഭാഗങ്ങൾ എന്നതുപോലെയാണല്ലോ ഓരോ അവയവത്തേയും കാണുകയും നട്ടും ബോൾട്ടും ഇട്ടൈന്നതുപോലെ മുറുക്കുകയും ചെയ്യുന്നത്.

നഴ്സുമാർ അമക്കി മൂളെടീ… എന്നു് പലമാനങ്ങളുള്ള തെറിക്കൊപ്പം വിളിച്ചുപറഞ്ഞു. ചരിഞ്ഞകട്ടിലിൽ അത്തിക്കാട്ട് നാഗയക്ഷിക്ക് നൂറുംപാലും നേർന്ന് സർവശക്തിയും എടുത്തു എന്നാണ് അമ്പിളിയുടെ പ്രസവത്തെക്കുറിച്ചുള്ള അവസാന ഓർമ.

ഉണരുമ്പോൾ അടുത്ത് കുഞ്ഞുണ്ട്. അമ്മിണി അടുത്തും.

ഒരുപാട് കഷ്ടപ്പെട്ടാണ് പുറത്തെടുത്തതെന്നു് ഡോക്ടർ പറഞ്ഞതായി അമ്മിണി അമ്പിളിയോടു പറഞ്ഞു. ആ മൂന്നുനാലു മണിക്കൂർ ഉണ്ടാക്കിയ ആഘാതത്തിൽ പ്രസവം കഴിഞ്ഞെത്തിയിട്ടും അമ്പിളി കിടപ്പുതന്നെയായിരുന്നു. ഇരുപത്തിയെട്ടിന് കുഞ്ഞിന് ചരടു കെട്ടണം, പേരിടണം എന്നു് അമ്മിണിയാണ് പറഞ്ഞത്. ഭാർഗവൻ കുത്തുകല്ലു കേറി വരുന്നത് അമ്മിണി മുറ്റത്തു നിന്നു കണ്ടു. പതിവുപോലെ കോളാമ്പി ശബ്ദത്തിലാണ് ചോദ്യം. ‘എന്നാ പേരാടി എന്റെ കൊച്ചിനു നീ ഇടുന്നത്’.

അമ്പിളി അതിനു കൊടുത്ത മറുപടിയാണ് അമ്മിണി അവളുടേതായി അവസാനം കേട്ടത്.

'കൊച്ച് നിങ്ങടെയാണെന്ന് എന്താ ഉറപ്പ്.'

പതിവായി കേൾക്കാറുള്ളതുപോലെ ആ... എന്നൊരു അലർച്ച കേട്ടു. പെറ്റെണീറ്റ് ഇരുപത്തിയാറു ദിവസം മാത്രമായ ആ പെണ്ണിന്റെ തുണികൾ പതിവുപോലെ വലിച്ചുപൊട്ടിച്ച് ഭാർഗവൻ കടന്നുകയറുകയായിരിക്കും എന്നേ അമ്മിണിക്കു തോന്നിയുള്ളൂ.

പത്തിരുപതുമിനിറ്റു കഴിഞ്ഞ് ഭാർഗവൻ വന്ന വേഗത്തിൽ കുത്തുകല്ല് ഇറങ്ങിപ്പോകുന്നതു കണ്ടതോടെയാണ് ചെന്നു നോക്കുന്നത്. മുറ്റത്ത് പുരത്തറേലേയ്ക്കു തലവച്ച് കാലു നീട്ടിയിരിക്കുന്നതുപോലെ അമ്പിളി. കണ്ണുകൾ മിഴിഞ്ഞിരുന്നു. വായുടെ കോണിലൂടെ നുര ഒഴുകിയിരുന്നു. അരമണിക്കൂറിനുള്ളിൽ ഭാർഗവൻ ശവദാഹക്കാരുമായി എത്തി. വിക്രമനും തങ്കപ്പനും കല്യാണം നടത്തുന്നതുപോലെ ഉൽസാഹിച്ചു.

അവർ കൊണ്ടുവന്നു മുറ്റത്തുവച്ച ഇരുമ്പുപെട്ടിയിൽ നിറയെ ചിരട്ടകളും കരിയും. അതിനു മുകളിലേക്ക് അമ്പിളിയെ എടുത്തു കിടത്തി. അപ്പോഴേക്കും ഭാർഗവൻ മൂന്ന് ജവാൻ കൊണ്ടുവരികയും ഒരു ചരുവത്തിൽ ഒഴിച്ച് വെള്ളം പകരുകയും ചെയ്തു. കപ്പുകൊണ്ടും ഗ്ലാസുകൊണ്ടും മുക്കി കുടിക്കുന്നതിനിടെ അവർ പെട്ടി മൂടി. ഭാർഗവൻ ഭാര്യയുടെ ചിതയ്ക്കു തീ കൊടുത്തു. മരിച്ച് മണിക്കൂറൊന്നു തികയും മുൻപ് അമ്പിളി കത്താൻ തുടങ്ങി. പേറിനു ചോരപോയി ചത്തതാണെന്നു പിറ്റേന്നു ചോദിച്ച ഒന്നുരണ്ടുപേരോട്ട് ഭാർഗവൻ പറഞ്ഞു. പേറുകഴിഞ്ഞ് ഇരുപത്തിയാറാം നാളിലാണോ ചോരപോകുന്നതെന്ന് ആരും ചോദിച്ചില്ല.

പെരിയാർ ടീ കമ്പനി മാനേജിങ് ഡയറക്ടർ സ്ഥാനം രാജിവച്ച ലണ്ടനിൽ പോയ ഭാർഗവന്റെയും ആ കമ്പനിയുടെ നടത്തിപ്പുകാരിയായ സുശീലയുടെയും മകളുടെ ജന്മത്തിലാണ് ഋദ്ധി കോളജ് അധ്യാപികയായത്. അമേരിക്കയിൽ മാരിടൈം എൻജിനിയറിങ് പഠിക്കാൻ പോയി മുഷിഞ്ഞ് ഫിലോസഫിയിലേക്കു തിരിഞ്ഞതാണ്. ശരിക്കുള്ള ജന്മത്തിനും അതിൽ നിന്നുള്ള കപ്പൽ യാത്രയ്ക്കും എന്തായാലും തുടർച്ചകൾ ഋദ്ധിയിൽ ഉണ്ടായിക്കൊണ്ടേ ഇരുന്നു.

കടൽ ശാന്തമാണ്. ഇടയ്ക്കു പുളച്ചുവരുന്ന കടൽപ്പന്നികൾ, തിരണ്ടികൾ.

സ്രാവിനെ പേടിച്ചെന്നതുപോല വഴിതെറ്റി തിരയിൽ വന്ന ഒരു കടലാമ നൗകയുടെ അമരത്ത് കടലിലേക്കു നോക്കി ഇരുന്നു. വെള്ളത്തിൽ വൻമീനുകളുടെ അനക്കമില്ലാത്ത നിമിഷത്തിൽ ചാടാൻ കൊതിച്ചുള്ള ഇരിപ്പാണ്. ത്രയ മൺചട്ടിയിലേക്ക് അതിനെ തട്ടിയിട്ടു. അതിന് എവിടെയെങ്കിലും അകപ്പെട്ടതായി തോന്നിയതേയില്ല. ഇതുവരെ കെണികൾ കണ്ടിട്ടില്ലാത്ത കടൽജന്മത്തിന് ചട്ടിയും പുതിയൊരു കടലായി.

"അടടാ... ഭാർഗവൻ ഒന്നാന്തരം കമ്യൂണിസ്റ്റാടാവ്വേ..."

ദ്വാദശി നൗകയുടെ തട്ടിൽ കൈവീശി അടിച്ച ചിരിക്കാൻ തുടങ്ങി.

“മേരി ബേൺസിനെ ഏംഗൽസ് കൂടെക്കൂട്ടി. കല്യാണമൊന്നും കഴിച്ചില്ലാരുന്നല്ലോ. ഉവ്വോ... ഇല്ല... ഭാർഗവൻ അമ്പിളിയെ കൂടെക്കൂട്ടി. മൂപ്പരും കല്യാണമൊന്നും കഴിച്ചില്ലാരുന്നല്ലോ... ഇല്ല... മേരി ബേൺസ് മരിച്ചപ്പോ ഏംഗൽസ് എന്തു ചെയ്തു. നേരേ പോയി അനിയത്തി ലിസി ബേൺസിനെ ഒപ്പം കൊണ്ടുവന്നു.”

ദ്വാദശി വലിച്ചുകീറുന്നതു സ്വന്തം ജീവിതമാണെങ്കിലും ഋദ്ധി രസിച്ചു കേട്ടു.

“അതുപോലെ ഭാർഗവനും പോയി സുശീലയെ സ്വന്തം ലിസി ബേൺസാക്കി.” ദ്വാദശി ഒരു നല്ല ലഹരിപോലും അടിക്കാതെ ഉത്തേജിത ആവുകയും നൗകയുടെ വശങ്ങളിൽ അടിക്കുകയും ചെയ്തു.

“ങാ... തീർന്നില്ലന്നേ... വീട്ടുകാര്യം നോക്കാൻ മേരി എല്ലനെ കൊണ്ടുവന്നു... ആര്... നമ്മുടെ അമ്മിണി തന്നെ...” ദ്വാദശി ഒരു കുനുഷ്ട് പറഞ്ഞ നിർവൃതിയിൽ ഒറ്റക്കണ്ണ് ഇറുക്കിയടച്ചു.

ത്രയ തിരകൊണ്ടുവന്ന കാക്കത്തിരണ്ടിയെ പൊള്ളിച്ചെടുക്കാനുള്ള ഒരുക്കത്തിലായിരുന്നു. ഋദ്ധി ഊറിച്ചിരിച്ചതേയുള്ളു. ദ്വാദശി ദൂരെ ഒരു കപ്പൽ പതാകയിലേക്കു കൈചൂണ്ടി. ത്രയ ബൈനോക്കുലർ എടുത്തു. ഋദ്ധിയും സൂക്ഷിച്ചു നോക്കി.

**ഋദ്ധി:** “ആ കപ്പലിന്റെ വഴിയിൽ നിന്ന് നമ്മൾ മാറിപ്പോവുകയാണ്.”

കിഴക്കോട്ടു പോയിരുന്ന നൗക നാൽപ്പത്തിയഞ്ചു ഡിഗ്രി തിരിച്ച് വടക്കോട്ട്.

**ത്രയ:** “അവർ ആഫ്രിക്കൻ കൊള്ളക്കാരാകും.”

**ഋദ്ധി:** “ആഫ്രിക്കൻ കൊള്ളക്കാർക്ക് മുതല് മതി. അതു നമ്മുടെ കയ്യിലില്ലെന്നു കാണുന്നതോടെ പൊയ്ക്കോളും. ഇതു ലൈസൻസുള്ള നാവികരാണ്. ആഴ്ചകളും മാസങ്ങളുമായി പെണ്ണുങ്ങളെ കാണാതെ വരുന്നവർ. ഓരോരുത്തരിലും പത്തു ഭാർഗവന്മാർ കിടപ്പുണ്ടാകും. അവർ നമ്മളെ അമ്പിളിയും സുശീലയും അമ്മിണിയുമാക്കും.”

“ഇങ്ങനെ പൊയ്ക്കൊണ്ടിരിക്കുമ്പോൾ നമുക്ക് ഇണചേരാൻ വികാരങ്ങളുണ്ടാവില്ലേ”: ത്രയ.

“ഹിപ്പപ്പൊട്ടാമാസ് മൂന്നാണ്ടിലൊരിക്കലാണ് ഇണചേരുന്നത്”: ഋദ്ധി

“മനുഷ്യൻ അങ്ങനെയല്ല”: ത്രയ.

“ആരുപറഞ്ഞു?”: ഋദ്ധി.

“ഭക്ഷണവും ഇണചേരലും ആണ് നമ്മുടെ ആവശ്യങ്ങൾ”: ത്രയ.

“പശുവിന് വച്ചുണ്ടാക്കാൻ കഴിയാത്തതുകൊണ്ട് അതു പുല്ലു തിന്നുന്നു”: ഋദ്ധി.

“എനിക്കു മനസ്സിലാകുന്നില്ല”: ത്രയ.

“നമുക്കും മേഞ്ഞു പുല്ലു തിന്നാം. വിതയ്ക്കാതെയും, കൊയ്യാതെയും, മെതിക്കാതെയും, വയ്ക്കാതെയും കഴിയാം”: ഋദ്ധി.

“വീണ്ടും നിയാണ്ടർത്താൽ മനുഷ്യനാകാനാണ് നിന്റെ ക്ഷണം”: ത്രയ.

“ഒരു ബാധ്യതകളുമില്ലാത്തവർ. നമ്മൾ നവയുഗ മനുഷ്യർ”: ഋദ്ധി.

**ദ്വാദശി:** "അവിടെ നമ്മൾ കടലാമയെ കളിക്കൂട്ടുകാരനാക്കും."

ദ്വാദശിയുടെ കൈത്തണ്ടയിൽ അതു ചുണ്ടുമുട്ടിച്ചു. ദ്വാദശി വെള്ളിനിറമുള്ള ആ കടലാമയെ തട്ടിലേക്കിറക്കി വിട്ടു. അത് പരിചയക്കേടൊന്നുമില്ലാതെ ഋദ്ധിയുടെ കാൽവിരൽത്തുമ്പിൽ മണത്തു.

"ആ എഴുപത്തിയഞ്ചു പേർ എവിടെ എത്തിയിട്ടുണ്ടാകും?": ത്രയ.

"വീണ്ടും ഏതെങ്കിലും ജയിലിൽ": ഋദ്ധി.

"അല്ലെങ്കിൽ വെടിയുണ്ടകളിൽ തീർന്നു കാണും": ദ്വാദശി.

"ഇതു രണ്ടുമല്ലെങ്കിലോ?": ത്രയ.

"സമുദ്ര വിഷം കലക്കി കൊന്ന് കടലിലിട്ടിട്ടുണ്ടാകും": ദ്വാദശി.

"ദശയ്ക്കു കാശുണ്ടാക്കി ജീവിക്കാൻ വലിയ കൊതിയായിരുന്നു": ദ്വാദശി.

"പെണ്ണുങ്ങളെ സമുദ്ര കൊണ്ടുപോയിട്ടുണ്ടാകും, കരയണയും വരെ കൊതി തീർക്കാൻ": ത്രയ.

"പ്രഫഷനൽ കള്ളന്മാർ സ്വയംതൊഴിൽ തസ്കരരെ വാഴാൻ വിടില്ല": ഋദ്ധി.

— 17 —

# മനഞ്ഞിൽ

ഈയിടെയായി ഋദ്ധി എന്ന ഞാൻ കുഴഞ്ഞുമറിയുകയാണ്.

നന്ദിനി എന്റെ ചെവിയിലേക്കു ചുണ്ടു ചേർത്തു.

"നീ ആണായിരുന്നെങ്കിൽ നമ്മൾ കല്യാണം കഴിക്കുമായിരുന്നോ?"

"പെണ്ണുങ്ങൾക്കും കല്യാണം കഴിക്കാം": ഞാൻ.

"എനിക്ക് ആണിനൊപ്പം മതിയെന്നാണ് തോന്നുന്നത്": അവൾ.

"ഞാൻ ആലോചിച്ചിട്ടേയില്ല": ഞാൻ.

"പെരുംനുണ": അവൾ.

ഞാൻ മിണ്ടിയില്ല.

"വയസ്സറിയിക്കുന്ന പ്രായമെത്തുമ്പോൾ ഉള്ളിലെങ്കിലും ഒരുത്തനെ കാണാത്ത പെണ്ണുണ്ടാകില്ല": അവൾ.

ഞാൻ മൗനം തുടരാൻ തീരുമാനിച്ചു. പക്ഷേ, ഉള്ളിൽ ഉത്തരം പുളച്ചുവന്നു:

"നിനക്ക് വിശ്വസനീയം എന്നു തോന്നുന്ന കാലത്തു മനസ്സിലാക്കു. ഞാൻ നമ്മുടെ പത്താം ക്ലാസ് പരീക്ഷ കഴിഞ്ഞ ഈ രാത്രി വരെ എന്തു പഠിക്കണം എന്ന് ആലോചിച്ചിട്ടില്ല. ആരാകണം എന്ന് ചിന്തിച്ചിട്ടില്ല. എവിടെയൊക്കെ പോകണം എന്ന് സ്വപ്നം കണ്ടിട്ടില്ല. ഏതെങ്കിലും പുരുഷന്റെ പങ്കാളിയാകണോ എന്ന് ആലോചിച്ചിട്ടില്ല. ഏതെങ്കിലും സ്ത്രീയുടെ ഒപ്പമായാലോ എന്നു തുലനം ചെയ്തിട്ടില്ല. അമ്മ പോയാൽ എനിക്കാര് എന്ന് ആലോചിച്ചിട്ടില്ല. സിസ്റ്റർ ഇല്ലെങ്കിൽ ഇനി എന്ത് എന്നു സങ്കല്പിച്ചിട്ടില്ല. വീടു കെട്ടണം എന്നു തോന്നിയിട്ടില്ല. വണ്ടി വാങ്ങാൻ മോഹമേയില്ല. അടുത്ത നിമിഷം എനിക്കു പച്ചവെള്ളം കുടിക്കാൻ തോന്നിയേക്കാം. ചിലപ്പോൾ എടുത്തുകുടിക്കുന്നതു ചൂടുവെള്ളവുമാകാം. അതിനടുത്ത നിമിഷത്തെക്കുറിച്ച് ആധിയില്ലാതെ വളരാൻ പറ്റിയതാണ് എന്റെ മഹാഭാഗ്യം."

ബിനോയി മൈതാനത്തു നിന്ന് പാചകപ്പുരയിലേക്കിറങ്ങുന്ന പടിയിൽ ഇരുന്നു.

ആൻസി പിന്നിലൂടെ വന്ന് തോളിൽ കയ്യിട്ട് അടുത്തിരുന്നു.

**ആൻസി:** "സുശീലയെ വിവാഹം കഴിക്കണം എന്ന് തോന്നിയിരുന്നില്ലേ?"

**ബിനോയി:** "ഇല്ല."

**ആൻസി:** "പക്ഷേ, ഒപ്പം ശയിക്കുന്നതായി വിചാരിച്ചിട്ടുണ്ട്."

**ബിനോയി:** "ഉണ്ട്."

**ആൻസി:** "എനിക്കും പലരോടും തോന്നിയിട്ടുണ്ട്."

**ബിനോയി:** "എന്താണ് എന്നെ സംശയിക്കാത്തത്."

**ആൻസി:** "രാത്രി ആശുപത്രി ജോലിക്കു പോകുന്ന എന്നെ ഒരിക്കൽ പോലും വിളിച്ച് എവിടെയാണെന്ന് തിരക്കാത്തതുകൊണ്ട്."

ബിനോയി കേൾവിക്കാരനായി.

**ആൻസി:** രാത്രി ഒപ്പം ജോലിചെയ്യുന്ന നഴ്സുമാരെ ഓർക്കാപ്പുറത്ത് ഭർത്താക്കന്മാർ വിഡിയോ കോളിൽ വിളിക്കും. അവർക്ക് ഫോണിൽ മുഖം മാത്രം കണ്ടാൽ പ്പോര. ഒപ്പം ആരൊക്കെയുണ്ടെന്ന് കൂടിയറിയണം. ഫോൺ പെണ്ണിന് താലിയേക്കാൾ വലിയ മാരണമാണ്. എപ്പോഴും കൊണ്ടുനടക്കുകയും ലൊക്കേഷനുകൾ വിഡിയോ ആയി അറിയിക്കുകയും വേണം.

ബിനോയിക്കു ചിരി വന്നില്ല. പരസ്പരം പാസ്‌വേഡുകൾ അറിയാവുന്ന ഭാര്യയും ഭർത്താവുമാണോ ശരി? അതോ ഭാര്യയുടെ ഫോൺ ഭാര്യക്കും എന്റെ ഫോൺ എനിക്കും എന്ന് അതിർത്തി നിശ്ചയിച്ച് സാമന്ത രാജ്യങ്ങളെ പരസ്പരം സ്വതന്ത്രരാക്കുന്നവരോ?

**ആൻസി:** "സുശീല പരിഭ്രമത്തോടെ നിങ്ങളെ നോക്കിയ ആ നിമിഷമുണ്ടല്ലോ. എന്തൊരു കണ്ണാണ്. ഈ പുരുഷന്മാർ എന്താണ് കണ്ണുകൾ നോക്കി പ്രേമിക്കാത്തത്. ശരീരത്തിൽ എന്തിരുന്നിട്ടാണ്."

**ബിനോയി:** "സുശീലയുടെ ഒരു കണ്ണിൽ കായലും മറുകണ്ണിൽ കടലുമാണ്."

ആൻസി ബിനോയിയെ നോക്കി.

**ബിനോയി:** "നിന്റെ കണ്ണുകൾ ഞാനിതുവരെ കണ്ടിട്ടില്ല."

ആൻസി ബിനോയിയുടെ തോളിലേക്ക് തലചായ്ച്ചു.

ബുദ്ധിക്കും വലിയ സംശയം ബാക്കിയുണ്ടായിരുന്നു. കൂലിത്തല്ലുകാരനായ ഭാർഗവന്റെ ഭാര്യയായിരിക്കുന്ന ജന്മത്തിലാണോ, തടിപ്പണിക്കാരനായ ഭാർഗവന്റെ ഭാര്യയായിരിക്കുന്ന ജന്മത്തിലാണോ, തേയില കമ്പനി എംഡിയായിരുന്ന ഭാർഗവന്റെ ഭാര്യയായിരിക്കുന്ന ജന്മത്തിലാണോ സുശീല അഗമ്യഗമനത്തിനു സന്നദ്ധയാവുക?

'മോഹിച്ച കര കിടക്കുമ്പോൾ അടുക്കളപ്പണി കഴിയാത്ത മുഷിപ്പിൽ തിര അടുപ്പിൻപാദത്തിൽ തലചായ്ച്ച് ഉറങ്ങുകയാകും. പാതിരാ കഴിയുമ്പോൾ അയ്യോ മറന്നല്ലോ എന്ന ആധിയിൽ വാരിക്കെട്ടി കരയിലേക്കുള്ള വരവുണ്ട്. ആ കുളിരു മായും മുൻപ് അടുത്തത്, പിന്നെയും പിന്നെയും പുലരിവരെ... നീയില്ലാതെ വയ്യെനിക്കെന്ന തിരയോടു വിതുമ്പാതിരിക്കാൻ ഏതു കരയ്ക്കാകും.'

നന്ദിനിയുടെ നോട്ടുപുസ്തകത്തിൽ നിന്ന് ആ കടലാസ് മാത്രം ഞാൻ കീറിയെടുത്തു. പന്ത്രണ്ടാം തരം കഴിയുന്നതിനു മൂന്നോ നാലോ ദിവസം മുൻപാണ്. കുടുംബിനിയാകാനാഗ്രഹിക്കുന്ന അവളെ ഓർക്കാനുള്ള കൗതുകത്തിന് ചെയ്തതാണ്. ഇത്ര വലിയ ആഘാതം കടന്നുവന്നിട്ടും അവൾ ഒരു പുരുഷനൊപ്പം ജീവിക്കാൻ കൊതിച്ചു. പാതിരാവരെ അടുക്കള നോക്കുന്നതും പിന്നെ തളർച്ച വകവയ്ക്കാതെ ചെന്നുണർത്തി അവന്റെ അഭിനിവേശം തീർക്കുന്നതും അടുത്ത ദിവസവും എല്ലാം ഇതുപോലെ ആവർത്തിക്കുന്നതും അവൾക്കു മുഷിയില്ലെന്നു തീരുമാനിച്ചതായി തോന്നി. അതോ ഒരിക്കലും ഇനി കിട്ടില്ലെന്ന് ഉറപ്പിച്ച നല്ല ദാമ്പത്യത്തിനായി അവൾ വ്യഥാകണ്ട മോഹങ്ങളോ?

നന്ദിനിയും അമ്മയും അനിയനും മഠത്തിന്റെ മുറ്റത്ത് നിന്നു. അവർക്കു പോകാനായി ഒരു കാർ വന്നിട്ടുണ്ട്. കാർ അയച്ചത് അമ്മാവന്റെ മകനാണ്. അവൾ കൊടുത്ത കേസിൽ ശിക്ഷയനുഭവിക്കുന്ന ഒന്നാം പ്രതിയുടെ മകൻ. അമേരിക്കയിൽ താമസമാക്കിയ അവർ ഇവരേയും കൊണ്ടുപോവുകയാണ്.

സിസ്റ്റർ സന്ധ്യക്ക് അതു തീർത്തും ഉൾക്കൊള്ളാനായില്ല. ചതിക്കാനല്ലാതെ മറ്റെന്തിനാണ് എന്നു പറഞ്ഞുകൊണ്ടേ ഇരുന്നു. അത്ഭുതപ്പെടുത്തി തീർപ്പുണ്ടാക്കിയത് സിസ്റ്റർ ഫിലോമിനയാണ്. 'ഈ മഠത്തിൽ കിടന്നാൽ അവർക്കത് ആയുഷ്കാല മരണമാണ്. ജന്മം മുഴുവൻ ചത്തുകൊണ്ടിരിക്കും. ഇതൊറ്റദിവസത്തേക്കാണെങ്കിലും അവരു് പോയി ജീവിക്കട്ടെ.'

നന്ദിനിയേക്കാൾ അഞ്ചോ ആറോ വയസ്സു മാത്രം കൂടുതലുള്ള വിവേക് രണ്ടാഴ്ച മുമ്പു വന്നു കാര്യങ്ങൾ തീർപ്പാക്കുമ്പോൾ വലിയ പക്വമതിയെപ്പോലെ തോന്നിച്ചു. 'നിങ്ങൾ സംശയിക്കും എന്നറിയാം സിസ്റ്റർ. ഞാൻ ഇവരെ കൊണ്ടുപോകുന്നത് ഇവിടെയുള്ളതുപോലെ സദാചാര വാഴ്ചയുള്ള നാട്ടിലേക്കല്ല. ഇവർക്കു സംഭവിച്ചത് ഇവരുടെ തെറ്റായി ആരും കരുതാത്ത നാടാണ്. അതുമാത്രമാണ് ഞാൻ അവർക്കു കൊടുക്കുന്ന വിലാസം. എന്റെ അച്ഛൻ ചെയ്ത തെറ്റിനു പരിഹാരം ചെയ്യാനൊന്നും ഞാൻ വിചാരിച്ചാൽ നടപ്പില്ല. ഞാൻ കൊണ്ടുപോയതിന്റെ പേരിൽ അവർ അയാളോടു ക്ഷമിക്കാനും പോകുന്നില്ല. അയാൾ ഇവിടെ ജയിലിലും ഇവർ അവിടെ അയാളുടെ ഫ്ലാറ്റിലും ജീവിക്കട്ടെ എന്നേ കരുതിയുള്ളൂ.'

നന്ദിനി വേണമെന്നോ വേണ്ടെന്നോ പറഞ്ഞില്ല. ആ ദുരന്തം കഴിഞ്ഞ് അവൾ നേടിയെടുത്ത ധൈര്യവും കൂസലില്ലായ്മയുമൊക്കെ കുറച്ചായി കാണാനില്ലായിരുന്നു. പന്ത്രണ്ടാം ക്ലാസിൽ എത്തിയപ്പോഴേക്കും ഓരോ ചുവടും ഭയത്തോടെ വച്ചിരുന്ന

പെണ്ണായിരുന്നു അവൾ. പിരിയാൻ നേരത്ത് ജൂവൽ അവളോടു ചോദിച്ചു: "വിവേക് നിന്റെ മുറച്ചെറുക്കനാണോ?"

അപ്പോൾ മാത്രം അവൾ ഉണരുകയും "അല്ല എന്റെ കൂട്ടുകിടപ്പുകാരനാണ്" എന്നു പറഞ്ഞു നടന്നു പോവുകയും ചെയ്തു.

ജയിലിൽ കിടക്കുന്ന അച്ഛന് ഒരു കത്തുപോലും അയയ്ക്കാതെയാണ് അവർ പോയത്. അയാൾ പുറത്തിറങ്ങും വരെ ഇവർ എവിടെയുണ്ടെന്നു ചിലപ്പോൾ അറിഞ്ഞെന്നു വരില്ല.

നന്ദിനിയും അനിയനും പോകുന്ന ദിവസം എനിക്കു വിഷമമാകുമോ എന്ന് ഒരു സംശയമുണ്ടായിരുന്നു. ഒന്നും സംഭവിച്ചില്ല. വിമാനത്താവളത്തിൽ നിന്നു മടങ്ങും വഴി സിസ്റ്റർ ഒരു ഐസ്ക്രീം പാർലറിനു മുന്നിൽ ജീപ്പ് നിർത്തി. ഞാൻ വാങ്ങിവന്ന രണ്ടു പിസ്റ്റാഷ്യോ നട്സ് ക്രീം ഞങ്ങൾ വണ്ടിയിലിരുന്നു കഴിച്ചു. അതിനു ശേഷം കടൽത്തീരത്തേക്കു ജീപ്പിറക്കുകയും ഡ്രൈവ് ഇൻ ബീച്ചിലൂടെ അരമണിക്കൂർ വട്ടംചുറ്റുകയും ചെയ്തു. ജീപ്പിനുള്ളിലേക്കു തിരയടിച്ചു കയറാൻ സിസ്റ്റർ സന്ധ്യ കൂടുതൽ കൂടുതൽ കടലിനോട്ട് ചേർത്ത് ഓടിച്ചു. ഓരോ തിരയ്ക്കുമൊപ്പം ഞങ്ങൾ ചിരിക്കാൻ തുടങ്ങി.

സുശീല രാത്രി കയറിവരുമ്പോൾ ജൂവൽ ഒന്നാം പടിയിൽ നിൽക്കുന്നു.

സുശീല താഴത്തെ പടിയിൽ തന്നെ നിന്നു. അവൻ ഇറങ്ങിവരികയും 'അമ്മ...' എന്നു ശബ്ദം താഴ്ത്തി പറഞ്ഞ് ബൈക്കിലേക്കു കയറുകയും ചെയ്തു. ഋദ്ധി മുറിക്കുള്ളിൽ നിന്നു വന്ന് ആദ്യത്തെ പടിയിൽ ഇരുന്നു. സുശീല പടികയറി അടുത്തു ചെന്ന് ഒപ്പം ഇരുന്നു. ഓഫിസിലെ നീണ്ട യോഗങ്ങളുടെ ക്ഷീണം ഉണ്ടായിരുന്നു. പപ്പി ഓടിവന്ന് തൊട്ടുതാഴെയുള്ള പടിയിൽ വാലാട്ടി കിടന്നു. ജംബോ ചത്ത ശേഷം മൂന്നാമത്തെ നായയാണ്. പോമറേനിയൻ മതി എന്നതു ഋദ്ധിയുടെ തീരുമാനം ആയിരുന്നു.

**സുശീല:** "ജൂവൽ ഇവിടെ വരുന്നതു നിനക്കു പിന്നെയൊരു വിഷമമായി തോന്നരുത്."

**ഋദ്ധി:** "ഈ നാട്ടുകാരേ ഓർത്താണോ അമ്മ അതു പറഞ്ഞത്."

**സുശീല:** "ഈ നാട്ടുകാരെ ഞാനുണ്ടോ കാര്യമാക്കുന്നു?"

**ഋദ്ധി:** "എന്നെ ബാധിക്കുമോ എന്നാണെങ്കിൽ അതു ജൂവൽ വഴി ഒരിക്കലുമില്ല. അവന് ഒന്നിനും ധൈര്യമില്ലാത്ത പോങ്ങനാണ്. സ്വന്തം ബൈക്ക് ചന്തയിലെ പാർക്കിങ് ഗ്രൗണ്ടിൽ വച്ച് മറ്റൊരാളുടെ വണ്ടിയും ഹെൽമെറ്റും ജാക്കറ്റും വെച്ചു വന്നതാണ്. ഇങ്ങനെ വന്നാൽ ആരും തിരിച്ചറിയില്ലെന്നൊക്കെയാണ് വിചാരം. ഒളിസേവയ്ക്കു വന്നതാണോ എന്നു ഞാൻ ചോദിച്ചപ്പോൾ ഉള്ള കാറ്റും കൂടി പോയി ഇവിടെ ചുരുണ്ടിരിക്കുകയായിരുന്നു."

സുശീലയ്ക്ക് ഋദ്ധിയെ ഒരു കാലത്തും സംശയം തോന്നിയിട്ടില്ല. അവൾ കണ്ണാടി പോലെ അകംകാണാവുന്ന കുട്ടിയാണ്. വിൻസന്റ് ഒരിക്കൽ ഇവിടെ കയറി വന്ന

പ്പോൾ അവൾ മുന്നിൽ വച്ചു തന്നെ പറയുകയും ചെയ്തു: "ഞാനുണ്ട് എന്നു പേടിച്ച് അങ്കിൾ പകൽ വരാതിരിക്കേണ്ട."

**ഋദ്ധി:** "ജൂവലിന് നന്ദിനിയോട് വിഡിയോകോളിൽ സംസാരിക്കണം. ഇവൻ വിളിച്ചാൽ അവൾ ഫോൺ എടുക്കില്ല. എന്നെക്കൊണ്ടു വിളിപ്പിക്കാൻ വന്നതാണ്."

**സുശീല:** "ഈ നാടുതന്നെ വിട്ടുപോയ അവളെ ഇനിയും കിട്ടുമെന്ന് അവൻ കരുതുന്നുണ്ടോ?"

**ഋദ്ധി:** "അമ്മയ്ക്കറിയില്ലേ ഇവിടുത്തെ ആൺപിള്ളേര് ഇത്രയേ ഉള്ളൂവെന്ന്. ചെറുപ്പത്തിൽ തോന്നിയ ക്രേസിൽ പെട്ടുകിടക്കുന്ന പെമ്പിള്ളേര് വീണാലല്ലാതെ ഇപ്പോഴത്തെ ആണുങ്ങൾക്കൊന്നും പിന്നയാരേം വീഴിക്കാനുള്ള സംഭവം കയ്യിലില്ല. ഓരോരുത്തർ കാണിക്കുന്ന കോപ്രായം കണ്ടു ഞങ്ങൾ ചിരിച്ചു കുഴമറിയും."

**സുശീല:** "നിന്റെ പരിപാടികൾ എന്നോടു പറയാനുള്ള സമയം ആയോ?"

**ഋദ്ധി:** "മാരിടൈം എൻജിനിയറിങ്, മസാച്ചുസെറ്റ്സ്. സുശീലാമ്മ ഉണ്ടാക്കിവച്ച കാശു കുറേ ഞാനിറക്കും."

**സുശീല:** "നിന്റെ അച്ഛൻ വിചാരിച്ചിട്ട് മുത്തച്ഛൻ ഉണ്ടാക്കിയ കാശ് കൊണ്ടുപോകാൻ പറ്റിയില്ല. പിന്നെയല്ലേ നീയ്."

ഭാർഗവൻ മരിച്ചു എന്നു ലണ്ടനിൽ നിന്നു സന്ദേശം വന്ന ദിവസവും ഈ വീട്ടിൽ ഒന്നും സംഭവിച്ചില്ല. ഋദ്ധിയിൽ ഭാവമാറ്റം ഉണ്ടോ എന്ന് സുശീലയും സുശീലയ്ക്കു ഭാവമാറ്റം ഉണ്ടോ എന്നു ഋദ്ധിയും പരസ്പരം നോക്കി. അത്രമാത്രം. അരമണിക്കൂറിനകം കഴിഞ്ഞപ്പോൾ ഋദ്ധി തീൻമുറിയിൽ പോവുകയും രണ്ടു പ്ലേറ്റുകളിൽ ചപ്പാത്തിയും മീൻകറിയും എടുക്കുകയും സ്വീകരണമുറിയിൽ വന്ന് രണ്ടുപേരും ഒന്നിച്ചു കഴിക്കാൻ തുടങ്ങുകയും ചെയ്തു.

മകൾ ഉള്ള വീട്ടിലേക്ക് വിൻസന്റ് വരുന്നതിൽ ആദ്യമൊക്കെ സുശീലയ്ക്ക് വിഷമം തോന്നാതിരുന്നില്ല. അവളെ അത് ഒട്ടും ബാധിക്കുന്നില്ല എന്നു മനസ്സിലായതോടെ ഹോട്ടൽ മുറികളെക്കുറിച്ച് ആലോചിച്ചില്ല.

വിവാഹം കഴിക്കാൻ വിൻസന്റ് മൂന്നോ നാലോ തവണ താൽപര്യപ്പെട്ടതാണ്. വേണ്ടെന്നു സുശീല കർശനമായി പറഞ്ഞു. അതിലുള്ള കാരണം രാവിലെ നടക്കാൻ പോയപ്പോൾ അന്നമ്മയോട് പറയുകയും ചെയ്തു. 'ഇപ്പോൾ അയാൾ എന്റെ ആഗ്രഹങ്ങൾ സാധിച്ചുതരുന്ന പുരുഷനാണ്. വിവാഹം കഴിഞ്ഞാൽ അന്നുമുതൽ അയാൾക്കു ഞാൻ അടിമയാകും. ഇന്ന് അയാൾ മറ്റേതെങ്കിലും സ്ത്രീയുടെ ഒപ്പം പോയി വന്നാൽ എനിക്കതു പ്രശ്നമേയല്ല. എന്റെ ഒപ്പം ഇരിക്കുമ്പോൾ അയാൾ എന്നെ എങ്ങനെ കാണുന്നു എന്നേ നോക്കേണ്ടതുള്ളൂ. വിവാഹം കഴിഞ്ഞാൽ അയാൾ അങ്ങനെ ചെയ്താലും ഞാൻ ചിലപ്പോൾ താങ്ങും. പക്ഷേ, കുറ്റബോധംകൊണ്ട്

അയാൾക്ക് എന്റെ മുന്നിൽ വന്നു നിൽക്കാൻ കഴിയില്ല. ഭാർഗവന്റെ പരസ്ത്രീ യാത്രകളെ ഞാൻ എതിർത്തതല്ല അയാളെ പിരിയാൻ കാരണം. അയാളെ ഞാനെന്ന സ്ത്രീ ഒട്ടും ഉണർത്തിയില്ല. അയാൾക്ക് എന്നേ ആവശ്യമേ ഇല്ലായിരുന്നു. സത്യത്തിൽ അയാൾക്ക് ഒരു സ്ത്രീയേയും വേണ്ടിയിരുന്നില്ല എന്നാണ് തോന്നിയത്. ഒരു ഗ്ലാസ് മദ്യം കഴിഞ്ഞ് അടുത്തത് എടുക്കുന്നതിനിടയിൽ പെൺശരീരങ്ങളിൽ കയറിപ്പോകുന്നതായിരുന്നു അയാളുടെ രതി. ഇങ്ങനെ കടന്നുപോകുന്ന പെൺശരീരങ്ങളുടെ കണക്കു പറയുമ്പോൾ ഗോൾഫ് ക്ലബിൽ അസൂയകൊള്ളുന്നവരുണ്ടാകും. അവരുടെ മുഖത്തെ വിസ്മയവും കേൾക്കാനുള്ള ആകാംക്ഷയും കാണുമ്പോൾ തോന്നുന്ന വൃഥാഭിമാനമായിരുന്നു അയാൾക്ക് ആകെ സംഭവിച്ച ഉദ്ധാരണം. ഇത്തരം പാഴിനെ ആറുവർഷം സഹിച്ച എനിക്കു തരണം പൊൻപണമെന്ന് ഞാൻ വിൻസന്റിനോട് ഒരിക്കൽ പറഞ്ഞു. അയാൾ അതുശരിയാണു സുഷ് എന്നു പറഞ്ഞ് എന്റെ ശരീരത്തിൽ തൊടാൻ ഞാൻ അനുവദിക്കുന്നതും കാത്തു നിന്നു.

വിൻസന്റ് ഒരിക്കലും എന്നോടു പണം ചോദിച്ചില്ല. അയാൾക്ക് അതുകൊണ്ട് എന്തെങ്കിലും ആവശ്യമുള്ളതായി തോന്നിയിരുന്നുമില്ല. എനിക്കു തൃപ്തിയാകുന്നതുവരെ അയാൾ കിടക്കയിൽ കൂടെ കിടക്കും. ചില ദിവസങ്ങളിൽ എനിക്കു തൃപ്തിയായില്ലേ എന്ന ആധിയിലോ മറ്റോ ഒരു മയക്കം കഴിഞ്ഞ് ഉണർന്നുവരികയും എന്നെ ഉണർത്താൻ അധ്വാനിക്കുകയും ചെയ്യും. അയാൾ അതൊരു ജീവകാരുണ്യ പ്രവർത്തനംപോലെ എന്നിൽ ആവർത്തിച്ചു.

ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട് വിൻസന്റിനൊപ്പമുള്ള സമയം ഞാൻ ആസ്വദിക്കുന്നുണ്ടോ എന്ന്. ഭാർഗവൻ വിവാഹം കഴിച്ച് എന്റെ വീട്ടിലേക്കു വരികയായിരുന്നു. ഞാനായിരുന്നു അവിടെ അധികാരി. രാത്രി ഭാർഗവൻ എത്രയോ നേരത്തെ ഭക്ഷണം കഴിച്ച് മുറിയിൽ എത്തും. കിടക്കയിൽ അയാൾ ആദ്യമായി അടുക്കളയിൽ കയറുന്ന പാചകക്കാരനെപ്പോലെ പരിഭ്രാന്തനാകും. ഉപ്പുമാവു വയ്ക്കാൻ ആദ്യം ഉപ്പാണോ വെള്ളമാണോ മാവാണോ വേണ്ടതെന്നറിയാതെ അയാൾ എല്ലാം കൂട്ടിക്കുഴച്ചുരുട്ടി തിന്നെന്നു നടിച്ചു കിടന്നുറങ്ങും. പുറത്തേക്കുള്ള യാത്രകളിൽ പോലും മറ്റുള്ളവരുടെ മുന്നിൽ ഞാനുള്ളപ്പോൾ വിയർത്തു. എന്റെ പേര് ഓർമയിൽ കിട്ടാതെ അയാൾ പരിഭ്രാന്തനായ സമയമുണ്ട്. ചെടിയറിയാതെ വണ്ടുവന്നു നടത്തിയ പരാഗമായിരുന്നു ഋദ്ധി. അതിനപ്പുറം ഞങ്ങൾക്കിടയിൽ ഒന്നും സംഭവിച്ചില്ല.'

ശരിക്കുള്ള അന്നമ്മ ശരിക്കുള്ള സുശീലയോട് പണ്ടും പറഞ്ഞിട്ടുണ്ട്. കാശുള്ള വീട്ടിലെ പെണ്ണുങ്ങൾക്കേ ആണിനോട് വന്നു കിടക്കെടോന്നു പറയാൻ പറ്റുള്ളൂ, ഗതിയില്ലാത്തോള് ചെന്നു കിടന്നുകൊടുത്തേ മതിയാകൂ എന്ന്.

— 18 —

# മണ്ണിര

ഭാർഗവൻ മീശയില്ലാതെ തടിപ്പണിക്കിറങ്ങിയ ദിവസം വിക്രമൻ മുന്നിൽ വന്ന് ‘ധോം ധോം…’ എന്ന് രണ്ടു ഭരതനാട്യ ചുവടുവച്ചു.

നാട്ടിൽ മീശയില്ലാത്തത് ഡാൻസ് മാസ്റ്റർ കലാനടനം കലാധരനും കഥകളിവേഷക്കാരൻ കുട്ടിക്കൃഷ്ണനാശാനുമായിരുന്നു. കലാധരൻ നീളൻ ജൂബായിട്ട് നെറ്റിയിൽ ചന്ദനത്തിനുമുകളിൽ സിന്ദൂരക്കുറിയുമിട്ട് കാശുള്ള വീടുകളിലെ പെൺകുട്ടികൾ വയസ്സറിയിക്കുന്നതുവരെ നൃത്തം പഠിപ്പിച്ച് സൈക്കിളിൽ നടന്നു. വയസ്സറിയിച്ചാൽ പിന്നാരും അവിടെ ചുവടുപഠിപ്പിക്കാൻ കലാധരൻമാഷെ വിളിച്ചില്ല. ശങ്കരൻകുട്ടിയാശാൻ കാലവർഷം കൊണ്ടു നാട്ടിൽ വന്നാൽ തുലാവർഷത്തിനേ പോകൂ. മേടത്തിൽ കൃഷ്ണന്റെ തിരുവോണം കഴിഞ്ഞാൽ ആശാന്റെ ഉത്സവങ്ങൾ തീരും. പിന്നെ ഇടവം ഒന്നുമുതൽ മഴകണ്ട് ഉമ്മറത്തു കിടക്കും. മിഥുനവും കഴിഞ്ഞു കർക്കടകമായാൽ എണ്ണത്തോണി താഴെയിറക്കി എണ്ണകുട്ടിയെടുത്തു ദിവസവും തിളപ്പിച്ചൊഴിച്ച് തന്നെ കയറി കിടന്നോളും. കുട്ടതെറ്റമെന്നു പറഞ്ഞ് ജാനകിയമ്മയെ അടുത്തുപോലും വിളിക്കില്ല. ഇടവത്തിൽ കേറിവരുമ്പോഴുള്ള കാശ് കർക്കടകത്തിലെ എണ്ണത്തോണിയിൽ തീരും. പിന്നെ അവതാരകൃഷ്ണൻ ശകുനിയാകും. തിരുവോണത്തിന്റെയന്ന് ഒന്നുകിൽ കിച്ചടിക്കു കടുക് അരയാത്തതിന് അല്ലെങ്കിൽ പ്രഥമന് പാല് തികയാത്തതിന് ഇതു രണ്ടുമല്ലെങ്കിൽ മൂത്തവനോ ഇളയവനോ ഇലയിട്ട നേരത്ത് എത്താത്തിന് വഴക്കുണ്ടാക്കി ഊണു പകുതിയാക്കി ഇല പടിഞ്ഞാറെക്കുഴിയിലിട്ട് ചാരുകസേരയിൽ പോയി ഒരു കിടപ്പാണ്. അതു ചിങ്ങവും കന്നിയും തുടരും. മേടം മുതലുള്ള ഈ കാലത്തൊന്നും തൊടിയിലേക്കിറങ്ങുകയോ തെങ്ങിൻ ചുവട്ടിൽ ഒരു തുമ്പയെങ്കിലും കിളയ്ക്കുകയോ, രണ്ടു കപ്പക്കമ്പ് കുത്തുകയോ, ഒരു കാച്ചില് മാന്തിവയ്ക്കുകയോ ചേനയ്ക്കു കുമ്പൽ കൂട്ടുകയോ ചെയ്യില്ല. അടുക്കളയിലേക്കു നടന്നുപോയി ഒരു ഗ്ലാസ് വെള്ളം പോലും എടുത്തു കുടിക്കുകയുമില്ല. എല്ലാം ഇരിക്കുന്നിടത്തു വരണം.

ആ കിടപ്പ് തുലാം പത്തൊന്നും ആകാൻ നിൽക്കില്ല. സംക്രാന്തി കഴിയുമ്പോൾ തുടങ്ങുന്ന വെപ്രാളം തുലാം രണ്ടോ മൂന്നോ ആകുമ്പോഴേക്കും ബാഗ് എടുത്ത് ആരോടും പറയാതെയുള്ള ഒരു പോക്കിലെത്തും. പിന്നെ മേടംവരെ കാണണമെങ്കിൽ ഏതെങ്കിലും കളിയോഗത്തിൽ ചെല്ലണം. ഈ രണ്ടു പേർക്കല്ലാതെ പിന്നൊരാണിനും മീശയില്ലാതെ കരേല് നടക്കാൻ ധൈര്യമില്ലായിരുന്നു. മീശമുളയ്ക്കാത്ത അറവുകാരൻ സേവ്യർ ഉള്ളരോമത്തിൽ എന്നും പെണ്ണുമ്പിള്ളേടെ കൺമഷിതേച്ചാ വരുന്നേന്ന് പറയാറുള്ളത് പവിത്രനാണ്. 'ധോം ധോം...' തുള്ളിക്കഴിഞ്ഞ് വിക്രമൻ ഒരു ബീഡി എളിയിൽ നിന്നെടുത്ത് ചുണ്ടിൽവയ്ക്കുന്നതുവരെയേ ആ നർമം നിന്നുള്ളൂ. കൊമ്പൻമീശയുണ്ടായിരുന്ന ഭാർഗവനെ അതോടെ എല്ലാവരും മറക്കുകയും മീശയില്ലാ ഭാർഗവനെ മാത്രം കാണുകയും ചെയ്തു.

ഭാർഗവൻ തലയിലെ ചുമന്ന തോർത്ത് അഴിച്ച് മടിയിലിട്ടു. നീലഷർട്ടിന്റെ കൈമടക്കി അതിൽ വച്ചിരുന്ന ചുക്കൊരെണ്ണം എടുത്ത് വായിലിട്ടു. സുശീല വന്നുകയറിയതിൽപ്പിന്നെ ഭാർഗവൻ വലിച്ചിട്ടുമില്ല, കുടിച്ചിട്ടുമില്ല. ഊതിക്കേറ്റുന്ന പുകയും തെകട്ടിവരുന്ന വാളും പെണ്ണുങ്ങളുടെ വായിൽത്തള്ളാനുള്ളതല്ലെന്ന് ഭാർഗവൻ നിലപാട് എടുത്തിരുന്നു. തടികേറുമ്പോ ചവച്ച് ഇച്ചിരെ എരുവ് കേറ്റിയില്ലെങ്കിൽ ആയം കിട്ടുവേല. അതിനുള്ള മരുന്നാണ്. ഇപ്പോ വിക്രമൻ വലിക്കുമ്പോൾ ഉള്ളാന്തൽ തീർക്കാൻ ഭാർഗവൻ ചുക്കുകേറ്റും.

രാവിലെ തന്നെ നല്ല മഴക്കോളാണ്. മൂടിപ്പിടിച്ച് കിടക്കുമ്പോ ആരെവിടെ തടിവെട്ടാനാണ്. ഇന്നും കൂടിയാകുമ്പോ പണികിട്ടിയിട്ട് ദിവസം അഞ്ചാകും. ആരെങ്കിലും തീപ്പെട്ടി കമ്പനീലോട്ടു കൊടുക്കാനായി നാല് വട്ടയെങ്കിലും മറിച്ചാരുന്നേൽ ചുമന്നിട്ടാൽ ഇരുനൂറ്റിയൻപതു മേടിക്കാമായിരുന്നു. മഴക്കോള് കണ്ടിട്ട് അതുപോലും നടക്കുന്ന ലക്ഷണമില്ല. ടേണിൽ വന്നു നിൽക്കാൻ തുടങ്ങീട്ടു തന്നെ ദിവസം മൂന്നായി. കുറച്ചുനേരംകൂടി നിന്നിട്ടുപോകാം എന്ന് വിക്രമനോട്ട് പറഞ്ഞു.

പിള്ളേരൊന്നുമില്ലാത്തതു കൊണ്ട് വീട്ടിൽ ചെന്നാൽ എനിക്കു മോണിങ് ഷോ പറ്റുമെന്ന് വഷളൻചിരിയുമായി വിക്രമൻ. ഭാർഗവന് ബുദ്ധിയുടെ ഉച്ചയുറക്ക സമയത്ത് മാറ്റിനി കളിക്കാനേ പറ്റൂ എന്ന് തടികേറ്റാനുള്ള ആക്കത്തിനിടെ ഒരിക്കൽ വിക്രമൻ പറഞ്ഞത് നാട്ടുനീളെ പാട്ടായിരുന്നു. വിക്രമൻ ഉച്ചയ്ക്ക് വീട്ടിലേക്കു പോകുമ്പോഴൊക്കെ ചിലരെങ്കിലും മാറ്റിനിക്കായിരിക്കും എന്നു പറയാനും തുടങ്ങി.

അതുകേൾക്കുന്നതു ഭാർഗവന് ഇഷ്ടമായിരുന്നു.

പെണ്ണുകെട്ടുന്നത് സെക്കൻഡ് ഷോയ്ക്കു വേണ്ടിയാണെന്ന് ആരു കണ്ടുപിടിച്ചതാടാവേ എന്ന് സുശീലയോട്ട് കെട്ടുകഴിഞ്ഞു മൂന്നാംപൊക്കം തന്നെ ചോദിച്ചിട്ടുണ്ട്. പകലിതൊക്കെ കാണാനല്ലെങ്കിൽ പിന്നെന്തിനാണെന്നു പറഞ്ഞു അഴിച്ചു നിർത്തിയപ്പോഴാണ് സുശീലയ്ക്ക് ആദ്യമായിട്ടു രസം കയറിയത്. ആദ്യരണ്ടു രാത്രീലും രണ്ടാളും ആകെ പേടിച്ചുവിറച്ച് എന്താ വേണ്ടേ എന്നറിയാതെ കഷ്ടപ്പെടുകയായിരുന്നു. കാർന്നോമ്മാരില്ലാത്ത വീടങ്ങനെ മാറ്റിനികളുടേതായി. രാത്രിയിൽ പല

പ്പോഴും അവർ ഇറുക്കിപ്പിടിച്ച് കിടക്കാറേ ഉള്ളൂ. പിടിച്ചുമാറ്റാൻ ആർക്കാണ് ഊരു ള്ളതെന്നു വെല്ലുവിളിക്കുന്നതുപോലുള്ള ആ കിടപ്പിൽ എപ്പോഴും ഭാർഗവന്റെ വലം കയ്യിൽ സുശീലയുടെ തലയുണ്ടാകും.

മഴയിപ്പോ പെയ്യുമെന്നു പറഞ്ഞതേയുള്ളൂ. കൊട്ടിപ്പാടി പെയ്യാൻ തുടങ്ങി. നട ന്നുതുടങ്ങിയ വിക്രമൻ അതിലും വേഗം തിരിച്ചോടിവന്നു മൂപ്പരുപീടികേലെ തടിത്ത ട്ടിൽ കേറി കുത്തിയിരുന്നു തലതോർത്തി ഒരു ബീഡിക്കു തീകൊടുത്തു. ഭാർഗവൻ തട്ടുളുക്കുന്ന ചങ്ങലേപ്പിടിച്ചു പടിഞ്ഞാട്ടു നോക്കി. കൃഷ്ണൻ മൂപ്പര് ഇന്നെന്തോ കടതു റക്കാൻ വന്നിട്ടില്ല. മലയ്ക്കപ്പുറം മുഴുവൻ കോടപോലൊണ്. അതു പെയ്തു തീരുമ്പോ ഴേക്കും ഇന്നത്തേക്കു നേരം കെട്ടുമെന്നു തോന്നി.

പെയ്ത്തു കണ്ടുനിൽക്കുമ്പോഴാണ് ആദ്യത്തെ കാറ്റുവന്നത്. വടക്കേപ്പാട്ടെ കൊ ന്നത്തെങ്ങൊരെണ്ണം അപ്പൂപ്പന്മാരുടെ പല്ലുപോലെ ആടി താഴേക്കു പോകുന്നതുക ണ്ടു. കൊഴപ്പമാണല്ലോടാവ്വേ... എന്ന് വിക്രമൻ അടുത്ത ബീഡിക്കു തീക്കൊള്ളിയുര ച്ചു. നാലു കൊള്ളി ചീറ്റിപ്പോയേപ്പിന്നെയാണ് ഒരെണ്ണത്തിനു തീ പിടിച്ചത്. അതൊ ട്ട് ബീഡിലോട്ടു പകരാനും പറ്റീല്ല. അപ്പോഴുണ്ട് മലമുകളീന്നൊരു മുഴക്കം.

കുഴപ്പം തന്നെയാടാവ്വേ... ന്നു പറഞ്ഞ് ഭാർഗവൻ ആദ്യം മഴയത്തോട്ടു ചാടി. വിക്രമന്റെ ആദ്യത്തെ ചുവടിൽ തന്നെ കാലൊന്നു മടങ്ങി. അതോടെ ഒക്കക്കാലിൽ ഓടാൻ തുടങ്ങി. മലമേലേ മുഴക്കം കേൾക്കാൻ പറ്റുന്നതു തന്നെ അപൂർവമാണ്. പലപ്പോഴും പൊട്ടിയൊഴുകി ഉരുള് പുരയെടുത്തുപോകുമ്പോഴേ അറിയാറുള്ളൂ. ഭാർ ഗവൻ അവിടെ താമസം തുടങ്ങിയേപ്പിന്നെ ഇരുപത്തിരണ്ടു വർഷത്തിനിടയിൽ നാ ലുരുളായി നാലുവഴിക്കുപോകുന്നു. അഞ്ചുപേരേ കൊണ്ടുപോവുകേം ചെയ്തു. മുഴക്കം കേട്ടാൽ അപ്പോൾ വീടു കാലിയാക്കി മലകാണാൻ പറ്റുന്ന എവിടെങ്കിലും പോയി നിൽക്കുക എന്നല്ലാതെ മറ്റൊന്നും ചെയ്യാനില്ല. നോക്കിനിന്നപ്പോൾ ഉരുളുവരുന്ന കണ്ടവരാണ് അവരിൽ പലരും. എന്നിട്ടും രക്ഷിക്കാൻ പറ്റാതെ അഞ്ചെണ്ണം പോ യത് ആരും മുഴക്കം കേൾക്കാത്തപ്പോൾ വന്നതിലായിരുന്നു.

ഭാർഗവൻ ആദ്യം ഋദ്ധിയെ അല്ല എടുത്തത്. സുശീലയെ കയ്യേപ്പിടിച്ചു മുറ്റത്തി റക്കുകയായിരുന്നു. പിന്നെ ഋദ്ധിയെ എടുത്ത് ഓടി. അപ്പോഴേക്കും കിതച്ചുവന്ന വിക്രമൻ അമ്മിണിയെ കൂട്ടി കുത്തുകല്ലുകേറി റോഡിലെത്തി. കുടിക്കാരെല്ലാം റോ ഡിൽകയറി പുതച്ച മുണ്ടു തന്നെ തലേലിട്ടു നിക്കുമ്പോൾ പിന്നെയും മുഴക്കം. അതോ ടെ ഇറങ്ങാൻ മാത്രമുണ്ടോ എന്നു സംശയിച്ചവരും വീടുവിട്ടു റോഡിലോട്ടു കേറി.

അങ്ങനെ നിൽക്കുമ്പോഴാണ് ഋദ്ധി അച്ഛനോട്ട് പറഞ്ഞത്—കുട്ടിമാളു എന്ന്.

കുട്ടിമാളു പശുക്കുട്ടിയാണ്. ഉരുള് പൊട്ടുവൊന്നുമില്ലായിരിക്കും. പൊട്ടിയാലും ഇങ്ങോടൊട്ടു വരണമെന്നുമില്ല. ഇനിയെങ്ങാനും വന്നു വീടെടുത്താൽ പിന്നെ കുട്ടി മാളുനെയോർത്ത് സങ്കടമാകും. ഭാർഗവൻ മോളെ സുശീലയ്ക്കു കൊടുത്തിട്ടു പിച്ചാ ത്തി എളീന്നെടുത്തു കയ്യിൽ പിടിച്ച് ഒരോട്ടമായിരുന്നു. ആരും തടയുകയോ, പോ

കേണ്ടാ എന്നു പറയുകയോ ചെയ്തില്ല. പേടിച്ചിറങ്ങി ഇങ്ങനെ എത്രവട്ടം നിന്നേക്കുന്നു. അപ്പോഴൊന്നും ഒരു ഉരുളും വന്നിട്ടില്ല. ആ പശുനേ എന്നാലും മറന്നുപോയല്ലോ എന്ന് ജാനുവമ്മ കുത്തുവാക്കുപോലെ സുശീലയോടു പറയുകയും ചെയ്തു. ഭാർഗവൻ ചെയ്യേണ്ട പണിക്കു തന്നെ പോയി എന്ന് കണക്കുകൂട്ടി നിൽക്കുകയായിരുന്നു എല്ലാവരും. അല്ലാതെ അതിലെന്തേലും അവിവേകമുള്ളതായി ആർക്കും തോന്നിയില്ല.

പെട്ടെന്നാണ് വടക്കേപ്പാട്ടെ തട്ടിൻപുറത്ത് വല്ലത്തിൽകൊണ്ടുപോയി തേങ്ങ മറിക്കുന്നതുപോലുള്ള ശബ്ദംകേട്ടത്.

പൊട്ടില്ലോടാവ്വേ... ന്ന് ആദ്യം പറഞ്ഞത് സേവ്യറാണ്. ഉരുളുവരുമ്പോ ഓടി മാറാൻ നിയമമൊന്നുമില്ല. ചുമ്മാ ഓടുക തന്നെ. നിന്നവർ രണ്ടുവഴിക്കും ഓടി. ഒന്നറച്ചുനിന്ന സുശീലയെ വലിച്ചോടിയത് ജാനുവമ്മയാണ്. അമ്മിണി ഒറ്റക്കാലേൽ ഓടാൻ കഷ്ടപ്പെട്ട വിക്രമനെ താങ്ങി ഏറ്റവും പിന്നിലായിരുന്നു.

മൂന്നുമിനിറ്റൊക്കെയേ ഓടിക്കാണുകയുള്ളൂ. ഇടമുടക്കിത്തോട്ട് അപ്പോഴേക്കും കണിയാർ പുഴപോലെ വലുതായി അവരെ കടന്നുപോകാൻ തുടങ്ങി. റോഡും പുഴയാകാൻ തുടങ്ങിയതോടെ എല്ലാവരും പള്ളിമുറ്റത്തേക്ക് ഓടിക്കയറി. സുശീല പടപടാന്ന് ഉള്ളിടിച്ച് നിന്നു.

**സേവ്യർ പറഞ്ഞു:** "നീ കെടന്നു പെടയ്ക്കാതെ. അവൻ കന്നിനേംകൊണ്ടു വരും,"

**ജാനു:** "പൊട്ടീന്നുവച്ച് അതു നമ്മടെ വീടിനു മോളിക്കോടയാണെന്നൊന്നും വിചാരിക്കണ്ട. അവനിപ്പോൾ വരും."

വിക്രമന് ഇരുപ്പുറച്ചില്ല. തൊത്തിക്കാലുമായി റോഡിലേക്കിറങ്ങി. പത്താംവയസ്സിൽ വീടുവിട്ടിറങ്ങി കവലയിൽ വന്ന ഭാർഗവനെ കൂടെക്കൂട്ടി നടക്കാൻ തുടങ്ങിയതാണ്. പിന്നെ അവനില്ലാതെ ഇങ്ങനെ അഞ്ചുമിനിറ്റ് ഉണ്ടായിട്ടില്ല. രണ്ടുവീട്ടിൽ കിടക്കുമ്പോൾ പോലും പരസ്പരം ചുമയ്ക്കുന്ന ശബ്ദം കേട്ട് ചുക്കുകാപ്പീം കൊണ്ട് പോകുന്നോരാണ്. പത്തടി തികച്ച് നടക്കും മുമ്പ് വിക്രമന് ഒരു കാര്യമനസ്സിലായി. ഉരുളു വന്നിരിക്കുന്നത് ആ രണ്ടുവീടുകളുടെ വഴിക്കാണെന്ന്. അങ്ങോടിറങ്ങാൻ തുടങ്ങുമ്പോഴേക്കും ഫിലിപ്പോസച്ചൻ വന്ന് വട്ടംപിടിക്കുകയും പള്ളിമേടയിലേക്കു കൊണ്ടുപോവുകയും ചെയ്തു.

അവിടെ കയറ്റി ഇരുത്തിയിട്ട് അച്ചൻ നോക്കാൻ പറഞ്ഞു. ഭാർഗവന്റെയും വിക്രമന്റെയും ജാനുവിന്റെയും വീടുകൾ നിന്നിടം ഒരു ചുവന്ന ചാലാണ്. ആ വരവ് അച്ചൻ പള്ളിമേടയിൽ നിന്നു കണ്ടിരുന്നു. വിക്രമൻ ഇരുമ്പുകസേരയിൽ തലപിന്നോട്ടടിച്ച് കരഞ്ഞു. ഫിലിപ്പോസച്ചൻ ഒന്നും പറയാനാകാതെ നിന്നു. ഭാർഗവൻ പോകുന്നത് അച്ചൻ കണ്ടതാണ്. പിന്നൊരു നിമിഷംകഴിഞ്ഞു കോട പോയി കാഴ്ച തെളിയാൻ.

നാലാംപൊക്കമാണ് മണ്ണിനടീന്ന് ഭാർഗവനെ കിട്ടിയത്. കയ്യിൽ കയറിന്റെ അറ്റമുണ്ടായിരുന്നു. പശുക്കുട്ടിയെ ആദ്യ ദിവസം തന്നെ തോടൊഴികിയിറങ്ങിപ്പോയ വാഴത്തോട്ടത്തിൽ വയർചീർത്ത് കണ്ടെത്തിയിരുന്നു.

നാലാം ദിവസം സുശീല പള്ളിത്തിണ്ണയിൽ അന്നിട്ട അതേ വേഷത്തിൽ ഇരുന്നു. ഋദ്ധി അമ്മയുടെ മടിയിൽ തലവച്ച കിടന്നു. കുഴിച്ചിടണ്ട, അവരുടെ രീതിക്ക് പള്ളിമുറ്റത്ത് തന്നെ കത്തിക്കാം എന്ന് ഫിലിപ്പോസച്ചനാണ് പറഞ്ഞത്. ചിത തീരുന്നതിനു മുൻപ് ഒരു ജീപ്പുവന്നു. അതിൽ നിന്ന് ഇറങ്ങിവന്ന് സിസ്റ്റർ സന്ധ്യ സുശീലയുടെ തോളത്തുപിടിച്ചു. ഋദ്ധി അന്നുമുതൽ സിസ്റ്റർ സന്ധ്യയുടെ എളിയിൽ ഇരിക്കാൻ തുടങ്ങി. അമ്മ ക്രിസ്തുജയന്തി ആശുപത്രിയിലെ അറ്റൻഡറുമായി.

എംഎൽഎ ടി. എൻ. തോമസ് കൊടുത്ത നിവേദനത്തിലാണ് ഋദ്ധിക്കു പഠിത്തം തീരും വരെ മാസം ആയിരം രൂപ കൊടുക്കാൻ സർക്കാർ ഉത്തരവിട്ടത്. ഉരുളിൽ വീടും അച്ഛനും പോയതിന് കിട്ടിയ പ്രതിഫലം.

അമ്മ പിന്നെ ഒരിക്കലും പഴയതുപോലെയായില്ല. എപ്പോഴും ഒരു മഴ പെയ്യാൻ നിൽക്കുന്ന ഭാവമാണ്. ഋദ്ധിയോടു പോലും കാര്യമായി ഒന്നും പറഞ്ഞില്ല. രാവിലെ മഠത്തിൽ നിന്നു നടന്ന് ആശുപത്രിയിലേക്ക്. അവിടെ ചെന്ന് സ്ട്രച്ചറുകൾക്ക് അടുത്തിട്ട കസേരയിൽ ഇരിക്കും. കാഷ്വാലിറ്റിയുടെ മുറ്റത്തേക്ക് ലൈറ്റിട്ട് വരുന്ന ഓരോ വണ്ടിയുടെ അടുത്തേക്കും സ്ട്രച്ചർ ഉരുട്ടും. അപ്പോഴേക്കും സെക്യൂരിറ്റി ഗോപാലനും വരും. രണ്ടുപേരും ചേർന്ന് കാഷ്വാലിറ്റിയിൽ എത്തിക്കും. ചിലപ്പോൾ അവിടെ നിന്ന് ഓപ്പറേഷൻ തിയറ്ററിലേക്ക്. മറ്റുചിലപ്പോൾ മോർച്ചറിയിലേക്ക്. മോർച്ചറിയിലേക്കുള്ള ഇടനാഴിയിൽ വച്ച് ഒരിക്കൽ മാത്രം ഗോപാലൻ ഒന്ന് തൊടാൻ നോക്കി. അന്ന് വണ്ടിയവിടെ ഇട്ടിട്ടുപോന്ന സുശീലയോട് കരഞ്ഞുകാലുപിടിച്ച് ഇനിയുണ്ടാകില്ലെന്നു ഗോപാലൻ പറഞ്ഞു. പിന്നെ നിവൃത്തിയുള്ളപ്പോഴെല്ലാം സുശീല ഇല്ലാത്ത ഷിഫ്റ്റിൽ ഗോപാലൻ കയറി. അഥവാ സുശീലയുള്ള ഷിഫ്റ്റിൽ വന്നുപെട്ടാൽ അയാൾ എപ്പോഴും ഭയന്ന് മാറി നിന്നു.

ഋദ്ധി പഠിക്കുന്നുണ്ടെന്നോ, സ്കൂളിൽ പോവുകയാണെന്നോ ഇക്കഥയിലെ സുശീല ഓർത്തതേയില്ല. സർക്കാർ വെച്ചുകൊടുത്ത വീട്ടിൽ താമസിക്കുമ്പോഴും അവൾ മഠത്തിലെ കുട്ടിയായിരുന്നു. എന്നിട്ടും പതിനെട്ടാം വയസ്സിലെ ആ വിധിക്കു മാത്രം മാറ്റമുണ്ടായില്ല.

— 19 —

## ശ്വാപദം

നന്ദിനി പോയ ശേഷമാണ് ശരിക്കുള്ള ഋദ്ധി പിന്നെയും ഒറ്റയ്ക്കായത്.

പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞിരിക്കുന്ന സമയമാണ്. എന്തു പഠിക്കണം എന്നൊന്നും ആലോചനയിൽപോലും ഇല്ല. പന്ത്രണ്ടാം ക്ലാസുവരെ ആലോചിച്ചതും ആഗ്രഹിച്ചതുമൊന്നുമല്ലല്ലോ പഠിച്ചത്. സർക്കാര് കൊണ്ടുവച്ച പുസ്തകം, ടീച്ചർമാര് പറഞ്ഞ വ്യാകരണം. ചോദ്യമിട്ടയാൾ മനസ്സിൽ കണ്ട ഉത്തരങ്ങൾ. ഉത്തരമെഴുതാനിരുന്ന ഞാൻ മനസ്സിലാക്കിയ ചോദ്യങ്ങൾ. ഇതൊക്കെ കഴിഞ്ഞു കിട്ടുന്ന മാർക്കു വച്ചാണ് അളന്നത്. ഇനിയും അങ്ങനെ പോകാം എന്നേ മനസ്സിൽ കാണുന്നുള്ളൂ.

ഇതിനിടെ സിസ്റ്റർ പറഞ്ഞ ഒരു വാചകം തികട്ടി കിടക്കുകയും ചെയ്തു. പോയി വന്നു പഠിക്കാവുന്നിടത്തോളം ഇവിടെ നിൽക്കാം എന്നായിരുന്നു അത്. മറ്റേതെങ്കിലും നഗരത്തിൽ പഠിക്കാൻ പോയാൽ അതു താങ്ങാൻ സിസ്റ്റർക്കു കഴിയില്ലെന്നൊരു സൂചന കൂടിയുണ്ട് ആ വാക്കുകളിൽ. അല്ലെങ്കിൽ തന്നെ മഠത്തിൽ പത്തുപതിനേഴു വയസ്സുള്ള പെങ്കൊച്ചിനെ കിടത്തിയിരിക്കുന്നതു ചട്ടപ്രകാരമുള്ള കാര്യമല്ലെന്നു പ്രോവിൻഷ്യൽ ജനറൽ മൂന്നുനാലു കത്തെഴുതുകയും ചെയ്തു. അമ്മയും അന്നമ്മയും അടുക്കളപ്പണിക്കാരുടെ ഗണത്തിലാണ്. രാവിലെ വന്നു വൈകുന്നേരം പോകുന്നവരെന്നാണ് കടലാസിൽ. ചായ്പ്പിലെ കിടപ്പ് രേഖയിലില്ലാത്ത പരിപാടിയാണ്. സഭയ്ക്കും വിശ്വാസിക്കും വേണ്ടി ജീവിതം ഉഴിഞ്ഞുവയ്ക്കുന്ന കന്യാസ്ത്രീക്ക് ബാങ്ക് ബാക്കിയോ കടുക്കയോ ഉണ്ടാകാൻ പാടില്ല. പഴ്സ് പോലും കാലിയായിരിക്കണം.

ഓർമ്മക്കുറവുവന്നുതുടങ്ങിയ ഫിലോമിന സിസ്റ്റർ രാത്രീലെഴുന്നേറ്റ് മൂത്രമൊഴിക്കാൻ തുറന്നവാതിൽ അടുക്കളേന്നു പുറത്തേക്കുള്ളതായിരുന്നു. മൂത്രപ്പുരയിൽ പടിയില്ലല്ലോ എന്ന മട്ടിൽ നടന്ന സിസ്റ്റർ നാലുപടിയും തെന്നി താഴെപ്പോയി. സഭയുടെ ചെറുപുഷ്പം ആശുപത്രിയിൽ ചെന്നപ്പോഴാണ് മറ്റൊരു പ്രശ്നം. അവിടെ കന്യാസ്ത്രീയെ കിടത്തിയാൽ പുറത്തു നിന്നുള്ളവർക്കു കട്ടിലു കുറയുമെന്നു പറഞ്ഞു പ്ലാസ്റ്റർ

ഇട്ടു മഠത്തിലേക്കു വിടുകയായിരുന്നു. വേദനിക്കുന്നെന്നു ഫിലോമിന സിസ്റ്റർ കരഞ്ഞുകൊണ്ടിരുന്നപ്പോൾ ക്വാറി നാരായണന്റെ മെഡിക്കൽ കോളജിൽ കൊണ്ടുപോകാൻ ആലോചിച്ചതാണ്. അപ്പോഴാണ് അങ്ങനൊരു ഫണ്ട് മഠത്തിലില്ലെന്നു മനസ്സിലായത്. ഒടുവിൽ ഉച്ചയ്ക്കുണ്ണാൻ പോകുന്നവഴിക്ക് ഡോക്ടർ സി. ടി. പൗലോസ് വരികയും കുത്തിവയ്പിനു കുറിക്കുകയും ചെയ്തു. രാത്രി ജോലി കഴിഞ്ഞുപോകുന്ന ഷൈനി നഴ്സ് കുത്തിയിട്ടു പോകുന്ന വഴിക്കു സിസ്റ്ററോടു പറഞ്ഞത് എന്നെ ഇനിയും ഇങ്ങോട്ടു വരുത്തരുതെന്നാണ്. അവർക്കും അത്രയൊക്കെയേ ഉള്ളു. സ്വന്തം കാലൊടിഞ്ഞാൽ ഫണ്ട് എടുക്കാൻ നിവൃത്തിയില്ലാത്ത കന്യാസ്ത്രീ മഠത്തീന്ന് കാശുമുടക്കി കൊച്ചിനെ നഴ്സിങ്ങിനു വിടാൻ പറ്റുകേലെന്ന് ചട്ടമറിയാവുന്ന കപ്യാര് നേരത്തെ പറഞ്ഞതാണ്. ഒരു വായ്പ എടുക്കണമെന്നു വച്ചാൽ എന്നതിരുന്നിട്ടാണ് ഈടു കൊടുക്കുന്നതെന്നു കപ്യാര് ചോദിക്കുകയും ചെയ്തു. അത് എനിക്ക് ആശ്വാസമായിട്ടാണു തോന്നിയത്. ഒരു നഴ്സായി നടക്കുന്നത് സങ്കൽപിച്ചിട്ടുപോലും ഇല്ലായിരുന്നു. ഒരു ബോട്ടുമേടിക്കാൻ കാശ് ആകുന്നതുവരെ അമ്മയുടെ വള്ളത്തിൽ പോയി മീൻപിടിക്കാം എന്നൊക്കെയാണ് ഉപജീവനത്തെക്കുറിച്ചു പരമാവധി പോയ ചിന്ത. അതു പറഞ്ഞപ്പോൾ അമ്മ കേട്ടു നിന്നതേയുള്ളു. മോള് നഴ്സിങ് കഴിയാറായ ആശ്വാസത്തിൽ നിന്ന അന്നമ്മയ്ക്ക് അത് ഓർക്കാൻ പോലും പറ്റിയില്ല. പെണ്ണുങ്ങളല്ലേ സ്രാങ്ക് ആകാൻ പോകുന്നത്. കൊച്ചു വേണമെങ്കിൽ നന്ദീനടമ്മ ഇട്ടിട്ടുപോയ മെഷീനിൽ ബ്ലൗസും അടിപ്പാവാടാം തയ്ക്കാൻ പഠിക്ക്. ഞാൻ കൊണ്ടുവിറ്റുതരാം എന്ന് അന്നമ്മ.

ലണ്ടനിൽ പോയ മകൾ നാട്ടിൽ വീടുവയ്ക്കാം എന്നു പറഞ്ഞിട്ട് അന്നമ്മ സമ്മതിച്ചില്ല. നാലാണ്ടു കൂടുമ്പോൾ വരുന്നയാൾ ഹോട്ടലിൽ പാർത്താൽ മതി, അതിനായി ഇന്നാട്ടിൽ കാശ് ഇറക്കേണ്ട എന്നു തീർത്തു പറഞ്ഞു. മഠത്തീന്ന് ഇറക്കി വിട്ടാലും സുശീലയുടെ വീടുണ്ട് എന്നതായിരുന്നു അന്നമ്മയുടെ ധൈര്യം.

സന്ധ്യ സിസ്റ്റർ പറഞ്ഞു: "വണ്ടിക്കൂലിക്കുള്ള കാശൊക്കെ നിന്റെ അമ്മ കക്കേം, മീനും വിറ്റു തരും. നീ എന്തായാലും ഡിഗ്രിക്കു പോകണം."

ആർച്ചുബിഷപ്പ് പുതിയ കുരിശുപള്ളിയിലെ ആദ്യ കുർബാനയ്ക്കു വന്നപ്പോൾ കണ്ടുപറഞ്ഞ് ഋദ്ധിയെ അവിടെ തൽക്കാലം നിർത്താൻ ഒരു കടലാസ് വാങ്ങിച്ചിരുന്നു. പ്രോവിൻഷ്യൽ സുപ്പീരിയർക്ക് ആ കടലാസു കിട്ടിയതോടെ പിന്നെ പ്രശ്നവും ഇല്ല. പറഞ്ഞുനിൽക്കാൻ ഒരു രേഖയായല്ലോ എന്ന് പറഞ്ഞു പറ്റുന്നേടത്തോളം ഞാൻ കണ്ണടയ്ക്കാമെന്നാണ് സുപ്പീരിയർ പറഞ്ഞത്. അവർക്കും ഇറക്കിവിടാൻ വേണ്ടിയൊന്നുമായിരുന്നില്ല. ചട്ടം നോക്കിയില്ലെങ്കിൽ സർക്കാരിനേക്കാൾ കഷ്ടമാണ് സഭ. എപ്പഴാ തട്ടുകിട്ടുകാന്നു പറയാൻ പറ്റത്തില്ല.

ഏതു ഡിഗ്രിക്കു പോകണം എന്നൊന്നും ചിന്തയിൽ വന്നില്ല. ഉള്ള മാർക്കിന് കിട്ടാൻ എളുപ്പം ഇംഗ്ലീഷാണെന്ന് ജോൺ മാത്യുസാർ പറഞ്ഞപ്പോൾ അതിന് സെയ്ന്റ് തോമസ് കോളജിൽ കൊടുത്തു. മഠത്തീന്നു വിളിച്ചുപറച്ചിലൊന്നും ഇല്ലാതെ

തന്നെ പ്രവേശനം കിട്ടിയപ്പോൾ ചേരാനുള്ള പൈസ തന്നത് കപ്യാരുചേട്ടനാണ്. വലിയ തുകയൊന്നും വേണ്ടിവന്നില്ല. സിസ്റ്ററ് പത്തുപന്ത്രണ്ടുകൊല്ലം പോറ്റിയതല്ലേ, ഞാനിത്രയെങ്കിലും ചെയ്യണ്ടേ എന്നാണ് പറഞ്ഞത്. ഇടവകേൽ അംഗമായിരുന്നേൽ സ്കോളർഷിപ്പ് കിട്ടുവായിരുന്നെന്നും കപ്യാരു പറഞ്ഞു. മതവും ജാതിയുമില്ലാതെ ഇക്കാലമത്രെയും മതസ്ഥാപനത്തിൽ ജീവിക്കാൻ കഴിഞ്ഞെങ്കിൽ ഇനിയും ഇടവകേം കരയോഗോം ഒന്നു വേണ്ടെന്ന് സിസ്റ്റർ സന്ധ്യ തന്നെയാണ് പറഞ്ഞത്.

ഇംഗ്ലീഷിന് ചേർന്നു ക്ലാസു തുടങ്ങാൻ നോക്കിയിരിക്കുന്ന ദിവസത്തിലാണ് നന്ദിനിയുടെ ഒരു മെയിൽ വന്നത്. ഞങ്ങൾക്കിവിടെ സുഖമാണ്. സോഷ്യൽ സർവീസിൽ അണ്ടർ ഗ്രാജ്വേഷന് ചേരുന്നു എന്നു മാത്രമേ അതിൽ ഉണ്ടായിരുന്നുള്ളു. നന്ദിനി പോയശേഷമുള്ള വിശേഷങ്ങൾ പറഞ്ഞ് ഞാൻ ഒരു നീണ്ട മറുപടി അയച്ചു. ഇംഗ്ലീഷിൽ ഞാൻ അങ്ങനെ കത്തൊന്നും എഴുതിയിട്ടില്ല. ആദ്യമായുള്ള എഴുത്താണ്. അയച്ച അന്നു മുതൽ മൂന്നുനാലു ദിവസം അടിക്കടി മറുപടിക്കു തുറന്നു നോക്കി. ഒരനക്കവും ഉണ്ടായില്ല. രണ്ടാഴ്ചകഴിഞ്ഞ് ഒരു ദിവസം തുറക്കുമ്പോൾ ഒരു വരിയിൽ മറുപടി എപ്പോഴോ വന്നു കിടപ്പുണ്ട്. നൈസ് ഡിയർ എന്നു മാത്രം. അറിഞ്ഞതിൽ നന്ദിനിക്ക് രണ്ടു വാക്കിൽ മതിയോ സന്തോഷം എന്ന് അന്ന് മുഴുവൻ ഓർത്തു. മഠത്തിന്റെ ചായ്പിൽ പഴയ പുതപ്പുകൊണ്ടു പൊതിഞ്ഞുവച്ചിരുന്ന തയ്യൽ മെഷീനും അതിനു മുകളിൽ കമഴ്ത്തി വച്ചിരുന്ന ചാരുകസേരയും കാണുമ്പോൾ മാത്രം പിന്നെ നന്ദിനിയെ ഓർത്തു.

ഋദ്ധി സോഫയിൽ കിടക്കുകയായിരുന്നു.

ഉച്ചയ്ക്ക് ഈയിടെയായി നല്ല മയക്കം പതിവുണ്ട്. പന്ത്രണ്ടാം ക്ളാസ് കഴിഞ്ഞുള്ള സമയമാണ്. പാതിമുറിഞ്ഞ ഒരു സ്വപ്നത്തിലായിരുന്നു. ബീച്ചിൽ കിടക്കുകയാണ്. സിം സ്യൂട്ടാണ് വേഷം. മണൽത്തരി സ്യൂട്ടിനുള്ളിലൂടെ കയറിയിട്ടുണ്ട്... അത് മാറിലും പൊക്കിളിലും എരിപൊരി സഞ്ചാരമുണ്ടാക്കുന്നു. ആ സ്വപ്നത്തിൽ ഞെളിപിരികൊള്ളുന്നതിനിടെയാണ് മുഖത്തൊരു ശ്വാസം തട്ടുന്നതായി അറിഞ്ഞത്. മാറിടത്തിൽ അമർത്തിപ്പിടിച്ചിട്ടുണ്ട്. രണ്ടാമത്തെ കൈ താഴെയാണ്. മോളേ, മോളേ... എന്ന് അയാൾ കൊഞ്ചുന്നു. ഞാൻ ഒരു നിമിഷം ഒന്നു പതറി. പിന്നെ എനിക്കു സ്ഥലകാലബോധം വന്നു.

വലത്തേ കാൽ ഞാൻ മടക്കി. അയാൾ കുനിഞ്ഞുവരാൻ ഞാൻ കാത്തുകിടന്നു. ഉണർന്ന ഞാൻ അയാൾക്കു വഴങ്ങുകയാണെന്നു ധരിച്ചിട്ടുണ്ടാകും. എന്റെ പൊന്നേ... എന്നു വിളിച്ച് അയാൾ എന്റെ നെറ്റിയിൽ ചുണ്ടുമുട്ടിച്ചു. മടക്കിയ കാൽ നൊടിയിടകൊണ്ടു നിവർത്തി ഞാൻ അതിവേഗം മുകളിലേക്കു പായിച്ചു. കുംഫു വഴക്കമാണ്. അയാൾ കണ്ണിൽ മണൽ വീണതുപോലെ അലറി. അടുത്തത് ഇടതുകാൽ കൊണ്ടായിരുന്നു. അതേ സ്ഥാനത്തു തന്നെ. അയാൾ സോഫയുടെ താഴേക്കു വീണ് അടിവയറ്റിൽ രണ്ടു കൈകളും പൊത്തി. ഞാൻ എഴുന്നേറ്റു നിന്ന് കഴുത്തിൽ കാൽവച്ചു. അയാൾ ശ്വാസം കിട്ടാതെ പിടച്ചു. സോഫയിലെ വിരി എടുത്തു കയർ

പോലെ പിരിച്ചു. അലറിക്കരയുന്ന അയാളുടെ കാലുകൾ രണ്ടുമാദ്യം. പിന്നെ കൈകൾ. കൂട്ടിക്കെട്ടി സോഫയുടെ കാലിൽ ബന്ധിച്ചു. ഫോണെടുത്ത് അമ്മയെ വിഡിയോ കോളിൽ വിളിച്ചു.

വിടരുത്... എന്നു പറഞ്ഞ് അമ്മ ചാടി എഴുനേൽക്കുന്നത് ഞാൻ കണ്ടു.

അഴിച്ചുവിടാൻ അയാൾ ഓരോ തവണ കെഞ്ചിയപ്പോഴും ഞാൻ ഫ്രീ കിക്ക് എടുക്കുന്നതുപോലെ അയാളുടെ തലയിൽ തൊഴിച്ചു. അമ്മ കയറി വന്നു. ആദ്യം അയാളുടെ ഷർട്ടും പാന്റ്സും അടിവസ്ത്രങ്ങളും അഴിച്ചു. പിന്നെപ്പോയി പപ്പിയുടെ കൂട്ട് തുറന്നു. അമ്മ പപ്പിയുടെ മുന്നിൽ വച്ച് വിൻസന്റിന്റെ തലയിൽ തൊഴിച്ചു. പപ്പി കുരച്ചു പാഞ്ഞുവന്നു. അമ്മ അയാളുടെ കെട്ടഴിച്ചു. പപ്പി കഴുത്തിൽ കടിച്ചുതൂങ്ങി. അയാൾ കുടഞ്ഞെറിഞ്ഞ് പുറത്തേക്ക് ഓടി. ഗേറ്റ് പൂട്ടിയിരുന്നു. പപ്പി പിന്നാലെയോടി. അയാൾ മുറ്റത്തും പറമ്പിലും അലറിക്കരഞ്ഞു പാഞ്ഞു. ആളുകൾ ഗേറ്റിനു പുറത്ത് തടിച്ചുകൂടി. അമ്മ അതു മുഴുവൻ വിഡിയോയിൽ പകർത്തി. അപ്പോഴേക്കും പൊലീസ് ജീപ്പ് മുറ്റത്തു വന്നു നിന്നു. അവർ സോഫയിലെ വിരിയെടുത്ത് അയാൾക്ക് ഉടുക്കാൻ കൊടുത്തു.

പതിനേഴുകാരിയെ പീഡിപ്പിക്കാൻ ശ്രമിച്ച വ്യവസായിയെ അമ്മയും മകളും നായയെക്കൊണ്ടു വേട്ടയാടിച്ച വിഡിയോ ഫോണുകളിൽ നിന്നു ഫോണുകളിലേക്കു വ്യാപിച്ചു. അമേരിക്കയിലേക്കു വിമാനം കയറാൻ നിൽക്കുമ്പോൾ അതു ഋദ്ധിയുടെ ഫോണിലും എത്തി. ഒരു നറുചിരി ഉള്ളിലൊതുക്കി മസ്സാച്ചുസെറ്റ്സ് മാരിടൈം സർവകലാശാലയിലേക്കു കാശുള്ള വീട്ടിലെ ഋദ്ധി യാത്ര തുടങ്ങി.

ജീവനുള്ള ഋദ്ധി വല്ലാതെ കിതച്ചു. ഇതു പതിവുള്ളതല്ല. ശ്വാസമെടുക്കാൻ പറ്റുന്നില്ല. കാലിനടുത്തു ചുരുണ്ടു കിടന്ന അമ്മ എഴുനേറ്റു വന്നു. എന്റെ വിഷമം അറിയുന്ന ടെലിപ്പതി അമ്മ പഠിച്ചിട്ടുണ്ടെന്ന് പല തവണ തോന്നിയിട്ടുണ്ട്. അമ്മ നെഞ്ചിൽ തടവി. മുലയുടെ ഉയർച്ചയോ പൊക്കിളിന്റെ താഴ്ചയോ ഇല്ലാതെ തൊലിയൊട്ടി നിൽക്കുന്ന ദേഹം. അമ്മ എന്റെ തല അൽപം ഉയർത്തിക്കിടത്തുകയാണ്. എന്നിട്ട് ഒപ്പം കിടന്നു.

സുശീലയ്ക്കും തല നേരേ നിൽക്കുന്നുണ്ടായിരുന്നില്ല.

## 20

# കാളാഞ്ചി

സെയ്ന്റ് തോമസ് കോളജിൽ നിന്ന് അഞ്ചര കിലോമീറ്റർ ആണ് മഠത്തിലേക്ക്.

ആദ്യദിവസം രാവിലെ ബസിന്റെ കമ്പിയിൽ തൂങ്ങിക്കിടക്കുകയാണ്. നിലത്ത് ഉപ്പൂറ്റി പരത്തിവയ്ക്കാനുള്ള സ്ഥലമില്ല. ചെരുപ്പിന്റെ തുമ്പുമാത്രം കുത്തിയുള്ള നിൽപ്പാണ്. ശ്വാസംമുട്ടാതിരിക്കാൻ തല മേലേക്കു പിടിച്ചിട്ടുണ്ട്. ശരീരത്തിൽ അവിടവിടെ ഒരു പിടിത്തം. തിക്കിത്തിരക്കി വന്ന രണ്ടുപേരാണ്. ഇരുപതിനു മേൽ പ്രായം കാണും. പുകവലിച്ചിട്ട് ഏറെ നേരമായിട്ടില്ലെന്നു തോന്നുന്നു, പുകയില മണം മൂക്കിലേക്കു കുത്തിക്കയറുന്നുണ്ട്. അതിലൊരാൾ എന്തോ മോക്ഷം കിട്ടുന്ന സ്ഥാനത്തു പിടിത്തം കിട്ടിയതുപോലെ വാ പൊളിച്ചു. പെയിന്റിൽ കലക്കുന്ന ടർപന്റൈന്റെ മണമപ്പോൾ കുമുകുമാന്നു വന്നു. ആ മണം പൊടുന്നനെ അച്ഛനെ ഓർമിപ്പിച്ചു. പല്ലിയെ തിന്ന ദിവസം അച്ഛനിൽ നിന്നു വന്നത് ഇതേ മണമാണ്. അച്ഛനിൽ നിന്നു രക്ഷപ്പെട്ട ശേഷം മദ്യപരുടെ അടുത്തു പോകേണ്ടി വന്നിട്ടില്ല. തൊട്ടടുത്തു നിന്ന പൊക്കം കുറഞ്ഞ പെൺകുട്ടിയുടെ കണ്ണു നിറയുന്നുണ്ട്. നോക്കുമ്പോൾ അവളുടെ ഫ്രോക്കിനുള്ളിലൂടെയാണ് ഒരുത്തന്റെ കൈ. ഞാനാ കയ്യിലങ്ങു പിടിച്ചു പിരിച്ചു. അവൻ ആദ്യം വഷളൻ ചിരി ചിരിച്ചു. ഞാൻ പിടിത്തം മുറുക്കി. അവന്റെ കണ്ണു മിഴിച്ചുവന്നു. കൈ വലിച്ചൂരാനുള്ള അവന്റെ ശ്രമത്തിനു വഴങ്ങാതെ ഞാൻ മുറുക്കം കൂട്ടി. കൊടും തിരയടിക്കുമ്പോൾ പങ്കായത്തിൽ പിടിക്കുകയാണെന്ന് ഞാൻ സങ്കല്പിച്ചു. ആ കുറിയ പെൺകുട്ടിക്കു പെട്ടെന്നു സ്ഥലകാലബോധം ഉണ്ടാവുകയും അവളും അതേകയ്യിൽ മുറുകെപ്പിടിക്കുകയും ചെയ്തു. ചുറ്റും നിന്ന സ്ത്രീകൾ അന്തരീക്ഷം ഉൾക്കൊണ്ടു. ആ രണ്ടുപേരും ഞങ്ങളുടെ നടുവിലായി. ആദ്യത്തെയാളെ കഴുത്തിനു പിടിച്ചു ഞാൻ കുനിച്ചു. അടുത്തുനിന്ന ശരീരവലിപ്പമുള്ള സ്ത്രീ അവന്റെ പുറത്ത് ആഞ്ഞുതള്ളി. അവൻ ഞങ്ങളുടെ ഇടയിലൂടെ വീണു. പിന്നാലെ രണ്ടാമത്തെയാളും. സ്ത്രീകൾ എല്ലാവരും നിരന്നു നിന്നു ചവിട്ടി. ഡ്രൈവർ ബസ് പൊലീസ് സ്റ്റേഷനിലേക്കു വിട്ടു.

ആദ്യത്തെ ദിവസം പൊലീസ് സ്റ്റേഷനിൽ നിന്ന് എത്തിയപ്പോഴേക്കും നഷ്ട മുണ്ടായത് കുർബാനയുടെ കാര്യത്തിലാണ്. ബിഷപ് വന്ന പുതുക്കക്കാർക്കായി നടത്തിയ പ്രാർത്ഥന ആയിരുന്നു. അന്ന വേറെ പരിപാടികൾ ഒന്നുമുണ്ടായില്ല. മട ക്കം ബസിൽ വേണ്ട നടന്നേക്കാം എന്ന തീരുമാനിച്ചു. ആ വരവിൽ ഒന്നുകൂടി തീർ പ്പാക്കി. ഇനി മുതൽ രാവിലെയും നടന്ന തന്നെ പോകണം. യോട്ടുകൾ ഓടിക്കാൻ നല്ല ആരോഗ്യം വേണം. ഞാനൊരു പാവഞ്ചിയോട്ടക്കാരിയാകാൻ അപ്പോഴേക്കും മനസ്സാ തീരുമാനിച്ചിരുന്നു.

പിറ്റേന്ന് തോറാന[1] യുടെ അവധിയാണ്. രാവിലെ ഞാൻ അടുക്കളയിൽ കയ റി. ഒരുപിടി ചെറിയ ഉള്ളി എടുത്തു മേശപ്പുറത്തുവച്ചു. പച്ചമുളക് ഇരുപത്തിനാ ലെണ്ണം. ആറു തണ്ടു കറിവേപ്പില. പത്തു വറ്റൽ മുളക്. സിസ്റ്റർ ഫിലോമിന വന്ന് അതിൽ നിന്ന പകുതി ഉള്ളിയും അഞ്ചു പച്ചമുളകും തിരികെ നീല വലക്കൊട്ടയിലേ ക്കിട്ടു. വാതിൽക്കലിരുന്ന പല്ലുതേക്കുകയായിരുന്ന അമ്മയ്ക്കു ചിരി വന്നു. അമ്മ ഉമി ക്കരികൊണ്ടാണ തേയ്ക്കുന്നത്. അന്നമ്മച്ചേടത്തിയും അങ്ങനെ തന്നെ. സിസ്റ്റർ പൽപ്പൊടിയാണ്. എനിക്കും നന്ദിനിക്കുമായി കോൾഗേറ്റ് ഉണ്ടായിരുന്നു. നന്ദി നിയും അമ്മയുമൊക്കെ പോയ ശേഷമാണ് ഞാൻ അടുക്കള കയറ്റം തുടങ്ങിയത്. ഏതെങ്കിലും ആണിനു വച്ചുവിളമ്പേണ്ടി വരും എന്ന കരുതിയിട്ടോ അടുക്കളപ്പണി പഠിക്ക് എന്ന് ആരെങ്കിലും പറഞ്ഞിട്ടോ ആയിരുന്നില്ല. കയറാൻ തോന്നി, കയറി. പാവഞ്ചിയിലൊക്കെ ഒറ്റയ്ക്ക് പോകുമ്പോൾ ഒന്നും വച്ചുണ്ടാക്കരുത് എന്ന തീരുമാ നിച്ചിരുന്നു. പച്ചമീനും പച്ചവെള്ളവും മാത്രമായി മാസങ്ങൾ കഴിയണം എന്നായിരു ന്നു മോഹം. വച്ചുണ്ടാകുന്ന സമയം ഉണ്ടെങ്കിൽ മറ്റെന്തെങ്കിലും ചെയ്യാനുള്ള ആയു സ് ഇരട്ടിയായി കിട്ടും. മലയാളനാട്ടിലെ പെണ്ണുങ്ങളെല്ലാം ചേർന്ന് ഒരു വർഷം അടുക്കളയിൽ കഴിയുന്ന സമയമുണ്ടെങ്കിൽ ഗാമക്കപ്പൽ[2] വന്ന ആയിരത്തി നാനൂ റ്റി തൊണ്ണൂറ്റിയാറ് മുതൽ അഭിലാഷ് ടോമി[3] യുടെ പാവഞ്ചി അങ്ങോട്ടുപോയ ഇക്കാ ലം വരെ നടന്നെത്താം.

അന്ന് കപ്പയുടെ ഊഴമായിരുന്നു. മുപ്പത്തിയാറു പേരാണ് കണക്കിലുള്ളത്. നാലു പേർക്കു കൂടി കൂടുതൽ ഉണ്ടാക്കുന്നതാണ് രീതി. ആരെങ്കിലും വന്നാൽ ഇല്ലെ ന്നു പറയരുത്. കൂടുതലായാൽ ഒരിക്കലും കളയേണ്ടി വരാറില്ല. രാവിലെ എട്ടുമണി യോടെ കഴിക്കുന്ന വല്യമ്മച്ചിമാരിൽ ആരെങ്കിലും പതിനൊന്നുമണിയോടെ വന്ന് ഉരുളിയുടെ മൂടിമാറ്റി നോക്കും. ബാക്കിയുണ്ടെങ്കിൽ കഴിക്കും. രാവിലത്തെ പലഹാ രം മാത്രമല്ല, ഉച്ചയ്ക്കു വയ്ക്കുന്ന ചോറ് ബാക്കിയുണ്ടെങ്കിൽ വൈകിട്ടു നാലുമണിക്കു വന്ന് കോരിയിട്ടു കഴിക്കാൻ മടിയില്ലാത്തവരുമുണ്ട്.

ഫിലോമിന സിസ്റ്ററുടെ ബജറ്റ് വെട്ടൽ കഴിഞ്ഞു ബാക്കി വന്ന ഉള്ളി എടുത്ത് കുന്പും ചുവടും വെട്ടി പുറന്തൊലി പൊളിച്ച് ഞാൻ അരിയാൻ ഒരുക്കി. ഉള്ളി പകുതി

---

1 വിശുദ്ധ തോമാശ്ലീഹയുടെ ഓർമ്മത്തിരുനാൾ. ജൂലൈ മൂന്ന്.

2 വാസ്കോ ഡ ഗാമ.

3 പാവഞ്ചിയിൽ ലോകം ചുറ്റിയ മലയാളി കമാൻഡർ അഭിലാഷ് ടോമി.

പോയതോടെ വീര്യം കുറയുമെന്നു തോന്നി നോക്കുമ്പോൾ അപ്പുറത്ത് രണ്ടു സവാള. ഇന്നലെ എടുത്തതിൽനിന്ന് സിസ്റ്റർ പിടിച്ചുവച്ചതായിരിക്കും. അതു പതുക്കെ ചൂണ്ടി. ക്ലാര സിസ്റ്റർ ആ മോഷണം കണ്ടു ചിരിച്ചു.

സവാള നടുകെ പിളർന്ന് ഓരോ പിളർപ്പിലും നാലു കുറുകെ വെട്ടു കഴിഞ്ഞു കുട്ടിപ്പിടിച്ചു. എനിക്കൊരിക്കലും കടകടകടാ... എന്നു ശബ്ദം കേൾപ്പിച്ച് സവാള അരിയാൻ കഴിഞ്ഞിട്ടില്ല. സന്ധ്യ സിസ്റ്റർ അക്കാര്യത്തിൽ ബാൻഡ് മാസ്റ്ററാണ്. മുപ്പതു സെക്കൻഡിൽ അറുപതു തവണ കത്തി പലകയിൽ വീഴുന്ന ശബ്ദം കേൾക്കും എന്നു തോന്നുമാറ് അരിച്ചിൽ കഴിയും. സദ്യപ്പുരകളിൽ പോയപ്പോൾ ബിരിയാണിക്കു സവാള അരിയുന്നവരെ കണ്ടുനിന്നിട്ടുണ്ട്. ഒരുപാടു തവണയൊന്നുമില്ല. പന്ത്രണ്ടാം ക്ളാസുവരെയുള്ള ഇക്കാലത്തിനിടയ്ക്ക് ഞാൻ മൂന്നു കല്യാണമേ കൂടിയിട്ടുള്ളു. ഒന്ന് ജുവലിന്റെ ചേച്ചിയുടെ. ജുവലിനേക്കാൾ എട്ടുവയസ്സു കൂടുതലുണ്ട് ചേച്ചിക്ക്. തലേന്നു രാത്രിയിൽ ഞാനും നന്ദിനിയും കൂടി ആ വീട്ടിൽ പോയി സവാളയും ഇറച്ചിയും അരിയുന്നവരെ കണ്ടു നിന്നു. പിന്നൊരു കല്യാണം മാഗി ടീച്ചറുടെ മകളുടേതായിരുന്നു. മൂന്നാമത്തേത് അഫ്സലിന്റെ പെങ്ങളുടെ. അഫ്സലും പെങ്ങളും ഇരട്ടകളാണ്. നിക്കാഹിന് മട്ടൻ ബിരിയാണിയായിരുന്നു. അന്ന് അഞ്ചുചാക്ക് സവാളയാണ് അരിഞ്ഞത്. അത് അരിയുന്നവരുടെ വേഗംകണ്ടു കണ്ണുമഞ്ഞളിച്ചു.

സദ്യക്കു തേങ്ങചുരണ്ടുന്നതിനെക്കുറിച്ചു നന്ദിനി പറഞ്ഞിട്ടുണ്ട്. ഇരുപതു ചിരവ നിരത്തിയിട്ട് അഞ്ഞൂറു തേങ്ങയൊക്കെ ചുരണ്ടും. പ്രഥമന് പാല് പിഴിയാനും കിച്ചടിക്കും അവിയലിനും കാളനും എരിശ്ശേരിക്കും ചേർക്കാനുമാണ് അത്രയും നാളികേരം. മഠത്തിൽ ഒരു തേങ്ങ പൊതിച്ചാൽ ഒരു മുറിയുടെ പകുതി മാത്രം ചുരണ്ടിയെടുത്ത് ഉച്ചയ്ക്കുള്ള തോരനു മുകളിൽ വിതറുന്നതാണ് ഏക ഉപയോഗം. തേങ്ങയരച്ചു കൂട്ടാൻവയ്പ്പൊക്കെ കുറവാണ്. മീൻകറിക്കുപോലും തേങ്ങയരച്ചു ചേർക്കുകയൊന്നും വേണ്ടെന്ന് ഫിലോമിന സിസ്റ്റർ പറയും. കുടംപുളിയിട്ട് മുളകും മഞ്ഞളും മസാലയും ചേർത്തു വഴറ്റിയെടുക്കുന്നതാണ് അവിടെ മീൻകറി.

സവാളയ്ക്കു പിന്നാലെ പച്ചമുളക് പത്തൊൻപതെണ്ണം വട്ടത്തിൽ അരിഞ്ഞു. ഞാനാദ്യമായിട്ട് ഒറ്റയ്ക്കു വയ്ക്കുന്ന കപ്പയാണ്. നമ്മുടെ ഇന്നത്തെ വിധി എന്നു പറഞ്ഞ് അന്നമ്മച്ചേടത്തി താടിക്കു കൈകൊടുത്ത് പടിയിൽ ഇരുന്നു. സിസ്റ്റർ സന്ധ്യവന്നു നോക്കി ഗൂഢമായി ചിരിച്ചു പോയി.

കറിവേപ്പില ഉതിർത്തു കൂട്ടിയിട്ടു. നാൽപ്പതുപേർക്കു പത്തു കിലോ കപ്പയാണ് മഠത്തിലെ കണക്ക്. ഒരു കിലോയ്ക്കു ചെണ്ടപുഴുങ്ങിയാൽ നാലുപേര് കഴിക്കും. ചെണ്ടക്കപ്പ എന്നു പറയുന്നത് ചെണ്ടപോലെ വട്ടത്തിൽ അരിയുന്നതാണ്. ഒരു നീളൻ കപ്പയിൽ നിന്ന് ഒരു വിരൽ നീളത്തിൽ മൂന്നോ നാലോ കിട്ടും. തിളച്ചുവന്നാൽ വെള്ളം ഊറ്റി ഉള്ളിച്ചമ്മന്തി കൂട്ടി കഴിച്ചാൽ മതി. ഞാൻ കപ്പയിൽ പരീക്ഷണത്തിനുള്ള ഒരുക്കമായിരുന്നു. രാവിലെ തന്നെ അമ്മയും അന്നമ്മച്ചേടത്തിയും കൂടി കപ്പ തൊണ്ടുകളഞ്ഞു കൊത്തിയരിഞ്ഞു വച്ചിരുന്നു. അതു ഞാൻ ഇന്നലെ ചട്ടംകെട്ടിയതാണ്. രാവിലെ അതു തിളച്ചു നാലുമിനിറ്റു കഴിഞ്ഞപ്പോഴേക്കും തന്നെ വെന്തമണം

വന്നു. മഠത്തിലെ പടിഞ്ഞാറെ പറമ്പിൽ നട്ട ആമ്പക്കാടനാണ്. നല്ല നൂറുള്ള ഇനം. വെള്ളം തിളച്ചാൽ വേവുമെന്നാണ് അന്നമ്മച്ചേടത്തിയുടെ ഇത്തിരി തള്ളു കൂട്ടിയ പ്രയോഗം. എന്തായാലും തിളച്ച് അഞ്ചുമിനിറ്റുകൊണ്ട് കയ്യിലെടുത്ത് ഉടച്ചപ്പോൾ തന്നെ പൊടിയായി. കപ്പയുടെ വെള്ളമൂറ്റി. ഒന്നുകൂടി തണുത്തവെള്ളമൊഴിച്ച് കഴുകി. അത് മഠത്തിലെ രീതിയാണ്. കപ്പയിലെ കട്ട് ചിലപ്പോൾ വിഷമാകും. സയനൈഡാകുമെന്നാണ് അന്നമ്മ ചേടത്തി പറയാറ്. ഏതായാലും ആ കട്ട് വയറിനു നല്ലതല്ല. രണ്ടു തവണ തിളച്ച വെള്ളമൊഴിച്ച് കഴുകിയാൽ കേടുപോകും.

വലിയ ഉരുളി ഞാൻ അമ്മയെയും കൂട്ടിയാണ് അടുപ്പിൽ കയറ്റിയത്. മഠത്തിൽ ഓട്ടുരുളി ഒന്നുമില്ല. എല്ലാം അലുമിനിയമാണ്. കടുകുപൊട്ടിവന്നപ്പോൾ ഫിലോമിന സിസ്റ്റർ കാണാതെ ഭരണിയിൽ നിന്ന് എടുത്ത ഒരുപിടി ഉഴുന്നുപരിപ്പ്. അത്ര തന്നെ കുത്തരിയും. അരി വീർത്ത് ആദ്യം വെള്ളനിറവും പിന്നെ മഞ്ഞനിറവും. ഉഴുന്നു മൂത്തു നേരിയ ചുവപ്പുമായപ്പോൾ വറ്റൽമുളക് മുറിച്ചത്, പച്ചമുളക്, പിന്നെ സവാളയും ഉള്ളിയും. ഉപ്പ് മേലേ വിതറി. അത് അന്നമ്മച്ചേടത്തിയുടെ സൂത്രമാണ്. വെള്ളത്തിലല്ല സവാളയിലാണ് ഉപ്പിടേണ്ടത് എന്നു ചേടത്തി പറയും. ഉപ്പിട്ടുവഴറ്റിയാൽ സവാളയ്ക്ക് പെട്ടെന്ന് മയം വരും. മഞ്ഞൾപ്പൊടി കൂടി മുകളിൽ വിതറി.

ഉള്ളിയുടെ നിറം മാറിത്തുടങ്ങിയതോടെ തീ താഴ്ത്തി കപ്പ പകർന്നു. മഠത്തിലെ വലിയ കണ്ണാപ്പ തന്നെ കഴുകിയെടുത്തു വച്ചിരുന്നു. ഇരുമ്പിന്റെ കണ്ണാപ്പ മീൻ വറുത്തുകോരാൻ എന്ന പേരിൽ വാങ്ങിവച്ചിരുന്നതാണ്. പത്തുനാൽപ്പതുപേർക്കു മീൻ വറുത്തെടുക്കാനുള്ള വകയൊന്നും ഇല്ലാത്തതുകൊണ്ട് എന്നും മീൻകറി തന്നെയായിരുന്നു. പിന്നെ എടുക്കുന്നത് വല്ലപ്പോഴും പപ്പടം കാച്ചുമ്പോഴാണ്. പപ്പടം ഒരവശ്യവസ്തുവായി മഠത്തിൽ പ്രഖ്യാപിച്ചിരുന്നില്ല. ഉപ്പേരിവറവൊന്നും തീരെ ഇല്ലാത്തതുകൊണ്ട് ആ വഴിക്കും വേണ്ടിവന്നിട്ടില്ല. കണ്ണാപ്പ അമർന്നതോടെ കപ്പ വെണ്ണീറുപോലെ പൊടിഞ്ഞു. ചില കപ്പ നല്ല പേശീപിടിത്തമായിരിക്കും. ഇങ്ങനെ പൊടിയില്ല. ഇതുഭാഗ്യം കിട്ടിയ ഇനമാണ്. പൊടിഞ്ഞമർന്ന കപ്പയിൽ ഉള്ളിയും മുളകും വറുത്ത അരിയും ഉഴുന്നും ഒട്ടിപ്പിടിച്ചു. ഇളക്കിമറിച്ച് അടയ്ക്കാൻ നേരത്ത് അന്നമ്മച്ചേടത്തിവന്നു. ഞാൻ കണ്ണിറുക്കി കാണിച്ചു.

രണ്ടു തേങ്ങ ചുരണ്ടിയതു മുറത്തിൽ ഞാൻ അടച്ചുവച്ചിരുന്നു. സിസ്റ്റർ സന്ധ്യയോട് അനുമതി വാങ്ങി അമ്മയെക്കൊണ്ടു ചുരണ്ടിച്ചതാണ്. കപ്പയുടെ മുകളിൽ തേങ്ങ പൊത്തി. നാലുവശത്തുനിന്നു കപ്പകൊണ്ടുതന്നെ പൊതിയിട്ടു. വലിയ അലുമിനിയം പ്ലേറ്റുകൊണ്ട് അടച്ചു. മൂന്നുമിനിറ്റ് കഴിഞ്ഞ് അടപ്പുമാറ്റി ഇളക്കിയെടുത്ത കപ്പ ഒരു സ്റ്റീൽ പാത്രത്തിലേക്കു പകർന്നു. കോപ്പപോലുള്ള ആ ചെറിയ പാത്രം മീൻകറി വിളമ്പാൻ എടുക്കുന്നതാണ്. ഓരോരുത്തർക്കും ഓരോ കുന. അതിനു മുകളിൽ ഒരു ഉണക്കമുളകു വറുത്തത് കുത്തി നിർത്തി. പിന്നെ വലിയൊരു ചെരുവത്തിൽ ഇന്നലത്തെ ബാക്കിയിരുന്ന മീൻകറിയിൽ വെള്ളമൊഴിച്ചു തിളപ്പിച്ചതും വച്ചു.

ചെണ്ടക്കപ്പയും പുഴക്കും മാത്രം തിന്നിട്ടുള്ളവർക്ക് ഇടിച്ചുകുത്തി കപ്പ പുതുമയായിരുന്നു. കഴിച്ചുകൊണ്ടിരിക്കുമ്പോൾ സിസ്റ്റർ സന്ധ്യ പറഞ്ഞു: മനുഷ്യന് ഇത്രയും

സന്തോഷമൊക്കെയേ പറഞ്ഞിട്ടുള്ളു. എന്നുമുണ്ടാകുന്നതിൽ നിന്ന് ഒന്നുമാറ്റിയാൽ തന്നെ അന്നേരത്തെ സന്തോഷമായി.

അന്നമ്മച്ചേടത്തി പതിവുപോലെ എടുത്തടിച്ചു: 'കപ്പ പൊടിച്ചുവച്ചിട്ട് വിളമ്പുന്നതിനല്ല പുതുമയെന്നു പറയുന്നതെന്റെ സിസ്റ്ററേ. രാവിലെ ഉപ്പുമാവു തിന്നോണ്ടിരിക്കുന്നവർക്ക് നല്ല പാലപ്പോം ചിക്കൻ ഇഷ്ടുവും കൊടുക്കണം. കപ്പതിന്നുന്നോർക്ക് മോളിലൊരു കിണ്ണം ഇറച്ചി വരട്ടിയിട്ടു കൊടുക്കണം. ഉച്ചയ്ക്കെന്നും ചോറും നാലെടങ്ങഴി വെള്ളത്തിൽ നാലു മീനും നാരങ്ങാവലിപ്പത്തിലെ പുളിയുമിട്ടു തിളപ്പിച്ച മുളകുവെള്ളമൊഴിച്ചു മീൻചാറാണെന്നു പറഞ്ഞ് ഒഴിച്ചുകൊടുക്കണെ പണിനിർത്തണം. എന്നിട്ടു മട്ടൻ ബിരിയാണി കൊടുക്കണം. നാലുമണിക്കു കട്ടൻകാപ്പിയും വായുവും നിർത്തി ഒരു പാൽച്ചായേം കുഴലപ്പോം. രാത്രി ചപ്പാത്തിക്കൊപ്പം ചിക്കൻ പെരട്ട്. അതിനുള്ള പാങ്ങുണ്ടാകാതെ കണ്ണാപ്പകൊണ്ടു കുത്തിയുടച്ചതു പുതുമയാന്നു പറഞ്ഞാൽ ഗതികേടുകൊണ്ട് കയ്യടിക്കാമെന്നല്ലാതെ എന്നാ പറയാനാ'. ഇത്രയും പറഞ്ഞു ശ്വാസം കിട്ടാതെ ഒരു പ്രയോഗം കൂടി. 'അല്ല പിന്നെ...'

സിസ്റ്റർ സന്ധ്യ ചിരിക്കുകയാണ് ചെയ്തത്. ഫിലോമിന സിസ്റ്റർ വലിയ ഗൗരവത്തിലാണ്. മഠത്തിലെ നടത്തിപ്പിനെക്കുറിച്ച് ആരെന്തുപറഞ്ഞാലും അതെല്ലാം തന്നെ ആക്രമിക്കാനാണ് എന്നൊരു തോന്നൽ ഫിലോമിന സിസ്റ്റർക്കു പണ്ടേയുണ്ട്. എത്ര കുത്തിനോവിച്ചാലും പ്രോവിൻഷ്യലിൽ നിന്നുള്ള കണക്കു തെറ്റിച്ച് ഒരു വിഭവം പോലും കൂട്ടാൻ സിസ്റ്റർ സമ്മതിക്കാറുമില്ല.

അച്ഛൻ കാശുതരാത്ത മാസങ്ങളിലും അമ്മ അടുക്കള കൊണ്ടുനടന്നതാണ് സുശീല ഓർത്തത്.

റേഷൻ അരിയല്ലാതെ മറ്റൊന്നും ഇല്ലാത്തദിവസം അമ്മ പിച്ചാത്തിയെടുത്ത് ഒരിറക്കമുണ്ട്. സ്വന്തം പറമ്പൊന്നുമില്ല. ആകെയുള്ളത് ആറര സെന്റാണ്. അതില് വീടും ആട്ടിൻകൂടും കോഴിക്കൂടും തൊഴുത്തും കുത്തിനിറച്ചിരിക്കുകയാണ്. തെക്കുകിഴക്കേ മൂലയ്ക്ക് ചിതയൊരുക്കാനാണെന്നു പറഞ്ഞ് അച്ഛൻ മാറ്റിയിട്ട നാലു കോൽ സ്ഥലത്ത് രണ്ടു മൂട് കാച്ചിലും നാലു ചേനയും കുഴിച്ചുവയ്ക്കും. ചിലപ്പോൾ പത്തുപന്ത്രണ്ട് ഇഞ്ചിക്കായി ഒരു മുറത്തിന്റെ വലിപ്പത്തിലൊരു കണ്ടവും. അവിടെ തന്നെയാണ് രണ്ടു കാന്താരിച്ചീനിയും നിൽക്കുന്നത്. സ്വന്തം പറമ്പീന്ന് വേറൊന്നും കിട്ടാനില്ല.

പടിഞ്ഞാറ്റേക്കാരുടെ പറമ്പീന്ന് പുല്ല് വെട്ടിക്കോളാൻ പറഞ്ഞിട്ടുണ്ട്. അവിടെ നിറയെ ചേമ്പും തകരയുമുണ്ട്. ചേമ്പ് നട്ടുവളർത്തുന്നതൊന്നുമല്ല. അവർക്കതിനു നേരവും ഇല്ല. നാൽപ്പതാംപൊക്കം തേങ്ങയിടീക്കാൻ വരുന്നതല്ലാതെ വേറെ നോട്ടമൊന്നും പറമ്പിലില്ല. ചേമ്പൊക്കെ കണക്കു വീണു മുളയ്ക്കുന്നതാണ്. അമ്മ ചെന്ന് ചേമ്പിൻതണ്ടും തകരയും മുറിച്ചു കൊണ്ട് വരും. അരിയാൻ ഇരിക്കും മുൻപ് അരികഴുകി അടുപ്പത്തെ കലത്തിലിടും. അന്നത്തെ ദിവസം രാവിലെ വേറെ പലഹാരമില്ല. രാവിലെയും ഉച്ചയും കൂടി ചേർത്തുള്ള കഴിപ്പാണ്. അങ്ങനെയുള്ള ദിവസവും വലിയ വിശപ്പൊന്നും തോന്നാറില്ല. ഭക്ഷണം ഒന്നിച്ചാണെന്നു മനസ്സിലായാൽ

ഞാനും അമ്പിളിയും നേരത്തെ കുളിക്കാൻ പോകും. തിരിച്ചുവരുമ്പോഴേക്ക് അമ്മ വയ്പു കഴിഞ്ഞിട്ടുണ്ടാകും.

അമ്മയ്ക്കു താള് അരിയാൻ നല്ല വഴക്കമാണ്. ഞാൻ തൊട്ടാൽ ചൊറിയും. അമ്മ വിരൽനീളത്തിൽ അരിഞ്ഞ് വെള്ളത്തിലിടും. പിന്നെ വാരിയെടുത്ത് അവിയൽ കഷണം പോലെ അരിഞ്ഞുകൂട്ടും. ഒന്നുകൂടി കഴുകിവാരി മഞ്ഞളും പച്ചമുളകു ചതച്ചതും കല്ലുപ്പും ഇട്ടു നികക്കെ വെള്ളവും ഒഴിച്ച് കൽച്ചട്ടിയിൽ കനലിലേക്കു വയ്ക്കും. വടിപോലെ നിൽക്കുന്ന താളിൻതണ്ട് പെട്ടെന്ന് വഴവഴാന്നാകും. അതിലേക്ക് അരമുറിത്തേങ്ങയുടെ പകുതിയരച്ചതു ചേർത്തിളക്കി വാളൻപുളി പിഴിഞ്ഞൊഴിക്കും. കടുകും കറിവേപ്പിലയും വറത്തിടാൻ വെളിച്ചെണ്ണ ഇല്ലാത്ത ദിവസങ്ങളും ഉണ്ടായിട്ടുണ്ട്. തകര കുനുകുനെ അരിഞ്ഞ് കഴുകിവാരി മൺചട്ടിയിൽ അടച്ചുവയ്ക്കും. രണ്ടു കനലു മാത്രമേ അടുപ്പിൽ അപ്പോൾ ഉണ്ടാകൂ. താളുകറിക്ക് എടുത്തു ബാക്കി വന്ന അരമുറി നാളികേരത്തിന്റെ പകുതി തകരവാടിവരുമ്പോൾ മുകളിൽ പൊത്തിവയ്ക്കും. അഞ്ചുമിനിറ്റേ വേണ്ടൂ. റേഷൻ കിട്ടിയ അരിയും ആരാന്റെ താളും പശുതിന്നാതെ നിർത്തുന്ന തകരയും ഉണ്ടെങ്കിൽ മൂന്നുനേരമായി.

അച്ഛൻ പരിസരത്തുപോലും വരാതിരുന്ന ഒരു ഇടവം–മിഥുനത്തിലാണ്. പറമ്പില് ഒരു മൂട് കപ്പബാക്കിയുണ്ട്. അമ്മ തൂമ്പയുമായി അതിന്റെ ചുവട്ടിലേക്കു നടന്നു. പന്ത്രണ്ടു കമ്പു കുത്തിയിതിൽ ബാക്കിയുണ്ടായിരുന്നതാണ്. മൂന്നുനേരവും കഞ്ഞിയോ ചോറോ ആയിരുന്നതുകൊണ്ട് ആ ആഴ്ചയിലേ റേഷൻ നേരത്തെ കഴിഞ്ഞു. ഇനിയും മൂന്നുദിവസം കൂടിയുണ്ട് ആഴ്ച മാറാൻ. അമ്മ ആദ്യം മൂട്ടിലെ കാട്ട് പറിക്കുകയായിരുന്നു. ഒരു ചൊറിയണ്ണവും വന്നു കൂടിയിട്ടുണ്ട്. അമ്മയുടെ കൈചൊറിഞ്ഞെന്നു മനസ്സിലായി. അമ്മ അരിവാളിന്റെ തലകൊണ്ടുവരെ ചൊറിയുന്നുണ്ട്. അപ്പോഴാണ് ഇടവഴീന്ന് കുന്നത്തമ്മ കയറി വരുന്നത്. തലയിൽ ഒരു തുണിസഞ്ചിയുണ്ട്. അത് ഇറയത്തുവച്ചിട്ടു തിരിഞ്ഞു നടന്നു. അമ്മയും ഞങ്ങളും മിണ്ടാട്ടമില്ലാതെ നിൽക്കുകയാണ്.

'ഇന്നലേം ഇന്നും ഭവാനി നാലുവട്ടം ഈ കപ്പേടെ മൂട്ടില് നടക്കണതു കണ്ടാൽ കാര്യം തിരിയും. എടുത്തു കഞ്ഞിവയ്ക്കാൻ നോക്ക്...'

ആനക്കാരന്റെ വീട്ടില് പട്ടിണിവന്നെന്നു പറഞ്ഞാൽ നാട്ടിലാരും വിശ്വസിക്കത്തില്ല. പക്ഷേ, കുന്നത്തമ്മ അറിഞ്ഞു. അച്ഛൻ വന്നപ്പോൾ അമ്മ ഇക്കാര്യം പറഞ്ഞു. അച്ഛനിലെ അഭിമാനി ഉണർന്നു. എന്റെ ഭാര്യേം പിള്ളേരേം നോക്കാനെനിക്കറിയാം, കണ്ടവന്റെ കൂടെക്കിടക്കുന്നോളുടെ എരന്നുവാങ്ങേണ്ട ഗതികേട് ഇവിടെ ഉണ്ടായിട്ടില്ല എന്നു പറഞ്ഞു മുച്ചൂട്ടും ചീത്ത തുടങ്ങി. ഇപ്പോൾ തന്നെ അരികൊടുത്തു കണക്കും തീർത്തിട്ടുവന്നാൽ മതിയെന്ന് അമ്മയ്ക്കു തിട്ടൂരം. അമ്മ എങ്ങും പോയില്ല. ആ ഉമ്മറത്ത് കുത്തിയിരുന്നു. അച്ഛൻ രാത്രി പകുതി കഴിയും വരെ പുളിച്ചതെറിതന്നെ പറയുകയും നിരവധി ബീഡിക്കെട്ടുകൾ വലിച്ചു തള്ളുകയും ചെയ്തു.

രാവിലെ അച്ഛൻ മുറ്റത്തു നിൽക്കുമ്പോഴാണ് ഇടത്തൊണ്ടിൽ കൂടി കുന്നത്തമ്മ വരുന്നത്. തലയിലൊരു ചക്കയുണ്ട്. അച്ഛൻ ഇപ്പോൾ പൊട്ടിത്തെറിക്കുമെന്ന്

ഞങ്ങൾക്ക തോന്നി. അച്ഛൻ ഒന്നും മിണ്ടാതെ അകത്തുപോയി. കയ്യിൽ പൈസയുമായാണ് വരവ്. കുന്നത്തമ്മ ചക്ക തരാൻ വന്നതായിരുന്നു. അത് ഇറയത്തു വച്ച് തിരിയുമ്പോഴാണ് അച്ഛൻ കാശുമായി നിൽക്കുന്നത്. കുന്നത്തമ്മ മുറ്റത്തേക്ക് ഒറ്റത്തുപ്പായിരുന്നു.

'നീ വന്നു കയ്യിലൊന്നുമില്ല, സമ്മതിക്കണമെന്നു പറഞ്ഞു കെഞ്ചി എന്റെ മോളിൽക്കേറി നിരങ്ങിയപ്പോ മകനാകാനുള്ള പ്രായമല്ലേയുള്ളൂന്നു വച്ച് ഞാൻ ചോദിച്ചിട്ടില്ല കാശ്. പിന്നെയാ ഇപ്പമിനി. സ്വന്തം പിള്ളേരേ വളർത്താനെങ്കിലും പഠിക്കെടാ പട്ടിപ്പാപ്പാനേ...'

അമ്മയും ഞങ്ങളും അതുകേട്ടു. കുന്നത്തമ്മ നടന്ന് തൊണ്ടുതീരും മുൻപ് അച്ഛൻ തോട്ടിയും വടിയുമെടുത്ത് സഞ്ചിയും കയ്യിൽ തൂക്കി ഒരു പോക്കുപോയി. പിന്നെ നാലു മാസം കഴിഞ്ഞാണ് വന്നത്.

ഒരേ ഭക്ഷണം കൊടുത്താൽ തീരുന്നതല്ല ലോകത്തിന്റെ പ്രശ്നം. അങ്ങനെ തീരുമായിരുന്നെങ്കിൽ ചിക്കൻ റോളും അടപ്രഥമനും കൊടുത്താൽ ബലാൽസംഗികളൊക്കെ എന്നേ നന്നാകുമായിരുന്നെന്ന് നന്ദിനി പോകുന്നതിനു മുൻപുള്ള ദിവസങ്ങളിലൊന്നിൽ പറഞ്ഞിരുന്നു.

നല്ല ഭൂസ്വത്തുണ്ടായിരുന്നു നന്ദിനിയുടെ അമ്മാവന്. തൊഴുത്തിൽ പതിനാലു പശുവുണ്ട്. നന്ദിനി നാലാം ക്ലാസിലെ അവധിക്കു ചെല്ലുമ്പോൾ പശുവിന്റെ കാര്യം നോക്കാൻ മാത്രം മൂന്നു പണിക്കാരുണ്ട്. നാൽപതാം ദിവസം ഇടുന്ന തേങ്ങയുടെ ചകിരിവിറ്റാൽ തന്നെ അഞ്ചുപവൻ മേടിക്കാമെന്ന് അമ്മായി പൊങ്ങച്ചം പറയാറുണ്ട്. അത്രയ്ക്കുണ്ട് പറമ്പിന്റെ വലിപ്പം. അമ്മാവനും അമ്മായിയും മകനും മാത്രമാണ് ആ വലിയ വീട്ടിൽ. വീടെന്നൊക്കെ പറഞ്ഞാൽ സ്കൂളിൽ പോകുന്നതുപോലെയാണ്. 'അമ്മാവന്റെ പുന്നാര വായോ...' എന്നു പറഞ്ഞാണ് നന്ദിനിയെ എടുത്തു കൊണ്ടു തട്ടിൻപുറത്തേക്കു പോയത്. അവിടെ ഒരു വശം മുഴുവൻ തേങ്ങ തൊണ്ടുകളയാത്തത് കൂട്ടിയിട്ടിരിക്കുകയാണ്. മറ്റേയറ്റത്ത് അമ്മാവന്റെ ചാരുകസേരയും ഒരു കിടക്കയും. തട്ടിൽ കയറിയപ്പോൾ തന്നെ കോണിയിൽ നിന്നുള്ള വാതില് അമ്മാവൻ അടച്ചു. നന്ദിനിയെ കിടക്കയിൽ നിർത്തി. മോൾക്ക് ഉഷ്ണിക്കുന്നുണ്ടോ എന്നു ചോദ്യം. നന്ദിനി ഇല്ലെന്നു പറഞ്ഞു. വിയർക്കാതിരിക്കും സൂര്യൻ തൊട്ടുമുകളിലാണ് എന്ന് പറഞ്ഞ് അമ്മവാൻ ഉടുപ്പിന്റെ കൊളുത്തിൽ കൈവച്ചു.

അത് ഒരു തവണ മാത്രമായിരുന്നില്ല. ആ അവധിക്കാലം മുഴുവൻ പലവട്ടം അമ്മാവൻ തട്ടിൻപുറത്തുകയറ്റി.

കാശില്ലാത്തവർക്കും ജാതിയിൽ താഴ്ന്നവർക്കും ക്വട്ടേഷൻ കിട്ടിയതല്ല ബലാൽസംഗമെന്ന് പറഞ്ഞ് നന്ദിനി സൈക്കിളിന്റെ സീറ്റിൽ അന്ന് ശക്തിയോടെ ഇടിച്ചു. 'വഷളന്മാർ കൂടുതൽ തട്ടുള്ള വീടുകളിലാണ്. സ്വന്തം മച്ചിൻപുറത്തു കാണിച്ചുകൂട്ടുന്നതു പോരാഞ്ഞിട്ട് പാവങ്ങളുടെ പുരപൊക്കാനും ഇറങ്ങും.'

അമ്മാവൻ ചെയ്തതെന്താണെന്നറിഞ്ഞതു പതിനാലാം വയസ്സിൽ ആ ബാങ്ക് മാനേജരുടെ വീട്ടിൽ ഒറ്റയ്ക്കായപ്പോഴാണ്. അയാളോടായിരുന്നില്ല ദേഷ്യം. അവിടെ കൊണ്ടാക്കിയ സ്വന്തം അച്ഛനോടായിരുന്നു.

നന്ദിനിയുടെ അറിവോടെയും സമ്മതത്തോടെയും അവിടെ കൊണ്ടുചെന്നാക്കിയെന്നു വാദിച്ച ബാങ്ക് മാനേജരുടെ വക്കീലിനു നേരേ സിസ്റ്റർ സന്ധ്യയാണ് ചെരുപ്പൂരിയെറിഞ്ഞത്. ആ ഒറ്റയേറിൽ കേസിന്റെ വാദം കഴിഞ്ഞു. പിന്നെ പ്രതിഭാഗം വക്കീൽ മിണ്ടിയതേയില്ല. മാനേജർക്കൊപ്പം വിധികേട്ട് ഇറങ്ങി ജയിലിലേക്കു പോയ അച്ഛന് നോക്കാനുള്ള ധൈര്യം ഉണ്ടായില്ല. ബാങ്ക് മാനേജർ ദയനീയമായി നോക്കി. ആ നോട്ടത്തിൽ നന്ദിനിക്ക് ഓക്കാനം വരികയും ഒരുകവിൾ ച്ഛർദ്ദിൽ പുറത്തുപോവുകയും ചെയ്തു. അയാൾ ചെയ്തതിന്റെ അറപ്പ് ആ നിമിഷമാണ് നന്ദിനിയിലേക്കു പെരുത്തുകയറിയത്. അവളന്നു മുഴുവൻ എന്തെങ്കിലും കഴിക്കുകയോ കുടിക്കുകയോ ചെയ്തില്ല.

— 21 —

# സ്രാവ്

വേഗം കൂട്ടി നടക്കുമ്പോൾ ബുദ്ധി തേക്കിൻ ചുവട്ടിൽ നിന്നു പറന്നുപോകുന്ന കൊഴിഞ്ഞ ഇലയാകും.

കാറ്റടിക്കുമ്പോൾ തേക്കിന്റെ ചുവട്ടിൽ നിന്ന് ആദ്യം ചേർന്നുകിടക്കുന്ന പാടത്തേക്ക് ഒന്നു വീണ് അടുത്തകാറ്റിൽ തെറ്റിത്തെറിച്ച് പിന്നെയും കുറച്ചു മാറി വീണു കഴിഞ്ഞാൽ ഒറ്റപ്പറക്കലാണ്. അങ്ങനെ പറന്നുപോകുന്ന തേക്കില അതിന്റെ സാമ്രാജ്യങ്ങളെല്ലാം മറികടക്കും. ചിലപ്പോൾ നഗരമധ്യത്തിലെ ഗാന്ധിപ്രതിമയുടെ തലയിൽ വന്ന് തലോടി താഴേക്കു വീഴും. തേക്കിലയ്ക്കു മാത്രമാണ് കാറ്റിൽ ഇങ്ങനെ ഇത്രദൂരം സഞ്ചരിക്കാനുള്ള പത്രശേഷി.

ഓരോദിവസവും സെയ്ന്റ് തോമസ് കോളജിൽ നിന്നു മഠത്തിലേക്കുള്ള വഴിയിലൂടെ ഒന്നോ രണ്ടോ അടിമാത്രമായിരിക്കും ഞാൻ നടക്കുക. ബാക്കി സമയത്തെല്ലാം പാറിപ്പറന്ന് മറ്റേതെങ്കിലും ദേശത്തെത്തി ഗാന്ധി, ബുദ്ധൻ, അംബേദ്കർ ശിൽപങ്ങളിലേക്കു ചെന്നു വീഴും. എപ്പോഴും അതു സമാധാന വഴിയിൽ ആയിരിക്കണമെന്നില്ല. തേക്കില്ലാത്ത നഗരത്തിൽ ഇല വരാൻ വേറെയുമുണ്ട് വഴി. മാട്ടിറച്ചി പൊതിയാൻ അറവുകാർ കൊണ്ടുവരുന്ന തേക്കിലകളുണ്ട്. ഹോട്ടലുകളും വീടുകളും വാഴനാരിന്റെ കെട്ടഴിച്ച് ചവറ്റുകൊട്ടയിലേക്കിടുന്നവ പറന്നു മൃഗശാലയിൽ വന്നുവീഴും. പേടമാൻ ആ ഇലയിൽ രക്തമണമറിഞ്ഞു വിഷാദംകൊള്ളും. പുള്ളിപ്പുലി മത്തുപിടിപ്പിക്കുന്ന ഗന്ധത്തിന്റെ ഉറവിടം തേടി ഉന്മത്തനാകും.

നടപ്പു തുടങ്ങി നാലോ അഞ്ചോ ദിവസം കഴിഞ്ഞു. കാലുകൾ റോഡിലാണെങ്കിലും മനസ്സ് കടലിലാണ്. പെട്ടെന്ന് ഒരുപെൺകുട്ടി തോളിലെ ഷാൾ തലയിലേക്കു കയറ്റുകയും മുഖം പൂർണമായി മറച്ച് രണ്ടു സ്ത്രീകളുടെ മധ്യത്തിലേക്കു തിക്കിത്തിരക്കി നിൽക്കുകയും ചെയ്തു. അവരെ കടന്നു നടന്നുപോകുമ്പോൾ ഒരു ഓട്ടോ വന്നു നിൽക്കുന്നു. 'ഇന്നെവിടാണാവോ...' എന്ന് ഓട്ടോ ഡ്രൈവർ ചോദിക്കുന്നതു കേട്ടാണ്

ആ ഷാൾ ഓർത്തെടുത്തത്. മൂന്നാമത്തെ ബഞ്ചിൽ ഇരുന്നയാൾ. ഇതുവരെ മിണ്ടുകയോ ചിരിക്കുകയോ പോലും ചെയ്യാത്തയാൾ. നാൽപതുപേർമാത്രമുള്ള ക്ലാസിൽ ഇപ്പോഴും പേര് അറിയാവുന്നത് മൂന്നോ നാലോ പേരുടെയാണ്. സ്കൂളിലെപ്പോലെ പാറിപ്പറന്നു നടക്കാൻ തോന്നിയതേയില്ല. ഇംഗ്ലീഷ് സാഹിത്യം എന്റെ കോപ്പയിലെ കാപ്പിയല്ല എന്നൊരു തോന്നൽ ആദ്യദിവസം മുതൽ ഉണ്ടായിരുന്നു. പെട്ടെന്നു പറന്നുകൊണ്ടിരുന്ന കരിയിലയ്ക്കു ഭാരം കൂടി കുത്തനെ താഴേക്കു വീണതുപോലെ ഞാൻ നിലത്തെത്തി. ആ പെൺകുട്ടിയുടെ അപ്പുറവും ഇപ്പുറവും നിന്നവരിൽ ഒരാൾ ആ സ്ത്രീയാണ്. ഷീല. നന്ദിനിയുടെ വീട്ടിൽ അധികാരഭാവത്തിൽ വന്നു താമസിച്ചവൾ. അവളുടെ അച്ഛനിൽ നിന്നു പണംപിഴിഞ്ഞു വാങ്ങിയിരുന്നവൾ. പിന്നെ എനിക്കു വേഗം തീരെയില്ലാതായി. അവരുടെ ഫോട്ടോ എന്നെ പലവട്ടം നന്ദിനി കാണിച്ചിട്ടുണ്ട്. മൂന്നരയ്ക്കു കോളജിൽ നിന്നിറങ്ങിയാൽ നാലരയ്ക്ക് എത്തിയിരുന്നതാണ് മഠത്തിൽ. അന്ന് മഠത്തിൽ കയറി അഞ്ചു മിനിറ്റു കഴിഞ്ഞപ്പോഴേ ക്ലോക്കിൽ അഞ്ചുമണി അടിച്ചു.

പിറ്റേന്നു രാവിലെയുള്ള നടപ്പിൽ നല്ല വേഗമായിരുന്നു. അത് ഭാരമില്ലാതെയുള്ള പതിവു് പറക്കൽ ആയിരുന്നില്ല. പെരുമഴ വരും മുൻപെന്നതുപോലെ കനംവച്ച നെഞ്ചുമായുള്ള പോക്കായിരുന്നു.

ഒൻപതരയ്ക്കാണു ക്ലാസ് തുടങ്ങുന്നത്. ഒൻപതുമണികഴിഞ്ഞപ്പോഴേ അന്ന് കവാടത്തിലെത്തി. ഗേറ്റുകടന്ന് രണ്ടോ മൂന്നോ കുട്ടികൾ വീതം നടക്കുന്നുണ്ട്. സാധാരണ ഒൻപതരയ്ക്കു വരുമ്പോഴുള്ള തിരക്കില്ല. ക്ലാസിൽ കയറി. അവൾ മാത്രം അവിടെയുണ്ട്. പെട്ടെന്ന് എവിടെ നിന്നോ ഒരു ധൈര്യം എന്നിലേക്ക് ആവേശിച്ചു. ബാഗ് ഡെസ്കിലെറിഞ്ഞ് അവളുടെ അടുത്തു ചെന്നു. അവൾ തല ഉയർത്തി മെല്ലെ ചിരിച്ചു. അവളുടെ നോട്ടുബുക്കിൽ ഒരു സ്ത്രീ ചിത്രം പകുതിയായി ഇരിക്കുന്നു. പെൻസിൽ കയ്യിലുണ്ട്.

"ഒരു ചായകുടിക്കാൻ കൂട്ടുവരാമോ?"

**അവൾ:** "ഞാൻ കുടിച്ചു."

**ഞാൻ:** "അതല്ലേ, കൂട്ടുവരാമോ എന്നു ചോദിച്ചത്."

അവൾക്ക് എന്റെ നീക്കം പ്രതിരോധിക്കാൻ കഴിഞ്ഞില്ല. ഇടനാഴിയിൽ ദൂരെ ഒന്നോ രണ്ടോ കുട്ടികൾ മാത്രം. നാടകീയതയ്ക്കൊന്നും കാത്തുനിന്നില്ല.

**ഞാൻ:** "ഷീലയെ എത്ര കാലമായി അറിയാം."

അവൾ മിണ്ടിയില്ല.

**ഞാൻ:** "ആരായിരുന്നു ഷീലയുടെ കൂടെ."

അതിനും ഉത്തരമില്ല.

**ഞാൻ:** "എനിക്കെങ്ങനെയാണ് ഷീലയെ അറിയാവുന്നതെന്നു ചോദിക്കാത്തതെന്താണ്."

അവളൊന്നും പറയാതെ നടന്നു. ഞാൻ നോക്കി. അവളുടെ കണ്ണുനിറയുക യോ പരിഭ്രാന്തിയുണ്ടാവുകയോ ചെയ്തില്ല.

**അവൾ:** "ഇന്നലെ ഞാൻ നിന്നെ കണ്ടിരുന്നു."

**ഞാൻ:** "ഞാൻ റിദ്ധി."

**അവൾ:** "സമര."

ഞാൻ രണ്ടു ചായ പറഞ്ഞു. അവൾ വേണ്ടെന്നു പറഞ്ഞില്ല. ഞാനോ അവ ളോ അഞ്ചുമിനിറ്റായിട്ടും ചായയിൽ തൊട്ടില്ല. ചില്ലുഗ്ലാസിന്റെ വക്കിൽ വന്നിരുന്ന ഈച്ചയെ അവൾ കൈവീശി ആട്ടി. അതു പറന്ന് മേശയിൽ വീണുകിടന്ന ചമ്മന്തി ത്തുള്ളിയിൽ ഇരുന്നു.

തിരികെ നടക്കുമ്പോൾ ഞാനോ അവളോ സംസാരിച്ചില്ല. ക്ളാസ് തുടങ്ങി. ഞാൻ അവളെ ശ്രദ്ധിക്കാതിരിക്കാൻ പാടുപെട്ടു. ആംഗ്ലോ സാക്സൺ ചരിത്രം ഏഴാം നൂറ്റാണ്ടിലെ ക്രൈസ്തവീകരണത്തിൽ നിന്നാണ് നാരയണ വാര്യർ സർ തുടങ്ങുന്ന ത്. അവിടെ നിന്നു മുന്നോട്ടും പിന്നോട്ടും പോവുകയാണ്. നോക്കരുതെന്നു കരുതി ഇരുന്നിട്ടും ആ സമയത്ത് ഉറക്കംതൂങ്ങുന്ന സമരയെ കണ്ടു. ഉച്ചയ്ക്ക് ഭക്ഷണം കഴി ക്കാൻ പോകുമ്പോൾ അവൾ ഒപ്പം വരുമോ എന്നു നോക്കി ഞാൻ നിന്നു. അവൾ നടന്ന് എന്റെ അടുത്തുവന്നു. ഞങ്ങൾ ഒന്നിച്ചു നടന്നു. ഞാൻ കൈകഴുകുമ്പോൾ അവൾ മൂത്രപ്പുരയിലേക്കു പോയി. എനിക്കിത്ര ദിവസമായിട്ടും കോളജിലെ മൂത്രപ്പുര യിൽ കയറിയാൽ മൂത്രം പോകില്ല. പതുക്കെ ശരിയാവുമായിരിക്കും.

അവൾ എന്റെ ഒപ്പം ഊണുകഴിക്കുന്ന ഹാളിലേക്കു വന്നു. ഞാൻ പാത്രത്തി ന്റെ അടപ്പിലേക്ക് ആദ്യം ഒരു ചപ്പാത്തിയിട്ടു. പിന്നെ ഒരെണ്ണത്തിന്റെ പകുതിയും. അത്താഴത്തിനുണ്ടാക്കി ബാക്കിവന്ന മൂന്നു ചപ്പാത്തിയും ഇന്നലത്തെ മീൻചാറുമാ ണ് ഞാൻ കൊണ്ടുവന്നിരുന്നത്. അവൾ എനിക്കുവേണ്ട എന്നോ, ഇത്രയും വേണ്ട എന്നോ പറഞ്ഞില്ല. പാത്രം കഴുകി വരുമ്പോൾ എവിടെയാണ് താമസമെന്നോ, വീടെവിടെയാണെന്നോ ചോദിക്കേണ്ടതായിരുന്നു. എനിക്ക് ഷീലയെ അറിയാമെ ന്ന് അവൾക്കു മനസ്സിലായതിനാൽ ഇനി ചോദ്യം ചെയ്യലുകൾ വേണ്ട എന്നു തീരു മാനിച്ചിരുന്നു.

വൈകിട്ട് വഴിയിൽ ഇരുവശവും നോക്കിയാണ് നടന്നത്. അവളെയോ ഷീല യേയോ കണ്ടില്ല. കൂടെയുണ്ടായിരുന്ന മൂന്നാമത്തെയാളെ ഇനി കണ്ടാൽ തിരിച്ചറി യാം എന്ന് ഉറപ്പുണ്ടായിരുന്നു.

പിറ്റേന്ന് അവൾ ഉച്ചയ്ക്കു ചോറുപാത്രവുമായി ഒപ്പം വന്നു. അതിൽ രണ്ടു ചി ക്കൻ മുറികൾ ഉണ്ടായിരുന്നു. അതു തുറക്കുമ്പോഴേ ഞാൻ ഒരു പങ്കുവയ്ക്കൽ പ്രതീക്ഷി ച്ചു. ചിക്കനെന്നല്ല ഒരു വിധപ്പെട്ട ഭക്ഷണങ്ങളൊന്നും കൊതിപിടിപ്പിക്കാത്തവണ്ണം ഞാൻ നിർവാണാവസ്ഥയിലേക്കു പോയിക്കൊണ്ടിരുന്ന സമയമാണ്. പന്ത്രണ്ടാം ക്ലാസ് കഴിഞ്ഞ സമയം മുതലാണ് എപ്പോഴും ഒരു ഭാരം ഉള്ളിൽ കയറിയത്.

**അവൾ:** “അമ്മ വച്ചതാണ്.”

ഞാൻ നോക്കുക മാത്രം ചെയ്തു.

**അവൾ:** “അമ്മയും ഞാനും ഇവിടെ വാടക വീട്ടിലാണ്.”

എന്റെ മൗനം അവൾക്ക് പറയാനുള്ള സമ്മതമാണെന്ന് അവൾ അറിയുന്നുണ്ട്.

**അവൾ:** “അമ്മയായിരുന്നു അന്നു കൂടെ.”

എനിക്ക് ഒരമ്പരപ്പും ഉണ്ടായില്ല.

**അവൾ:** “പന്ത്രണ്ടുവരെ ഹൈറേഞ്ചിലായിരുന്നു. അമ്മയ്ക്ക് ഇവിടെ ടൗണിൽ വീട്ടുജോലിയാണ് എന്നാണ് പറഞ്ഞിരുന്നത്. മാസത്തിൽ ഒരിക്കലൊക്കെ വരുമായിരുന്നു. അച്ഛൻ തെങ്ങിൽ നിന്നു വീണു കിടപ്പാണ്. അമ്മയാണ് വീടു നോക്കിയിരുന്നത്.”

അത്രയും വരെയുള്ള കഥയിൽ നിന്ന് എനിക്ക് ബാക്കി ഊഹിക്കാമായിരുന്നു. ഞാൻ ഒന്നും മിണ്ടാതെ പാത്രം കഴുകാൻ പോയി. എനിക്ക് അന്നു ക്ളാസിൽ കയറാൻ തോന്നിയില്ല.

ഞാൻ അവളോടു ചോദിച്ചു വായനശാലയിൽ പോരുന്നോ എന്ന്. അവൾ വന്നു. പറഞ്ഞു:

“പത്താംക്ളാസിലെ പരീക്ഷ കഴിഞ്ഞ സമയത്താണ് ഷീല അമ്മയ്ക്കൊപ്പം വന്നത്. ജോലി വാങ്ങി നൽകിയ ആൾ എന്നാണ് പരിചയപ്പെടുത്തിയത്. പക്ഷേ, അമ്മ ശരിക്കും പേടിക്കുന്നതുപോലെ നടക്കുന്നുണ്ടായിരുന്നു. ഒരാഴ്ചയൊക്കെ സാധാരണ നിൽക്കാറുണ്ട്. ഇതു രണ്ടാംദിവസം തന്നെ പോകാൻ തിരക്കുകൂട്ടി. അവർ പക്ഷേ, ഇപ്പോൾ പോകേണ്ട, പകരം ആളെ നിർത്തിയിട്ടില്ലേ എന്നൊക്കെ നിരുത്സാഹപ്പെടുത്തി. അല്ലെങ്കിലും നിന്നെപ്പോലെ പണിയെടുക്കാനുള്ള ഉത്സാഹം വേറാർക്കുമില്ല എന്നു ചിരിച്ചു. അമ്മയുടെ മുഖം മാറുന്നതു കണ്ടു. നാലു ദിവസത്തിനു ശേഷം ഇരുവരും പോയി.

പെട്ടെന്ന് ഒരു ദിവസം ഷീല തനിച്ചു വരികയായിരുന്നു. അമ്മ ആശുപത്രിയിലാണ്. കൂടെ നിൽക്കാൻ മകൾ ചെല്ലണം എന്നാണു പറഞ്ഞത്. ഞാൻ ആർത്തലച്ച് ഒപ്പം ഇറങ്ങി. ഇവിടെ ഒരു ആശുപത്രി മുറിയിലേക്കാണ് വന്നത്. അവിടെ അമ്മ ഉണ്ടായിരുന്നില്ല. ഒരു ചെറുപ്പക്കാരനായിരുന്നു. പിന്നെ സിനിമയിലൊക്കെ കാണുന്നതുപോലെ സംഭവിച്ചു. അവർ വിഡിയോ പകർത്തി. അമ്മയ്ക്ക് എന്റെ വിഡിയോ അവിടെ നിന്നു തന്നെ അയച്ചു. എല്ലാവരും കരുതുന്നതുപോലെ ഹോട്ടൽ മുറികളല്ല ചതികൾ കൂടുതൽ നടക്കുന്ന ഇടം. അത് ആശുപത്രി മുറികളാണ്.

പന്ത്രണ്ടാം ക്ലാസിലെ അവധി ദിവസങ്ങളിൽ പലതിലും അവർ എന്നെ നഗരത്തിൽ വരുത്തി. ഞാൻ അനുസരിച്ചു. മടക്കത്തിൽ ആയിരമോ രണ്ടായിരമോ

തന്നു. അമ്മയ്ക്കു കിട്ടിയിരുന്ന പണവും അങ്ങനെയാണെന്ന് ഞാൻ അറിഞ്ഞു. ഇപ്പോൾ അമ്മയ്ക്കോ എനിക്കോ ഒറ്റയ്ക്കോ ഒന്നിച്ചോ പിന്മാറാൻ കഴിയില്ല. ആത്മഹത്യ ചെയ്യാമെന്നേയുള്ളൂ. എനിക്കു പതിനെട്ടു കഴിഞ്ഞു. അവർ പതിനേഴ് എന്നാണ് പറയുന്നത്. അതിനു വില കൂടും. ഈ കോളജിലെ കുട്ടി എന്നു പറഞ്ഞാൽ പിന്നെയും വില പേശാം. ഇവിടെ കിട്ടാൻ മാത്രമുള്ള മാർക്കൊന്നും ഉണ്ടായിരുന്നില്ല. ഈ കോളജിലെ വിലാസത്തിനു വേണ്ടി ഷീല ആരെയോ സ്വാധീനിച്ചു നേടിയ പ്രവേശനമാണ്. ചിലപ്പോൾ അയാൾ ഏതെങ്കിലും ദിവസം എന്റെ അതിഥിയായി വന്നിട്ടുമുണ്ടാകും. ഞാനിപ്പോൾ ആരുടേയും മുഖത്തു നോക്കാറില്ല. രണ്ടുവർഷത്തിനിടെ നൂറിലധികം ആളുകളായി."

ദ്ദുഢി വായനശാലയിൽ നിന്ന് ആദ്യത്തെ പുസ്തകം എടുത്തു: ലൈഫ് ഈസ് എൽസ് വെയർ—മിലൻ കുന്ദേര.

നന്ദിനി എട്ടാം ക്ളാസിലെ ആദ്യ ആഴ്ചകളിൽ വന്നു പന്ത്രണ്ടാം ക്ളാസിന്റെ വേനലവധിക്കു പിരിയുമ്പോൾ ഉണ്ടായിരുന്നതിന്റെ പല മടങ്ങു തീവ്രതയിലാണ് സമര എന്നിലേക്കു കയറാൻ ശ്രമിച്ചത്. അതും മൂന്നുനാല് ആഴ്ചകൊണ്ട്. രാവിലെകളിൽ അവൾ എനിക്കുവേണ്ടി കോളജ് കവാടത്തിൽ കാത്തുനിന്നു. ഉച്ചയ്ക്ക് പങ്കിടാതെ ഒന്നും കഴിക്കില്ല എന്ന നിലയായി. അവൾ എന്നെ കൂടെപ്പിറപ്പായി കരുതി. ഒരു വേള അമ്പിളിയുടെ കുട്ടിയെ നോക്കേണ്ടി വന്ന സുശീലയെപ്പോലെയോ തിരിച്ചോ ഞങ്ങളിലൊരാൾ മാറുന്നതുപോലെ.

സമരയുടേതും എന്റേതും വ്യത്യസ്തമായ വഴികൾ ആയിരുന്നു. മഠത്തിൽ താമസിക്കുന്നു, വിലാസമില്ല എന്നീ രണ്ടു കാര്യങ്ങൾ മാറ്റി നിർത്തിയാൽ ഞാൻ ഭാഗ്യം ചെയ്ത കുട്ടിയാണ്. എനിക്ക് വലിയൊരു മഠവും അവിടുത്തെ നാൽപതോളം അന്തേവാസികളും കുടുംബക്കാരായുണ്ട്. ആറാം വയസ്സിലെ അതിക്രമം ഒഴികെ മറ്റൊന്നും എന്നിൽ വന്നു തറച്ചിട്ടില്ല. അതിനൊട്ടു സിസ്റ്റർ സമ്മതിച്ചിട്ടുമില്ല. അതുപോലെയല്ല നന്ദിനിയും സമരയും. തിരിച്ചറിവു വരുന്ന പ്രായത്തിൽ അനുഭവിക്കേണ്ടി വന്നവരാണ്. എന്റെ മേലുണ്ടായതിന് ശരീരത്തിൽ അടയാളങ്ങളില്ല. പക്ഷേ, കനലിലിട്ട ചട്ടുകംപോലെ ഉള്ളിലതു പഴുത്തുകിടക്കുന്നുണ്ട്. തൊട്ടാൽ ആ നിമിഷം തൊലിയും മാംസവും ഉരുകിപ്പോകും. അവർ രണ്ടുപേരും അകവും പുറവും പൊള്ളിയവരാണ്. ഓരോ നിമിഷവും വെന്തവെളിച്ചെണ്ണയ്ക്കെന്നതുപോലെ ഓട്ടുരുളിയിൽ കിടന്നുരുകുന്ന പീരപോലെയാണ്. എണ്ണയും തരിയുമായി പിരിഞ്ഞുതന്നെ തീരേണ്ടവർ.

ജനന സർട്ടിഫിക്കറ്റ് അനുസരിച്ച് സമരയ്ക്ക് പതിനെട്ടു കഴിഞ്ഞു രണ്ടുമാസം കൂടിയായി. എനിക്ക് പതിനെട്ടു കഴിഞ്ഞു മാസം മൂന്നും. നാലാംക്ലാസു തുടങ്ങുന്ന സമയത്താണ് ഇനി ജനന സർട്ടിഫിക്കറ്റ് ഇല്ലാതെ പറ്റില്ല എന്ന് ഹെഡ്മിസ്ട്രസ് കട്ടായം പറഞ്ഞത്. അതൊക്കെ പിന്നെ എത്തിച്ചോളാം എന്ന് സിസ്റ്റർ പറഞ്ഞതു വിശ്വസിച്ച് ഒന്നാം ക്ളാസിൽ ചേർത്തതാണ് ഹെഡ്മിസ്ട്രസ് സാറാമ്മ ടീച്ചർ. ജനനത്തീയതി ഒഴിച്ചിട്ടിരിക്കുകയായിരുന്നു കടലാസിൽ. പെങ്ങളുടെ വീട്ടിൽ പോകുമ്പോൾ ശ്രമിക്കാം എന്നു പറഞ്ഞ് കപ്യാരുചേട്ടൻ ദൗത്യം ഏറ്റെടുത്തു. രണ്ടുവട്ടം

അവിടെ പഞ്ചായത്ത് ഓഫീസിൽ കയറിയിട്ടും നടക്കാത്ത കാര്യം പ്രസിഡന്റിനെ കൊണ്ടു വിളിച്ച് പറയിച്ചാണ് സാധിച്ചെടുത്തത്. അതു വാങ്ങാൻ അമ്മയും കപ്യാരു ചേട്ടനും കൂടി ഒരു ദിവസം പോവുകയും ചെയ്തു. അതിൽ എനിക്ക് ഒട്ടും അറിയാത്ത പേരാണ് അമ്മയുടെ സ്ഥാനത്ത്. അമ്പിളി എന്ന എന്റെ ചിന്തകളുമായി ഒരു ബന്ധവും ഇല്ലാത്ത പേര്. പിതാവിന്റെ സ്ഥാനത്തെ പേര് ഓർക്കുമ്പോഴൊക്കെ തൊട്ടാവാടിയുടെ ഇല പോലെ ഞാൻ കൂമ്പി. സ്വന്തം മുള്ളിൽ എന്റെ ഇലകൾ മുറിഞ്ഞു. ആ ജനനസർട്ടിഫിക്കറ്റും പത്താം ക്ളാസ് സർട്ടിഫിക്കറ്റുമാണ് ഞാൻ ജീവച്ചിരിക്കുന്നതിന്റെ ഏക തെളിവ്. അമ്മയ്ക്ക് ഇതു രണ്ടുമില്ല. അമ്മ സ്കൂളിൽ ചേരുമ്പോൾ ജനന സർട്ടിഫിക്കറ്റ് ഒന്നും ആവശ്യം ഉണ്ടായിരുന്നില്ല. ചെല്ലുന്ന കുട്ടികൾക്കെല്ലാം ഏപ്രിൽ, മേയ് മാസത്തെ ഏതെങ്കിലും തീയതി ഹെഡ്മാസ്റ്റർ പതിച്ചു നൽകുകയായിരുന്നു. പത്താം ക്ളാസിൽ പഠിക്കാത്തതുകൊണ്ട് ആ സർട്ടിഫിക്കറ്റുമില്ല. ആധാരങ്ങളിലോ ഭാഗപത്രങ്ങളിലോ പേരില്ലാത്തവരാണ് അമ്മയും ഞാനും.

സമരയോട് കേസുകൊടുക്കാം എന്ന് ഞാൻ മയത്തിൽ പറഞ്ഞിരുന്നു. അവൾക്ക് അത് ഉൾക്കൊള്ളാനായില്ല. അവൾ അപ്പോഴും എന്തെങ്കിലും ജോലി കിട്ടുന്നതും ഇതിൽ നിന്നു രക്ഷപ്പെടുന്നതും കാത്ത് ഇരിക്കുകയാണ്. കഠിനമായി പഠിക്കാൻ ശ്രമിക്കുന്നുണ്ട്. നിനക്ക് അതിനു കഴിയില്ല കുട്ടീ എന്ന് പറയണമെന്നുണ്ടായിരുന്നു.

എന്നും എന്നതുപോലെയല്ല അവളുടെ നില്പ് എന്ന് ദൂരെ നിന്നു തന്നെ മനസ്സിലായി. രാവിലെ തന്നെ വെയിലുമൂത്ത ദിവസമാണ്. അഞ്ചര കിലോമീറ്ററിന്റെ നടത്തത്തിൽ ഞാൻ വിയർത്തു കുളിച്ചു. അവളെക്കൂട്ടി ഉപ്പിട്ട സോഡാ നാരങ്ങാവെള്ളം കുടിക്കണം എന്നു കരുതിയാണ് ചെന്നത്. അവൾ പിടിച്ചുവലിച്ച് ഭക്ഷണം കഴിക്കുന്ന ഹാളിലേക്കു കൊണ്ടുപോയി. രാവിലെ ആയതുകൊണ്ട് അവിടെ ഞങ്ങൾ രണ്ടാൾ മാത്രം.

അവൾ ചുറ്റും നോക്കി ഫോൺ പുറത്തെടുത്തു. അവൾക്കു ഫോൺ ഉണ്ടെന്നു പോലും അറിയില്ലായിരുന്നു. എനിക്ക് ഫോൺ ഉണ്ടായിരുന്നില്ല. വാങ്ങിത്തരാൻ വഴിയുണ്ടാക്കാം എന്നു സിസ്റ്റർ പറഞ്ഞപ്പോൾ അതു വേണ്ടെന്നു പറയുകയും ചെയ്തിരുന്നു. അവൾ ഫോൺ തുറന്ന് ഒരു വിഡിയോ കാണിച്ചു. അവളാണ്, കൂടെ ആ ചെറുപ്പക്കാരനും. അവൾ അതിൽ വിങ്ങിവിങ്ങി കരയുന്നുണ്ട്. മുഖം പൊത്തുന്നുണ്ട്. ഇടയ്ക്കു പിടിച്ചു കിടത്തി കൊടുക്കുന്ന വളയിട്ട കൈകളും കാണാനുണ്ട്. ആ കൈകൊണ്ട് അവളുടെ തലയിൽ ഇടയ്ക്ക് ഇടിയ്ക്കുന്നുമുണ്ട്. ആശുപത്രിയുടെ കട്ടിലും കുത്തിവയ്പ്പിനു കുപ്പി തൂക്കിയിടാനുള്ള ഉയർന്നു നിൽക്കുന്ന കാലും ഒക്കെ കാണാം. അവൾ പിന്നെ മറ്റൊരു വിഡിയോ കാണിച്ചു. അതിൽ അവളുടെ അമ്മയാണ്. അമ്മയുടെ അഞ്ചോ ആറോ വിഡിയോ ഉണ്ട്. പലർക്കൊപ്പമുള്ളത്. അവളുടേതും മൂന്നെണ്ണമുണ്ട്. ആദ്യത്തെ പരിഭ്രമമൊന്നുമില്ലാതെ നിർവികാരയായി കിടക്കുകയാണ് രണ്ടെണ്ണത്തിൽ അവൾ. ഞാൻ ബോർഡിൽ മാർഗരറ്റ് ടീച്ചർ വരച്ച പൂജ്യമായി. അപ്പുറവും

ഇപ്പുറവും പൂജ്യങ്ങൾ മാത്രം വന്നു വീഴുകയാണ്. ഒരക്കമെങ്കിലും ഇടത്തു വന്നു വീണിരുന്നെങ്കിലെന്ന് ഒരു പൂജ്യവും മോഹിക്കില്ല. അങ്ങിനെ വന്നാൽ ശൂന്യതയിൽ ശൂന്യയായി എങ്ങനെ പറക്കും. ഞാൻ അവളുടെ തോളിൽ പിടിച്ചു. സമരയും എനിക്ക് നന്ദിനിയായി.

അവൾ മറ്റു ചില വിഡിയോകൾ കൂടി പെട്ടെന്നു പെട്ടെന്നു കാണിച്ചു. നാൽപതിലേറെ വിഡിയോകളുണ്ട്. ഷീല ഉറങ്ങിയപ്പോൾ കഴിഞ്ഞദിവസം രാത്രി അവൾ ആ ഫോണിൽ നിന്നു സ്വന്തം ഫോണിലേക്കു പകർത്തിയതാണ്.

അവൾ ഫോൺ അടയ്ക്കാൻ തുടങ്ങുമ്പോൾ എനിക്കുള്ളിൽ വെള്ളിടി. ഒന്നുകൂടി തുറക്കാൻ അവളോടു പറഞ്ഞു. അവസാനം കണ്ട വിഡിയോ ഒന്നു കൂടി കാണണം. അവൾ അത് തെരഞ്ഞെടുത്തു. ആ മുഖം കാണേണ്ട കാര്യം എനിക്കില്ലായിരുന്നു. ആ കാലുകളും കൈകളും കണ്ടാൽത്തന്നെ അറിയാം. കാലിലെ നേർത്ത ആ രോമങ്ങളിലൊന്ന് മാത്രമായി കണ്ടാൽ പോലും നന്ദിനിയെ തിരിച്ചറിയും. എനിക്ക് മേലാകെ വിറച്ചു. കാലിൽ നിന്ന് നെറുകയിലേക്ക് വൈദ്യുതി കടന്നു പോവുകയാണ്. ഹൃദയത്തിലേക്ക് പ്രവാഹമെത്തിയപ്പോൾ എന്റെ മാംസങ്ങൾ കത്തി. ഞാൻ ചിതയായി. അവളുടെ മേൽ അറുപതിലേറെ പ്രായമുള്ള ഒരാളാണ്. ഞാൻ ആ വിഡിയോകളെല്ലാം ഒന്നു കൂടി കാണിക്കാൻ അവളോടു പറഞ്ഞു. വീണ്ടും നന്ദിനിയുണ്ട്. സമര ആശുപത്രി മുറിയിൽ ആയിരുന്നെങ്കിൽ ഇത് ഏതോ ഹോട്ടൽ മുറിപോലെ തോന്നിച്ചു. സമരയിൽ ആദ്യം അതിക്രമിച്ചു കയറിയ അതേ ചെറുപ്പക്കാരൻ തന്നെ നന്ദിനിയിലും. അവൾ കരയുന്നില്ല. മേൽക്കൂരയിലേക്ക് തുറിച്ചു നോക്കി കിടപ്പാണ്.

എന്റെ പെണ്ണേ എന്നു ഞാൻ ആർത്തു... എത്രയോ വർഷം കൂടിയാണ് ഇങ്ങനെയൊരു കരച്ചിൽ. ആറാം വയസ്സിനു ശേഷം എനിക്കൊരു പെൻസിലിനു വേണ്ടി പോലും കരയേണ്ടി വന്നിട്ടില്ല. എനിക്കു വേണ്ടതെല്ലാം ഉണ്ടെന്നായിരുന്നു മനസ്സിൽ. എന്തെങ്കിലും കൂടുതൽ വേണമെന്നു തോന്നിയിട്ടേയില്ല. സമര തോളിൽ പിടിച്ചിട്ടും എനിക്കു നിയന്ത്രിക്കാൻ കഴിഞ്ഞില്ല. അന്നു ക്ലാസിൽ കയറുന്നില്ല എന്നു തീരുമാനിക്കുകയല്ലാതെ വഴിയെന്ത്. പിന്നിലെ ഗേറ്റിലൂടെ പുറത്തിറങ്ങുമ്പോൾ നേപ്പാളുകാരൻ സൈമണങ്കിൾ എന്താണ് പോകുന്നത് എന്നു ചോദിച്ചു. സമര പെട്ടെന്ന് നിയന്ത്രണം ഏറ്റെടുത്തു. 'ഇവൾക്കു വയ്യ, വീട്ടിലാക്കുന്നു.' ഞങ്ങൾ പുറത്തിറങ്ങി.

എനിക്കു നന്ദിനിയെ കാണണം എന്ന് അവളോടു പറഞ്ഞു. കണ്ടെത്തണമെങ്കിൽ ഷീല തന്നെ കനിയണം. സമരയുടെ സങ്കടമറിഞ്ഞു പോയ ഞാൻ അവളെ രക്ഷിക്കാനല്ല ആലോചിക്കുന്നത്. നന്ദിനിയെയാണു തെരയുന്നത്. മുൻപായിരുന്നെങ്കിൽ എല്ലാം സിസ്റ്റർ സന്ധ്യയോടു പറയാമായിരുന്നു. ഇപ്പോൾ അതിനുള്ള നിലയിലല്ല സിസ്റ്റർ. രണ്ടാഴ്ച മുൻപ് തലചുറ്റി വീണ ശേഷം കിടപ്പുതന്നെയാണ്. ഡോക്ടർമാർ ക്യാൻസർ സംശയിക്കുന്നുണ്ട് എന്ന് ക്ലാര സിസ്റ്റർ എന്നോടു മാത്രമായി പറഞ്ഞത് ഇന്നലെയാണ്. പരിശോധനാ ഫലം ഇന്നോ നാളെയോ വരും. എനിക്കു പെട്ടെന്ന് ഒരു വഴി തോന്നി. ഞാൻ അവളുടെ ഫോൺ വാങ്ങി. നോട്ടുബു

ക്കിന്റെ പിന്നിലെ താളിൽ രണ്ടു ഫോൺ നമ്പറുകൾ എഴുതി ഇട്ടിരുന്നു. ഒന്നു മഠത്തിലെ നമ്പർ. രണ്ടാമത്തേത് കപ്യാരു ചേട്ടന്റെ നമ്പർ. രണ്ടാമത്തെ നമ്പറിൽ വിളിച്ച് അടിയന്തരമായി കാണണം എന്നേ പറഞ്ഞുള്ളു. മുക്കാൽ മണിക്കൂറിൽ ആൾ ബൈക്കിലെത്തി.

എല്ലാം കേട്ടുനിന്ന് ഒരു ശങ്കയുമില്ലാതെ സ്വന്തം ഫോൺ എടുത്തു. മറ്റതലയ്ക്കൽ സർക്കിൾ ഇൻസ്പെക്ടർ അബ്ദുൽ ഷുക്കൂർ. സഹപാഠിയാണ്. ക്രൈംബ്രാഞ്ചിലാണ്. അവരുടെ സംസാരം അരമണിക്കൂറിലേറെ നീണ്ടു. ഞങ്ങൾ ഒരു ഹോട്ടലിൽ കയറി. കപ്യാരുചേട്ടൻ കട്‌ലറ്റും പപ്പായ ഷേക്കുമാണ് പറഞ്ഞത്. അതുകഴിച്ചിരിക്കുമ്പോൾ ഒരു പൊലീസ് ജീപ്പ് വന്നു നിന്നു. അവർ ഞങ്ങളെ സ്റ്റേഷൻ എന്നു തോന്നിക്കാത്ത ഒരു കെട്ടിടത്തിലേക്കു കൊണ്ടുപോയി. അതു ക്രൈംബ്രാഞ്ച് ഓഫിസ് ആയിരുന്നു. ഞങ്ങൾക്ക് അറിയാവുന്നതെല്ലാം പറഞ്ഞു.

നന്ദിനി കോഴിക്കോട്ട് ആയിരുന്നു. ആവശ്യക്കാരനെപ്പോലെ സമീപിച്ച പൊലീസുകാരന് ഷീല കാണിച്ചുകൊടുത്ത ഫോട്ടോകളിൽ നന്ദിനിയും സമരയും ഉണ്ടായിരുന്നു. നന്ദിനിയെ ചോദിച്ചു. മൂത്തജാതിയാണ്, കാശു കൂടുതലാകും എന്ന് ഷീല.

സിസ്റ്റർ സന്ധ്യക്കും അമ്മയ്ക്കും എന്റെ നീക്കങ്ങളിലും പെരുമാറ്റത്തിലും സംശയം തോന്നിയിരുന്നു. പക്ഷേ, എപ്പോഴും മഠത്തിലെ ഫോണിൽ നിന്നു ഞാൻ സംസാരിക്കുമ്പോൾ മറുവശത്ത് കപ്യാരുചേട്ടൻ ആണ് എന്ന് അറിയുന്നതോടെ അവർ സമാധാനിക്കുന്നതു ഞാൻ കണ്ടു. സിസ്റ്റർ എപ്പോഴും കിടപ്പു തന്നെ ആയിരുന്നു.

എനിക്ക് ഒരു ആധിയും പ്രത്യേകതയും തോന്നിയില്ല. അന്നു പത്രം വായിച്ചവർക്കും പുതുമ തോന്നിയില്ല. വർഷങ്ങളായി പെൺവാണിഭം നടത്തിയിരുന്ന അൻപത്തിയാറുകാരി ഷീലയും സഹായി രത്നമ്മയും പൊലീസ് പിടിയിൽ. രത്നമ്മയുടെ മകളും സംഘത്തിലെ അംഗമായിരുന്നു. കോളജ് വിദ്യാർത്ഥിനികളെ ഉപയോഗിച്ച് നടത്തിയിരുന്ന റാക്കറ്റ് പൊലീസ് കണ്ടെത്തി. കണ്ടെത്തിയവർക്കും വായിച്ചവർക്കും അതു സാധാരണ സംഭവമായിരുന്നു.

കോഴിക്കോട്ട് നന്ദിനിയുടെ അടുത്ത് ചെല്ലുമ്പോൾ അവൾ ഒട്ടും വിവശത ഭാവിച്ചില്ല. കപ്യാരു ചേട്ടൻ അടുത്തേക്കു വരാതെ മാറി ഇരുന്നു. അവൾ അടുത്തുവന്നു കയ്യിൽ പിടിച്ചു. അമ്മാവന്റെ മകൻ ആ വീട്ടിലേക്കാണ് കൊണ്ടുപോയത് എന്ന് അവൾ പറഞ്ഞു. അവിടെ ഷീല ഉണ്ടായിരുന്നു. ഞാനയച്ച മെയിൽപോലും അവൾ കണ്ടിരുന്നില്ല. അന്ന് മറുപടി അയച്ചതും അമ്മാവന്റെ ആ മകൻ ആകണം.

ഇനി നീ എന്നെ എന്തുചെയ്യാൻ പോകുന്നു എന്ന് അവൾ തീർത്തുമൊരു അപരിചിതയെപ്പോലെ ചോദിച്ചു. എനിക്ക് അവളും അവൾക്കു ഞാനും അന്യയാണ്. അവൾ എന്റെ വിരലുകളിൽ തൊട്ടു. ഞാൻ കരഞ്ഞ് അവളുടെ മടിയിലേക്കു വീണു. അവൾ ബുദ്ധിയായി നന്ദിനിയുടെ മുടിയിൽ വിരലോടിച്ചു. അവൾ പറയാൻ തുടങ്ങി. ഇത്രയും കാലം മറച്ചുവച്ച ആ കഥ. കേട്ടു കഴിഞ്ഞ നിമിഷം എന്റെ കണ്ണുകൾ വറ്റി. ഞങ്ങൾ ഒരേ ഇരുട്ടിലാണ്. ഒരുമിച്ച് നിഴലുകൾക്കായി പരതുകയാണ്.

വിളിക്കാമെന്നോ ഇനിയും വരാമെന്നോ പോലും പറയാതെ ഞാൻ ഇറങ്ങി. മടക്കത്തീവണ്ടിയിൽ കപ്യാരു ചേട്ടന്റെ ചുമരിൽ ഞാൻ എന്റെ രക്ഷകർത്താവിനെ കണ്ടു. അയാൾ പറഞ്ഞു, 'നന്ദിനിക്കു മാസാമാസം പഠിക്കാനുള്ള പണം കൊടുക്കാം, ഹോസ്റ്റൽ വാടകയും നൽകാം'.

സമരയെ, എന്നെ, നന്ദിനിയെ ഒക്കെ പഠിപ്പിച്ചെടുത്ത് ബിനോയിച്ചേട്ടന് എന്തുകിട്ടാനാണ്?

ട്രെയിനിന് വല്ലാത്ത വേഗമാണ്. എതിർ വശത്തിരിക്കുന്ന മധ്യവയസ്കൻ ചാഞ്ഞും ചെരിഞ്ഞും നോക്കുന്നുണ്ട്. അയാൾ എന്റെ കരച്ചിൽ കണ്ട് എന്തൊക്കെ കഥകൾ ഇപ്പോൾ ഉള്ളിൽ മെനഞ്ഞിട്ടുണ്ടാകും. ഞങ്ങളെ അച്ഛനും മകളും ആക്കിയിട്ടുണ്ടാകും.

എതിർ സീറ്റിൽ ഒറ്റയ്ക്കൊരു ചെറുപ്പക്കാരൻ ഇരിപ്പുണ്ട്. അയാൾ എന്നെത്തന്നെ നോക്കുന്നുണ്ട്. അയാൾക്ക് എന്നെ പ്രേമിക്കാൻ കഴിയുമോ? ഞാൻ ആ കണ്ണിലേക്കു നോക്കി. അവിടെ പ്രണയമില്ല, കാമമില്ല, ആർത്തിയില്ല. ഒന്നുകൂടി നോക്കി, കരുണയുമില്ല. അയാളുടെ കണ്ണിൽ നിസ്സഹായതയാണ്. ഇന്നാട്ടിലെ ആണുങ്ങളൊക്കെ ഇപ്പോൾ ഇങ്ങനെയാണ്.

ഇപ്പോഴാണ് ശ്രദ്ധിച്ചത്. ആ മധ്യവയസ്കനൊപ്പം ഒരു പെൺകുട്ടിയുണ്ട്. അയാൾ എന്നെക്കുറിച്ച് കരുതിയിട്ടുള്ളതുപോലെ അയാളുടെ മകളാകും അതെന്നു ഞാനും കരുതി. അവളുടെ കണ്ണുകളിൽ അസ്വസ്ഥതയുണ്ടായിരുന്നില്ല. വീറില്ല, വാശിയുമില്ല. പതിനെട്ടു കഴിഞ്ഞ പ്രായത്തിലൊക്കെ ഒരു ആകാംക്ഷയെങ്കിലും വേണ്ടേ. അതു തീരെയില്ല. ഈ ട്രെയിൻ ചെന്ന് അടുത്ത സ്റ്റോപ്പിൽ നിൽക്കുന്നതിനു മുൻപു മരിച്ചുപോയാലും കുഴപ്പമില്ല എന്നൊരു ഭാവമാണ് അതിന്.

ഞാൻ എന്നിലേക്കു നോക്കി. നന്ദിനിയിലേക്കു നോക്കി. സമരയിലേക്കും. ഞങ്ങളൊക്കെ അങ്ങനെയാണ്. ഓ ഈ ട്രെയിനിനു മുന്നിൽ വീണു മരിച്ചു പോയാലെന്ത്.

ബുദ്ധി ഉണർന്നു കിടക്കാൻ തുടങ്ങിയിട്ടു നേരം കുറെ ആയി.

ഇടയ്ക്കു കണ്ണടയ്ക്കുന്നു എന്നേയുള്ളൂ, ഉണർവിൽ തന്നെയാണ്. ഇങ്ങനെ പതിവില്ല, ആരെങ്കിലുമൊക്കെ തലയ്ക്കു മുകളിലെത്തി നോക്കേണ്ടതാണ്. അമ്മ കാൽച്ചുവട്ടിലുണ്ടാകുമോ. അതോ എഴുന്നേറ്റു നടക്കുകയാകുമോ. സത്യം പറയാമല്ലോ. കഴിഞ്ഞ കുറച്ചു ദിവസമായി ഞാൻ കരുതുന്നത് അമ്മ ഇനി രക്ഷപെടില്ല എന്നു തന്നെയാണ്. അമ്മ മരിക്കാൻ പോവുകയാണ് എന്ന തോന്നലാണ്. ഈ അസുഖമൊക്കെ കടന്ന് അവർ വരില്ല എന്നു തന്നെ തോന്നി. രക്ഷപെട്ടിട്ടുതന്നെ എന്തുചെയ്യാനാണ് എന്നു തോന്നിയാൽ പിന്നെ ജീവിതം ആത്മഹത്യപോലെയാണ്. പെട്ടെന്നൊരു കയർ എടുത്തു തൂങ്ങുന്നില്ല എന്നേയുള്ളൂ, ചാവാനായി കുരുക്കിൽ കിടക്കുന്ന ആ നിമിഷമാണ് പിന്നത്തെ ജീവിതം. അല്ലെങ്കിൽ ഫ്യൂരിഡാൻ തൊണ്ടമുതൽ കുടൽവരെയെത്തി പ്രവർത്തിക്കുന്ന സമയമാണ് ആയുസ്സ്. എത്രകാലം ജീവിച്ചാലും ചത്തുകൊണ്ടിരിക്കുകയാണെന്ന തോന്നലാണ്.

എനിക്ക് അമ്മയെ കാണണം എന്നു തോന്നി. അമ്മ ഇനി മരിച്ചുപോയിക്കാണുമോ. ഞാൻ എന്നിലേക്കു നോക്കി. എനിക്കിപ്പോൾ ഇല്ലാത്തത് മരണഭയമാണ്. മരണത്തെ ഞാൻ പേടിക്കുന്നതേയില്ല. അതു ജീവിച്ചിരുന്നിട്ട് എന്തുചെയ്യാനാണ് എന്ന നിസ്സഹായത കൊണ്ടല്ല. ഞാൻ ജീവിച്ചിരുന്നാൽ മാത്രം ലോകത്തോടു പറയാനുള്ള എത്ര കാര്യങ്ങളുണ്ട്. ഈ നിമിഷം ഞാൻ മരിച്ചുപോയാൽ നിങ്ങളെങ്ങനെ അറിയും ഞാനെങ്ങനെയാണ് കിടപ്പിലായതെന്ന്? നന്ദിനിക്ക് എന്തുപറ്റിയെന്ന്? എന്റെ പാവഞ്ചിയിപ്പോൾ ഏതു കടലിലുണ്ടെന്ന്? ഓ മറന്നു കിടക്കുകയായിരുന്നു. പാവഞ്ചി അറ്റ്ലാന്റിക്കിലുണ്ട്. ത്രയയേയും ദ്വാദശിയേയും എന്നേയും കാറ്റുകൊണ്ടുപോവുകയാണ്.

ദ്വാദശി: "ഈ യുദ്ധം കഴിഞ്ഞാൽ അടുത്തത് വരും."

ത്രയ:

കെട്ടടങ്ങയില്ലീക്കനലുകൾ, കാന്താരങ്ങൾ
കമ്പദമിറ്റുപൊള്ളട്ടെയെന്നുടലും ഉടപ്പിറപ്പും

ഋദ്ധി:

വെൺനിലാശയ്യയിൽ
ളുവെണ്ണമേൽ വീഴട്ടെ നീ
കനകനൂലിനാൽ നെയ്തൊരീ
മോഹകമ്പളക്കീറ്

ദ്വാദശി:

എന്നാത്മസംഗീതത്തെ
വീണയാൽ മീട്ടി നീ
പാടണം പരമാത്മ
ജീവിത മഹാകാവ്യം

ത്രയ:

എൻനെഞ്ചിൽ തുടിക്കുന്നു
കാലമേ നീ തന്ന
തനിക്കുതാൻപോരിമയും
പഞ്ചമപ്പെരുക്കവും

ഋദ്ധി:

ഒട്ടുമേ കനിയാത്ത ലോകമേ തരുമോ നീ
പാട്ടുകേൾക്കാനൊരു ചെവിയും ശ്രുതിപാഠവും

ദ്വാദശി:

ഒട്ടുമേ കനിയാത്ത ലോകമേ തരുമോ നീ
നൃത്തമാടാനൊരു പാദവും ചിൽക്കാതലും

ഋദ്ധി ഉണർന്നു കിടക്കുക തന്നെയാണ്. എത്രനേരമായി ആരെയെങ്കിലും കണ്ടിട്ട്. എന്താണ് ശബ്ദമൊന്നും കേൾക്കാത്തത്. എന്താണ് ആരും മിണ്ടാത്തത്. മുന്നിൽ വന്ന മുഖം കപ്യാരു ചേട്ടന്റെയാണ്. ആ ചുണ്ട് അനങ്ങുന്നുണ്ട്. എന്നെയാണ് നോക്കുന്നത്. ഞാനൊന്നും കേൾക്കുന്നില്ല. ഇവർക്കൊക്കെ ശബ്ദമില്ലാതായോ?

ബിനോയിക്ക് വലിയ ആധിയൊന്നും തോന്നിയില്ല.

ഡോ. സന്തോഷ് കുമാർ പറഞ്ഞിരുന്നു ഋദ്ധിക്ക് കേൾവി ശക്തി പൂർണമായി നഷ്ടമായെന്ന്. അല്ലെങ്കിൽ തന്നെ രണ്ടു മൂന്നുവർഷത്തിലധികമായി ഏതെങ്കിലും ഡോക്ടർ വന്നു നോക്കിയിട്ട്. ഇതിപ്പോൾ യുദ്ധമായതുകൊണ്ടും കിടപ്പ് ക്യാംപിലായതുകൊണ്ടും നോക്കിയതാണ്. ഇനി ഋദ്ധിയോടു സംസാരംകൊണ്ടു കാര്യമില്ല. സുശീലയെ വീണ്ടും ആശുപത്രിയിലേക്കു കൊണ്ടുപോകണം എന്ന് ആൻസി നിർബന്ധിച്ചതാണ്. പട്ടാളം ഒട്ടും വഴങ്ങിയില്ല. അത്രയ്ക്ക് കുഴപ്പമാണ് പുറത്ത്. മാത്രമല്ല, ആശുപത്രിയിൽ എത്തിച്ചാലും രക്ഷിക്കാൻ കഴിയുമോ എന്ന സംശയം നേരിട്ടല്ലാതെ അവർ പറയുകയും ചെയ്തു. നമ്മളെന്തിനാണ് ആ കൊണ്ടുപോകുന്ന വണ്ടിയേയും ഡ്രൈവറേയും കൂടി അപകടത്തിലാക്കുന്നത് എന്നായിരുന്നു ചോദ്യം. അല്ലെങ്കിൽ തന്നെ കാർത്ത്യായനിയുമായി പോയ ഓട്ടോ മിസൈലിനൊപ്പം പാലവുമായി പുഴയിൽ പോയിട്ടും കോഴിയെ കുറുക്കൻ പിടിച്ചെന്നേ എല്ലാവർക്കും തോന്നിയുള്ളൂ. ആനക്കാലിന് അടിയിൽപ്പെടുന്ന ഞാഞ്ഞൂലു പോലെയാണ് യുദ്ധകാലത്തെ മനുഷ്യൻ.

സുശീലയെ ഒരു ക്ലാസ് മുറിയിലേക്കു മാറ്റിക്കിടത്തിയിരിക്കുകയാണ്. പട്ടാളം എത്തിച്ചുകൊടുത്ത ഓക്സിജൻ സിലിണ്ടറിൽ നിന്ന് ട്യൂബ് ഘടിപ്പിച്ചിട്ടുണ്ട്. അന്നമ്മ പതംപറഞ്ഞു പുറത്തൊരു ബെഞ്ചിൽ ഇരിപ്പുണ്ട്. ആൻസി ഇടയ്ക്കൊക്കെ പോയി നോക്കും.

നന്ദിനിയെ കണ്ടു മടങ്ങുമ്പോൾ ട്രെയിനിൽ നിന്നിറങ്ങിയ ഋദ്ധി ഒന്നു വേച്ചുപോയത് ബിനോയി ശ്രദ്ധിച്ചിരുന്നു.

ഞാൻ താങ്ങിയിരുന്നില്ലെങ്കിൽ പാളത്തിൽ വണ്ടിയുടെ അടിയിലേക്ക് അവൾ വീണുപോയേനേ. എനിക്ക് അന്നു രാത്രി വന്നപ്പോൾ മുതൽ തോന്നിയിരുന്നു അവൾ വേച്ചുപോയതാണോ, അതോ മനപൂർവം ചാടാൻ ശ്രമിച്ചതാണോയെന്ന്. ആരോടാണ് സംശയം പറയുക. നാല്പതാം വയസ്സിൽ കിട്ടിയ ഇരുപത്തിയാറുകാരി അടുത്ത മുറിയിലുണ്ട്.

വന്നിട്ട് ആറുമാസമേ ആയിട്ടുള്ളൂ. ആൻസിയോട് പറഞ്ഞിട്ടു പുറപ്പെട്ട യാത്രയാണ്. അവൾ വേണ്ടെന്നു പറഞ്ഞാൽ ചിലപ്പോൾ പോകില്ലായിരുന്നു. പക്ഷേ, അവൾ അങ്ങനെ പറയുന്ന കൂട്ടത്തിലല്ല. നഴ്സിങ് കഴിഞ്ഞതാണ്. റബർഷീറ്റു കട

നടത്തിയിരുന്ന കൊച്ചൗതയുടെ കച്ചവടം പൂട്ടിയതു മകളെ പഠിപ്പിച്ച് കഴിഞ്ഞ കാലത്താണ്. വില കൂടുമ്പോൾ വിൽക്കാനായി നാട്ടുകാരിൽ നിന്നു മേടിച്ചുവച്ച റബറൊക്കെ അഞ്ചിലൊന്നു വിലയ്ക്കു വിൽക്കേണ്ടി വന്നു. ഇരുന്നൂറ്റിയൻപതു രൂപയ്ക്കു വാങ്ങിയ ചരക്കാണ് കിലോയ്ക്ക് അൻപതിനു കൊടുത്തത്. പന്ത്രണ്ടു ടൺ റബറ് ഏതാണ്ട് ആ മട്ടിൽ ഇറക്കിവിടേണ്ടി വന്നതോടെ കടയും പിന്നെ സ്വന്തമായുണ്ടായിരുന്ന ഒന്നരയേക്കർ പുരയിടവും വിറ്റു. പൊറുതി വാടക വീട്ടിലായി.

ചത്താലും ചമഞ്ഞുകിടക്കുന്ന സമുദായക്കാരും പിന്നെ തിരിഞ്ഞുനോക്കിയില്ലെന്നാണ് ആൻസി തമാശപോലെ പറഞ്ഞത്. ആൻസീടെ കണക്കിൽ നാൽപ്പത്തിരണ്ടു ചെക്കന്മാർ ഇരുപതാം വയസ്സുമുതൽ കണ്ടുപോയിട്ടുണ്ട്. ദല്ലാളുമാര് കൊണ്ടുവന്ന എണ്ണമെടുത്താൽ നൂറ്റമ്പതെങ്കിലും ആയിട്ടുണ്ടാകും. പിന്നെ വരുന്നതൊന്നും അപ്പച്ചൻ അവളോടു പറയാറില്ല. നടക്കുമെന്നു തോന്നാത്തതുതന്നെ കാരണം.

എനിക്കും ആൻസിക്കും ഒരു പ്രതീക്ഷയുമില്ലാത്ത സമയത്താണ് കാണാൻ പോയത്. അന്നേ നരച്ചുതുടങ്ങിയ മുടി കറുപ്പിക്കാതെയും രണ്ടുദിവസമായി ഷേവ് ചെയ്യാത്ത കുറ്റിരോമങ്ങൾ അതുപോലെ നിർത്തിയുമാണ് ചെന്നത്. ഇട്ടിരുന്ന ഉടുപ്പിനും മുണ്ടിനും കഞ്ഞിപിഴിഞ്ഞ വടിവുണ്ടായിരുന്നു.

നല്ല മുല്ലപ്പൂപോലത്തെ പല്ലുകളാണ്. മുറുക്കോ വലിയോ ഇല്ലെന്ന് ചുണ്ടു കണ്ടാലറിയാം. കണ്ണിനു താഴെ നല്ല തെളിച്ചമുണ്ട്. കവിളുകൾ ഒട്ടിയാണ്. കുടിച്ചുവീർക്കാത്ത കൺപോളയും ഒട്ടിയ വയറുമാണ്, എനിക്കിതു മതി അപ്പച്ചാ എന്ന് ആൻസി പറഞ്ഞതോടെ വിളിച്ചുചൊല്ലലും കെട്ടും ഠടപടേന്നു കഴിഞ്ഞു. അവൾക്കേതായാലും പി. എസ്. സി. വഴി പണിയാകുന്ന ലക്ഷണമുണ്ട്. ബിനോയിയെ കിട്ടിയതിന്റെ ഭാഗ്യമാണെന്ന് അവളുടെ അമ്മച്ചി പറഞ്ഞപ്പോൾ ഞാൻ പരീക്ഷയെഴുതിയേന്റെ മെച്ചമാണെന്ന് അവൾ ഒരു മയവുമില്ലാതെ തിരുത്തി.

ഞാൻ ആൻസിയെ വിളിച്ചു. ഋദ്ധിക്കുണ്ടായതു പറഞ്ഞു.

**ആൻസി:** "നിങ്ങളൊന്നു പോയി നോക്കീട്ടു പോരേ..."

മഠത്തിലേക്കു കയറുമ്പോൾ മുറ്റത്ത് നാലോ അഞ്ചോ കന്യാസ്ത്രീമാർ കൂടിയാലോചിച്ചു നിൽക്കുന്നു. ചിലർ തിരക്കിട്ട് അകത്തേക്കു പോവുകയും വരികയും ചെയ്യുന്നു. പെട്ടെന്ന് ഒരു കാർ വരികയും അതിൽ നിന്ന് സ്കറിയാ ഡോക്ടർ അകത്തേക്കു പോവുകയും ചെയ്തു. ബിനോയി പടി കയറുമ്പോൾ അന്നമ്മ ഇറങ്ങിവന്നു.

'കഴിഞ്ഞു.' അത്രയേ അന്നമ്മ പറഞ്ഞുള്ളൂ.

അകത്തുകയറുമ്പോൾ ഋദ്ധി ഒരു സ്റ്റൂളിൽ മേലോട്ടു നോക്കി ഭിത്തിയിൽ താങ്ങി ഇരിക്കുന്നു. സുശീല കട്ടിൽ കാൽക്കൽ ചാരിയിരിപ്പുണ്ട്. എന്നെ കണ്ടതോടെ സാരി വലിച്ചു താഴ്ത്തി കാൽപ്പാദം മൂടി. സാരിയുടുത്ത് സുശീലയെ കണ്ടിട്ടേയില്ല. സിസ്റ്റർ സന്ധ്യയുടെ താടി വെള്ളത്തുണികൊണ്ടു കൂട്ടികെട്ടുകയാണ് ക്രിസ്തുജ്യോതി ആശുപത്രിയിലെ സൂപ്രണ്ട് സിസ്റ്റർ ടെസ്സ.

## 22

# പള്ളത്തി

സിസ്റ്റർ സന്ധ്യ മരിച്ച് ഇരുപതാം ദിവസമാണ് പുതിയ സൂപ്രണ്ടായി സിസ്റ്റർ മാർഗലീത്ത എത്തിയത്.

ക്ലാര സിസ്റ്റർ തലേന്ന് മുറി ഒരുക്കുകയാണ്. സിസ്റ്റർ സന്ധ്യ ഉപയോഗിച്ചിരുന്നതെല്ലാം മാറ്റി. കട്ടിലിൽ പുതിയ വിരിയിട്ടു. മേശ വരിപ്പിലെ അസംഖ്യം ഡയറികൾ ഹോർളിക്സ് എന്നെഴുതിയ കാർഡ്ബോർഡ് പെട്ടിയിലാക്കി. നൂറിനടുത്തു ജപമാലകൾ ഒരു പെട്ടിയിലുണ്ടായിരുന്നു. അതിലേറെ പേനകളും. കണ്ണട നാലെണ്ണം. ചെരുപ്പ് തേഞ്ഞുതീരാറായ ഒരു പാരഗൺ ആയിരുന്നു. വള്ളിച്ചെരുപ്പ് ബ്ലേഡ് പോലായാലല്ലാതെ സിസ്റ്റർ സന്ധ്യ മാറ്റിയിരുന്നില്ല. സ്റ്റീൽ സ്ട്രാപ്പുള്ള എച്ച്. എം. ടി. വാച്ച് നാല്പതു വർഷം മുൻപ് സ്കൂളിൽ പഠിപ്പിക്കാൻ പോകുന്നയന്ന് തൊട്ടിളയതും ഭർത്താവും കൂടി വന്ന് കെട്ടി തന്നതാണെന്ന് എപ്പോഴും പറയുമായിരുന്നു. അതൊക്കെ ഇനി സഭയുടെ സ്വത്താണ്.

അത്രയും എടുത്തുവച്ച സിസ്റ്റർ ക്ലാര നിർനിമേഷം നിന്നു. അതേ മുറിയിൽ പന്ത്രണ്ടു വർഷമായി ഒരു കട്ടിൽ കൂടിയുണ്ട്. അതിനു താഴെ നിരവധി പ്ലാസ്റ്റിക് പെട്ടികൾ നിറയെ ഉടുപ്പുകളും പാഠപുസ്തകങ്ങളും. അലമാരയുടെ രണ്ടു തട്ടു നിറയെ വേറെയും ഉടുപ്പുകളും അടിയുടുപ്പുകളും തൊപ്പിയും കുടയും മഴക്കോട്ടുമുണ്ട്.

ഋദ്ധിയോട് ഒന്നും പറയേണ്ടി വന്നില്ല. അവൾ ഓരോന്നായി എടുക്കാൻ തുടങ്ങി. അമ്മയും അന്നമ്മയും കിടക്കുന്ന ചായ്പ്പിലേക്കാണ് കൊണ്ടുപോയത്. രണ്ടുപേരും ഒപ്പം ചെല്ലുകയോ ഒരു പെട്ടിയെങ്കിലും എടുക്കാൻ സഹായിക്കുകയോ ചെയ്തില്ല. മരണവീട്ടിലേക്കു ശവപ്പെട്ടി കൊണ്ടുവരുന്നതുപോലെ സ്വാഭാവികമായത് എന്തോ നടക്കുന്നതായാണ് അവർക്കു തോന്നിയത്. ചത്തവീട്ടിലേക്കു വരുന്ന കാലിപ്പെട്ടിയെടുക്കാൻ ജീപ്പ്ഡ്രൈവർ മാത്രമേ കാണുകയുള്ളൂ.

മുറിയൊഴിയൽ കഴിഞ്ഞപ്പോഴേക്കും സന്ധ്യയായി. സൈക്കിൾ എടുത്ത് ഋദ്ധി യിറങ്ങി.

മഴ ചാറാൻ തുടങ്ങി. മഴക്കോട്ടോ കുടയോ എടുത്തിട്ടില്ല. പെയ്യട്ടെ, ആർത്തു പെയ്യട്ടെ എന്നു മനസ്സു പറയുകയാണ്. വേണ്ടപ്പോൾ അതങ്ങനെ പെയ്യില്ല. നന യ്ക്കാനുള്ള ചാറൽ പോലും ഇല്ല. ഉടുപ്പിൽ അങ്ങിങ്ങ് ഒരോ പാടുകൾ. ജീൻസിൽ അത്രയ്ക്ക് പോലും അറിയാത്ത ഒന്നോ രണ്ടോ തുള്ളി. ആഞ്ഞുചവിട്ടാൻ തുടങ്ങി. കടൽത്തീരത്തുകൂടി സമാന്തരമായി പോവുകയാണ് സൈക്കിൾ.

ഋദ്ധി കണ്ണടച്ച് നന്ദിനിയുടെ മടിയിൽ തലവച്ച് കിടക്കുകയാണ്. അവൾ അന്ന് കോഴിക്കോട്ടെ ഹോസ്റ്റൽ വരാന്തയിൽ ഇരുന്ന് മതഗ്രന്ഥം വായിക്കുന്നതു പോലെ നിർവികാരമായി പറയുകയാണ്.

ഇരുട്ടായിരുന്നു. ഒൻപതാം ക്ലാസിലെ പൂക്കളം തകർത്തെറിഞ്ഞ രാത്രിയാ ണ്. ബാങ്ക് മാനേജറുടെ വീട്ടിൽ നിന്ന് വന്ന് അഞ്ചാം ദിവസം. ഇതിനിടെ അരമ ണിക്കൂർ തികച്ച് ഉറങ്ങിയിട്ടേയില്ല. വെള്ളവും ചോറും തൊട്ടിട്ടില്ല. ഇടയ്ക്കൊരു ഇഡ ലി, രണ്ട് ബിസ്കറ്റ്, പനിയായിരിക്കും എന്നു പറഞ്ഞ് അമ്മ മേശമേൽ വച്ച മൂന്നോ നാലോ റെസ്റ്റ്. നൂറു മണിക്കൂറിനിടെ കഴിച്ചത് ഇതുമാത്രമാണ്. ഉറങ്ങാൻ കഴിഞ്ഞ തു പോലും ഇപ്പോഴാണ്. കുഞ്ഞുണ്ണി കരയുന്നു. ഞെട്ടി ഉണർന്നു. ശരീരത്തിൽ നല്ല ഭാരമായിരുന്നു. പിതൃഹസ്തം പുത്രിയുടെ വായടച്ചിട്ടുണ്ട്. പുറത്തു പറഞ്ഞാൽ കൊ ന്നുകളയുമെന്ന് ഏതൊരു പീഡകനേയും പോലെ അയാൾ ചെവിയിൽ. ഞെട്ടിയി ല്ല. അയാൾ സാഷ്ടാംഗ നമസ്കാരം കഴിഞ്ഞതുപോലെ ഇരുവശത്തും കൈകുത്തി എഴുന്നേറ്റു.

രണ്ടാം ദിവസം ഉച്ചയ്ക്കാണ് കസ്റ്റംസ് പിടിച്ചിട്ടിരിക്കുന്ന വഞ്ചിയുടെ പാമരം വീ ണു കിടക്കുന്നത് അലോഷി ശ്രദ്ധിച്ചത്.

എത്ര തുരുമ്പെടുത്താലും നിന്ന നിൽപിൽ അതു വീഴില്ലെന്ന് അലോഷിയ്ക്കുറപ്പാ യിരുന്നു. ഋദ്ധിയുടെ സൈക്കിൾ കണ്ടെത്തിയ തീരത്തും അടുത്ത വീടുകളിലുമെല്ലാം തെരഞ്ഞ് നിരാശരായി നിൽക്കുകയായിരുന്നു ബിനോയിയും അന്നമ്മയും സുശീല യും. ചുമതലയേറ്റയന്നു തന്നെ അന്തേവാസിയെ കാണാതായ വിമ്മിഷ്ടവുമായി സി സ്റ്റർ മാർഗലീത്തയുമുണ്ട്. അലോഷി അതു പറഞ്ഞപ്പോൾ പാവഞ്ചിയിൽ കയറാനു ള്ള ഋദ്ധിയുടെ മോഹം ബിനോയി ഓർത്തു. കോസ്റ്റൽ പൊലീസ് ബോട്ട് ഇറക്കി. വഞ്ചിയിൽ ഋദ്ധി കമഴ്ന്നു കിടപ്പുണ്ടായിരുന്നു. കഴുത്തിൽ വട്ടംവീണ് പാമരവും. അന ക്കം തോന്നുന്നില്ലെന്നേയുള്ളു. നെഞ്ചു മിടിക്കുന്നുണ്ട്.

ബലാൽസംഗം നടന്നിട്ടില്ലെന്ന് ഡോക്ടർ ഗീതാകുമാരി. പുരുഷബീജങ്ങ ളൊന്നും വസ്ത്രത്തിലോ ശരീരത്തിലോ ഉണ്ടായിരുന്നില്ലെന്ന് ഫോറൻസിക് ഇൻ സ്പെക്ടർ സ്മിതാ ഫിലിപ്. കെട്ടിത്തൂങ്ങിയപ്പോൾ പാമരം ഒടിഞ്ഞതായിരിക്കാമെ ന്ന് അടുത്തു കിടന്ന മൊയ്തീന്റെ വള്ളത്തിലെ പ്ലാസ്റ്റിക് കയർ ചൂണ്ടി ഇൻസ്പെക്ടർ അബ്ദുൽ ഷുക്കൂർ. പരിചയമില്ലാത്ത ആരും ആ വഴിക്കൊന്നും വന്നില്ലെന്ന് തുറക്കാർ

ബിനോയിയോട്ട് പറഞ്ഞിരുന്നു. മൊയ്തീൻ കാശൊന്നും വേണ്ട, മീൻപിടിച്ചോന്നു പറഞ്ഞു സുശീലയ്ക്കു കൊടുത്ത ആ വള്ളം പാവഞ്ചിയുടെ അറ്റത്ത് ചെറുവടം കൊണ്ടു കെട്ടിക്കിടപ്പുണ്ടായിരുന്നു.

ഇതുവരെ ഒരു തെളിവും ഇല്ലാത്തതിനാൽ ആരും സംശയിക്കുക പോലും ചെയ്യാത്ത അക്കഥ ഓളത്തിലെ വള്ളം പോലെ ഋദ്ധിയുടെ ഉള്ളിൽ മാത്രം കിടന്നു.

സിസ്റ്ററുടെ മുറിയിൽ നിന്ന് എടുത്തു മാറ്റുകയായിരുന്ന നനവുമാറാത്ത അടിവസ്ത്രങ്ങൾ പൊതിയാൻ വിടർത്തിയിട്ടത് മൂന്നു ദിവസം മാത്രം പഴകിയ ദിനപ്പത്രമായിരുന്നു. കോഴിക്കോട്ട് റയിൽവേ ട്രാക്കിൽ നിന്ന് കണ്ടെത്തിയ അജ്ഞാത ജഡം സെക്സ് റാക്കറ്റിലെ കണ്ണിയുടേത് എന്നു സ്ഥിരീകരിച്ച ഒറ്റക്കോളം വാർത്ത. അതു കണ്ടുനിൽക്കെ വളർന്നു വലുതായി പല കോളങ്ങൾ കടന്നു. മുറി നിറഞ്ഞു. സൈക്കിളെടുത്ത് അതിവേഗം പോകുമ്പോൾ തീരത്തെ മണലുകൾ മുഴുവൻ ആ അക്ഷരങ്ങളാണ്. ഒത്താശ ചെയ്തയാൾ മാത്രമായതിനാൽ മൂന്നു വർഷത്തെ ശിക്ഷ കഴിഞ്ഞ പീഡകപിതാവ് ഒറ്റമുറി വാടകവീട്ടിൽ വന്നു കൂടിയെന്ന് അന്ന് അവൾ പറഞ്ഞിരുന്നു. പണം ചോദിച്ച് വിളിച്ചിരുന്നെന്നും. എന്റെ കയ്യിൽ ഉണ്ടാകുന്ന പണം എങ്ങനെയാണെന്ന് അറിയാതെയല്ലല്ലോ എന്നാണ് അവൾ അവസാനമായി പറഞ്ഞത്.

എന്റെ മുട്ടിവിളിയിൽ അയാൾ പരിഭ്രമിച്ച് വാതിൽ തുറന്നു. ഞാൻ സുശീലയുടെ കുന്നത്തമ്മയായി. അയാൾ മൊയ്തീന്റെ ചെറുവള്ളത്തിൽ ഇരിക്കപ്പൊറുതിയില്ലാതെ നിന്ന് ആടി. ഞാൻ അയാളുടെ മുഖത്തു തന്നെ നോക്കി കടലിലേക്കു പങ്കായമെറിഞ്ഞു. അതു കൊമ്പൻ മീശയില്ലാത്ത ഭാർഗവൻ ആണെന്ന് എനിക്കു തോന്നി. അയാൾ ഓളങ്ങളിൽ ആടി വന്ന് എന്റെ മുടിയിഴകൾ തഴുകി. ഉച്ചിയിൽ വെള്ളിക്കെട്ടൻ കൊത്തിയതു പോലെ എനിക്ക് കരിനീല നിറം വച്ചു. ഞരമ്പുകളിൽ തിരയടിക്കുന്ന കടൽ.

അയാൾ എനിക്കു മുൻപേ വിൽഫ്രഡിന്റെ പാവഞ്ചിയിലേക്ക് വള്ളത്തിലെ കയർ എടുത്തെറിഞ്ഞ് തൂങ്ങിക്കയറി. ഒറ്റമുണ്ടും ഷർട്ടും ഊരിയെറിഞ്ഞു. അത് അപ്പോൾ തന്നെ കാറ്റെടുത്തു തിരയ്ക്കു കൊടുത്തു. പങ്കായവുമായി കയറിയ എന്നോട്ട് അയാൾ ചോദിച്ചു പാവഞ്ചിയിലെന്തിന് ഈ ചട്ടുകമെന്ന്. ഞാൻ വെളുക്കെ ചിരിച്ചു. ഉത്തരം കാക്കാതെ തന്നെ അയാൾ പറഞ്ഞു: എന്റെ കയ്യിൽ ഇപ്പോൾ പണമില്ല.

ഞാൻ പിന്നെയും കുന്നത്തമ്മയായി. അയാൾ ആദ്യമായി ചിരിക്കാൻ തുടങ്ങി. അതു കണ്ടു നിന്ന ഞാൻ തിരമേലേ ഉയർന്നുപൊങ്ങി. പങ്കായം നിലംതല്ലി പോലെ താഴ്ന്നു. അയാൾ ചവിട്ടുകൊണ്ടു അട്ടയായി പാമരത്തിൽ വട്ടംചുരുണ്ടു. പങ്കായത്തിൽ പിന്നെയും കാറ്റുപിടിച്ചു. അയാൾ പന്ത് പോലെ ഉയർന്ന് കടലിലേക്കു താഴ്ന്നു. പുത്രിയോളി, പുത്രിയോളി എന്നാർത്തു തിര വന്നു ചുരുട്ടിയെടുത്തു. പാമരം ആ ആക്കം കഴിഞ്ഞ് തിരികെ വരുമ്പോൾ അയാൾ തിമിംഗല വയറിലേക്ക് ജീവനോടെ പോകണേ എന്ന് സുശീലയായിരുന്നെങ്കിൽ അത്തിക്കാവിലമ്മയ്ക്ക് നൂറും പാലും നേരുമായിരുന്നു.

ഇതു[1] മാതൃഹന്താവാം ഋഷിയുടെ മഴവല്ല, പിതൃ ഹന്താവാം ഋദ്ധിയുടെ പങ്കായമെന്ന് താഴെ വീണ് ആ പലക ചിരിച്ചു. പാമരം പിന്നാലെ വീണു. മഴ പെയ്യാൻ തുടങ്ങി.

സുശീലയെ കുഴിച്ചിട്ടാൽ മതിയെന്ന് അന്നമ്മയാണ് പറഞ്ഞത്.

ജാതീം മതോം ഒന്നുമില്ലാതിരുന്ന ഇനമല്ലേ. മണ്ണിനെങ്കിലും ഇത്തിരി എല്ലു പൊടി കിട്ടട്ടെ. പെട്ടിയൊന്നും വരുത്താൻ നിന്നില്ല. വെള്ളത്തുണിയിൽ പൊതിഞ്ഞത് ആൻസിയാണ്. ബിനോയി മുണ്ടിന്റെ അറ്റം വരിഞ്ഞുമുറുക്കാനായി പിടിച്ചു കൊടുത്തു. സ്കൂളിന് പുതിയ കെട്ടിടം പണിയാനെന്നു പറഞ്ഞ് ഇരുപതാണ്ടു മുമ്പ് വാങ്ങിയിട്ട പറമ്പുണ്ടായിരുന്നു. കാടുകയറിയതല്ലാതെ അവിടെ കെട്ടിടമൊന്നും വന്നില്ല. അതിന്റെ മൂലയ്ക്ക് നന്നായി താഴ്ത്തി കുഴിച്ചിട്ടേക്കണേ എന്നേ ഫാ. പോൾ പറഞ്ഞുള്ളൂ. പട്ടിയെങ്ങാനും മാന്തിയാൽ പണികിട്ടും.

സുശീലയെ കുഴിച്ചിട്ട് വന്ന് അന്നമ്മ അലവാങ്കും പിക്കാസും അരമതിലിൽ ചാരി. മഠത്തിൻമുറ്റത്തെ താമസക്കാരിയായ കൊടിച്ചി വേണ്ടപ്പെട്ട ആരോ ചത്തതുപോലെ സ്കൂൾ മുറ്റത്തു കിടന്ന് പടിയിലേക്ക് തലവച്ചു. ബിനോയി നടന്നിറങ്ങി വന്നിട്ടും അത് അനങ്ങിയില്ല.

**അന്നമ്മയോട്ട് ബിനോയി:** "കൊച്ച് കഴിച്ചോ ചേച്ചിയേ..."

അന്നമ്മ ആ... എന്നു മൂളി അകത്തോട്ടു പോയി. വ്യാഴത്തിനു വ്യാഴം എട്ട്, വെള്ളി ഒൻപത്, ശനി പത്ത്, ഞായർ പതിനൊന്ന്. ഋദ്ധി ഒരിക്കൽപോലും കണ്ണുതുറക്കാതെ കിടക്കാൻ തുടങ്ങിയിട്ട് ദിവസം പതിനൊന്നായെന്ന് ആ പോക്കിൽ അന്നമ്മ കണക്കുകൂട്ടി.

ആൻസി ഒപ്പം ചെന്ന് നിലത്തിരുന്നു. അന്നമ്മ സുശീലയുടെ തകരപ്പെട്ടി വലിച്ചെടുത്തു. നിലത്തെഴുത്താശാന്റെ മകൾ ഭവാനിക്ക് ആനക്കാരനിൽ ഉണ്ടായ മകൾ സുശീല ഊട്ടുകയും സന്ധ്യസിസ്റ്റർ വളർത്തുകയും ചെയ്ത ഋദ്ധിയെന്ന അമ്പിളിയുടെ മകളുടെ കഥ എന്ന ആമുഖമുള്ള എഴുത്തുപുസ്തകം പെട്ടിയിൽ നിന്നെടുത്ത് ആൻസി എന്ന കപ്യാരുടെ ഭാര്യ സൂക്ഷിച്ചു നോക്കുമ്പോൾ ഫ്യൂരിഡാൻ അടിച്ചു ചത്തുകെട്ടുപോയ കെട്ട്യോനെ പിന്നൊരിക്കലും ഓർക്കാത്ത അന്നമ്മയെന്ന വൃദ്ധ ഉറക്കെ വായിക്കാൻ പറഞ്ഞു.

ആൻസി സുശീലയുടെ മനോഹരമായ കയ്യക്ഷരത്തിന് ശബ്ദം കൊടുത്തു.

"പല്ലിയെ കഴിച്ച ദിവസമാണ്. ഇങ്ങനെയുള്ള നാഴികസൂചികകളിലൂടെയാണ് ഞാൻ ഓർമകളുടെ ഓരോ അധ്യായവും അടുക്കിവച്ചിരിക്കുന്നത്..."

ഋദ്ധി കണ്ണടച്ചു കിടന്നു. അന്നമ്മയുടെ തുറന്ന കണ്ണുകൾ ഇടയ്ക്കൊക്കെ അടഞ്ഞുപോയി. ആൻസി വായിച്ചുകൊണ്ടിരുന്നു. □

---

[1] മന്ത്രിച്ചു മമാത്മാവിൽ, മാതൃഹന്താവിൻ മഴ പൊന്താത്തതെന്തീസ്സഖോന്മത്തർതൻ നേർക്കെന്നാരോ! മഴവിന്റെ കഥയിൽ ബാലാമണിയമ്മ പരശുരാമന്റെ മഴുവിനെക്കുറിച്ചു പറയുന്ന ഭാഗം.

# അനൂപ് പരമേശ്വരൻ



ഡിസി ബുക്സ് കേരളത്തിന്റെ അറുപതാം വാർഷികത്തിന് സംസ്ഥാനത്തെ ഉലച്ച സംഭവങ്ങളുടെ ചരിത്രം പറയുന്ന 'വിവാദ കേരളം' എന്ന പുസ്തകം പുറത്തിറക്കി. ഇംഗ്ലീഷ് ഫിക്ഷൻ 'ഫൈവ് മില്യൺ എപ്പിക്സ്' ചണ്ഡിഗഢിലെ വൈറ്റ് ഫാൽക്കൺ പ്രസിദ്ധീകരിച്ചു. ടാർസനും ഓപ്പറിലെ രത്നങ്ങളും, ജംഗിൾ ബുക് എന്നിവ സ്വതന്ത്ര പരിഭാഷകൾ. 1997 മുതൽ 12 വർഷം മലയാള മനോരമ ദിനപ്പത്രത്തിൽ. സമകാലിക മലയാളം വാരിക, ന്യൂസ് 18 കേരളം എന്നിവയിൽ പ്രവർത്തിച്ചു. ഇപ്പോൾ 24 ന്യൂസിൽ സീനിയർ ന്യൂസ് എഡിറ്റർ. 1996 മുതൽ വിവിധ അച്ചടി-ദൃശ്യ വാർത്താസ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നു. പരമേശ്വരന്റേയും രമണിയുടേയും മകൻ. ജീവിത പങ്കാളി ആശ. ഉത്തരയും രാമാനുജനും മക്കൾ.

This volunteer-driven books project relies on readers like you to submit typos, corrections, and other improvements. The contact id is <support@sayahna.org>.